# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 01, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 –നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 01, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
(അനുബന്ധമായി ചേർത്തിരിക്കുന്നു)

**II അടിയന്തരപ്രമേയ നോട്ടീസ്**

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ഭൂമി തരം മാറ്റൽ
- ശ്രീമതി കാനത്തിൽ ജമീല

(2) അദ്ധ്യാപകരുടെ നിയമനാംഗീകാരം
- ശ്രീ. പി. ഉബൈദുള്ള

**IV സബ്മിഷൻ**

(1) പാലക്കാട്-കോഴിക്കോട് ദേശീയപാതയ്ക്കുവേണ്ടി
സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം
- ശ്രീ. പി. ടി. എ. റഹീം

(2) ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(3) വിശാല കൊച്ചി വികസന അതോറിറ്റി
ജീവനക്കാർക്ക് മെഡിസെപ് ആനുകൂല്യം
- ശ്രീ. കെ. ജെ. മാക്സി

(4) വാണിയമ്പലം ടൗൺ സ്ക്വയറിന്റെ പ്രവർത്തനം
- ശ്രീ. എ. പി. അനിൽ കുമാർ

(5) ഐരവൺ പാലം നിർമ്മാണം
- ശ്രീ. കെ. യു. ജനീഷ് കുമാർ

(6) പേരാവൂരിലെ റോഡുകളുടെ നവീകരണം
- ശ്രീ. സണ്ണി ജോസഫ്

(7) വില്ലേജ് ആഫീസർമാർ നൽകുന്ന
വിവിധ സർട്ടിഫിക്കറ്റുകൾ
- ശ്രീ. എം. നൗഷാദ്

(8) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന
കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ
വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്
- ശ്രീ. എ. കെ. എം. അഷ്റഫ്

(9) നൂറനാട് ലെപ്രസി സാനിറ്റോറിയം സൂപ്പർ
സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ
- ശ്രീ. എം. എസ്. അരുൺ കുമാർ

(10) പട്ടാമ്പി താലൂക്കാശുപത്രിയുടെ പ്രവർത്തനം
- ശ്രീ. മുഹമ്മദ് മുഹസിൻ

**V പ്രത്യേക അനുമതി**

നിയമസഭാ യോഗങ്ങളിൽ
ഹാജരാകാതിരിക്കുവാൻ അനുവാദം

## VI ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള
ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള
ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും
മറ്റു ഭരണപരമായ സർവ്വീസുകളും
ധനാഭ്യർത്ഥന നമ്പർ XXIII- വാർത്താവിതരണവും
പ്രചരണവും

**അനുബന്ധം I, II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 01, ബുധൻ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 11

---

നിയമസഭ 2023 മാർച്ച് മാസം 01-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നമ്പർ (*241)

## സംസ്ഥാന മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

1 (*241) ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ വഴിയുള്ള ചരക്ക് നീക്കത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, വിശേഷിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനസജ്ജമാകുന്നതോടെ സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകൾ വികസിപ്പിക്കുന്നതിനായി മാരിടൈം ബോർഡ് പ്രവർത്തനം നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സാധ്യത പരിചയപ്പെടുത്തുന്നതിനും മാരിടൈം ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തീരക്കടൽ വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളോടൊപ്പംതന്നെ വിനോദസഞ്ചാര സാധ്യതകൂടി കണക്കിലെടുത്ത് കപ്പൽ യാത്രാ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) : (എ) സർ, ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ ചരക്ക് കപ്പൽ ഗതാഗതവും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും വികസിപ്പിക്കുന്നതിന് മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിനുവേണ്ട ബെർത്ത്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂരിൽ 11.8 കോടി രൂപ ചെലവിൽ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആഴം 5.5 മീറ്ററാക്കാനാണ് ഇപ്പോഴത്തെ നടപടി. തുടർന്ന് ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുവാനും

പദ്ധതിയുണ്ട്. കൊല്ലം തുറമുഖത്ത് കേന്ദ്ര സർക്കാരിന്റെ 'സാഗർമാല' പദ്ധതിയിലുൾപ്പെടുത്തി 101 മീറ്റർ നീളത്തിൽ ഒരു ബെർത്ത് പണികഴിപ്പിച്ചിട്ടുണ്ട്. കൊല്ലത്തിന് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് (ICP) സ്റ്റാറ്റസ് ലഭിക്കുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗേറ്റ് കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തിയാക്കിവരുന്നു. ബന്ധപ്പെട്ട കേന്ദ്ര ഏജൻസികൾ സന്ദർശനം നടത്തി അടിസ്ഥാന സൗകര്യ വികസന പരിപാടികൾ വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ICP നടപടികൾ പൂർത്തീകരിക്കും. കൊല്ലത്ത് നിലവിലുള്ള ക്രെയിനുകൾക്കുപുറമെ Stand by ക്രെയിനുകളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വിഴിഞ്ഞത്ത് നിലവിലുള്ള തുറമുഖത്ത് ബ്രേക്ക് വാട്ടറിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. പൊന്നാനിയിൽ ഒരു മൾട്ടി പർപ്പസ് ബെർത്ത് പണിയുന്നതിനുള്ള പ്രാഥമിക പഠനം നടത്താൻ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ ISPS (International Ship and Port Facility Security) കോഡ് പ്രകാരമുള്ള അംഗീകാരം ലഭിക്കുന്നതിനായുള്ള സുരക്ഷാക്രമീകരണങ്ങളും അനുബന്ധ സൗകര്യങ്ങളും നടത്തിവരികയാണ്.

അഴീക്കൽ പോർട്ടിൽ കപ്പൽ ചാനൽ ആഴം കൂട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഒരു തീരദേശ കപ്പൽ സർവ്വീസ് ആരംഭിച്ചെങ്കിലും ആദായകരമല്ലാത്തതിനാൽ ആ കമ്പനി സർവ്വീസ് നിർത്തി. തീരദേശ കപ്പൽ സർവ്വീസ് ആദായകരമാക്കുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. തുറമുഖങ്ങൾ കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും വ്യാവസായിക കേന്ദ്രങ്ങളും സ്ഥാപിച്ചാൽ മാത്രമേ വാണിജ്യപരമായി ചെറുകിട തുറമുഖങ്ങൾക്ക് നിലനിൽക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് പ്രിസം (Preliminary Rally of Investors in Shipping and Maritime) എന്ന പേരിൽ 07-04-2022-ന് ഓൺലൈനായി ഒരു നിക്ഷേപസംഗമം സംഘടിപ്പിക്കുകയുണ്ടായി. വ്യവസായ വാണിജ്യ രംഗങ്ങളിലുള്ളവർക്കുപുറമെ ഈ രംഗത്തെ വിദഗ്ധരും നൂറിലധികം നിക്ഷേപകരും ഈ യോഗത്തിൽ പങ്കെടുത്തു. അവർ സമർപ്പിച്ച പ്രൊപ്പോസലുകൾ കേരള മാരിടൈം ബോർഡ് പരിശോധിക്കുകയും

ബന്ധപ്പെട്ട വിഷയങ്ങളിൽ ഡി.പി.ആർ.-ഉം എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടിംഗ് ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി യു.എ.ഇ.-യിൽ നടത്തിയ നിക്ഷേപ സംഗമത്തിലും മാരിടൈം ബോർഡ് പങ്കെടുത്തു. തുറമുഖാധിഷ്ഠിത വ്യവസായങ്ങൾക്കും ടൂറിസം വികസന പദ്ധതികൾക്കും തുറമുഖങ്ങളോടനുബന്ധിച്ചുള്ള ഭൂമി ആവശ്യമാണ്. അതുകൊണ്ട് ഓരോ തുറമുഖത്തുമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. ബേപ്പൂർ, പൊന്നാനി തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ഷിപ്പിംഗ് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. കോവളം-കന്യാകുമാരി പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കന്യാകുമാരിയിൽ കപ്പലടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങളില്ലാത്തത് തടസ്സമായിട്ടുണ്ട്. പൊന്നാനിയിൽനിന്ന് ലക്ഷദ്വീപുമായി ബന്ധപ്പെട്ട ടൂറിസം വികസന സാധ്യതയും പരിശോധിക്കുന്നുണ്ട്.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കാനത്തിൽ ജമീല: സർ, ബേപ്പൂർ തുറമുഖത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് ചരക്കുഗതാഗതം സുഗമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പ്രധാനമായും ബേപ്പൂരിൽനിന്ന് ലക്ഷദ്വീപിലേയ്ക്കായിരുന്നു ചരക്കുഗതാഗതം നേരത്തെ നടത്തിയിരുന്നത്, ഇടക്കാലത്ത് ലക്ഷദ്വീപിലുണ്ടായ രാഷ്ട്രീയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ചരക്കുനീക്കത്തിൽ കുറവുവരികയും അവർ മംഗലാപുരത്തെ ആശ്രയിക്കുന്ന സ്ഥിതിയുണ്ടാകുകയും ചെയ്തു. എങ്കിലും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി ചർച്ച നടത്തി അവർക്കാവശ്യമായ കൂടുതൽ സൗകര്യങ്ങൾ ബേപ്പൂരിൽ ഏർപ്പെടുത്താമെന്ന് വാക്കുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ തീരുമാനം പുന:പരിശോധിക്കാനുള്ള സാധ്യത നിലവിലുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, ബേപ്പൂർ തുറമുഖത്തിന് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, തീർച്ചയായും, കപ്പൽ ഗതാഗതം നടക്കുന്ന പോർട്ട് എന്ന നിലയ്ക്ക് ബേപ്പൂർ തുറമുഖം അഭിമുഖീകരിച്ചിരുന്ന പ്രശ്നം ആഴമില്ലായ്മയായിരുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി 5.5 മീറ്റർ

ഡ്രഡ്ജിംഗ് നടത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പിന്നീടത് 8 മീറ്ററാക്കി വർദ്ധിപ്പിക്കാനും ഉദ്ദേശ്യമുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചിരുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, രാജ്യത്തിനുതന്നെ അഭിമാനമായ വിഴിഞ്ഞം തുറമുഖമടക്കമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി വകുപ്പും മാരിടൈം ബോർഡും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. 'സാഗർമാല' പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മറീന പോർട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങളും ഇതുവരെയുള്ള അവസ്ഥയും വിശദമാക്കാമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ആലപ്പുഴ മറീന പോർട്ടുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പും ഗതാഗത വകുപ്പുമായി പ്രത്യേക യോഗം ചേരുകയും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. മറൈൻ പോർട്ട് നിർമ്മാണത്തിനാവശ്യമായ സാങ്കേതികപഠനത്തിന് ഒരു ഏജൻസിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, തീരദേശ മൈനർ പോർട്ടുകളുടെ പ്രധാന പ്രശ്നം ചരക്ക് സർവ്വീസുകൾ കൃത്യമായി നടക്കുന്നില്ലെന്നതാണ്. ഗവൺമെന്റ് രണ്ട് തവണ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി നല്ല പരിശ്രമം

നടത്തിയിരുന്നു. പക്ഷേ, അവർ അമിതലാഭം പ്രതീക്ഷിച്ച് സർവ്വീസ് നിർത്തിപ്പോകുന്ന സ്ഥിതിയാണുള്ളത്. മാരിടൈം ബോർഡ് സ്വന്തമായി ചരക്ക് കപ്പൽ നിർമ്മിക്കുകയോ, വാടകയ്ക്കെടുക്കുകയോ ചെയ്താൽ മൈനർ പോർട്ടുകളുടെ ചരക്കുഗതാഗതത്തിന് സഹായകരമായി മാറും. അഴീക്കൽ ഗ്രീൻഫീൽഡ് ഇന്റർനാഷണൽ പോർട്ടിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കാൻ കഴിയുമോ?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ.-യും നമ്മളെല്ലാവരും ഹാർഡ്‌വർക്ക് ചെയ്തുകൊണ്ടായിരുന്നു നേരത്തെയുള്ള കപ്പൽ സർവ്വീസ് ആരംഭിച്ചത്. കപ്പൽ സർവ്വീസ് തുടക്കത്തിൽ ഭംഗിയായി നടത്താൻ സാധിച്ചുവെങ്കിലും റിട്ടേൺ ലോഡുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവരെ പിടിച്ചുനിർത്തുന്നതിന് സർക്കാർ പ്രത്യേക ഇൻസെന്റീവ് അനുവദിക്കുകയുണ്ടായി. എന്നിട്ടുപോലും അവർക്ക് ലാഭമില്ലാത്തതുകൊണ്ടാണ് കപ്പൽ സർവ്വീസ് ഉപേക്ഷിച്ച് പോകാനുള്ള സാഹചര്യമുണ്ടായത്. അവിടെ ഡ്രഡ്ജിംഗ് നടത്തേണ്ടതുണ്ട്. നിലവിൽ അവിടെ സർവ്വീസ് നടത്താത്ത സാഹചര്യത്തിൽ ഇപ്പോൾ സർവീസ് നടത്തുന്ന പോർട്ടുകളിൽ വളരെ പെട്ടെന്ന് ഡ്രഡ്ജിംഗ് നടത്തിയതിനുശേഷം

അഴീക്കലിൽ ഡ്രഡ്ജിംഗ് നടത്താമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. പുതിയ പോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. സെക്രട്ടറിതല ചർച്ചകൾക്കുശേഷം അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിഴിഞ്ഞം പോർട്ട് വളരെ പെട്ടെന്നുതന്നെ യാഥാർത്ഥ്യമാകുമെന്നും അവിടെ കപ്പലുകൾ അടുക്കുന്ന അവസ്ഥാവിശേഷമുണ്ടാകുമെന്നും കരുതാം. പോർട്ട് യാഥാർത്ഥ്യമാകുന്നതിന് മുമ്പുതന്നെ അവിടെ ക്രൂ ചെയ്ഞ്ച് നടക്കുന്നുണ്ടായിരുന്നു. 15-07-2020 മുതൽ 29-07-2022 വരെ 735 ഷിപ്പുകളാണ് ക്രൂ ചെയ്ഞ്ചിനുവേണ്ടി വിഴിഞ്ഞത്തെത്തിയത്. ഇതിലൂടെ സംസ്ഥാനത്തിന് 10 കോടി രൂപയുടെ വരുമാനമുണ്ടായി. അനുബന്ധമായി വ്യവസായ രംഗത്ത് ഏതാണ്ട് 30 കോടി രൂപ ക്രൂ ചെയ്ഞ്ചിലൂടെ ലഭ്യമായിട്ടുണ്ട്. ലോകം മുഴുവൻ മാർക്കറ്റ് ചെയ്യുന്നതരത്തിൽ ക്രൂ ചെയ്ഞ്ച് മാറിയിട്ടുണ്ടായിരുന്നു. ദൗർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റ് ക്രൂ ചെയ്ഞ്ച് നിർത്തിയിരിക്കുകയാണ്. 29-07-2022-നുശേഷം കപ്പലുകൾ അവിടെവന്ന് ക്രൂ ചെയ്ഞ്ച് ചെയ്യാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്. സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ

ശക്തമായി ഇടപെട്ടുവെങ്കിലും യാതൊരു തീരുമാനമെടുക്കാനും കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കേണ്ടത് ആവശ്യമാണ്. ഇതുസംബന്ധിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ക്രൂ ചെയ്ഞ്ചിംഗ് വളരെ ഭംഗിയായി നടത്തിയ അനുഭവം നമുക്കുണ്ട്. കോവിഡുമായി ബന്ധപ്പെട്ട പ്രത്യേക കാലഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റ് താൽക്കാലിക പെർമിഷൻ എന്ന നിലയ്ക്ക് പെർമിഷൻ നൽകിയത്. ക്രൂ ചെയ്ഞ്ചിംഗ് വിജയകരമായിരുന്നുവെന്ന് മാത്രമല്ല കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടാക്കാനും സാധിച്ചു. അത് തുടർന്നുപോകണമെന്നായിരുന്നു ഗവൺമെന്റ് നിലപാട്. അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായും ഷിപ്പിംഗ് മന്ത്രാലയവുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിക്ക് കത്തെഴുതുകയും ഞാൻ നേരിട്ട് കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും അത് പുന:സ്ഥാപിക്കാനുള്ള സംവിധാനത്തിന് ഇതുവരെയും കേന്ദ്ര സർക്കാരിന്റെ പച്ചക്കൊടി ലഭിച്ചിട്ടില്ല. അതിനുള്ള ശ്രമം തുടർന്നുവരികയാണ്, മാരിടൈം

ബോർഡ് ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി നിരന്തരം കത്തിടപാടുകൾ നടത്തുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാനത്ത് ജലമാർഗ്ഗമുള്ള ചരക്കുനീക്കത്തിന് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ സബ്സിഡിയായി നൽകിയെന്ന് വ്യക്തമാക്കുമോ; എത്ര ശതമാനം റോഡ് മാർഗ്ഗമുള്ള ചരക്ക് ജലമാർഗ്ഗമാക്കി മാറ്റാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്, അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വിശദമായ കണക്കുകൾ പരിശോധിച്ചശേഷം അറിയിക്കാം.

ശ്രീ. എച്ച്. സലാം: സർ, വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊച്ചി, ബേപ്പൂർ തുറമുഖങ്ങൾ തമ്മിൽ നല്ലൊരു കണക്ടിവിറ്റി സൃഷ്ടിക്കാൻ കഴിയുന്ന സാധ്യതയാണുള്ളത്. ആലപ്പുഴ തുറമുഖത്ത് മുസിരിസ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽപ്പാലം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എന്നാൽ പദ്ധതിയുടെ ഡി.പി.ആർ.-ൽ ബെർത്ത് ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അവിടെ ബെർത്തുൾപ്പെടെയുള്ള

സംവിധാനങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടി ബോർഡ് സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, എല്ലാ മൈനർ പോർട്ടുകളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ടുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആലപ്പുഴ മറീന പോർട്ടിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന സന്തോഷവാർത്ത സഭയെ അറിയിക്കുകയാണ്. അതിനനുസൃതമായി അവിടെ കപ്പൽ സർവ്വീസ് നടത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. സ്വന്തമായി ഒരു കപ്പൽ വാങ്ങുന്നതിനെക്കുറിച്ച് മാരിടൈം ബോർഡ് ആലോചിച്ചിരുന്നു. അതുസംബന്ധിച്ച തീരുമാനം ഗവൺമെന്റ്തലത്തിൽ ഉണ്ടാകേണ്ടതുണ്ട്. കൂടുതൽ ചർച്ചകൾ നടത്തി അക്കാര്യം മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം തുറമുഖത്തെ ക്രൂ ചെയ്ഞ്ചിംഗിനെ സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടിയായി അങ്ങ് പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് അത് നിർത്തലാക്കിയെന്നാണ്. യഥാർത്ഥത്തിൽ സംസ്ഥാനത്തെ താഴെ ശ്രേണിയിലുള്ള ഒരുദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു സർക്കുലറിലാണ് ഇങ്ങനെ പരാമർശിച്ചത്. ആ

ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തി വീണ്ടും അത് പ്രാവർത്തികമാക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. വിഴിഞ്ഞത്തെ ക്രൂ ചെയ്ഞ്ചിംഗ് നിർത്തലാക്കിയിരിക്കുന്നു, കപ്പൽ സർവ്വീസ് മുടങ്ങിയിരിക്കുന്നു, കൂടാതെ പ്രമുഖ തുറമുഖങ്ങളിലെ ഡ്രഡ്ജിംഗും മുടങ്ങിയിരിക്കുകയാണ്. പുതിയ മാരിടൈം ബോർഡ് നിലവിൽവന്നതിനുശേഷം നഗരത്തിൽ വാടകയ്ക്ക് ഒരു ഓഫീസ് എടുത്തുവെന്നല്ലാതെ ആവശ്യമായവയൊന്നും ചെയ്തിട്ടില്ല. കപ്പൽ സർവ്വീസിന് ഇൻസെന്റീവ് കൊടുക്കാത്തതുകൊണ്ടാണ് പ്രസ്തുത സംവിധാനം നിന്നുപോയത്. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കപ്പൽ സർവ്വീസിന് ഇൻസെന്റീവ് കൊടുത്തിട്ടുണ്ടായിരുന്നു, അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് സർവ്വീസ് നിന്നുപോയതെന്ന വിവരം ലഭ്യമായിട്ടില്ല. റിട്ടേൺ കാർഗോ ലഭിക്കാത്ത സാഹചര്യത്തിൽ ഏതൊരു കപ്പൽ സർവ്വീസും നഷ്ടത്തിലായിരിക്കുമെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ബോർഡ് സ്വന്തമായി ഒരു കപ്പൽ വാങ്ങിയാൽ ഒരുപക്ഷേ സർവ്വീസുകൾ കൃത്യമായി നടത്താൻ സാധിച്ചേക്കും. പക്ഷേ, അക്കാര്യം ധനപരമായി എത്രമാത്രം അനുയോജ്യമായിരിക്കും എന്നതിനെക്കുറിച്ച് പഠനങ്ങൾ

നടത്തിവരികയാണ്. അക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് മാരിടൈം ബോർഡ് തന്നെയാണ്. നേരത്തെ മാരിടൈം ബോർഡിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്നത് കൊച്ചിയിലായിരുന്നു. മെച്ചപ്പെട്ട രീതിയിൽ കാര്യങ്ങൾ നീക്കുന്നതിനുവേണ്ടിയാണ് സൗകര്യപ്രദമായ ഓഫീസ് തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചുവരുന്നത്. പഴയതിൽനിന്നും വ്യത്യസ്തമായി എല്ലാ രംഗത്തും നല്ലരീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ മാരിടൈം ബോർഡിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനനുസൃതമായി മാത്രമേ ഈ രംഗത്തെ പോളിസികൾ രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ. കടലും ആകാശവുമെല്ലാം കേന്ദ്രലിസ്റ്റിൽ ഉൾപ്പെട്ട വിഷയങ്ങളായതുകൊണ്ട് സ്വാഭാവികമായും കേന്ദ്ര സർക്കാർകൂടി പരിശോധിച്ചുമാത്രമേ അത്തരം കാര്യങ്ങളിൽ നിർണ്ണായക തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ഉദ്യോഗസ്ഥന്റെ തെറ്റായ നടപടിയല്ല അതെന്നാണ് ഞാൻ മനസ്സിലാക്കിയത്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഏകദേശം പത്ത് വർഷമായി തർക്കം, വ്യവഹാരം തുടങ്ങിയ പല കാരണങ്ങളാൽ നീണ്ടകരയിലെ മാരിടൈം അക്കാദമിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. അക്കാദമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം എൺപത് ശതമാനത്തോളം

പൂർത്തിയായി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വളരെക്കുറച്ച് കാര്യങ്ങളേ ഇനി ചെയ്യാനുള്ളൂ. അത് പൂർത്തീകരിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തേണ്ടതുണ്ട്. ഈ സ്ഥാപനത്തിന്റെ ആസ്തി മാരിടൈം ബോർഡിന് കൈമാറിക്കൊണ്ട് എത്രയുംപെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കി മാരിടൈം അക്കാദമി തുടങ്ങുന്നതിനുള്ള നിർദ്ദേശം നൽകുമോ?

__ശ്രീ. അഹമ്മദ് ദേവർകോവിൽ__: സർ, നീണ്ടകരയിൽ മാരിടൈം അക്കാദമിയുടെ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു, ചെറിയ ശതമാനം പ്രവൃത്തികളേ ബാക്കിയുള്ളൂ. അവിടെ കോൺട്രാക്ടറുമായി ഉണ്ടായിരുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. ആവശ്യമായ രീതിയിലുള്ള നല്ല കോഴ്സ് ലഭ്യമാക്കുന്നതിന് ഇന്ത്യയിൽ മാരിടൈം രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ ഏജൻസികളുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ഏറ്റവും നല്ല കോഴ്സ് ലഭ്യമായാൽ പി.പി.പി. വ്യവസ്ഥയിൽ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക സ്ഥിതിയനുസരിച്ച് ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

__ശ്രീ. എ. കെ. എം. അഷ്റഫ്__: സർ, ഏറ്റവും കൂടുതൽ കപ്പൽ ജീവനക്കാരുള്ള സ്ഥലമാണ് മഞ്ചേശ്വരം. നാനാവിധത്തിലുള്ള കപ്പലുകളുടെ

ക്യാപ്റ്റൻ, എഞ്ചിനീയറിംഗ് വിഭാഗം എന്നിവയിലെല്ലാം പരമ്പരാഗതമായി ജോലിചെയ്യുന്ന ധാരാളം മഞ്ചേശ്വരത്തുകാർ ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്. മഞ്ചേശ്വരത്ത് ഒരു മാരിടൈം അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ വളരെ നേരത്തെതന്നെ ഉണ്ടായിരുന്നതാണ്. അവിടെയുള്ള പുതിയ തലമുറയ്ക്ക് സി.ഡി.സി (Continuous Discharge Certificate) എടുക്കുന്നതിന് മാസങ്ങളോളം മുംബൈയിൽ പോയി പഠിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട് മഞ്ചേശ്വരം കേന്ദ്രീകൃതമായി ഒരു മാരിടൈം അക്കാദമി അനുവദിക്കുന്ന കാര്യം  സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുള്ള കാര്യം കാസർഗോഡിനെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നതുതന്നെയാണ്.  നിലവിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഒരു മാരിടൈം കോഴ്സ് താത്കാലികമായി ആരംഭിച്ചിട്ടുണ്ട്. അതിലെ വിജയപരാജയങ്ങൾ പരിശോധിച്ച് സാമ്പത്തിക നഷ്ടമില്ലാത്തതരത്തിൽ ഒരു സ്ഥാപനംകൂടി മഞ്ചേശ്വരത്ത് ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രസ്തുത പ്രദേശത്ത് മാരിടൈം രംഗത്ത്

പ്രവർത്തിക്കുന്ന പരിചിതരായ ധാരാളംപേരുണ്ട്. ബോംബെയിലും മദിരാശിയിലുമൊക്കെയായി കപ്പലുമായി ബന്ധപ്പെട്ട വിവിധ ജോലികൾ ചെയ്തിരുന്ന നിരവധി ആളുകൾ നേരത്തെതന്നെ ആ പ്രദേശത്തുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

ശ്രീ. വി. ജോയി: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന പ്രവൃത്തികളെല്ലാം പൂർത്തിയായിവരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പക്ഷേ, നിർമ്മാണ കമ്പനിയുമായി ഒപ്പുവച്ച കരാർപ്രകാരം തുക കമ്പനിക്ക് ഇനിയും അങ്ങോട്ട് നൽകാനുണ്ടെന്ന വ്യാപകമായ പ്രചരണം നടക്കുന്നുണ്ട്, അങ്ങനെയെങ്കിൽ ഏത് കാലത്താണ് അങ്ങനെയൊരു കരാർ ഉണ്ടാക്കിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, അദാനി കമ്പനിയുമായുള്ള കരാറുകളിലെല്ലാം ഒപ്പുവച്ചിട്ടുള്ളത് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ്. കരാർപ്രകാരം ബ്രേക്ക് വാട്ടറിന്റെ ജോലികൾ 30% പൂർത്തിയാകുന്നമുറയ്ക്ക് കമ്പനിക്ക് 25% പേയ്മെന്റ് നൽകേണ്ടതുണ്ട്. നിലവിൽ 30 ശതമാനത്തിലധികം ജോലികൾ പൂത്തിയാക്കിക്കഴിഞ്ഞു. സ്വാഭാവികമായും കരാർ പ്രകാരമുള്ള ഫണ്ട്

കമ്പനിക്ക് നൽകാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. ഇക്കാര്യങ്ങളെല്ലാം നേരത്തെയുള്ള എഗ്രിമെന്റിൽ വ്യക്തമാക്കിയതാണ്.

## ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കാൻ നടപടി

2 (*242) ശ്രീമതി ശാന്തകുമാരി കെ:
ശ്രീ. എ. പ്രഭാകരൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള റീസർവ്വേ നടന്ന പ്രദേശങ്ങളിൽ നിരവധി വർഷങ്ങളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി രേഖയിൽ ഉള്ളതിലും അധികം കാണുന്നപക്ഷം അത് സർക്കാർഭൂമി കയ്യേറിയതല്ലെന്ന് വ്യക്തതയുണ്ടാകുമ്പോഴും കൈവശക്കാരന് അവകാശം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതുതായി ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വേയിൽ ഭൂവുടമസ്ഥരുടെ സാന്നിദ്ധ്യത്തിൽ സർവ്വേ മാപ് തയ്യാറാക്കി പരാതി

പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പരമ്പരാഗതമായി റീസർവ്വേ പൂർത്തിയാക്കിയ 116 വില്ലേജുകളിലേതുൾപ്പെടെയുള്ള ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീസർവ്വേയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീസർവ്വേയ്ക്കുമുമ്പ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കിവന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21-04-2022-ലെ സ.ഉ(കൈ) നം. 110/2022/റവ നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ സർക്കാരിന്റെ ഉടമസ്ഥതയിലില്ലാത്തതും

തർക്കമില്ലാത്തതുമായ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ ഒരു സെറ്റിൽമെന്റ് സംവിധാനത്തിലൂടെ ആയത് ക്രമീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നതും ആയതിന് നിയമപ്രാബല്യം നൽകുന്നതിനായി സെറ്റിൽമെന്റ് ആക്റ്റിന്റെ കരട് സർക്കാർ പരിഗണനയിലുമാണ്. ടി ആക്ടുമായി ബന്ധപ്പെട്ട് ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലെ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഏകദിന ശില്പശാല 20-02-2023-ൽ സംഘടിപ്പിച്ചിട്ടുള്ളതാണ്.

(ബി) പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്. അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Continuously Operating Reference Station (CORS), Real Time Kinematic Rover, Robotic Total Station, Tablet PC എന്നിവ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി സർവ്വേ നടത്തി കൃത്യതയാർന്ന റെക്കോർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. ഗ്രാമസഭകളുടെ മാതൃകയിൽ വാർഡുതലങ്ങളിൽ സർവ്വേ സഭകൾ ചേർന്ന് ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ ഭൂവുടമസ്ഥർക്ക് ഡിജിറ്റൽ സർവ്വേ പദ്ധതിയെക്കുറിച്ചും ഭൂവുടമസ്ഥരുടെ

പങ്കാളിത്തത്തെക്കുറിച്ചും വിശദമായി പറഞ്ഞുകൊടുത്തിട്ടുണ്ട്. കൂടാതെ SMS സംവിധാനം ഉപയോഗിച്ച് സർവ്വേ ചെയ്യുന്ന ദിവസത്തെ സംബന്ധിച്ച വിവരങ്ങൾ ഭൂവുടമസ്ഥരെ അറിയിക്കുന്നതിനുള്ള സംവിധാനവും ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും 'എന്റെ ഭൂമി' പോർട്ടലിൽ നൽകിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഇത് പരിശോധിക്കാവുന്നതുമാണ്. ഇപ്രകാരം സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് സർവ്വേ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്നു. നിലവിൽ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുള്ള 200 വില്ലേജുകളുടെ റവന്യൂ കണക്കിൻപ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരം 'എന്റെ ഭൂമി' പോർട്ടലിൽ നൽകിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഭൂവുടമയ്ക്ക് പരിശോധിക്കുന്നതിനും അപാകതയുള്ളപക്ഷം പോർട്ടൽ മുഖേനതന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സാധിക്കുന്നതുമാണ്. റീസർവ്വേ സമയത്തും സർവ്വേ പൂർത്തിയായതിനുശേഷവും റിക്കാർഡുകളിൽ അപാകതയുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനവും 'എന്റെ ഭൂമി' പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടാതെ നിലവിലെ നിയമ സംവിധാനത്തിലൂടെ മാത്രം

പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള സാധ്യതകൾകൂടി പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ബാക്കിയുള്ള 116 വില്ലേജുകളിൽ ആധുനിക രീതിയിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് ഇതിനോടകം ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുള്ളതും/പുരോഗതിയിലുമായതിനാലാണ് പുതിയ ഡിജിറ്റൽ സർവ്വേ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ഇപ്രകാരമുള്ള 116 വില്ലേജുകളും ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമാക്കുന്നത് പരിശോധിക്കുന്നതും ടി വില്ലേജുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ശ്രീമതി ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഡിജിറ്റൽ സർവ്വേയിലൂടെ ശേഖരിക്കപ്പെടുന്ന ടോപ്പോഗ്രാഫിക് വിവരങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുകയും ആയത് മറ്റ് വകുപ്പുകൾക്കുകൂടി ലഭ്യമാക്കത്തക്കവിധത്തിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, വളരെ പ്രസക്തമായ ചോദ്യമാണിത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽനിന്നും 858 കോടി രൂപ മുടക്കിയാണ് കേരള ചരിത്രത്തിന്റെ ഭാഗമാകുന്നതും കേരള മോഡൽ എന്ന് അടയാളപ്പെടുത്താൻ കഴിയുന്നതുമായ ഡിജിറ്റൽ റീസർവ്വേയ്ക്ക് സംസ്ഥാനം തുടക്കംകുറിക്കാൻ പോകുന്നത്. നാല് വർഷക്കാലംകൊണ്ട് കേരളത്തെ സമ്പൂർണ്ണമായി അളന്ന് കേരളത്തിലെ ഓരോ ഭൂമിക്കും ഡിജിറ്റൽ വാല്യൂ ഉണ്ടാകുന്നവിധത്തിലുള്ള വിശദാംശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കേവലം റവന്യൂ-സർവ്വേ റിക്കാർഡുകൾ മാത്രമല്ലാതെ, കേരളത്തിന്റെ പൊതു ഡാറ്റാബേസ് ആയി ഉപയോഗപ്പെടുത്തുന്നതിനും ഏതൊക്കെ വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടിവരുമോ, അതെല്ലാം നൽകാൻ കഴിയുന്ന വിധത്തിലുമുള്ള വിവരശേഖരണമാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മറ്റ് വകുപ്പുകളുമായി ആവശ്യമായ കൂടിയാലോചന ഇതിനകം നടത്തിയിട്ടുമുണ്ട്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഡിജിറ്റൽ സർവ്വേ നടക്കുന്ന വില്ലേജുകളിൽ അവ പൂർത്തിയാകുന്നമുറയ്ക്ക് ഭൂരേഖകൾ ഇന്റഗ്രൽ

പോർട്ടലിലേയ്ക്ക് മാറുമോ; ഇന്റഗ്രേഷൻ നടത്തിക്കഴിഞ്ഞാൽ ഉണ്ടാകാവുന്ന ഗുണഫലങ്ങൾ എന്തൊക്കെയാണ്?

ശ്രീ. കെ. രാജൻ: സർ, ഇതൊരു പുതിയ ആശയമാണ്. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കുന്നതുകൊണ്ടാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇതിലെ പ്രധാനപ്പെട്ട പ്രത്യേകത നിലവിൽ മൂന്ന് വകുപ്പുകളാണ് ഇത് കൈകാര്യം ചെയ്തുവരുന്നതെന്നതാണ്. ഒന്നാമത്തേത് ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ വകുപ്പ് 'പേൾ' എന്ന പോർട്ടൽ ഉപയോഗിക്കുന്നു. പോക്കുവരവ് നടത്തിക്കൊടുക്കാൻ റവന്യൂ വകുപ്പ് ഉപയോഗിക്കുന്നത് 'റെലിസ് ' എന്ന പോർട്ടലാണ്. അതിന്റെ സ്കെച്ചും മാപ്പും കണ്ടെത്താൻ സർവ്വേ ഡിപ്പാർട്ട്മെന്റ് ഉപയോഗിക്കുന്നത് 'ഇ-മാപ്സ് ' ആണ്. പേൾ പോർട്ടലിൽ ഭൂമി രജിസ്റ്റർ ചെയ്ത് അത് പോക്കുവരവിനായി സമീപിക്കുന്ന സമയത്ത് പോക്കുവരവിന് അനുയോജ്യമായ ഭൂമിയല്ലെന്ന് കാണുന്ന വിഷയം പലപ്പോഴുമുണ്ടാകുന്നുണ്ട്. സ്കെച്ചും ലൊക്കേഷനും എടുക്കുമ്പോൾ പ്രസ്തുത സ്ഥലം പ്രതീക്ഷിക്കാത്ത മറ്റൊരിടത്താണെന്ന് കാണേണ്ട സ്ഥിതിയുണ്ടാകുന്നു. ഈ സാഹചര്യത്തിലാണ് ഡിജിറ്റൽ റീസർവ്വേയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണമെന്ന നിലയിൽ 'എന്റെ ഭൂമി' എന്ന പോർട്ടൽ രൂപീകരിച്ചുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ഭാഗമായുള്ള പേൾ

പോർട്ടലും  റവന്യൂ വകുപ്പിന്റെ ഭാഗമായുള്ള റെലിസും സർവ്വേ വകുപ്പിന്റെ ഭാഗമായുള്ള ഇ-മാപ്സും ഇന്റഗ്രേറ്റ് ചെയ്ത് കേരളത്തിലൊരു ഇന്റഗ്രേറ്റഡ് പോർട്ടൽ എന്ന പുതിയ ആശയത്തിന് സർക്കാർ തുടക്കംകുറിക്കുന്നത്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. ഇതോടുകൂടി ഭൂമിയുടെ ക്രയവിക്രയങ്ങളിൽ തർക്കമുണ്ടാകുകയും പറ്റിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിക്ക് എന്നന്നേയ്ക്കുമായി മാറ്റമുണ്ടാകുന്ന സ്ഥിതിവിശേഷമുണ്ടാകും. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ച് ഇന്റഗ്രേറ്റഡ് പോർട്ടൽ വരുന്നതോടുകൂടി ഏതെങ്കിലും പാവപ്പെട്ടവന്റെ ഭൂമിയിൽ സ്ഥാപിച്ച കല്ലിളക്കിമാറ്റി കയ്യൂക്കിന്റെ ബലംകൊണ്ട് കനാലിൽ വലിച്ചെറിഞ്ഞ് അവനെ പറ്റിക്കാമെന്ന കായികപരിപാടി എന്നന്നേയ്ക്കുമായി ഇല്ലാതാകുന്നവിധത്തിൽ ഒരു ഡിജിറ്റൽ വേലി കേരളത്തിലുണ്ടാകാൻ പോകുകയാണ്. ഡിജിറ്റൽ റീസർവ്വേ പൂർത്തിയായശേഷം ഇന്റഗ്രേഷൻ എന്നാണ് ആദ്യം ആലോചിച്ചത്. എന്നാൽ, ഇപ്പോൾ ആലോചിച്ചിരിക്കുന്നത് ഇത് തീരുന്നമുറയ്ക്ക് അതത് വില്ലേജുകളിൽ ഇന്റഗ്രേറ്റഡ് പോർട്ടലിലേയ്ക്ക് കടക്കാമെന്നാണ്. രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് ആദ്യം 15 വില്ലേജുകളിൽ പ്രാഥമികമായി ഇതിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ

ഇന്റഗ്രേറ്റഡ് പോർട്ടലുണ്ടാക്കാൻ ഈ വർഷംതന്നെ സർക്കാർ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ഡിജിറ്റൽ റീസർവ്വേ അതിവേഗം പൂർത്തിയാക്കുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിക്കുന്ന നിലപാട് അഭിനന്ദനാർഹമാണ്. ഇത് പൂർത്തിയായിക്കഴിഞ്ഞാൽ കേരളത്തിൽ വലിയൊരു പ്രശ്നം  ഇല്ലാതാകുകയാണ്. പ്ലോട്ടുകൾ പ്രത്യേകം തിരിക്കുന്നതിനുവേണ്ടി സർവ്വേക്കല്ല് സ്ഥാപിക്കേണ്ടതായിവരും. അത് സർക്കാർ ചെലവിൽ നടത്തുമോ; അതല്ലെങ്കിൽ ബന്ധപ്പെട്ട കക്ഷി ചെലവ് വഹിക്കേണ്ടിവരുമോ?

ശ്രീ. കെ. രാജൻ: സർ, സർക്കാരിന്റെ ഭൂമിയിൽ സർക്കാർതന്നെ കല്ലിടും; അതിന്റെ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കും. സ്വകാര്യ ഭൂമി സർവ്വേയ്സ് ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം അളന്ന് ചൂണ്ടിക്കാണിച്ചുകൊടുക്കുക എന്ന ഉത്തരവാദിത്വമാണ് സർവ്വേ വകുപ്പിനുള്ളത്. അത് കൃത്യതയോടുകൂടി നടപ്പിലാക്കും. പക്ഷേ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ പ്രസക്തമായ ഒരു പ്രശ്നം ഇതിന്റെ പിന്നിലുണ്ട്. അതിർത്തി കല്ലിടാതെതന്നെ സർവ്വേ നടപടികൾ പൂർത്തിയാകുന്നതോടുകൂടി കേരളത്തിന്റെ ഡാറ്റാബേസിൽ എല്ലാ

ബെന്റുകളേയും കോ-ഓർഡിനേറ്റ് ചെയ്യാവുന്നൊരു ഡിജിറ്റൽ വേലി വരുന്നതോടെ ആർക്കും എപ്പോഴും അതിന്റെ രേഖകൾ ലഭ്യമാകുന്ന സ്ഥിതിവിശേഷമുണ്ടാകും. അതോടൊപ്പംതന്നെ സബ്ഡിവിഷൻ ചെയ്താൽ അതത് സമയത്തുതന്നെ അത് മാറ്റിക്കൊടുക്കാനുള്ള സംവിധാനവുമുണ്ടാകും.

ഡോ. സുജിത് വിജയൻപിള്ള: സർ, 40-50 വർഷക്കാലമായി കായൽ, തോട് പുറമ്പോക്കുകളിൽ താമസിക്കുന്ന നിരവധി പാവപ്പെട്ടവരുണ്ട്. അഞ്ച് സെന്റോളം വരുന്ന ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവരുമുണ്ട്. കായലിന്റേയോ തോടിന്റേയോ ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് ഭൂമി പതിച്ചുനൽകാനുള്ള തടസ്സങ്ങൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തീരുമാനമുണ്ടാകുമെന്നാണ് അറിയുന്നത്. ഡിജിറ്റൽ റീസർവ്വേയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇവർക്ക് ഭൂമി പതിച്ചുനൽകാനുള്ള സാധ്യത പരിശോധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഡിജിറ്റൽ റീസർവ്വേകൊണ്ടുദ്ദേശിക്കുന്നത് നിലവിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തുക എന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ചർച്ച ചെയ്യപ്പെടേണ്ട സാമൂഹ്യ പ്രശ്നംതന്നെയാണ്. പുറമ്പോക്കുകൾ നൽകുന്നതിനെ സംബന്ധിച്ച് കേരളത്തിലെ ഭൂപതിവ് നിയമത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ചട്ടങ്ങളിൽ ചില പ്രശ്നങ്ങളുണ്ട്.

ജലാശയങ്ങൾക്കും ജലപാതകൾക്കും പൊതുവായി ഉപയോഗിക്കുന്ന സ്ഥലങ്ങൾക്കും എത്ര വ്യത്യാസമുണ്ടാകാം എന്നതുസംബന്ധിച്ച് സുപ്രീംകോടതി വിധി വന്നതോടുകൂടി അത്തരം സ്ഥലം നൽകുന്നതിന് നിയമപരമായ ചില പ്രശ്നങ്ങളുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് ആക്ടിന്റെ ഭാഗമായി പഞ്ചായത്തിന് പതിച്ചുകൊടുക്കപ്പെട്ട സ്ഥലമാണെങ്കിൽ അത് ഡീവെസ്റ്റ് ചെയ്യാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാം. കേരളത്തിൽ പട്ടയം മിഷന്റെ ഭാഗമായി ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് നിയമപരമായി ഏതെല്ലാം വിധത്തിലുള്ള ധാരണകളുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചന നടത്തിവരുന്നുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, കേരളത്തിന്റെ ഭാവി നിർമ്മിതിയിൽ നിർണ്ണായക പങ്കുവഹിക്കാൻ പോകുന്ന ഡിജിറ്റൽ റീസർവ്വേ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതുപോലെ നാല് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്ന തരത്തിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലം ഉൾപ്പെടെയുള്ള വന മേഖലകളിലെ ആദിവാസി കുടുംബങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിക്ക് കൈവശരേഖകൾ ഇനിയും ലഭിക്കാനുണ്ട്. ഇവർക്ക് ഡിജിറ്റൽ റീസർവ്വേയിൽ പരാതികളും ആശങ്കകളുമുണ്ടെങ്കിൽ അവ

പരിഹരിക്കുന്നതിന് സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് സർക്കാർ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും പ്രാദേശിക ബോധവൽക്കരണം നടത്തുന്നതിന് ആലോചിച്ചിട്ടുണ്ടോയെന്നും എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, വിശാലമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. വളരെ പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി സൂചിപ്പിക്കുകയാണ്. ഡിജിറ്റൽ റീസർവ്വേ ആരംഭിക്കുന്ന ഘട്ടത്തിൽ അതിനെ മറ്റൊരു അർത്ഥത്തിൽ പരാജയപ്പെടുത്താനുള്ള ചില ശ്രമങ്ങൾ നടന്നു. ആ ശ്രമങ്ങൾ നടത്തിയത് ഭരണപക്ഷമോ പ്രതിപക്ഷമോ അല്ല. പ്രതിപക്ഷത്തിന്റെ പൂർണ്ണ സഹകരണം ഞാൻ വളരെ സന്തോഷത്തോടുകൂടി ഓർക്കുന്നു. ഇതിന്റെ ഓരോ ഘട്ടത്തിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും പൂർണ്ണ സഹകരണമുണ്ടായിട്ടുണ്ട്. പക്ഷേ, ഡിജിറ്റൽ റീസർവ്വേ നടത്തുമ്പോൾ അതിൽ പേടിക്കുന്നവർ പലവിധത്തിലുള്ള ആശങ്കകളുണ്ടാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, മൂന്നാർ മേഖലയിൽ തമിഴ് വിഭാഗത്തിൽപ്പെടുന്നവരെ സമരം നടത്താൻ കൊണ്ടുവരുന്ന സ്ഥിതിവിശേഷമുണ്ടായി. ചർച്ചയിൽ അത് പരിഹരിക്കപ്പെട്ടതാണ്. ഭൂമി

അളക്കലുമായി ബന്ധപ്പെട്ട് സെറ്റിൽമെന്റ് ഉണ്ടാകേണ്ടതുണ്ട് എന്നത് യാഥാർത്ഥ്യമാണ്. നിലവിലുള്ള പ്രധാനപ്പെട്ട പ്രശ്നം ഭൂമി അധികമായി കണ്ടെത്തുകയും ആ ഭൂമിക്ക് ടാക്സ് അടയ്ക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തു. ഭൂമി അധികമായി കണ്ടെത്തുന്ന സാഹചര്യത്തിൽ സർവേയ്സ് ആന്റ് ബൗണ്ടറീസ് ആക്ടിലെ സെക്ഷൻ (9) പ്രകാരം തർക്കമില്ലാത്ത ഭൂമിയാണെങ്കിൽ ഡിക്ലയർ ചെയ്യാൻ സാധിക്കും. സെക്ഷൻ (10) പ്രകാരം ഡിസ്പ്യൂട്ടുള്ള ഭൂമിയിൽ ഉദ്യോഗസ്ഥന് അത് അളന്നുകൊടുത്ത് ഒരു ധാരണയിലെത്താൻ കഴിയും. എന്നാൽ സെക്ഷൻ (11) പ്രകാരം അപ്പീൽ കൊടുക്കാനും സാധിക്കും. സർവേയ്സ് ആന്റ് ബൗണ്ടറീസ് ആക്ടിലെ 53 മുതൽ 64 വരെയുള്ള ചട്ടപ്രകാരം സർവ്വേ അളവുകളുടെ തെറ്റ് തിരുത്തൽമാത്രം സാധ്യമാകും. ഇതൊന്നും ഈ കാലഘട്ടത്തിൽ പര്യാപ്തമല്ല. യഥാർത്ഥത്തിൽ വിവിധ മേഖലകളിൽ കിടന്ന ഭൂമിയുടെ ചരിത്രമാണ് കേരളത്തിനുള്ളത്. തിരുവിതാംകൂറിൽ 1886 മുതൽ 1911 വരെയും മലബാറിൽ 1926 മുതൽ 1934 വരെയും കൊച്ചിയിൽ 1905 മുതൽ 1909 വരെയുമാണ് സെറ്റിൽമെന്റുകൾ നടന്നിട്ടുള്ളത്. ഐക്യകേരളം രൂപീകരിക്കപ്പെട്ടതിനുശേഷം സെറ്റിൽമെന്റുണ്ടായിട്ടില്ല. സ.ഉ. (കൈ).നം.110/2022/RD അനുസരിച്ച് കൈവശത്തേക്കാൾ കൂടുതൽ

ഭൂമിയുണ്ടെങ്കിൽ നിലവിൽ അവസാനമായി ആധാരപ്രകാരം പോക്കുവരവുചെയ്ത ഭൂമിക്ക് കരമടയ്ക്കാം. കുറവ് ഭൂമിയാണെങ്കിൽ ആ കുറവുമതിയെന്ന് ഡിക്ലറേഷൻ കൊടുക്കുന്നമുറയ്ക്ക് കരമടയ്ക്കാൻ അധികാരം കൊടുക്കുന്നതാണ്. അതുകൊണ്ടുതന്നെ സർക്കാരിന്റെ ഭൂമിയല്ലാത്തതും തർക്കമില്ലാതെ കൈവശത്തിലിരിക്കുന്നതുമായ ഭൂമിയുടെ അധിക വിസ്തീർണ്ണം നിജപ്പെടുത്താൻ കഴിയുമോയെന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഒരു കാരണവശാലും കബളിപ്പിക്കപ്പെടാത്ത വിധത്തിലും ഒരാളുടെ യഥാർത്ഥ ഭൂമിയല്ലാതെ മറ്റൊന്നും കൂട്ടിക്കൊടുക്കാൻ സാധിക്കാത്തവിധത്തിലും സാധാരണ നിലയിലുള്ള ഭൂപരിഷ്കരണ നിയമത്തിന്റെ അതിര് ലംഘിക്കാത്തവിധത്തിലും എല്ലാം പരിശോധിച്ചുകൊണ്ടുവേണം അത്തരമൊരു ആക്ടിനെക്കുറിച്ചും സെറ്റിൽമെന്റിനെക്കുറിച്ചും ആലോചിക്കേണ്ടത്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. 20-02-2023-ൽ വിപുലമായ ചർച്ച ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായും സർവ്വേ രംഗത്ത് ജോലി ചെയ്തിരുന്നവരുമായും ആശയവിനിമയം നടത്തി. സഭ അനുവദിച്ചാൽ സെലക്ട് കമ്മിറ്റി ഉൾപ്പെടെയുള്ള ആശയത്തിലേയ്ക്ക് പോയതിനുശേഷമേ അത്തരമൊരു കാര്യത്തിലേയ്ക്ക് വരികയുള്ളൂ. വനവുമായി ബന്ധപ്പെട്ടും

അല്ലാതെയുമുള്ള ഭൂമി പങ്കിടുന്ന സ്ഥലങ്ങളിൽ അത് പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ജണ്ടയ്ക്ക് പുറത്തുകിടക്കുന്ന റവന്യൂ ഭൂമി അടയാളപ്പെടുത്തിക്കൊടുക്കാൻ സാധിക്കും. അല്ലാതെയുള്ള ഭൂമിയാണെങ്കിൽ ചട്ടം (93) അനുസരിച്ച് 'പരിവേഷ് ' പോർട്ടലിൽ എന്റർ ചെയ്താലാണ് കൊടുക്കാൻ കഴിയുന്നത്. ആദിവാസി ഭൂമിപ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ആലോചന നടത്തി അക്കാര്യത്തിൽ പ്രത്യേക സ്റ്റെപ്പെടുത്ത് മുന്നോട്ടുപോകുന്നുണ്ട്. ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി ഏത് വിധേനയും നൽകാനാവശ്യമായ സാഹചര്യം ഒരുക്കണമെന്നതാണ് സർക്കാർ നിലപാട്. ആ നിലപാടുമായി മുന്നോട്ടുപോകും.

ശ്രീമതി ഉമ തോമസ്: സർ, വർഷങ്ങൾക്കുമുമ്പ് ആളുകേറാമലയായിരുന്ന എറണാകുളത്തെയും ഇന്നത്തെ തൃക്കാക്കര മണ്ഡലത്തിലെയും കുറേ പ്രദേശങ്ങൾ ജി.സി.ഡി.എ.-യും ഹൗസിംഗ് ബോർഡുമൊക്കെ ഡെവലപ് ചെയ്ത് പനമ്പിള്ളി നഗർ, കുമാരനാശാൻ നഗർ, ഗിരിനഗർ എന്നിങ്ങനെ പല സ്ഥലങ്ങളായി തിരിച്ച് എൽ.ഐ.ജി., എച്ച്.ഐ.ജി., എം.ഐ.ജി. തുടങ്ങിയ വീടുകളുണ്ടാക്കി കൊടുത്തിരുന്നു. ഈ

പ്രദേശങ്ങളെല്ലാം രേഖകളിൽ നിലമായാണ് കിടക്കുന്നത്. അതുകൊണ്ട് അവ ക്രയവിക്രയം ചെയ്യുവാനോ റീകൺസ്ട്രക്ഷൻ നടത്താനോ സാധിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഈ പ്രശ്നം ചിലയിടങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. ബി.ടി.ആർ. തയ്യാറാക്കലുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുടെ ഭാഗമാണിത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പ്രത്യേകം പരിഗണിക്കാവുന്നതാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വേഗതയിലാക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ നടത്തിയപ്പോൾ ഈ മേഖലകളിൽ ഫോർട്ട് കൊച്ചിയുടെ ഭാഗമായി മാറ്റമുണ്ടായതായി മനസ്സിലായി. ഈ പ്രശ്നം സർക്കാരിന്റെ മുന്നിലുണ്ട്. പരിശോധിച്ച് നിയമപരമായി സ്വീകരിക്കാവുന്ന നടപടികൾ സ്വീകരിക്കാം.

ശ്രീ. ലിന്റോ ജോസഫ്: സർ, ഏറ്റവും കൂടുതൽ ഭൂമി പ്രശ്നം നിലനിൽക്കുന്ന മണ്ഡലമാണ് തിരുവമ്പാടി. തിരുവമ്പാടി മണ്ഡലത്തിൽ അൺസർവ്വേ വില്ലേജുകളായി രേഖപ്പെടുത്തിയിട്ടുള്ള കൂടരഞ്ഞി, തിരുവമ്പാടി, നെല്ലിപ്പൊയിൽ എന്നിവയ്ക്ക് അടുത്ത ഡിജിറ്റൽ റീസർവ്വേയിൽ പ്രാധാന്യം നൽകുമോ; വനാതിർത്തികൾ പങ്കിടുന്ന സ്ഥലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷന്റെ ആവശ്യം ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ചശേഷം

ഉണ്ടാകുമോ; അത്തരം കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, ഡിജിറ്റൽ റീസർവ്വേയിലൂടെ ആരുടെ ഭൂമിയാണെന്ന് അളന്ന് തിട്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. വനവുമായി ബന്ധപ്പെട്ട ഭൂമിയാണെങ്കിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താതെ ചട്ടം 93 അനുസരിച്ച് പട്ടയം കൊടുക്കാനാകില്ല. സാധാരണനിലയിൽ ഭൂപതിവ് ചട്ടങ്ങളുടെയും നിയമങ്ങളുടെയും ഭാഗമായി 1993-ലെ ചട്ടവും 1971-ലെ നിയമവും അറബിൾ ലാൻഡും (Arable land) സംസ്ഥാന സർക്കാർ മാത്രം തീരുമാനിക്കേണ്ട വിഷയമല്ല. നേരത്തെ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി കടലും ആകാശവും കേന്ദ്രത്തിന്റേതാണെന്ന് പറയുകയുണ്ടായി. അതുപോലെ വനപ്രദേശവും കേന്ദ്രവുമായി ബന്ധപ്പെട്ടതാണ്. ദിവസം കഴിയുന്തോറും അത് മാറിക്കൊണ്ടിരിക്കുകയാണ്. ജെ.വി.ആർ. തയ്യാറാക്കി ടോപ്പോഗ്രാഫിക് ഷീറ്റിലേയ്ക്ക് പകർത്തി പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തതിനുശേഷം മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ച സ്ഥലം വനമെന്ന് രേഖപ്പെടുത്തിയതിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ബാക്കിയുള്ള കാര്യങ്ങൾ അതായത്, ആരുടെയൊക്കെയാണ് ഭൂമിയെന്ന്

തിരിച്ചറിയുന്നതിനുള്ള നടപടികൾക്ക് വേഗത കൂട്ടുന്ന നടപടികളുമായി മുന്നോട്ടുപോകാനും സാധിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഡിജിറ്റൽ റീസർവ്വേ നടത്തി കൈവശക്കാർക്ക് ഭൂമി കൊടുക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പ്രയത്നം കാണാതെ പോകുന്നില്ല. ഡിജിറ്റൽ റീസർവ്വേയുടെ ഒന്നാംഘട്ടം ആരംഭിച്ചെങ്കിലും അതിന്റെ പൂർണ്ണരൂപത്തിലേയ്ക്കെത്താൻ സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ 18 വില്ലേജുകളിൽ ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും 6 വില്ലേജുകളിൽ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. അതുതന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഡ്രോൺ ഉപയോഗിച്ചാണ് ആദ്യഘട്ടത്തിൽ സർവ്വേ നടപടികൾ ആരംഭിച്ചതെങ്കിലും തുടർന്ന് ഇ.ടി.എസ്. (Electronic Total Station) മെഷിനിലേയ്ക്കും ഇപ്പോൾ ആർ.ടി.എസ്. (Robotic Total Station)-ലേയ്ക്കും മാറിയിരിക്കുകയാണ്. പുറമ്പോക്കുഭൂമി റീഫിക്സ് ചെയ്യാനാവശ്യമായ നിലപാട് ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായി സ്വീകരിച്ചതായി കാണുന്നില്ല. ഇതിനായി സർവ്വേയർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്കാവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നതിന് ഹെൽപ്പർമാരെ നിയമിച്ചിട്ടില്ല. ഹെൽപ്പർമാരുടെ സഹായത്തോടെയാണ് ഈ ജോലി പൂർത്തീകരിക്കേണ്ടത്.

ഡ്രാഫ്റ്റ്സ്മാൻമാരെ ഓഫീസിൽനിന്നും പുറത്തേയ്ക്കുവിട്ടാൽ തെറ്റുകൾ പരിശോധിച്ച് ശരിയായ നിലപാട് സ്വീകരിക്കാൻ കഴിയില്ല, അത് പരിഹരിക്കണം. ഫോം 50 തയ്യാറാക്കുന്നതിന് ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതെല്ലാം പരിഹരിക്കണമെങ്കിൽ ആവശ്യമായ ജീവനക്കാരുണ്ടാകണം. അതുകൂടി പരിഹരിച്ച് സർവ്വേ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യങ്ങളൊക്കെ നല്ലതുപോലെ ശ്രദ്ധിക്കുന്ന ആളാണ്. പക്ഷേ, ഇക്കാര്യത്തിൽ ചില തെറ്റിദ്ധാരണകളുള്ളതുകൊണ്ട് അത് ക്ലിയർ ചെയ്യുകയാണ്. നേരത്തെ പറഞ്ഞതുപോലെ രാജ്യത്തുതന്നെ ഏറ്റവും സുതാര്യവും വേഗതയേറിയതുമായ Continuously Operating Reference Station സംവിധാനമാണ് സർവ്വേ നടപടികൾക്കായി ഇപ്പോൾ ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ 28 സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം വിചാരിക്കുന്നതുപോലെ ഒന്നുതുടങ്ങി മറ്റൊന്നിലേയ്ക്കല്ല, മൂന്ന് തരത്തിലുള്ള അളവുമാപിനികളാണ് പ്രധാനമായും സർവ്വേ വകുപ്പ് ഇതിനായി ഉപയോഗിക്കുന്നത്. അതിലൊന്നായ RTK (Real Time Kinematic) Rover machine ഉപയോഗിച്ചുകൊണ്ടായിരിക്കും 70% സ്ഥലവും അളന്ന് തിട്ടപ്പെടുത്തുന്നത്.

ഇപ്പോൾ അളന്നുകൊണ്ടിരിക്കുന്ന ഇ.ടി.എസ്.-ന്റെ പുതിയ വെർഷനായ റോബോട്ടിക് ടോട്ടൽ സ്റ്റേഷനിലൂടെയായിരിക്കും 20% ഭൂമി അളക്കുന്നത്. ലഡാർ ക്യാമറകൾ ഫിറ്റ് ചെയ്തുകൊണ്ടുള്ള ഡ്രോൺ ഉപയോഗിച്ച് കേവലം 10% സ്ഥലമാണ് അളക്കുന്നത്. ഇരുന്നൂറിടങ്ങളിൽ ഒരേസമയം ഈ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആളുകൾ തെറ്റിദ്ധരിക്കുന്നതിൽ അവരെ കുറ്റംപറയുകയല്ല. എന്റെയും ധാരണ അങ്ങനെയൊക്കെയായിരുന്നു. മന്ത്രിയായതിനുശേഷമാണ് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നത്. ഇരുന്നൂറിടങ്ങളിൽ സർവ്വേ നടപടികൾ ആരംഭിക്കുകയെന്നുപറഞ്ഞാൽ ആർ.ടി.എസ്. മെഷീൻ കൊണ്ടുവന്ന് ഒറ്റക്കണ്ണുകൊണ്ട് നോക്കി അടയാളപ്പെടുത്തുകയെന്നല്ല. അതിന് ReLIS (Revenue Land Information System)-ന്റെ ഡാറ്റയും ഫീൽഡ് രജിസ്റ്റർ ഡാറ്റ അതായത്, ഫോം 50-യും തയ്യാറാക്കണം. അങ്ങനെയുള്ള മുന്നൊരുക്കങ്ങൾ ഇരുന്നൂറിടങ്ങളിലും നടക്കുന്നുണ്ട്. 2022 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. ഡിസംബർ 2-ന് പരിശോധിക്കുമ്പോൾ 1000 ഹെക്ടർ ഭൂമി മാത്രമാണ് അളക്കാൻ സാധിച്ചത്. അപ്പോൾ ഞങ്ങളൊന്ന് പേടിച്ചു. കാരണം, ഔട്ട്ടേണിനെക്കുറിച്ച് സംശയമുണ്ടാകുമോ, ചങ്ങല ലിങ്സ് വലിച്ച് അടയാളപ്പെടുത്തുന്നതിൽനിന്ന് അത്യാധുനിക രീതിയിലേയ്ക്ക്

മാറ്റുമ്പോഴുള്ള പ്രശ്നങ്ങൾ ജീവനക്കാർക്കുണ്ടാകുമോ തുടങ്ങിയ സംശയങ്ങളുണ്ടായിരുന്നു. എല്ലാ ആഴ്ചയിലും എന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ റവന്യൂ സെക്രട്ടേറിയറ്റ് ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചുവരികയായിരുന്നു. ഒരു മാസംകൂടി കഴിഞ്ഞപ്പോൾ 12137 ഹെക്ടർ ഭൂമി അളക്കാൻ കഴിഞ്ഞു. ഇരുന്നൂറിടങ്ങളിലും ഒരുമിച്ച് അളക്കാനാണ് ആലോചിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. ഇപ്പോൾത്തന്നെ സർവ്വേ നടത്താൻ ആളില്ല പിന്നെ എങ്ങനെ നാല് വർഷംകൊണ്ട് ഈ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് ആളുകൾ ചോദിക്കുന്നത്. ഈ മാസത്തോടെ കേരളത്തിലെ സർവ്വേ വകുപ്പിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തന്ന ലിസ്റ്റിൽനിന്നും ടെസ്റ്റും ഇന്റർവ്യൂവും നടത്തി 1500 സർവ്വേയർമാരെ മാത്രമല്ല 3200 ഹെൽപ്പർമാരെയും താൽക്കാലിക ജീവനക്കാരായി നിയമിക്കുകയാണ്. സർവ്വേ നടപടികൾ പൂർത്തിയാകുംവരെ അവർ താൽക്കാലിക ജീവനക്കാരായി തുടരുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എല്ലാ പഞ്ചായത്തുകളിലും വില്ലേജുകളിലും കളിസ്ഥലങ്ങളുണ്ടാകണമെന്നത് എല്ലാവരുടെയും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

കളിസ്ഥലങ്ങൾ ആരംഭിക്കാനുള്ള റവന്യൂ ഭൂമിയില്ല. സ്വകാര്യ ഭൂമി ഏറ്റെടുത്താണ് ഇതിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നത്. പൊതുകളിസ്ഥലമില്ലാത്ത നിരവധി പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ താങ്ങാവുന്ന വില നൽകി കളിസ്ഥലത്തിനായി ഭൂമി കണ്ടെത്താൻ ശ്രമിക്കുമ്പോൾ അതിന് പലപ്പോഴും നിലമാണ് അനുയോജ്യമായി വരുന്നത്. പൊതു കളിസ്ഥലമെന്നത് ഒരു പൊതു ആവശ്യമെന്ന നിലയ്ക്ക് ഇതിനായി നിലം ഉപയോഗപ്പെടുത്തുന്നതിൽ ഗവൺമെന്റിന് ചില നീക്കുപോക്കുകൾ നടത്താനും തീരുമാനങ്ങളെടുക്കാനും കഴിഞ്ഞില്ലെങ്കിൽ പല സ്ഥലങ്ങളിലും ചെറുപ്പക്കാർക്ക് കളിസ്ഥലം ഒരു സ്വപ്നം മാത്രമായി അവശേഷിക്കും. കളിസ്ഥലമെന്ന ആശയം നടപ്പിലാക്കാനും ഈ പ്രശ്നത്തിന്റെ കുരുക്കഴിക്കാനും എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, 2008-ലെ കേരള നിയമസഭയിലെ അംഗങ്ങളെല്ലാവരും ചേർന്നാണ് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ ചർച്ചാവേളയിൽ ഞാനും അങ്ങുമൊക്കെ വിശദമായി പങ്കെടുത്തതാണ്. ആ നിയമമാണ് ഇപ്പോഴും

തുടരുന്നത്. അതിൽ മാറ്റം വേണമെങ്കിൽ നിയമപരമായി പരിശോധിച്ച് തീരുമാനമെടുക്കേണ്ടിവരും. 2018-ൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന് ഭേദഗതി കൊണ്ടുവരുമ്പോൾ ഈ രീതിയിലുള്ള ചർച്ചയല്ല നടന്നിരുന്നത്. പുതിയ സാഹചര്യത്തിനനുസരിച്ച് ആക്ടിൽ ഭേദഗതി വരുത്തണമെങ്കിൽ നിയമസഭ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടിവരും. അക്കാര്യം നിയമപരമായി മാത്രമേ പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: സർ, ഇവിടെ കളിസ്ഥലത്തിന്റെ കാര്യമാണ് പറഞ്ഞത്. നെൽവയൽ നികത്തുന്നതിന് ചില പ്രശ്നങ്ങളുണ്ട്. പക്ഷേ, പഞ്ചായത്തിന്റെ അധീനതയിൽ ധാരാളം പുഴപുറമ്പോക്കുണ്ട്, അത് റവന്യൂ ഭൂമിയാണ്. പുഴയുടെ ഒഴുക്കിന് തടസ്സമില്ലാത്ത രീതിയിൽ ഈ ഭൂമി കളിസ്ഥലമാക്കി ഭേദഗതി ചെയ്യാൻ അനുമതി നൽകുമോ?

ശ്രീ. കെ. രാജൻ: സർ, നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതിയിൽ നിലനിൽക്കുകയാണെന്ന് മാത്രമല്ല, 1964-ലെ മൂലനിയമത്തിന്റെ 11(2)-ൽ 14 കാരണങ്ങൾ കാണിച്ച് ഇന്നയിന്ന കാര്യങ്ങൾക്കായി നെൽവയൽ നികത്താൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതിലൊരളവും തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് എൽ.എസ്.ജി.ഡി-ക്ക് എൻ.ഒ.സി.

കൊടുക്കാൻ കഴിയുന്ന ആവശ്യങ്ങൾക്ക് ആ രീതിയിൽ അനുമതി നൽകാനും അവർക്ക് വെസ്റ്റ് ചെയ്യപ്പെട്ട ഭൂമിയാണെങ്കിൽ അത് ഡീ-വെസ്റ്റ് ചെയ്യാനുമുള്ള നടപടിയെടുത്തിട്ടുണ്ട്. കോടതിവിധി നിലനിൽക്കുന്ന സാഹചര്യത്തിൽ മറ്റുകാര്യങ്ങൾ നിയമപരമായി പരിശോധിച്ചതിനുശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

3 (*243) **ശ്രീ. കെ. യു. ജനീഷ് കുമാർ:**
**ശ്രീ. കെ. ബാബു (നെന്മാറ):**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:**
**ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യം സമയബന്ധിതമായി നിറവേറ്റുന്നതിന് പട്ടയം മിഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ; അഞ്ച് മാസത്തിനുള്ളിൽ നാല്പതിനായിരം പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നിറവേറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന ഊരുകളിലെയും വനമേഖലകളിലെയും പട്ടയ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പുമായി

ചേർന്ന് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പ് മുൻകയ്യെടുത്തിട്ടുണ്ടോ;

(സി) ഒരു വർഷത്തിനുള്ളിൽ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളെല്ലാം തീർപ്പാക്കുന്നതിനും ട്രിബ്യൂണലുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുകയെന്ന ലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയം മിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര-ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇത് വിപുലീകരിക്കാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി തഹസിൽദാർക്ക് മുകളിലുള്ള ഒരു റവന്യൂ ഉദ്യോഗസ്ഥന് പ്രത്യേക ചുമതല നൽകുന്നതാണ്.

ഇതിൽ വരുന്ന പട്ടയ പ്രശ്നങ്ങളിലെ തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസ്സുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. താലൂക്ക് ലാൻഡ് ബോർഡിലെ കേസ്സുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം, വൈദ്യുതി, ജലവിഭവം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി പ്രത്യേക ചർച്ചകൾ നടത്തിവരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നുവരുന്നു. ഇത്തരത്തിൽ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയം മിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാതലത്തിൽ കളക്ടറേറ്റിലും താലൂക്കുതലത്തിലും പ്രത്യേക സെല്ലുകൾ കൊണ്ടുവരാനുദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023-ലെ ബഡ്ജറ്റിൽ 2

കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരുവർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന ഊരുകളിലെയും വനമേഖലകളിലെയും പട്ടയ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പുമായി ചേർന്ന് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പ് മുൻകയ്യെടുത്തിട്ടുണ്ട്. ജില്ലാതലത്തിൽ സ്പെഷ്യൽ ടാസ്ക് മീറ്റിംഗുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ TDO, DFO, RDO, തഹസിൽദാർമാർ എന്നിവരെയുൾപ്പെടുത്തി ചേർന്നുവരുന്നു. ആദിവാസി ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരെയുൾപ്പെടുത്തി DLC മീറ്റിംഗുകൾ കൂടിവരുന്നു. വനാവകാശപ്രകാരമുള്ള കൈവശരേഖയ്ക്ക് വനാവകാശ കമ്മിറ്റികളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ സബ്ഡിവിഷണൽ കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൈവശരേഖ വിതരണം ചെയ്തുവരുന്നുണ്ട്.

1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾപ്രകാരം സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തീകരിച്ച് സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഇത്തരത്തിൽ വനം വകുപ്പിൽനിന്നും കൈമാറുന്ന ഭൂമി റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികിടപ്പ് എന്നിവ ലഭിക്കുന്നതിനായി ലാൻഡ് ട്രിബ്യൂണലുകളിൽ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നിരവധി മിഷൻ മോഡ് പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിലൂടെ 40000 എൽ.ടി. കേസുകൾ തീർപ്പാക്കി, 33839 പട്ടയം നൽകിയിട്ടുണ്ട്. പട്ടയം മിഷന്റെ ഭാഗമായി 60000 കേസുകൾ തീർപ്പാക്കാനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് 17 മദർ ട്രിബ്യൂണലുകൾ, 16 ദേവസ്വം ലാൻഡ് ട്രിബ്യൂണലുകൾ, സ്പെഷ്യൽ തഹസീൽദാർക്ക് അധിക ചുമതല നൽകിയ 15 ലാൻഡ് ട്രിബ്യൂണലുകൾ, 34 താലൂക്ക് തഹസീൽദാർക്ക് ചുമതലയുള്ള ലാൻഡ് ട്രിബ്യൂണലുകൾ എന്നിങ്ങനെ 82 ലാൻഡ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ തീർപ്പാക്കാനുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള പദ്ധതി സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടി, രണ്ടാം 100 ദിന കർമ്മ പരിപാടി, പട്ടയം മിഷൻ എന്നിവയിൽ ഉൾപ്പെടുത്തിയിരുന്നു. കേസുകൾ തീർപ്പാക്കാനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനം, അവലോകന യോഗങ്ങൾ, Standard Operating Procedure എന്നിവ നടപ്പിലാക്കി.

ലാൻഡ് ട്രിബ്യൂണലുകൾ കേസ് തീർപ്പാക്കലുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും പ്രശ്നങ്ങളും ഉൾക്കൊണ്ട് സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകൾ കൂടുതലുള്ള സ്ഥലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ചു. അവിടങ്ങളിലെ ലാൻഡ് ട്രിബ്യൂണലുകൾക്ക് കൂടുതൽ ടാർജറ്റ് നൽകി. സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്ന് പ്രത്യേക ഇൻസ്പെക്ഷനുകൾ നടത്തി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമപരമായ

സ്പഷ്ടീകരണങ്ങൾ നൽകുകയുണ്ടായി. പട്ടയം മിഷനുകളിലൂടെ ലാൻഡ് ട്രിബ്യൂണലുകളിലെ പെൻഡിംഗ് കേസുകൾ ഏറെക്കുറെ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മിക്കവാറും എല്ലാ ലാൻഡ് ട്രിബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷിച്ചാൽ (രേഖകൾ ഹാജരാക്കുന്നമുറയ്ക്കും അർഹതയുള്ളപക്ഷവും) ഉടൻതന്നെ പട്ടയം നൽകാൻ ഇപ്പോൾ പട്ടയം മിഷനിലൂടെ കഴിയുന്നുണ്ട്. എല്ലാ ട്രിബ്യൂണലിലും 2022, 2023 വർഷങ്ങളിലെ അപേക്ഷകൾ പരിഗണിച്ച് ഇപ്പോൾ പട്ടയം നൽകി വരുന്നുണ്ട്. ലാൻഡ് ട്രിബ്യൂണലുകളിൽ വർഷങ്ങൾക്കുമുമ്പ് ആളുകൾ നൽകിയ അപേക്ഷകളുണ്ട്. നിരവധി നോട്ടീസുകൾ അയച്ചിട്ടും ഈ കക്ഷികൾ ഹാജരാകുന്നില്ലെന്ന് മിക്കവാറും ലാൻഡ് ട്രിബ്യൂണലുകൾ അറിയിച്ചിട്ടുണ്ട്. അപേക്ഷകൾ നൽകിയ ആളുകൾ വിചാരണയ്ക്ക് ഹാജരാകാത്തതും രേഖകൾ ഹാജരാക്കാത്തതുമാണ് അപേക്ഷകൾ കെട്ടിക്കിടക്കാൻ കാരണം. ഈ അപേക്ഷകർ എന്നെങ്കിലും വരുമ്പോൾ പരിഗണിക്കാമെന്ന് കരുതിയാണ് ഡ്രോപ്പ് ചെയ്യാതിരുന്നത്. അതിനാലാണ് ധാരാളം അപേക്ഷകൾ പെൻഡിംഗ് ലിസ്റ്റിൽ കാണുന്നത്. യഥാർത്ഥത്തിൽ ലാൻഡ് ട്രിബ്യൂണലുകളിൽ ഹാജരാകുന്ന മുഴുവൻപേർക്കും അപ്പോൾത്തന്നെ പട്ടയം നൽകാൻ ഇപ്പോൾ കഴിയുന്നുണ്ട്. ആയതിനാൽ ആവശ്യക്കാർക്ക്

ഇപ്പോൾ യാതൊരു കാലതാമസവുമുണ്ടാകാത്തതരത്തിൽ ലാൻഡ് ട്രിബ്യൂണൽ പ്രവർത്തനങ്ങൾ സുശക്തമാക്കിയിട്ടുണ്ട്. അപേക്ഷകർ ഹാജരാകുന്നില്ലെന്ന പ്രശ്നമുള്ളത് പ്രധാനമായും ഇരിങ്ങാലക്കുട, കുന്ദംകുളം, തിരൂർ, മഞ്ചേരി, തിരൂരങ്ങാടി, വടകര, പയ്യന്നൂർ, ഇരിട്ടി, പട്ടാമ്പി എന്നീ ലാൻഡ് ട്രിബ്യൂണലുകളിലും പൊതുവേ പാലക്കാട്, കണ്ണൂർ, തൃശ്ശൂർ ജില്ലകളിലെ ട്രിബ്യൂണലുകളിലുമാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, അർഹരായിട്ടുള്ള നിരവധിയാളുകൾക്ക് പട്ടയം ലഭിക്കേണ്ടതുണ്ട്. പട്ടയം ലഭിക്കാതിരിക്കുന്നതിന് കാരണമായ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇത്തരം കേസുകൾ പ്രത്യേകം പരിഗണിച്ച് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും നടത്തിയിട്ടുള്ള മാതൃകാപരമായ ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് പട്ടയം മിഷൻ പ്രഖ്യാപിക്കാനുള്ള സാഹചര്യം എന്താണെന്നും ഇതിന്റെ ഭാഗമായി എത്രമാത്രം പട്ടയം വിതരണം ചെയ്യാനാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നത് റവന്യൂ വകുപ്പും ഗവൺമെന്റും പ്രധാനപ്പെട്ട മുദ്രാവാക്യമായി കണക്കാക്കുന്നു. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴാണ് 'പട്ടയം മിഷൻ' ആരംഭിച്ച് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന് തീരുമാനിച്ചത്. ധനകാര്യ വകുപ്പുമന്ത്രി പട്ടയം മിഷന് 2 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നടപടി ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കൂടുതൽ ഊർജ്ജം പകർന്നിട്ടുണ്ട്. വ്യത്യസ്ത വിഷയങ്ങളാണ് ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രശ്നം. കേരളത്തിലെ 82 ലാൻഡ് ട്രിബ്യൂണലുകളിലായി 70303 കേസ്സുകളൊഴികെ ബാക്കിയെല്ലാം ഈ കാലയളവിനുള്ളിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തിലധികം കേസ്സുകൾ രണ്ടാം പിണറായി ഗവൺമെന്റിന്റെ ഒന്നരവർഷക്കാലയളവിനുള്ളിൽ പരിഗണിച്ചു. മുമ്പ് അതിനേക്കാൾ വേഗത്തിൽ ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. മിച്ചഭൂമി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് താലൂക്ക് ലാൻഡ് ബോർഡുകളിൽ വേണ്ടത്ര വേഗതയില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 77 താലൂക്ക് ലാൻഡ് ബോർഡുകളെ നാലുവിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിനും

പ്രത്യേകം ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, നിയോജകമണ്ഡലത്തിൽ ഒരു ചുമതലക്കാരനെ തീരുമാനിച്ച് അവിടത്തെ പട്ടയ പ്രശ്നങ്ങൾ പ്രത്യേകം പരിഗണിക്കാൻ സാധിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. എല്ലാവരും ചർച്ച ചെയ്യുന്ന പ്രധാന പ്രശ്നമായ മലയോര പട്ടയവുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാനുണ്ടാക്കാൻ പട്ടയം മിഷൻ ലക്ഷ്യം വയ്ക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച ഭൂമി അളന്ന് വിതരണം ചെയ്യുക, ജെ.വി.ആർ. നടത്തിയ ഭൂമി പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അത് ലഭ്യമാക്കാൻ ശ്രമിക്കുക, വനം വകുപ്പിന്റെ അനുവാദത്തോടെ പുതിയ ജെ.വി.ആർ. നടത്താനുള്ള ലക്ഷ്യം പൂർത്തീകരിക്കുക മുതലായവയാണ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നത്. തലമുറകളായി കൈമാറി ലഭിച്ച ഭൂമിക്ക് ഇപ്പോഴും അപേക്ഷ നൽകാത്തവരുണ്ട്. വനം വകുപ്പിന്റെ അനുവാദത്തോടുകൂടി ആ ഭൂമിക്ക് അനുവാദം നൽകാൻ സാധിക്കുമോയെന്നും നിശ്ചയിക്കണം. സുനാമി ഫ്ലാറ്റുകൾ പോലെയുള്ള പലവിധത്തിലുള്ള ഫ്ലാറ്റുകൾക്ക് ഭൂമിയുണ്ട്, എന്നാൽ ആ ഭൂമിയുടെ അവകാശം ഫ്ലാറ്റിലുൾപ്പെട്ടവർക്കില്ല. അൺഡിവൈഡഡ് ഷെയർ കണ്ടെത്തി അവരെ ഭൂമിയുടെ അവകാശികളാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുക,

കോളനി പട്ടയം നിശ്ചയിക്കുക എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു സെല്ലും എല്ലാ ജില്ലകളിലും താലൂക്കുകളിലും പ്രത്യേകം സെല്ലുകളും രൂപീകരിച്ച് ഭൂമിക്ക് അർഹരായ കേരളത്തിലെ മുഴുവൻപേർക്കും ഭൂമി നൽകുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്. അതിന്റെ ഭാഗമായാണ് കേരളം ശ്രദ്ധിക്കാൻ പോകുന്ന 'പട്ടയം മിഷൻ' ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, രേഖകളിൽ തോട്, റോഡ്, കുളം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പതിറ്റാണ്ടുകളായി ഇവിടെ റോഡ്, തോട്, കുളം എന്നിവയൊന്നുമില്ല. അവിടെയെല്ലാം ദീർഘകാലമായി വീടുകൾ നിർമ്മിച്ച് താമസിക്കുന്ന പാവപ്പെട്ടവർക്ക് ആ ഭൂമി പതിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, പുഴ പുറമ്പോക്ക്, ശ്മശാനം, മേച്ചിൽപ്പുറം തുടങ്ങിയ കാര്യങ്ങളിൽ മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമിയിൽ അതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ, കുളമോ തോടോ ദീർഘകാലമായി ഇല്ലാത്ത സ്ഥലങ്ങളുണ്ട്. അത് തെറ്റായി രേഖപ്പെടുത്തിയതാണ്. തെറ്റായി രേഖപ്പെടുത്തിയതാണെങ്കിൽ സർവ്വേ നടത്തി ഇനംമാറ്റിയശേഷം മാത്രമേ ഭൂമി നൽകാൻ സാധിക്കുകയുള്ളൂ. നേരത്തെ പറഞ്ഞതുപോലെ, നിലവിൽ ചട്ടത്തിന്റെ 11 (2) പ്രകാരം ജലപാതയുടെ ഒരു ഭാഗത്ത് 3.17 മീറ്റർ വ്യത്യാസത്തിലും തടങ്ങളില്ലാത്ത പ്രധാനപ്പെട്ട ഇത്തരം ജലപാതകളിൽ 20 മീറ്റർ വ്യത്യാസത്തിലും അപ്രധാനമായ ജലസേചന മാർഗ്ഗങ്ങളിൽ 4.03 മീറ്റർ വ്യത്യാസത്തിലും ഒരുസ്ഥലവും പതിച്ച് നൽകാൻ സാധിക്കില്ല. എന്നാൽ ശ്മശാനം, മേച്ചിൽപ്പുറം എന്നെഴുതിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിലുള്ളവയാണ്. അതിന് പഞ്ചായത്ത് എൻ.ഒ.സി. നൽകിയാൽ അനുവദിക്കാം. അഥവാ പഞ്ചായത്തിൽ വെസ്റ്റ് ചെയ്യപ്പെട്ടതാണെങ്കിൽ റവന്യൂ വകുപ്പിലേയ്ക്ക് ഡി-വെസ്റ്റ് ചെയ്താൽ നൽകാം. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് എല്ലാ ജില്ലകളിലും കളക്ടറെയും പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടറെയും ഇക്കാര്യം പരിശോധിക്കാൻ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ) ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ

സമർപ്പിക്കുമ്പോൾത്തന്നെ വില്ലേജ് ഓഫീസുകളിൽനിന്നും വിവിധ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നത് ഒഴിവാക്കി തെരഞ്ഞെടുക്കപ്പെടുന്ന അർഹരായി കണ്ടെത്തുന്നവരിൽനിന്നുമാത്രം സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്ന രീതി ഏർപ്പെടുത്തിയാൽ അപേക്ഷകർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും ഏറെ സഹായകരമാകും. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇത് പ്രധാനപ്പെട്ട കാര്യമാണ്. ക്യാബിനറ്റ് അക്കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ഏഴോളം ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് വേണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പരീക്ഷ എഴുതുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റ് വേണോ അതോ അർഹരാകുമ്പോൾ മാത്രം സമർപ്പിച്ചാൽ മതിയോയെന്ന കാര്യങ്ങൾ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായി ആലോചിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടി പരമാവധി വേഗത്തിലാക്കാം. സർട്ടിഫിക്കറ്റുകൾ ഡിജിറ്റലാക്കുന്നതോടുകൂടി ഇനിയെല്ലാം ഡിജിറ്റൽ ഡിവൈസിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നവിധത്തിൽ അതിവേഗതയിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അക്കാര്യങ്ങൾ നടപ്പാക്കുന്നതോടുകൂടി കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ കുമരനെല്ലൂർ വില്ലേജിൽ തെലുങ്കർ കോളനി നിവാസികളായ 41 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാനും മുണ്ടത്തിക്കോട് കുംഭാര കോളനിയിലെ 40 കുടുംബങ്ങൾക്കും അവണൂർ അംബേദ്കർ കോളനിയിലെ 146 കുടുംബങ്ങൾക്കും വടക്കാഞ്ചേരി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത ഭൂമിയിൽ കൈവശക്കാരും ഇപ്പോൾ പട്ടയത്തിനുവേണ്ടി അപേക്ഷ നൽകി ഹിയറിംഗ് കഴിഞ്ഞ അർഹരായ 202 കുടുംബങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് നിരാക്ഷേപപത്രം വാങ്ങി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കി പട്ടയം അനുവദിക്കാൻ പട്ടയം മിഷൻ വഴി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ കുമരനെല്ലൂർ വില്ലേജിലുൾപ്പെട്ട തെലുങ്കർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഈ സർക്കാർ അധികാരത്തിൽ വന്ന സമയം മുതൽ സ്വീകരിക്കുകയാണ്. നാൽപ്പത് വർഷക്കാലമായി പ്രസ്തുത പ്രശ്നം നിലനിൽക്കുന്നു. നേരത്തെയുള്ള ജനപ്രതിനിധികളും ആ പ്രശ്നത്തിൽ ഇടപെട്ടിരുന്നു. ഈ പ്രദേശത്ത് രണ്ട് പ്രശ്നങ്ങളുണ്ടായിരുന്നു. ഒന്ന്, ഒരു ഭാഗം പാറ പുറമ്പോക്കായി മാറി കിടന്നിരുന്നതുകൊണ്ട് അത് പതിച്ചുനൽകാൻ

സാധിക്കില്ലെന്ന പ്രശ്നം ഉന്നയിച്ചുകൊണ്ട് ഉദ്യോഗസ്ഥർ അത് മാറ്റിവച്ചിരുന്നു. എന്നാലിപ്പോൾ പാറയുള്ള ഭാഗം സർവ്വേ ചെയ്ത് പ്രത്യേകം മാറ്റി, പാറയില്ലാത്ത ഭാഗംവരെ ഇനം മാറ്റി റവന്യൂ വകുപ്പിന്റേതാക്കി മാറ്റിയിട്ടുണ്ട്. രണ്ട്, ചട്ടം 7 (1) പ്രകാരം 1971-നുമുമ്പ് കൈവശപ്പെടുത്തിയാൽ മാത്രമേ കൈവശക്കാരായി കണ്ട് പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ചട്ടം 7(2) ഉപയോഗപ്പെടുത്തി ഇവർക്ക് മുൻഗണനപ്രകാരം പട്ടയത്തിന് അർഹമാണെന്ന് കണ്ടെത്തണമെന്ന് ആലോചിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ തെലുങ്കർ കോളനിയിൽ 40 കൊല്ലമായി ഭൂമി ലഭിക്കാതിരിക്കുന്ന മുഴുവൻപേർക്കും പട്ടയം നൽകാനുള്ള നടപടിക്ക് നേതൃത്വപരമായ പങ്കുവഹിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. നേരത്തെ പറഞ്ഞതുപോലെ എൻ.ഒ.സി. ലഭിക്കാത്ത കേസുകളിൽ എൻ.ഒ.സി. നൽകിയാൽ മതിയെങ്കിൽ അങ്ങനെ നൽകാം. മറിച്ച് പഞ്ചായത്തിലേയ്ക്ക് വെസ്റ്റ് ചെയ്ത കേസ്സുകളാണെങ്കിൽ റവന്യൂ വകുപ്പിലേയ്ക്ക് ഡി-വെസ്റ്റ് ചെയ്താൽ മാറും. ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റികൂടി ഇതിനകം ഒരു ആലോചന നടത്തിയിട്ടുണ്ടെന്ന് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അറിയിച്ചിട്ടുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, ദേശീയപാത വികസനത്തിനും മറ്റുവികസന പ്രവർത്തനങ്ങൾക്കുമായി ഭൂമി ഏറ്റെടുക്കുന്നവരുടെ പട്ടയ അപേക്ഷകളിന്മേൽ അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നം ആ പ്രദേശത്തെ മുഴുവൻ എം.എൽ.എ.-മാരുമായി ആലോചിച്ചതാണ്. അങ്ങനെയുള്ള പ്രശ്നങ്ങളിൽ, ഭൂമിക്ക് പട്ടയം നൽകേണ്ട കേസ്സുകളാണെങ്കിൽ പ്രത്യേക മുൻഗണന നൽകി ആ കേസ്സുകൾ പരിശോധിക്കും. കാണം, ജന്മമാക്കാനുള്ള കേസ്സുകളാണെങ്കിൽ ഒന്നര മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കാൻ പ്രത്യേക പരിഗണന നൽകും. ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട്, 3D പ്രഖ്യാപനത്തിനുമുമ്പ് ഏതുവിധത്തിലാണോ അർഹരായവർക്ക് രേഖയുണ്ടാക്കാൻ കഴിയുകയെന്നതിന് മുൻഗണന നിശ്ചയിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. നജീബ് കാന്തപുരം: സർ, ഫോം 6 ഉൾപ്പെടെയുള്ള അപേക്ഷകൾ 45 ദിവസത്തിനകം ഓൺലൈനായി നൽകണമെന്ന് പുതിയ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി

ഇക്കാര്യത്തിലെടുക്കുന്ന സ്തുത്യർഹമായ നടപടികളെ അഭിനന്ദിക്കുകയാണ്. അതേസമയം 45 ദിവസത്തിനകം നൽകണമെന്ന് പറയുന്ന രേഖകൾ മൂന്നുംനാലും മാസമായി കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. ഓൺലൈൻ അപേക്ഷകൾ വന്നതോടുകൂടി ഓഫ്‌ലൈൻ അപേക്ഷകൾ പൂർണ്ണമായും മാറ്റിവച്ച സ്ഥിതിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പലയാളുകൾക്കും പലവിധത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണവും പ്രത്യേകിച്ചും കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടിപോലും അവരുടെ ഭൂമി വിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഓൺലൈനായി നൽകിയ അപേക്ഷകൾക്കുള്ള രേഖകൾ 45 ദിവസങ്ങൾക്കകം നൽകണം എന്നത് രണ്ട് മാസംകൊണ്ടെങ്കിലും കൊടുക്കണമെന്ന നിഷ്കർഷ കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അക്കാര്യത്തിൽ പ്രത്യേക ശ്രദ്ധയെടുക്കേണ്ടതാണ്. ഏറ്റവും നന്നായി ഓഫ്‌ലൈൻ അപേക്ഷകൾ എങ്ങനെ തീർപ്പാക്കാമെന്ന് തെളിയിച്ചത് പെരിന്തൽമണ്ണയിലാണ്. കുറഞ്ഞകാലംകൊണ്ട് 242 കേസുകൾ പ്രത്യേകമായെടുത്ത് തീർപ്പാക്കിയെന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ എല്ലാ വില്ലേജുകളെയും സ്മാർട്ട് വില്ലേജുകളാക്കാൻ

പോകുകയാണ്. ഇക്കാര്യത്തിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ടുകൂടി ചെലവഴിക്കാനുള്ള അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ ഇക്കാര്യത്തിൽ ഗുണകരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത് എല്ലാവരും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഒഡെപെക്-ന്റെ പ്രവർത്തനം**

4 (*244) ശ്രീമതി ദെലീമ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ തേടുന്നവരെ തട്ടിപ്പിനിരയാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജർമ്മനിയിലേയ്ക്ക് സൗജന്യമായി നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതോടൊപ്പം താല്പര്യമുള്ളവർക്ക് സ്റ്റൈപ്പന്റോടെ ജർമ്മൻ ഭാഷാ പഠനത്തിനുകൂടിയുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വിദേശപഠനവും ജോലിയും കാംക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ഒഡെപെക് അവർക്കായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) വിദേശത്ത് തൊഴിൽ തേടുന്നവരെ തട്ടിപ്പിനിരയാക്കുന്ന സംഭവങ്ങൾ ഒഡെപെക് വഴി ആർക്കുമുണ്ടായിട്ടില്ല. വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ അന്വേഷിച്ചതിനുശേഷം മാത്രമേ തൊഴിൽദാതാക്കളുമായി ഒഡെപെക് റിക്രൂട്ട്മെന്റ് നടത്താറുള്ളൂ. തൊഴിൽദാതാക്കളുടെ ആവശ്യാനുസരണം ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുകയും തെരഞ്ഞെടുക്കുന്നവരുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ മുതൽ ടിക്കറ്റ് ലഭിച്ച് തൊഴിൽദാതാവിന്റെ സമീപം എത്തുന്നതുവരെയുള്ള സൗകര്യങ്ങൾ ഒഡെപെക് നൽകുന്നു. തൊഴിൽദാതാവിന്റെ നിയമപരമായ രേഖകളും വിസയും ഉറപ്പുവരുത്തുകയും വിസയിലും തൊഴിൽ കരാറിലും രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തൊഴിൽതന്നെയെന്ന് ഉറപ്പുവരുത്തുകയും

ചെയ്യുന്നു. കാലാവധി കഴിഞ്ഞ രേഖകളുമായി യാത്ര ചെയ്യാതിരിക്കാനും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും തൊഴിൽ കരാറുകളുടെയും വിശ്വാസ്യത ഉറപ്പുവരുത്താനും ഒഡെപെക് ശ്രദ്ധിക്കാറുണ്ട്. ECR രാജ്യങ്ങളിലേയ്ക്ക് പോകുന്ന ECR പാസ്പോർട്ട് കൈവശമുള്ളവർക്കും നഴ്സുമാർക്കും ഇമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. യാത്രയ്ക്കുമുൻപ് ഇമിഗ്രേഷൻ ക്ലിയറൻസ് ഒഡെപെക് ഉറപ്പുവരുത്തുന്നതുമൂലം ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുന്നു. കൂടാതെ തൊഴിലുടമയുടെയും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും വിവരങ്ങൾ പരിശോധിച്ചുറപ്പിക്കാനും കഴിയുന്നു. ഇതുകൂടാതെ ഇൻഷ്വറൻസ് പരിരക്ഷയും വേതനപ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, തൃപ്തികരമായ ജീവിത സാഹചര്യങ്ങൾ എന്നിവയ്ക്ക് ഒഡെപെക്-ന്റെയും സർക്കാരിന്റെയും പിന്തുണ ഉറപ്പുവരുത്താനും സാധിക്കും.

(ബി) ഉണ്ട്. ജർമ്മൻ ഗവൺമെന്റ് റിക്രൂട്ട്മെന്റ് ഏജൻസിയായ DeFa-യുമായി ചേർന്ന് കേരളത്തിൽനിന്ന് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിലേയ്ക്കായി 'വർക്ക് ഇൻ ഹെൽത്ത്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നിലവിൽ 60-ൽപ്പരം നഴ്സുമാർക്ക് പ്രതിമാസം 10,000 രൂപ സ്റ്റൈപ്പന്റോടുകൂടി ഒഡെപെക്-ന്റെ കേരളത്തിലെ വിവിധ ട്രെയിനിംഗ് സെന്ററുകളിൽ ജർമ്മൻ ഭാഷാപരിശീലന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ജർമ്മനിയിലെ മറ്റൊരു സ്ഥാപനമായ GCA (ജർമ്മൻ കെയർ അക്കാഡമി) -യുമായി ചേർന്ന് 18 നഴ്സുമാർക്ക് സ്റ്റൈപ്പന്റോടുകൂടി ട്രെയിനിംഗും 20 നഴ്സുമാർക്ക് ഓൺലൈൻ ജർമ്മൻ ഭാഷാ പരിശീലനവും നടത്തിവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് വിദേശപഠനവും ജോലിയും കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി 'സ്റ്റഡി എബ്രോഡ് ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടത്തിയ സ്റ്റഡി എബ്രോഡ് എക്സ്പോയിൽ 8 രാജ്യങ്ങളിൽനിന്നും നാൽപ്പതോളം യൂണിവേഴ്സിറ്റികളുടെ പ്രതിനിധികൾ പങ്കെടുത്തു. 2000-ൽപ്പരം വിദ്യാർത്ഥികൾ വിദേശത്ത് ഉപരിപഠനത്തിനായി ഒഡെപെക്-ൽ അപേക്ഷ നൽകുകയും ഇതിൽ 4 പേർ വിദേശ ഉപരിപഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നൂറോളം വിദ്യാർത്ഥികളുടെ അപേക്ഷകളുടെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി. തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദേശപഠന പദ്ധതി അതത് വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനുള്ള പ്രാരംഭ ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. ഒഡെപെക് വഴി പോകുന്ന വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യതയനുസരിച്ച് സ്കോളർഷിപ്പും നൽകിവരുന്നു. ഇതുകൂടാതെ വിദ്യാർത്ഥികൾക്ക് അതത് രാജ്യങ്ങളിൽ വേണ്ട

ഇംഗ്ലീഷ് ഭാഷാ പരിശീലനവും ഒഡെപെക്-ൽ മിതമായ നിരക്കിൽ നൽകിവരുന്നു.

ശ്രീമതി ദെലീമ: സർ, തൊഴിൽ രംഗത്തുള്ള ചെറുപ്പക്കാർക്ക് നാട്ടിൽത്തന്നെ തൊഴിൽ ലഭിക്കുന്നതിന് നിരവധി അവസരങ്ങൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്നതിൽ വളരെയധികം സന്തോഷമുണ്ട്. അതിന് മുൻകയ്യെടുക്കുന്ന സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ഒഡെപെക് മുഖേന നാളിതുവരെ ഏതെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 1978 മുതൽ നാളിതുവരെ ഒഡെപെക് മുഖേന 20 വിദേശരാജ്യങ്ങളിലേയ്ക്കായി ആകെ 10019 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ഇപ്രകാരമാണ്. സൗദി അറേബ്യ-5056, മാലിദ്വീപ്-570, ബെഹ്റിൻ-65, കുവൈറ്റ്-441, ഒമാൻ-296, മലേഷ്യ-71, ഖത്തർ-385, സിംഗപ്പൂർ-380, യു.എ.ഇ.-1554, യെമൻ-7, ശ്രീലങ്ക-53, ബ്രൂണൈ-21, ഇറാക്ക്-58, സൈപ്രസ്-1, ലിബിയ-357, ബെൽജിയം-59.

ശ്രീമതി ദെലീമ: സർ, ഒഡെപെക് മുഖേന നടക്കുന്ന റിക്രൂട്ട്മെന്റുകളിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഏതെങ്കിലും പ്രത്യേക സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഒഡെപെക് വഴി റിക്രൂട്ട് ചെയ്യപ്പെടുന്നവർക്ക് ഭാഷാ പരിശീലനത്തിനുപുറമെ വിസ സർട്ടിഫിക്കറ്റ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ സഹായങ്ങളും ഒഡെപെക് നേരിട്ട് ചെയ്തുകൊടുക്കുന്ന രീതിയാണ് നിലവിലുള്ളത്. മാത്രമല്ല, ഈ രംഗത്ത് വിശ്വസിക്കാൻ കഴിയുന്ന ഏക ഏജൻസി ഒഡെപെക് മാത്രമാണ്. ഇന്ത്യയിലാദ്യമായി ആരംഭിച്ച റിക്രൂട്ട്മെന്റ് ഏജൻസിയാണിത്. അതത് രാജ്യങ്ങളുടെ ആവശ്യാനുസരണം ആവശ്യമായ ഡോക്യുമെന്റുകൾ അറേഞ്ച് ചെയ്യുന്നതിനും ഒഡെപെക് സഹായം നൽകുന്നുണ്ട്. വിദേശ സർവ്വകലാശാലകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മറ്റ് സർക്കാർ ഏജൻസികളുമായി സഹകരിച്ച് വിവിധ വായ്പകൾ ലഭ്യമാക്കൽ, സ്റ്റുഡന്റ്സ് കൗൺസലിംഗ് മുതലായ കാര്യങ്ങളും ഒഡെപെക് ചെയ്തുകൊടുക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, വിദേശ രാജ്യങ്ങളിൽ ജോലിക്കും പഠനത്തിനും പോകുന്നവർക്ക് ആശയവിനിമയത്തിന് ഭാഷാനൈപുണ്യം

പ്രധാനപ്പെട്ട വിഷയമാണ്. ഒഡെപെക് വിവിധ സേവനങ്ങൾ ജോലിക്കാർക്ക് നൽകുന്നതിനോടൊപ്പം ആശയവിനിമയത്തിനുള്ള ഭാഷാനൈപുണ്യത്തിന് ഏതെങ്കിലും കോഴ്സുകൾ പ്രത്യേകിച്ച് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ്; എല്ലാ ജില്ലകളിലും നടത്താൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇംഗ്ലീഷ് ഭാഷയ്ക്കുപുറമേ ഡച്ച്, ജർമ്മൻ തുടങ്ങിയ വിദേശഭാഷകളിലാണ് ഒഡെപെക്-ന്റെ ഭാഷാ പരിശീലന കേന്ദ്രങ്ങളിൽ പ്രധാനമായും പരിശീലനം നൽകുന്നത്. ഡച്ച് ഭാഷാ പരിശീലനം കൊച്ചിയിലും ജർമ്മൻ ഭാഷാ പരിശീലനം കൊച്ചി, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിലുമാണ് നൽകുന്നത്. തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, ഡൽഹി എന്നീ അഞ്ച് കേന്ദ്രങ്ങളിലാണ് ഇംഗ്ലീഷ് ഭാഷാ പരിശീലനം നൽകുന്നത്. എല്ലാ ജില്ലകളിലും ഭാഷാ പരിശീലന കേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച് ആലോചനയുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വിദേശ റിക്രൂട്ട്മെന്റുകൾക്കുപുറമെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഒഡെപെക് മുഖേന നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സർക്കാർ സ്ഥാപനമായ KASE (Kerala Academy for Skills Exellence)-മായി സഹകരിച്ച് വിദേശ ഭാഷാ പരിശീലനം, OET (Occupational English Test) സെന്റർ, എംപ്ലോയ്മെന്റ് മൊബിലൈസേഷൻ എന്നിവ നടത്തിവരികയാണ്. എസ്.സി./എസ്.ടി. വകുപ്പുമായി സഹകരിച്ച് വിദേശഭാഷാ പരിശീലനവും വിദേശ ഉപരിപഠനത്തിനുവേണ്ട സഹായവും നൽകി അതത് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ പ്രാരംഭ ചർച്ച ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷനും മറ്റുമായി ചേർന്ന് നഴ്സുമാർക്കുവേണ്ടി Advanced Skill Enhancement Programme (ASEP) നടത്തിവരുന്നുണ്ട്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഒഡെപെക് ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അതിവിടെ സൂചിപ്പിച്ചിരുന്നു. വിദേശ റിക്രൂട്ട്മെന്റ് കൂടാതെ ഉദ്യോഗാർത്ഥികൾക്കും വിദേശ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കും സഹായകരമായ വിദേശ ഭാഷാ പരിശീലന കേന്ദ്രം, അയാട്ട (International Air Transport Association)

അംഗീകാരത്തോടുകൂടിയ ചുരുങ്ങിയ സർവ്വീസ് ചാർജ് മാത്രം ഈടാക്കിക്കൊണ്ടുള്ള ദേശീയവും അന്തർദ്ദേശീയവുമായ വിമാന യാത്രാ ടിക്കറ്റ് സേവനം, ഇന്ത്യയിലും വിദേശത്തുമുള്ള മറ്റ് കോഴ്സുകളിൽ നിയമാനുസരണം ചേരുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ചെയ്തുവരുന്നുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിൽനിന്ന് സ്റ്റാഫ് നഴ്സുമാർക്ക് ഏറ്റവുമധികം തൊഴിലവസരം ലഭിച്ചിരുന്ന രാജ്യം കുവൈറ്റായിരുന്നു. ഇപ്പോൾ അങ്ങോട്ടുള്ള റിക്രൂട്ട്മെന്റ് പൂർണ്ണമായി നിലച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇന്ത്യയിൽനിന്ന് റിക്രൂട്ട് ചെയ്യപ്പെട്ടിരുന്ന 95 ശതമാനം പേരും മലയാളികളായിരുന്നു. ഇപ്പോൾ  പാകിസ്ഥാൻ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ളവരെയാണ് റിക്രൂട്ട് ചെയ്യുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ഇടപെടൽ നടത്തി കേരളത്തിൽനിന്നുള്ള റിക്രൂട്ട്മെന്റ് പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഒഡെപെക്-ന്റെ നേതൃത്വത്തിൽ പരമാവധി ആളുകളെ വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്. അവർക്ക് ഭാഷാ പരിശീലനം നൽകുന്നുണ്ട്, എല്ലാ

രാജ്യങ്ങളുമായി ബന്ധപ്പെടുന്നുണ്ട്, അനുവാദം ലഭിക്കുന്ന രാജ്യങ്ങളിലേയ്ക്ക് ആളുകളെ വിടുന്നതിനുവേണ്ടി അവിടത്തെ നിയമങ്ങളും ഭാഷയും മറ്റ് പരിശീലനങ്ങളും പഠിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യമെന്താണെന്ന് പരിശോധിക്കാം.

**ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയിൽ റോഡ് നിർമ്മാണം**

5 (*245) <u>ശ്രീ. വി. ശശി</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u> :
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന റോഡ് നിർമ്മാണരീതികൾ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിൽ പരിസ്ഥിതി സൗഹൃദപരമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) പരിസ്ഥിതി സൗഹൃദ റോഡ് നിർമ്മാണരീതിയായ ഫുൾ ഡെപ്ത് റിക്ലമേഷൻ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇപ്രകാരം നിർമ്മിക്കുന്ന റോഡുകൾ കൂടുതൽ

കാലം ഈടുനിൽക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) റോഡുകൾ പുനർനിർമ്മിക്കുമ്പോൾ മുമ്പ് നിർമ്മാണത്തിന് ഉപയോഗിച്ച വസ്തുക്കൾ പുനരുപയോഗിച്ച് നിർമ്മാണച്ചെലവ് ചുരുക്കുന്നതിന് എഫ്.ഡി.ആർ. സാങ്കേതികവിദ്യ സഹായിക്കുമോയെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന റോഡ് നിർമ്മാണരീതികൾ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുയോജ്യമാകുന്നതരത്തിൽ പരിസ്ഥിതി സൗഹൃദപരമായി പരിഷ്കരിക്കുന്നതിന് സമഗ്ര പദ്ധതി നടപ്പാക്കിവരികയാണ്. സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റൈൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് പ്രവൃത്തിക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ 6-8% വരെയുള്ള അളവിലാണ് പ്ലാസ്റ്റിക്

ഉപയോഗിക്കുന്നത്. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളെ അതിജീവിക്കുന്ന ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹൃദമാകുന്നു. ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR), കോൾഡ് മിക്സ്, വാം മിക്സ് അസ്ഫാൽറ്റ് ടെക്നിക്, വൈറ്റ് ടോപ്പിംഗ്, കയർ ഭൂവസ്ത്രം എന്നിവയുൾപ്പെടെയുള്ള നൂതന നിർമ്മാണ സാങ്കേതികവിദ്യകളിൽ ശ്രദ്ധകേന്ദ്രീകരിച്ച് പദ്ധതികൾ തയ്യാറാക്കിവരുന്നു. കിഫ്ബി പദ്ധതികളിലുൾപ്പെട്ട ചില റോഡുകളിൽ എഫ്.ഡി.ആർ. സാങ്കേതികവിദ്യയിൽ റോഡ് നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലാണ് എഫ്.ഡി.ആർ. സാങ്കേതികവിദ്യയിൽ റോഡ് നിർമ്മാണമാരംഭിച്ചത്. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ

തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഫുൾ ഡെപ്ത് റിക്ലമേഷൻ എന്ന സാങ്കേതികവിദ്യയുപയോഗിച്ച് പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം റോഡിന്റെ 5 കിലോമീറ്റർ ദൂരത്തിന്റെ നിർമ്മാണം പൈലറ്റ് പദ്ധതിയായി നടപ്പാക്കിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ചില റോഡുകളിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 9 റോഡുകളിലാണ് ആദ്യഘട്ടത്തിൽ എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപേയാഗിച്ചുള്ള റോഡ് നിർമ്മാണം നടക്കുന്നത്. സംസ്ഥാനവ്യാപകമായി എഫ്.ഡി.ആർ. പദ്ധതി നടപ്പാക്കാൻ പദ്ധതികൾ തയ്യാറാക്കിവരികയാണ്.

(സി) ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയുപയോഗിച്ച് റോഡ് നിർമ്മിക്കുമ്പോൾ നിലവിലെ റോഡിന്റെ നിർമ്മാണ വസ്തുക്കൾ പുനരുപയോഗിച്ചുതന്നെ റോഡിന്റെ അടിസ്ഥാനം നിർമ്മിക്കുന്നതിനാൽ നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിന് ഈ സാങ്കേതികവിദ്യ സഹായകമാണ്.

<u>ശ്രീ. വി. ശശി</u>: സർ, BM&BC (Bituminous Macadam and Bituminous Concrete) റോഡുകളുടെ ഉപരിതല നിർമ്മാണത്തിനായി Natural Rubber

Modified Bitumen (NRMB) വേണ്ടത്ര ലഭ്യമാകുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. സംസ്ഥാനത്തെ റബ്ബർ കർഷകർ പ്രാദേശീയമായി ഉല്പാദിപ്പിക്കുന്ന റബ്ബർ കരാർ വ്യവസ്ഥയിൽ പൊതുമേഖല ഓയിൽ കമ്പനികൾക്ക് ലഭ്യമാക്കി റബ്ബർ ബിറ്റുമിന്റെ ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

<u>ശ്രീ. വി. ശശി</u>: സർ, Central Road Infrastructure Fund (CRIF) ഇനത്തിൽ കേരളത്തിനർഹമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്നുണ്ടോ; അത് എന്തൊക്കെ ആവശ്യത്തിനുവേണ്ടിയാണ് സംസ്ഥാനത്ത് വിനിയോഗിക്കുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, CRIF നമ്മുടെ അവകാശമാണ്; ഔദാര്യമല്ല. സംസ്ഥാനത്തിന് ലഭിക്കേണ്ട അവകാശമെന്ന നിലയിൽ പരമാവധി അത് ലഭ്യമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കുന്ന ലിസ്റ്റ് അംഗീകരിച്ചാണ് പൊതുവേ അത് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പൊതുമരാമത്ത് വകുപ്പ് നൂതനമായ പല പരിഷ്കാരങ്ങൾക്കും തുടക്കംകുറിച്ചിട്ടുണ്ട്. ഡിസൈൻ പോളിസി

ഇതിനുള്ള നല്ല ഉദാഹരണമാണ്. നിർമ്മാണമേഖലയിൽ പ്രഗത്ഭരുടെ ആശയങ്ങളും നിർമ്മാണരീതികളും പങ്കുവയ്ക്കുന്നതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; പൊളിച്ച കെട്ടിടങ്ങളുടെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള പുതിയ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പൊളിച്ച കെട്ടിടങ്ങളുടെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ട്. 2007-ലാണ് രാജ്യത്ത് ഒരു ഡിസൈൻ നയം ആവശ്യമാണെന്ന അഭിപ്രായം വന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടനപത്രികയിൽ ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പിന്റെ ഡിസൈൻ പോളിസി ശില്പശാല മൂന്ന് ദിവസം തിരുവനന്തപുരത്ത് ചേർന്നു. സ്വദേശത്തെയും വിദേശത്തെയും പ്രഗത്ഭരും ആർക്കിടെക്ടുകളും ഇതിൽ പങ്കെടുത്തു. പ്രസ്തുത ശില്പശാലയിൽ കരട് നയം തയ്യാറാക്കിയിട്ടുണ്ട്; അത് നടപ്പിലാക്കാനാകും. ഇന്ത്യയിലാദ്യമായാണ് ഒരു

സംസ്ഥാനത്ത് ഡിസൈൻ പോളിസി നയത്തിന്റെ ഭാഗമായി ശില്പശാല സംഘടിപ്പിച്ചതെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കിഫ്ബിയിൽ പ്രഖ്യാപിച്ച പല റോഡുകളുടെയും പണി വളരെ വേഗത്തിൽ നടക്കുന്നുണ്ട്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ചില റോഡുകൾ അഞ്ച് വർഷമായി പണി പൂർത്തിയാകാതെ കിടക്കുകയാണ്. പട്ടാമ്പി-ആമയൂർ റോഡ് അതായത്, പട്ടാമ്പി മുതൽ തൃത്താലക്കൊപ്പംവരെയുള്ള റോഡടക്കമുള്ള ചില റോഡുകളുടെ പണി സാങ്കേതികമായി നീണ്ടുപോകുന്നുണ്ട്. അത്തരം റോഡുകൾ പ്രത്യേകം പരിഗണിച്ച് സാങ്കേതികത്വം നീക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കിഫ്ബി റോഡുകളുമായി ബന്ധപ്പെട്ട് കിഫ്ബി മുന്നോട്ടുവയ്ക്കുന്ന ചില നിബന്ധനകൾ പരിശോധിക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി കിഫ്ബിയുമായി ചേർന്ന് യോഗങ്ങൾ നടത്തുന്നുണ്ട്; അത് ഫലപ്രദവുമാണ്. കിഫ്ബിയുടെ പുതിയ പദ്ധതി നല്ല നിലയിൽ സൗകര്യമൊരുക്കുന്നതാണ്. 36 പദ്ധതികൾക്കായി

പൊതുമരാമത്ത് വകുപ്പിന് 3414 കോടി 16 ലക്ഷം രൂപയാണ് കിഫ്ബി കഴിഞ്ഞ ദിവസം അനുവദിച്ചിട്ടുള്ളത്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തിൽ ദേശീയ പാതകളുടെ നിർമ്മാണം അതിദ്രുതം നടന്നുവരികയാണ്. എന്നാൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കിട്ടേണ്ട കേരളത്തിലെ എല്ലാ ക്വാറികളും അടച്ചിട്ടിരിക്കുകയാണ്. ഡാമുകളിലും നദികളിലും ഡീസിൽറ്റിംഗ് വേണ്ടപോലെ നടത്തുന്നില്ല. അസംസ്കൃത വസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട നിലയാണുള്ളത്. ആയിരക്കണക്കിന് കോടി രൂപ അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ഈ അവസ്ഥ ഒഴിവാക്കി ക്വാറികളും നദികളും ഡാമുകളും ഡീസിൽറ്റ് ചെയ്ത് റോഡ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കേരളത്തിൽതന്നെ ലഭിക്കുന്നതിനാവശ്യമായ നടപടി പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചേർന്ന് ചർച്ച ചെയ്ത് മുന്നോട്ടുപോകാം. അതോടൊപ്പം 'The Hindu' ദിനപത്രത്തിൽ വന്നൊരു വാർത്ത ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കർണ്ണാടകയിലും കേരളത്തിലും

ഒരുപോലെ ദേശീയപാതയുടെ പ്രവൃത്തി നടക്കുമ്പോൾ കർണ്ണാടകയിൽ വളരെ മെല്ലെയും കേരളത്തിൽ വളരെ വേഗത്തിലുമാണ് പണി നടക്കുന്നതെന്നും അങ്ങനെ വേഗത്തിലാകാൻ കാരണം കേരളത്തിലെ സർക്കാർ സ്വീകരിക്കുന്ന സമീപനമാണെന്നും പ്രത്യേകം പറയുന്നുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി ഇടപെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ യോഗം നടത്തുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് രണ്ടാഴ്ചയിലൊരിക്കൽ ദേശീയ പാതയുമായി ബന്ധപ്പെട്ട യോഗം നടത്തുന്നുണ്ട്. 2025-ഓടുകൂടി കേരളത്തിന്റെ ചിരകാല സ്വപ്നമായ ദേശീയപാത വികസനം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 45 മീറ്റർ വീതിയിൽ നടപ്പിലാക്കാനാകുമെന്നത് സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പൈപ്പുലൈനുകൾ സ്ഥാപിക്കാൻ സെപ്റ്റംബർ മുതലേ ഇനി അനുമതിയുള്ളൂവെന്ന ഒരു റിപ്പോർട്ട് വായിക്കാനിടയായി. ജൽജീവൻ മിഷന്റെ വർക്കുകൾ പല സ്ഥലങ്ങളിലും നടപ്പിലാകുകയാണ്. സെപ്റ്റംബർ മുതൽ നാല് മാസത്തേയ്ക്ക് മാത്രമായി പൈപ്പുലൈനുകൾ സ്ഥാപിക്കൽ പരിമിതപ്പെടുത്തിയാൽ പ്രധാനപ്പെട്ട പല വർക്കുകളും ഡിലേയാകും. അങ്ങനെയൊരു ഉത്തരവ് ഗവൺമെന്റ് ഇറക്കിയിട്ടുണ്ടോ; അതിനെ സംബന്ധിച്ച് വ്യക്തമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളത്തിന്റെ ദീർഘകാലമായുള്ള ഈ വിഷയം പരിഹരിക്കാൻ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മുൻകയ്യെടുത്ത് യോഗങ്ങൾ നടത്തുന്നുണ്ട്. വളരെ പോസിറ്റീവായി കാര്യങ്ങൾ പോകുകയാണ്. മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇത് പരിഹരിക്കാനാണ് ശ്രമിക്കുന്നത്. റോഡുകൾ കുത്തിപ്പൊളിക്കാതിരിക്കാനുള്ള പരമാവധി ശ്രമം നടത്താനും കൃത്യമായി വർക്കിംഗ് കലണ്ടറിന്റെ ഭാഗമായി ഇത്തരം പ്രവർത്തനങ്ങൾ നടത്താനുമുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: ഓർഡർ......ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.)+

**10.01 am]**

**II അടിയന്തരപ്രമേയ നോട്ടീസ്**

<u>മി. സ്പീക്കർ</u>: റൂൾ 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനാന്തര വിതരണത്തിലൂടെ ലഭിക്കുന്ന

+ അനുബന്ധം I

നികുതിയിനത്തിൽ സംസ്ഥാനത്തിനർഹമായ നികുതി ലഭ്യമാക്കാത്തത് സംബന്ധിച്ചും നികുതി ചോർച്ച സംബന്ധിച്ചതുമാണ്. ഈ വിഷയം സംബന്ധിച്ച എല്ലാകാര്യങ്ങളും സഭയുടെ നടപ്പുസമ്മേളനത്തിൽത്തന്നെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയിൽ വിശദമായി ചർച്ച ചെയ്തതാണ്. മാത്രവുമല്ല, ചട്ടം 52 ക്ലോസ് (3) പ്രകാരം ഇത് അടുത്തകാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെ സംബന്ധിച്ചുള്ളതുമല്ല. ഈ സാഹചര്യത്തിൽ റൂൾ 50 നോട്ടീസിന് അനുമതി നൽകാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട അംഗം റോജി. എം. ജോണിന് ഇക്കാര്യം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് ബഡ്ജറ്റിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതല്ല, ഇതൊരു പുതിയ വിഷയമാണ്. സംസ്ഥാനത്തിന് 25,000 കോടി രൂപ ഐ.ജി.എസ്.ടി. ഇനത്തിൽ നഷ്ടപ്പെട്ട ഗുരുതരമായ പ്രശ്നമാണ്. ബഡ്ജറ്റ്വേളയിൽ അതിന്റെ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. മാത്രമല്ല, എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ചിട്ടില്ല. അങ്ങ് അറിയേണ്ടൊരു വിഷയം, 15-ാം കേരള നിയമസഭയുടെ 6, 7, 8 സമ്മേളനങ്ങളിൽ നാളിതുവരെ നാനൂറോളം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി

നൽകിയിട്ടില്ല. ഇവിടെ ഒരു ഡാറ്റയും ചർച്ച ചെയ്യുന്നതിനുവേണ്ടി കിട്ടിയിട്ടില്ല. അതുകൊണ്ട് ഞങ്ങൾ ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ഇതിനകത്ത് എന്ത് രാഷ്ട്രീയമാണുള്ളത്? ഒരു രാഷ്ട്രീയവുമില്ല. ഇവിടെ ചർച്ച ചെയ്യപ്പെടാത്ത ഒരു വിഷയം ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നിരവധിതവണ ഈ വിഷയം സംബന്ധിച്ച് ഫ്ലോറിൽ ഡിബേറ്റ് ചെയ്തതാണ്. സോറി...സോറി... ഓർഡർ.., ഓർഡർ.., ശ്രദ്ധ ക്ഷണിക്കൽ.

**10.03 am]**

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ഭൂമി തരം മാറ്റൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിൽ 2008-ലാണ് ഡാറ്റ ബാങ്കിലുൾപ്പെട്ട ഭൂമിയുടെ പട്ടിക പ്രസിദ്ധീകരിക്കുന്നത്. കേരളത്തിൽ അവശേഷിക്കുന്ന നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഇതേറെ സഹായകരമായിട്ടുണ്ട്. എന്നാൽ, വർഷങ്ങളായി തങ്ങൾ താമസിക്കുന്നതും തെങ്ങും മറ്റ് ഫലവൃക്ഷങ്ങളുമടക്കമുള്ള ഭൂമിയിൽ

വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചതും പൊളിഞ്ഞുവീഴാറായതുമായ വീട് പുതുക്കിപ്പണിയുന്നതിനോ ഇന്നുവരെ അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കാൻ കഴിയാത്തവർ വീടുണ്ടാക്കുന്നതിനുവേണ്ടിയോ രേഖകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കുമ്പോഴാണ് തന്റെ ഭൂമിയും ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണെന്ന കാര്യം മനസ്സിലാകുന്നത്. പൊളിച്ചുമാറ്റിയശേഷം വീണ്ടും വീട് പണിയാൻവേണ്ടി അനുഭവിക്കുന്ന പ്രയാസം ചെറിയകാര്യമല്ല. ഏറ്റവും വലിയ പ്രയാസം മറ്റൊന്നാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടാൻ വളരെ കാലതാമസംവരുന്നുണ്ട്. എന്നാൽപ്പോലും ഏറെ ആശ്വാസമാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുകയെന്നത്. ആ പദ്ധതിയിൽ ഉൾപ്പെട്ടാൽ തന്റെ ചിരകാലാഭിലാഷമായിട്ടുള്ള വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകുമെന്ന ആശ്വാസമാണ് അവർക്കുണ്ടാകുന്നത്. ഭൂമി ഡാറ്റ ബാങ്കിൽനിന്നും ഒഴിവാക്കിക്കിട്ടാത്തതുമൂലം ദിവസങ്ങൾ കഴിയുമ്പോൾ ലൈഫ് പദ്ധതിയുടെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടുന്ന സ്ഥിതി ഇന്നുണ്ട്. ഓരോ ആർ.ഡി.ഒ.-യുടെ കീഴിലും ഭൂമി തരംമാറ്റിക്കിട്ടുന്നതിനുള്ള 17000-ത്തിലധികം അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. ഇത് ജനങ്ങളെ വല്ലാതെ പ്രയാസപ്പെടുത്തുന്നുണ്ട്. ന്യായമായ രീതിയിൽ ഇവർക്ക് കിട്ടേണ്ട

ഭൂമിപോലും തരംമാറ്റി കിട്ടാത്ത അവസ്ഥയ്ക്ക്, അതല്ലെങ്കിൽ ഡാറ്റ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടാൻ എന്താണ് മാർഗ്ഗമെന്നുള്ളത് പരിശോധിക്കണം. തണ്ണീർത്തടങ്ങളും അതുപോലുള്ള വയലുകളും ഇതിൽനിന്നും ഒഴിവാക്കുക എന്നത് ജനപക്ഷ സർക്കാരിന്റെ കടമതന്നെയാണ്. അത് ഏറ്റവും നല്ല കാര്യവുമാണ്. ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനുള്ള കാര്യങ്ങൾ ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്ത് നെൽവയൽ തരംമാറ്റ അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയിൽ എത്രയും പെട്ടെന്ന് തീരുമാനമാകാൻ ഒരു പ്രത്യേക പദ്ധതി കൊണ്ടുവരികയുണ്ടായി.

(തുടരും)

**അടിയന്തരപ്രമേയ നോട്ടീസ് – തുടർച്ച**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അടിയന്തരപ്രമേയ നോട്ടീസ് പരിഗണിക്കാത്തതിൽ പ്രതിപക്ഷത്തിന് ശക്തിയായ പ്രതിഷേധമുണ്ട്. ഒരുകാരണവുമില്ലാതെ, ഇതുപോലൊരു വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റിന് താൽപ്പര്യമില്ലായെന്നത് ഞങ്ങളെ വിസ്മയിപ്പിക്കുന്ന കാര്യമാണ്. ഇത് ഗൗരവമായി കേരളത്തെ ബാധിക്കുന്ന

വിഷയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് എന്തോ പറയാനുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചുകഴിഞ്ഞാൽ എനിക്കും പറയാനുണ്ട്. ഞാൻ പറയുന്നതുംകൂടി റെക്കോർഡുചെയ്തുവരണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഗുരുതരമായൊരു വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് എന്തിനാണ് ഭയപ്പെടുന്നത്? ഇത് ചർച്ച ചെയ്താൽ അംഗങ്ങളുടെ അഭിപ്രായങ്ങൾകൂടികേട്ട് ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം മെച്ചപ്പെടുത്തി സംസ്ഥാനത്തിന് കൂടുതൽ നികുതി വരുമാനമുണ്ടാക്കാൻവേണ്ടിയുള്ള ഉചിതമായ നിർദ്ദേശങ്ങളാണ് ചർച്ചയിലൂടെ ഞങ്ങൾ ലക്ഷ്യമാക്കുന്നത്. അത് ചർച്ച ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞാൽ പിന്നെ എന്ത് നിയമസഭയാണ്? ഇന്നലെയും മിനിഞ്ഞാന്നും നടന്ന സംഭവങ്ങളുമായി ഈ കാര്യങ്ങൾക്ക് ബന്ധമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി പറഞ്ഞിട്ട് എനിക്ക് പറയാനുള്ളത് പറയാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗുണ്ടായി. ഞാൻ അങ്ങയുടെ റൂളിംഗ്

ബഹുമാനത്തോടുകൂടി അംഗീകരിക്കുന്നു. ഈ സെഷൻ മുഴുവൻ ഇക്കാര്യം ചർച്ച ചെയ്യാനുള്ളതാണ്. ഇനിയും ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഇക്കാര്യം ചർച്ച ചെയ്തതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്യാം. സർക്കാർ ഇക്കാര്യത്തിന് തയ്യാറാകാത്തതല്ല. എല്ലാ വിശദാംശങ്ങളുമുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഫിനാൻസ് സംബന്ധിച്ച ചർച്ചയാണ് നടക്കുന്നത്. കേരളത്തിലെ ടാക്സ് അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ വളരെ ഇംപ്രൂവ്മെന്റുണ്ടായിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങളുണ്ടെങ്കിൽ നമുക്ക് ചർച്ച ചെയ്യാമല്ലോ; കേരളത്തിലെ പൊതുതാൽപ്പര്യമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പക്ഷേ ഇന്നത്തെ ഒരു കാര്യത്തിനകത്ത് അങ്ങ് പറയുന്നത്......

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിന് ചർച്ച ചെയ്യാൻ കുഴപ്പമില്ലെന്ന് പറയുന്നു. പിന്നെ എന്താണ് ഇവിടത്തെ പ്രശ്നം?

<u>മി. സ്പീക്കർ</u>: ഒരുപാട് തവണ ഡിബേറ്റ് ചെയ്തതാണ്. ഇത് ഒരുമാസം നീണ്ടുനിൽക്കുന്ന സെഷനാണ്. അതെങ്ങനെയാണ് വീണ്ടും ഡിബേറ്റ് ചെയ്യാൻപോകുന്നത്? സോറി..., സോറി..., പ്ലീസ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എന്നെ കൺക്ലൂഡ് ചെയ്യാൻ അനുവദിക്കൂ. ഒരുമാസം ഇവിടെ ഒരുപാട് വിഷയങ്ങൾ ചർച്ച ചെയ്യപ്പെടും.

<u>മി. സ്പീക്കർ</u>: ആദ്യത്തെ സബ്മിഷനുള്ള അവസരമുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സബ്മിഷനുള്ള അവസരം ഞങ്ങൾ റിജക്ട് ചെയ്യുകയാണ്. ഒരുമാസം ഇവിടെ ഒരുപാടുകാര്യങ്ങൾ ചർച്ച ചെയ്യാൻ സമയമുണ്ട്, ശരിയാണ്. നിങ്ങൾ റൂൾ 50-യെ ഭയപ്പെടുന്നു, അടിയന്തരപ്രമേയ ചർച്ചയെ സർക്കാർ ഭയപ്പെടുന്നു. നിങ്ങൾ ഇന്നലെയും ഇന്നുമായി നാണംകെട്ട് നിൽക്കുകയാണ്. ഈ തീരുമാനത്തിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്ന് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ - തുടർച്ച**

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്തെ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ലഭിക്കുന്ന ഭൂമി തരംമാറ്റ അപേക്ഷകൾ ഏകീകൃത രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അപേക്ഷകൾ പ്രോസസ് ചെയ്യുന്നത് ലളിതമാക്കുക എന്ന പ്രാഥമിക ഉദ്ദേശ്യത്തോടെയും പ്രത്യേക അദാലത്തുകൾ നടത്തി നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പുകൽപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (എസ്.ഒ.പി.) തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ പ്രകാരം അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നത് മുൻഗണനാക്രമത്തിലായിരിക്കണമെന്നും ഇ-ഓഫീസ് നിലവിലുള്ള ഓഫീസിലും അപേക്ഷാ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തരംമാറ്റ അപേക്ഷകളിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എസ്.ഒ.പി.-യിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ, ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെട്ടതും വീട് അനുവദിച്ച് നൽകിയതുമായ കേസ്സുകളിലെ അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പുകൽപ്പിക്കണമെന്നും ഗുരുതര രോഗങ്ങൾക്ക് ചികിത്സാർത്ഥം ഭൂമി വിൽക്കേണ്ടതോ, വായ്പാവശ്യങ്ങൾക്കോ, അനുകമ്പാപൂർണ്ണമായ മറ്റുസാഹചര്യങ്ങൾക്കോ മുൻഗണന നൽകണമെന്നും നിശ്ചയിച്ചിട്ടുണ്ട്. മേൽപ്രകാരം ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പെടെ മുൻഗണന നൽകേണ്ടുന്ന ആവശ്യങ്ങൾക്ക് രേഖകൾസഹിതം അപേക്ഷ സമർപ്പിച്ചാൽ റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന സമിതി ആഴ്ചയിലൊരിക്കൽ മീറ്റിംഗ് കൂടി രേഖകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാമാസവും ആർ.ഡി.ഒ. സബ്കളക്ടർമാരുമായി നടത്തുന്ന അവലോകന യോഗത്തിലൂടെ മേൽപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളെല്ലാം റവന്യൂ ഡിവിഷണൽ ഓഫീസുകളിലും പാലിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. രണ്ടാം പിണറായി ഗവൺമെന്റ് വരുന്നഘട്ടത്തിൽ ഓഫ്‌ലൈനിലുള്ള അപേക്ഷകളുടെ ആകെ എണ്ണം 226901 ആയിരുന്നു. അതിൽ 94.71 ശതമാനവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ

ഗവൺമെന്റ് രണ്ട് ഘട്ടങ്ങളിലായി 26-11-2022-ൽ 278/2022 ആയും പിന്നീട് 56/2022 ആയും കൂടുതൽ ഉദ്യോഗസ്ഥരെ വില്ലേജ്തലം മുതൽ ആർ.ഡി.ഒ. തലംവരെ നിയമിച്ചു. 990 ജീവനക്കാരെയും ആവശ്യമായ ഉപകരണങ്ങളും 341 വാഹനങ്ങളും നൽകി നടപടിക്രമങ്ങൾ വേഗതയിലാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചതായ കേസ്സുകളിൽ മുൻഗണനാക്രമം നൽകി അപേക്ഷകൾ തീർപ്പാക്കുന്ന വിഷയത്തിൽ സർക്കാർ അടിയന്തരപ്രാധാന്യത്തോടെയുള്ള നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ 29 ആർ.ഡി. ഓഫീസുകളിലെയും തരംമാറ്റൽ അപേക്ഷകൾ തീർക്കാനായി ആറ് മാസത്തേയ്ക്ക് താൽക്കാലിക ജീവനക്കാരെയും വാഹന സൗകര്യങ്ങളും ഇപ്പോൾ കൊടുത്തിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചതായ കേസ്സുകളിൽ മുൻഗണനാക്രമം നൽകി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഏതെങ്കിലും വിഭാഗത്തിൽ പ്രശ്നമുള്ളതായി അറിയിച്ചാൽ അക്കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീമതി കാനത്തിൽ ജമീല: സർ, തണ്ണീർത്തടങ്ങളും നെൽവയലുകളും മാത്രമായി ഐഡന്റിഫൈ ചെയ്ത് വലിയ വൃക്ഷങ്ങളും വീടുകളുമുള്ള ഭൂമി ഒഴിവാക്കാൻ കഴിയുമോ; പ്രത്യേക സർവ്വെ നടത്തി തണ്ണീർത്തടങ്ങൾ

സംരക്ഷിക്കാൻവേണ്ടിയുള്ള ഭൂമി മാർക്ക് ചെയ്ത് മറ്റുള്ളവ ഒഴിവാക്കിക്കൊടുക്കാൻ സാധിക്കുമോ? മറ്റൊന്ന്, മുൻകാലങ്ങളിലുള്ള വലിയ വീടുകൾ പൊളിച്ചുമാറ്റുകയും വീണ്ടും അവർക്ക് വീടുവയ്ക്കാൻ കഴിയാതെ വർഷങ്ങളായി കിടക്കുന്ന അപേക്ഷകളും ഇപ്പോൾ ആർ.ഡി.ഒ.-യിലുണ്ട്.

ശ്രീ. കെ. രാജൻ: സർ, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചാണ് നടപടിക്രമങ്ങൾ പോകുന്നത്. 01-02-2022-ന് മുമ്പായി ഓഫ്‌ലൈനായി കൊടുത്തിരുന്ന അപേക്ഷകളിൽ 94.71 ശതമാനവും ഇപ്പോൾ തീർത്തിട്ടുണ്ട്. ഫെബ്രുവരി 1-ാം തീയതി മുതൽ ഓൺലൈനാക്കിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. മറ്റുകാര്യങ്ങളെല്ലാം രേഖകൾ പ്രകാരമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ലൈഫ് മിഷന്റെ കാര്യം പ്രത്യേകം പരിശോധിക്കാം. ഈ പ്രശ്നം ഉന്നയിച്ച സാഹചര്യത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (എസ്.ഒ.പി.) കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്യാം.

## (2) അദ്ധ്യാപകരുടെ നിയമനാംഗീകാരം

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ തസ്തിക നിർണ്ണയത്തിന്റെ വകുപ്പുതല നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട മുഴുവൻ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെയും നിയമനം അംഗീകരിച്ച് ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലേയ്ക്കെത്തുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. അതിനനുസരിച്ച് വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങളൊരുക്കാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എം.എൽ.എ.-മാരും എം.പി.-മാരും സ്കൂൾ മാനേജ്മെന്റുമെല്ലാം ചേർന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ, അദ്ധ്യയനം തടസ്സപ്പെടാതിരിക്കാൻ സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനും ഡിവിഷനും ആനുപാതികമായി അദ്ധ്യാപകരെ നിയമിക്കാതിരിക്കുകയും സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെയും

അനദ്ധ്യാപകരുടെയും അംഗീകാരം നീട്ടിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രാഥമികമായി വിദ്യാലയങ്ങളിൽ പഠന സൗകര്യങ്ങളൊരുക്കുക എന്നത് സർക്കാരിന്റെ ചുമതലയാണ്. എല്ലാ വർഷവും ജൂലൈ 15-നുമുമ്പ് പൂർത്തീകരിക്കേണ്ട തസ്തിക നിർണ്ണയം കോവിഡിനുശേഷം കഴിഞ്ഞ മൂന്ന് വർഷമായി നടന്നിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്തി തസ്തിക നിർണ്ണയം സർക്കാർ നേരിട്ട് ഏറ്റെടുത്തെങ്കിലും അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ ഉദ്യോഗാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഏറെ നാളത്തെ കാത്തിരിപ്പിനും പ്രതിഷേധത്തിനുമൊടുവിൽ 2023 ഫെബ്രുവരി 16-ന് പൊതുവിദ്യാഭ്യാസ വകുപ്പ് തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിൽ തീരുമാനമെടുക്കാനുണ്ടാകുന്ന കാലതാമസം ഉദ്യോഗാർത്ഥികളുടെ ജോലിയും ജീവിതവുമാണ് നഷ്ടപ്പെടുത്തുന്നത്. 2022-23 അദ്ധ്യയന വർഷത്തിൽ 2313 സ്കൂളുകളിൽ ആകെ സൃഷ്ടിച്ച അധിക തസ്തികകളുടെ എണ്ണം 6005 ആണ്. അതായത്, 1106 സർക്കാർ സ്കൂളുകളിൽനിന്നായി 3080 തസ്തികകളും 1207 എയ്ഡഡ് സ്കൂളുകളിൽനിന്നായി 2925 തസ്തികകളുമാണ് സൃഷ്ടിച്ചത്. ഇതിൽ

അദ്ധ്യാപക തസ്തിക 5906-ഉം അനദ്ധ്യാപക തസ്തിക 99-ഉം ആണ്. എച്ച്.എസ്.ടി. സർക്കാർ-740, എയ്ഡഡ്-568., യു.പി.എസ്.ടി. സർക്കാർ - 730, എയ്ഡഡ്-737., എൽ.പി.എസ്.ടി. സർക്കാർ-1086, എയ്ഡഡ് -978 എന്നിങ്ങനെയാണ് തസ്തികകളുടെ എണ്ണം. പൊതുവിദ്യാഭ്യാസം സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട വിഷയമാണിത്. എൽ.പി./യു.പി. സ്കൂളുകളിലെ മറ്റ് തസ്തികകൾ: സർക്കാർ-463, എയ്ഡഡ്-604. എന്നാൽ 2019-20 വർഷം അനുവദിക്കുകയും ഇതുവരെ തുടർന്നുവന്നിരുന്നതും 2022-23 വർഷം തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതുമായ 4563 തസ്തികകളാണുള്ളത്. അതായത് സർക്കാർ സ്കൂളുകളിലെ 1638 തസ്തികകളും എയ്ഡഡ് സ്കൂളുകളിലെ 2925 തസ്തികകളുമാണ് നഷ്ടപ്പെട്ടത്. ഫലത്തിൽ മൊത്തത്തിലുള്ള 6005 തസ്തികകളിൽനിന്ന് 4563 തസ്തിക കുറവുചെയ്ത് 1442 ഒഴിവുകൾ മാത്രമാണ് പുതിയതായി സൃഷ്ടിക്കപ്പെടുന്നത്. ആയതിനാൽ സർക്കാരിനും ധനകാര്യ വകുപ്പിനും കൂടുതൽ ബാധ്യതകൾ വരാതെ അദ്ധ്യാപക നിയമന വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കും. എത്രയുംവേഗം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പൊതുവിദ്യാലയങ്ങളിൽ നിയമനം നടത്തി ഒഴിവുകൾ നികത്തണം. നിയമനം നീണ്ടുപോയാൽ വിവിധ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഭാവിയിൽ കരിനിഴൽ വീഴുമെന്ന

കാര്യം സർക്കാർ കാണാതെ പോകരുത്. കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും അവരുടെ നിയമന പ്രൊപ്പോസലുകൾ പരിശോധിച്ച് ഉടൻ അംഗീകാരം നൽകണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി പ്രധാനാദ്ധ്യാപകർക്ക് വലിയ ബാദ്ധ്യതയായി മാറിയിരിക്കുകയാണ് എന്നതാണ്. 1995 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം കുട്ടികൾക്ക് ഗുണമേന്മയും പോഷകസമൃദ്ധവുമായ ആഹാരം നൽകുകയെന്നതാണ്. 2019-20 വരെ ഭംഗിയായി നടന്നെങ്കിലും ഇപ്പോൾ ആ പദ്ധതി താളംതെറ്റിയിരിക്കുകയാണ്. അതുകൊണ്ട് ഉച്ചഭക്ഷണത്തിനാവശ്യമായ തുക കാലോചിതമായി വർദ്ധിപ്പിച്ച് കുട്ടികൾക്ക് പോഷകഗുണമുള്ള ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൂടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രദ്ധക്ഷണിക്കലിൽ സാധാരണയായി ഒരു വിഷയമാണ് അവതരിപ്പിക്കാറുള്ളത്. എന്നാൽ ബഹുമാനപ്പെട്ട അംഗം രണ്ട് വിഷയങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം

14 (എ)-യിലെ വ്യവസ്ഥകൾ പാലിച്ചാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ നിയമനം നടത്തിവരുന്നത്. പ്രസ്തുത വ്യവസ്ഥകൾക്കുപരിയായി സർക്കാരുകളും കോടതികളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും നിയമനം നടത്താറുണ്ട്. 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയംതന്നെ 2020-21, 2021-22 എന്നീ അദ്ധ്യയന വർഷങ്ങളിലും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരി കാരണം സ്കൂളുകൾ റെഗുലറായി തുറക്കാത്തതിനാൽ 2020-21 അദ്ധ്യയന വർഷം പുതിയ നിയമനങ്ങൾ നടന്നിരുന്നില്ല. 2021-22 അദ്ധ്യയന വർഷം 15-07-2021 മുതലുള്ള ഒഴിവുകളിൽ നിയമനം നടത്താൻ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നൽകിയ നിർദ്ദേശം ഭിന്നശേഷി സംവരണം പാലിക്കണമെന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് 25-06-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭിന്നശേഷി സംവരണം സംബന്ധിച്ച ഹൈക്കോടതിയുടെ 10-08-2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 18-11-2018, 25-06-2022 തീയതികളിലെ സർക്കുലർ, 28-10-2022-ലെ

സർക്കാർ കത്ത്, 23-11-2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് എന്നിവ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 07-02-1996 മുതൽ 18-04-2017 വരെ 3 ശതമാനവും 19-04-2017 മുതൽ 4 ശതമാനവും സംവരണം പാലിക്കുന്ന ക്രമത്തിൽ റോസ്റ്റർ തയ്യാറാക്കി അർഹരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 18-11-2018-നുശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം കോടതി വിധിയനുസരിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ അംഗീകരിക്കാൻ സാധ്യമാവുകയുള്ളൂ. 10-08-2022-ലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീലുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് കോടതി നിർദ്ദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനും നിയമനാംഗീകാരം നൽകുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭിന്നശേഷി സംവരണത്തിലെ അവ്യക്തതയാണ് വർഷങ്ങളായി നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം നീണ്ടുപോകുന്നതിനുള്ള കാരണം. അതുകൊണ്ട് ഭിന്നശേഷി സംവരണത്തിലെ അവ്യക്തത ഒഴിവാക്കി ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തി വർഷങ്ങൾക്കുമുമ്പ് നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം എത്രയുംപെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ നടപടിയുണ്ടാകണം. അവർക്ക് ദിവസവേതനത്തിന്റെ ശമ്പളംപോലും കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടി അവർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം നടത്താൻ കഴിയുന്ന കാര്യങ്ങൾ പറയുക, അല്ലാതെ നടത്താൻ യാതൊരു സാധ്യതയുമില്ലാത്ത കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 10475 പേരെ പി.എസ്.സി. വഴി നിയമിച്ച് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഹയർ സെക്കണ്ടറിയിൽ പി.എസ്.സി. മുഖേന 2356 പേരെയും സ്പെഷ്യൽ ടീച്ചേഴ്സായി 162 പേരെയും നിയമിച്ചിട്ടുണ്ട്. എൽ.പി./യു.പി.-യിലെ പുതിയ പി.എസ്.സി. നിയമനങ്ങൾ 7957 ആണ്.

അടുത്തകാലത്തൊന്നുമുണ്ടാകാത്ത രൂപത്തിലുള്ള ഇടപെടലാണ് സംസ്ഥാന ഗവൺമെന്റ് പി.എസ്.സി. മുഖാന്തരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികളിൽ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഭിന്നശേഷി സംവരണത്തെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. കുട്ടികളുടെ എണ്ണം ഗവൺമെന്റ് വളരെ വേഗത്തിൽ എടുത്തിട്ടുണ്ട്. അതുപ്രകാരം 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം 47 ലക്ഷമാണ്. ഇതിന്റെ നടപടിക്രമം പൂർത്തീകരിക്കുന്നതിന് കുറച്ച് സമയമെടുക്കാറുണ്ട്. 6005 പേരെയാണ് പുതുതായി നിയമിക്കേണ്ടതെന്ന് അങ്ങേയ്ക്കറിയാമല്ലോ. നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പി.എസ്.സി.-യിൽനിന്നും നിയമനം നടത്തിയത് സംബന്ധിച്ച് ഒന്നും പറയുന്നില്ല്ലല്ലോ; മാനേജ്മെന്റിന്റെ കാര്യം മാത്രം പറഞ്ഞാൽ മതിയോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഭിന്നശേഷി സംവരണത്തിൽ ഗവൺമെന്റ് കുറ്റക്കാരല്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധിയുണ്ട്. 3 ശതമാനവും 4 ശതമാനവും എന്നത് മറികടക്കുന്നതിനുവേണ്ടി ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഗവൺമെന്റ് അടിയന്തര പെറ്റീഷൻ സമർപ്പിച്ചിരിക്കുകയാണ്.

എത്രയുംവേഗം ആ വിഷയത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കും. ഏതെങ്കിലും സ്കൂളിൽ അദ്ധ്യാപകരില്ലെങ്കിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. ഇതിനപ്പുറം ഗവൺമെന്റിനെക്കൊണ്ട് മറ്റൊന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല.

**10.24 am]**

**IV സബ്മിഷൻ**

(1) <u>പാലക്കാട്-കോഴിക്കോട് ദേശീയ പാതയ്ക്കുവേണ്ടി സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി 2022 ഡിസംബർ 23-ന് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്ന് ചില തീരുമാനങ്ങളെടുത്തിരുന്നു. ഏറ്റവും പ്രധാനപ്പെട്ടത് കെട്ടിടങ്ങളിൽ കച്ചവടം ചെയ്യുന്ന വലിയ മുതൽമുടക്കുള്ള കച്ചവടക്കാരുടെ വിഷയമാണ്. ഈ ഹൈവേ കടന്നുപോകുന്ന സ്ഥലത്തെ ലക്ഷംവീട് കോളനി നിവാസികൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഒന്നുകൂടി ബഹുമാനപ്പെട്ട

റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചത്?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പാലക്കാട് ജില്ലയിലെ മരുത റോഡ് മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ 121 കിലോമീറ്റർ ദൈർഘ്യമുള്ള പാലക്കാട്-കോഴിക്കോട് ദേശീയപാത-966 പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 545.527 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എൻ.എച്ച്. ആക്ട് 1956 പ്രകാരം പ്രസ്തുത ഹൈവേയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക ഒന്ന് പ്രകാരമുള്ള നഷ്ടപരിഹാരവും ആ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക രണ്ട് പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമം വകുപ്പ് 26 പ്രകാരമാണ് ഭൂമിയുടെ മാർക്കറ്റ് വില കണക്കാക്കുന്നത്. 3A നോട്ടിഫിക്കേഷൻ തീയതിക്കുമുമ്പുള്ള മൂന്ന് വർഷക്കാലയളവിൽ ഭൂമിയേറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനവുമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടുതൽ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് മാർക്കറ്റ് വിലയായി കണക്കാക്കുന്നത്.

ഇത്തരത്തിൽ കണക്കാക്കിയ മാർക്കറ്റ് വിലയുടെ ഗുണനഘടകവും നഗരപ്രദേശത്തുനിന്ന് 10 കിലോമീറ്റർ വരെയുള്ള ഗുണനഘടകത്തിന് 1.2-ഉം 10 മുതൽ 20 കിലോമീറ്റർ വരെയുള്ള ഗുണനഘടകത്തിന് 1.4-ഉം 20 മുതൽ 30 കിലോമീറ്റർ വരെയുള്ള ഗുണനഘടകത്തിന് 1.6-ഉം എന്നിങ്ങനെ മുന്നോട്ടുപോകുന്നു. ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാ നിർമ്മിതികൾക്കും പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന വില 6% സാൽവേജ് വാല്യൂ കുറച്ചും മരങ്ങളുടെ വിലനിർണ്ണയം സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റും കാർഷിക വിളകളുടെ വിലനിർണ്ണയം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റുമാണ് നടത്തുന്നത്. ഇതെല്ലാം കൂട്ടിക്കിട്ടുന്നതിന്റെ 100 ശതമാനം സൊലേഷ്യം അടക്കം കണക്കാക്കുന്ന വിലയായിരിക്കും നൽകുന്നത്. അതോടൊപ്പം 3A വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12% നിരക്കിൽ മാർക്കറ്റ് വിലയുടെ അധിക വർദ്ധനവും നൽകുന്നതാണ്. ഭൂമിയേറ്റെടുക്കൽമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക രണ്ട് പ്രകാരമുള്ള പുനരധിവാസത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത് പൊതുമരാമത്ത് വകുപ്പ് നടത്തുന്ന തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. എൻ.എച്ച്.

മാന്വൽ പ്രകാരം പ്ലിന്ത് ഏരിയയുടെകൂടി അടിസ്ഥാനത്തിൽ കണക്കാക്കുന്ന നഷ്ടപരിഹാരം കെട്ടിട ഉടമയ്ക്കാണ് അനുവദിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് ഫർണിഷിംഗ് നടത്തി കച്ചവടം ചെയ്യുന്നവർക്ക് എൻ.എച്ച്. മാന്വൽ പ്രകാരം പുന:സ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസായി 25,000 രൂപയും ഒറ്റത്തവണ സാമ്പത്തിക സഹായമായി 50,000 രൂപയും നൽകാനാണ് വ്യവസ്ഥയുള്ളത്. എന്നാൽ ഫർണിഷിംഗ് നടത്തി കച്ചവടം ചെയ്യുന്നവർക്ക് ഫർണിഷിംഗിനുള്ള പ്രത്യേക ക്ലെയിം സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നഷ്ടപരിഹാരം നിർണ്ണയിക്കാവുന്നതാണ്. കോംപീറ്റന്റ് അതോറിറ്റി ക്ലെയിം നിരസിക്കുന്നപക്ഷം ആർബിട്രേഷൻ ആന്റ് റീ-കൺസിലിയേഷൻ ആക്ട് പ്രകാരം ആർബിട്രേറ്ററായിട്ടുള്ള ജില്ലാ കളക്ടർക്ക് പരാതി സമർപ്പിക്കാവുന്നതാണ്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കുന്നതിന് എം.എൽ.എ.-മാരുടെയും റവന്യൂ ഉദ്യോഗസ്ഥരുടെയും യോഗം 23-12-2022-ൽ കോഴിക്കോടുവച്ച് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഉയർന്നുവന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമിവില നിർണ്ണയിക്കുന്ന അവസരത്തിൽ കെട്ടിടങ്ങളുടെ ഡിപ്രീസിയേഷൻ ഫാക്ടർ ഒഴിവാക്കണമെന്ന വിഷയത്തിൽ ദേശീയപാതാ

അതോറിറ്റിക്ക് കത്ത് നൽകുകയും അവരുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ആ യോഗത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ലക്ഷംവീട് കോളനിയുമായി ബന്ധപ്പെട്ടാണ്. ഈ വിഷയം അംഗമുൾപ്പെടെയുള്ള ജനപ്രതിനിധികൾ നേരത്തെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ലക്ഷംവീട് കോളനിയിൽ പതിറ്റാണ്ടുകളായി തർക്കരഹിതമായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭ്യമാക്കി 2003 എൽ.എ.ആർ.ആർ. ആക്ട് പ്രകാരവും നിലവിലെ പുനരധിവാസ പാക്കേജ് പ്രകാരവുമുള്ള നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്. ഭൂമിയേറ്റെടുക്കൽ വിജ്ഞാപനത്തിലുൾപ്പെട്ടവർ അപേക്ഷിച്ചിട്ടുള്ള പട്ടയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സർവ്വേ നമ്പറിലുൾപ്പെട്ട നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകൾക്ക് മുൻഗണന നൽകി അവ തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ജനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന എല്ലാ ആശങ്കയും നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭൂമിയേറ്റെടുക്കുന്നതിന് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി 25% പണം സർക്കാർ കൊടുക്കുന്ന ഏക

സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്; ആ നിലവാരത്തിൽത്തന്നെ മുന്നോട്ടുപോകുന്നതാണ്.

(2) ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രധാനപ്പെട്ടൊരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് സബ്മിഷൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന വീടുകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ തീരുമാനമെടുത്തിരിക്കുകയാണ്. വിദേശത്ത് താമസിക്കുന്നവർക്കും മറ്റ് സ്ഥലങ്ങളിലുള്ളവർക്കും മാതാപിതാക്കളെ കൂടെക്കൊണ്ടുപോയിട്ടുള്ളവർക്കും സാഹചര്യങ്ങൾകൊണ്ട് ഇവിടെ താമസിക്കാൻ പറ്റാതെ വരുന്നതിനാൽ പല വീടുകളും പൂട്ടിക്കിടക്കുകയാണ്. അത്തരം വീടുകൾക്ക് സർക്കാർ സുരക്ഷിതത്വം കൊടുക്കാറില്ല, ഇൻഷ്വറൻസ് കവറേജുമില്ല. മോഷണം നടന്നാലുണ്ടാകുന്ന നഷ്ടത്തിന് പരിഹാരവും കൊടുക്കുന്നില്ല. സർക്കാർ അവരുടെമേൽ ഒരു ചാർജ്ജുകൂടി ഏർപ്പെടുത്തിയിരിക്കുകയാണ്. സർവ്വീസ് നടത്താത്ത വാഹനങ്ങൾക്ക് ടാക്സ് അടയ്ക്കേണ്ടതില്ലെന്ന് മോട്ടോർ വാഹന വകുപ്പിന്റെ നിയമമുണ്ട്. ഗതാഗത

വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവിന് കൃത്യമായി അതറിയാം. പൂട്ടിക്കിടക്കുന്ന വീടുകൾക്ക് നികുതി വാങ്ങുന്നതുവഴി എത്ര കോടി രൂപ സർക്കാർ ലക്ഷ്യമിടുന്നുവെന്നറിയില്ല. സർക്കാരിന്റെ ഈ തീരുമാനം തെറ്റാണ്. സാഹചര്യങ്ങൾകൊണ്ടാണ് പലർക്കും വീട്ടിൽ താമസിക്കാൻ കഴിയാത്തത്, അല്ലാതെ അവരുടേതായ തെറ്റല്ല. അതിനാൽ പൂട്ടിക്കിടക്കുന്ന വീടുകൾക്ക് നികുതി ഏർപ്പെടുത്തുന്നതിനെടുത്ത തീരുമാനം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിന്റെ ലഭ്യതക്കുറവ് അവയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാതിരിക്കാനും കാലങ്ങളായുള്ള പരിഷ്കരണം നികുതിയിനത്തിൽ വരുത്തേണ്ടതിനാലും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യമിട്ട് നികുതി പരിഷ്കരണം സംബന്ധിച്ച ചില നിർദ്ദേശങ്ങളാണ് ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. അതുസംബന്ധിച്ച് ഞാൻ ഒന്നുരണ്ടുതവണ പ്രതികരിക്കുകയും ചെയ്തിരുന്നു. അടഞ്ഞുകിടക്കുന്ന വീടുകൾ, പ്രവാസികളുടെ വീടുകൾ എന്നിവയെല്ലാം വലിയ ടാക്സ് വരുമെന്ന സംശയങ്ങളും വിവാദങ്ങളും വന്നപ്പോൾത്തന്നെ ഞാനെന്റെ അഭിപ്രായം പറഞ്ഞിരുന്നു. ചില

നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. പക്ഷേ, ഇക്കാര്യം ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് വ്യക്തമാക്കിയിരുന്നു. അടഞ്ഞുകിടക്കുന്നതും ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്നതുമായ വീടുകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ വച്ചെങ്കിലും ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് ഈ സഭയിലും പറയുകയാണ്. ബഡ്ജറ്റ് കഴിഞ്ഞപ്പോഴും പറഞ്ഞിരുന്നു. പ്രവാസികളുടെ ഭാഗത്തുനിന്നും ചില സംശയങ്ങൾ വന്നിരുന്നു, അവരോടും പറഞ്ഞിരുന്നു. പൊതുവിലുള്ള ചില കാര്യങ്ങൾ നടത്താൻവേണ്ടിയുള്ള നിർദ്ദേശങ്ങളുടെ ഭാഗമാണ്. നികുതിയെന്ന നിലയിൽ നടപ്പിലാക്കുന്നതല്ല. ഇവ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കേണ്ട കാര്യങ്ങളാണ്. അടഞ്ഞുകിടക്കുന്ന വീടുകൾക്കുള്ള നികുതി നിർദ്ദേശം ഇപ്പോൾ നടപ്പിലാക്കേണ്ടെന്നാണ് തീരുമാനം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായും നേരത്തെ സംസാരിച്ചിരുന്നു. സഭയിലും ഞാനക്കാര്യം വീണ്ടും പറയുകയാണ്.

## (3) വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് മെഡിസെപ് ആനുകൂല്യം

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് ജീവനക്കാർക്കും പെൻഷൻകാർക്കും ഏറെ ആശ്വാസകരവും മാതൃകാപദ്ധതിയുമാണ്. ഈ പദ്ധതിയിൽ വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാരും പെൻഷൻകാരും ഉൾപ്പെട്ടിട്ടില്ല. തനത് ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തുകവഴി അതോറിറ്റിയുടെ സാമ്പത്തിക ബാദ്ധ്യതകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. മെഡിസെപ് ഐ.ഡി. നിലവിൽവന്ന സാഹചര്യത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളില്ലെന്ന് അറിയുന്നു. ഇവരെ ഉൾപ്പെടുത്തുന്നതുവഴി സർക്കാരിന് യാതൊരുവിധ അധിക ബാദ്ധ്യതകളുമുണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും മെഡിസെപിൽ ഉൾപ്പെടുത്തിക്കൊണ്ടോ സർക്കാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച കമ്പനിയുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നതിന്

അതോറിറ്റിക്ക് അനുമതി നൽകിക്കൊണ്ടോ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മെഡിസെപ് പദ്ധതി നടപ്പിലാക്കിത്തുടങ്ങി. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+ പ്രധാന പോയിന്റുകൾ മാത്രം പറയാം.

പദ്ധതി തുടങ്ങി കുറച്ചുസമയമായതുകൊണ്ടുതന്നെ ഇതുവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താത്ത വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. സർക്കാർ അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന പ്രീമിയം തുക നിലവിൽ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും യഥാക്രമം ഈടാക്കിവരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങളിലെയും വിശാല കൊച്ചി വികസന അതോറിറ്റിയിലെയും ജീവനക്കാരെയും പെൻഷൻകാരെയും മറ്റ് സംഘടിത

+ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

മേഖലയിലെ ജീവനക്കാരെയും പെൻഷൻകാരെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ഇവരുടെ പക്കൽനിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്നമുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(4) വാണിയമ്പലം ടൗൺ സ്ക്വയറിന്റെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, വണ്ടൂർ നിയോജകമണ്ഡലത്തിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാണിയമ്പലത്ത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് വാണിയമ്പലം ടൗൺ സ്ക്വയർ പദ്ധതി. പഞ്ചായത്ത് ഭൂമിയിലാണ് ടൂറിസം വകുപ്പ് ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ ഈ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച പശ്ചാത്തലത്തിൽ പദ്ധതി ഏറ്റെടുത്ത് നടത്തിക്കൊണ്ടുപോകാനുള്ള ആഗ്രഹം പഞ്ചായത്ത് പ്രകടിപ്പിച്ചു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പും ഗ്രാമപഞ്ചായത്തും തമ്മിൽ ചില തർക്കങ്ങളുണ്ടായി. ഞാൻ മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിലും വണ്ടൂരിലും മന്ത്രിയുടെ ചേംബറിലും വച്ച് യോഗങ്ങൾ ചേരുകയും കഴിഞ്ഞ തവണ മന്ത്രിക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ടൂറിസം വകുപ്പ് പ്രൈവറ്റ് സെക്ടറിൽപ്പോലും ഇത്തരം

പദ്ധതികൾ ആരംഭിക്കാറുണ്ട്. പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി അമ്പലങ്ങളിലും പള്ളികളിലും ടൂറിസം ഡിപ്പാർട്ടുമെന്റ് ഇത്തരം പ്രവൃത്തികൾ മുൻകാലങ്ങളിലും ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിലുള്ള സ്ഥലത്ത് ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതിന്റെ നടത്തിപ്പ് പഞ്ചായത്തിന് കൊടുക്കുന്നത് പ്രയാസമില്ലാത്ത കാര്യമാണ്. കഴിഞ്ഞ ആറേഴ് വർഷക്കാലമായി ഇത് പ്രവർത്തിക്കാതെ കിടക്കുകയാണ്. അവിടെനിന്നും ലഭിക്കുന്ന വരുമാനം ഒരുപരിധിവരെ ഡി.ടി.പി.സി.-ക്ക് നൽകാൻ പഞ്ചായത്ത് ഭരണസമിതി തയ്യാറാണ്. അപ്രകാരം ഡി.ടി.പി.സി.-യും പഞ്ചായത്തും വരുമാനം വീതിച്ചെടുത്തുകൊണ്ടും നടത്തിപ്പ് പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ടും മുന്നോട്ടുപോകാനുള്ള സാഹചര്യമൊരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ വണ്ടൂരിൽ നാലരക്കോടിയോളം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന വാണിയമ്പലം ടൗൺ സ്ക്വയർ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് മുൻമന്ത്രികൂടിയായ ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ചത്. വണ്ടൂർ

പഞ്ചായത്തിൽനിന്നും നാളിതുവരെയായി കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം ഡി.ടി.പി.സി.-ക്ക് കൈമാറി ലഭിച്ചിട്ടില്ലെന്ന പ്രശ്നമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗ തീരുമാനങ്ങൾ സർക്കാരിലേയ്ക്ക് ലഭ്യമാക്കാമെന്നറിയിച്ചിട്ടുണ്ട്. ഇതുപരിശോധിച്ച് ഇവിടെ ഉന്നയിച്ച വിഷയത്തിൽ എങ്ങനെ പരിഹാരം കാണാനാകുമെന്ന് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കാം. ടൂറിസം വികസനമാണ് ലക്ഷ്യമെങ്കിൽ ഡി.ടി.പി.സി.-യുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി മുന്നോട്ടുപോകുന്നതാണ് ഉചിതമെന്ന അഭിപ്രായമാണ് ടൂറിസം വകുപ്പിനുള്ളത്. എട്ടുവർഷമായി നിലനിൽക്കുന്ന പ്രശ്നമാണ്. എന്നാൽ മറ്റുകാര്യങ്ങളെല്ലാം പരിശോധിച്ച് എങ്ങനെ പരിഹരിക്കാനാകുമെന്ന് ചർച്ച ചെയ്യാവുന്നതാണ്.

### (5) ഐരവൺ പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നിയുടെ വികസനത്തിന് വലിയ കുതിപ്പേകുന്നതാണ് ഐരവൺ പാലം. അരുവാപ്പുലം പഞ്ചായത്തിനെ അച്ചൻകോവിലാർ രണ്ട് കരകളായി വേർതിരിക്കുകയാണ്. അരുവാപ്പുലം-ഐരവൺ കരകളെ ബന്ധിപ്പിക്കുന്ന ഐരവൺ പാലം ആ

നാട്ടിലെ ജനങ്ങളുടെ ദീർഘകാലത്തെ ആഗ്രഹമാണ്. ഇരുകരകളിലും താമസിക്കുന്നവർ പല ആവശ്യങ്ങൾക്കുമായി കിലോമീറ്ററുകൾതാണ്ടി മറ്റ് പഞ്ചായത്തിലൂടെ കടന്നുവരേണ്ട സ്ഥിതിയാണുള്ളത്. കോന്നി മെഡിക്കൽ കോളേജിലേയ്ക്കുൾപ്പെടെ പോകേണ്ടിവരുന്നവർക്ക് ഏറെ ഗുണകരമായ ഈ പാലം ജനങ്ങളുടെ ദീർഘകാലത്തെ ആഗ്രഹമാണ്. സംസ്ഥാന സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 2021 ഫെബ്രുവരി മാസം 12.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പി.ഡബ്ല്യു.ഡി. (ബ്രിഡ്ജസ്) വിഭാഗത്തിനാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ഇതിന്റെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് അടിയന്തരമായി നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഐരവൺ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഈ പ്രവൃത്തിക്ക് 06-02-2021-ൽ തദ്ദേശസ്വയംഭരണ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 12.25 കോടി രൂപയ്ക്ക് ഭരണാനുമതി

നൽകിയിരുന്നു. 27-07-2022-ലെ ഉത്തരവിലൂടെ പാലത്തിന്റെ നിർമ്മാണച്ചുമതല പി.ഡബ്ല്യൂ.ഡി. (പാലം) വിഭാഗത്തിന് കൈമാറി ലഭിക്കുകയും ചെയ്തു. പാലം നിർമ്മാണ പ്രവൃത്തിയുടെ മണ്ണ് പരിശോധന പൂർത്തിയാക്കി അന്തിമ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട്. അന്തിമ രൂപകൽപ്പന അടിസ്ഥാനമാക്കി തയ്യാറാക്കിയ സാങ്കേതികാനുമതി എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതാണ് അടുത്തഘട്ടം. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിച്ചതിനാൽ പ്രൈസിൽ സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അനുമതി നൽകേണ്ടതുണ്ട്. അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ബിൽ തുക മാറത്തക്കവിധത്തിൽ ഭരണാനുമതി ലഭ്യമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശീർഷകം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ ചീഫ് എഞ്ചിനീയർക്കുകൂടി ക്രോസ് മാപ്പ് ചെയ്ത് ലഭിക്കുകയും പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും വേണം. ശീർഷകം ക്രോസ് മാപ്പ് ചെയ്ത് ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 09-11-2022-ന് നൽകിയ കത്തിന് മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കാം. ഈ

പ്രവൃത്തിക്കാവശ്യമായ സ്ഥലം വിട്ടുനൽകേണ്ട ഉടമകളിൽനിന്നും അഡ്വാൻസ് പൊസഷൻ ഒപ്പിട്ട് വാങ്ങിയിട്ടുണ്ട്. മറ്റുകാര്യങ്ങൾ വേഗത്തിലാക്കാൻ എല്ലാ നിലയിലും ഇടപെടാം.

(6) പേരാവൂരിലെ റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: സർ, വിസ്തൃതിയേറിയ നിയോജകമണ്ഡലമായ പേരാവൂരിലെ 340 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡിൽ പകുതി റോഡുകൾ മാത്രമേ ആധുനികരീതിയിൽ നവീകരിച്ചിട്ടുള്ളൂ. തലശ്ശേരി-മൈസൂർ റോഡിന്റെ ഭാഗമായി കെ.എസ്.ടി.പി. വർക്കും മലയോര ഹൈവേയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വിമാനത്താവള റോഡിന്റെ പദ്ധതികളും നിലവിലുണ്ട്. എന്നാൽ പകുതിയിലേറെ ദൂരം റോഡുകൾ ഇപ്പോഴും ഗതാഗതയോഗ്യമല്ലാത്ത രൂപത്തിലും ആധുനികമായി നവീകരിക്കാത്ത രൂപത്തിലും അവശേഷിക്കുകയാണ്. പ്രസ്തുത റോഡുകൾ നവീകരിക്കണം. ബഡ്ജറ്റ് വർക്കായി ഇപ്രാവശ്യവും 5 കോടി രൂപ മാത്രമാണ് ഒരു നിയോജകമണ്ഡലത്തിന് ലഭിക്കുന്നത്. 5 കിലോമീറ്റർ റോഡിന്റെ ബി.എം.&ബി.സി. വർക്കിനുപോലും ബഡ്ജറ്റ് വിഹിതം മതിയാകുന്നില്ല. കഴിഞ്ഞ വർഷം 5 കിലോമീറ്ററുള്ള ഒരു റോഡിന്റെ 3 കിലോമീറ്റർ പ്രവൃത്തി മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. പണം

അനുവദിക്കാത്തതുകൊണ്ട് പല മെയിന്റനൻസ് വർക്കുകളും നടക്കുന്നില്ല. പുതിയ പരിഷ്കാരമെന്ന നിലയിൽ രൂപീകരിച്ചിട്ടുള്ള മെയിന്റനൻസ് വിംഗ് പ്രഖ്യാപിച്ച ലിസ്റ്റനുസരിച്ചുള്ള പ്രവൃത്തി നടക്കുന്നില്ല. അതുകൊണ്ട് വർഷങ്ങളായി മഴയുടെയും പ്രകൃതിക്ഷോഭത്തിന്റെയും കെടുതികളനുഭവിച്ച് നാശനഷ്ടം സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിലെ റോഡുകൾ തീർത്തും ഗതാഗതയോഗ്യമല്ലാതായി നിലനിൽക്കുകയാണ്. പേരാവൂർ നിയോജകമണ്ഡലത്തിലെ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ, കമ്മിറ്റിക്ക് പണം അനുവദിക്കാനുള്ള അധികാരമില്ല. പുതുതായി സ്ഥാപിച്ചിട്ടുള്ള മെയിന്റനൻസ് വിംഗ് ഫലപ്രദമല്ല. മെയിന്റനൻസ് വിംഗിന് യഥാർത്ഥത്തിൽ റോഡ് എന്തെന്ന് അറിയില്ല. പി.ഡബ്ല്യൂ.ഡി.-യുടെ സെക്ഷൻ ഓഫീസ്, മെയിന്റനൻസ് വിംഗ് എന്നിങ്ങനെ രണ്ട് വിംഗായി പോകുകയാണ്. അവർക്ക് പലർക്കും റോഡിന്റെ യാഥാർത്ഥ്യം അറിയില്ല, വേണ്ടത്ര കാര്യക്ഷമതയില്ല. അതുകൊണ്ട് റോഡ് ദൈർഘ്യം കൂടുതലുള്ള പ്രദേശങ്ങളിലെ ട്രാഫിക് ഡെൻസിറ്റി ശാസ്ത്രീയമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഇരിട്ടി താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള മൂന്ന് പ്രധാനപ്പെട്ട റോഡുകൾ, പേരാവൂരിനെയും ഇരിട്ടിയെയും ബന്ധിപ്പിക്കുന്ന

റോഡ് എന്നിവ കേന്ദ്ര റോഡ് ഫണ്ട് (CRF)-ന്റെ ലിസ്റ്റിലുണ്ടായിരുന്നു. എന്നാൽ, സംസ്ഥാന ഗവൺമെന്റിന്റെ മുൻഗണന കിട്ടിയില്ലെന്നുള്ളതിന്റെ പേരിൽ അത് നഷ്ടമായി. അതുകൊണ്ട് ഈ പ്രധാനപ്പെട്ട റോഡുകളിലും ജനങ്ങളുടെ യാത്രാ സൗകര്യത്തിനെ സാരമായി ബാധിക്കുന്ന റോഡുകളിലും അത്യാവശ്യമായി മെയിന്റനൻസ് ഉറപ്പുവരുത്താനും ഘട്ടംഘട്ടമായി പുനരുദ്ധാരണം നടത്താനുമാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിനെ സംബന്ധിച്ച് പ്രത്യേക യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാനൊരു കത്ത് കൊടുത്തിരുന്നു. യോഗം വിളിക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് റോഡ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്):</u> സർ, പേരാവൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ടാണ് ബഹുമാന്യനായ അംഗം സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം നേരത്തെയും സഭയിൽ ഈ വിഷയം ഉന്നയിച്ചതാണ്. പേരാവൂർ നിയോജകമണ്ഡലത്തിൽ ആകെ 344

കിലോമീറ്റർ ദൈർഘ്യത്തിൽ പി.ഡബ്ല്യു.ഡി. റോഡുകളുള്ളതിൽ 184 കിലോമീറ്റർ ബി.എം.&ബി.സി. റോഡുകളായി ഉയർത്തിയതാണ്. പേരാവൂർ നിയോജകമണ്ഡലത്തിലെ 50 ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി. ആണെന്നുള്ളത് സഭയെ അറിയിക്കുന്നു. ഇത് സംസ്ഥാന ശരാശരിയുടെ ഇരട്ടിയാണ്. 160 കിലോമീറ്റർ റോഡാണ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഇനി ഉയർത്താനുള്ളത്. നിലവിൽ 5 കിലോമീറ്ററോളം ബി.എം.&ബി.സി. പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. രണ്ടര കിലോമീറ്റർ റോഡുകൂടി നവീകരിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ടിന്റെ ആദ്യഘട്ടത്തിൽ 129 കിലോമീറ്റർ റോഡുകളും രണ്ടാംഘട്ടത്തിൽ 49 കിലോമീറ്റർ റോഡുകളും പരിപാലിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മെയിന്റനൻസ് വിഭാഗത്തെക്കുറിച്ച് പരിശോധിക്കാം. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സംസ്ഥാനത്ത് പുതിയതാണെന്നത് സഭയിലെ എല്ലാ അംഗങ്ങളും മനസ്സിലാക്കുമെന്ന് കരുതുന്നു. പരിപാലന കാലാവധി കഴിഞ്ഞ് റോഡിന് കുണ്ടുംകുഴിയും വന്നാൽ എം.എൽ.എ.-മാർ ഇടപെട്ട് എസ്റ്റിമേറ്റെടുത്ത് ടെണ്ടർ വിളിക്കുന്ന രീതിയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ പരിപാലന കാലാവധി കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് ഈ

റോഡിന്റെ പരിപാലനം, അതായത് കുഴി അടയ്ക്കൽ, കാട് വെട്ടൽ തുടങ്ങിയ കാര്യങ്ങൾ ആര് ചെയ്യണമെന്ന് നേരത്തെ നിശ്ചയിച്ച് ടെണ്ടർ നൽകുന്ന പുതിയ രീതിയാണ് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം. കേരളത്തിലെ 30000 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുകളിൽ രണ്ട് ഫെയ്സുകളായി ഏകദേശം 20000 കിലോമീറ്റർ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിൽ വന്നുവെന്നുള്ള സന്തോഷവിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. റണ്ണിംഗ് കോൺട്രാക്ട് പരിശോധിക്കുന്നതിന് കൃത്യമായ സംവിധാനമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ എട്ട് മാസംമുമ്പ് സഭയിൽ വളരെ ഗൗരവത്തിൽ ചർച്ച ചെയ്ത വിഷയമാണ്. കഴിഞ്ഞ ആറുമാസമായി 45 ദിവസം ഇടവിട്ട് 14 ജില്ലകളിലും ഓരോ നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെയിന്റനൻസ് വിഭാഗത്തിന്റെ ഒരു ടീം പരിശോധന നടത്തിവരുന്നുണ്ട്. അതോടൊപ്പം മാസത്തിലൊരിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറും പരിശോധിക്കും. ഉദ്യോഗസ്ഥർ ഓഫീസിൽ ഇരിക്കുന്നതുമാത്രമല്ല, റോഡിലിറങ്ങി സഞ്ചരിച്ച് പരിശോധിക്കുന്ന രീതി നടപ്പിലാക്കിവരികയാണ്. അതിനിടയിൽ പേരാവൂരിൽ മാത്രം എങ്ങനെ മാറ്റം വന്നുവെന്നുള്ളത് പരിശോധിക്കാം. എവിടെയെങ്കിലും ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ അത്

പരിശോധിച്ച് തിരുത്തി മുന്നോട്ടുപോകാവുന്നതാണ്. പേരാവൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ടി.പി. റോഡായ മാനന്തവാടി-പെരിയ റോഡിന്റെ നവീകരണ പ്രവൃത്തികൾ 102 കോടി 23 ലക്ഷം രൂപ ചെലവഴിച്ച് നടന്നുവരികയാണ്. നിലവിൽ 68.94 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പേരാവൂർ നിയോജകമണ്ഡലത്തിലെ കള റോഡ്, വളവുപാറ റോഡ് കെ.എസ്.ടി.പി.-യുടെ OPBRC (Output and Performance-Based Road Contract) പാക്കേജ്-V എന്ന പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നവീകരിച്ച ഡി.പി.ആർ. നിലവിൽ ground truthing-നായി കണ്ണൂർ റോഡ് മെയിന്റനൻസ് ഡിവിഷന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് വേഗത്തിൽ തയ്യാറാക്കി പദ്ധതി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പേരാവൂർ മണ്ഡലവുമായി ബന്ധപ്പെട്ട മൂന്ന് കിഫ്ബി പദ്ധതികൾക്കാണ് കഴിഞ്ഞ ദിവസം സാമ്പത്തികാനുമതി ലഭ്യമായതെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് മലയോര ഹൈവേയുമായി ബന്ധപ്പെട്ട അമ്പായത്തോട് - ബോയ്സ് ടൗൺ റോഡാണ്. ഈ റോഡിനായി 35.67 കോടി രൂപയാണ് കിഫ്ബി അനുവദിച്ചത്. സഭയിലും പുറത്തുമായി അങ്ങ് ചൂണ്ടിക്കാണിച്ച പ്രവൃത്തിക്കാണ് വകുപ്പിന്റെകൂടി ഇടപെടലിന്റെ ഭാഗമായി

സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റിയിലെ മാനന്തവാടി-ബോയ്സ് ടൗൺ, പേരാവൂർ-ശിവപുരം റോഡ് റീച്ച് 3, അമ്പായത്തോട്-മട്ടന്നൂർ റോഡിന്റെ സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്കായി 964 കോടി 72 ലക്ഷം രൂപ കഴിഞ്ഞ ദിവസം കിഫ്ബി അനുവദിച്ച സന്തോഷവിവരവും ഓർമ്മപ്പെടുത്തുകയാണ്. വെള്ളാർവള്ളി മുതൽ അമ്പായത്തോട് വരെയുള്ള ഭാഗമാണ് പേരാവൂർ മണ്ഡലത്തിൽ വികസിപ്പിക്കുന്നത്. റോഡ് നാലുവരിയായി വികസിപ്പിക്കുന്നതിനാണ് ഇപ്പോൾ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഈ റോഡിനും തുക അനുവദിക്കുന്നതിനാവശ്യമായ ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പ് നടത്തിയിരുന്നു. പെരുവമ്പറമ്പ-കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡ് 6.96 കിലോമീറ്റർ ദൂരം വികസിപ്പിക്കുന്നതിനായി 30.97 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയ സന്തോഷവിവരം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതൊക്കെ പറയുമ്പോൾ പേരാവൂരിൽ ചെയ്ത കാര്യങ്ങൾ കൂടിപ്പോയോയെന്ന് മറ്റ് എം.എൽ.എ.-മാർ സംശയിക്കുമോയെന്നാണ് എന്റെ ഭയം. മലയോര ഹൈവേയുടെ ഭാഗമായ വള്ളിത്തോട്-അമ്പായത്തോട് റോഡ് വികസിപ്പിക്കുന്നതിന് 52.91 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടി

പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കാൻ കഴിയും. പേരാവൂർ മണ്ഡലത്തിന്റെകൂടി ഭാഗമായി 1048 കോടി 60 ലക്ഷം രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളതെന്ന് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് പറയുമ്പോൾ ഒരു കാര്യംകൂടി കൂട്ടിച്ചേർത്ത് പറയാതെ പോകുന്നത് നന്ദികേടാകും. 36 പദ്ധതികൾക്കായി 3414 കോടി 16 ലക്ഷം രൂപയാണ് കിഫ്ബി കഴിഞ്ഞ ദിവസം പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ചിട്ടുള്ളത്. ഈ സഭയിലെ എല്ലാവരും കിഫ്ബിയെ സ്നേഹിക്കുന്നവരാണ്. ആ സ്നേഹം വർദ്ധിച്ചുവരുന്ന നിലപാടാണ് പശ്ചാത്തലവികസന കാര്യത്തിലുണ്ടായിട്ടുള്ളത്. ഇത് എല്ലാ എം.എൽ.എ.-മാർക്കും സന്തോഷമുള്ള കാര്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ മലയോര ഹൈവേ വികസനത്തിന്റെ ഭാഗമായി 9 പദ്ധതികൾക്കായി 582 കോടി 82 ലക്ഷം രൂപയും തീരദേശ ഹൈവേ വികസനത്തിന്റെ ഭാഗമായുള്ള 4 പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിനായി 139 കോടി 90 ലക്ഷം രൂപയും ആലുവ-പെരുമ്പാവൂർ റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 262 കോടി 75 ലക്ഷം രൂപയും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രധാനപ്പെട്ട ജംഗ്ഷനുകളുടെ വികസനമെന്ന പദ്ധതിയുടെ ഭാഗമായി 5 ഇടങ്ങളിലെ ജംഗ്ഷൻ വികസനത്തിന്റെ സ്ഥലമേറ്റെടുപ്പിനായി

20 കോടി 55 ലക്ഷം രൂപയും കരമന-കളിയിക്കാവിള പാതയിലെ കൊടിനട-വഴിമുക്ക് റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 113 കോടി 90 ലക്ഷം രൂപയും കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെടുന്ന 3 റോഡ് പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കുന്നതിനായി 1979 കോടി 47 ലക്ഷം രൂപയും കൊട്ടാരക്കര ബൈപ്പാസിന് സ്ഥലമേറ്റെടുപ്പിനായി 110 കോടി 36 ലക്ഷം രൂപയും മണക്കാട്-ആറ്റുകാൽ ക്ഷേത്രം റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 52 കോടി 99 ലക്ഷം രൂപയും അനുവദിച്ചുവെന്നുള്ള സന്തോഷവിവരവും എല്ലാവരുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഇത്തരം നിലപാടുകളാണ് കിഫ്ബി പൊതുവെ പൊതുമരാമത്ത് വകുപ്പിനോട് സ്വീകരിക്കുന്നത്. രാജ്യം നേരിടുന്ന അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും കേന്ദ്ര ബഡ്ജറ്റിലൂടെ വീണ്ടുംവീണ്ടും കേരളത്തെ കഴുത്ത് ഞെരിച്ച് കൊല്ലാൻ കേന്ദ്രം ശ്രമിക്കുമ്പോഴും കിഫ്ബി ഒരു പ്രതിരോധമാണെന്നുള്ള പ്രഖ്യാപനമാണ് ഇത്തരത്തിലുള്ള പദ്ധതികളെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(7) വില്ലേജ് ആഫീസർമാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ

ശ്രീ. എം. നൗഷാദ്: സർ, പദ്ധതി നിർവ്വഹണ നിരീക്ഷണ വകുപ്പിന്റെ 07-10-2021-ലെ 1/2021 ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്

എന്റെ സബ്മിഷൻ. ഈ ഉത്തരവുപ്രകാരം വില്ലേജ് ഓഫീസർമാർ ജാതി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് എന്നിവയൊന്നും നൽകേണ്ടതില്ല. ജാതി സർട്ടിഫിക്കറ്റിന് പകരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റും നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുപകരം ബെർത്ത് സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മതി. വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസറും റസിഡൻസ് സർട്ടിഫിക്കറ്റ് കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത് സെക്രട്ടറിമാരും സാക്ഷ്യപ്പെടുത്തിയാൽ മതി. പക്ഷേ, ഒരു സർക്കാർ ഓഫീസിലും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ തയ്യാറല്ലെന്നതാണ് ഇപ്പോഴുള്ള വിഷയം. അവരെല്ലാം വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് വേണമെന്ന് നിർബന്ധം പിടിക്കുകയാണ്. നിലവിലെ ഉത്തരവുപ്രകാരം ഞങ്ങൾ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകേണ്ടതില്ലെന്നാണ് വില്ലേജ് ഓഫീസർമാർ പറയുന്നത്. ജനം അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുവെന്ന് മാത്രമല്ല അവരുടെ കാര്യം നടക്കുന്നുമില്ല. ഇതാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം. പ്രോവിഡന്റ് ഫണ്ട് ഓഫീസുകൾപോലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ

സ്വീകരിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ ഇത്തരം സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതുപോലെ അവർ സ്വീകരിക്കില്ല. അത്തരം ഓഫീസുകളിൽ വില്ലേജ് ഓഫീസർമാർ മുഖാന്തരം സർട്ടിഫിക്കറ്റുകൾ നൽകാൻ നടപടിയുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലും നിലവിലുള്ള ഉത്തരവുപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അവരും വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് വേണമെന്നാണ് നിർബന്ധം പിടിക്കുന്നത്. ജനങ്ങൾ ഇക്കാരണത്താൽ വല്ലാതെ ബുദ്ധിമുട്ടുകയാണ്. ഒന്നുകിൽ പഴയ രീതിയിൽ സർട്ടിഫിക്കറ്റുകൾ നൽകുകയോ അതല്ലെങ്കിൽ മുഴുവൻ സർക്കാർ ഓഫീസുകളിലും നിർബന്ധമായും ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയോ ചെയ്യണം. ഈ ഉത്തരവ് സ്വീകരിക്കാൻ സാധിക്കില്ലെന്ന് നിലപാടെടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പി.എഫ്. ഓഫീസ് പോലുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിൽ നൽകുന്നതിനായി പഴയ രീതിയിൽ സർട്ടിഫിക്കറ്റ് നൽകാനുള്ള നിർദ്ദേശംകൂടി നൽകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ടൊരു വിഷയമാണ്.

അതിലെ ആവശ്യവും മറുപടിയും ബഹുമാനപ്പെട്ട അംഗംതന്നെ പറഞ്ഞതുകൊണ്ട് എന്റെ ജോലി കുറച്ച് കുറഞ്ഞിട്ടുണ്ട്. എങ്കിലും ഇതൊരു ഡോക്യുമെന്റ് ആണെന്നുള്ളതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന സർക്കാർ സേവനങ്ങൾ ലഭ്യമാകുമ്പോൾ അപേക്ഷകന്റെ അർഹത തെളിയിക്കുന്നതിനായി സേവനദാതാക്കളായ വകുപ്പുകളും സ്ഥാപനങ്ങളും വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടാറുണ്ട്. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുമ്പോൾ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും സർട്ടിഫിക്കറ്റുകളിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമാണ് സംസ്ഥാന സർക്കാർ 07-10-2021-ലെ EOP/1/2021/PIE&MD ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. റവന്യൂ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റിനുപകരം ബദൽ രേഖകൾ സ്വീകരിക്കാമെന്നും ആയതിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ നിലവിലെ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നുമാണ് പ്രസ്തുത ഉത്തരവിലെ നിർദ്ദേശം. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ചതുപോലെ പല സ്ഥാപനങ്ങളിലും വകുപ്പുകളിലും ഇപ്പോഴും റവന്യൂ വകുപ്പ് അനുവദിക്കുന്ന സാക്ഷ്യപത്രങ്ങൾതന്നെ അപേക്ഷകരോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുകയും കേരളത്തിൽ ജനിച്ചവർക്ക് ജനന സർട്ടിഫിക്കറ്റിന്റേയോ അഞ്ചുവർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചതിന്റെ രേഖയോ കൂടാതെ ഒരു സത്യപ്രസ്താവനയും ഉണ്ടെങ്കിൽ നേറ്റീവായി പരിഗണിക്കാമെന്നും മേൽ പ്രസ്താവിച്ച ഉത്തരവിൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അപേക്ഷകന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റോ മറ്റ് കൃത്യമായ വിദ്യാഭ്യാസ രേഖയോ മാതാപിതാക്കൾ വ്യത്യസ്ത ജാതിയിൽപ്പെട്ടവരാണെങ്കിൽ ജാതി അവകാശപ്പെടുന്ന രക്ഷിതാവിന്റെ വിദ്യാഭ്യാസ രേഖകൂടി ഹാജരാക്കിയാൽ ജാതി സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കാമെന്നും ഈ മാർഗ്ഗനിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് സംബന്ധിച്ച മേൽ ഉത്തരവിലെ ഖണ്ഡിക 5(E)-ൽ അവ്യക്തത ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സർക്കാരുമായി ബന്ധപ്പെട്ട ഓഫീസുകളിൽ വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നതുകൊണ്ട്

വൺ ആന്റ് സെയിം സർട്ടിഫിക്കറ്റിന് പകരമായി ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിവരുന്നുമുണ്ട്. ഇതുസംബന്ധിച്ച് പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 03-02-2023-ലെ GO(MS) 1/2023 ഉത്തരവുപ്രകാരം ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതുപ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ അവരവരുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, മാന്വലുകൾ, സർക്കാർ ഉത്തരവുകൾ എന്നിവയിൽ ഭേദഗതി വരുത്താത്തതും അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിലുള്ള പരിജ്ഞാനക്കുറവും സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നതിനും കാരണമായിട്ടുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി സമർപ്പിക്കാവുന്ന രേഖകൾ, സത്യപ്രസ്താവന എന്നിവ ടി സേവനം/ആനുകൂല്യം നൽകുന്നതിന് അംഗീകരിക്കാവുന്നതാണെന്ന തരത്തിൽ സേവനദാതാക്കളായ വകുപ്പുകളുടെ നിലവിലുള്ള നിയമങ്ങൾ/ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചോ മാത്രമേ പദ്ധതി

നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി പരമാവധി ഫലപ്രദമായും പൊതുജനങ്ങൾക്ക് സഹായകമായ വിധത്തിലും പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് ഒരിക്കൽക്കൂടി പ്രത്യേക നിർദ്ദേശം നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പ് സേവന വകുപ്പാണ്. അതുകൊണ്ട് ഗവൺമെന്റ് ഉത്തരവുണ്ടെങ്കിലും ഒരു സേവനം ആവശ്യപ്പെട്ടുവന്നാൽ അത് കൊടുക്കില്ലെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അത് തെറ്റായ കാര്യമാണ്. അങ്ങനെ കൊടുക്കാൻ ആ വകുപ്പ് ബാദ്ധ്യതപ്പെട്ടതാണ്. കൊടുക്കാത്ത ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കും. ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്യും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രോവിഡന്റ് ഫണ്ട് ഓഫീസുമായി ബന്ധപ്പെട്ട വിഷയത്തിലോ?

<u>ശ്രീ. കെ. രാജൻ</u>: സർ, പ്രോവിഡന്റ് ഫണ്ട് ഓഫീസുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിന് നേരിട്ട് ഇടപെടാൻ സാധിക്കുന്നതല്ല. പക്ഷേ,

അതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശം നൽകാൻ സർക്കാർ എന്ന നിലയിൽ സംവിധാനമുണ്ടാക്കും.

(8) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കുട്ടികൾ എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പി.യു.സി. (പ്രീ-യൂണിവേഴ്സിറ്റി കോഴ്സ്), ഡിഗ്രി, ടെക്നിക്കൽ, പാരാമെഡിക്കൽ എന്നീ കോഴ്സുകൾക്ക് ആശ്രയിക്കുന്നത് മംഗലാപുരത്തെയാണ്. മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളോ വിജയിച്ച കുട്ടികൾക്ക് നൽകാൻ സീറ്റുകളോ ഇല്ലാത്തതാണ് കാരണം. അതിനാൽ കുട്ടികളുടെ മാതാപിതാക്കൾ മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പണം കൊടുത്ത് സീറ്റ് ഉറപ്പിക്കും. ചെറുവത്തുരിൽനിന്നും രാവിലെ 6 മണിക്ക് പുറപ്പെട്ട് 7 മണിക്ക് കാസർഗോഡ് സ്റ്റേഷനിലും കുമ്പള, മഞ്ചേശ്വരം, ഉപ്പള എന്നീ സ്ഥലങ്ങൾ കടന്ന് 8 മണിക്കുമുമ്പ് മംഗലാപുരത്തും എത്തുന്ന പാസഞ്ചർ ട്രെയിനിനെ മാത്രമാണ് വിദ്യാർത്ഥികൾക്ക് മംഗലാപുരത്തേയ്ക്ക് പോകാൻ ആശ്രയിക്കാനുള്ളത്. മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ ഉൾഗ്രാമങ്ങളിലുള്ള കുട്ടികൾ നാലരയ്ക്കും അഞ്ചുമണിക്കും എഴുന്നേറ്റ് ഈ

ട്രെയിൻ കിട്ടാൻവേണ്ടി അനുഭവിക്കുന്ന പ്രയാസം കാണാതിരിക്കരുത്. ഈ ട്രെയിനിലെ തിരക്കുമൂലം പല കുട്ടികളും അപകടത്തിൽപ്പെടുന്ന അവസ്ഥ സംബന്ധിച്ച് കാസർഗോഡ് ജില്ലയിലെ പത്രങ്ങളിൽ വലിയ രീതിയിൽ വാർത്ത വന്നതാണ്. മൊഗ്രാലിൽ ഒരു കുട്ടി കോളേജിലേയ്ക്ക് പോകുമ്പോൾ അപകടത്തിൽപ്പെട്ട് കാല് മുറിച്ചുമാറ്റേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. ഇതേ സമയത്താണ് കെ.എസ്.ആർ.ടി.സി. മംഗലാപുരത്തേയ്ക്ക് ചെയിൻ സർവ്വീസ് നടത്തുന്നത്. കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി കർണ്ണാടക ഗവൺമെന്റ് ഒരു വർഷത്തേയ്ക്ക് നേരത്തെ 1050 രൂപയ്ക്ക് പാസ് നൽകിയിരുന്നു. ഇന്ന് 1500 രൂപയ്ക്ക് പാസ് നൽകുന്നുണ്ട്. കന്നട ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമാത്രമേ പാസ് നൽകുവെന്ന ഉടമ്പടിയോടുകൂടിയാണ് പാസ് നൽകുന്നത്. അതിനാൽ കാസർഗോഡ് ജില്ലയിലെ കന്നടക്കാരല്ലാത്ത കുട്ടികൾക്ക് ഈ കൺസഷൻ ലഭിക്കുന്നില്ല. കേരളത്തിന്റെ കെ.എസ്.ആർ.ടി.സി. ബസ്സിൽ പോകണമെങ്കിൽ ദിവസം 100-150 രൂപയാണ് ചെലവുവരുന്നത്. അതുകൊണ്ട് കർണ്ണാടക ഗവൺമെന്റ് നൽകുന്നതുപോലെ ഈ കുട്ടികൾക്ക് മംഗലാപുരത്തേയ്ക്ക് പഠിക്കാൻ പോകാൻ ഒരു വർഷം 1500 രൂപയുടെ പാസ് നൽകാൻ നടപടിയുണ്ടാകണം.

ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ഇക്കാര്യം സൂചിപ്പിച്ചപ്പോൾ പോസിറ്റീവായാണ് സംസാരിച്ചത്. ഗതാഗത വകുപ്പ് പല രീതിയിലുമുള്ള പ്രതിസന്ധികൾ നേരിടുമ്പോഴും ഗ്രാമവണ്ടിപോലുള്ള പുതിയ സംവിധാനങ്ങൾ കൊണ്ടുവന്ന് വളരെ മനോഹരമായി വകുപ്പിനെ കൈപിടിച്ചുയർത്താൻ ശ്രമിക്കുന്ന ഘട്ടമാണ്. പല എം.എൽ.എ.-മാരും ഉന്നയിച്ചതുപോലെ വിദ്യാർത്ഥികൾക്ക് 1500 രൂപയുടെ പാസ് അനുവദിക്കുകയാണെങ്കിൽ ഒരുപാട് കുട്ടികളുടെ കണ്ണീരൊപ്പാൻ കഴിയും. കാസർഗോഡുള്ള കുട്ടികളുടെ പ്രാർത്ഥന ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിക്കും. അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ മംഗലാപുരത്തേയ്ക്ക് പോകാനുള്ള അടിയന്തര സംവിധാനമൊരുക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പതിറ്റാണ്ടുകളായി പരിഹാരം കാണാതിരുന്ന വിദ്യാർത്ഥി കൺസഷനുമായി ബന്ധപ്പെട്ട സുപ്രധാന വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് നിലവിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ

അനുവദിക്കുന്നത്. അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അന്തർസംസ്ഥാന റൂട്ടുകളിൽ കൺസഷൻ സൗകര്യം നിലവിൽ അനുവദിക്കുന്നില്ല. അന്തർസംസ്ഥാന ഗതാഗത കരാർ വ്യവസ്ഥപ്രകാരം കാസർഗോഡ്-മംഗലാപുരം അന്തർസംസ്ഥാന പാതയിൽ രണ്ട് മണിക്കൂർ ഇടവേളകൾ ക്രമീകരിച്ച് ഇരുസംസ്ഥാനങ്ങളിലെയും ആർ.ടി.സി. ചെയിൻ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുള്ള നിലവിലുള്ള സമയക്രമം ലംഘിച്ച് കർണ്ണാടക ബസ്സുകൾക്ക് പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസ് നടത്താൻ അനുവദിക്കുന്നത് നിലവിലുള്ള അന്തർസംസ്ഥാന ഗതാഗത വ്യവസ്ഥകളുടെ ലംഘനവും കെ.എസ്.ആർ.ടി.സി.-ക്ക് വലിയ വരുമാനനഷ്ടത്തിന് കാരണമാകുന്നതുമാണ്. അതുകൊണ്ട് കൂടുതൽ കർണ്ണാടക ബസുകൾ സർവ്വീസ് നടത്താൻ അനുവദിക്കണമെന്ന നിർദ്ദേശം അംഗീകരിക്കാൻ നിവൃത്തിയില്ലെന്നാണ് അദ്ദേഹത്തിന്റെ സബ്മിഷനിൽ എഴുതിയിരുന്നതിന് മറുപടിയായി പറയാനുള്ളത്. എന്നാൽ, കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾ പതിറ്റാണ്ടുകളായി നേരിടുന്ന ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ടെന്നുതന്നെയാണ് സർക്കാർ കാണുന്നത്. ജില്ലയിലെ എം.എൽ.എ.-മാരും എസ്.എഫ്.ഐ.-യും പ്രസ്തുത ആവശ്യം

ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിലും വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാലും കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അടുത്ത അദ്ധ്യയനവർഷം മുതൽ കൺസഷൻ അടിസ്ഥാനത്തിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി നൽകുന്നതാണ്. എന്നാൽ റേറ്റ് 1345 രൂപയോ 1395 രൂപയോ അല്ലെന്ന് ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാം. റേറ്റ് പ്രതിവർഷമല്ല, പ്രതിമാസമാണ്. അങ്ങ് നിർദ്ദേശിച്ചിട്ടുള്ള തുകയ്ക്കുതന്നെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ആ തുക ഞാൻ ഇവിടെ പറയുന്നില്ല. ഗൗരവമായ ഈ പ്രശ്നത്തിന് അടുത്ത അദ്ധ്യയന വർഷം മുതൽ ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

## (9) നൂറനാട് ലെപ്രസി സാനിറ്റോറിയം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 40.30 കോടി

രൂപ വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെയുള്ള 300 കിടക്കകളിലും ഓക്സിജൻ സപ്ലൈ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. 16 കിടക്കകളുള്ള ഐ.സി.യു., സ്പെഷ്യാലിറ്റി റൂമുകൾ, ലാബുകൾ, മേജർ & മൈനർ ഓപ്പറേഷൻ തീയേറ്ററുകൾ, നഴ്സിംഗ് സ്റ്റേഷൻ തുടങ്ങി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും സജ്ജീകരിക്കാൻ ഇവിടെ സൗകര്യമുണ്ട്. നിലവിൽ ഡെർമ്മറ്റോളജി, പി.എം.&ആർ., ഡെന്റൽ, ജനറൽ ഒ.പി., സൈക്യാട്രി, ഒഫ്ത്താൽമോളജി എന്നിവയും ഫിസിയോതെറാപ്പി, ഫോട്ടോതെറാപ്പി, ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്റർ, ട്രെയിനിംഗ് സെന്റർ തുടങ്ങിയവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വസിക്കുന്നവർ അടിയന്തര സാഹചര്യത്തിലും പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുമായി 70 കിലോമീറ്റർ മുതൽ 100 കിലോമീറ്റർ വരെ ദൂരമുള്ള ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഏറ്റവും കൂടുതൽ ഗതാഗതത്തിരക്കുള്ളതും കൂടുതൽ അപകടങ്ങൾ നടക്കുന്നതുമാണ് കെ. കെ. റോഡ് എന്ന കാര്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക്

അറിയാവുന്നതാണ്. അതുകൊണ്ട് ഈ ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം അത്യാവശ്യമാണ്. ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് നൂറനാട് ലെപ്രസി സാനിറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 1934-ലാണ് കുഷ്ഠരോഗികളുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമാക്കി നൂറനാട് പ്രസ്തുത ചികിത്സാ കേന്ദ്രം സ്ഥാപിക്കപ്പെട്ടത്. 135.3 ഏക്കർ സ്ഥലമുണ്ടായിരുന്നതിൽ 50 ഏക്കർ സ്ഥലം ഇൻഡോ-ടിബറ്റൻ ബോർഡർ സെക്യൂരിറ്റി ഫോഴ്സിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. നിലവിൽ 85.3 ഏക്കർ സ്ഥലം ഇവിടെയുണ്ട്. അവിടെ നൽകുന്ന സേവനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യം വിശദീകരിക്കുന്നില്ല. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 767 ആണ്. ശരാശരി ജനറൽ ഒ.പി. 400 മുതൽ 500 വരെയും ലെപ്രസി വിഭാഗം ഒ.പി. പ്രതിവാരം ശരാശരി 50 വരെയും ഫിസിക്കൽ & റീഹാബിലിറ്റേഷൻ ഒ.പി.-യും പ്രതിദിന ഫിസിയോതെറാപ്പി ഒ.പി.-യും ശരാശരി 100 മുതൽ 150 വരെയുമാണ്. നിലവിൽ 7 ഡോക്ടർമാരുൾപ്പെടെ

203 സ്ഥിരം ജീവനക്കാരുടെ സേവനമാണ് ഇവിടെ ലഭ്യമാക്കിയിട്ടുള്ളത്. കുഷ്ഠരോഗ നിർണ്ണയവും ചികിത്സയും ബോധവൽക്കരണവും അന്തേവാസികളായവരുടെ ചികിത്സയും പുനരധിവാസവും കുഷ്ഠരോഗത്തെക്കുറിച്ച് നഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളും ത്വക്ക്‌രോഗ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനവും ഫിസിക്കൽ മെഡിസിൻ സ്പെഷ്യലിസ്റ്റിന്റെയും ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെയും സേവനവും ആലപ്പുഴ ജനറൽ ആശുപത്രിയിൽനിന്ന് മാസത്തിലൊരിക്കൽ സഞ്ചരിക്കുന്ന നേത്രചികിത്സാ വിഭാഗത്തിന്റെ സേവനവും മാസത്തിലൊരിക്കൽ സൈക്യാട്രിസ്റ്റിന്റെ സേവനവും ജീവിതശൈലീ രോഗ ക്ലിനിക്കും പ്ലാസ്റ്റിക് സർജന്റെ സേവനവും ആഴ്ചയിൽ ഒരു ദിവസമെന്ന നിലയിൽ ഇവിടെ ലഭ്യമാക്കി വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40.30 കോടി രൂപയുടെ അടങ്കൽ തുക അടിസ്ഥാനമാക്കിയുള്ള പ്രൊപ്പോസലാണ് നൽകിയിരുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 23.53 കോടി രൂപ നബാർഡ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ചിരുന്നു. അതിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 4640 സ്ക്വയർ മീറ്റർ വീതമുള്ള

മെയിൽ വാർഡിന്റെയും ഫീമെയിൽ വാർഡിന്റെയും നിർമ്മാണമാണ് പൂർത്തിയായത്. ഇതോടൊപ്പമുള്ള ഓക്സിജൻ പ്ലാന്റ്, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. 140 കിടക്കകളിലേയ്ക്ക് ഓക്സിജൻ പൈപ്പ്ലൈനും 16 ഐ.സി.യു. കിടക്കകളിലേയ്ക്ക് ഓക്സിജൻ ലൈൻ സ്ഥാപിച്ചിട്ടുള്ള വാർഡും സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 200 കെ.വി.എ. ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെ ലൊക്കേഷനും പ്രാധാന്യവും കണക്കിലെടുത്ത് ഈ സാധ്യതകൾ പരിശോധിച്ച് മെച്ചപ്പെട്ട ചികിത്സാ സേവനം ലഭ്യമാക്കാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

(10) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ സമഗ്ര നവീകരണം ആവശ്യപ്പെട്ടുകൊണ്ടാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ഒരു ദിവസം ആയിരത്തിലധികം ഒ.പി.-യും നൂറോളം ആളുകൾ ഇൻപേഷ്യന്റ്സായും വരുന്ന ആശുപത്രിയാണിത്. ആശുപത്രിയുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പല കാരണങ്ങളാൽ അത് നടക്കുന്നില്ല. കിഫ്ബി 15 കോടി രൂപ അനുവദിച്ചുവെങ്കിലും റെയിൽവേയുടെ

അനുവാദം ലഭിക്കാതെ നിർമ്മാണപ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമാണ്. 13 കോടി രൂപ കെട്ടിടത്തിന് അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിന് 2 കോടി രൂപ അനുവദിച്ചാൽ ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും. പഴയ സ്റ്റാഫ് പാറ്റേൺ തുടരുന്നതുകാരണം കൂടുതൽ രോഗികൾ വരുമ്പോൾ വേണ്ടത്ര സേവനം നൽകാൻ കഴിയാത്തതിനാൽ എല്ലാ ദിവസവും വലിയ പരാതികളുണ്ടാകുന്നുണ്ട്. അതുകൊണ്ട് സ്റ്റാഫ് പാറ്റേൺ പുതുക്കാൻകൂടി നടപടി സ്വീകരിക്കണം. ഡയാലിസിസ് സെന്ററിന് ഉപകരണങ്ങളടക്കമുള്ള കാര്യങ്ങൾക്ക് പൂർണ്ണമായും എം.എൽ.എ. ഫണ്ട് അനുവദിച്ചു. എന്നാൽ അതിന്റെ ഉപകരണങ്ങൾ വാങ്ങാൻ ചില സാങ്കേതികത്വമുണ്ട്. ഫണ്ട് മുഴുവൻ ലഭിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് സാധനങ്ങൾ വാങ്ങാതെ പെൻഡിംഗിലാണ്. 2016-ൽ എക്സ്-റേ യൂണിറ്റിനും ജനറേറ്ററിനുമായി എം.എൽ.എ. ഫണ്ട് അനുവദിച്ചിരുന്നു. ജനറേറ്റർ യാഥാർത്ഥ്യമായി. എന്നാൽ മൂന്ന് വർഷമായിട്ടും എക്സ്-റേ യൂണിറ്റ് യാഥാർത്ഥ്യമാകാതിരുന്നപ്പോൾ മുൻ ആരോഗ്യ വകുപ്പുമന്ത്രി ഇടപെട്ട് അടിയന്തരമായി ഒരു എക്സ്-റേ യൂണിറ്റ് നൽകുകയുണ്ടായി. പക്ഷേ, 2016-ൽ അനുവദിച്ച ഫണ്ടായതിനാൽ എ.എസ്. മാറ്റാൻ കഴിയില്ല. ഈ എക്സ്-റേ

യൂണിറ്റ് അനുവദിക്കുകയാണെങ്കിൽ അത് കൊപ്പം സി.എച്ച്.സി.-ക്ക് ഉപയോഗിക്കാനാകും. എ.എസ്. മാറ്റി നൽകാൻ സാധിക്കാത്തതുകൊണ്ട് താലൂക്കാശുപത്രിയിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് അറേഞ്ച് ചെയ്യുകയാണെങ്കിൽ അത് നടക്കും. ഇത്തരം കാര്യങ്ങളിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നങ്ങൾ തീർപ്പാക്കണമെന്നും താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണത്തിന് പ്രത്യേക ഇടപെടലുണ്ടാകണമെന്നും ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ടും ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതനുസരിച്ച് മീറ്റിംഗ് വിളിച്ചുചേർക്കുകയും ബഹുമാനപ്പെട്ട എം.എൽ.എ. അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിഫ്ബി തുക അനുവദിച്ചുവെങ്കിലും റെയിൽവേയുടെ എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. വർഷങ്ങളായ ഒരു പദ്ധതിയാണ്. അന്നത്തെ യോഗ തീരുമാനമനുസരിച്ച്

ആരോഗ്യ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തുകയും നിലവിലെ സ്ഥലത്ത് എൻ.ഒ.സി. ആവശ്യമില്ലാത്ത രീതിയിൽ നിർമ്മാണം നടത്താൻ കഴിയുമെന്നുമാണ് ഏറ്റവുമവസാനം അറിയിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭിപ്രായപ്രകാരം എതിർവശത്തുള്ള മറ്റൊരു സ്ഥലത്തിന്റെ കാര്യവും പരിഗണിച്ചിരുന്നു. അദ്ദേഹം സബ്മിഷനിൽ ഉന്നയിച്ച വിഷയംകൂടി പരിഗണിച്ചുകൊണ്ട് അതിൽ ഒന്നിച്ച് തീരുമാനമെടുക്കാവുന്നതാണ്. ഈ ആശുപത്രിയുടെ ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനായി 2016-17-ൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 26,97,000 രൂപ അനുവദിച്ച് 100 കെ.വി.എ. ജനറേറ്റർ സ്ഥാപിച്ചു. ബാക്കി തുക ഉപയോഗിച്ച് അദ്ദേഹം പറഞ്ഞ രീതിയിൽ ഡിജിറ്റൽ എക്സ്-റേ യൂണിറ്റ് വാങ്ങി കൊപ്പം സി.എച്ച്.സി.-ക്ക് നൽകാൻ നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിനാവശ്യമായ 9 ഉപകരണങ്ങൾ വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകുകയും അതിൽ 8 എണ്ണം ലഭ്യമാക്കുകയും അത് സ്ഥാപിച്ചുകൊണ്ടിരിക്കുകയുമാണ്. Crash cart, Defibrillator with cardiac Monitor, Emergency Trolley (Trauma Emergency

Cot), Fire Extinguisher, ICU cot model B, RO Plant 2000 Ltr. with disinfection and distribution lines, Suction Apparatus, Syringe Pump എന്നിവ എത്തിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സജീവ ഇടപെടലാണ് വകുപ്പ് നടത്തിവരുന്നത്.

**11.11 am]**

**V പ്രത്യേക അനുമതി**

<u>നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം</u>

<u>മി. സ്പീക്കർ</u>: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. ഉമ്മൻ ചാണ്ടി ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"Since I am undergoing treatment on medical grounds, I am unable to attend the 8th session of KLA started from January 23rd to 30th March 2023. Kindly grant me leave."

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭ അനുവാദം നൽകി)

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

**11.12 am]**

**VI ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XII | – | പോലീസ് |
| ധനാഭ്യർത്ഥന നമ്പർ XIII | - | ജയിലുകൾ |
| ധനാഭ്യർത്ഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XXIII | - | വാർത്താവിതരണവും പ്രചരണവും |

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ

ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളുമെന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവുമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XII | പോലീസ് | 4750,11,81,000 | 61,58,05,000 | 4811,69,86,000 |
| XIII | ജയിലുകൾ | 190,05,37,000 | --- | 190,05,37,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 611,24,89,000 | 9,26,00,000 | 620,50,89,000 |
| XXIII | വാർത്താ വിതരണവും പ്രചരണവും | 106,27,93,000 | 2,60,00,000 | 108,87,93,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളുമെന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവുമെന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: നാല് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസിന്റെ ക്രിമിനൽവൽക്കരണവും രാഷ്ട്രീയവൽക്കരണവും ക്രമസമാധാന പരിപാലനത്തിൽ തകർച്ച ഉണ്ടാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസുകാർ പ്രതികളാകുന്ന ക്രിമിനൽ കേസുകൾ വർദ്ധിച്ചുവരുന്നതും ഗുണ്ടാ സംഘങ്ങളുമായും ലഹരി മാഫിയയുമായും പോലീസുകാർ ബന്ധം പുലർത്തുന്നതുംമൂലം ക്രമസമാധാന പ്രതിസന്ധി ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ

ആവർത്തിക്കുന്നത് തടയുന്നതിൽ പോലീസ് പരാജയപ്പെട്ടതായും രാഷ്ട്രീയ കൊലപാതക കേസ് പ്രതികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മയക്കുമരുന്ന് മാഫിയകളുമായും ഗുണ്ടകളുമായും ബന്ധമുള്ള ആളുകൾ സേനയിൽ തുടരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീപീഡനം ഉൾപ്പെടെയുള്ള ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാരെ സർക്കാർ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുണ്ടകളും മറ്റ് മാഫിയകളുമായി ബന്ധം പുലർത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗുണ്ടകളുമായും മറ്റ് മാഫിയകളുമായും പോലീസ് അവിശുദ്ധ ബന്ധം പുലർത്തുന്നതായും അത് തടയുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ക്രമസമാധാന പ്രശ്നങ്ങളും പോലീസ് അതിക്രമങ്ങളും നിലനിൽക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രി സന്ദർശനം നടത്തുന്ന സ്ഥലങ്ങളിൽ പ്രതിപക്ഷ യുവജന പ്രസ്ഥാനങ്ങളുടെ പ്രവർത്തകരെ നിയമവിരുദ്ധമായി കരുതൽ തടങ്കലിലാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ സുരക്ഷയുടെ പേരിൽ

ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യവും പൗരാവകാശങ്ങളും പോലീസ് നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിനെതിരെ സമരം ചെയ്യുന്നവരെ ക്രിമിനൽ കേസിൽപ്പെടുത്തി അറസ്റ്റ് ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ സുരക്ഷയുടെ പേരിൽ പൊതുജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതായും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെയും അവരുടെ പോഷകസംഘടനകളുടെയും പ്രവർത്തകരെ അന്യായമായി കരുതൽ തടങ്കലിൽ വയ്ക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമാധാനപരമായി പ്രതിഷേധിക്കുന്ന യുവജനങ്ങൾ അടക്കമുള്ള പ്രതിഷേധക്കാർക്ക് നേരെ അക്രമം അഴിച്ച് വിടുന്നതായും സ്ത്രീ പ്രതിഷേധക്കാരെ പുരുഷ പോലീസ് കൈകാര്യം ചെയ്യുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നിർദ്ദേശപ്രകാരം കൊലപാതകം നടത്തിയെന്ന് എടയന്നൂർ ശുഹൈബ് വധക്കേസ് പ്രതി വെളിപ്പെടുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പോക്സോ കേസുകളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഗുണ്ടാ ആക്രമണവും സാമൂഹ്യവിരുദ്ധരുടെ ആക്രമണവും വർദ്ധിച്ചുവരുന്നതായും ഇത് തടയാൻ പോലീസിന് കഴിയാത്ത രീതിയിൽ ക്രിമിനലുകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥർ പോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകുകവഴി കേസുകൾ

അട്ടിമറിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന പരിശോധനകളുടെ പേരിൽ ഇരുചക്ര വാഹന യാത്രക്കാരെ പോലീസ് ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അയൽ സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഇരുചക്ര യാത്രക്കാരിൽനിന്നും ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ പോലീസ് വ്യാപകമായി പിഴയീടാക്കുന്നതായും ആയതിലൂടെ നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് പൊതുജനത്തെ കൊള്ളയടിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ സൈബർ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2062-00-103 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 6,34,00,000 രൂപ നീക്കം ചെയ്യേണ്ടതാണ് (നയതന്ത്ര ചാനൽ വഴി സ്വർണ്ണം

കടത്തിയെന്ന ആരോപണവുമായി ബന്ധപ്പെട്ട കേസുകളിൽ വിധി പറയാനിരിക്കെ ലോകായുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതിനുള്ള നിയമനിർമ്മാണത്തിന് മുതിരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്‌കുമാർ ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 4055-00-207-87 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,80,00,000 രൂപ 1,70,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുനിരത്തുകളിൽ സ്ഥാപിക്കാനുള്ള ക്യാമറകൾ വാങ്ങിയതിൽ ക്രമക്കേടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4811,69,86,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്

2. ശ്രീ. അനൂപ് ജേക്കബ്

ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊലക്കേസ് പ്രതികൾക്കുൾപ്പെടെ ജയിലിനകത്ത് മയക്കുമരുന്നും മൊബൈൽ ഫോണുമൊക്കെ എത്തിച്ചു കൊടുക്കുന്നതിന് ജയിൽ ജീവനക്കാർ കൂട്ടുനിന്നതായും പറയപ്പെടുന്ന വിഷയത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുപുള്ളികൾക്ക് രാഷ്ട്രീയ പരിഗണനവച്ച് മൊബൈൽ ഫോൺ, കഞ്ചാവ്, പുറമെയുള്ള ഭക്ഷണം എന്നിവയെല്ലാം എത്തിച്ചുനൽകുന്നതായും ജയിൽ നിയമങ്ങൾ പരസ്യമായി

ലംഘിക്കപ്പെടുന്നതായും ചില തടവുകാർക്ക് മാനദണ്ഡം പാലിക്കാതെ പരോൾ അനുവദിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജയിലുകളിലേക്ക് ലഹരിപദാർത്ഥങ്ങൾ എത്തിച്ചു നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ ലഹരിയും മയക്കുമരുന്നുകളും യഥേഷ്ടം ഉപയോഗിക്കുന്നതിന് സഹായകരമായ നിലപാട് ജയിൽ അധികൃതർ സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊലപാതകക്കേസുകളിലെ ചില പ്രതികൾക്ക് ജയിലധികൃതർ അനധികൃത സൗകര്യങ്ങൾ അനുവദിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ മയക്കുമരുന്ന് വ്യാപാരം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്രിമിനലുകൾക്കും, രാഷ്ട്രീയ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവർക്കും അനധികൃത സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് ക്രിമിനൽ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും നടത്തുന്നതിനായി തടവുപുള്ളികൾക്ക് മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകളിൽ ക്രിമിനലുകളും ജയിൽ ഉദ്യോഗസ്ഥരും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുള്ളതായും അതിനെ ചോദ്യം ചെയ്യുന്ന തടവുകാർക്ക് മനുഷ്യാവകാശ ലംഘനങ്ങൾ നേരിടേണ്ടിവരുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സെൻട്രൽ ജയിലുകളിൽ നിന്നുൾപ്പെടെ അന്തേവാസികൾക്കുള്ള ഭക്ഷണ സാധനങ്ങൾ ഉദ്യോഗസ്ഥർ കടത്തിക്കൊണ്ടുപോയി കരിഞ്ചന്തയിൽ വിൽക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകൾ കേന്ദ്രീകരിച്ച് കുറ്റവാളികളുടെ നേതൃത്വത്തിൽ ലഹരി മാഫിയ സംഘം പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ക്രിമിനലുകൾ അനധികൃതമായി പരോൾ നേടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസ് പ്രതികൾക്ക് അനധികൃത പരോൾ അനുവദിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർക്ക് പരോൾ നൽകുന്നതിൽ വ്യവസ്ഥകൾ ലംഘിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേന്ദ്ര ഗവൺമെന്റ് ജയിൽപ്പുള്ളികളോട് സ്വീകരിക്കുന്നതായ വിഭാഗീയ നിലപാട് സംസ്ഥാനത്തെ ജയിലുകളിലും നടപ്പാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളിൽ പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശിക്ഷാനന്തര പുനരധിവാസം എന്ന ആശയം ഉൾക്കൊണ്ട് സംസ്ഥാനത്തെ ജയിൽ നിയമങ്ങളിൽ ആവശ്യമായ പരിഷ്കരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജയിലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാരുടെ എണ്ണത്തിനനുസരിച്ച് ജയിലുകളിൽ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർക്ക് തുടർവിദ്യാഭ്യാസത്തിനും വായനയ്ക്കും വിനോദത്തിനും വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 190,05,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. അനൂപ് ജേക്കബ്
3. ശ്രീ. ഷാഫി പറമ്പിൽ
4. ശ്രീ. ടി. ജെ. വിനോദ്

5. ശ്രീ. സനീഷ്കുമാർ ജോസഫ്

6. ശ്രീമതി ഉമ തോമസ്

## ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

ശ്രീ. യു. എ. ലത്തീഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ അഗ്നിശമന സേനയെ സജ്ജമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്ത സാഹചര്യങ്ങളിൽ അഗ്നിശമനസേനയുടെ സേവനം സമയബന്ധിതമായി ഉറപ്പാക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടുതൽ അഗ്നിശമനസേന യൂണിറ്റുകൾ ആരംഭിക്കേണ്ടതിന്റെ

ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇടുങ്ങിയ റോഡുകളിലൂടെ കടന്നുപോകുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക യന്ത്രസാമഗ്രികൾ അഗ്നിശമന സേനയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അഗ്നിശമനസേനയ്ക്ക് ഇടുങ്ങിയ റോഡുകളിലൂടെ അപകടം സംഭവിച്ച സ്ഥലങ്ങളിൽ വേഗത്തിൽ എത്തിച്ചേർന്ന് ആശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ വാഹനങ്ങളും സ്കൈ ലിഫ്റ്റുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നൂതന അഗ്നിശമന ഉപകരണങ്ങളും വാഹനങ്ങളും ഉൾപ്പെടെ ലഭ്യമാക്കി അഗ്നിശമനസേന വിഭാഗത്തെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അഗ്നിശമനസേനയെ വന്യജീവി ആക്രമണം ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് സജ്ജരാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഹോം ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവരുടെ സേവനം വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായും ആയത് തടയാൻ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ ഉപയോഗത്തിനായി സ്റ്റേഷനറി സാധനങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ യഥാസമയം ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിനും സ്കൂൾ പാഠപുസ്തകങ്ങൾ ഉൾപ്പെടെ സർക്കാരിന്റെ മുഴുവൻ പ്രിന്റിംഗ് ജോലികളും

സർക്കാർ പ്രസ്സ് മുഖേന നിർവ്വഹിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവത്കരണം ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പ്രസ്സുകൾ ആധുനികവത്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അച്ചടി വകുപ്പിനുകീഴിൽ സർക്കാർ പ്രസ്സുകളിൽ ആധുനികവത്കരണ നടപടികൾ ആരംഭിച്ചതിനുശേഷം സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും അനുപാതം പുന:ക്രമീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അച്ചടി ജോലികൾ ഓൺലൈനായി മാറിയ സാഹചര്യത്തിൽ ഇതിനാവശ്യമായ ഉപകരണങ്ങൾ വകുപ്പിന് ലഭ്യമാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൂടുതൽ പ്രസ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയം വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ബജറ്റ് ഹെഡിനുകീഴെ 4050-00-800-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 110,00,000 രൂപ 60,00,000 രൂപയായി

കുറവ് ചെയ്യേണ്ടതാണ് (കമ്പ്യൂട്ടർവൽക്കരണവും, കടലാസ്സരഹിത ഓഫീസുകളും സാധാരണമായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അച്ചടി പ്രസ്സുകളുടെ പുതിയ യൂണിറ്റുകൾക്കായി പണം ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 620,50,89,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. പി. സി. വിഷ്ണുനാഥ്
4. ശ്രീ. റോജി എം. ജോൺ
5. ശ്രീ. ഷാഫി പറമ്പിൽ

6. ശ്രീ. ടി. ജെ. വിനോദ്

7. ശ്രീ. സനീഷ്കുമാർ ജോസഫ്

8. ശ്രീമതി ഉമ തോമസ്

9. ശ്രീ. മോൻസ് ജോസഫ്

10. ശ്രീ. അനൂപ് ജേക്കബ്

ധനാഭ്യർത്ഥന നമ്പർ XXIII –വാർത്താവിതരണവും പ്രചരണവും

ശ്രീ. സണ്ണി ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും പരസ്യ ഇനത്തിൽ സർക്കാർ വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ

പി.ആർ.ഡി. ഉദ്യോഗസ്ഥരുടെയും പ്രസ്സ് സെക്രട്ടറിമാരുടെയും സേവനം ലഭ്യമായിരുന്നിട്ടും മന്ത്രിമാരുടെ ഓഫീസിൽ പി.ആർ.ഒ.-മാരുടെ പ്രത്യേക തസ്തിക സൃഷ്ടിക്കാനുള്ള തീരുമാനം ഒഴിവാക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ പദ്ധതികളുടെ പരസ്യങ്ങൾക്കുവേണ്ടി ഭീമമായ തുക പാഴാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് പറയുമ്പോഴും വിവിധ മാധ്യമങ്ങളിലൂടെ സർക്കാർ പരസ്യം നൽകുന്നത് വൻബാധ്യത വരുത്തി

വയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ പരിപാടികളുടെ പരസ്യ പ്രചരണങ്ങൾക്കായി വൻതുക ചെലവഴിക്കുന്നു എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള മീഡിയ അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഔട്ട്ഡോർ പബ്ലിസിറ്റിക്കായി ഹോർഡിങ്ങുകൾ സ്ഥാപിച്ചതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ അന്വേഷിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് ഓഫീസുകളിൽ സർക്കാർ പ്രസിദ്ധീകരണങ്ങൾ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെറുകിട പത്രങ്ങൾക്ക് പരസ്യം നൽകുന്നതിൽ സർക്കാർ വിവേചനം

കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പി.ആർ.ഡി. ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ ഒഴിവുകൾ നികത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചെലവിൽ ലഘുലേഖകൾ തയ്യാറാക്കി പാർട്ടി പ്രവർത്തനം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പി.ആർ.ഡി. മുഖേന ലഘുലേഖകൾ അച്ചടിച്ച് കരാർ/ദിവസവേതന ജീവനക്കാരെ ഉപയോഗിച്ച് പാർട്ടി ഓഫീസുകളിൽ വിതരണം നടത്തുന്നതായി പറയപ്പെടുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത്

മാധ്യമ പ്രവർത്തകർക്ക് എതിരെയുള്ള കേസ്സുകളും, നിയന്ത്രണവും എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കുള്ള പെൻഷൻ തുക ഉയർത്തുന്നതിനും കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ട വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സമൂഹമാധ്യമങ്ങളിൽ വരുന്ന വ്യാജവാർത്തകളും സന്ദേശങ്ങളും പരിശോധിക്കുന്ന വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന്

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യാജവാർത്തകൾ സൃഷ്ടിക്കുന്ന ആശങ്ക ദൂരീകരിക്കുന്നതിനായി വസ്തുതകൾ യഥാസമയം പൊതുജനത്തെ ബോദ്ധ്യപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയം വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ പ്രദർശനവും പരസ്യവും എന്ന 2220-60-101-99 ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 13,60,00,000 രൂപ 3,60,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരസ്യങ്ങൾക്കായി വലിയ തുക ചെലവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,87,93,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. അൻവർ സാദത്ത്
4. ശ്രീ. റോജി എം. ജോൺ
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. ടി. ജെ. വിനോദ്
7. ശ്രീ. സനീഷ്കുമാർ ജോസഫ്
8. ശ്രീ. സജീവ് ജോസഫ്
9. ശ്രീമതി ഉമ തോമസ്
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. മോൻസ് ജോസഫ്

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും, വാർത്താവിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി സമാധാനപൂർണ്ണവും ഭദ്രമായ ക്രമസമാധാനനിലയുമുള്ള നാടായി കേരളം ഉയർന്നുനിൽക്കുന്നുവെന്നതിൽ നമുക്കേറെ അഭിമാനിക്കാം. വർഗ്ഗീയ കലാപത്തിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളുണ്ടായിട്ടും കേരളത്തിന്റെ ആഭ്യന്തര വകുപ്പും പോലീസും കാര്യക്ഷമമായ ഇടപെടലുകളിലൂടെ സംഘർഷാന്തരീക്ഷത്തെ ഇല്ലാതാക്കി സമാധാനപൂർണ്ണമായ ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്ന ഏകസംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തെ രൂപപ്പെടുത്തിയിരിക്കുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽ കേരളത്തിലെ പോലീസ് സേനയുടെ മുഖഛായ മാറ്റിയെടുത്ത ഏഴ് വർഷങ്ങളാണ് കടന്നുപോയത്. ഇന്ത്യയിലെ മികച്ച പോലീസ് സേനകളിലൊന്നാണെന്ന കാര്യത്തിന് നിരവധി ദേശീയ-അന്തർദേശീയ പുരസ്കാരങ്ങളാണ് കേരളത്തിലെ പോലീസ് സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഏഴ് വർഷക്കാലത്തെ കണക്കുനോക്കിയാൽ കേരളത്തിലെ കുറ്റകൃത്യങ്ങളുടെ

നിരക്ക് കുറഞ്ഞിട്ടുണ്ട്. പുതിയ കാലഘട്ടത്തിനനുസരിച്ച് പോലീസ് സേനയിൽ ആധുനികവൽക്കരണം നടപ്പാക്കുകയും സേനയിലെ വനിതാപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്തത് പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ കേരള പോലീസ് ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനിതാ പോലീസ് ബറ്റാലിയൻ മേനംകുളത്ത് ആരംഭിച്ചു. വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം കേരളത്തിൽ സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട കേരള പോലീസിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളായിരുന്നു. ഇന്ത്യയിലെ പോലീസ് സേനകളിൽ കേസുകൾ തെളിയിക്കുന്നതിൽ ഏറ്റവും മികവ് പുലർത്തിയ പോലീസ് സേന കേരളത്തിലേതാണ്. സമൂഹത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമായപ്പോൾ, അവ കണ്ടെത്താനും അവസാനിപ്പിക്കാനും മാതൃകാപരമായ നടപടികൾ സ്വീകരിക്കാനുമുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയത് കേരളത്തിലെ പോലീസ് സംവിധാനമാണ്. നമ്മുടെ നാട് പ്രളയത്തേയും കോവിഡിനേയും നേരിട്ട ദുരന്തകാലത്ത്, ജനകീയ

ഇടപെടലുകളിലൂടെ പോലീസ് സേന നമുക്ക് മാതൃകയായിട്ടുണ്ട്. കോവിഡ് കാലത്ത് നാട്ടിലെ ജനങ്ങൾക്ക് മരുന്നുവരെ വീട്ടിലെത്തിച്ചുകൊടുത്ത് സഹായിക്കാൻ ജനസൗഹൃദമായ ഒരു പോലീസ് സേനയ്ക്ക് എങ്ങനെയാണ് കഴിയുകയെന്നുള്ളത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസ് സംവിധാനം കേരളത്തിന് അനുഭവവേദ്യമാക്കി. കേരളത്തിൽ മാത്രമല്ല രാജ്യത്ത് പലയിടത്തും ഗുണ്ടകളും ലഹരി മാഫിയയുമുൾപ്പെടെ വർദ്ധിച്ചുവരുന്നുവെന്നുള്ളത് വസ്തുതയാണ്. അത്തരം കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യാൻ കർശന നിലപാടുകളാണ് കേരളത്തിലെ പോലീസ് സംവിധാനം ഒരുക്കിയിട്ടുള്ളത്. പോലീസ് സേനയിൽ നൂറ്റിയമ്പതോളം കായികതാരങ്ങൾക്കാണ് നിയമനം നൽകിയത്. മുൻകാലങ്ങളിൽ മുടങ്ങിക്കിടന്നിരുന്ന നിയമനം പുതിയ തസ്തികകൾ സൃഷ്ടിച്ചാണ് കേരളത്തിലെ കായികതാരങ്ങൾക്ക് നൽകിയത്. മലപ്പുറത്ത് കേരള പോലീസ് ഫുട്ബോൾ അക്കാദമി ആരംഭിച്ചുകഴിഞ്ഞു. സഖാവ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിച്ചത്. ഇന്ന് ആയിരത്തോളം സ്കൂളുകളിൽ ആയിരക്കണക്കിന് കുട്ടികൾ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഭാഗമായി മാറിയിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷനുകളിൽ ആധുനിക വാഹനങ്ങളും

സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തുകയും ജയിലുകളിൽ ആധുനിക കാലഘട്ടത്തിനാവശ്യമായ സൗകര്യങ്ങളുൾപ്പെടെ കൊണ്ടുവരികയും ചെയ്തതിലൂടെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് രാജ്യത്തെ ഏറ്റവും മികച്ചതാണെന്ന നിലയിൽ അവാർഡുകൾ ലഭ്യമായിട്ടുണ്ട്. അതിന്റെ കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിലെ പോലീസ് സേന ഇത്തരം മാതൃകാപരമായ നിലപാടുകൾ സ്വീകരിച്ചെന്ന് സൂചിപ്പിക്കുമ്പോൾത്തന്നെ എവിടെനിന്നാണ് പോലീസ് സേനയ്ക്ക് ഈ മാറ്റമുണ്ടായതെന്നുകൂടി മനസ്സിലാക്കണം. എനിക്കുശേഷം ചർച്ചയിൽ പങ്കെടുക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 2011-2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കുറച്ചുകാലം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന വ്യക്തിയാണ്. ആ ഗവൺമെന്റിന്റെ ഭരണകാലത്ത് മൂന്ന് ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുണ്ടായിരുന്നു. മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. രമേശ് ചെന്നിത്തല എന്നിവരാണ് അന്ന് ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുന്നത്. കേരളത്തിലെ അന്നത്തെ പോലീസ് സംവിധാനത്തെക്കുറിച്ചും ക്രമസമാധാനനിലയെക്കുറിച്ചും കേരള ഹൈക്കോടതി എത്രതവണ വിമർശിച്ചിരുന്നു. കേരളത്തിൽ പൗരാവകാശവും നിയമവാഴ്ചയും

ഉറപ്പാക്കുന്നതിൽ പരാജയം എന്നുൾപ്പെടെയുള്ള ആക്ഷേപങ്ങളാണുണ്ടായത്. ഒരു ഭരണകൂടത്തിന്റെ ഗുണ്ടാസേനയെന്ന നിലയിൽ കേരളത്തിന്റെ പോലീസ് സംവിധാനത്തെ മാറ്റിയത് നിങ്ങളുടെ കാലത്താണ്. കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ പോലീസ് സംവിധാനത്തെ സംബന്ധിച്ച് വളരെയേറെ ആക്ഷേപങ്ങളാണ് നിങ്ങൾ ഉന്നയിച്ചത്. കരുതൽ തടങ്കലിനെ സംബന്ധിച്ചും സമരങ്ങളോടുള്ള സമീപനത്തെ സംബന്ധിച്ചും നിങ്ങൾ വലിയതോതിൽ പ്രസംഗിക്കുന്നത് കേട്ടു. അതിന്റെ പശ്ചാത്തലത്തിലാണ് ഞാൻ പറയുന്നത്. രാഷ്ട്രീയ പ്രതിയോഗികളെ വളരെ മാന്യമായിട്ടാണല്ലോ നിങ്ങൾ കൈകാര്യം ചെയ്തത്? എം.എൽ.എ. ആയിരുന്ന സഖാവ് ജെയിംസ് മാത്യുവിനെ ഒരു കള്ളക്കേസിൽ കുടുക്കി കൊലപാതകക്കുറ്റം ചുമത്തിയാണ് ജയിലിലിടച്ചത്. അത് എന്തെങ്കിലും തെളിവുണ്ടായിട്ടാണോ? രാഷ്ട്രീയ പരിഗണനകളൊന്നുമില്ലാതെ പ്രവർത്തിച്ചുവെന്ന് പറയുന്ന ഭരണകാലത്ത് തെളിവുകളൊന്നുമില്ലാതെയാണ് നിയമസഭയിലെ ഒരംഗത്തെ ജയിലിലിടച്ചത്. അതിൽ ഏത് ആഭ്യന്തര വകുപ്പുമന്ത്രിക്കാണ് പങ്കെന്ന് വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്റെ സീറ്റിന്റെ ഇടതുഭാഗത്തിരിക്കുന്ന സഖാവ് എം. എം. മണി ജയിലിലടയ്ക്കപ്പെട്ടതും

നാട്ടുകടത്തപ്പെട്ടതും എന്ത് ചെയ്തിട്ടായിരുന്നു; അതുപോലെ പ്രസ്താവനകൾ നടത്തിയ വ്യക്തികൾ അപ്പുറത്തുണ്ടായിരുന്നല്ലോ; ജഡ്ജിക്ക് കൈക്കൂലി കൊടുത്തുവെന്ന് പറയുന്ന നിങ്ങളുടെ നേതാവ്, ഇന്ന് സംസ്ഥാനത്തെ പ്രധാനപ്പെട്ട നേതാവുൾപ്പെടെ, അതിന്റെപേരിൽ നിങ്ങളുടെ ഭരണകാലത്തുതന്നെ ആക്ഷേപങ്ങൾ വന്നതല്ലേ; ഞാൻ നേരിട്ടുകണ്ടുവെന്നുൾപ്പെടെ പറഞ്ഞതല്ലേ; ഇവരുടെ പേരിൽ സ്വീകരിച്ച നടപടിയെന്തായിരുന്നു? കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് പി. ജയരാജനെ അറസ്റ്റ് ചെയ്ത് ജയിലിലിട്ടവരാണ് നിങ്ങൾ. അത് നേരത്തേ സഭയിൽ സൂചിപ്പിച്ചിരുന്നു. വളരെ നിഷ്പക്ഷമായ പോലീസ് നിങ്ങളുടെ ഭരണകാലത്തുണ്ടായതിന്റെ ഭാഗമായാണ് കോഴിക്കോട് ജില്ലാ സെക്രട്ടറി പി. മോഹനൻ മാഷിന് ജയിലിൽ പോകേണ്ടിവന്നത്. എന്തെങ്കിലും കുറ്റകൃത്യങ്ങൾ അദ്ദേഹം ചെയ്തുവെന്ന് തെളിയിക്കാൻ ആ കേസെടുത്തവർക്കോ പിന്നീട് വന്നവർക്കോ കഴിഞ്ഞിട്ടുണ്ടോ? ഡി.വൈ.എഫ്.ഐ. നേതാവും നിയമസഭാംഗവുമായിരുന്ന ശ്രീ. ടി. വി. രാജേഷിനെ അറസ്റ്റ് ചെയ്ത് നിങ്ങൾ ജയിലിലാക്കി. അത്തരം നിലപാടുകളാണ് നിങ്ങൾ സ്വീകരിച്ചത്. രാഷ്ട്രീയപ്രതിയോഗികളെന്ന രീതിയിൽ പോലീസിനെ പ്രയോജനപ്പെടുത്തി തങ്ങളുടെ താൽപ്പര്യങ്ങൾക്ക്

വിധേയമായി ഉപയോഗിച്ചതിന്റെ ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. ക്രിമിനലുകളും അഴിമതിക്കാരും കൊടികുത്തി വാഴുന്ന നാടായി അക്കാലത്ത് കേരളം മാറിയിരുന്നുവെന്ന് ഞാൻ ഓർമ്മപ്പെടുത്തിയെന്നുമാത്രം. ആ കാലഘട്ടത്തിൽ വിദ്യാർത്ഥി വനിതാ പ്രവർത്തകർക്കുനേരെ നടന്ന ആക്രമണങ്ങളിൽ പോലീസ് കയ്യുംകെട്ടി നോക്കിയിരിക്കുകയായിരുന്നോ; ഭീകരമായ ആക്രമണമല്ലേ അഴിച്ചുവിട്ടത്? നിയമവും ചട്ടവും കാറ്റിൽപ്പറത്തി നിങ്ങൾ ചെയ്ത പ്രവർത്തനങ്ങളുണ്ട്. മനസ്സാക്ഷിയാണ് ഏറ്റവും വലുതെന്നാണ് നിങ്ങൾ പറഞ്ഞ ന്യായീകരണം. മനസ്സാക്ഷിയുടെ കോടതി പറയുന്നതിനനുസരിച്ച് പ്രവർത്തിച്ചുവെന്ന് പറയുന്ന ഒരു ആഭ്യന്തര വകുപ്പുമന്ത്രിയും ഭരണാധികാരിയും കേരളത്തിലുണ്ടായിരുന്നത് നിങ്ങളുടെ ഭരണകാലത്തായിരുന്നു. ആർ.എസ്.എസ്. ക്രിമിനൽ പശ്ചാത്തലമുള്ള നിർമ്മൽ മാധവന് ആ മനസ്സാക്ഷി കോടതിയുടെ ഭാഗമായാണ് അനധികൃതമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ കൊടുക്കാൻ തീരുമാനിച്ചത്. തെറ്റായ ആ നീക്കത്തിനെതിരെ കേരളത്തിലെ വിദ്യാർത്ഥികൾ പ്രതിഷേധിച്ചപ്പോൾ അതിനെ നിങ്ങൾ എങ്ങനെയാണ് നേരിട്ടത്; വെടിവയ്പ് നടത്തിയോ? അന്നത്തെ കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറായിരുന്ന

ശ്രീ. രാധാകൃഷ്ണനെ വാനോളം ഉയർത്തിക്കൊണ്ടുനടന്നത് നിങ്ങളുടെ കാലത്താണ്. അത്തരം സമീപനമൊന്നും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നിയമവിരുദ്ധ പ്രവർത്തനത്തെ എതിർത്ത വിദ്യാർത്ഥികൾക്കുനേരെ അതിക്രൂരമായ ലാത്തിച്ചാർജ്ജും അക്രമവുമാണ് അക്കാലത്ത് നടന്നത്. എം.ജി. കോളേജിലെ ആക്രമണത്തിൽ ആർ.എസ്.എസ്.-കാരായ 32 പേർ പ്രതികളായിരുന്നുവെന്നത് നമുക്കറിയാമല്ലോ; അവരോട് നിങ്ങൾക്ക് എന്തായിരുന്നു സ്നേഹം? ബോംബേറിൽ ഒരു സി.ഐ.-യുടെ കാല് തകർത്ത ക്രിമിനൽ കേസിലെ പ്രതികളിൽ ഒരു ആർ.എസ്.എസ്.-കാരന് പോലീസിൽ സെലക്ഷൻ കിട്ടിയതിന്റെ പേരിൽ 32 പ്രതികളെയും വെറുതെവിട്ട് ആർ.എസ്.എസ്.-നോടുള്ള സ്നേഹം പ്രകടിപ്പിച്ചവരാണ് നിങ്ങൾ. അതൊന്നും എന്റെ ഭരണകാലത്തല്ലെന്ന് പറഞ്ഞ് ചിലരൊക്കെ ഒഴിഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടുക്കി രൂപതാ ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെ ബോംബെറിഞ്ഞ കേസിലെ പ്രതികളെ അന്ന് സംരക്ഷിച്ചിരുന്നത് ആരായിരുന്നു? അക്കാര്യം സഭയിൽ അന്നും അതിനുശേഷവും ചർച്ച ചെയ്തതാണ്. ആ കേസിലെ വിശദാംശങ്ങൾ നിങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും. ഇപ്പോൾ നിങ്ങൾ പുണ്യാളന്മാർ ചമഞ്ഞ് കേരളത്തിലെ മുഖ്യമന്ത്രിയെ

ആക്രമിക്കുകയും ക്രമസമാധാനം തകർക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുമ്പോൾ കേരള പോലീസ് മിതമായ ഇടപെടലുകൾ നടത്തുന്നതിൽ അരിശംകൊണ്ട് നിയമസഭയിൽ പ്രവർത്തിക്കുകയാണ്. മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കേരള യാത്ര നടത്തിയത് ഓർമ്മയുണ്ടാകും. കേരളം സുരക്ഷിതമല്ലെന്നാണ് അദ്ദേഹം കേരള യാത്രയിൽ പറഞ്ഞത്. നിങ്ങളുടെ ഭരണകാലത്താണ് കേരള യാത്ര നടത്തിയത്. യു.ഡി.എഫ്. ഭരണകാലത്ത് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറി. അതിനെ മറികടന്നാണ് കേരളം പുതിയ കാലഘട്ടത്തിലേയ്ക്ക് കാലെടുത്തുവച്ചത്. പോലീസ് സേന നവീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പറയാനാണ് ഞാൻ ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. ഗാന്ധിയൻ സമരമാർഗ്ഗങ്ങളാണ് നിങ്ങൾ നടത്തുന്നതെന്ന് പറഞ്ഞു. ഗാന്ധിയൻ സമരമാർഗ്ഗത്തിന്റെ ഭാഗമായിട്ടാണല്ലോ അന്നത്തെ ഹയർ സെക്കണ്ടറി ഡയറക്ടറായിരുന്ന കേശവേന്ദ്ര കുമാറിനുമേൽ നിങ്ങളുടെ കുട്ടികൾ കരിഓയിൽ ഒഴിച്ചത്! ആ ഉദ്യോഗസ്ഥനോട് ഒന്നും ചോദിക്കാതെ ആ കേസ് പിൻവലിച്ചത് നിങ്ങളുടെ കാലത്തല്ലേ? കാലത്തിന്റെ കാര്യങ്ങൾ പറയുമ്പോൾ നിങ്ങളുടെ ഭരണകാലത്തെക്കുറിച്ച് ഓർക്കുന്നത്

നന്നായിരിക്കും. ഇവിടെ ചില എം.എൽ.എ.-മാർ കൊലവിളി പ്രസംഗങ്ങൾ നടത്തി. ഇപ്പുറത്ത് ശ്രീ. എം. എം. മണിയോട് കാണിച്ച അതേ നീതി നിങ്ങളുടെ ഭാഗത്തുവന്നപ്പോൾ പിന്നീടുണ്ടായില്ല, ഇരട്ട കൊലപാതക കേസുൾപ്പെടെയുണ്ടായപ്പോൾ കാണിച്ചില്ല. കേരളത്തിൽ കുറ്റകൃത്യമേറിയതും നിലവാരംകെട്ടതുമായ പോലീസ് സേനയാക്കി മാറ്റിയ അവസ്ഥയിൽനിന്നാണ് ഇന്നത്തെ പോലീസ് സംവിധാനം നാടിന്റെ സുഹൃത്തായി, നാടിന്റെ നേട്ടത്തിനുവേണ്ടി ഭദ്രമായ ക്രമസമാധാനമുള്ള സേനയായി മാറിയതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പന്ത്രണ്ട് കൊല്ലംമുമ്പ് അധികാരത്തിലുണ്ടായിരുന്ന ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണ് പരിണതപ്രജ്ഞനായ ശ്രീ. എ. സി. മൊയ്തീൻ ശ്രമിച്ചത്. അതിനർത്ഥം, ഇപ്പോഴത്തെ ഗവൺമെന്റിനെയും ആഭ്യന്തര വകുപ്പിനെയുംകുറിച്ച് കാര്യമായി ഒന്നും പറയാനില്ല എന്നുള്ളതുകൊണ്ടാണ് അദ്ദേഹം പഴയ കാലം തിരഞ്ഞ് പോയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ കയ്യിൽ കുറച്ച് കണക്കുകളുള്ളത് ഞാനുണ്ടാക്കിയതല്ല, നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരമായി നൽകിയിട്ടുള്ളതാണ്. പോലീസിലെ ഗുണ്ടകൾക്കെതിരെ

നടപടിയെടുത്തുവെന്ന് പറഞ്ഞ് അങ്ങ് നിയമസഭയിൽ നൽകിയ ഉത്തരമാണ് എന്റെ കയ്യിലിരിക്കുന്നത്. എന്റെ മാന്യതകൊണ്ട് മൂന്നുപേരുടെ പേരുകൾ ഞാൻ വായിക്കുന്നില്ല. ഗുണ്ടകളും ക്രിമിനലുകളുമായതുകൊണ്ട് അവർക്കെതിരെ നടപടിയെടുക്കാൻ തീരുമാനിച്ചു, സസ്പെൻഡ് ചെയ്തുവെന്ന് അങ്ങ് നിയമസഭയെ അറിയിച്ചതാണ്. അതിലെ ഒൻപതും പത്തും പതിനൊന്നും പേരുകൾ അങ്ങ് നിഷേധിച്ചാൽ ഞാൻ പേരുകളുൾപ്പെടെ വായിക്കാം. സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥരെ അപമാനിക്കേണ്ടെന്ന് കരുതിയാണ് ഞാൻ പേരുകൾ പറയാത്തത്. പക്ഷേ, സംസാരിക്കുന്ന രേഖ എന്റെ കൈവശമിരിക്കുകയാണ്. അവരെ മുഴുവൻ സസ്പെൻഡ് ചെയ്തുവെന്ന് പറഞ്ഞ രേഖയുണ്ടെങ്കിലും അവരുടെ പേരുകൾ ഒൻപത്, പത്ത്, പതിനൊന്നായി ചേർക്കുകയും ചെയ്തു. ഈ നിമിഷംവരെ അവർക്കെതിരെ സസ്പെൻഷനില്ല, ഇപ്പോഴും അവർ സർവ്വീസിലിരിക്കുകയാണ്. പിന്നെ എന്തിനാണ് നിയമസഭയെ തെറ്റിദ്ധരിപ്പിച്ചത്? പോലീസിന്റെ ഗുണ്ടായിസവും ആക്രമണവുമില്ലാത്തൊരു കാലമായി മാറിയെന്ന് അങ്ങ് പറഞ്ഞു. ഗവൺമെന്റ് നൽകിയിട്ടുള്ള മറുപടിയിൽ ഗുണ്ടായിസവും അക്രമവും വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ആ കണക്കുകൾ അങ്ങയെ വായിച്ച് കേൾപ്പിക്കാം. സംസ്ഥാനത്ത് ഗുണ്ടാ

അക്രമങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്. ആക്രമണ കേസുകളിൽ മൊത്തത്തിൽ ശിക്ഷിച്ചിട്ടുള്ളത് 15 ശതമാനം കേസുകൾ മാത്രമാണ്. അതിനർത്ഥം, ബാക്കിയുള്ള 85 ശതമാനവും ശിക്ഷിക്കാതിരിക്കത്തക്ക വിധത്തിലൊപ്പിച്ച് കോടതിയിൽ കൊടുത്തുവെന്നല്ലേ? അങ്ങനെയാണ് ഗുണ്ടകളെ സംരക്ഷിക്കുന്നത്. ഗുണ്ടകളെ സംരക്ഷിക്കുന്ന എന്നതിനർത്ഥം അവരെ തോളിലെടുത്ത് കൊണ്ടുപോകുകയോ ഉമ്മവച്ച് പോകുകയോ ചെയ്യുന്നതല്ല. അവരെ ശിക്ഷിക്കാതിരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കി കോടതിയിൽനിന്ന് ഊരിയെടുക്കുന്നതിനുള്ള നടപടിയെടുക്കുകയാണ്. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ക്രിമിനൽ കേസുകളുടെ എണ്ണം കൂടി വരികയാണ്. അതും അങ്ങയുടെ കണക്കാണ്. അല്ലാതെ എന്റെ കണക്കല്ല പറയുന്നത്. അങ്ങയുടെ കണക്കനുസരിച്ച് കേസുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയും ശിക്ഷിക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞുപോകുകയുമാണ്. സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? മംഗളപത്രം എഴുതുന്നവർക്ക് പെട്ടെന്ന് പ്രൊമോഷൻ നൽകി അവർക്ക് സുപ്രധാന പോസ്റ്റുകൾ നൽകി അവരെത്തന്നെ അവിടെ വാഴിക്കുന്നു. ഇങ്ങനെയൊരു മെസേജ് പോകുന്നതുകൊണ്ട് സംസ്ഥാനം നിയമ സമാധാനത്തിന്റെ കാര്യത്തിൽ കൈമണി രാഷ്ട്രീയമായി

മാറുന്നതിനാൽ ക്രമസമാധാനം തകർന്നുകൊണ്ടേയിരിക്കുന്നു. അതാണ് ഇവിടത്തെ പ്രധാന പ്രശ്നം. സംസ്ഥാനത്ത് നിലവിൽ എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് 09-02-2023-ൽ ഞാൻ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി 29 ഗുണ്ടാസംഘങ്ങളെന്നാണ്. 29 ഗുണ്ടാസംഘങ്ങളുടെ തലപ്പത്തിരിക്കുന്ന സാഹചര്യത്തിലാണ് ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സംസാരിച്ചത്. 29 ഗുണ്ടാസംഘങ്ങളെല്ലാം ഒത്തുകൂടിയാണ് സംസ്ഥാനത്തിന്റെ ക്രമസമാധാനം തകർത്തുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ ഗുണ്ടാസംഘങ്ങളുള്ളത് തിരുവനന്തപുരത്താണ്. ഇതുമായി ബന്ധപ്പെട്ട് കേസുകളുടെ എണ്ണം തിരുവനന്തപുരത്ത് 47-ഉം ആലപ്പുഴയിൽ 42-ഉം ആണ്. ഇവ കോടതിയിലെത്തിയാൽ ചിലപ്പോൾ ഊരിപ്പോകും. അവിടെയൊന്നും ഒരു പ്രശ്നമില്ല. ഇത്രയും ഗുണ്ടാസംഘങ്ങളുള്ള സംസ്ഥാനത്ത് ക്രമസമാധാനം നേരെയാണെന്ന് പറയാൻ അങ്ങേയ്ക്കുള്ള ത്രാണിയെ ഞാൻ നമിക്കുകയാണ്. '2016 ജൂൺ ഒന്നുമുതൽ നാളിതുവരെ എത്ര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ' എന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ 01-02-2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് നൽകിയ മറുപടി 'കേസുകളുടെ എണ്ണം - 168, വിചാരണ പൂർത്തിയാക്കി പ്രതികളെ ശിക്ഷിച്ച

കേസുകളുടെ എണ്ണം 15' എന്നാണ്. ഇതാണ് ഇവിടത്തെ പ്രശ്നം. നിയമസഭയിൽ ചോദിച്ചാൽ കേസെടുത്തിട്ടുണ്ടെന്ന് പറയും. സത്യത്തിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ട്; കാര്യമായി ശിക്ഷിച്ചിട്ടുമില്ല. അതെല്ലാം ഗുണ്ടാരാജായി കേരളത്തെ മാറ്റുന്നതിനുള്ള നടപടിയെടുത്തുവെന്നുള്ളതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമല്ലേ? എം.ഡി.എം.എ. കേസുകൾ കുറഞ്ഞുവരുന്നുവെന്നാണ് അങ്ങിവിടെ പറഞ്ഞത്. ഞാൻ ഒരുദാഹരണം മാത്രമേ പറയുന്നുള്ളൂ. 2020-ൽ എം.ഡി.എം.എ. കേസുകൾ 4968 ആയിരുന്നത് 2022-ൽ 11714 ആയി മാറി. അതിനാണോ അവാർഡ് കിട്ടിയതെന്ന് പറയുന്നത്? അവാർഡ് കിട്ടിയെന്ന് പറയുന്നത് എം.ഡി.എം.എ. കേസുകൾക്കാണ്. ആ കേസുകളുടെ നമ്പർ കൂടിക്കൊണ്ടിരിക്കുകയല്ലേ? ആകെയുള്ള 740 സി.ഐ.-മാരിൽ 120 പേരും ക്രിമിനൽ കുറ്റങ്ങളുമായി ബന്ധമുള്ളവരാണ്. 892 പോലീസുകാർക്ക് ഗുണ്ടാ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് അങ്ങ് നിയമസഭയിൽ പറഞ്ഞു. പോലീസ്-ക്രിമിനൽ നെക്സസ് നടക്കുന്നുവെന്നും പറഞ്ഞു. 120 പേർ കൈക്കൂലി, അഴിമതി, ഗുണ്ടാ മാഫിയ എന്നിവയിൽ ബന്ധമുള്ളവരാണ്. ഇവർക്കെതിരെ എന്ത് നടപടിയാണ് എടുത്തത്? ഒരു നടപടിയും എടുത്തില്ല. ആകെയുള്ള 320 ഡിവൈ.എസ്.പി.-മാരിൽ 45 പേർ കൈക്കൂലിയിലും

അഴിമതിയിലും ബന്ധമുള്ളവരാണ്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. ഈ കണക്കുകളെ കണ്ടില്ലെന്ന് നടിച്ച് കണ്ണുംപൂട്ടി മറുപടി പറഞ്ഞത് വളരെ കഷ്ടമായിപ്പോയെന്നുമാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ. അങ്ങ് നേരിട്ട് ഉത്തരവ് കൊടുത്ത് മൂന്ന് പോലീസുകാരെ പിരിച്ചുവിട്ടു. പബ്ലിക് സർവ്വീസ് കമ്മീഷനാണ് അവരെ റിക്രൂട്ട് ചെയ്തത്. റിക്രൂട്ട് ചെയ്യുന്ന അധികാരി അറിയാതെ അവരെ പിരിച്ചുവിടാൻ കഴിയുമോ? കോടതിവഴി തിരിച്ചുവരുന്നതിനുവേണ്ടി ഗ്രീൻചാനൽ ഒരുക്കിക്കൊടുത്തതിനുശേഷമാണ് മൂന്നുപേരെ പിരിച്ചുവിട്ടത്. കോടതിവഴി തിരിച്ചുവരുമ്പോൾ അവരെ സ്വീകരിക്കാനായി നമുക്കെല്ലാവർക്കും കാത്തിരിക്കാം. നാമമാത്രമായി നടപടിയെടുക്കുന്നതുകൊണ്ട് സംസ്ഥാനത്ത് നിയമസമാധാനം തകരുകയല്ലേ ചെയ്യുന്നത? ലഹരിക്കടത്ത്, സ്വർണ്ണക്കടത്ത്, ഗുണ്ടാ ആക്രമണങ്ങൾ, സ്ത്രീ പീഡനക്കേസുകൾ എന്നിവ തടയുന്ന കാര്യത്തിൽ പോലീസ് പരാജയമാണെന്ന് ഞാൻ പറയുന്നു. പോലീസ് വകുപ്പിൽ എല്ലാം മോശമാണെന്ന് ഞാൻ പറയില്ല. കാരണം, നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുന്നവർ കേരള പോലീസിലുണ്ട്. പക്ഷേ, അവർക്ക് യൂണിഫോം മാത്രമേയുള്ളൂ, അധികാരമില്ല. അവരെ മറ്റ് പല സ്ഥലങ്ങളിലും നിയോഗിച്ചിരിക്കുകയാണ്. അവർക്ക് ഫീൽഡിലേയ്ക്ക് വരാൻ

കഴിയാത്തതുകൊണ്ട് നടപടികളൊന്നും എടുക്കാൻ കഴിയില്ല. കേസുകളുടെ എണ്ണം കൂട്ടുന്നതെങ്ങനെയാണ്? ഒരു ജില്ലയിലെ കേസുകളുടെ കണക്ക് മാത്രം പറയാം. കഴിഞ്ഞ മൂന്നുനാല് മാസത്തിനുള്ളിൽ 196000 പെറ്റിക്കേസുകളാണ് ഒരു ജില്ലയിൽ മാത്രം ചാർജ് ചെയ്തിട്ടുള്ളത്. ഞാൻ ജില്ലയുടെ പേര് പറയുന്നില്ല. കോട്ടയം ജില്ലയല്ലേയെന്ന് ഒരു അംഗം ചോദിക്കുന്നു. അത് ശരിയാണ്. അങ്ങ് നിർബന്ധിച്ചതുകൊണ്ടുമാത്രം ഞാൻ അത് പറഞ്ഞതാണ്. അങ്ങനെ പെറ്റിക്കേസുകൾ ചാർജ് ചെയ്ത് കേസുകളുടെ എണ്ണം കൂട്ടും. അതേസമയം ഭീകരർ ഇവിടെ വിലസുകയാണ്. അത് ശരിയായ നടപടിയാണോ? എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ എന്ന ചോദ്യത്തിന് 637 പോലീസുദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയെടുത്തുവെന്ന് പറയുകയുണ്ടായി. ക്രിമിനൽ കുറ്റമാണ് ചെയ്തതെങ്കിൽ ഐ.പി.സി. വ്യവസ്ഥയനുസരിച്ച് അവർ ശിക്ഷാനടപടിക്ക് വിധേയരാകണ്ടേ? അതിനുപകരം വകുപ്പുതല നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. വകുപ്പുതലത്തിൽ ആളുകളെ സ്വാധീനിച്ച് അവർക്ക് രക്ഷപ്പെടാനുള്ള സ്ഥിതിയിലേയ്ക്കാണ് വരുന്നത്. പോലീസ്-ഗുണ്ട-മാഫിയ കൂട്ടുകെട്ട് തകർക്കാൻ സാധിക്കാത്തിടത്തോളം കേരളത്തിലെ ക്രമസമാധാനം

നേരെയാകുന്ന പ്രശ്നമേയില്ല. കേരളത്തിലെ ക്രമസമാധാനം നേരെയാക്കുമെന്ന് അങ്ങ് ഈ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. പക്ഷേ, ദൗർഭാഗ്യവശാൽ ആ ഉറപ്പ് പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ ദുഃഖം. സംസ്ഥാനത്ത് ഗുണ്ടകളുടെ അഴിഞ്ഞാട്ടം നടക്കുകയാണ്. ഒരു വ്യക്തിയുടെ കാലുവെട്ടി ഓട്ടോറിക്ഷയിൽ നാട് മുഴുവൻ കൊണ്ടുനടന്ന് പ്രദക്ഷിണം നടത്തിയവർപോലും പ്രമാണിമാരായിരിക്കുകയാണ്. ഗുണ്ടാ വിളയാട്ടം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നിരിക്കുന്നു. അത് കേരളത്തിലെ ക്രമസമാധാനം തകർക്കുകയാണ്. ഇവിടെ അവാർഡുകളെക്കുറിച്ച് പറഞ്ഞു. കേരളം വളരെ മെച്ചമാണെന്നാണ് പറയുന്നത്. മേഘാലയ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ഥാനവുമായി താരതമ്യപ്പെടുത്തി അവിടെയൊക്കെ വളരെ മോശമാണെന്നും കേരളം വളരെ ഉന്നതിയിലാണെന്നും കണക്കുപറഞ്ഞ് ദയവായി തെറ്റിദ്ധരിപ്പിക്കരുത്. കൂട്ടത്തിൽ ഒന്നുകൂടിയുണ്ട്. 2010-ലോ 2011-ലോ കാര്യമായി പ്രവർത്തിക്കാത്ത ഒരു വകുപ്പിലെ രണ്ട് രേഖകൾ ഉയർത്തിക്കാണിച്ച് ഞങ്ങൾ അതിനേക്കാൾ മഹത്തരമല്ലേ എന്നൊരു ചോദ്യം ഉന്നയിക്കും. പ്രതിപക്ഷത്തെ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കരുത്. പ്രതിപക്ഷത്തെ തെറ്റിദ്ധരിപ്പിക്കാം; പക്ഷേ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ

കഴിയുമോ? ഗവൺമെന്റിനെ പോസിറ്റീവായി കൊണ്ടുവരണമെന്നാണ് പ്രതിപക്ഷത്തിന്റെ ആഗ്രഹം. അതുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിൽനിന്ന് അടിമുടി മാറണമെന്നാണ് പറയാനുള്ളത്. ഗുണ്ടാ ആക്ടിനെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. ഗുണ്ടാ ആക്ടിൽ ഗുണ്ടകളെ പിടിക്കും. പിടിക്കുന്നതിനേക്കാൾ വേഗത്തിൽ അവരെ വിടും. ഗുണ്ടകളെ വിടുന്നതിനുവേണ്ടി ഡി.ഐ.ജി.-ക്ക് അധികാരം നൽകുന്ന ഗുണ്ടാ ആക്ടാണ് നിലവിലുള്ളത്. ഈ ഗുണ്ടാ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കേരളത്തിലെ അറിയപ്പെടുന്ന ഗുണ്ടകളെ ജയിലിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ പോലീസ് സേനയിൽ കഴിഞ്ഞ ആറേഴ് വർഷക്കാലമായുണ്ടായ മാറ്റങ്ങളെയാണ് ശ്രീ. എ. സി. മൊയ്തീൻ ചൂണ്ടിക്കാണിച്ചത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളംതന്നെയാണ് മുന്നിലെന്നത് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ അംഗീകരിക്കുകയാണ് ചെയ്തതെന്നാണ് എനിക്കുതോന്നുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ പോലീസ് സേനയെ

കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ പൊതുസ്ഥിതിയെ സംബന്ധിച്ച് ദീർഘമായി സംസാരിക്കാൻ സമയമില്ല. ഇന്ത്യൻ പീനൽ കോഡിൽ മാറ്റം വരുത്താനും പീനൽ കോഡ് പുതുക്കാനും നിയമ വകുപ്പും കേന്ദ്ര സർക്കാരും തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇന്നോളം അത് ചെയ്യാതിരിക്കുകയും ദേശീയതലത്തിലെടുക്കേണ്ട തീരുമാനമെടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, മറ്റ് പല സംസ്ഥാനങ്ങളിലും നിലവിലുള്ള ക്രിമിനൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണെന്ന അഭിപ്രായം തന്നെയാണ് നമുക്കെല്ലാമുള്ളത്. ബ്രിട്ടീഷ് കോളനി ഭരണത്തിന്റെ ഭാഗമായുണ്ടായിരുന്ന ഐ.പി.സി. ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ട് അതിന്റെ പരിമിതികൾ എല്ലായിടത്തും കാണാം. പക്ഷേ, കേരളത്തിൽ ഈ കാലയളവിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളും പോലീസ് സേനയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ആധുനികവൽക്കരണത്തിനുവേണ്ടി 152.90 കോടി രൂപയാണ് 2023-24-ലെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. സ്റ്റുഡന്റ് പോലീസ് സേന, ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മെച്ചപ്പെടുത്തൽ, ജനമൈത്രി സുരക്ഷാ പദ്ധതി, ഫോറൻസിക് സൗകര്യം വർദ്ധിപ്പിക്കൽ,

ജയിൽ ഭരണത്തിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ പണം നീക്കിവച്ചിരിക്കുന്നത്. പോലീസ് സേനയ്ക്കകത്തുള്ള ക്രിമിനലുകളെ സംബന്ധിച്ച അന്വേഷണങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും ഇവിടെ പ്രതിപാദിച്ചു. നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന 21 പോലീസുകാരെ ഈ ഗവൺമെന്റിന്റെ കാലത്ത് പിരിച്ചുവിട്ടിരിക്കുകയാണ്. മുമ്പ് എപ്പോഴെങ്കിലും കുറ്റകൃത്യങ്ങൾ നിരന്തരമായി ചെയ്യുന്ന ഇത്രയും പേർക്കെതിരെ നടപടി സ്വീകരിച്ചത് ചൂണ്ടിക്കാണിക്കാൻ കഴിയില്ല. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുൾപ്പെടെയുള്ള 23 പേർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരള പോലീസിന്റെ പൊതുവായ നിലപാട് പരിശോധിച്ചാൽ നിഷ്പക്ഷതയുടെയും നിർഭയത്വത്തിന്റെയും മുഖം നോക്കാതെയുള്ള നടപടിയുടെയും കാര്യങ്ങളാണ് ഈ കാലയളവിൽ സ്വീകരിച്ചതെന്ന് കാണാൻ സാധിക്കും. കുറ്റകൃത്യങ്ങൾ കണ്ടെത്തി തെളിയിക്കാൻ സാധിക്കാത്ത കേസുകൾ അപൂർവ്വമായി മാറിക്കൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങളിലുൾപ്പെട്ടവരെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. പോലീസ് സ്റ്റേഷനുകളിലും ജില്ലാ പോലീസ് ആസ്ഥാനങ്ങളിലും

ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിലെ ശുദ്ധീകരണ പ്രക്രിയയും അക്കൂട്ടത്തിൽ നടക്കുന്നതായി എടുത്തുകാണിക്കാൻ സാധിക്കും. അതുപോലെ പ്രധാനപ്പെട്ട കാര്യമാണ് പോലീസ് സേന നേടിയ ദേശീയ പുരസ്കാരങ്ങൾ.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. നജീബ് കാന്തപുരം]

ഇതൊക്കെ പറയുമ്പോൾ മറ്റ് സംസ്ഥാനങ്ങൾ ഇതിനേക്കാൾ മോശമായതുകൊണ്ടല്ലേ നമുക്ക് പുരസ്കാരം നേടാൻ കഴിഞ്ഞതെന്ന് പറയുന്നതിൽ അർത്ഥമില്ലല്ലോ. കേരളത്തിൽ ഇതുവരെവന്നിട്ടുള്ള ഭരണ കാലഘട്ടങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളാണ് കാണേണ്ടത്. ഇന്ത്യൻ പോലീസ് ഫൗണ്ടേഷന്റെ അഴിമതി വിമുക്ത പോലീസ് സേനയുടെ ഒന്നാം സ്ഥാനത്താണ് കേരളം എത്തിനിൽക്കുന്നത്. ഇന്ത്യാ ടുഡേ ന്യൂസ് മാഗസിന്റെ സർവ്വേയിൽ 2021-ലെ ഭാരതത്തിലെ 'Most Happy State' എന്ന് കേരളത്തെ വിലയിരുത്തിയിരിക്കുകയാണ്. ദേശീയ ഇ-ഗവേണൻസ് അവാർഡ് 2020-21 കേരള പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനുമാണ് ലഭിച്ചിരിക്കുന്നത്. പാസ്പോർട്ട് അപേക്ഷകളുടെ

പരിശോധനയിൽ കുറ്റമറ്റരീതിയിൽ കാര്യങ്ങൾ പരിശോധിക്കുന്നത് കേരളമാണെന്ന് കണ്ടെത്തി കേന്ദ്ര വിദേശകാര്യമന്ത്രാലയം അംഗീകാരം നൽകിയിരിക്കുകയാണ്. 2021 ജൂലൈയിൽ ആരംഭിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നു. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സൈബർ ലോകത്ത് സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനവും ഈ കാലയളവിലുണ്ടാക്കിയിട്ടുണ്ട്. വനിതകളുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഏതുസമയത്തും ഇടപെടുന്നതിന് പിങ്ക് പട്രോളിംഗ്, പിങ്ക് ജനമൈത്രി, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങിയ സംവിധാനങ്ങൾ ഈ കാലയളവിലുണ്ടാക്കിയതായി കാണാൻ കഴിയും. പോലീസ് സേനയിൽ കൂടുതൽ സ്ത്രീപ്രാതിനിധ്യം കൊണ്ടുവരികയും പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. മെച്ചപ്പെട്ട ക്രമസമാധാന പാലനത്തിനായി എല്ലാ മേഖലകളിലും പോലീസിനെ കൊണ്ടുവരുന്നതിനുള്ള സംവിധാനം ഈ കാലയളവിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനിതാ സെൽ, വനിതാ ഹെൽപ്

ലൈൻ സംവിധാനം, ഹെൽപ് ഡെസ്ക്, ജനമൈത്രി സംവിധാനം തുടങ്ങിയ കാര്യങ്ങളും കൊണ്ടുവരാൻ സാധിച്ചു. വനിതകൾക്കായി നാല് പുതിയ പോലീസ് സ്റ്റേഷൻ, സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ ഈ കാലയളവിൽ നടപ്പാക്കി. കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. ജയിലുമായി ബന്ധപ്പെട്ടതാണ് മറ്റൊരു ധനാഭ്യർത്ഥന. ജയിൽ പരിഷ്കാരവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നടപ്പാക്കി. ജയിലിനുള്ളിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ശിക്ഷാ സംവിധാനത്തെ ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ ജയിലുകൾ പലയിടങ്ങളിലും തുറന്ന ജയിലുകളാണ്. കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ട് എത്തുന്നവരുടെ സ്ഥിതി മെച്ചപ്പെടുത്താനും മാനസാന്തരമുണ്ടാകാനുമാവശ്യമായ വിധത്തിലുള്ള സംവിധാനം തുറന്ന ജയിലുകളിലുണ്ട്. ഒരു കാർഷിക ഗ്രാമമെന്ന് തോന്നത്തക്കവിധത്തിൽ ചീമേനി തുറന്ന ജയിലിൽ കാർഷിക മേഖല കൂടുതൽ മെച്ചപ്പെടുത്തി. മനോഹരമായ പൂന്തോട്ടം, പഴം-പച്ചക്കറി തോട്ടം, മത്സ്യ കൃഷി, വാഴ, കരനെൽകൃഷി തുടങ്ങിയ എല്ലാവിധ കൃഷികളും അവിടെ നടത്തുന്നു. കാരാഗൃഹത്തിൽ അകപ്പെട്ടുപോയാൽ അവിടംകൊണ്ട് ജീവിതം

അവസാനിക്കുമെന്നാണ് സാധാരണരീതിയിൽ പറയുന്നത്. ഇങ്ങനെ പറയുന്നതിനുപകരം കുറ്റകൃത്യങ്ങളിൽനിന്ന് അവരെ മോചിപ്പിക്കാനും പുതിയൊരു ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുമാവശ്യമായ വിധത്തിൽ അവരുടെ ബോധത്തെത്തന്നെ മാറ്റിയെടുക്കത്തക്ക നിലയിൽ സമൂഹവുമായി പൊരുത്തപ്പെട്ടുപോകുന്ന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകാനുള്ള സംവിധാനമാണ് പഴയ കാലത്തിൽനിന്നും വ്യത്യസ്തമായി ജയിലുകളിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കാർഷിക പ്രധാനമായ പ്രശ്നങ്ങളിൽ ഇടപെടാനും കർഷകർ എന്ന നിലയിലേയ്ക്ക് അവരുടെ ജീവിതം മാറ്റിയെടുക്കാനും കഴിയുന്നുണ്ട്. ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് പുതിയൊരു ജീവിതം അവർക്ക് കാഴ്ചവയ്ക്കാൻ കഴിയുന്നുവെന്ന പ്രത്യേകതയുമുണ്ട്. കെ-ഫോൺ ഉൾപ്പെടെയുള്ള വാർത്താ വിനിമയവുമായി ബന്ധപ്പെട്ട കാര്യങ്ങളെടുത്താൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ ബി.പി.എൽ. വിഭാഗത്തിനാവശ്യമായ സംവിധാനങ്ങളുണ്ടാക്കാനും അവർക്ക് ആദ്യഘട്ടത്തിൽത്തന്നെ കെ-ഫോൺ സംവിധാനം ഒരുക്കിക്കൊടുക്കാനും നടപടി സ്വീകരിച്ചു. ആവശ്യമായ എല്ലാ മേഖലയിലേയ്ക്കും വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടാണ്

ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് XII, XIII, XIV, XXIII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും, വാർത്താവിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കാരണം, പോലീസിന് എന്തിനാണ് പണം കൊടുക്കുന്നത്? കേരളത്തിലെ പോലീസെന്ന് പറയുന്നത് ലോകത്തിലെ ഏറ്റവും മികച്ച കപ്പാസിറ്റിയുള്ള ഒരു സേനാ വിഭാഗമാണ്. പക്ഷപാതരഹിതമായും നീതിയുക്തമായും പ്രവർത്തിക്കാൻ കഴിയുന്ന സേനയാണ് കേരള പോലീസ്. ഏകദേശം 55000 അംഗങ്ങളാണ് കേരള പോലീസിലുള്ളത്. പോലീസിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയ്ക്കുപരിയായി ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവരാണ് കേരളത്തിലെ പോലീസ് വിഭാഗത്തിലുള്ളത്. ടി.പി. ചന്ദ്രശേഖരൻ വധമുൾപ്പെടെ കേരളത്തിലെ പ്രമാദമായ പല കേസ്സുകളും അവരെ കൈയയച്ച് വിട്ടാൽ തെളിയിക്കാൻ കഴിയുമെന്ന് കേരള പോലീസ് തെളിയിച്ചിട്ടുണ്ട്. പക്ഷേ, കേരളത്തിലെ പോലീസിന് എന്താണ് സംഭവിച്ചതെന്നാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. എ. സി. മൊയ്തീൻ

ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് പറഞ്ഞ കാര്യം നമുക്കെല്ലാവർക്കുമറിയാം. ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് കേരളത്തിലെ പോലീസെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. ഇത് കേട്ടപ്പോൾ എനിക്ക് തോന്നിയ സംശയം, കേരളത്തിലെ പോലീസ് ഈ കോലത്തിലാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലീസിന്റെ സ്ഥിതിയെന്തായിരിക്കുമെന്നാണ്. കേരളത്തിലെ പോലീസ് ഒന്നാം സ്ഥാനം നേടിയതിന്റെ പിന്നിൽ എന്തോ ഒരു പി.ആർ. വർക്ക് നടന്നിട്ടുണ്ട്. മാസം 4 കോടി രൂപ ചെലവഴിച്ച് ഒരാളെ ഡൽഹിയിൽ നിയമിച്ചതിന്റെ ഫലമായിരിക്കാം കേരള പോലീസിന് ഒന്നാം സ്ഥാനം കിട്ടിയതെന്നാണ് എനിക്ക് തോന്നിയത്. തലസ്ഥാന നഗരിയിൽപ്പോലും ഗുണ്ടകളുടെ വിളയാട്ടമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത് വിശദമായി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ തെരുവുകളിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. കഴിഞ്ഞ മാസം തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ പ്രഭാത സവാരിക്കുപോയ സഹോദരിക്ക് നേരിടേണ്ടിവന്ന പീഡനത്തിലെ പ്രതി കേരളത്തിലെ ഭരണ സംവിധാനത്തിലെ ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഡ്രൈവറായിരുന്നു എന്നതാണ് ഇതിൽ ഏറ്റവും വിചിത്രമെന്ന് പറയുന്നത്. കേരളത്തിൽ 2022-ൽ 18952 സ്ത്രീപീഡനങ്ങൾ

നടന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 01-02-2023-ൽ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് ഔദ്യോഗികമായി ലഭിച്ച ഉത്തരം, ജനുവരിയിലെ ആദ്യ മൂന്നാഴ്ചയിൽത്തന്നെ 1193 സ്ത്രീപീഡനങ്ങൾ നടന്നുവെന്നാണ്. പോലീസിനെ തങ്ങളുടെ ഇംഗിതത്തിന് വിധേയമാക്കി പ്രവർത്തിപ്പിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ പോലീസ് സേനയെ സി.പി.ഐ.(എം)-ന്റെ നിയന്ത്രണത്തിലാക്കിയാണ് മുന്നോട്ടുപോകുന്നത്. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിച്ചുവെന്ന് പറയുന്നത് ഇന്ന് വലിയ അതിശയോക്തിയുള്ള കാര്യമല്ല, ക്രിമിനൽവൽക്കരിച്ചുവെന്ന് പറയുന്നതും സത്യമാണ്. കേരളത്തിലെ പോലീസ് സംവിധാനത്തിൽ വർഗ്ഗീയവാദികളുടെ വലിയ സ്വാധീനമാണുള്ളത്. പോലീസിൽ ആർ.എസ്.എസ്. അടക്കമുള്ളവർക്ക് വലിയ സ്വാധീനമുണ്ടെന്നത് ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. പ്രത്യേകിച്ച് സി.പി.ഐ.-യുടെ ദേശീയ സെക്രട്ടറി ശ്രീമതി ആനി രാജയും സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി അന്തരിച്ച കോടിയേരി ബാലകൃഷ്ണനുമടക്കം സാക്ഷ്യപ്പെടുത്തിയ സംഭവങ്ങളാണ്. ആ രീതിയിലേയ്ക്ക് കേരളത്തിലെ പോലീസ് സംവിധാനം മാറിയിട്ടുണ്ട്. രാഷ്ട്രീയവൽക്കരണത്തിന് കൂടുതൽ ഉദാഹരണങ്ങൾ

പറയേണ്ടതില്ല. സി.പി.ഐ.(എം) പ്രവർത്തകർക്ക് ഒരു നീതി മറ്റുള്ളവർക്ക് വേറൊരു നീതി. ഘടകകക്ഷികൾക്കുപോലും നീതി ലഭിക്കാത്ത സാഹചര്യമുണ്ട്. മഹാരാജാസ് കോളേജിലെ കാര്യം നമുക്കെല്ലാവർക്കുമറിയാം. എസ്.എഫ്.ഐ.-ക്ക് ആധിപത്യമുള്ള കാമ്പസിൽ എസ്.എഫ്.ഐ. അല്ലാതെ ആരേയും പ്രവർത്തിക്കാൻ അനുവദിക്കില്ല. സി.പി.ഐ. വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനത്തിനുവേണ്ടി എ.ഐ.എസ്.എഫ്.-ന്റെ വനിതാ പ്രവർത്തക മഹാരാജാസ് കോളേജിൽ പോയപ്പോൾ നേരിടേണ്ടിവന്ന പീഡനങ്ങൾക്കെതിരെ അവർ കൊടുത്ത പരാതിയിന്മേൽ ഒരു കേസുപോലും കേരളത്തിലെ പോലീസ് എടുത്തിട്ടില്ല. ആർ.എസ്.എസ്.-കാർക്കും സി.പി.ഐ.(എം)-കാർക്കും മാത്രമാണ് കേരളത്തിലെ പോലീസുകാരിൽനിന്നും നീതി ലഭിക്കുന്നത്. സി.പി.ഐ.(എം)-കാർ ഏത് കൊടിയ കുറ്റം ചെയ്താലും അവർക്കെതിരെ നിസാര വകുപ്പുകൾ മാത്രമായിരിക്കും ചുമത്തുന്നത്. അവർ പ്രതികളായി വന്നാൽ വിചാരണയിൽനിന്നും രക്ഷപ്പെടാനുള്ള പഴുതുകൾ സൃഷ്ടിച്ചുകൊണ്ടാണ് കേസിന്റെ ചാർജ് ഷീറ്റ് തയ്യാറാക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇടതുമുന്നണിയിലെ ഘടകകക്ഷികൾക്കുപോലും രക്ഷയില്ലാത്ത അവസ്ഥാവിശേഷം

കേരളത്തിലുണ്ടെന്നുള്ളത് കേരളം സാക്ഷ്യപ്പെടുത്തുകയാണ്. ഈ രീതിയിൽ കേരളത്തിലെ പോലീസ് പോയപ്പോൾ പോലീസിന്റെ നിലവാരം താഴ്ന്നു. അതിന് ഒരുദാഹരണം പറയാം. പണ്ട് പോലീസ് സ്റ്റേഷനിൽ സി.പി.ഐ.(എം) വിളിച്ചാൽ മതിയായിരുന്നു. ഇ. കെ. നായനാരും ശ്രീ. വി. എസ്. അച്ചുതാനന്ദനുമൊക്കെ ഭരിച്ചിരുന്ന സമയത്ത് ജില്ലാ സെക്രട്ടറി വിളിച്ചാൽ ഒരുപക്ഷേ പോലീസ് കാര്യങ്ങൾ ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് ബ്രാഞ്ച് സെക്രട്ടറിമാർവരെ വിളിച്ചാൽ കാര്യങ്ങൾ ചെയ്യുന്ന രീതിയിൽ പോലീസിന്റെ നിലവാരം താഴ്ന്ന അവസ്ഥയിലേയ്ക്ക് കേരളം മാറിയിട്ടുണ്ട്. ക്രിമിനൽവൽക്കരണത്തിന്റെ കാര്യം പറയാതിരിക്കുന്നതാണ് നല്ലത്. കേരള പോലീസിന്റെ ആദർശവാചകമായി 'മൃദുഭാവേ, ദൃഢകൃത്യേ' എന്നാണ് പോലീസിന്റെ സൈറ്റിൽ കൊടുത്തിട്ടുള്ളത്. 'മൃദുഭാവേ, ദൃഢകൃത്യേ' എന്നതിന്റെ അർത്ഥം നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഇന്ന് 'മൃദുഭാവേ, ഗുഢകൃത്യേ' എന്ന് പോലീസിന്റെ ആദർശവാചകം തിരുത്തപ്പെടേണ്ട രീതിയിലേയ്ക്ക് മാറിയിട്ടുണ്ട്. ജനമൈത്രി പോലീസ് എന്നാണ് പറയുന്നത്. എന്നാൽ ഇന്ന് ഗുണ്ടാമൈത്രി പോലീസാണ് കേരളത്തിലുള്ളത്. ജനമൈത്രിക്കുപകരം ഗുണ്ടാമൈത്രിയാണ്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി പോലീസ് നടപടിയെടുത്തപ്പോൾ 125 ഗ്രാം മയക്കുമരുന്ന് കൈവശം വച്ച കാസർഗോഡ്

പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യാണ് ആദ്യമായി പിടിക്കപ്പെട്ടത്. ഈ രീതിയിൽ പോലീസിന്റെ ക്രിമിനൽവൽക്കരണവും വർഗ്ഗീയവൽക്കരണവും നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് 'പോലീസ്' എന്ന ധനാഭ്യർത്ഥനയിന്മേൽ ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. എന്തിനാണ് പോലീസിന് പണം അനുവദിക്കുന്നത്? പോലീസിന്റെ രാഷ്ട്രീയവൽക്കരണത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ മാസം 22-ാം തീയതി മലപ്പുറത്തുണ്ടായ സംഭവം. മുസ്ലീം ലീഗ് ജില്ലാ സെക്രട്ടറി ശ്രീ. പി. അബ്ദുൽ ഹമീദ് മാഷിന്റെ നേതൃത്വത്തിൽ അഞ്ച് എം.എൽ.എ.-മാർ എസ്.പി.-യെ കാണാൻ പോയി. 22-ാം തീയതി മുസ്ലിം യൂത്ത് ലീഗ് കളക്ടറേറ്റിലേയ്ക്ക് നടത്തിയ സമരത്തിനിടയിലുണ്ടായ സംഘർഷത്തിൽ മുസ്ലിം യൂത്ത് ലീഗിന്റെ നേതാക്കളായിരുന്നു പിടിക്കപ്പെട്ടത്. അതിൽ ജില്ലാ യൂത്ത് ലീഗ് സെക്രട്ടറി ശ്രീ. മുസ്തഫ അബ്ദുൽ ലത്തീഫ്, എം.എസ്.എഫ്. ജില്ലാ പ്രസിഡന്റ് ശ്രീ. കബീർ മുതുപറമ്പ് അടക്കമുള്ളവരുണ്ടായിരുന്നു. അവരെ പിടിച്ചുകൊണ്ടുപോകുമ്പോൾ ലാത്തികൊണ്ട് തലയ്ക്കടിക്കുകയും അവരുടെ മുഖത്ത് ബൂട്ടുകൊണ്ട് ചവിട്ടുകയും ചെയ്യുന്ന കിരാതവും പ്രാകൃതവുമായ പോലീസിനെയാണ് മലപ്പുറത്ത് കണ്ടത്. പോലീസ് പക്ഷപാതപരമായി

പെരുമാറുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഡി.ജി.പി.-യെയും എ.ഡി.ജി.പി.-യെയുമടക്കം വിളിച്ചിട്ടുണ്ട്. പോലീസിനോ പൊതുമുതലിനോ യാതൊരു പോറലുമേൽക്കാത്ത കാര്യത്തിൽ Prevention of Damage to Public Property (PDPP) Act പ്രകാരം രേഖപ്പെടുത്തി അവർക്ക് ജാമ്യം കിട്ടാത്ത വകുപ്പ് ചുമത്തി. പി. കെ. ഫിറോസിനെയും യൂത്ത് ലീഗ് പ്രവർത്തകരെയും യൂത്ത് കോൺഗ്രസ് നേതാക്കളെയും ജയിലിലടച്ചതുപോലെ മലപ്പുറത്തെ മുസ്ലിം യൂത്ത് ലീഗിന്റെയും എം.എസ്.എഫ്.-ന്റെയും നേതാക്കളെ ജയിലിലടയ്ക്കുകയാണ് ചെയ്തത്. ബി.ജെ.പി.-ക്കാരോ സി.പി.ഐ.(എം)-കാരോ ആണ് ഈ സമരം നടത്തിയതെങ്കിൽ അവർക്ക് പെട്ടെന്ന് ജാമ്യം ലഭിക്കുന്ന രീതിയിലുള്ള വകുപ്പുകളിട്ടുകയും യൂത്ത് കോൺഗ്രസ്, യൂത്ത് ലീഗ്, യു.ഡി.എഫ്. പ്രവർത്തകർക്കെതിരെ ജാമ്യം കിട്ടാത്ത വകുപ്പുകൾ ചുമത്തുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് പോലീസ് പൂർണ്ണമായും പക്ഷപാതപരമായ രീതിയിലേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾ പറയുന്നത്. ആർ.എസ്.എസ്.-വൽക്കരണവും സംഘപരിവാറിന്റെ സ്വാധീനവും കേരളത്തിലെ പോലീസ് സംവിധാനത്തിലുണ്ടെന്നുള്ളത് സംബന്ധിച്ച് വിശദമായി സംസാരിക്കേണ്ട കാര്യമില്ല. ഞാൻ നേരത്തെ പറഞ്ഞ നേതാക്കൾ

സാക്ഷ്യപ്പെടുത്തിയതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ പറയേണ്ട കാര്യമില്ല. എന്റെ മണ്ഡലത്തിലെ ഐക്കരപ്പടിയിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്നുള്ള ആവശ്യത്തിന് നേരത്തെ പ്രൊപ്പോസൽ അയച്ചതാണ്. അതനുവദിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പം കരിപ്പൂർ പോലീസ് സ്റ്റേഷനെന്ന് പറയുന്നത് കാലിക്കറ്റ് എയർപോർട്ടിന്റെ പരിധിയിലാണുള്ളത്. ഈ പോലീസ് സ്റ്റേഷനിലെ സി.ഐ.-യുടെ നേതൃത്വത്തിലാണ് അവിടത്തെ സ്വർണ്ണവേട്ട നടത്തുന്നത്. നല്ല കെട്ടിടവും സ്ഥലവും ലഭ്യമാക്കി ആ പോലീസ് സ്റ്റേഷന്റെ പരാധീനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും കേരള പോലീസ് രാജ്യത്ത് ഒന്നാമതാണ്. ഇത് പി.ആർ. വർക്കിന്റെ ഭാഗമായിട്ടല്ല എന്നുള്ളതുകൊണ്ടാണ് അതാവർത്തിച്ച് പറയുന്നത്. അന്വേഷണത്തിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിൽ കേരള പോലീസ് ഇന്ത്യയിൽ മുമ്പിലാണ്. ഏറ്റവും നല്ല വിദ്യാഭ്യാസ യോഗ്യതയുള്ള ഒരുകൂട്ടം

ചെറുപ്പക്കാർ പോലീസ് സേനയിലുണ്ട്, പഴയതുപോലെയല്ല. അവരുടെ ബൗദ്ധികമായ ബുദ്ധി പരമാവധി പ്രയോജനപ്പെടുത്തിയാണ് പോലീസ് സേന കേരളത്തിൽ അല്ലെങ്കിൽ ഇന്ത്യയിൽ ഒന്നാമതായി മാറിയിട്ടുള്ളത്. പോലീസ് മർദ്ദകവീരന്മാരായിരുന്നു എന്ന നില മാറി. കേരള പോലീസ് രക്ഷകരാണെന്ന് നിരവധി സന്ദർഭങ്ങളിൽ തെളിയിച്ചിട്ടുണ്ട്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വർഗ്ഗീയലഹളകളും കലാപങ്ങളുമില്ലാത്ത നാടാക്കി കേരളത്തെ മാറ്റാൻ കേരള പോലീസിന് കഴിഞ്ഞുവെന്നുള്ളത് പ്രധാന കാര്യമായി ഞാൻ പറയുകയാണ്. ധാരാളം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ചാണ് പോലീസ് സേന ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് പരമാവധി സഹായങ്ങൾ ചെയ്തുവരികയാണ്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിച്ച് പ്രവർത്തിക്കുന്ന അവസരത്തിൽ വലിയ സമ്മർദ്ദമാണ് പോലീസിനുണ്ടാകുന്നത്. അതിന്റെ ഭാഗമായി പല പോലീസുദ്യോഗസ്ഥരും അകാലത്തിൽ മരണമടയുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് പോലീസുകാരെ സംരക്ഷിക്കേണ്ട ബാധ്യത സർക്കാർ ഏറ്റെടുക്കണം. അകാലത്തിൽ പൊലിഞ്ഞുപോകുന്ന പോലീസുകാരുടെ കുടുംബത്തെ സംരക്ഷിക്കുന്ന ജീവകാരുണ്യ പ്രവർത്തനം കേരള പോലീസ് അസോസിയേഷനും

ഓഫീസേഴ്സ് അസോസിയേഷനും നടപ്പിലാക്കുന്നുണ്ട്. അവരെക്കൊണ്ട് കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നുണ്ട്. അതിന് ഈയവസരത്തിൽ അവരെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. അത്തരം കാര്യത്തെ സംബന്ധിച്ച് വകുപ്പും ആലോചിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. പോലീസ് ശാസ്ത്രീയമായി കേസന്വേഷിക്കുന്നില്ലെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. അങ്ങേയ്ക്ക് കാതലായ ഒരു കാര്യം പറയാൻ സാധിച്ചില്ലെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എത്രയോപ്രാവശ്യം പ്രതിപക്ഷനേതാവടക്കമുള്ള ആളുകൾ പറഞ്ഞത് 'സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം കത്തിച്ച കേസ് നടന്നിട്ട് വർഷം എത്രയായി; നിങ്ങൾ പ്രതിയെ പിടിച്ചോ; നിങ്ങൾ പിടിച്ചില്ല, ആർ.എസ്.എസ്.-നെ സഹായിക്കുകയല്ലേ' എന്നാണ്. ഇപ്പോൾ എന്താണ് സ്ഥിതി? അല്പം സമയമെടുത്താണെങ്കിലും സന്ദീപാനന്ദഗിരിയുടെ ആശ്രമവും അവിടത്തെ മൂന്ന് വാഹനങ്ങളും കത്തിച്ച് അവിടെ റീത്ത് വച്ചവരെ പിടിക്കാൻ പോലീസിന് സാധിച്ചു. അവർ ഇന്ന് ജയിലിലാണെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ശാഖാ ശിക്ഷകിന്റെ മരണവുമായി ബന്ധപ്പെട്ടവരെ കൃത്യമായി പോലീസിന് ഐഡന്റിഫൈ ചെയ്യാൻ സാധിച്ചു. എ.കെ.ജി. സെന്ററിലെ ആക്രമണത്തെക്കുറിച്ച് ഇവിടെ ഘോരഘോരമാണ്

സംസാരിച്ചത്. ആ സംഭവം നടന്നതറിഞ്ഞ് ശ്രീ. ഇ. പി. ജയരാജൻ ആദ്യം അവിടെ എത്തിപ്പോയി. അതിന് പ്രതിപക്ഷം പറഞ്ഞത് ശ്രീ. ഇ. പി. ജയരാജന്റെ അറിവും സമ്മതത്തോടെയുമാണ് അത് ചെയ്തതെന്നാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവിടെയെത്തിയപ്പോൾ 'ഇവരെല്ലാവരുംകൂടി പ്ലാൻ ചെയ്താണ് അത് ചെയ്തത് ' എന്ന് പറഞ്ഞു. ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ പോലീസ് പ്രതിയെ കണ്ടെത്തി, യൂത്ത് കോൺഗ്രസ്സിന്റെ നേതാവായ ജിതിനെ അറസ്റ്റ് ചെയ്തു. അതാണ് കേരള പോലീസ് എന്നുപറയുന്നത്. നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ? അയാൾ വന്ന സ്കൂട്ടർ യൂത്ത് കോൺഗ്രസിന്റെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുടെ ഡ്രൈവറുടേതായിരുന്നു. അത് കഠിനംകുളത്തെ ഒരു വീട്ടിൽ കൊണ്ടുപോയി അതിന്റെ പുറത്ത് ചാക്കുകളും വയ്ക്കോലുമിട്ട് ഒളിപ്പിച്ചുവച്ചു. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാണിച്ചതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം അടിയന്തരപ്രമേയം കൊണ്ടുവന്നു. ഇത് കേരളത്തിലാദ്യമാണോ; അല്ലല്ലോ? മുഖ്യമന്ത്രിമാർക്കെതിരെ മുമ്പും കരിങ്കൊടി കാണിച്ചിട്ടുണ്ട്. പക്ഷേ, അന്നുനടന്ന പൈശാചിക സംഭവങ്ങൾ നിങ്ങളോർക്കണം. നേരത്തെയുണ്ടായിരുന്ന മുഖ്യമന്ത്രിക്കെതിരെ ആനയറ വെൺപാലവട്ടത്ത് കരിങ്കൊടി കാണിച്ചയാളെ പിടിച്ച് പോലീസ്

സ്റ്റേഷനിൽ കൊണ്ടുപോയി അയാളുടെ പാന്റ്സിന്റെ സിപ് ഊരി ലാത്തികൊണ്ടുകുത്തി ജനനേന്ദ്രിയത്തിന് കേടുപാട് സംഭവിപ്പിച്ചവരാണ് നിങ്ങൾ. ഇവിടെ യു.ഡി.എഫ്. ചില അജണ്ടകൾ നടപ്പിലാക്കിയിട്ടുണ്ട്. ചില ചാവേറുകളെ ഉപയോഗപ്പെടുത്തി മുഖ്യമന്ത്രി സഞ്ചരിക്കുന്ന കാറിന്റെ മുമ്പിലേയ്ക്ക് ചാടിച്ച് ഒരു ആത്മഹത്യ അല്ലെങ്കിൽ ഒരു രക്തസാക്ഷിയെ ഉണ്ടാക്കാൻ കഴിയുമോയെന്ന് പരിശ്രമിക്കുകയാണ്, അത് ഞങ്ങൾക്കറിയാം. എം.എൽ.എ.-മാർ പോലീസ് സ്റ്റേഷനിൽച്ചെന്ന് പരാക്രമം കാണിക്കുകയും ചാനലുകളെ റെഡിയാക്കി നിർത്തിയിട്ട് ആക്രോശിക്കുകയുമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്രയെത്ര അനുഭവങ്ങളുണ്ടെന്ന് ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞല്ലോ. തിരുവനന്തപുരത്ത് പോലീസ് അടിച്ചും ഗ്രനേഡ് പൊട്ടിച്ചും ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. സി. ദിവാകരനുമടക്കം ആശുപത്രിയിലായത് നിങ്ങളുടെ കാലത്തല്ലേ? രണ്ട് പ്രധാനപ്പെട്ട നേതാക്കളല്ലേ ആശുപത്രിയിലായത്? ഇവിടെയിരിക്കുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രന് അന്ന് മർദ്ദനമേറ്റില്ലേ; എത്ര എം.എൽ.എ.-മാരെയാണ് നിങ്ങൾ മർദ്ദിച്ചത്? അതെല്ലാം നിങ്ങൾ മറക്കുകയാണ്. ശ്രീ. എം. എം. മണി തൊടുപുഴയിൽ പ്രസംഗിച്ചതിന് അദ്ദേഹത്തെ നിങ്ങൾ നാടുകടത്തി, ജയിലിലിടച്ചു. നിങ്ങളുടെ നേതാവ് ശ്രീ. എം. എം. ഹസ്സൻ

28-05-2012-ൽ ഒരു സ്വകാര്യ ടെലിവിഷൻ ചാനലിൽ 'ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരെ കൊന്നിട്ടുണ്ട്' എന്ന് പറഞ്ഞു. നിങ്ങളെന്തെങ്കിലും ചെയ്തോ? മുൻ ആഭ്യന്തര വകുപ്പുമന്ത്രിയുടെ സമയത്താണല്ലോ വളപട്ടണത്ത് ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് പോലീസ് സ്റ്റേഷൻ ആക്രമിച്ച് കോൺഗ്രസ് പ്രവർത്തകരെ കൊണ്ടുപോയത്, നിങ്ങളെന്തെങ്കിലും ചെയ്തോ? നിങ്ങൾ ഒരു വകയും ചെയ്തില്ല. അന്നത്തെ പ്രതിപക്ഷത്തെ തകർക്കാൻവേണ്ടിയാണ് നിങ്ങൾ പോലീസിനെ ഉപയോഗിച്ചത്. അങ്ങനെ ഉപയോഗിച്ച് പാരമ്പര്യമുള്ളവരാണ് നിങ്ങളെന്ന് ഓർക്കണം. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ എന്താണ് പ്രശ്നം? ഇവിടെ ഒരു പുകമറ സൃഷ്ടിക്കാൻ ചില മാധ്യമങ്ങളെ കൂട്ടുപിടിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഏറ്റവും കൂടുതൽ തുക കൊടുത്ത മുഖ്യമന്ത്രി അല്ലെങ്കിൽ കാലഘട്ടമാണിത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 918 കോടി രൂപ ദുരിതാശ്വാസ നിധിയിൽനിന്ന് കൊടുത്തു. ഇപ്പോൾ കൊടുത്തപ്പോൾ ചില സംശയങ്ങൾ മുഖ്യമന്ത്രിയുടെ ഓഫീസിലുണ്ടായി. അത് പരിശോധിച്ചപ്പോഴാണ് കാര്യം മനസ്സിലാകുന്നത്. തിരുവനന്തപുരം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിൽനിന്നുള്ള പതിനാറ് അപേക്ഷകൾക്ക് ഒരു യൂത്ത് കോൺഗ്രസ് നേതാവിന്റെ ഫോൺ നമ്പറും ഒരു

ഡോക്ടറുടെ സർട്ടിഫിക്കറ്റുമാണ് ഉപയോഗിച്ചിരിക്കുന്നത്. മുൻ മന്ത്രിയും ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽനിന്നുള്ള പാർലമെന്റ് അംഗവുമായ ആളാണ് ശിപാർശ കത്ത് കൊടുത്തിരിക്കുന്നത്. മറ്റ് പലയിടത്തും കൊടുത്തിട്ടുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. ഡോ. മാത്യു കുഴൽനാടൻ ഇപ്പോൾ സഭയിലില്ല. അദ്ദേഹം കുറേനാളുകളായി ഒരു തിരക്കഥ മെനയുകയാണ്. മുഖ്യമന്ത്രിയെ ടാർഗറ്റ് ചെയ്ത് മുഖ്യമന്ത്രിക്കെതിരായി പ്രസംഗിക്കുകയാണ്. കാരണം, ഇങ്ങനെ ചെയ്യുമ്പോൾ മീഡിയ പരമാവധി അത് പുറത്തുകൊണ്ടുവരും അല്ലെങ്കിൽ മീഡിയയിൽ ഒരു ഇമേജ് ലഭിക്കുമെന്നതാണ്. സാധാരണഗതിയിൽ വക്കീലന്മാർ ചെയ്യുന്ന ഒരു കാര്യമുണ്ട്. ഞാൻ കുറച്ചുനാൾ പ്രാക്ടീസ് ചെയ്തതാണ്. വാദം തുടങ്ങുന്നതിനുമുൻപ് ജൂനിയേഴ്സിനെ വിളിച്ചിരുത്തി കേസ് വായിച്ച് ഒരു കഥയുണ്ടാക്കും. ആ കഥ കോടതി മുൻപാകെ അവതരിപ്പിക്കും, ആ കഥയ്ക്ക് തിരക്കഥയുമുണ്ടാകും. ഇങ്ങനെ അവതരിപ്പിച്ച് കോടതിയുടെ ശ്രദ്ധപിടിച്ചുപറ്റി എങ്ങനെയെങ്കിലും കേസിൽനിന്നും തങ്ങളുടെ ഭാഗം ജയിച്ചുപോകാൻവേണ്ടി പരിശ്രമിക്കും. ഡോ. മാത്യു കുഴൽനാടൻ അതിന്റെ ഒരു ആശാനാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഡോ. മാത്യു കുഴൽനാടന് ബിരുദമുണ്ട്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബിരുദമുണ്ട്.

അങ്ങ് ബിരുദമെടുത്തതുപോലെയല്ല, കേരളത്തിന്റെ മുഖ്യമന്ത്രി ബിരുദമെടുത്തത് എന്നുള്ളത് താങ്കൾ പ്രത്യേകം മനസ്സിലാക്കണം. മുഖ്യമന്ത്രിക്ക് ജനങ്ങൾ കൊടുത്ത ബിരുദമുണ്ട്. 140 നിയമസഭാമണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങളുടെ എല്ലാ വാദഗതിയെയും പിന്തള്ളി 99 പേരെ ജയിപ്പിച്ച് അതിന്റെ തലവനായിട്ടാണ് ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായി വന്നിട്ടുള്ളത്. അല്ലാതെ നിങ്ങൾ ഈ തിരക്കഥ മെനഞ്ഞാൽ അത് ജനം അംഗീകരിക്കില്ല. ഇന്ധന സെസ്സ് ഏർപ്പെടുത്തിയതിന് യു.ഡി.എഫ്. സമരം നടത്തുകയും കരിങ്കൊടി കാണിക്കുകയും വലിയ പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തല്ലോ. സംസ്ഥാനത്തെ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ ഫലം ഇന്ന് വന്നപ്പോൾ 15 സീറ്റ് എൽ.ഡി.എഫ്.-നും 8 സീറ്റ് യു.ഡി.എഫ്.-നും 2 സീറ്റ് ബി.ജെ.പി.-ക്കും 3 സീറ്റ് മറ്റുള്ളവർക്കുമാണ് ലഭിച്ചതെന്നും നിങ്ങളുടെ കൈവശമിരുന്ന സീറ്റുകളടക്കം തിരിച്ചുപിടിക്കാൻ സാധിച്ചുവെന്നുള്ളതും നിങ്ങൾ മനസ്സിലാക്കണം. 'ഞങ്ങൾക്ക് പഴയ വിജയനെയും പേടിയില്ല, പുതിയ വിജയനെയും പേടിയില്ല' എന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. നിങ്ങൾ പേടിക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. എന്നാൽ, സഖാവ്

പിണറായി വിജയന്റെ കൂടെ ജനങ്ങളുണ്ട്. അതാണ് നിങ്ങളുടെ പേടിയെന്നുള്ളത് മനസ്സിലാക്കണം. ഇവിടെ എന്ത് കോൺഗ്രസ്സാണ്? പ്ലീനറി സമ്മേളനത്തിനുപോയ ബഹുമാന്യരായ അംഗങ്ങളാണ് അപ്പുറത്തിരിക്കുന്നത്. ബഹുമാന്യനായ വി. എം. സുധീരൻ, മദ്യം കുടിക്കുന്നവർക്ക് കോൺഗ്രസ്സിലേയ്ക്ക് പ്രവേശനം, ഖാദി നിർബന്ധമാക്കിയില്ല എന്നുള്ള അദ്ദേഹത്തിന്റെ ഒരു പ്രയാസം പത്രമാധ്യമങ്ങളിൽ പങ്കുവച്ചു. മദ്യം നിങ്ങൾ ഉപേക്ഷിക്കും, ഖാദി നിങ്ങൾ ഉപേക്ഷിക്കും. യാതൊരു സംശയവുമില്ല. XXXX+ (.....ബഹളം.....) ഇവിടെ ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ പറഞ്ഞു സി.പി.ഐ.(എം) ഗൃഹസന്ദർശനം (.....ബഹളം.....) എനിക്ക് സമയം തരണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307 പ്രകാരം അപകീർത്തികരമായ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യണം. രാജ്യസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഒരു പ്രസ്ഥാനമാണ് കോൺഗ്രസ്. ആ പ്രസ്ഥാനത്തിന്റെ പ്ലീനറിയിൽ എന്തൊക്കെയോ ഒഴിവാക്കിയെന്ന് അദ്ദേഹം ആദ്യം പറഞ്ഞു. അതിന്റെ ഭരണഘടനാ ഭേദഗതിയിൽ മദ്യം ഒഴിവാക്കിയിട്ടൊന്നുമില്ല. അതിൽ പറഞ്ഞിരിക്കുന്നത്,

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3633/ഇ.ബി./2023/നി.സെ., തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

"He/She abstains from use of psychotropic substances, prohibited drugs and intoxicants" എന്നാണ്. മദ്യമടക്കമുള്ള ലഹരി വിലക്കുകയാണ് ചെയ്തത്. XXXXX+ കോൺഗ്രസ് പാർട്ടിയെ അപകീർത്തിപ്പെടുത്തുന്ന രൂപത്തിൽ നടത്തിയ പരാമർശങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. വി. ജോയി: സർ, ബഹുമാനപ്പെട്ട ചെയർ പരിശോധിച്ചോളൂ. ഇത് ശ്രീ. വി. എം. സുധീരനെ ബോധ്യപ്പെടുത്തണം. ഞാൻ പറയുന്നത്, രണ്ടുപേർ പീഡനക്കേസിലെ പ്രതികളാണ്. നിങ്ങളത് മനസ്സിലാക്കണം. അതുകൊണ്ടാണ് ഞാനത് പറഞ്ഞത്. സി.പി.ഐ.(എം) ഗൃഹസന്ദർശനം നടത്തിയെന്ന് ഒരു എം.എൽ.എ. ഇവിടെ പറഞ്ഞു. രാത്രിയിൽ മൊബൈൽ ഫോണുമായിട്ടാണോ ഗൃഹസന്ദർശനം എന്ന് സൂചിപ്പിച്ചു. ഞങ്ങൾ മൊബൈൽ ഫോണുമായി രാത്രിയിൽ ഗൃഹസന്ദർശനത്തിന് പോകാറില്ല. ഞങ്ങൾ പകൽസമയത്ത് എല്ലാവരും കാണത്തക്കരീതിയിൽ ആളുകളെക്കൂട്ടിയാണ് ഗൃഹസന്ദർശനത്തിന് പോകുന്നത്. രാത്രി പോകുന്നവർ വേറെയുണ്ടായിരിക്കും. എന്നെക്കൊണ്ട് കഥ പറയിക്കരുത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3633/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3633/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

തിരുവനന്തപുരത്ത് എം.എൽ.എ. ഹോസ്റ്റൽ, മസ്കറ്റ് ഹോട്ടൽ, ഗസ്റ്റ് ഹൗസുകൾ, മുന്തിയ ഹോട്ടലുകൾ അവിടെയൊക്കെ എന്തായിരുന്നു? അവിടെ രാത്രിയും പകലും വളകിലുക്കമായിരുന്നു. ആ വളകിലുക്കം നടത്തിയവരാണ് വാട്ട്സ് ആപ് സന്ദേശത്തിന്റെ കാര്യം പറയുന്നത്. നിങ്ങൾക്ക് എന്ത് മാനമാണുള്ളത്?

മി. ചെയർമാൻ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, ഞാൻ ചുരുക്കുകയാണ്. എല്ലാ മോശത്തരങ്ങളുടെയും എല്ലാ അഴിമതിയുടെയും കറ നിങ്ങളുടെ പേരിലാണ് അല്ലെങ്കിൽ നിങ്ങളുടെ ഭാഗത്താണുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിന്റെ റിസൾട്ട് അല്പസമയം മുൻപ് വന്നു. ശ്രീ. വി. ജോയി അക്കാര്യം സൂചിപ്പിച്ചു. ഉപതെരഞ്ഞെടുപ്പിൽ പകുതിയിലധികം സീറ്റുകളും എൽ.ഡി.എഫ്.-ന് നൽകി വിജയിപ്പിച്ച ജനങ്ങളെ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. (.......ബഹളം.......) എന്റെ സമയം അപഹരിക്കുകയാണ്. ഞാൻ പറഞ്ഞത് വസ്തുതയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്...പ്ലീസ്.... താങ്കൾ ചെയറിനെ അഡ്രസ് ചെയ്യൂ.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, പോലീസിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചയാണിവിടെ നടക്കുന്നത്. 'പോലീസ്' എന്നതിന്റെ expansion Polite, Obedient, Loyal, Intelligent, Courageous and Efficient എന്നാണ്. (.......ബഹളം.......) എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയാണ്. ഇന്ന് കേരളത്തിലുള്ള പോലീസ് ആ നിർവ്വചനത്തോട് ഏറ്റവും താദാത്മ്യം പ്രാപിച്ചിരിക്കുന്നവരായി മാറിയിരിക്കുന്നുവെന്ന് അഭിമാനത്തോടുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുന്നതുകൊണ്ടുകൂടിയാണെന്ന് സൂചിപ്പിക്കാനും ഞാൻ ഈയവസരം വിനിയോഗിക്കുകയാണ്. പോലീസിന്റെ ഒരു motto ഇവിടെ പരാമർശിക്കപ്പെടുകയുണ്ടായി. 'മൃദു ഭാവേ, ദൃഢ കൃത്യേ' എന്നതിനെതിരെ എനിക്കുമുൻപ് സംസാരിച്ച അംഗം സൂചിപ്പിച്ചു. കാടടച്ച് ചില ഉണ്ടയില്ലാത്ത വെടികൾ വച്ചുവെന്നതിലുപരി വസ്തുനിഷ്ഠമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. കേരളത്തിലെ പോലീസ് ചാർജ് ചെയ്ത കേസ്സുകളിൽ ഏതാണ്ട് 80 ശതമാനത്തിലധികം കേസ്സുകളിലും പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം കണക്കുകൾ

പരിശോധിക്കുമ്പോൾ കാണാൻ കഴിയും. അതേസമയം സെൻട്രൽ ഏജൻസികളും മറ്റും ചാർജ് ചെയ്യുന്ന കേസ്സുകളിലുള്ള ശിക്ഷയുടെ ശതമാനക്കണക്ക് ഒരുശതമാനത്തിന് താഴേയ്ക്കുപോലും നിപതിക്കുന്നതരത്തിലാണ്. പോലീസടക്കമുള്ള ഔദ്യോഗിക ഏജൻസികൾ എത്രമാത്രം പക്ഷപാതപരമായി പെരുമാറുന്നുവെന്നുള്ളതിന്റെ ദൃഷ്ടാന്തം കാണുമ്പോഴാണ് കേരള പോലീസിന്റെ മികവ് എടുത്തുകാണിക്കാൻ സാധിക്കുന്നത്. കേരള പോലീസ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണവും ജനങ്ങൾക്ക് സേവനവുമൊരുക്കുന്ന ഏറ്റവും മികച്ച സേനയായി മാറിയിട്ടുണ്ട്. ജനമൈത്രി പോലീസ്, പിങ്ക് പോലീസ്, ഇന്ന് രാജ്യം മുഴുവൻ അനുകരിച്ചുകൊണ്ടിരിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റടക്കം എത്രയോ ജനകീയ മുഖങ്ങളാണ് കേരള പോലീസിനുള്ളത്. അഴിമതിരാഹിത്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മികച്ചത് കേരള പോലീസാണെന്നതിന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ അവാർഡ് നൽകി ആദരിച്ചു. അന്വേഷണ മികവ്, സൈബർ സെക്യൂരിറ്റി, സ്ത്രീസുരക്ഷ, പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുതലായവയ്ക്ക് ആധികാരികമായ അംഗീകാരം കേരള പോലീസിന് ലഭിച്ചിട്ടുണ്ടെന്നത് പോലീസ് സേനയുടെ മികവിന്റെ ഏറ്റവും വലിയ

തെളിവാണ്. പൂഞ്ഞാർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വിസ്തൃതമായ ഏരിയയുള്ള മുനിസിപ്പാലിറ്റിയും അഞ്ച് വലിയ പഞ്ചായത്തുകളും അടങ്ങുന്ന സ്ഥലപരിധിയിൽ ഉൾപ്പെടുന്നതാണ് പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ. ആ പോലീസ് സ്റ്റേഷൻ വിഭജിച്ച് പൂഞ്ഞാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഔട്ട്പോസ്റ്റിന്റെ പദവി ഉയർത്തി പോലീസ് സ്റ്റേഷനാക്കണമെന്നാവശ്യപ്പെട്ട് പോലീസ് സേന സമർപ്പിച്ച നിർദ്ദേശം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജില്ലയിലെ മുണ്ടക്കയം പോലീസ് സ്റ്റേഷനും എരുമേലി പോലീസ് സ്റ്റേഷനും വിസ്തൃതിയേറിയ രണ്ട് പോലീസ് സ്റ്റേഷനുകളാണ്. മുണ്ടക്കയം പോലീസ് സ്റ്റേഷന് 58 സ്ക്വയർ കിലോമീറ്ററും എരുമേലി പോലീസ് സ്റ്റേഷന് 64 സ്ക്വയർ കിലോമീറ്ററും വിസ്തൃതിയുണ്ട്. ഈ പോലീസ് സ്റ്റേഷനുകൾക്ക് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വലിയ ചുമതലകളും ഉത്തരവാദിത്വങ്ങളുമുണ്ട്. രണ്ട് പോലീസ് സ്റ്റേഷനുകളിലെ പരിധിയിലുള്ള ഭൂപരിധി കുറച്ചുകൊണ്ട് കോരുത്തോട് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഏതെങ്കിലും പ്രത്യേക ഡിപ്പാർട്ടുമെന്റിന്റേതായി

റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ഭൂമിയിൽ സിവിൽ സ്റ്റേഷൻ സ്ഥാപിക്കാനുള്ള സ്ഥലലഭ്യതയുടെ നിർദ്ദേശത്തിന്മേൽ അനുകൂല തീരുമാനമുണ്ടാകണം. പോലീസും ജയിലും കോടതിയും അഭിഭാഷകരുമടക്കമുള്ള സമൂഹവുമായി ബന്ധപ്പെട്ടതായതിനാൽ അഭിഭാഷകരുടെ ഒരാവശ്യംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. The Kerala Court-Fees and Suits Valuation Act, Section 76 പ്രകാരമുള്ള അഭിഭാഷക ക്ഷേമനിധിയുടെ പരിധി നിലവിൽ 10 ലക്ഷം രൂപ മാത്രമാണ്. അത് 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം. 2023-24-ലെ ബഡ്ജറ്റിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഗവൺമെന്റിന് ബാദ്ധ്യതകളില്ലാതെതന്നെ അഭിഭാഷക ക്ഷേമനിധിയുടെ പരിധി വർദ്ധിപ്പിക്കാൻ സാധിക്കും. അതിനുള്ള തീരുമാനംകൂടിയുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എനിക്കുമുൻപ് സംസാരിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉപതെരഞ്ഞെടുപ്പിന്റെ ഫലം കൃത്യമായി വിലയിരുത്താതെയാണ് പരാമർശിച്ചതെന്ന് കരുതുന്നു. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ യു.ഡി.എഫ്. 6

സീറ്റുകൾ കൂടുതലായി പിടിച്ച് തിളക്കമാർന്ന വിജയം കരസ്ഥമാക്കിയിരിക്കുന്നുവെന്ന് അങ്ങ് മനസ്സിലാക്കണം. അങ്ങയുടെ പാർട്ടിയുടെ കീഴിലുണ്ടായിരുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന, നമുക്കെല്ലാം പ്രിയപ്പെട്ട ജോയ് കല്ലുപുര അങ്ങയുടെ പാർട്ടിയുടെ യോഗത്തിൽ പങ്കെടുക്കുമ്പോൾ കുഴഞ്ഞുവീണ് മരണപ്പെട്ടു. മാണി ഗ്രൂപ്പ് സംവിധാനത്തിന്റെ ഭാഗമായി നിലനിന്നിരുന്ന ആ സീറ്റ് ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ 280 വോട്ടിന്റെ ഭൂരിപക്ഷത്തോടെ യു.ഡി.എഫ്. തിരിച്ചുപിടിച്ചിരിക്കുന്നു. അത് അങ്ങയുടെ പാർട്ടിക്കേറ്റ കനത്ത തിരിച്ചടിയാണെന്നുകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ എൽ.ഡി.എഫ്.-നെതിരായ അതിശക്തമായ ജനവികാരത്തിന്റെ റിസൾട്ടാണ് ഇന്ന് കേരളത്തിലുണ്ടായിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. (....ബഹളം....)

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, 28-ൽ ആറ് സീറ്റ് ജയിച്ചതാണോ? (.....മൈക്ക് ഓഫ്.....)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അല്ല, 6 സീറ്റ് തിരിച്ചുപിടിച്ചില്ലേ? ശ്രീ. ജോബ് മൈക്കിൾ, എൽ.ഡി.എഫ്.-ന് ലഭിച്ച 99 സീറ്റ് 100 സീറ്റായി

തിരിച്ചുപിടിക്കാൻ യു.ഡി.എഫ്.-ന് അധികസമയമൊന്നും വേണ്ടെന്ന് അങ്ങ് ഓർത്തിരിക്കുന്നത് നല്ലതാണ്. ഈ റിസൾട്ട് അതിന്റെ മുന്നറിയിപ്പാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഉപതെരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോൾ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ നിയോജകമണ്ഡലത്തിലെ എരുമേലി പഞ്ചായത്ത് എൽ.ഡി.എഫ്.-ന് നഷ്ടപ്പെട്ടു. (....ബഹളം....)

മി. ചെയർമാൻ: പ്ലീസ്..... പ്ലീസ്..... അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കു.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ എൽ.ഡി.എഫ്.-ന്റെ സ്വാധീനമുണ്ടായിരുന്ന എരുമേലി പഞ്ചായത്തിലും കടുത്തുരുത്തി നിയോജകമണ്ഡലത്തിലുമടക്കം രണ്ടിടത്ത് യു.ഡി.എഫ്. ശക്തമായി മുന്നേറ്റം നടത്തുകയാണ്. അതിൽ ബഡ്ജറ്റ് ഇഫക്കുകൂടിയുണ്ടെന്ന് അങ്ങും അങ്ങയുടെ പാർട്ടിയും മനസ്സിലാക്കണം. പോലീസിന്റെ മോഡേണൈസേഷനടക്കമുള്ള കാര്യങ്ങളാണ് പ്രധാനമായും ഭരണപക്ഷത്തുനിന്നും ചൂണ്ടിക്കാണിച്ചത്. പോലീസിന്റെ മോഡണൈസേഷന്റെ ഇന്നത്തെ അവസ്ഥ എന്താണ്; കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ട് പോലീസ് സേനയിൽ എന്ത് നേട്ടമുണ്ടാക്കാൻ സാധിച്ചു? യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ഭരണകാലത്ത് നല്ല നിലയിൽ

പ്രവർത്തിച്ചിരുന്ന ജനമൈത്രി പോലീസ് ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന കാര്യം യാഥാർത്ഥ്യമായി നിൽക്കുകയാണ്. ഗവൺമെന്റ് അതൊന്നും ശ്രദ്ധിക്കുന്നില്ല. സ്റ്റുഡന്റ് പോലീസ് കേഡറ്റിനെക്കുറിച്ച് പറഞ്ഞു. എത്രയോ നാളുകൾക്കുമുൻപ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. എസ്.പി.സി. വിവിധ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനോ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ഫണ്ട് നൽകാനോ സപ്പോർട്ട് നൽകാനോ ഇന്ന് കഴിയുന്നില്ലെന്ന വസ്തുത ഓരോ രംഗവുമെടുത്ത് പരിശോധിച്ചാൽ വ്യക്തമായി കാണാൻ കഴിയും. ഇന്ന് സൈബർ കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ അന്വേഷിക്കാൻ മോഡണൈസേഷനെക്കുറിച്ച് പറയുന്ന ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയും? ആകെ 50 പോലീസുകാരെയാണ് കേരളം മുഴുവനുമുള്ള സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ നിയോഗിച്ചിട്ടുള്ളത്. ഇത്രയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് പറയുന്ന ഗവൺമെന്റിന് അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഒരു കേസും തെളിയിക്കുന്നില്ലെന്നും ഫലപ്രദമായി അന്വേഷിക്കാൻ സാധിക്കുന്നില്ലെന്നും കള്ളന്മാർ മനസ്സിലാക്കുന്നതുകൊണ്ട് സൈബർ കുറ്റകൃത്യങ്ങളും

മോഷണക്കേസ്സുകളും വർദ്ധിക്കുന്നു. കേരളത്തിൽ മോഷണക്കേസ് നാലഞ്ച് ഇരട്ടിയായി വർദ്ധിച്ചു. മോഷണക്കേസ് അന്വേഷിക്കാൻ കഴിയാത്ത അവസ്ഥ ലോക്കൽ പോലീസ് സ്റ്റേഷനുകളിലുണ്ട്. മാധ്യമങ്ങളിൽ വാർത്തയായി വരുന്ന വലിയ മോഷണക്കേസ്സുകളല്ലാതെ മറ്റുകേസ്സുകൾ ഫലപ്രദമായി അന്വേഷിക്കാൻ കേരളത്തിൽ കഴിയുന്നില്ലെന്നത് യാഥാർത്ഥ്യമായി നിൽക്കുകയാണ്. കേരളത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. എന്നാൽ സംസ്ഥാനത്തൊട്ടാകെ നടക്കുന്ന കുറ്റകൃത്യങ്ങളുടെ അവസ്ഥയെന്താണ്; ഇന്ത്യയിൽ ഒരു വർഷം 6 ലക്ഷം ക്രൈം രജിസ്റ്റർ ചെയ്യുന്നതിൽ ഒന്നര ലക്ഷം ക്രൈമുകൾ കേരളത്തിലാണ് നടക്കുന്നതെന്നത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതല്ലേ? ഇത്തരം കാര്യങ്ങളിലെല്ലാം ഫലപ്രദമായി നടപടി സ്വീകരിക്കണമെങ്കിൽ പോലീസ് കാര്യക്ഷമമായി പ്രവർത്തിക്കണം. ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളിൽ ഡീസൽ അടിക്കുന്നതിനുള്ള തുക നൽകാൻ സർക്കാരിന് കഴിയുന്നുണ്ടോ? വസ്തുതാപരമായി പരിശോധിച്ചാൽ, സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ കയ്യിൽനിന്നും പണം മുടക്കി വാഹനങ്ങളിൽ ഡീസൽ അടിച്ചില്ലെങ്കിൽ വണ്ടി സ്റ്റേഷനിൽത്തന്നെ കിടക്കും. ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും മുന്നിലും പുറകിലും പോകുന്ന എസ്കോർട്ട് വാഹനത്തിനും

പൈലറ്റ് വാഹനത്തിനും ഡീസലടിക്കാൻ സാധിക്കും. അതല്ലാതെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലെ പോലീസിന് ജനങ്ങൾക്ക് സേവനം നൽകുന്നതിനായി പോകാൻ കഴിയുന്നില്ല. അവർ പോലീസ് സ്റ്റേഷനുകളിൽ വിശ്രമിക്കുന്ന അവസ്ഥയിലേയ്ക്ക് വരികയാണ്. ഈ നിലയിലുള്ള സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാകണ്ടേ? സംസ്ഥാനത്തെ ഇതുപോലുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ രാഷ്ട്രീയമായി കാണരുത്. മോഡണൈസേഷന്റെ ഭാഗമായി സെക്രട്ടേറിയറ്റിന്റെ മൂന്ന് ഗേറ്റുകളിൽ ബോംബ് ഡിറ്റക്ഷൻ എക്വിപ്മെന്റ് സ്ഥാപിച്ചെങ്കിലും ഇതുവരെ അവയൊന്നും പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല എല്ലാം നോക്കുകുത്തിയായിരിക്കുകയാണ്. ഗവൺമെന്റ് നൽകിയ ഉപകരണങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിനൊരു ഇടപെടൽ നടത്താൻ പോലീസിന് കഴിയുന്നുണ്ടോ? ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ് പോലീസ് യൂണിവേഴ്സിറ്റി. പോലീസുകാർക്ക് ഡിഗ്രിയെടുക്കാനും പഠിക്കാനുമുള്ള അവസരമാണ് ഇതിലൂടെ ലഭ്യമാകുന്നത്. 55000 വരുന്ന പോലീസ് സേനയ്ക്ക് അത് പ്രയോജനപ്രദമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് യൂണിവേഴ്സിറ്റി വേണ്ടെന്നുവച്ചു. യു.ഡി.എഫ്. ഗവൺമെന്റ് നല്ല നിലയിൽ

കൊണ്ടുവന്ന പോലീസ് യൂണിവേഴ്സിറ്റിയെ തകർക്കുന്ന വിധത്തിലുള്ള നിലപാടെടുത്ത് ഇപ്പോൾ അടച്ചുപൂട്ടുന്ന സാഹചര്യത്തിലേയ്ക്ക് പോകുന്നു. ഇതുപോലുള്ള കാര്യങ്ങൾ സംസ്ഥാനത്ത് നടക്കുമ്പോൾ പോലീസ് നിഷ്ക്രിയമായി നിൽക്കുന്ന ഗതികേടിലേയ്ക്ക് കേരളം വരികയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്... പ്ലീസ്... അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ഭരണസിരാകേന്ദ്രത്തിന്റെ അവസ്ഥയെന്താണ്? മ്യൂസിയം സ്റ്റേഷൻ പരിധിയിൽ ഒരു പെൺകുട്ടിക്കുണ്ടായ ദുരനുഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുമാത്രമാണോ; ഒരു വർഷത്തിനകം തലസ്ഥാനത്തുമാത്രമായി സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ആയിരത്തിലധികം കേസ്സുകൾ റിപ്പോർട്ട് ചെയ്തുവെന്ന് പറയുമ്പോൾ ഭരണസിരാകേന്ദ്രത്തിൽ പോലീസ് എന്ത് ചെയ്യുകയാണ്; ഇത്തരം കേസ്സുകളിൽ പോലീസിന് നടപടിയെടുക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? തിരുവനന്തപുരത്തെ പേരൂർക്കടയിലും അമ്പലമുക്കിലും കേശവദാസപുരത്തും തമ്പാനൂരിലും നടന്ന കൊലപാതകങ്ങൾപോലുള്ള

വിഷയങ്ങൾ സംസ്ഥാനത്തൊട്ടാകെ നടക്കുകയാണ്. സ്ത്രീസുരക്ഷയില്ല, മയക്കുമരുന്ന്-ഗുണ്ടാ മാഫിയകൾ അഴിഞ്ഞാട്ടം നടത്തുന്നു, പോലീസ് നോക്കുകുത്തിയായി നിൽക്കുന്നു. നിർഭാഗ്യകരമായ സ്ഥിതിയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത് എന്നത് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ സംസ്ഥാനത്തിന് അപമാനകരമാണ്. ഗുണ്ടകൾ ലാ ആൻഡ് ഓർഡർ കയ്യിലെടുക്കുന്ന, പോലീസ് സ്റ്റേഷനുകളിൽ കയറി പോലീസുകാരെ മർദ്ദിക്കുന്ന കാലമായി കേരളം മാറിയത് അപമാനകരമായ കാര്യമാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് പച്ചക്കറിയുമായി വന്ന വാഹനത്തിൽനിന്നും 3 കിലോ കഞ്ചാവ് പിടിച്ചെടുത്തുവെന്നാണ് ജയിലുകളുമായി ബന്ധപ്പെട്ട് ഒരു വാർത്ത വന്നത്. (.....മൈക്ക് ഓഫ്.....)

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പരിണതപ്രജ്ഞരായ യു.ഡി.എഫ്. അംഗങ്ങൾ കേരളത്തിന്റെ പോലീസ് സേനയെ ഇകഴ്ത്തി കാണിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ പ്രസംഗം കേട്ടപ്പോൾ കേരളത്തിന്റെ

ചരിത്രം എന്തായിരുന്നുവെന്നതിനെക്കുറിച്ച് ഞാൻ ആലോചിക്കുകയായിരുന്നു. ഞങ്ങൾ വിദ്യാർത്ഥികളായിരുന്ന സമയത്ത് കേരള ചരിത്രത്തിൽ എങ്ങനെയായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് പോലീസ് സേനയെ ഉപയോഗപ്പെടുത്തിയിരുന്നത് എന്ന ഓർമ്മ ഈ സന്ദർഭത്തിൽ നമുക്കെല്ലാവർക്കുമുണ്ടാകണം. കേരള ചരിത്രത്തിൽ മാത്രമല്ല രാജ്യത്തിന്റെ ചരിത്രത്തിൽ കറുത്ത ദിനങ്ങൾ സമ്മാനിച്ച നാളുകളാണ് അടിയന്തരാവസ്ഥക്കാലത്തുണ്ടായത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ബാലുശ്ശേരി നിയോജകമണ്ഡലത്തിലാണ് കക്കയം. കക്കയം ക്യാമ്പിനെക്കുറിച്ച് കേൾക്കാത്തവരായി സഭയിൽ ആരുംതന്നെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അടിയന്തരാവസ്ഥക്കാലത്ത് കക്കയം ക്യാമ്പിൽ ഭീകരമാംവിധമുള്ള പോലീസ് വേട്ട (ഉരുട്ടിക്കൊല) നടന്നു. ജനാധിപത്യപരമായ പ്രതിരോധങ്ങളെയും ചെറുത്തുനിൽപ്പുകളെയും കോൺഗ്രസ്സിന്റെ പോലീസ് ഗുണ്ട ക്യാമ്പിനകത്തുവച്ചുതന്നെ അടിച്ചമർത്തുന്ന കാഴ്ചയാണ് അക്കാലത്ത് കാണാൻ കഴിഞ്ഞത്. അന്ന് കേരളത്തിന്റെ ഭരണം ആരുടെ കയ്യിലായിരുന്നുവെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ആ ക്യാമ്പിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്. ബഹുമാനപ്പെട്ട കൽപ്പറ്റ അംഗത്തിന് അതറിയാം. കോഴിക്കോട്ടുകാർക്ക് നന്നായിട്ടറിയുന്ന പ്രദേശമാണ്.

യു.ഡി.എഫ്.-ന്റെ പോലീസ് നയത്തിന്റെ ഭാഗമായി എത്ര പേരെയാണ് കക്കയം ക്യാമ്പിൽവച്ച് പോലീസ് മൃഗീയമായി വേട്ടയാടിയത്? ജനാധിപത്യപരമായി പ്രതികരിക്കുന്നവരെ, പ്രതിഷേധിക്കുന്നവരെ, ശബ്ദമുയർത്തുന്നവരെ ജീവൻപോലും നഷ്ടപ്പെടുത്തുന്ന വിധത്തിലാണ് ആ ക്യാമ്പിൽവച്ച് ആക്രമിച്ചത്. കക്കയം ക്യാമ്പിൽവച്ച് ഭീകരമായ പോലീസ് വേട്ടയ്ക്ക് വിധേയനായ വ്യക്തിയാണ് പേരാമ്പ്ര അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ. ആ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. മുത്തങ്ങയിലെ ആദിവാസി സമരത്തെ കോൺഗ്രസിന്റെ പോലീസ് നേരിട്ടത് എങ്ങനെയായിരുന്നുവെന്ന് ഞാൻ ഈ സന്ദർഭത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. കേരളത്തിലെ ആദിവാസികൾക്കുനേരെ മൃഗീയമായ വേട്ടയാടലായിരുന്നു അക്കാലത്ത് നടന്നത്. ആദിവാസി ജനവിഭാഗങ്ങൾക്കുനേരെ ഭീകരമാംവിധം വെടിവച്ച് മർദ്ദനം അഴിച്ചുവിട്ട് പോലീസിന്റെ കിരാതവാഴ്ച നടത്തിയത് നിങ്ങളുടെ കാലത്തല്ലേ? യു.ഡി.എഫ്.-ന്റെ കാലത്ത് സംഘപരിവാർ രാഷ്ട്രീയത്തോടൊപ്പം ചേർന്നുനിൽക്കുന്ന പോലീസ് നയം സ്വീകരിച്ചുവെന്ന് ഞങ്ങൾ ഉന്നയിക്കുന്നു. തിരുവനന്തപുരത്തെ എം.ജി. കോളേജിൽ നടന്ന സംഘർഷത്തിന്റെ ഭാഗമായി ക്യാമ്പസിനകത്ത് പോലീസ് കടന്നുവന്ന് ആർ.എസ്.എസ്.

ഗുണ്ടാസംഘത്തിന്റെ ആക്രമണത്തെ പ്രതിരോധിക്കാനും ക്യാമ്പസിൽ സമാധാനാന്തരീക്ഷം പുന:സ്ഥാപിക്കാനുമുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകിയ സി.ഐ.-യെ ബോംബെറിഞ്ഞ് കാലുകൾ തകർത്തു. ആ കേസ് ഒത്തുതീർപ്പാക്കി ആർ.എസ്.എസ്.-ന് ക്ലീൻ ചിറ്റ് കൊടുത്തവരാണ് ഇവിടെവന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പോലീസിനെതിരായി വിമർശനം ഉന്നയിക്കുന്നത്. ഇതൊക്കെ അനുഭവങ്ങളിലൂടെ അറിഞ്ഞിട്ടുള്ളതാണ്. ചരിത്രത്തിൽ സമാനതകളില്ലാത്ത വലിയ പ്രക്ഷോഭമാണ് 1994 നവംബർ മാസം 25-ാം തീയതി നടന്ന കൂത്തുപറമ്പിലെ സമരം. ഇന്ന് യൂത്ത് കോൺഗ്രസുകാരും കെ.എസ്.യു.-കാരും നടത്തുന്നതുപോലെ ഏതെങ്കിലുമൊരു പൊന്തക്കാട്ടിൽ ഒളിച്ചിരുന്ന് മുഖ്യമന്ത്രിയുടെ വാഹനത്തിനുനേരെ ചാടിവീണുകൊണ്ട് നടത്തിയ സമരമല്ല, ജനകീയ പ്രക്ഷോഭമായിരുന്നു. നൂറുകണക്കിന് യുവജനങ്ങൾ സമരകേന്ദ്രത്തിലേയ്ക്ക് എത്തിച്ചേർന്ന് ജനാധിപത്യപരമായി സമരം നടത്തി പ്രതിഷേധം ഉയർത്തുകയെന്ന തീരുമാനത്തിന്റെ ഭാഗമായി കൂത്തുപറമ്പിലെത്തിച്ചേർന്ന യുവജനപോരാളികളെയാണ് ഭീകരമായ വിധത്തിൽ വെടിവച്ച് കൊലപ്പെടുത്തിയത്. ആ കിരാതവാഴ്ചയ്ക്ക് യു.ഡി.എഫ്.-ന്റെ പോലീസാണ് നേതൃത്വം നൽകിയത്. രാജീവൻ,

ഷിബുലാൽ, മധു, ബാബു, റോഷൻ എന്നീ സഖാക്കൾ കൊല്ലപ്പെട്ടു. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ തലശ്ശേരിക്കടുത്ത് ചൊക്ലിയിൽ പുഷ്പൻ ഇന്നും ജീവിക്കുന്ന രക്തസാക്ഷിയാണ്. ഇത്രമേൽ മൃഗീയമായ നരനായാട്ടിന് നേതൃത്വം നൽകിയത് കേരളത്തിൽ കോൺഗ്രസ് ഭരിക്കുന്ന കാലത്താണ്. ആ കോൺഗ്രസാണ് പോലീസിന്റെ ജനാധിപത്യവൽക്കരണത്തെ സംബന്ധിച്ച് കേരള നിയമസഭയിൽവന്ന് വാചാലമായിക്കൊണ്ടിരിക്കുന്നത്. എന്തിനേറെ പറയുന്നു, സമീപ കാലയളവിലായിരുന്നില്ലേ കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിയെ മെറിറ്റ് അട്ടിമറിച്ചുകൊണ്ട് പ്രവേശിപ്പിച്ചത്. മെറിറ്റ് അട്ടിമറിക്കെതിരായി എസ്.എഫ്.ഐ. സംസ്ഥാനവ്യാപകമായി സമരം നടത്തി. ആ സമരത്തിന്റെ ഭാഗമായ ഉപരോധ സമരത്തിന് അന്ന് നേതൃത്വം നൽകിയ എസ്.എഫ്.ഐ.-യുടെ സംസ്ഥാന സെക്രട്ടറി സഖാവ് പി. ബിജുവിനുനേരെ ഭീകരമർദ്ദനമാണ് പോലീസ് അഴിച്ചുവിട്ടത്. അവിടെയുണ്ടായിരുന്ന എസ്.എഫ്.ഐ. പ്രവർത്തകർക്കുനേരെ അന്നത്തെ കോഴിക്കോട് നോർത്ത് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ രാധാകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ നിറയൊഴിക്കുകയുണ്ടായി. സമീപകാലയളവിൽ പോലീസുമായി ബന്ധപ്പെട്ട് കോൺഗ്രസ് സ്വീകരിച്ച

സമീപനം ഇങ്ങനെയായിരുന്നുവെന്ന് കാണാൻ കഴിയും. അധികമൊന്നും ചരിത്രം പരിശോധിക്കണ്ട. ഇവിടെ യൂത്ത് കോൺഗ്രസിന്റെ സമരത്തെക്കുറിച്ച് സൂചിപ്പിച്ചല്ലോ. പൊന്തക്കാട്ടിൽ ഒളിച്ചിരുന്ന് മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിനുനേരെ ചാടിവീണ് പ്രതിഷേധിക്കുകയാണ് യൂത്ത് കോൺഗ്രസുകാർ. അത് അടിയന്തരപ്രമേയത്തിന്റെ ഭാഗമായി നിങ്ങൾ ചർച്ചയിൽ ഉയർത്തിക്കൊണ്ടുവന്നു. സമരരംഗത്തേയ്ക്ക് കടന്നുവരുമ്പോൾ പോലീസിന്റെ ലാത്തിയടിയോ ജലപീരങ്കിയോ ഏൽക്കുമ്പോൾ നിങ്ങൾ ഇങ്ങനെ വാവിട്ടുകരഞ്ഞാൽ എന്താണ് സ്ഥിതി? സമരം ചെയ്യുമ്പോൾ ഏതെങ്കിലും ഘട്ടത്തിൽ അടിയേൽക്കേണ്ടി വരും, ജലപീരങ്കിയെ നേരിടേണ്ടിവരും. അത്ര മന:ശക്തിയില്ലാത്ത, ഇച്ഛാശക്തിയില്ലാത്തവരാണോ യൂത്ത് കോൺഗ്രസ് പ്രവർത്തകർ? അവർ നാട്ടുനീളെ നടന്ന് നിലവിളിക്കുന്ന കാഴ്ചയല്ലേ കണ്ടുകൊണ്ടിരിക്കുന്നത്. പ്രിയപ്പെട്ട പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും യൂത്ത് കോൺഗ്രസിന്റെയും കെ.എസ്.യു.-വിന്റെയും നേതാക്കൾക്ക് അൽപ്പം ധൈര്യം പകർന്നുകൊടുക്കണം. ശ്രീ. ഷാഫി പറമ്പിലിനും അടിയേറ്റു. ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിപക്ഷത്തിരുന്ന കാലത്ത്

യുവജനപ്രസ്ഥാനത്തിന്റെയും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും നേതാക്കളായിരുന്ന എം.എൽ.എ.-മാരെ തിരുവനന്തപുരം നഗരിയിലും കോഴിക്കോടിന്റെയും മറ്റ് ജില്ലകളുടെയും സമരകേന്ദ്രങ്ങളിൽ ഭീകരമായി വേട്ടയാടി. എന്തിനേറെ, ചരിത്രത്തിന്റെ ഭാഗമായി പരിശോധിക്കുമ്പോൾ സഖാവ് പിണറായി വിജയൻ എം.എൽ.എ. ആയിരുന്ന അടിയന്തരാവസ്ഥയുടെ കാലത്ത് അദ്ദേഹത്തെ പോലീസ് വേട്ടയാടിയ ചരിത്രം ഈ സന്ദർഭത്തിൽ ആവർത്തിക്കുന്നില്ല. നിങ്ങളുടെ രീതി അതായിരുന്നു. ഈ രീതിയിലല്ല ഇന്ന് കേരളത്തിലെ പോലീസ് മുന്നോട്ടുപോകുന്നത്. കേരള പോലീസിന്റെ മുഖം മാറിക്കഴിഞ്ഞിട്ടുണ്ട്. 2006-2011 കാലഘട്ടത്തിൽ കേരളത്തിൽ സഖാവ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന വേളയിൽ ജനമൈത്രി പോലീസ് നടപ്പിലാക്കിയതിനെക്കുറിച്ച് പരാമർശിക്കാതെ കേരളത്തിലെ പോലീസിനെക്കുറിച്ച് പ്രസംഗിക്കാൻ കഴിയില്ല. പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന ഏതൊരാളെയും നല്ല നിലയിൽ അഭിസംബോധന ചെയ്യാനും അവർക്കുവേണ്ട സൗകര്യമൊരുക്കിക്കൊടുക്കാനും അവരുടെ പരാതികൾ കേൾക്കാനും തുറന്ന മനസ്സുമായിനിന്നവരായിരുന്നു ജനമൈത്രി പോലീസ്. അങ്ങനെയൊരു പോലീസ് സംസ്കാരത്തിലേയ്ക്ക് കേരളത്തെ മാറ്റിയത്

സഖാവ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് അഭിമാനകരമായ മറ്റൊരു പദ്ധതിയാണ്. ഇന്ന് കേരളത്തിൽ 803 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുണ്ട്. സഖാവ് കോടിയേരി ബാലകൃഷ്ണൻ ഉയർത്തിക്കൊണ്ടുവന്ന കേരളത്തിലെ ഇടതുപക്ഷത്തിന്റെ ആഭ്യന്തര നയമായിരുന്നു അത്. മാതൃകാപരമായ ചില പ്രവർത്തനങ്ങൾകൂടി സമീപകാലയളവിൽ കേരളത്തിലെ ആഭ്യന്തര വകുപ്പ് സ്വീകരിച്ചു. കാക്കിയണിഞ്ഞ ക്രിമിനൽ സംഘങ്ങൾക്ക് താക്കീതുനൽകി. ഒരു പോലീസുകാരനും കാക്കിയണിഞ്ഞുകൊണ്ട് ക്രിമിനൽ പ്രവർത്തനത്തിന്റെ ഭാഗമാകാൻ പാടില്ലെന്ന കർശന താക്കീതാണ് സമീപകാലയളവിൽ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായത്. എത്രപേരെ സസ്പെൻഡ് ചെയ്തു? ഈ നിലയിൽ പോലീസ് സേനയെ ശരിയായ നിലയിൽ നയിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെയും ആഭ്യന്തര വകുപ്പിനെയും മോശമായി ചിത്രീകരിക്കാനുള്ള യു.ഡി.എഫ്.-ന്റെ, കോൺഗ്രസിന്റെ, വലതുപക്ഷ രാഷ്ട്രീയത്തിന്റെ ശ്രമം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ]

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ ആഭ്യന്തര വകുപ്പിനെ സഹായിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശാക്തീകരിക്കുന്നതിനായാണ് ധനാഭ്യർത്ഥന സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ആഭ്യന്തര വകുപ്പ് കേരളീയ സമൂഹത്തിന്റെ ഐശ്വര്യമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. ജയിലിലടയ്ക്കേണ്ടവരെയെല്ലാം ജയിലിലടച്ചു. ജനങ്ങൾക്കാവശ്യമായ സുരക്ഷ ഉറപ്പുവരുത്തി ജനനായകൻ ശ്രീ. പിണറായി വിജയൻ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതിൽ പ്രതിപക്ഷം അസഹിഷ്ണുത പ്രകടിപ്പിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ചുരുങ്ങിയത് ഈ ധനാഭ്യർത്ഥനയെങ്കിലും പ്രതിപക്ഷം രണ്ടുകയ്യും നീട്ടി സ്വീകരിക്കണം. കാരണം ജയിലുകളിൽ അധികമായി ഒരുക്കുന്ന എല്ലാ സൗകര്യങ്ങളുടെയും സമ്പൂർണ്ണ ഗുണഭോക്താക്കളായി തീരാൻ പോകുന്നത് പ്രതിപക്ഷവും അവരുടെ സഹയാത്രികരുമാണെന്ന് ഓർത്തിട്ടെങ്കിലും ഈ ധനാഭ്യർത്ഥനകളെ നിങ്ങൾ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത നാടായി കേരളം

മാറിയത് ഇടതുപക്ഷ മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെ കരുത്തുകൊണ്ടാണെന്ന് എല്ലാവർക്കുമറിയാം. അതേ ഇടതുപക്ഷത്തിന്റെ പോലീസ് വകുപ്പിന്റെ തണലിലാണ് മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമായി ഈ നാട് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നത്. മഹാപ്രളയ കാലത്തും കോവിഡ് മഹാമാരിക്കാലത്തും മാനവികതയുടെ നേർക്കാഴ്ചകളുമായി കേരള പോലീസ് നമുക്കൊപ്പമുണ്ടായിരുന്നുവെന്നത് സഭയിൽത്തന്നെ എല്ലാവരും സമ്മതിച്ച കാര്യമാണ്. അതെന്താണ് ഇപ്പോൾ വിസ്മരിക്കുന്നത്? അതുകൊണ്ടുതന്നെയാണ് പിണറായി പോലീസിനെത്തേടി ഇടതടവില്ലാതെ അംഗീകാരങ്ങളും അവാർഡുകളും എത്തിക്കൊണ്ടിരിക്കുന്നത്. അഴിമതിമുക്തവും കാര്യക്ഷമവുമായ പോലീസ് സേവനത്തിൽ കേരളം ഒന്നാമതാണെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേയിലാണ് കണ്ടെത്തിയത്. ആ റിപ്പോർട്ട് തയ്യാറാക്കിയത് കേരള സർക്കാരല്ല. ഏറ്റവും സന്തോഷവും സംതൃപ്തിയുമുള്ള ജനങ്ങൾ താമസിക്കുന്നത് കേരളത്തിലാണെന്ന് പറഞ്ഞത് 'ഇന്ത്യാ ടുഡേ'യുടെ പഠന റിപ്പോർട്ടാണ്. കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിനും സൈബർ ഡോമിനും ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചതും ഈ ഘട്ടത്തിലാണ്. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിൽ മികച്ച

പോലീസായി കേന്ദ്ര വിദേശകാര്യമന്ത്രാലയം അംഗീകരിച്ചത് കേരള പോലീസിനെയാണെന്ന് പ്രതിപക്ഷമോർക്കണം. സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കേരള പോലീസ് ആവിഷ്കരിച്ച പദ്ധതികൾ ദേശീയ ശ്രദ്ധനേടുന്ന പദ്ധതികളായി മാറിക്കഴിഞ്ഞു. വനിതാ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം, വനിതാ സെൽ, വനിതാ ബറ്റാലിയനുകൾ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം ഈ ഗണത്തിൽപ്പെടുന്നവയാണ്. അതുമാത്രമല്ല, സംസ്ഥാനത്തെ പോലീസ് സേനയുടെ കുറ്റാന്വേഷണ മികവിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ആർക്കും പരാതിയില്ലാത്ത ഒരു പ്രക്ഷോഭവും നടക്കാത്ത ഇലന്തൂർ ആഭിചാരക്കൊലയുമായി ബന്ധപ്പെട്ട കേസ്. ആ കേസിൽ മൂന്നുമാസത്തിനകംതന്നെ 1600 പേജുള്ള ആദ്യ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു. എത്ര മികവോടെയാണ് കേരള പോലീസ് 307 തെളിവുകളും 147 ഉപതെളിവുകളും 166 സാക്ഷികളേയും ഉൾപ്പെടുത്തി കുറ്റപത്രം സമർപ്പിച്ചതെന്ന് നമ്മൾ ഓർക്കണം. എന്തിനാണ് പോലീസിനെ ഇങ്ങനെ കുറ്റം പറയുന്നത്? പോലീസിനെ കുറ്റം പറയാൻ കാരണമുണ്ടാകും, കാരണം പോലീസ് അന്വേഷണം നടത്തി പല കുറ്റകൃത്യങ്ങളുടെയും അന്തിമഘട്ടത്തിലേയ്ക്കെത്തുമ്പോൾ

പ്രതിപക്ഷത്തിരിക്കുന്ന സഹപ്രവർത്തകർ കുടുങ്ങുന്നുണ്ട് എന്നതാണ് വസ്തുത. നിക്ഷേപകർക്ക് 45 ശതമാനം പലിശ വാഗ്ദാനം ചെയ്തുകൊണ്ടാണ് Safe and Strong എന്ന പേരിലുള്ള നിക്ഷേപ കമ്പനിയുടെ തട്ടിപ്പ് അരങ്ങേറിയത്. അത് കണ്ടെത്തിയെന്ന് മാത്രമല്ല മുഖ്യപ്രതിയായ പ്രവീൺ റാണയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞു. എന്താണ് ആ കേസിന്റെ സ്ഥിതി? പ്രവീൺ റാണയും കെ.പി.സി.സി. പ്രസിഡന്റും മറ്റ് കോൺഗ്രസ് നേതാക്കളുമായി ഉറ്റ ബന്ധം തെളിയിക്കുന്ന ഫോട്ടോയും വാർത്തകളുമെല്ലാം പത്രങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഈ അസ്വസ്ഥതയും കേരളത്തിലെ പോലീസിനെ നിർവീര്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ ഗുണ്ടകളെ അഴിച്ചുവിടുന്നുവെന്നാണ് പറഞ്ഞത്. അതാണോ ഇവിടെ നടക്കുന്നത്? 8745 ഗുണ്ടകളെ പിടികൂടുന്നതിന് ഈ കാലത്ത് പിണറായി പോലീസിന് കഴിഞ്ഞു. 2562 പേരെ ഒറ്റരാത്രികൊണ്ടാണ് പിടിച്ചത്. പതിറ്റാണ്ടുകളായി കുറ്റകൃത്യം നടത്തിയ, യു.ഡി.എഫ്.-ന്റെ കാലത്ത് വലിയ ക്രിമിനൽ സംഘങ്ങൾക്ക് രൂപം കൊടുത്ത് അത് കൊണ്ടുനടന്നവരാണ് പിടിക്കപ്പെട്ട കുറ്റവാളികളെന്ന് ഓർക്കേണ്ടതുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ പോലീസ്

ജനപക്ഷത്തുനിന്ന് ജനങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്നതുകൊണ്ട് പോലീസിൽ എന്ത് ജനവിരുദ്ധ സമീപനം വന്നാലും അതിനെതിരെ ശക്തമായ നിലപാടെടുക്കാനും ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. അഴിമതിക്കേസുകളിൽ 56 ഉദ്യോഗസ്ഥരെ പിടികൂടാൻ കഴിഞ്ഞു. റെക്കോർഡ് ട്രാപ് കേസുകളും മിന്നൽ പരിശോധനകളും നടത്തിവരികയാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രൂപീകരിച്ചതിനുശേഷം ആദ്യമായാണ് 47 ട്രാപ് കേസ്സുകൾ കേരളത്തിൽ ചാർജ്ജ് ചെയ്യപ്പെടുന്നത്. ഇതൊരു റെക്കോർഡ് നേട്ടമാണ്. അത് ഈ സർക്കാരിന്റെ കാലത്താണെന്ന് പ്രതിപക്ഷം ഓർക്കണം. അതുമാത്രമല്ല കുറ്റവാളികളെ എക്കാലവും കുറ്റവാളികളായി തള്ളിക്കളയാനല്ല ഗവൺമെന്റ് ശ്രമിക്കുന്നത്. അവരിൽ മാനസിക പരിവർത്തനം നടത്തുന്നതരത്തിൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ ജയിലുകളെ നവീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. തുറന്ന ജയിലുകളും ജയിലിലെ അന്തേവാസികളെ തൊഴിൽ നൈപുണ്യമുള്ളവരായി മാറ്റുന്നതിനുള്ള ശ്രമങ്ങളും ലോകശ്രദ്ധ പിടിച്ചുപറ്റിയ പോലീസ് നടപടികളാണ്. അത് കേരളത്തിന്റെ പ്രത്യേകതയാണെന്ന് നാം ഓർക്കേണ്ടതുണ്ട്. പിണറായി സർക്കാരിന്റെ ഇത്തരത്തിലുള്ള എല്ലാ

നിലപാടുകളും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷമുയർത്തുന്ന ബദലുകളുടെ നേർക്കാഴ്ചയാണെന്ന് കാണേണ്ടതുണ്ട്. അതിനെ ആരാണ് ഭയപ്പെടുന്നത്? കേന്ദ്ര സർക്കാരിനെതിരായി ഇത്തരം ബദലുകളുയർത്തുന്ന ഇടതുപക്ഷ നയത്തെ ഭയപ്പെടുന്നവർ ആരാണ്; അതിനെ തളർത്താൻ നോക്കുന്നവർ ആരാണ്; അവർ സാമ്രാജ്യത്വ സംഘ്പരിവാർ രാഷ്ട്രീയത്തിന്റെ സഹയാത്രികരാണ്. അത് കേരളത്തിലെ കോൺഗ്രസാണെന്നുള്ളതാണ് ദുഃഖകരമായ വസ്തുത. സംഘ്പരിവാറിന്റെ സാമൂഹ്യവിരുദ്ധ രാഷ്ട്രീയം രാജ്യത്ത് സമ്പൂർണ്ണതയിലെത്തുന്നതിന് വിഘാതമായി നിൽക്കുന്നത് ആരാണെന്നത് മറുചോദ്യമാണ്. അവർ ഈ രാജ്യത്തെ ഇടതുപക്ഷമാണെന്ന് കാണാൻ കഴിയും. ആ ഇടതുപക്ഷത്തിന്റെ ഈറ്റില്ലം ഈ കേരളത്തിന്റെ ചുവന്ന മണ്ണാണ്. ആ ചുവന്ന മണ്ണിന്റെ നട്ടെല്ല് ഈ സർക്കാരിന്റെ നായകനായ ശ്രീ. പിണറായി വിജയനാണ്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ കേരളത്തോടും ശ്രീ. പിണറായി വിജയനോടും കടുത്ത പകയുടെ രാഷ്ട്രീയം പയറ്റുന്നത്. കേന്ദ്ര സർക്കാരിനുവേണ്ടി, സംഘ്പരിവാറിനുവേണ്ടി, കേരളത്തിലെ വലതുപക്ഷത്തെ അവർ വിലയ്ക്കെടുത്തിരിക്കുകയാണ്. അവരാണ് സംഘ്പരിവാരത്തിന്റെ വക്കാലത്തുമായി പലപ്പോഴും എണീറ്റുനിന്ന് പല പച്ചക്കള്ളങ്ങളും ഇവിടെ വിളമ്പിക്കൊണ്ടിരിക്കുന്നത്. ഈ

കുറുമുന്നണിക്കാർ മലയാളികളെ മുട്ടുകുത്തിക്കാൻ എന്തെല്ലാം വഴികൾ നോക്കിയെന്ന് ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്. കേന്ദ്ര ഏജൻസികളെ ഒന്നിനുപുറകെ ഒന്നായി കേരളത്തിലേയ്ക്ക് എത്തിച്ചു. അതുകൊണ്ടാണ് അഴിമതിയുടെ അപ്പോസ്തലന്മാരായ കോൺഗ്രസും ബി.ജെ.പി.-യും ഏൽപ്പിച്ചുകൊടുത്ത റൂട്ടുമാപ്പുമായി കേന്ദ്ര ഏജൻസികൾ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും  വീടുകൾ അരിച്ചുപെറുക്കിയത്. എന്തെല്ലാം കള്ളക്കഥകൾ മെനഞ്ഞു; അവർ വിലയ്ക്കെടുത്ത ചില മാധ്യമങ്ങളേയുംകൂട്ടി തെരുവിൽ കൂക്കിവിളിച്ചിട്ട് എന്താണുണ്ടായത്? 'പവനായി ശവമായി' എന്ന് പറഞ്ഞതുപോലെ പിണറായിയെ പൂട്ടാൻവന്നവർ സ്വന്തം പെട്ടിയും പൂട്ടി സ്ഥലംവിട്ടു എന്നതാണ് കേരളത്തിന്റെ സമീപകാല ചരിത്രം. അവരുടെ രണ്ടാം വരവാണ് ഈ ബഡ്ജറ്റ് കാലത്ത് നാം കാണുന്നത്. കേന്ദ്ര ഭരണപക്ഷവും കേരള പ്രതിപക്ഷവും ചേർന്ന് നടത്തുന്ന കുതന്ത്രത്തിന്റെ കുത്താണ് കേരളവിരുദ്ധ സാമ്പത്തികവെട്ടുകൾ. കേരളത്തെ എല്ലാ നിലയ്ക്കും സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്രം ശ്രമിക്കുകയാണ്. വെട്ടിവെട്ടി നമ്മളെ തോൽപ്പിക്കാൻ നോക്കുമ്പോൾ, തോൽപ്പിക്കാൻ നോക്കുന്ന കേന്ദ്രത്തിനെ കേരളത്തിലേയ്ക്ക് സ്വീകരിച്ച് അവർക്ക് താമരപ്പൂ നൽകുന്ന പ്രതിപക്ഷത്തിനെ എന്താണ് വിളിക്കേണ്ടതെന്ന് എനിക്കറിയില്ല. ആ

പദപ്രയോഗം ഇവിടെ നടത്താൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കി ആധുനിക കാലത്തിന്റെ ജീവിത സൗഭാഗ്യങ്ങളെല്ലാം മലയാള നാട്ടിലെത്തിക്കുന്ന വികസന നയമാണ് എൽ.ഡി.എഫ്.-ന്റെ മുഖമുദ്ര. അതിനുവേണ്ടിയാണ് 62 ലക്ഷം പേർക്ക് ഇടതടവില്ലാതെ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്. ആ പെൻഷൻ മുടക്കാനാണ് രണ്ട് രൂപയുടെ സെസ്സിന്റെ പേരിൽ യു.ഡി.എഫ്. ആഭാസ സമരങ്ങൾ അഴിച്ചുവിടാൻ തയ്യാറാകുന്നത്. ഗാർഹികാവശ്യത്തിനുള്ള പാചക വാതക സിലിണ്ടറിന് 50 രൂപയും വാണിജ്യാവശ്യങ്ങൾക്കുള്ള സിലിണ്ടറിന് 350 രൂപയും ഒറ്റയടിക്ക് വർദ്ധിപ്പിച്ച കേന്ദ്ര നടപടിക്കെതിരെ ഒരു പ്രതിഷേധവും യു.ഡി.എഫ്.-ന്റെ ഈ കരിങ്കൊടി പ്രതിഷേധക്കാർ മുന്നോട്ടുവയ്ക്കുന്നില്ല എന്നത് നമ്മൾ കാണേണ്ടതുണ്ട്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ ഡീസലിന്റെയും പെട്രോളിന്റെയും നികുതിയിനത്തിൽ കുറവുവരുത്തിയതാണ് ഈ സർക്കാരിന്റെ നേട്ടം. കുറച്ച സെസ്സ് ഇപ്പോൾ പുന:സ്ഥാപിച്ചെന്നേ പറയാൻ കഴിയൂ. ഒരു വർദ്ധനവും നടത്താത്ത ഈ ഗവൺമെന്റിനെതിരെ പുലഭ്യവും തെറ്റായ കള്ളപ്രചരണവും നടത്തി നാട്ടിൽ അരാജകത്വം അഴിച്ചുവിടുന്ന സമീപനമാണ് യു.ഡി.എഫ്. തുടർന്നുകൊണ്ടിരിക്കുന്നത്. ഇത്തരം

സമീപനത്തിനെതിരെ നിലപാടെടുക്കണം. സർക്കാരിന്റെ ഒന്നാംരണ്ടും ഘട്ടങ്ങളിൽ രണ്ട് ലക്ഷത്തിലധികം പുതിയ നിയമനങ്ങൾ പിണറായി സർക്കാർ നടത്തി. പോലീസ് സേനയ്ക്കകത്തും നിരവധി നിയമനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു. എല്ലാ വിഭാഗങ്ങളേയും ചേർത്തുപിടിക്കുന്ന ഈ ഗവൺമെന്റിനെതിരായ ആഭാസസമരങ്ങൾ അടിയന്തരമായി പ്രതിപക്ഷം അവസാനിപ്പിക്കണമെന്നുകൂടി ഈ അവസരത്തിൽ പറയുകയാണ്. പാവപ്പെട്ടവരുടെ കിടപ്പാടമെന്ന സ്വപ്നത്തിന് ചിറക് നൽകിയ എൽ.ഡി.എഫ്. പദ്ധതിയായ ലൈഫ് മിഷന്റെ ലൈഫ് ഇല്ലാതാക്കാൻ സ്വർണ്ണക്കടത്തിന്റെ സ്വപ്നകുമാരിയെ കൂട്ടുപിടിച്ച് സംഘ്പരിവാറിനുവേണ്ടി കുഴലെടുത്ത് നാട്ടുമുഴുവൻ ആഭാസം വിളിച്ചുപറയുന്ന കാളക്കൂട കുറുമുന്നണിയായി പ്രതിപക്ഷം മാറരുതെന്ന് അപേക്ഷിക്കുകയാണ്. കോവിഡിന്റെ കെട്ടകാലത്ത് എരിയുന്ന വയറിന്റെ തീയണയ്ക്കാൻ ഭക്ഷ്യക്കിറ്റുമായെത്തിയ എൽ.ഡി.എഫ്. സർക്കാരിനെതിരെ സ്റ്റേ ഉത്തരവുതേടി ഹൈക്കോടതി വരാന്തയിൽ കുത്തിയിരുന്ന് കുത്തിത്തിരിപ്പ് മുന്നണിയായി പ്രതിപക്ഷം ഇനിയും തുടരരുതെന്ന് അഭ്യർത്ഥിക്കുകയാണ്. 62 ലക്ഷം വരുന്ന ഗുണഭോക്താക്കൾക്ക് ക്ഷേമ പെൻഷൻ നൽകുന്നത് മുടക്കാൻ മുടന്തൻ ന്യായവുമായി മൂലയ്ക്കിരിക്കുന്ന മുക്കൂട്ട് മുന്നണിയായി

പ്രതിപക്ഷമിനിയും തുടരരുതെന്ന് അപേക്ഷിക്കുകയാണ്. അങ്ങനെ തുടർന്നാൽ ഈ കേരളം അവരെ തിരസ്കരിക്കും. അവരുടെ വിഷവാക്കുകൾക്ക് ചെവികൊടുക്കാതെ നമുക്ക് ഈ കേരളത്തിനെ ചേർത്തുപിടിക്കാം, നാളത്തെ കുതിപ്പിനുവേണ്ടി പ്രവർത്തിക്കാം. പിണറായി സർക്കാരിന്റെ എല്ലാ ജനനന്മ നിറഞ്ഞ പ്രവർത്തനങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്:</u> സർ, ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. രാജ്യത്ത് വിവിധ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സർക്കാരാണ് കേരളം ഭരിക്കുന്നത്. വിവിധ വകുപ്പുകളെക്കുറിച്ചുള്ള കേന്ദ്ര സർക്കാരിന്റെ ഇൻഡക്സുകളിൽ കേരളം മികവ് പുലർത്തുകയാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം രാജ്യത്തിന് മാതൃകയാണ്. പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും വാർത്താ വിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളിന്മേലാണ് ഇന്ന് ചർച്ച നടത്തുന്നത്. എന്നാൽ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് ആരും പ്രസംഗിച്ചുകേട്ടില്ല. അങ്ങോട്ടുമിങ്ങോട്ടും വാഗ്വാദങ്ങളും മറ്റും നടത്തുകയാണ്. തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 6 സീറ്റ്

പിടിച്ചുവെന്നും അതുകൊണ്ട് നിങ്ങൾ സൂക്ഷിച്ചിരുന്നോയെന്നും പ്രിയങ്കരനായ മോൻസ് ജോസഫ് പറഞ്ഞു. അടുത്ത പ്രാവശ്യം തങ്ങൾ അധികാരത്തിൽ വരുമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് മലർപ്പൊടിക്കാരന്റെ സ്വപ്നമാണ്. എന്റെ പ്രദേശമായ കുട്ടനാട്ടിലെ എടത്വാ പഞ്ചായത്തിലെ 15-ാം വാർഡിൽ ഉപതെരഞ്ഞെടുപ്പ് നടന്നു. ഞാനതിന് നേതൃത്വം കൊടുത്തയാളാണ്. എടത്വ യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തായിരുന്നു. ചരിത്രത്തിലില്ലാത്ത ഭൂരിപക്ഷത്തോടെയാണ് അവിടെ മത്സരിച്ച ശ്രീമതി വിനീത ജോസഫ് മെഴുകുതിരി അടയാളത്തിൽ വിജയിച്ചത്. ഈ പഞ്ചായത്തിൽ കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്. ആയിരുന്നു ഭരിച്ചിരുന്നത്. അതിനുമുമ്പ് ഭരിച്ചിരുന്നത് യു.ഡി.എഫ്. ആയിരുന്നു. യു.ഡി.എഫ്.-ൽനിന്നും പിടിച്ചെടുത്ത വാർഡ് ഞങ്ങൾ നിലനിർത്തുകയായിരുന്നു. അതാണ് നിങ്ങളുടെ വിഷമം. നിങ്ങളുടെ എല്ലാ ആളുകളുമിറങ്ങി എം.എൽ.എ.-യെ താറടിക്കാൻ ഒരുപാട് പ്രകടനം നടത്തി. ഇതൊന്നുംകണ്ട് ആരും സ്വപ്നം കാണണ്ട. പഞ്ചായത്ത് തെരഞ്ഞെടുപ്പ് രാഷ്ട്രീയ ലെവലിലല്ല, അതത് പ്രദേശത്തെ ആളുകളുടെ ലെവലിലാണ് വരുന്നത്. അതുകൊണ്ട് 6 സീറ്റ് കിട്ടിയതിന് നിങ്ങൾ അഹങ്കരിക്കണ്ട. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ രാഷ്ട്രീയമില്ല. അവിടത്തെ ജില്ലാ

പഞ്ചായത്തിൽ എൽ.ഡി.എഫ്. ജയിച്ചിട്ടുണ്ട്. ആ വിഷയങ്ങളിലേയ്ക്ക് ഞാൻ പോകാനാഗ്രഹിക്കുന്നില്ല. കുറച്ചധികം കാലം നിങ്ങൾ പ്രതിപക്ഷത്തുതന്നെ ഇരിക്കേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 15 വർഷം ശ്രീ. പിണറായി വിജയൻ ഭരിക്കുമെന്ന് എന്റെ സഹോദരൻ തോമസ് ചാണ്ടി മരിക്കുന്നതിനുമുമ്പ് പറഞ്ഞിരുന്നു. ഇപ്പോൾ 10 വർഷമാകാൻ പോകുന്നതേയുള്ളൂ. അതുകഴിഞ്ഞ് 5 വർഷംകൂടിയുണ്ട്. ബാക്കി കാര്യങ്ങൾ നമുക്ക് അതിനുശേഷം ചിന്തിക്കാം. പോലീസ് സേനയ്ക്കുള്ള പ്രത്യേകതയെന്താണ്? എല്ലാവർക്കും പോലീസിനെ ആവശ്യമാണ്. 'ആക്ഷൻ ഹീറോ ബിജു' എന്ന ചിത്രത്തിൽ നായകൻ നിവിൻ പോളി പറയുന്ന ഡയലോഗുണ്ട്. “സാധാരണക്കാരന്റെ ആശ്രയവും അവന്റെ ബലവും അവന്റെ ജില്ലാ കോടതിയും ഹൈക്കോടതിയും സുപ്രീംകോടതിയുമൊക്കെ ഈ പോലീസ് സ്റ്റേഷനാണ്. ഇവിടെ ഏതുതരം കേസുമെടുക്കും.” പോലീസിനെ സജ്ജമാക്കേണ്ട ചുമതല സർക്കാരിനുണ്ട്. അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണ്, അവർക്ക് കൊടുക്കേണ്ട കാര്യങ്ങൾ എന്താണ് മുതലായവയ്ക്കുള്ള ധനാഭ്യർത്ഥനയാണിവിടെ കൊണ്ടുവന്നിരിക്കുന്നത്. അതിനെ എന്തിനാണ് എതിർക്കുന്നത്? അപ്പുറത്തിരിക്കുന്നവർക്ക് പോലീസിന്റെ ആവശ്യമില്ലേ; നാളെയൊരു

പ്രശ്നമുണ്ടാകുമ്പോൾ നിങ്ങൾ പോലീസിനെ വിളിക്കില്ലേ? അതുകൊണ്ട് പോലീസിനാവശ്യമായ കാര്യങ്ങൾ നൽകുന്നതിനുള്ള പണം വകയിരുത്തിയേ മതിയാകൂ. എങ്കിൽ മാത്രമേ പോലീസിന് നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതിനെ എതിർക്കേണ്ട കാര്യമില്ല. നിങ്ങൾ മനസ്സോടെയല്ല ചെയ്യുന്നതെന്ന് ഞങ്ങൾക്കറിയാം. കാരണം, നിങ്ങൾ കടമ നിർവ്വഹിക്കുന്നുവെന്നേയുള്ളൂ. സർക്കാർ പോലീസിനെ നല്ല രീതിയിൽ സഹായിക്കുന്നുണ്ട് എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. പോലീസിന്റെ പ്രവർത്തനങ്ങളും ആ രീതിയിലാണ്. നല്ല രീതിയിൽ ഭരിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന സർക്കാരിനെ കേന്ദ്രം ഞെക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ധന സെസ്സ് 2 രൂപ ഏർപ്പെടുത്തിയപ്പോൾ എന്തെല്ലാം ബഹളമാണുണ്ടാക്കിയത്? ഗാർഹിക സിലിണ്ടറിന് 49 രൂപയും വാണിജ്യ സിലിണ്ടറിന് 351 രൂപയും വർദ്ധിപ്പിച്ചതിന് ആർക്കും ഒരനക്കവുമില്ല. പ്രതിപക്ഷം മിണ്ടാതിരിക്കുകയാണ്. കേന്ദ്ര സർക്കാർ എന്തുചെയ്താലും നിങ്ങൾ മിണ്ടില്ല. നിങ്ങൾക്ക് പേടിയാണ്. പിന്നെയുള്ളത്, പാവപ്പെട്ട കേരള സർക്കാരിനെ ഞെക്കാമെന്നുള്ളതാണ്. കാരണം, ഇവിടെയാണല്ലോ നിങ്ങളിരിക്കുന്നത്. വേറെങ്ങും നിങ്ങൾ ശക്തമായിട്ടില്ല. ഇരിക്കുന്നിടത്തിരുന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രീതി അവസാനിപ്പിച്ച്

സഹായിക്കുന്ന നിലപാട് സ്വീകരിക്കണം. ഇന്ധന സെസ്സ് 2 രൂപ ഏർപ്പെടുത്തിയത് ഞങ്ങളുടെ വീട്ടിലേയ്ക്ക് കൊണ്ടുപോകാനല്ല. ക്ഷേമപെൻഷനും കിറ്റുമൊക്കെ നൽകണ്ടേ; ആളുകളെ സഹായിക്കണ്ടേ; അതിനുള്ള പണം ആരാണ് തരിക? എല്ലാ രീതിയിലും കേന്ദ്ര സർക്കാർ കേരളത്തെ ഞെക്കുകയാണ്. കാരണം, ശ്രീ. പിണറായി വിജയനാണ് കേരളം ഭരിക്കുന്നത്. ആ ഒരു വൈരാഗ്യം മാത്രമേ അവർക്കുള്ളൂ. പക്ഷേ, ഞങ്ങളതിനെ സധൈര്യം നേരിടും. ഏത് രീതിയിൽ, എന്തൊക്കെ ചെയ്യണോ അതൊക്കെ കാര്യമായി ചെയ്യും. അതിനെയൊന്നും തടയാൻ നിങ്ങൾക്ക് സാധിക്കില്ല. നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിനെതിരെ ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യാതെ പിന്തുണ തന്നാൽ നിങ്ങൾക്കും ഞങ്ങൾക്കും കൊള്ളാം. കുട്ടനാടൻ ജനതയുടെ പ്രധാന പ്രശ്നങ്ങളെ സർക്കാർ നല്ലരീതിയിൽ പരിഗണിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി 400 കോടി രൂപ നൽകിയിട്ടുള്ളത് കുട്ടനാടൻ ജനതയുടെ വിജയമാണ്. കുട്ടനാടിന്റെ ചരിത്രത്തിൽ ഇന്നുവരെയും അങ്ങനെ തന്നിട്ടില്ല. 6 ഘട്ടങ്ങളിലായി കുടിവെള്ള പദ്ധതി ടെണ്ടർ ചെയ്തു. ഇതൊന്നും നടക്കാൻ പോകുന്നില്ലെന്നും ചുമ്മാ പറയുകയാണെന്നും പറഞ്ഞ് നിങ്ങളുടെ എം.പി. ഉൾപ്പെടെ അവിടെ വന്ന് പ്രശ്നമുണ്ടാക്കുകയാണ്. ഇത്തരം പ്രചരണങ്ങൾ

നിർത്തണം. എന്റെ സഹോദരൻ തോമസ് ചാണ്ടി അദ്ദേഹത്തിന്റെ പോക്കറ്റിൽനിന്നും പണമെടുത്ത് വാങ്ങിയ സ്ഥലത്താണ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. അതിന് നല്ല രീതിയിലുള്ള സംവിധാനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനെ തുരങ്കംവയ്ക്കുന്ന രീതിയിലുള്ള സംസാരങ്ങളും രീതികളും യു.ഡി.എഫ്. നേതാക്കളുടെ ഭാഗത്തുനിന്നും വരുന്നുണ്ട്. അതുണ്ടാകാതിരിക്കാൻ ശ്രമിക്കണം. അതുപോലെതന്നെ നിരവധി പാലങ്ങൾ അനുവദിച്ചു. എ.സി. (Alapuzha-Changanassery) റോഡിനുവേണ്ടി 750 കോടി രൂപ അനുവദിച്ചു. അതിന്റെ പണി പൂർത്തിയാകുമ്പോൾ നല്ല രീതിയിൽ പുതിയൊരു കുട്ടനാടിന്റെ ഉയിർത്തെഴുന്നേൽപ്പുണ്ടാകും. ഇങ്ങനെ സഹായിച്ച് കുട്ടനാട്ടുകാർ രക്ഷപ്പെട്ടുവരുമ്പോഴേയ്ക്കും ഏതെങ്കിലും രീതിയിൽ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും താറടിക്കാമെന്ന് വിചാരിച്ചാൽ അത് നടക്കില്ല. ഞങ്ങളെ കളിയാക്കിയതുകൊണ്ടൊന്നും കാര്യങ്ങൾ നടക്കില്ല. നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് ഫലപ്രദമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. എന്റെ ഓർമ്മയിൽ ആറ് വർഷത്തിനുമുമ്പ് ഒരു കാര്യവും കുട്ടനാടിന് കിട്ടിയിട്ടില്ല. നല്ല പാലമോ ആശുപത്രിയോ ഇല്ലായിരുന്നു. ശ്രീ. എച്ച്. സലാം,

എം.എൽ.എ.-യുടെ അമ്പലപ്പുഴ മണ്ഡലത്തിലാണ് മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റ് അനുവദിച്ചു. അതിന്റെ പ്രയോജനം ഏറ്റവുംകൂടുതൽ ലഭിക്കുന്നത് കുട്ടനാട്ടുകാർക്കാണ്. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് പണം വേണ്ടേ; അതിന് എന്താണ് മാർഗ്ഗം; വേറെ പ്രത്യേക വരുമാനമുണ്ടോ? കുവൈറ്റിൽ എണ്ണയുടെ വരുമാനമുണ്ട്. കേരളത്തിൽ എന്ത് എണ്ണയാണുള്ളത്; ഒന്നുമില്ല. ആകെയുള്ള വരുമാനം നികുതിയാണ്. അതിനെ തടസ്സപ്പെടുത്തുന്ന രീതി ശരിയല്ല. ഇത്തരം കാര്യങ്ങളെ മുൻനിർത്തി സമരങ്ങളിൽനിന്നും പിന്മാറി ഗവൺമെന്റിനെ അനുമോദിക്കുകയാണെങ്കിൽ നല്ല രീതിയിൽ നിങ്ങൾക്കും പ്രയോജനമുണ്ടാകും.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, എ.സി. റോഡിന്റെ നിർമ്മാണം അങ്ങയുടെ മണ്ഡലത്തിലാണല്ലോ നടന്നുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടി എത്ര കോടി രൂപയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, എ.സി. റോഡിനുവേണ്ടി 750 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6 മാസത്തിനുള്ളിൽ പ്രവൃത്തി

പൂർത്തിയാകും. കുടിവെള്ള പദ്ധതിക്കുവേണ്ടി 400 കോടി രൂപയും പാലങ്ങൾക്കുവേണ്ടി 46 കോടി രൂപയും അനുവദിച്ചു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സമയം ശ്രദ്ധിക്കണം.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇവിടെയെങ്ങും ആരും കേൾക്കാൻപോലുമില്ല. ഞങ്ങളൊക്കെ പ്രസംഗിക്കുമ്പോൾ ആരുമിവിടെ കേൾക്കാൻപോലും ഇരിക്കാറില്ല. പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്താനായി 100 കോടി രൂപയും രണ്ടാം കുട്ടനാട് പാക്കേജിനായി 135 കോടി രൂപയും ആറുകളുടെയും തോടുകളുടെയും ആഴം കൂട്ടുന്നതിനും മാലിന്യം നീക്കം ചെയ്യുന്നതിനും 56 കോടി രൂപയും അനുവദിച്ചു. പണ്ട് ഇതൊക്കെ കേട്ടുകേൾവിയേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, ഇന്ന് പിണറായി ഗവൺമെന്റ് അത് തന്നുകൊണ്ടിരിക്കുകയാണ്. ഈ സന്തോഷത്തിൽ നിന്നുകൊണ്ട് ഞങ്ങൾ എന്താണ് പറയേണ്ടത്; കുട്ടനാട് ഒരു വർഷത്തിനകം ഉയിർത്തെഴുന്നേൽക്കും. ഞങ്ങൾക്ക് വലിയ പ്രത്യേകതയുണ്ടാകും. കുട്ടനാട്ടുകാർക്ക് വഴിയും വെള്ളവും നല്ല വീടുകളും ആശുപത്രികളും സ്കൂളുകളും കളിസ്ഥലങ്ങളും ലഭിക്കും. കുട്ടനാടിന് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനായി ഈ ഗവൺമെന്റിനെ സഹായിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷംകൂടി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. യു.ഡി.എഫ്. ദുർബ്ബലമാണെന്ന് വെളിവാക്കുന്നതാണ് ഇന്ന് സഭയിൽ പ്രതിപക്ഷത്തിനുവേണ്ടി ആദ്യമായി സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ. ഒരു കാര്യവും പ്രത്യേകമായി എൽ.ഡി.എഫ്. സർക്കാരിനെതിരെ ഉന്നയിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിന്റെ രേഖകൾ ഇവിടെയുണ്ട്. ഇത്തവണ കുറച്ച് കടലാസുകൾ ഉയർത്തിപ്പിടിച്ച എന്നല്ലാതെ ആഭ്യന്തര വകുപ്പിനെതിരായി, വിശേഷിച്ചും പോലീസിനെതിരായി അടിസ്ഥാനപരമായ ഏതെങ്കിലും വിവരത്തിന്റെ അടിത്തറയിൽനിന്നുകൊണ്ട് വസ്തുനിഷ്ഠമായ എന്തെങ്കിലും കാര്യങ്ങൾ അദ്ദേഹം ഇവിടെ സൂചിപ്പിച്ചു എന്നുപറയാനാവില്ല. അത്രയും ദുർബ്ബലമായ വാദമാണ് അദ്ദേഹം ഉന്നയിച്ചത്. അദ്ദേഹത്തിന് ഒരുകാര്യവും പോലീസിനെക്കുറിച്ച് പറയാനില്ല. കേരളം എവിടെ നിൽക്കുന്നു എന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രതിനിധി സൂചിപ്പിച്ചു. മറ്റിടങ്ങൾ എവിടെ നിൽക്കുന്നു എന്നൊരു താരതമ്യമെങ്കിലും ലീഗിന്റെ പ്രതിനിധി നടത്തേണ്ടതാണ്. സമീപകാലത്ത് വടക്കേ ഇന്ത്യയിൽനിന്ന് വന്ന വാർത്തകളുണ്ട്. രണ്ട് മുസ്ലീം യുവാക്കളെയാണ് പോലീസ് ചുട്ടെരിച്ച്

കൊന്നത്. രാജസ്ഥാനിൽനിന്ന് തുടങ്ങി ഹരിയാനയിലാണ് പൂർത്തീകരിച്ചത്. മുസ്ലീം ചെറുപ്പക്കാരെ കൊല്ലുന്നതിന് പശുവിന്റെ പേരുമതി എന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങളിലെ ക്രമസമാധാനനില അത്രയും ആപത്കരമായി നിൽക്കുമ്പോൾ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് ലീഗിന്റെ പ്രതിനിധികൾക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്ന കേരളത്തിൽ എത്ര ആത്മവിശ്വാസത്തോടുകൂടിയാണ് നാം ജീവിതത്തെ അഭിമുഖീകരിച്ച് മുന്നോട്ടുപോകുന്നതെന്നത് വ്യക്തമാകേണ്ട കാര്യമാണ്. പോലീസ് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ തെളിവ് ഈ ധനാഭ്യർത്ഥനകളുടെ ഉള്ളടക്കത്തിലെ ഓരോ കാര്യത്തിലൂടെയും പോകുമ്പോൾ കാണാൻ സാധിക്കും. ഈ മേഖലയെ ആധുനികവൽക്കരിക്കുകയെന്നുള്ളതാണ് ആഭ്യന്തര വകുപ്പ് മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരികയാണ്. അതോടൊപ്പം പുതിയ ബറ്റാലിയനുകൾ വരുന്നു. ഏറ്റവും അവസാനമായി കോഴിക്കോടാണ് ആറാമത് സായുധ പോലീസ് ബറ്റാലിയൻ വന്നത്. കൂടാതെ എല്ലാ സ്കൂളുകളിലും കുട്ടികളെ ആരോഗ്യപരമായ രീതിയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് എസ്.പി.സി. സംവിധാനമുണ്ടാകുന്നു.

മയക്കുമരുന്നിന്റെ ഉപയോഗം കേരളത്തിൽ ഏറ്റവും ആപൽക്കരമായി മാറിയിട്ടുണ്ട്. 'കൊച്ചിയാണ് മയക്കുമരുന്നിന്റെ ഹെഡ് ക്വാർട്ടേഴ്സ് ' എന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. കേരളം മയക്കുമരുന്നിന് ഏറ്റവും കൂടുതൽ അടിമപ്പെട്ടുകൊണ്ടിരിക്കുന്ന നിലയിലേയ്ക്ക് പോകുന്നു. ഇന്ന് അതിൽനിന്നും കേരളം മോചിപ്പിക്കപ്പെട്ട് വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ജനങ്ങളെ അണിനിരത്തിക്കൊണ്ട് അത്തരം പ്രവർത്തനങ്ങളിൽ മാതൃകാപരമായ കാര്യങ്ങളാണ് കേരളത്തിലെ ആഭ്യന്തര വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നതെന്നുള്ളത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. സമീപദിവസങ്ങളിൽ രാജ്യത്ത് ന്യൂനപക്ഷങ്ങൾ നേരിടേണ്ടിവരുന്ന ഗൗരവമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ കേരളം സ്വർഗ്ഗതുല്യമാണെന്ന് ചിലരൊക്കെ വിശേഷിപ്പിക്കുന്നത് മറ്റൊന്നുംകൊണ്ടുമല്ല. 79 ക്രിസ്ത്യൻ സംഘടനകൾ ചേർന്നാണ് ഡൽഹിയിലെ ജന്തർ മന്ദിറിൽ ഒരു സത്യാഗ്രഹം നടത്തിയത്. 'ജീവിക്കാൻ അനുവദിക്കണം' എന്നതാണ് അവർ മുന്നോട്ടുവച്ച മുദ്രാവാക്യം. അടിച്ചമർത്താം, ഇല്ലാതാക്കാനാകില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് സമരം നടത്തേണ്ടിവന്നത്. കേരളത്തിൽ അങ്ങനെ ഒരു സമരം ഏതെങ്കിലും ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് ആലോചിക്കേണ്ടിവരുന്ന

സാഹചര്യമുണ്ടോയെന്നുള്ളത് ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് സംസാരിക്കുന്നവർ പ്രതിപാദിക്കേണ്ടതുണ്ട്. ഇവിടെ സർക്കാർ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളുണ്ട്. സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ, കഴിഞ്ഞ കാലങ്ങളിലെ സ്ഥിതി പരിഗണിക്കാതെ പോകാൻ കഴിയില്ല. കേരള ഹൈക്കോടതി മുമ്പ് ഉന്നയിച്ച ഒരു ചോദ്യമുണ്ട്. എത്രയോ വർഷംമുമ്പ് നടന്നിട്ടുള്ള ഒരുകാര്യം എന്തിനാണ് ഇപ്പോൾ പറയുന്നതെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞിട്ടുള്ളത് കാണാതെയല്ല പറയുന്നത്; പക്ഷേ, പഴയതൊന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. അന്ന് എന്താണ് ഹൈക്കോടതി ചോദിച്ചത്? ഒരു സാധാരണ പോലീസുകാരനാണോ ഇവിടെ ഡി.ജി.പി.-യായി കാര്യങ്ങൾ നിർവ്വഹിക്കുന്നതെന്ന് കേരള ഹൈക്കോടതി ചോദിച്ചിട്ടുള്ളത് യു.ഡി.എഫ്. നേതൃത്വത്തിന് മറക്കാൻ സാധിക്കുന്നതാണോ? അവരുടെ നെഞ്ചത്തുകുത്തിയിട്ടുള്ള ചോദ്യമാണത്. ആരാണ് ആ പോലീസുകാരനെന്ന് വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഭൂമി തട്ടിപ്പുകേസിൽ ഫോൺ കസ്റ്റഡിയിലെടുക്കാൻ ഉത്തരവിട്ടപ്പോൾ അത് സ്റ്റേ ചെയ്യാൻ ഹൈക്കോടതിയിൽ ഹാജരായത് അഡ്വക്കേറ്റ് ജനറലാണ്. ഏതാണ് ആ പോലീസുകാരൻ? കടകംപള്ളി ഭൂമി തട്ടിപ്പിന്റെയടക്കം കാര്യങ്ങൾ നമ്മുടെ

മുമ്പിലുള്ളത് പഴയകാലത്തെ അനുഭവങ്ങളായി ഉയർന്നുനിൽക്കുന്നുണ്ട്. ഇവിടെ എന്തെല്ലാം കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. തെളിയിക്കപ്പെടാത്ത ഏതൊക്കെ കേസുകൾ; സന്ദീപാനന്ദഗിരി ആശ്രമം കത്തിച്ചത്, എ.കെ.ജി. സെന്റർ ആക്രമണം തുടങ്ങിയ ഓരോ കാര്യവും ശ്രീ. വി. ജോയി സംസാരിച്ചപ്പോൾ പ്രതിപാദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് നമ്മുടെ ഓർമ്മയിൽ ഏറ്റവും ക്രോധമുണ്ടാക്കുന്ന ഒരു ചിത്രമുണ്ട്. സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യണമെന്ന ഉത്തരവ് കീറി കത്തിച്ച് പ്രതിഷേധിക്കുന്ന യു.ഡി.എഫ്. അനുകൂല സർവ്വീസ് സംഘടനയിൽപ്പെട്ട സർക്കാർ ജീവനക്കാരിയുടെ ചിത്രം ഒരിക്കലും മറക്കാൻ കഴിയില്ല. ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന കൊടുക്കരുതെന്ന് ഈ ലോകത്തോട് വിളിച്ചുപറഞ്ഞവർ ഇപ്പോൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? അതിൽനിന്നും പണം അടിച്ചുമാറ്റുന്നതിന് ഒരു മടിയുമില്ലാത്ത നിലയിൽ അതിന് ശിപാർശ ചെയ്യുന്നവരായി ഇവർ മാറിത്തീരുന്ന കാഴ്ചകളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഈ വെട്ടിപ്പ് കണ്ടുപിടിച്ചത് കേരള പോലീസാണ്. ആ പോലീസിന് പ്രാപ്തിയില്ലെന്നാണ് പറയുന്നത്. ഇത്തരം തട്ടിപ്പുകൾവരെ കണ്ടുപിടിക്കുന്നതിന് പ്രാപ്തിയുള്ള ഒന്നായി കേരള പോലീസ്

മാറുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വർഗ്ഗീയസംഘർഷങ്ങളില്ലാത്ത നാടായി കേരളം മാറിയിട്ടുണ്ട്. മാറാട് പോലെയുള്ള ദാരുണസംഭവങ്ങൾ ആവർത്തിക്കാത്ത നിലയിൽ, വർഗ്ഗീയ സംഘർഷങ്ങളില്ലാതെ ക്രമസമാധാനത്തിൽ ഇന്ത്യയുടെ മുമ്പിൽ ഏറ്റവും മികച്ചുനിൽക്കുന്ന സംസ്ഥാനമെന്ന ഖ്യാതി ഇന്ന് കേരളം നേടിയിട്ടുണ്ട്, ഇത് ഞങ്ങൾ പറയുന്ന കാര്യമല്ല. അഴിമതിവിമുക്തവും കാര്യക്ഷമവുമായ പോലീസ് സേവനത്തിൽ കേരളം ഒന്നാമതാണെന്ന് പറയുന്നത് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേയാണ്. ജനങ്ങളുടെ സംതൃപ്തിയും സന്തോഷവും മാനദണ്ഡമായെടുത്ത് ഇന്ത്യാ ടുഡേ നടത്തിയ പഠനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തത് കേരളത്തെയാണെന്ന് പറയുമ്പോൾ അതിൽ കേരളത്തിലെ പോലീസിന്റെ പങ്ക് ഏറ്റവും പ്രധാനമാണെന്നുള്ളത് നമുക്ക് തിരിച്ചറിയാൻ സാധിക്കും. ഈ നിലയിൽ കേരളത്തിലെ പോലീസ് മുന്നോട്ടുപോകുകയാണ്. കർണ്ണാടകയിലെ ഒരു സംഭവം ഇപ്പോൾ ശ്രദ്ധയിൽവന്നു. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിൽ അടിയാണ്. ഇവിടെ ഒരു ഡി.ജി.പി. തന്നെ ഒരു പോലീസുകാരനെ വലിച്ചിട്ട് ചവിട്ടിത്തേച്ചിട്ടുള്ള കാര്യം; അദ്ദേഹത്തെ കൊണ്ടുനടന്നിട്ടുള്ള യു.ഡി.എഫ്., അദ്ദേഹം പിന്നീട്

ബി.ജെ.പി. ആയപ്പോൾ നിഷ്ക്രിയമായി നോക്കിനിൽക്കേണ്ടി വന്നിട്ടുള്ള കാര്യങ്ങളൊക്കെ നമുക്ക് മറക്കാനാവില്ലല്ലോ? കേരള പോലീസ് ഇന്ന് എത്രമാത്രം മാതൃകാപരമായും ഐക്യത്തോടും അച്ചടക്കത്തോടുംകൂടിയാണ് മുന്നോട്ടുപോകുന്നതെന്ന് കാണണം. അതിലും പുഴുക്കുത്തുകളുണ്ട്. ആ പുഴുക്കുത്തുകളെ കണ്ടെത്തി അവരെ ശിക്ഷിക്കുന്നതിനും സർവ്വീസിൽനിന്നും മാറ്റുന്നതിനും ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കുന്ന മുഖ്യമന്ത്രിയാണ് കേരളത്തിലെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. അവരെയൊന്നും സംരക്ഷിച്ചുപോരുന്ന നിലപാടല്ല, മൂന്ന് ആളുകളുടെ പേരുണ്ട്, നാല് ആളുകളുടെ പേരുണ്ടെന്ന് പറഞ്ഞുള്ള ലിസ്റ്റ് വച്ചുകൊണ്ട് പ്രതിപക്ഷം പരിഹാസാത്മകമായി ഇവിടെ സൂചിപ്പിച്ചല്ലോ. മാതൃകാപരമായ നടപടിയെടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നിഷേധിക്കാൻ കഴിയുമോ? വ്യക്തമായി ആളുകളുടെ പേരുവച്ച് സർവ്വീസിൽനിന്ന് ഒഴിവാക്കേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. നിഷേധിക്കാൻ ആർക്ക് സാധിക്കും; നിങ്ങൾക്ക് ഇങ്ങനെയൊരു പുകമറയുണ്ടാക്കി ഗുണകരമല്ലാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യുന്ന ഗവൺമെന്റാണിതെന്ന് സ്ഥാപിക്കാനുള്ള ശ്രമം നടത്താം.

ജയിലിന്റെ കാര്യംകൂടി ചർച്ചചെയ്യുന്ന സന്ദർഭമല്ലേ ഇത്. കേരളത്തിന്റെ സെൻട്രൽ ജയിലുകളിൽ തടവിൽ കഴിയുന്ന ആരെങ്കിലും ഏതെങ്കിലും ഘട്ടത്തിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഏത് ഘട്ടത്തിൽ, ആരാണ് കൊല ചെയ്യപ്പെട്ടതെന്ന് പറയാൻ യു.ഡി.എഫ്. ഭരണകാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സാധിക്കുമോ? ഞങ്ങളാരും മറക്കുന്നില്ല, കെ. പി. രവീന്ദ്രനെ കണ്ണൂർ സെൻട്രൽ ജയിലിൽവച്ച് ആർ.എസ്.എസ്.-കാർ നിഷ്ഠൂരമായി കശാപ്പ് ചെയ്തു. അതിനുമുമ്പ് സേലം ജയിൽ വെടിവയ്പ്പിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അതിന് സമാനമായിട്ടുള്ളതോ അതിനേക്കാൾ ഭീകരമായിട്ടുള്ളതോ ആയ ഒരു കാര്യം ആധുനികകാലത്ത് നമ്മൾ കണ്ടത് കണ്ണൂർ സെൻട്രൽ ജയിലിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. അക്കാലത്താണ് സി.പി.ഐ.(എം) പ്രവർത്തകനായ കെ. പി. രവീന്ദ്രൻ കൊലചെയ്യപ്പെട്ടത്. ആ ജയിലല്ല ഇപ്പോഴത്തെ ജയിൽ, അത് മാതൃകാപരമായ സ്ഥാപനമായി ഇന്ന് മാറിയിട്ടുണ്ട്. ഇപ്പോൾ പലരീതിയിലും ആളുകൾ വിഷമങ്ങൾ പറയുന്നുണ്ട്. മുഖ്യമന്ത്രിക്ക് എന്തിനാണ് ഇത്രയെല്ലാം സുരക്ഷ? മുഖ്യമന്ത്രിക്ക് എന്തിനാണ് ഇത്രയെല്ലാം സുരക്ഷ എന്ന ചോദ്യത്തിന് ഉത്തരം മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തല മുമ്പ് നടത്തിയ ഒരു പ്രസ്താവന മാധ്യമങ്ങളിൽ

വന്നിട്ടുള്ളത് ഇപ്പോഴും പ്രസക്തമല്ലേ. ഒരു രാഷ്ട്രീയ നേതാവും ആഭ്യന്തര വകുപ്പുമന്ത്രിയും എന്താണോ പറയേണ്ടത് അതുമാത്രമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. മുഖ്യമന്ത്രിയുടെ സുരക്ഷയെന്ന് പറയുന്നത്, ആര് മുഖ്യമന്ത്രി ആയാലും അദ്ദേഹത്തിന് മതിയായ സുരക്ഷ ഏർപ്പെടുത്തേണ്ടത് ഒരു സർക്കാരിന്റെ അതായത് ആഭ്യന്തര വകുപ്പിന്റെ ചുമതലയാണ്. ഇതാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. ഞങ്ങൾ അത് അംഗീകരിക്കുന്നു. ശ്രീ. പിണറായി വിജയന് വേണ്ടിയല്ല, ശ്രീ. ഉമ്മൻ ചാണ്ടിക്കുവേണ്ടി അന്ന് 800 പോലീസുകാരെ നിയോഗിച്ചു. പ്രത്യേക സുരക്ഷയ്ക്കുവേണ്ടി സ്കോർപ്പിയോൺ എന്ന ഒരു സംഘത്തെ തയ്യാറാക്കി. അതിൽ ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ (IRB) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പോലീസുകാരാണുണ്ടായിരുന്നത്. 18 മാസം നക്സൽ, മാവോയിസ്റ്റ് തീവ്രവാദികളുടെയടക്കം കേന്ദ്രങ്ങളിൽ അവർക്ക് പ്രത്യേക പരിശീലനം നൽകി. കമാന്റോ സംഘമായി മുഖ്യമന്ത്രിയുടെ പൈലറ്റായി അദ്ദേഹത്തിന് എസ്കോർട്ട് പോകുന്നതിനായി ഇൻസ്റ്റ പോലുള്ള ഏറ്റവും ആധുനിക തോക്കുകൾ നൽകി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് പരിരക്ഷ കൊടുത്തത് നിഷേധിക്കാൻ സാധിക്കുമോ; ഇവർക്ക് അത് മറക്കാൻ കഴിയുമോ? കേരളത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

എഴുതിക്കൊടുത്തുണ്ടാക്കുന്ന എസ്കോർട്ട് സംവിധാനമല്ല, സുരക്ഷാ സംവിധാനമല്ല നിലവിലുള്ളത് എന്ന് മുഖ്യമന്ത്രിതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ ആർക്കെല്ലാം, എങ്ങനെയെല്ലാമുള്ള സുരക്ഷയൊരുക്കണമെന്നത് കേന്ദ്ര ഗവൺമെന്റടക്കം ഉൾക്കൊള്ളുന്ന സംവിധാനമാണ് തീരുമാനമെടുക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധിക്ക് കൊടുക്കുന്ന സുരക്ഷ മാത്രമേ കേരളത്തിലെ മുഖ്യമന്ത്രിക്കും ഉള്ളൂവെന്ന് ഈ സഭയിലാണ് മുഖ്യമന്ത്രി പറഞ്ഞത്. നിഷേധിക്കാൻ സാധിക്കുമോ; ശ്രീ. രാഹുൽ ഗാന്ധിക്കും കേരളത്തിലെ മുഖ്യമന്ത്രിക്കും സുരക്ഷയൊരുക്കേണ്ടത് ഈ നാടിന്റെ ആവശ്യമല്ലേ; അങ്ങനെ സുരക്ഷയൊരുക്കുന്നതിൽ നിങ്ങൾക്കെന്താണ് വേവലാതി? നിങ്ങൾ ചാവേർ സംഘങ്ങളെയുണ്ടാക്കി മുഖ്യമന്ത്രിയുടെ മുന്നിലേയ്ക്ക് എടുത്തുചാടി അദ്ദേഹത്തെ അപായപ്പെടുത്താൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഞങ്ങൾ മറക്കുന്നില്ല. വിമാനത്തിനുള്ളിൽവച്ച് മുഖ്യമന്ത്രിയെ കയ്യേറ്റം ചെയ്യുന്നതിനുവേണ്ടി, അദ്ദേഹത്തെ ആക്രമിക്കുന്നതിനുവേണ്ടി നിങ്ങൾ നടത്തിയിട്ടുള്ള ശ്രമമുണ്ട്. അതിന് സമാനമായ രീതിയിൽ വിമാനത്തിൽ പയറ്റിയതുപോലെ ഇപ്പോൾ റോഡിൽ പയറ്റുന്നുവെന്നുള്ളതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ചാവേർ സംഘങ്ങളെ ഇറക്കി മുഖ്യമന്ത്രിയുടെ യാത്ര

ഒഴിവാക്കാൻ പറ്റുമോ; എന്തിനാണ് സമരം? ഇവിടെ ചോദിച്ചില്ലേ; ഇതാ ഇപ്പോൾ ഗ്യാസിന് 50 രൂപ കൂട്ടി. നിങ്ങളുടെ കയ്യിലുള്ള കറുത്ത തുണി എവിടെപ്പോയി; ഇവിടത്തെ യു.ഡി.എഫ്. എം.എൽ.എ.-മാരും ട്രെയിനിൽ യാത്ര ചെയ്യുന്നില്ലേ; ഒരു ചായയ്ക്ക് എത്ര രൂപയാണ്; 20 രൂപ. ഇരട്ടിയാണ് വർദ്ധിപ്പിച്ചത്; സമരമുണ്ടോ; എന്താ കറുത്ത കൊടിയില്ലേ? അവിടെ വിതരണം ചെയ്യുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾക്ക് ഇരട്ടിയോളം വിലകൂട്ടി. സമരം ചെയ്യുന്നുണ്ടോ?

<u>മി. ചെയർമാൻ</u>: അങ്ങ് സമയം ശ്രദ്ധിക്കണം. ചുരുക്കണം....പ്ലീസ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിൽ 20 രൂപയ്ക്ക് ചോറ് എല്ലാവർക്കും ലഭിക്കും. യു.ഡി.എഫ്.-കാർക്കും കിട്ടും. നിങ്ങൾ മൃഷ്ടാന്നം കഴിക്കണം. എന്നാൽ കേന്ദ്ര ഗവൺമെന്റ് ട്രെയിനിൽ കൊടുക്കുന്ന ചോറിന് 95 രൂപയാണ്. പ്രതിഷേധസൂചകമായി കറുത്ത കൊടിയില്ലേ; കറുത്ത കൊടി വീശാൻ നിങ്ങൾക്ക് ഇപ്പോൾ സാധിക്കുന്നില്ലേ; ആരോഗ്യം പൊയ്പ്പോയോ? ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും ഒരു പോലെയാണ് എന്നുപറയുന്ന കോൺഗ്രസ് (ഐ.), ലീഗുകാർ പറയില്ല.

<u>മി. ചെയർമാൻ</u>: സമയം ശ്രദ്ധിക്കണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, കോൺഗ്രസ് (ഐ)-ക്കാരോട് തികഞ്ഞ ബഹുമാനത്തോടുകൂടി ചോദിക്കുന്നു, ഗ്യാസ് വില വർദ്ധനവിനെതിരായി, ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധനവിനെതിരായി, ചോറിന് 95 രൂപ കൊടുക്കേണ്ടിവരുന്ന ഗതികേടിനെതിരായി ഒരു കറുത്ത കൊടി ഉയർത്താൻ നിങ്ങൾക്ക് സാധിക്കുമോ; നിങ്ങൾക്ക് അതിനുള്ള ശേഷിയുണ്ടോ; അതിന് സാധിക്കുന്ന നിലയിൽ നിങ്ങൾക്ക് ആരോഗ്യമുണ്ടോ? നിങ്ങൾ പറയണം. ക്രമസമാധാനത്തിൽ മാതൃകയായി ഇന്ത്യയിൽ ഉയർന്നുനിൽക്കുന്ന കേരളത്തെ ഏറ്റവും സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമാകുന്ന നിലയിൽ സമാധാനപരമായ അന്തരീക്ഷമുണ്ടാകണം. ആ സമാധാനപരമായിട്ടുള്ള അന്തരീക്ഷത്തിനുവേണ്ടിയാണ് കേരള പോലീസും ഗവൺമെന്റും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പഴയ വിജയനേയും പുതിയ വിജയനേയും ഞങ്ങൾക്ക് പേടിയില്ല എന്നുപറയുന്നവരോട് ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. അടിയന്തരാവസ്ഥക്കാലത്ത് പോലീസ് ഭീകരതയിൽ ക്ഷതമേറ്റ കാലുമായി ഇപ്പോഴും നിങ്ങളുടെ മുന്നിൽ നിൽക്കുന്ന പിണറായി വിജയൻ......

<u>മി. ചെയർമാൻ</u>: യെസ്....അടുത്തയാളെ വിളിക്കേണ്ടിവരും....പ്ലീസ്....

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ സഭയിൽ കീറിപ്പറിഞ്ഞ ചോര പുരണ്ട ഷർട്ടുമായിനിന്ന് പ്രസംഗിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥയിൽ നിങ്ങളുടെയെല്ലാ കശ്മലത്വത്തിനുമുന്നിലും തലയുയർത്തിപ്പിടിച്ച് പൊരുതിയിട്ടുള്ള ഒരു രാഷ്ട്രീയ നേതാവ്. ആ രാഷ്ട്രീയ നേതാവ് തന്നെയാണ് പഴയ വിജയൻ. ആ രാഷ്ട്രീയ നേതാവാണ് ഏറെ പക്വതയോടുകൂടി കേരളത്തിലെ ഗവൺമെന്റിനെ നയിക്കുന്നത്. നിങ്ങൾ എന്തെങ്കിലും ഉമ്മാക്കി കാണിച്ച് ഈ ഗവൺമെന്റിനെ, മുഖ്യമന്ത്രിയെ കീഴ്പ്പെടുത്തിക്കളയാമെന്ന് ധരിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് വീരനമോവാകം എന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തെ പോലീസ് സേന ഇന്ത്യയ്ക്കുതന്നെ മാതൃകയാണെന്ന് പറയുമ്പോൾ പ്രതിപക്ഷത്തിന് മന:പ്രയാസം ഉള്ളതുപോലെ തോന്നുകയാണ്. പ്രതിപക്ഷത്തുനിന്ന് ആദ്യം സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോഴത്തെ ആഭ്യന്തര വകുപ്പിനെക്കുറിച്ച് ഒന്നും പറയാനില്ല എന്നൊരു പരിദേവനമാണ് നടത്തിയത്. ഇപ്പോഴത്തെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയേണ്ടവർ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതാണ് രാജ്യത്ത് വിവിധ ഏജൻസികൾ നടത്തിയ

പരിശോധനയിൽ സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് നൽകിയ അംഗീകാരം, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരംതന്നെയാണ്. സംസ്ഥാനത്ത് ക്രമസമാധാനം തകർന്നുകൊണ്ടേയിരിക്കുന്നുവെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വിലാപം. യഥാർത്ഥത്തിൽ സംസ്ഥാനത്തെ ക്രമസമാധാനമാണോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും കൂട്ടരുടെയും മനസ്സമാധാനമാണോ തകർന്നുകൊണ്ടേയിരിക്കുന്നതെന്ന കാര്യത്തിൽ ന്യായമായും സംശയമുണ്ട്. സംസ്ഥാനത്തെ ക്രമസമാധാനം തകർത്ത് ഗുരുതര സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ട്, അതിനുവേണ്ടി മനപ്പായസമുണ്ണുന്നുണ്ട്. വിഴിഞ്ഞം സമരസന്ദർഭത്തിൽ നമ്മളത് കണ്ടതാണ്. വിഴിഞ്ഞം സമരത്തെ എങ്ങനെയാണ് സംസ്ഥാന ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോലീസ് സേനയും നേരിട്ടത്; നിങ്ങൾ ആഗ്രഹിച്ചത് എന്താണ്? പഴയ വിമോചനസമരത്തിന്റെ പുതിയ പതിപ്പാണ് നിങ്ങൾ ആഗ്രഹിച്ചത്. അങ്ങനെയൊരു സാഹചര്യം ഒത്തുകിട്ടിയാൽ സംസ്ഥാനത്തുടനീളം നടന്ന് കേരളത്തിന്റെ ക്രമസമാധാനത്തകർച്ചയുടെ കഥകൾ വർണ്ണിക്കാം. അത് വളരെ നന്നായി ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുമെന്നുള്ള ധാരണയിലാണ് നിങ്ങൾ വിഴിഞ്ഞം സമരത്തെ

നോക്കിക്കണ്ടത്. പക്ഷേ, സംസ്ഥാനത്തെ പോലീസ് എത്രമാത്രം ജനപിന്തുണയുള്ള, ജനങ്ങളോട് സേവന തൽപ്പരതയോടുകൂടി പെരുമാറുന്ന പോലീസ് സേനയാണെന്ന് തെളിയിച്ചതായിരുന്നു വിഴിഞ്ഞം സമരം. തങ്ങൾക്ക് ആക്രമണമേൽക്കേണ്ടി വന്നിട്ടും ജനങ്ങൾ വലിയ കൂട്ടത്തോടെ വന്ന് പോലീസ് സ്റ്റേഷൻ ആക്രമിച്ചിട്ടും മനസ്സമാധാനത്തോടും ആത്മസംയമനത്തോടുംകൂടി ആ പ്രശ്നത്തെ നേരിടുന്നതിനുവേണ്ടി സംസ്ഥാന പോലീസ് കാണിച്ച ധൈര്യം, ധീരത പ്രകീർത്തിക്കപ്പെടേണ്ടതുതന്നെയാണ്. 65000 സേനാംഗങ്ങൾ ഉള്ളതാണ് സംസ്ഥാന പോലീസ്. സംസ്ഥാന പോലീസിന്റെ നേരായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് വർഗ്ഗീയ ലഹളകളില്ലാത്ത, മനസ്സമാധാനത്തോടുകൂടി മനുഷ്യന് ജീവിക്കാൻ കഴിയുന്ന സാമൂഹ്യാന്തരീക്ഷത്തെ സൃഷ്ടിക്കാൻ സാധിക്കുന്നതെന്നുള്ള യാഥാർത്ഥ്യത്തെ മറച്ചുപിടിക്കാൻ പ്രതിപക്ഷം ശ്രമിക്കരുത്. സംസ്ഥാന പോലീസ് സേനയ്ക്ക് ഒരു ബിഗ് സല്യൂട്ടാണ് ഈ ധനാഭ്യർത്ഥന ചർച്ചാവേളയിൽ സമ്മാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. സ്വാഭാവികമായും യു.ഡി.എഫ്.-ന്റെ കാലത്തെ ഭരണത്തെക്കുറിച്ച് സംസാരിക്കേണ്ടിവരും. സംസാരിക്കാതിരിക്കാൻ പറ്റില്ലല്ലോ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യത്തെക്കുറിച്ച് ഞാൻ ഓർമ്മിപ്പിക്കുകയാണ്. രാഷ്ട്രീയ എതിരാളികളെ കുടുക്കാൻ ചിലർ

പോലീസിനെ ഉപയോഗിക്കുന്നുവെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റേത് നീണ്ട പ്രസ്താവനയാണ്. അദ്ദേഹം ഇപ്പോൾ സീറ്റിലില്ല. 'മുഖ്യമന്ത്രിക്ക് കരിങ്കൊടി, പോലീസ് യുവാവിന്റെ ജനനേന്ദ്രിയം തകർത്തു'. ഒരു പത്രത്തിന്റെ തലക്കെട്ടാണ്. തലസ്ഥാനത്ത് മുഖ്യമന്ത്രിക്ക് കരിങ്കൊടി കാണിച്ചതിന് പോലീസിന്റെ ക്രൂരതയാണ്. 'കേരളം സുരക്ഷിതമല്ല' എന്ന് ശ്രീ. രമേശ് ചെന്നിത്തല കേരള യാത്രയിൽ മലപ്പുറത്ത് നടത്തിയ പ്രസംഗത്തിൽ പറഞ്ഞതാണ്. ഇപ്പോൾ അദ്ദേഹം അത് മാറ്റിപ്പറയുമോയെന്ന് എനിക്കറിയില്ല. 'ഇത് എന്ത് ജനാധിപത്യമെന്ന് ഹൈക്കോടതി?' നിങ്ങളുടെ കാലത്തെക്കുറിച്ച് ഹൈക്കോടതിയുടെ ചോദ്യമാണ്. 'സർക്കാർ എന്തിന് ഇങ്ങനെ തരംതാഴുന്നു?' നിങ്ങളുടെ കാലത്തെക്കുറിച്ച് ഹൈക്കോടതിയുടെ പരാമർശമാണ്. ഒരു സ്വർണ്ണക്കടത്ത് 'NIA-യ്ക്ക് വിടാത്തതിനുപിന്നിൽ കേന്ദ്രമന്ത്രി.' സംസ്ഥാനത്ത് അന്ന് വന്നൊരു വാർത്തയാണ്. 'കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാട്.' പറയുന്നത് ദേശാഭിമാനിയും ജനയുഗവുമല്ല. 02-09-2013-ലെ ചന്ദ്രിക ദിനപ്പത്രത്തിൽ ജിത കനകാംബരൻ വളരെ വസ്തുനിഷ്ഠമായ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞതാണ് 'കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാട്" എന്ന്. ഈ രൂപത്തിലാണ് ആ

കാലഘട്ടത്തെ നിങ്ങളുടെ ഭരണത്തെ നിങ്ങൾതന്നെ വിലയിരുത്തിയത്; ഞങ്ങൾ പറഞ്ഞ കാര്യമല്ല. ഞങ്ങൾ വളരെ നന്നായി അക്കാലത്ത് ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, നിങ്ങൾക്കുതന്നെ നിവൃത്തിയില്ലാതെ വിലയിരുത്തേണ്ടി വന്നുവെന്നുള്ള യാഥാർത്ഥ്യം കാണേണ്ടതുണ്ട്. അതിൽനിന്ന് എത്രമാത്രം വ്യത്യാസപ്പെട്ടാണ് കഴിഞ്ഞ ഏഴ് വർഷമായി സംസ്ഥാനത്തെ പോലീസിനെ ഗവൺമെന്റ് നയിക്കുന്നത്. ഇവിടെ 'ഗുണ്ടാ പോലീസ്' എന്ന പദപ്രയോഗം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തുകയുണ്ടായി. സംസ്ഥാനത്ത് ഒറ്റദിവസംകൊണ്ട് 2000-ൽപ്പരം വരുന്ന ഗുണ്ടകളെ പോലീസ് അകത്താക്കിയെന്ന വാർത്ത നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഗുണ്ടകളെ അമർച്ച ചെയ്യുകയെന്നത് സംസ്ഥാന പോലീസിന്റെ നയമാണ്, സമീപനമാണ്. ഗുണ്ടകളെ സംരക്ഷിക്കുന്ന ചില പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് കണ്ടെത്തി അവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് സേനയ്ക്കും പോലീസ് മേധാവിക്കും സാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അത് സാധിക്കുന്നുണ്ട്. സമൂഹത്തിന്റെ പരിച്ഛേദം തന്നെയാണ് പോലീസിലും വരുന്നത്. 65000 സേനാംഗങ്ങളുള്ള ഒരു സേന സമൂഹത്തിന്റെ പരിച്ഛേദമാണ്. അതിലെ ഏതാനും ചിലയാളുകൾക്ക്

ഗുണ്ടകളുമായോ മണൽ മാഫിയയുമായോ മറ്റേതെങ്കിലും സമൂഹ്യവിരുദ്ധ ശക്തികളുമായോ ബന്ധമുണ്ടെങ്കിൽ അവരെ കണ്ടെത്തി കർശന നടപടികൾക്ക് വിധേയമാക്കുകയെന്ന നിലപാട് സംസ്ഥാന പോലീസ് സേന സ്വീകരിക്കുന്നില്ലേ? അതിനെ പിന്തുണയ്ക്കുന്നതിനും അതിന് അംഗീകാരം നൽകുന്നതിനുംപകരം അത് കണ്ടെത്താനും അതിന് നടപടികൾ സ്വീകരിക്കാനും ശ്രമിക്കുമ്പോൾ അതിന്റെ പഴുതുകളെക്കുറിച്ച് നിങ്ങൾ എത്രമാത്രം വേവലാതിപ്പെടുന്നുവെന്നതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗത്തിൽ കേട്ടത്. ഇലന്തൂരിലെ ആഭിചാരക്കൊലയുടെ കാര്യം ഇവിടെ പറഞ്ഞു. സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് ഒരു പൊൻതൂവൽ കൊടുക്കേണ്ട വിഷയമല്ലേ അത്? നമ്മൾ നിസ്സാരമായി കാണുന്നു. തമിഴ്നാട്ടുകാരിയായ ഒരു പാവപ്പെട്ട സ്ത്രീയെ 10-15 ദിവസമായി കാണുന്നില്ലെന്ന പരാതി പോലീസ് സ്റ്റേഷനിൽ ലഭിക്കുന്നു. എറണാകുളത്തെ ഒരു സ്റ്റേഷനിലെത്തിയ പരാതി ഗൗരവത്തോടുകൂടി അന്വേഷിച്ച് ഇലന്തൂർ എന്ന പ്രദേശത്തെ ഒരു ആൾദൈവത്തിന്റെ വീട്ടിൽ പോലീസ് എത്തിച്ചേർന്നത് സംസ്ഥാന പോലീസ് സേനയുടെ സവിശേഷ പ്രത്യേകതയാണ്. (....ബഹളം....) ഏത് നേതാവോ ഏത് വലിയ പ്രമാണിയോ ആരോ ആയിക്കൊള്ളട്ടെ. ഗവൺമെന്റിന്റെ സമീപനമെന്താണ്

എന്നുള്ളതാണ് ചോദ്യം. സമൂഹത്തിൽ പലരും വരാം. അത്തരമൊരു ആൾദൈവത്തിന്റെ വീട്ടിൽ പോലീസെത്തി. അസാധാരണമായിട്ടുള്ള ഒരു വൈഭവമാണ് യഥാർത്ഥത്തിൽ നടന്നത്. എന്നിട്ട് കുറ്റവാളിയെ കണ്ടുപിടിച്ചില്ലേ? മൂന്നുമാസത്തിനുള്ളിൽ 1600 പേജുള്ള ആദ്യകുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ലേ? അത് അംഗീകരിക്കേണ്ടതല്ലേ; എല്ലാറ്റിനേയും അന്ധമായി എതിർക്കുന്നതിൽ എന്താണ് കാര്യം; നമ്മൾ അത് സമ്മതിക്കേണ്ടതല്ലേ? നിക്ഷേപകർക്ക് 45 ശതമാനം പലിശ വാഗ്ദാനം ചെയ്തുകൊണ്ടുള്ള സേഫ് ആന്റ് സ്ട്രോംഗ് കമ്പനിയുടെ നിക്ഷേപ തട്ടിപ്പ് കണ്ടെത്തിയതാരാണ്; സംസ്ഥാന പോലീസല്ലേ? അതിലെ മുഖ്യപ്രതി ആരാണ്, പ്രവീൺ റാണ. പ്രവീൺ റാണയുമായി കെ.പി.സി.സി. അദ്ധ്യക്ഷനും മറ്റ് കോൺഗ്രസ് നേതാക്കളും ബന്ധപ്പെട്ട് നിൽക്കുന്ന കാര്യങ്ങളുണ്ട്. നമ്മൾ ആർക്കെല്ലാം അവാർഡ് കൊടുക്കുന്നുണ്ട്, ധാരാളം പേർക്ക് നമ്മൾ അവാർഡ് കൊടുക്കുന്നുണ്ട്. പ്രവീൺ റാണയെന്ന് പറയുന്നത് വലിയ നിക്ഷേപ തട്ടിപ്പുകാരനാണ്. 45 ശതമാനം പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപ തട്ടിപ്പ് നടത്തുന്നവന്റെ മാനസപുത്രനായി കെ.പി.സി.സി. അദ്ധ്യക്ഷൻ മാറുകയെന്നു പറഞ്ഞാൽ അതിനേക്കാൾ അപമാനകരമായിട്ടുള്ള കാര്യം നമ്മുടെ നാട്ടിൽ

സംഭവിക്കാനുണ്ടോ? എന്താണ് ഇത് ശരിയല്ലേ; ഇത് വസ്തുതയല്ലേ, ഞാൻ വസ്തുതയല്ലാത്ത എന്തെങ്കിലും കാര്യം പറഞ്ഞെങ്കിലല്ലേ അത് പറയേണ്ടതുള്ളൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. കെ.പി.സി.സി. പ്രസിഡന്റിനെക്കുറിച്ച് അപകീർത്തികരമായൊരു പരാമർശമുണ്ടായിട്ടുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് ഏതോ തട്ടിപ്പുകാരന്റെ മാനസപുത്രനാണെന്ന് പറഞ്ഞു. ആ പറഞ്ഞ ആളുമായി സംസ്ഥാന മന്ത്രിമാർ അവാർഡ് കൊടുക്കുകയും വേദി പങ്കിടുകയും ചെയ്ത ചിത്രങ്ങളുണ്ട്. ഒരുപാട് ആളുകളുമായുള്ള ചിത്രങ്ങൾ വരും, മന്ത്രിമാരുമായും രാഷ്ട്രീയ നേതാക്കളുമായുള്ള ചിത്രങ്ങൾ വരും. ഞാൻ ആ മന്ത്രിമാരുടെ പേരുകൾ പറയുന്നില്ല. കെ.പി.സി.സി. പ്രസിഡന്റിനെതിരെ പറഞ്ഞ അപകീർത്തികരമായ പരാമർശം രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ സമയം എനിക്ക് തരണം. ഗുണ്ടകളെ അടിച്ചമർത്തുന്ന കാര്യത്തിൽ സംസ്ഥാനത്ത് പോലീസ് സേന സ്വീകരിച്ച നടപടി ചെറുതാണോ? 8745 ഗുണ്ടകളെ പിടികൂടാൻ ഈ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3634/ഇ.ബി./2023/നി.സെ., തീയതി 01-03-2023) സഭാരേഖകളിൽ നിലനിർത്തി.

കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ഒറ്റ രാത്രികൊണ്ട് 2562 പേരെ പിടികൂടി. പതിറ്റാണ്ടുകളായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും നിയമത്തിന്റെ കണ്ണിൽപ്പെടാതെ വിലസുകയും ചെയ്തിരുന്ന കൊടുംകുറ്റവാളികളും ക്രിമിനലുകളും ഈ കൂട്ടത്തിലുണ്ടായിരുന്നുവെന്ന കാര്യം മറക്കരുത്. അഴിമതി കേസുകളിൽപ്പെട്ട 56 ഉദ്യോഗസ്ഥരെ പിടികൂടാൻ സാധിച്ചു. 1964-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രൂപീകരിച്ചതിനുശേഷം ആദ്യമായാണ് 47 ട്രാപ് കേസുകൾ എന്ന റിക്കാർഡ് നേട്ടം സംസ്ഥാന പോലീസ് സേന കൈവരിക്കുന്നത്. സർക്കാർ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധന 1715 ആണ്. അതിൽ 13 എണ്ണം സംസ്ഥാനവ്യാപകമായി ഒരേ സമയം നടത്താൻ സാധിച്ചു. വിജിലൻസ് അന്വേഷണങ്ങൾ, രഹസ്യാന്വേഷണങ്ങൾ എന്നിവ വളരെ ഫലപ്രദമായി നടത്താൻ സംസ്ഥാന പോലീസിന് സാധിക്കുന്നുണ്ട്. മുസ്ലിം ലീഗിന്റെ സ്നേഹിതൻ സംസാരിച്ചപ്പോൾ മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾ എം.എസ്.എഫ്.-നെ തള്ളിക്കളഞ്ഞുവെന്നോ മറ്റേതോ വിദ്യാർത്ഥി സംഘടനയെ തള്ളിക്കളഞ്ഞുവെന്നോ പറയുകയുണ്ടായി. കേരളത്തിലെ കലാലയങ്ങളിൽ നടക്കുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും എസ്.എഫ്.ഐ. വിജയിക്കുന്നു. അതിൽ അസൂയപ്പെട്ടിട്ടോ, സങ്കടപ്പെട്ടിട്ടോ,

ഇവിടെ വന്ന് വേവലാതിപ്പെട്ടിട്ടോ കാര്യമില്ല. വിജയിക്കുന്നതിന് കാരണം, വിദ്യാർത്ഥികളുടെ പിന്തുണ എസ്.എഫ്.ഐ. പ്രസ്ഥാനത്തിനുള്ളതുകൊണ്ടാണ്. മഹാരാജാസ് കോളേജിലും യൂണിവേഴ്സിറ്റി കോളേജിലും വിമൻസ് കോളേജിലും യൂണിവേഴ്സിറ്റികളിലും നിങ്ങൾ പരാജയപ്പെടുന്നത് പുതിയ തലമുറ നിങ്ങളെ അംഗീകരിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്. അത് മനസ്സിലാക്കി നിങ്ങളുടെ ഭാഗത്തുള്ള തെറ്റുകൾ തിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുപകരം എസ്.എഫ്.ഐ. ജയിച്ചതിന് വേവലാതിപ്പെടുകയും സങ്കടപ്പെടുകയും ചെയ്തിട്ട് ഒരു കാര്യവുമില്ല. നിങ്ങൾ നിങ്ങളുടെ നിലപാട് മാറ്റുകയെന്നുള്ളത് മാത്രമേയുള്ളൂ. യു.ഡി.എഫ്. നടത്തുന്ന സമരത്തെ സംബന്ധിച്ചാണല്ലോ കഴിഞ്ഞ രണ്ടുദിവസമായി ഇവിടെ ചർച്ച ചെയ്യുന്നത്. പെട്രോളിന് 110 രൂപ വരെ വില വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾക്ക് ഒരു വിഷമവും ഉണ്ടായിരുന്നില്ല. 112 രൂപയായപ്പോൾ നിങ്ങൾക്ക് വല്ലാത്ത വിഷമം. ആ 2 രൂപ എന്തിനുവേണ്ടിയാണെന്ന് നിങ്ങൾക്കുതന്നെ അറിയാം. സംസ്ഥാനത്ത് 62 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിന്റെ ഉറപ്പായി 2 രൂപ സെസ്സ് പിരിക്കാൻ തീരുമാനിച്ചപ്പോൾ നിങ്ങൾ സമരം ചെയ്തു. ജനവിരുദ്ധ നിലപാടുകൾ സ്വീകരിച്ചുകൊണ്ട്

അഴിമതി ഭരണം നടത്തിയ ഗവൺമെന്റുകൾക്കെതിരായി സെക്രട്ടേറിയറ്റ് പടിക്കലും സംസ്ഥാനത്തിന്റെ പല ഭാഗത്തും മന്ത്രിമാരെ വഴിയിൽ തടഞ്ഞും ഞങ്ങൾ സമരം നടത്തിയിട്ടുണ്ട്. ആ സമരം ഒന്നോരണ്ടോ വ്യക്തികൾ രഹസ്യമായി എവിടെയെങ്കിലും നിന്ന് വാഹനവ്യൂഹത്തിന് മുന്നിൽ ചാടിയുള്ള സമരമല്ല. പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത ഉജ്ജ്വല ബഹുജന സമരമാണ് ഞങ്ങൾ നടത്തിയിട്ടുള്ളത്. അതുകൊണ്ടാണ് ചാവേറുകളെ ഇറക്കിവിട്ടതിനെപ്പറ്റി പറഞ്ഞത്. മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് കൂടുതൽ പോലീസിനെ ഏർപ്പെടുത്തുന്നത് എന്തിനാണ് എന്നാണ് ചോദിക്കുന്നത്. ഈ ചാവേറുകളെ രക്ഷിക്കാൻ വേണ്ടിയാണ്, അല്ലാതെ മുഖ്യമന്ത്രിയുടെ രക്ഷയ്ക്കുവേണ്ടിയല്ല. അങ്ങനെയെന്തെങ്കിലും അപകടമുണ്ടായാൽ, അപകടത്തിൽപ്പെട്ട് ഇവർക്ക് എന്തെങ്കിലും സംഭവിച്ചാൽ അതുയർത്തിപ്പിടിച്ച് സംസ്ഥാനത്ത് കലാപാന്തരീക്ഷം സൃഷ്ടിക്കാമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് ചാവേറുകളെ, ഒന്നുംരണ്ടും പേരെ നിയോഗിക്കുന്നത്, ഒരു സമരത്തിൽ അങ്ങനെയാണോ ചെയ്യേണ്ടത്? ആയിരക്കണക്കിന് ആളുകളെ അണിനിരത്തി മന്ത്രിമാരെ വഴിയിൽ തടഞ്ഞ് സമരം ചെയ്യുന്നതിന് ഒരു കുഴപ്പവുമില്ല. പക്ഷേ, ചാവേറുകളെ സൃഷ്ടിച്ച് വിഴിഞ്ഞത്ത് ചെയ്തതുപോലെ

എന്തെങ്കിലും തരത്തിലുള്ള സാഹചര്യങ്ങളുണ്ടാക്കി അതിലൂടെ സംസ്ഥാനത്തെ ക്രമസമാധാനം തകർന്നുവെന്ന് വരുത്തിതീർക്കാനുള്ള പരിശ്രമങ്ങളാണ് നിങ്ങൾ നടത്തുന്നത്. ആ പരിശ്രമം സംസ്ഥാനത്ത് വിജയിക്കാൻ പോകുന്നില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. സി.എം.ഡി.ആർ.എഫ്.-ൽ നടന്ന വെട്ടിപ്പ് കണ്ടുപിടിച്ചതാരാണ്? ഈ ഗവൺമെന്റാണ്. മുഖ്യമന്ത്രിയുടെ ഓഫീസിന് തോന്നിയ സംശയമാണ് ഈ വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് കാരണമായത്. തിരുവനന്തപുരം കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചത് നഗരസഭയുടെ മേയറും നഗരസഭയുമാണ്. നികുതി വെട്ടിപ്പ് കണ്ടുപിടിച്ച് നടപടി സ്വീകരിച്ചു. അതിനെതിരായിട്ടുള്ള സമരം നടത്തുകയാണ്. ഇതെല്ലാം ഗവൺമെന്റിന്റെ ഭരണസംവിധാനം അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പരിശ്രമങ്ങളാണെന്ന് എല്ലാവരും മനസ്സിലാക്കണം. സംസ്ഥാനത്ത് മെച്ചപ്പെട്ട രീതിയിൽ ആഭ്യന്തര വകുപ്പിനെ മുന്നോട്ടുനയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സംസ്ഥാനത്തിന്റെ പോലീസ് സേനയ്ക്കും ഒരിക്കൽക്കൂടി ബിഗ് സല്യൂട്ട് നൽകിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് സഖാവ് എ. സി. മൊയ്തീൻ

പറഞ്ഞത് സംസ്ഥാന പോലീസിന് ഇന്ത്യയിലെ ഏറ്റവും നല്ല പോലീസിനുള്ള ഏതോ മാഗസിന്റെ അവാർഡ് ലഭിച്ചെന്നാണ്. എന്നാൽ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു ഗവർണർ തന്റെ സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചുവരുന്നു, അത് നിയന്ത്രിക്കാൻ നടപടിയെടുക്കണമെന്ന് പറഞ്ഞ് സത്യാഗ്രഹമിരുന്ന ഏക സംസ്ഥാനം കേരളമാണ്. ഇതിനാണോ അവാർഡ് ലഭിച്ചത്; പോലീസിന്റെ പണി എന്താണ്? ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും അവർക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണ് പോലീസിന്റെ പണി. എന്നാൽ ഇപ്പോൾ പോലീസിന്റെ പണി മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എസ്കോർട്ട് പോകുക, പൈലറ്റ് പോകുക എന്നതാണ്. അതല്ലാതെ പോലീസിന് ഇപ്പോൾ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സമയമില്ല. കമ്മ്യൂണിസ്റ്റുകാരനാണ് നമ്മുടെ മുഖ്യമന്ത്രി, ഊരിപ്പിടിച്ച വടിവാളിനുമുമ്പിലൂടെ നടന്നുനീങ്ങി എന്ന് അവകാശപ്പെടുന്ന മുഖ്യമന്ത്രിക്ക് സഞ്ചരിക്കാൻ വാഹനവ്യൂഹങ്ങളാണ്. കറുപ്പ് കണ്ടാൽ അലർജിയാണ്, പക്ഷേ, കറുത്ത വാഹനത്തിലാണ് മുഖ്യമന്ത്രി സഞ്ചരിക്കുന്നത്. ആയിരക്കണക്കിന് പോലീസുകാരാണ് മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സുരക്ഷ ഉറപ്പാക്കിക്കൊണ്ടിരിക്കുന്നത്. മാന്യമായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്

ഒരു ഡിപ്പാർട്ടുമെന്റിലും ജോലി ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. പോലീസിലുമുണ്ട് മാന്യമായി ജോലി ചെയ്യുന്നവർ. പക്ഷേ, കടുത്ത രാഷ്ട്രീയ സമ്മർദ്ദവും രാഷ്ട്രീയ ഇടപെടലുകളും കാരണം അവർക്ക് മാന്യമായി ജോലി ചെയ്യാൻ കഴിയുന്നില്ല. മാത്രമല്ല ഈ പോലീസുകാർ മാനസിക സംഘർഷത്തിലുമാണ്. സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ ഒരു ഉദ്യോഗസ്ഥനേയും ഭരണകക്ഷിക്കാർ അനുവദിക്കുന്നില്ലെന്നതാണ് സ്ഥിതി. മുമ്പെങ്ങുമില്ലാത്തവിധം പോലീസ് സേനയിൽ ക്രിമിനലുകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നുവെന്നാണ് സഭയിൽ വ്യക്തമാക്കപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നത്. കളങ്കിതരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് സ്റ്റേറ്റ് ഇന്റലിജൻസ് ശേഖരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഇന്റലിജൻസ് നൽകിയ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ യാതൊരു നടപടിയും ഉണ്ടായില്ലെന്ന് മാത്രമല്ല, അവരെ മുഖ്യസ്ഥാനങ്ങളിൽ അവരോധിച്ചിരിക്കുകയാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ.-മാരുണ്ട്. പി.ആർ.ഒ. എന്നുപറഞ്ഞാൽ പബ്ലിക് റിലേഷൻസ് ഓഫീസർ അല്ല, പാർട്ടി റിലേഷൻസ് ഓഫീസർ എന്നാണ്. എസ്.എച്ച്.ഒ.-മാരുടെ മുകളിലാണ്. സ്റ്റേഷൻ ഓഫീസർമാർപോലും ഈ പി.ആർ.ഒ.-മാരെ ഭയക്കുകയാണ്. പി.ആർ.ഒ.-മാരുടെ ജോലി എന്താണ്? പി.ആർ.ഒ.-യുടെ

ജോലി സ്റ്റേഷനിൽ വരുന്ന കേസുകളെ സംബന്ധിച്ച് ലോക്കൽ പാർട്ടി നേതാക്കൾക്ക് വിവരം കൊടുക്കുകയാണ്. പാർട്ടി നേതാക്കളെ സംരക്ഷിക്കേണ്ട കേസുകളിൽ സംരക്ഷിക്കുകയും ലോക്കൽ മദ്യ-മയക്കുമരുന്ന് മാഫിയകൾക്ക് ചുക്കാൻ പിടിക്കുന്നവർക്കാവശ്യമായ സംരക്ഷണം നൽകുകയും ചെയ്യുകയെന്നതാണ് പി.ആർ.ഒ.-മാരുടെ ജോലി. ഇതുപറഞ്ഞപ്പോൾ എനിക്ക് ഓർമ്മ വരുന്നത് മഹാനായ സി. എച്ച്. മുഹമ്മദ് കോയ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായ കാലഘട്ടമാണ്. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്റ്റേഷനിൽ എസ്.ഐ.-യുടെ റൂമിൽ രണ്ട് കസേരയുണ്ടായിരുന്നു.

<u>ശ്രീ. കെ. വി. സുമേഷ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 307. ഒരു പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ.-യുടെ പോസ്റ്റിലേയ്ക്ക് പാർട്ടി പ്രതിനിധിയെ പി.ആർ.ഒ.-ആയി നിയമിച്ചുവെന്ന് പറയുന്നത് കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും ചെയ്യാത്തതാണ്. അങ്ങനെ കേരളത്തിന്റെ പോലീസ് ചരിത്രത്തിലോ ഭരണചരിത്രത്തിലോ ഇല്ലാത്ത കാര്യമാണ്. അവാസ്തവമായ ഇക്കാര്യം രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ:</u> അത് പരിശോധിക്കാം.+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 3635/ഇ.ബി./2023/നി.സെ., തീയതി 01-03-2023) സഭാരേഖകളിൽ നിലനിർത്തി.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അവാസ്തവമായ കാര്യങ്ങളൊന്നും ഞാൻ പറഞ്ഞിട്ടില്ല. പാർട്ടി എന്നുമാത്രമാണ് പറഞ്ഞത്. പാർട്ടി എന്നുപറഞ്ഞാൽ അങ്ങാണെന്ന് അംഗീകരിച്ചെങ്കിൽ നടപടിയെടുക്കാം. ഞാൻ പറഞ്ഞുവന്നത്, സി. എച്ച്. മുഹമ്മദ് കോയ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരു പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നപ്പോൾ അവിടെ രണ്ട് കസേരകളുണ്ടായിരുന്നു. അതിൽ ഒരെണ്ണം എസ്.ഐ.-യ്ക്ക് ഇരിക്കാനും മറ്റൊന്ന് പാർട്ടിയുടെ ലോക്കൽ സെക്രട്ടറിക്ക് ഇരിക്കാനുമാണ് ഉപയോഗിച്ചിരുന്നത്. ഇനിമുതൽ ലോക്കൽ സെക്രട്ടറിക്കും ബ്രാഞ്ച് സെക്രട്ടറിക്കുമുള്ള കസേര സ്റ്റേഷനിൽ വേണ്ടെന്നും അതെടുത്ത് മാറ്റണമെന്നും സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞു. അതാണ് നമ്മുടെ പാരമ്പര്യം. എന്നാൽ ഇപ്പോഴത്തെ മുഖ്യമന്ത്രി വാഹനവ്യൂഹങ്ങളുടെ അകമ്പടിയോടുകൂടിയാണ് സഞ്ചരിക്കുന്നത്. സി. എച്ച്. മുഹമ്മദ് കോയ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ തലശ്ശേരിയിൽവച്ച് അദ്ദേഹത്തിനുനേരെ സി.പി.ഐ.(എം)-കാരനായിരുന്ന ഗംഗാധര മാരാർ ബോംബെറിഞ്ഞു. ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹത്തിനുനേരെ ബോംബെറിഞ്ഞിട്ടും പ്രതിഷേധിക്കാൻ അദ്ദേഹം പറഞ്ഞില്ല. അതിനുശേഷം അദ്ദേഹം കണ്ണൂർ ഗസ്റ്റ് ഹൗസിലേയ്ക്ക് പോയത് ഇതുപോലെ പോലീസ്

വാഹനങ്ങളുടെ അകമ്പടിയോടെയല്ല, സമാധാനത്തിന് ആഹ്വാനം ചെയ്തുകൊണ്ടാണ്. അവിടെ യാതൊരു പ്രകോപനവും സൃഷ്ടിക്കരുതെന്ന് പറഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന മഹാനായ സി. എച്ച്. മുഹമ്മദ് കോയ. അങ്ങനെയുള്ളവർ ഭരിച്ച നാട്ടിലാണ് ഇപ്പോൾ കമ്മ്യൂണിസ്റ്റുകാരനായ മുഖ്യമന്ത്രിക്കുവേണ്ടി പോലീസ് വ്യൂഹത്തിന്റെ അകമ്പടി വരുന്നത്. വലിയ സമരപോരാട്ടങ്ങളുടെ ചരിത്രം പറയുന്ന പാർട്ടിയല്ലേ സി.പി.ഐ.(എം); കയ്യൂരും കരിവെള്ളൂരും ഇല്ലാത്തതൊക്കെയും ഊതിവീർപ്പിച്ച് പറയുന്ന പാർട്ടിയല്ലേ? ആ പാർട്ടി ഇപ്പോൾ ചെറിയ സമരങ്ങളെപ്പോലും ഭയപ്പെടുകയാണ്. ഒരാളും സമരം ചെയ്യാൻ പാടില്ല. നികുതി കൊള്ളക്കെതിരെ മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകർ സമരം നടത്തി. യൂത്ത് ലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി പി. കെ. ഫിറോസിനെയുൾപ്പെടെ 28 പേരെ അകാരണമായി ജയിലിലടച്ചു. ഇവർക്ക് 16 ദിവസം ജയിലിൽ കഴിയേണ്ടിവന്നു. ഏത് വകുപ്പ് പ്രകാരമാണ്? PDPP (Prevention of Damage to Public Property) ആക്റ്റാണത്രേ. പോലീസിന്റെ ബാരിക്കേഡ് പിടിച്ചുകുലുക്കിയാൽ പൊതുമുതൽ നശിക്കുമോ? പ്രവർത്തകരുടെ കൈ മുറിഞ്ഞതല്ലാതെ ബാരിക്കേഡിന്റെ ഒരു ഭാഗംപോലും പൊട്ടിയില്ല. എന്നിട്ടും അവരുടെ പേരിൽ കള്ളക്കേസ് ചുമത്തുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ

പൊതുമുതൽ നശിപ്പിച്ചത് സമരം ചെയ്തവരല്ല, സമരക്കാർക്കുനേരെ അകാരണമായി ജലപീരങ്കി പ്രയോഗിച്ച പോലീസുകാരാണ്. അവർക്കെതിരെയാണ് നടപടിയെടുക്കേണ്ടത്. കാരണം, ഏറ്റവും വലിയ സമ്പത്താണ് ജലം. ജനങ്ങൾ കുടിക്കേണ്ട ജലം നശിപ്പിച്ച പോലീസുകാർക്കെതിരെയാണ് പി.ഡി.പി.പി. ആക്ടനുസരിച്ച് കേസെടുക്കേണ്ടത്. സെക്രട്ടേറിയറ്റ് മാർച്ച് കഴിഞ്ഞതിനുശേഷം കളക്ടറേറ്റിലേയ്ക്ക് യൂത്ത് ലീഗ് പ്രവർത്തകർ മാർച്ച് നടത്തിയപ്പോഴും പോലീസ് അവരെ ക്രൂരമായി തല്ലിച്ചതച്ചു. മലപ്പുറം ജില്ലാ മുസ്ലിം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി ശ്രീ. മുസ്തഫ അബ്ദുൾ ലത്തീഫ്, എം.എസ്.എഫ്. ജില്ലാ പ്രസിഡന്റ് ശ്രീ. കബീർ, ജനറൽ സെക്രട്ടറി ശ്രീ. വഹാബ് തുടങ്ങി നിരവധി നേതാക്കളെയും പ്രവർത്തകരെയും പോലീസ് ക്രൂരമായി തല്ലിച്ചതയ്ക്കുകയും ജാമ്യമില്ലാത്ത വകുപ്പ് ചുമത്തി ജയിലിലടയ്ക്കുകയും ചെയ്തു. കളമശ്ശേരിയിൽ ഇതുപോലെ സമരംചെയ്ത യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പോലീസ് വാഹനത്തിലിട്ട് മർദ്ദിച്ചു. പോലീസിന്റെ മൂന്നാംമുറ വീണ്ടും എൽ.ഡി.എഫ്. ഭരണത്തിൽ തിരിച്ചുവരികയാണ്. യൂത്ത് ലീഗ് പ്രവർത്തകരെയും യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും വാഹനത്തിലിട്ട് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇടിക്കുകയും ചവിട്ടുകയുംചെയ്ത കാഴ്ചയാണ് രണ്ടാഴ്ചമുമ്പുള്ള

സമരകാലഘട്ടത്തിൽ കണ്ടത്. ഒരു സമരത്തെയും സഹിക്കാൻ കഴിയാത്ത അസഹിഷ്ണുതയുടെ രാഷ്ട്രീയമാണ് ഇപ്പോൾ എൽ.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. നികുതി കൊള്ളയ്ക്കുപുറമേ പണമുണ്ടാക്കാൻ മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാൽ സർക്കാർ ഇപ്പോൾ പെറ്റി കേസിന്റെ എണ്ണം വർദ്ധിപ്പിക്കുകയാണ്. പെറ്റി കേസിന്റെ ക്വാട്ട നിശ്ചയിച്ചുകൊടുക്കുകയാണ് പോലീസിലെ ഇപ്പോഴത്തെ ജോലി. നേരത്തെ പെറ്റി കേസിന്റെ എണ്ണം വിലയിരുത്താൻ ഡിവൈ.എസ്.പി.-യുടെ സാന്നിദ്ധ്യത്തിൽ മാസത്തിലൊരിക്കൽ യോഗം ചേർന്നിരുന്നു. ഇപ്പോൾ ആ യോഗം ആഴ്ചയിൽ ഒരിക്കലാക്കി. അതിന്റെ പേര് ക്രൈം കോൺഫറൻസ് എന്നാണ്. ആ കോൺഫറൻസിൽ ഓരോ എസ്.എച്ച്.ഒ.-ക്കും പെറ്റി കേസിന്റെ ക്വാട്ട നിശ്ചയിക്കും. പെറ്റി കേസിന്റെ എണ്ണം തികയ്ക്കാനായി പോലീസ് റോഡിലിറങ്ങി എല്ലാ വളവുകളിലുംനിന്ന് വാഹനത്തിന് കൈകാണിക്കുകയും ഒരു കാര്യവുമില്ലാതെ കേസ് ചുമത്തി ക്വാട്ട തികയ്ക്കുകയുമാണ് ചെയ്യുന്നത്. ക്വാട്ട തികച്ചില്ലെങ്കിൽ നടപടിയുണ്ടാകും, വീട്ടിലിരിക്കേണ്ടിവരും എന്നതുകൊണ്ട് ക്വാട്ട തികയ്ക്കാൻ നിരപരാധികളുടെ പേരിൽ കേസ് ചുമത്തുന്ന സമീപനം പോലീസ് സ്വീകരിക്കുകയാണ്. ഇപ്പോൾ പോലീസ് സ്റ്റേഷൻ മാത്രമല്ല, ജയിലും പാർട്ടി തടവുകാരുടെ

നിയന്ത്രണത്തിലാണ്. സംസ്ഥാനത്ത് ലഹരി വസ്തുക്കൾക്കെതിരായി സർക്കാർ ബോധവൽക്കരണവും ക്യാമ്പയിനും നടത്തുന്നു. എന്നാൽ ലഹരി മരുന്നുകളുടെ കച്ചവടം പുറത്തുമാത്രമല്ല നടക്കുന്നത്. കണ്ണൂർ സെൻട്രൽ ജയിലിൽപ്പോലും മാഫിയാ സംഘങ്ങൾ പിടിമുറുക്കുകയാണ്. കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് പച്ചക്കറി കൊണ്ടുവന്ന ഓട്ടോറിക്ഷയിൽ മൂന്ന് കിലോ കഞ്ചാവാണ് കടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെയാണ് കണ്ണൂർ സെൻട്രൽ ജയിൽ. ശ്രീ. കെ. വി. സുമേഷിന്റെ നിയോജകമണ്ഡലത്തിലാണ് കണ്ണൂർ സെൻട്രൽ ജയിൽ സ്ഥിതിചെയ്യുന്നത്. പോലീസ് സ്റ്റേഷൻ ഭരിക്കുന്നതുപോലെ ജയിലും ഭരിക്കുന്നത് പാർട്ടിയായതുകൊണ്ട് കഞ്ചാവ് കടത്തുന്നതുപോലും നിയന്ത്രിക്കാൻ കഴിയാത്ത സ്ഥിതിയാണ്. അഴിമതിയുടെയും മാഫിയകളുടെയും ഭരണമായി സംസ്ഥാന ഭരണം മാറി. എന്നിട്ടും വലിയ അവാർഡ് കിട്ടിയെന്നുപറഞ്ഞ് മേനിനടിച്ച് നടക്കുകയാണ്. കുട്ടിക്ക് മരുന്ന് വാങ്ങാൻ പോയ ആളെവരെ പോലീസ് പിടിച്ചുവച്ചു (ഒരു ദിനപത്രം ഉയർത്തിക്കാണിക്കുന്നു). നാല് വയസ്സായ ഒരു കുഞ്ഞിന് മരുന്ന് വാങ്ങാൻ മെഡിക്കൽ ഷോപ്പിലേയ്ക്ക് പോയ രക്ഷിതാവിനെ പോലീസ് തടഞ്ഞുനിർത്തി. അതിന് കാരണം, അതുവഴി

മുഖ്യമന്ത്രി പോകുന്നുണ്ട് എന്നതാണ്. മുഖ്യമന്ത്രി പോകുന്നെങ്കിൽ കുഞ്ഞിന് മരുന്നുപോലും വാങ്ങണ്ടേ?

മി. ചെയർമാൻ: സമയം ശ്രദ്ധിക്കണം. പ്ലീസ്....

ശ്രീ. പി. ഉബൈദുള്ള: സർ, ഇതാ വീണ്ടും പത്രവാർത്ത, (പത്രം ഉയർത്തിക്കാണിക്കുന്നു). 'പോലീസിന് മറ്റുപണി, ഗുണ്ടകൾക്ക് നല്ലകാലം' സംസ്ഥാനത്തിന്റെ അവസ്ഥ അതാണ്. ഗുണ്ടകൾക്ക് എന്തും ചെയ്യാൻ, വിഹരിക്കാൻ പറ്റിയ സുവർണ്ണ കാലഘട്ടമായി എൽ.ഡി.എഫ്. ഭരണം മാറിക്കഴിഞ്ഞു. നേരം ഇരുട്ടിയാൽ അമ്മപെങ്ങന്മാർക്ക് പുറത്തിറങ്ങി നടക്കാനാകില്ല. എവിടെയാണ്? ഈ തിരുവനന്തപുരം സിറ്റിയിൽ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ മഹാരാജാസ് കോളേജിന്റെ കാര്യം പറഞ്ഞു. മഹാരാജാസ് കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് അവിടെ പഠിക്കാൻ കഴിയാതിരുന്നതും അവിടെ സംഭവിക്കുന്ന കാര്യങ്ങളും എന്നോട് വന്നുപറഞ്ഞിട്ടുണ്ട്. എനിക്ക് നേരിട്ടറിയാവുന്നതാണ്, ഞാൻ സാക്ഷിയാണ്. എന്താണ് പറഞ്ഞതെന്ന് അറിയാമോ? മഹാരാജാസ് കോളേജിൽ കുട്ടികൾക്ക് പഠിക്കാൻ കഴിയില്ല, ക്ലാസ്സിൽ ഇരുന്നാൽ എസ്.എഫ്.ഐ.-ക്കാർ നിർബന്ധിച്ച് അവരുടെ മീറ്റിംഗിന് കൊണ്ടുപോകും, മദ്യം കഴിപ്പിക്കും, ലഹരിവസ്തുക്കൾ ഉപയോഗിപ്പിക്കും എന്നാണ് പറഞ്ഞത്.

സർക്കാർ ഓഫീസുകളിൽ മാന്യമായി ജോലി ചെയ്യാൻ കഴിയാത്തതുപോലെതന്നെ വിദ്യാർത്ഥികൾക്കും മഹാരാജാസ് കോളേജിൽ പോയി മാന്യമായി പഠിക്കാൻ കഴിയില്ല.

മി. ചെയർമാൻ: പ്രസംഗം ചുരുക്കണം. സമയം കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ സംസാരിച്ചവർക്ക് മൂന്ന് മിനിട്ട് അധികം കൊടുത്തിരുന്നല്ലോ. എനിക്ക് അത്രയും സമയമൊന്നും വേണ്ട. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ.-യിൽ പ്രവർത്തിക്കാത്തവരെ... (....മൈക്ക് ഓഫ്....)

ശ്രീമതി സി. കെ. ആശ: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പി. ഉബൈദുള്ള ഗവർണറെ പരാമർശിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഗവർണറുടെ നടപടികളെ സ്വാഗതം ചെയ്യുന്നതരത്തിലുള്ള സംസാരം പ്രസംഗത്തിന്റെ തുടക്കത്തിലും അവസാനവുമുണ്ടായി. കേരള ഗവർണർ അധികാരമേറ്റെടുത്തശേഷം ഭരണകൂടത്തോട് സ്വീകരിച്ചിട്ടുള്ള സമീപനങ്ങളും നടപടികളും നമുക്കെല്ലാം നന്നായി അറിയാവുന്നവയാണ്. ഏറ്റവും അവസാനമായി മഹാരാജാസ് കോളേജിനെ സംബന്ധിച്ച് പറയുമ്പോഴും ഗവർണർ എടുത്തിട്ടുള്ള അതേ

നയസമീപനം തന്നെയാണ് ലീഗിനുമുള്ളതെന്ന് നമുക്കറിയാം. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായതും പാരമ്പര്യമുള്ളതുമായ മഹാരാജാസ് കോളേജിനെ ഇകഴ്ത്തിക്കാണിക്കുന്നതിനുള്ള പരിശ്രമംകൂടി പ്രസംഗത്തോടനുബന്ധിച്ച് അദ്ദേഹം ചെയ്തിട്ടുണ്ടെന്നുള്ളതിനാൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. വിദ്യാഭ്യാസമുള്ള തലമുറ വളർന്നുവരുന്നതിനോട് ബി.ജെ.പി. രാഷ്ട്രീയം അനുകൂലമല്ല. അവരുടെ പ്രത്യയശാസ്ത്രം കേരളത്തിൽ നടപ്പിലാകണമെങ്കിൽ വിദ്യാഭ്യാസമുള്ള തലമുറ വളർന്നുവന്നാൽ സാധിക്കില്ലെന്ന കാര്യം അവർക്ക് അറിയാവുന്നതുപോലെയാണോ ഇവരുടെയും രാഷ്ട്രീയമെന്ന് സംശയമുണ്ട്, അത് ഞാൻ ഇവിടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പോലീസിനെയും ജയിലിനെയും സംബന്ധിച്ച ചർച്ചയായതുകൊണ്ട് മറ്റ് വിഷയങ്ങളിലേയ്ക്ക് കൂടുതലായി കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. തോളിലും തൊപ്പിയിലും അശോകസ്തംഭം വച്ച പോലീസ്, ആ അശോകസ്തംഭത്തിന്റെ സാംസ്കാരിക ആഴങ്ങൾ പ്രതിഫലിപ്പിക്കണമെന്ന നിർബന്ധം ഇടതുപക്ഷ ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് രാജകിങ്കര സ്വഭാവമുണ്ടായിരുന്ന പോലീസിനെ ജനകീയ സ്വഭാവമുള്ളതാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ നടത്തുന്നത്. കേരളത്തിൽ രാജമുദ്രവച്ച തൊപ്പിയുള്ള പോലീസിന്റെ തോക്കിനുമുന്നിലും

ലോക്കപ്പിലും കഴുമരത്തിലും രാജ്യത്തിനുവേണ്ടി ജീവരക്തമൊഴുക്കിയ കമ്മ്യൂണിസ്റ്റുകളുടെ പാരമ്പര്യം അവകാശപ്പെടുന്ന ഇടതുപക്ഷത്തിന് ഭരണകൂടങ്ങളുടെ മർദ്ദനോപാധിയായിരുന്ന പോലീസിനെ എപ്രകാരമാണ് ജനനന്മയ്ക്ക് ഉതകുന്നതരത്തിൽ പരിവർത്തനം ചെയ്യേണ്ടതെന്ന് നന്നായറിയാം. യൂത്ത് കോൺഗ്രസിന്റെ സമരത്തെപ്പറ്റി ഇവിടെ വാചാലമായി സംസാരിക്കുന്നതുകേട്ടു. പതിനാലാം കേരള നിയമസഭയിൽ അംഗമായിരുന്നപ്പോഴുള്ള ചില ഓർമ്മകൾ എനിക്കുണ്ട്. കഴിഞ്ഞ വർഷം യൂത്ത് കോൺഗ്രസ് നടത്തിയ സമരത്തിൽ ചുവന്ന നിറത്തിലെ മഷിക്കുപ്പികൾക്ക് വലിയ ചെലവായിരുന്നു. ഇത്തവണ അവർ അക്കാര്യം മറന്നുപോയെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം അവർ അതിനെ ചോരയ്ക്കുപകരം ഉപയോഗിച്ചിട്ടുണ്ടായിരുന്നു, അത്തരത്തിൽ ഒരു കപടസമരം ഇപ്പോൾ കണ്ടില്ല. അങ്ങനെയുള്ള സമരം ചെയ്തുവന്നവരല്ല ഞങ്ങൾ. ഇവിടെ സൂചിപ്പിച്ചതുപോലെ ലോക്കപ്പിലും കഴുമരത്തിലും തോക്കിനുമുന്നിലും ശക്തമായ സമരങ്ങൾക്ക് നേതൃത്വം കൊടുത്ത പാരമ്പര്യമുള്ളവരാണ്. എ.ഐ.വൈ.എഫ്.-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും നേതാക്കൾ ഈ സഭയിൽ ഏറെയുണ്ട്. കെ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് സഖാവ് ജയപ്രകാശ്

രക്തസാക്ഷിയായത്. അത്തരത്തിലുള്ള രക്തസാക്ഷികളെ സൃഷ്ടിക്കുന്നതിനായി ചാവേറുകളെയാണ് യു.ഡി.എഫ്. ഇറക്കിയത്. രണ്ടോമൂന്നോപേർ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിന് മുന്നിൽച്ചാടിയ കാര്യം അബദ്ധവശാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്നും വരികയുണ്ടായി. മരിക്കാനായി ചാടിവരുന്നവരെ ലാത്തികൊണ്ട് അടിക്കുന്നുവെന്ന രീതിയിൽ പ്രതിപക്ഷനേതാവ് സത്യം തുറന്നുപറഞ്ഞുവെന്നുള്ളതാണ് വസ്തുത. അത്തരത്തിലുള്ള പ്രഹസന സമരങ്ങൾക്കല്ല ഞങ്ങൾ നേതൃത്വം കൊടുത്തിരുന്നത്. ഇപ്പോൾ മുഖ്യമന്ത്രിക്കും സർക്കാരിനുമെതിരെയുള്ള സമരങ്ങളെല്ലാം പ്രഹസനസമരങ്ങളായി മാത്രമാണ് ഞങ്ങൾ കാണുന്നത്. കാരണം, ആറ് വർഷക്കാലമായി ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള ജനോപകാരപ്രദമായ വിഷയങ്ങളും നേട്ടങ്ങളും വിലയിരുത്തുമ്പോൾ നിങ്ങൾക്ക് ഭയമുണ്ട്. വഴിവക്കിൽ നിൽക്കുന്ന നായ്ക്കൾ ആനയെ കാണുമ്പോൾ കുരയ്ക്കാറുണ്ട്. അത് ആനയെ പേടിപ്പിക്കാനല്ല, ആനയെക്കണ്ട് പേടിച്ചിട്ടാണ്. അത്തരത്തിൽ ഈ ഗവൺമെന്റിനോട് നിങ്ങൾക്ക് ഭയമുണ്ട്. ഇനിയും ഞങ്ങൾതന്നെ ഭരണത്തിൽ തുടർന്നാൽ നിങ്ങളുടെ സ്ഥിതി വളരെ മോശമായ അവസ്ഥയിലേയ്ക്ക് പോകുമെന്ന

ഭയമുള്ളതുകൊണ്ടാണ് അത്തരത്തിലുള്ള ക്രൂരകൾ നടക്കുന്നതെന്ന് വിലയിരുത്താൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ മറ്റ് രംഗങ്ങളിലെന്നപോലെതന്നെ പോലീസിനെ ജനകീയമാക്കുന്ന കാര്യത്തിലും ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും കേരളത്തെ ആശങ്കപ്പെടുത്തിയ കഞ്ചാവ് പോലെയുള്ള മയക്കമരുന്നിൽനിന്നും യുവതലമുറയെ രക്ഷപ്പെടുത്തുന്നതിനുമെല്ലാം കേരള പോലീസ് നടത്തുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. സ്റ്റേറ്റിന്റെ ഉത്ഭവംതന്നെ അക്രമകാരികളിൽനിന്ന് പൗരന്മാരെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു. ആ കടമ നിറവേറ്റാൻ പരിമിതമായ സൗകര്യങ്ങളാൽ നട്ടംതിരിയുന്ന പോലീസിന് പലപ്പോഴും കഴിയാറില്ല. അതുകൊണ്ടാണ് പോലീസ് സേനയുടെ ആധുനികവത്കരണം സർക്കാരിന്റെ മുഖമുദ്രയായി മാറുന്നത്. 2023-24 ബഡ്ജറ്റിൽ പോലീസിന്റെ ആധുനികവത്കരണത്തിനായി 152.90 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന് 15 കോടി രൂപയും ട്രാഫിക് മാനേജ്മെന്റ് സിസ്റ്റത്തിന് 1.80 കോടി രൂപയും ജനമൈത്രി സുരക്ഷാ പദ്ധതിക്ക് 4.40 കോടി രൂപയും സൈബർ സുരക്ഷാ

പദ്ധതിക്ക് 4 കോടി രൂപയും ഫോറൻസിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 5 കോടി രൂപയും ജയിലുകളുടെ ഭരണവും നടത്തിപ്പും ആധുനികവത്കരിക്കുന്നതിനായി 13 കോടി രൂപയും ജയിൽപ്പുള്ളികളുടെ പുനരധിവാസത്തിന് 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. നീതിന്യായ പരിപാലനമാണ് സർക്കാരിന്റെ പ്രഥമവും പ്രധാനവുമായ ചുമതലയെന്ന് ഈ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലൂടെ സർക്കാർ ഉറപ്പുവരുത്തുകയാണ്. കേരള പോലീസിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ വർഗ്ഗീയലഹളകളെ അടിച്ചമർത്തുന്നതിൽ സർക്കാർ സ്വീകരിച്ച ശ്രമകരമായ ഇടപെടലുകളെയാണ് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ശാന്തവും സുന്ദരവുമാണ്. മനസമാധാനത്തോടെ ജീവിക്കാവുന്ന അന്തരീക്ഷമുള്ള ഒരു സംസ്ഥാനമായി കേരളം മാറുന്നത് സർക്കാരെടുക്കുന്ന നയസമീപനങ്ങളോട് ചേർന്നുനിന്ന് പോലീസ് പ്രവർത്തിക്കുന്നതുകൊണ്ടാണ്. അതിനുള്ള വലിയ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ശബരിമല വിഷയം നടന്നകാലത്തും ശ്രീ. കടകംപള്ളി സുരേന്ദ്രൻ സൂചിപ്പിച്ചതുപോലെ വിഴിഞ്ഞം സമരത്തിന്റെ കാലത്തും മറ്റ് നിരവധി മുഹൂർത്തങ്ങളിലും കേരളത്തെ വർഗ്ഗീയലഹളയുടെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നതിനുള്ള ഇടപെടലുകളുണ്ടായി.

ശക്തമായ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടും സർക്കാരിന്റെ നയത്തെ പിന്തുടർന്നുകൊണ്ടുമുള്ള സമീപനം പോലീസ് സേന സ്വീകരിച്ചതുകൊണ്ടാണ് കേരളം ഇന്നും ശാന്തസുന്ദരമായ സംസ്ഥാനമായി, ജനങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാനുള്ള അന്തരീക്ഷമുള്ള സംസ്ഥാനമായി മാറുന്ന സാഹചര്യമുണ്ടായത്. സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്നതിന് പോലീസ് നടത്തുന്ന സേവനങ്ങൾ എടുത്തുപറയേണ്ടതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പിങ്ക് പോലീസ് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് റോമിയോ, പിങ്ക് ഷാഡോ, കൗൺസലിംഗ് സംവിധാനം ഇവയ്ക്കെല്ലാം സഹായകരമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് സംവിധാനങ്ങൾ ചേർന്ന പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇവയെല്ലാം വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പുകൽപ്പിക്കുന്നതിന് കേരള പോലീസിൽ വളരെയേറെ സഹായകരമാകുന്നുണ്ടെന്ന് എടുത്തുപറയാൻ

ആഗ്രഹിക്കുകയാണ്. ഇത്തരത്തിൽ ഒട്ടേറെ കാര്യങ്ങളുണ്ട്. വയോജനങ്ങളുടെയും കുട്ടികളുടെയും വിഷയങ്ങൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിൽ സർക്കാരിനും പോലീസ് സംവിധാനങ്ങൾക്കുമുള്ള പങ്ക് ശ്ലാഘനീയമാണ്. ഇന്ത്യൻ പീനൽ കോഡിൽ മാറ്റംവരുത്തുന്നതിനും പുതുക്കുന്നതിനും എല്ലാ നിയമ വകുപ്പുകളും കേന്ദ്ര സർക്കാരും തീരുമാനിച്ചുവെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല. നിലവിലുള്ള ക്രിമിനൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം നാം ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഭരണകൂടം ആർ.എസ്.എസ്. അജണ്ടയുടെ ഭാഗമായി ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ ശതാബ്ദി അടുത്തവർഷം നടത്തുമ്പോൾ അവർ ഒരു പ്രഖ്യാപനം നടത്താൻ ആഗ്രഹിക്കുന്നുണ്ട്. ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി പ്രഖ്യാപിക്കാനുള്ള നയവുമായി മുന്നോട്ടുപോകുന്നതിന് മുന്നോടിയായി ഇന്ത്യയുടെ ഭരണഘടനയ്ക്കുപകരം ഒരു പുതിയ ഹിന്ദുരാഷ്ട്ര ഭരണഘടനയുടെ കരട് പ്രസിദ്ധീകരിക്കുകയുണ്ടായി. ടൈംസ് ഓഫ് ഇന്ത്യ പോലെയുള്ള മാധ്യമങ്ങൾ മാത്രമാണ് അത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിലെ ഒരു മാധ്യമ സുഹൃത്തും അത്തരത്തിൽ ഒരു വാർത്ത റിപ്പോർട്ട് ചെയ്തതായി എന്റെ

ശ്രദ്ധയിൽവന്നിട്ടില്ല. റിപ്പോർട്ട് ചെയ്തതിൽ ഏറ്റവും പ്രധാനമായി പറയുന്നത് ഇന്ത്യൻ പീനൽ കോഡിൽ മാറ്റം വരുത്തുമെന്നാണ്. അതിനുപകരം ദ്വാപര യുഗത്തിലെയോ ത്രേതായുഗത്തിലെയോ ശിക്ഷാവിധികൾ ഇന്ത്യയിൽ നടപ്പാക്കാനുള്ള ആർ.എസ്.എസ്.-ന്റെ ശ്രമങ്ങളെ വളരെ ആശങ്കയോടുകൂടി നോക്കിക്കാണേണ്ടതാണ്. അതോടൊപ്പം ശ്രീ. നരേന്ദ്ര മോദിയുടെ 'വൺ നേഷൻ, വൺ ലാംഗ്വേജ്' പോലെ 'വൺ നേഷൻ, വൺ യൂണിഫോം' എന്ന രീതിയിലുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നത് ഇന്ത്യയെപ്പോലുള്ള ഒരു ഫെഡറൽ സംവിധാനത്തിന് ഉതകുന്നതാണോ, ഉചിതമാണോ എന്നുള്ള പരിശോധനയുണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. എം. മണി: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കേരളത്തിലെ പോലീസ് സേനയെ നവീകരിക്കുകയും ക്രിമിനലുകളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത് പുറത്താക്കാൻ തീരുമാനിക്കുകയും ചെയ്ത പിണറായി വിജയൻ സർക്കാരിനെ അഭിവാദ്യം ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്ത് പുറത്താക്കേണ്ടത് പോലീസ് സേനയുടെ യശസ്സുയർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്

മെച്ചപ്പെട്ട ക്രമസമാധാന നില സംരക്ഷിക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞുവെന്നതുകൊണ്ടാണ് വീണ്ടും മികച്ച ഭൂരിപക്ഷം നൽകി കേരളത്തിലെ ജനങ്ങൾ ഈ സർക്കാരിനെ അധികാരത്തിലേറ്റിയത്. മലയാള മനോരമ അടക്കമുള്ള ഒരു സെറ്റ് പത്രങ്ങൾ ബഹുജനങ്ങൾക്കിടയിലും പ്രതിപക്ഷം നിയമസഭയ്ക്കകത്തും ദുരാരോപണങ്ങൾ നടത്തുകയാണ്. യഥാർത്ഥത്തിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെയുമെല്ലാം ഇകഴ്ത്തിക്കാണിക്കാനും തകർക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ദുരിതാശ്വാസനിധിയുടെ കാര്യത്തിൽ തെറ്റ് കാണിച്ചിട്ടുണ്ടെങ്കിൽ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയതാണ്. ഇതുവരെ അന്വേഷിച്ചതിൽ അത് കോൺഗ്രസ് നേതാക്കളാണ് ശിപാർശ ചെയ്തതെന്ന് വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. പക്ഷേ, ഇവിടത്തെ കുത്തക പത്രങ്ങളും പ്രതിപക്ഷവും ഓലപ്പാമ്പ് കാണിച്ചാൽ ക്ഷേമപ്രവർത്തനവും ദുരിതാശ്വാസനിധിയും സർക്കാർ നിർത്തലാക്കില്ല. ശക്തമായി ഈ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ആർക്കും സംശയംവേണ്ട. അതുകൊണ്ട് ഓലപ്പാമ്പ് കാണിച്ചുള്ള പരിപാടി പ്രതിപക്ഷം നിർത്തുന്നതാണ് നല്ലതെന്നാണ് എന്റെ വിനീതമായ

അഭിപ്രായം. ജനങ്ങളെ കിട്ടാതെ ഗറില്ല മോഡൽ സമരമാണ് യു.ഡി.എഫ്. നടത്തുന്നത്. യുവജനങ്ങളെയും ചെറുപ്പക്കാരെയും അണിനിരത്തി വ്യവസ്ഥാപിതമായ സമരം നടത്തുന്നതിനുപകരം പതിയിരിക്കുകയും മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് ഇന്നയിന്ന ആളുകൾ വേണമെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല, അതിനെല്ലാം പ്രത്യേക സംവിധാനമുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം സഭയിൽ വ്യക്തമാക്കിയതാണ്. ഇവിടെ രണ്ടോ മൂന്നോ ആളുകളാണ് സമരം നടത്തുന്നത്. യു.ഡി.എഫ്. അത്രയ്ക്ക് അധഃപതിച്ചു പോയിരിക്കുകയാണ്. ബഹുജനങ്ങളെ അണിനിരത്തി നിങ്ങൾക്ക് ജനകീയപ്രശ്നങ്ങളിൽ സമരം നടത്താം. പക്ഷേ, നിങ്ങൾക്ക് ആളെ കിട്ടാത്തതുകൊണ്ടാണ് ഈ സമരപ്രഹസനം നടത്തുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനവും ക്ഷേമപ്രവർത്തനങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് നൽകേണ്ട കൈത്താങ്ങും വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കുമെന്ന കാര്യം ഈ അവസരത്തിൽ വ്യക്തമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണൻ, എന്റെ മാന്യസുഹൃത്ത് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ പ്രസംഗിച്ചു. അദ്ദേഹത്തിന് പോലീസിനെപ്പറ്റിയോ ഈ ഗവൺമെന്റിന്റെ നടപടിയെപ്പറ്റിയോ വിമർശിക്കാൻ യാതൊരു യോഗ്യതയുമില്ല. കാരണം, അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ലക്ഷക്കണക്കിന് ആളുകളെയാണ്, സി.പി.ഐ.(എം)-ന്റെ പ്രവർത്തകരെയാണ് കൽത്തുറുങ്കിലടച്ച് പീഡിപ്പിച്ചത്. എനിക്കുണ്ടായ അനുഭവം ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ലക്ഷക്കണക്കിനാളുകളെ, എൽ.ഡി.എഫ്. പ്രവർത്തകരെ, സി.പി.ഐ.(എം) പ്രവർത്തകരെ ജയിലിലിട്ട് പീഡിപ്പിച്ചതിന് നേതൃത്വം കൊടുത്തയാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അദ്ദേഹത്തിന് ശ്രീകൃഷ്ണന്റെ നിറമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനമെന്നുപറയുന്നത് ശ്രീകൃഷ്ണന്റെ പണിയാണെന്ന് ഈ അവസരത്തിൽ വിമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307.

<u>ശ്രീ. എം. എം. മണി</u>: സർ, പോയിന്റ് ഓഫ് ഓർഡറിന് ഞാൻ വഴങ്ങുന്നില്ല. ഞാനെല്ലാം പറഞ്ഞുകഴിഞ്ഞശേഷം നിങ്ങൾ പറഞ്ഞോളൂ. ഈ ഗവൺമെന്റിനെ വിമർശിക്കാനുള്ള യാതൊരുവിധ ധാർമ്മികമായ യോഗ്യതയും പ്രതിപക്ഷത്തിനില്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള മുൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇല്ലെന്ന് ഈ അവസരത്തിൽ ഞാൻ വ്യക്തമാക്കുകയാണ്. എന്തെങ്കിലും പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. ഈ ഗവൺമെന്റ് ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ റൂൾ 307 അല്ല, 303 ആണ്.

<u>ശ്രീ. എം. എം. മണി</u>: സർ, പോലീസ് സേന ഏറ്റവും ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. പോലീസിലെ ക്രിമിനലുകളെ നിശ്ചയമായും കൈകാര്യം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: യെസ്...... യെസ്......പ്ലീസ്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. എം. എം. മണി ഇത് പറയുന്നതുകൊണ്ട് എനിക്ക് കുഴപ്പമൊന്നുമില്ല. പക്ഷേ, അദ്ദേഹം പറയുന്ന വാക്കുകൾ വല്ലാതെ കടന്നുപോകുകയാണ്. എനിക്ക് കറുത്ത നിറമാണെന്ന്

അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് വെളുത്തനിറമായതുകൊണ്ട് ഞാൻ തർക്കിക്കുന്നില്ല. അദ്ദേഹം എന്നെക്കുറിച്ച് വ്യക്തിപരമായ പരാമർശം നടത്തിയതിനാൽ എനിക്ക് പറയാതിരിക്കാൻ കഴിയില്ല. ലക്ഷക്കണക്കിന് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരെ ഞാൻ ജയിലിലിട്ടുവെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. കേരളത്തിലെ ജയിലിനകത്ത് എത്രപേരെ ഇടാനുള്ള സ്ഥലമുണ്ടെന്ന് മുഖ്യമന്ത്രിക്കറിയാം. എല്ലായിടത്തുംകൂടി ഏഴായിരം പേരെമാത്രമേ ഇടാൻ കഴിയുകയുള്ളൂ. പിന്നെ എങ്ങനെ അത് ലക്ഷക്കണക്കിനാകും? അദ്ദേഹം വസ്തുതാവിരുദ്ധമായ കാര്യം പറഞ്ഞ് അപമാനിക്കാൻ ശ്രമിക്കുകയാണ്. ശ്രീ. എം. എം. മണി എന്നോടുമാത്രമല്ല, ശ്രീ. എസ്. രാജേന്ദ്രനോടും ഈ പണിതന്നെയാണ് ചെയ്യുന്നത്. അതുകൊണ്ട് അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: യെസ്.... കാട് കയറേണ്ട. അത് പരിശോധിക്കാം+. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത് റൂൾ 303 ആണ് പോയിന്റ് ഓഫ് ഓർഡർ, റൂൾ 307 എക്സ്പ്ലനേഷനാണ്. പോയിന്റ് ഓഫ് ഓർഡർ റൂൾ 303 പ്രകാരമാണ് ഉന്നയിക്കേണ്ടത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 3636/ഇ.ബി./2023/നി.സെ., തീയതി 01-03-2023) സഭാരേഖകളിൽ നിലനിർത്തി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ 35 വർഷമായി നിയമസഭയിൽ പ്രവർത്തിക്കുന്നുണ്ട്. എനിക്ക് റൂൾ അറിയാം.

<u>മി. സ്പീക്കർ</u>: അങ്ങയെപ്പോലെ പരിണതപ്രജ്ഞരായവർക്ക് തെറ്റുന്നതാണ് പ്രശ്നം.

<u>ശ്രീ. എം. എം. മണി</u>: സർ, എനിക്ക് അനുവദിച്ച സമയമാണ് നഷ്ടമാകുന്നത്. അങ്ങനെ ലക്ഷക്കണക്കിന് ആളുകളെയാണ് ജയിലിലിട്ട് പീഡിപ്പിച്ചത്. പാതിരാത്രിയിൽ ഒരു വണ്ടി നിറയെ പോലീസ് വന്നാണ് എന്നെ അറസ്റ്റ് ചെയ്തുകൊണ്ടുപോയത്. ആ കേസ് എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പഠിച്ചോ? നിയമവിരുദ്ധമായ കേസ് കൊലക്കേസെന്നുപറഞ്ഞ് കേരള ഹൈക്കോടതി റദ്ദ് ചെയ്യുകയാണുണ്ടായത്. അത് ബഹുമാനപ്പെട്ട അംഗം പഠിക്കണം. അങ്ങ് എടുത്ത കേസാണ്, അങ്ങാണ് എന്നെ അറസ്റ്റ് ചെയ്യാൻ നിർദ്ദേശം നൽകിയത്. അതിനുശേഷം തൊടുപുഴയിൽ വന്ന്, ഇവിടെയൊരു കുഴപ്പക്കാരനുണ്ടായിരുന്നെന്നും അത് ഞങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടെന്നും പ്രസംഗിച്ചു. അങ്ങനെ പ്രസംഗിച്ച യോഗ്യനാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. വിട്ടുവീഴ്ചയില്ലാതെ

ക്ഷേമപ്രവർത്തനങ്ങൾ, പാവപ്പെട്ടവരുടെ പെൻഷൻ, ചികിത്സാ സഹായം തുടങ്ങിയവയെല്ലാം നൽകുകയും അതിൽ യു.ഡി.എഫ്.-കാരുൾപ്പെടെ ആര് പ്രശ്നമുണ്ടാക്കിയാലും അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ രാജ്യം സങ്കീർണ്ണമായ പ്രശ്നത്തിലാണെന്ന് നമുക്കറിയാം. കോൺഗ്രസ് പ്ലീനറി സമ്മേളനം നടന്നു. അതിന്റെ ആകെ തുകയെന്ന് പറയുന്നത് മല എലിയെ പ്രസവിച്ചതുപോലെയാണ്. നിങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നം, ഭരണഘടനാ ഭീഷണിയാണ്; യോജിപ്പ് വേണം. അതൊഴികെ ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് പ്ലീനറി സമ്മേളനത്തിൽ ഏതെങ്കിലും നിലയിൽ ഒരു വാക്ക് സംസാരിച്ചോ; നിങ്ങളെല്ലാവരും പോയതല്ലേ? മദ്യപിക്കാൻ ലൈസൻസ് നൽകി, ഇനി ബാക്കിയുംകൂടി നൽകിയാൽ മതി. നരേന്ദ്ര മോദി ഗവൺമെന്റ് ഹിന്ദു രാഷ്ട്രം സ്ഥാപിക്കാൻ ശ്രമിക്കുന്നതിനെതിരെ, ഹിന്ദു വർഗ്ഗീയതയ്ക്കെതിരെ ഒരക്ഷരം നിങ്ങളുടെ പ്ലീനറി സമ്മേളനം ചർച്ച ചെയ്തോ; അടിസ്ഥാനപരമായ എന്തെങ്കിലും പ്രശ്നം ചർച്ച ചെയ്തോ; എന്തെങ്കിലും കാര്യം നിങ്ങളുടെ പ്രമേയത്തിലുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, റൂൾ 303. കോൺഗ്രസിന്റെ രാഷ്ട്രീയ പ്രമേയം മദ്യപിക്കാൻ അനുവാദം നൽകിയെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. ഭരണഘടനയിലെ 5(c) അമെൻഡ് ചെയ്തിരിക്കുന്നത്, "He/She abstains from use of psychotropic substances, prohibited drugs and intoxicants" എന്നാണ്. psychotropic substance-ൽ ഉൾപ്പെടുന്നതാണ് ആൽക്കഹോളും മറ്റ് ലഹരി പദാർത്ഥങ്ങളും. അതെല്ലാം വിലക്കിയിരിക്കുകയാണ്. അദ്ദേഹം വസ്തുതാവിരുദ്ധമായി പറഞ്ഞ കാര്യം രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം+.

ശ്രീ. എം. എം. മണി: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇക്കാര്യം ശ്രീ. വി. എം. സുധീരനെ ബോധ്യപ്പെടുത്തിയാൽ മതി. അദ്ദേഹമാണ് പറഞ്ഞതും ഹൈക്കമാൻഡിന് കത്തയച്ചതും! അല്ലാതെ ഞാൻ തെറ്റൊന്നും പറഞ്ഞിട്ടില്ല. ഇന്ന് രാജ്യത്ത് ഹിന്ദുരാഷ്ട്രം സ്ഥാപിക്കാൻ ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും നടപ്പാക്കുന്ന നയങ്ങളെപ്പറ്റി ഒരക്ഷരം നിങ്ങളുടെ പ്ലീനറി അംഗീകരിച്ച പ്രമേയത്തിലുണ്ടോ? അങ്ങനെ എന്തെങ്കിലുമുണ്ടോയെന്ന്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3636/ഇ.ബി./2023/നി.സെ., തീയതി 01-03-2023) സഭാരേഖകളിൽ നിലനിർത്തി.

അറിയാൻ ഞാൻ മലയാള മനോരമ ഉൾപ്പെടെയുള്ള എല്ലാ പത്രങ്ങളും നോക്കി. നിങ്ങൾ ഒരക്ഷരം ഉരിയാടിയിട്ടില്ല. കോൺഗ്രസ് എന്നും വർഗ്ഗീയതയെ പ്രീണിപ്പിച്ച് വോട്ടുനേടി അധികാരത്തിൽ വരുന്ന പണിയാണ് ഫലത്തിൽ നിങ്ങളുടെ പ്ലീനറി സമ്മേളനത്തിൽ സ്വീകരിച്ചിരിക്കുന്ന പ്രമേയത്തിന്റെ അന്തഃസത്തയെന്ന കാര്യം ഈ അവസരത്തിൽ വിമർശനപരമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യത്തെ വസ്തുത ഇന്ന് കോൺഗ്രസിന്റെ അജണ്ടയിലില്ല. രാജ്യത്ത് ഹിന്ദുരാഷ്ട്രം സ്ഥാപിക്കാൻ ശ്രമിക്കുന്നു. 356 ക്രിസ്ത്യൻ പള്ളികൾ പൊളിച്ചു, ക്രിസ്ത്യൻ ജനവിഭാഗങ്ങളെ ബലം പ്രയോഗിച്ച് മതം മാറ്റുന്നു, മുസ്ലിം ജനവിഭാഗങ്ങൾക്കെതിരെ ആക്രമണം നടത്തുന്നു. അതൊന്നും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള മുസ്ലീംലീഗുകാർക്ക് പ്രശ്നമല്ല. മുഗൾ സാമ്രാജ്യത്തിന്റെയും ഭരണാധികാരികളുടെയുമടക്കം പഴയകാലത്തിന്റെ പൈതൃകങ്ങളെല്ലാം നീക്കംചെയ്തുകൊണ്ട് രാജ്യത്തെ ഗുരുതരമായ പ്രതിസന്ധിയിലെത്തിക്കുന്നു. അതിനെതിരെ ഒരക്ഷരം ഉരിയാടാത്ത പ്ലീനറി സമ്മേളനവും പ്രമേയവും മദ്യപിക്കാനുള്ള സ്വാതന്ത്ര്യം മാത്രമാണ് നൽകിയത്. കോൺഗ്രസ് ഇതുകൊണ്ടൊന്നും രക്ഷപ്പെടില്ല. പ്ലീനറി സമ്മേളനത്തിൽ പറയേണ്ട

കാര്യങ്ങളൊന്നും നിങ്ങൾ പറഞ്ഞില്ല, അതിനുള്ള ആർജ്ജവമില്ല. ഹിന്ദുവർഗ്ഗീയവാദം മാത്രമല്ല എല്ലാ വർഗ്ഗീയതയെയും പ്രീണിപ്പിച്ച് വോട്ടുനേടി അധികാരത്തിൽ വരുന്ന സ്വഭാവമാണ് കോൺഗ്രസിനുള്ളത്. പോലീസ് സേനയെപ്പറ്റി നിങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ല. നിങ്ങളുടെ ഭരണത്തിൻകീഴിൽ ഞങ്ങളുടെ അനുഭവം എന്തായിരുന്നു? ജനവിരുദ്ധമായി മർദ്ദനം, പ്രതിപക്ഷ പാർട്ടി നേതാക്കളെയും ലക്ഷക്കണക്കിന് സഖാക്കളെയും നിങ്ങൾ ആക്രമിച്ചിട്ടുണ്ട്. നിങ്ങളുടെ ഏതെങ്കിലും നേതാക്കൾക്കോ യൂത്ത് കോൺഗ്രസിന്റെ നേതാക്കൾക്കോ അങ്ങനെ അനുഭവമുണ്ടോ? അതുകൊണ്ട് വലിയ വാചകമൊന്നും പറയണ്ട. പോലീസ് സേനയെ നവീകരിക്കാൻ നിലപാടെടുത്ത മുഖ്യമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടും ഇനിയും കൂടുതൽ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭരണം നന്നാകണമെങ്കിൽ പോലീസ് നന്നാകണം. നന്നായി പ്രവർത്തനം നടത്തുന്ന പോലീസിനെയല്ല ഇന്ന് കേരളത്തിൽ കാണുന്നത്. അസാധാരണമായ സ്ഥിതിവിശേഷമാണ് കേരളത്തിലുള്ളത്. ക്രിമിനലുകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ട പോലീസ്

ക്രിമിനലുകളായി മാറുന്ന സാഹചര്യം കേരള ജനതയെ അങ്കലാപ്പിലെത്തിച്ചിരിക്കുകയാണ്. 2017 മുതൽ 2023 വരെ രാജ്യത്ത് നടന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് Special and Local Laws വിവരങ്ങൾ ഉൾപ്പെടുത്തി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ രാജ്യത്തെ ഏറ്റവും വലിയ ക്രൈം റേറ്റുള്ള സംസ്ഥാനമായി കേരളത്തെ അടയാളപ്പെടുത്തിയിരിക്കുന്നു. പോലീസ് സേനയിൽ കോൺസ്റ്റബിൾ മുതൽ ഐ.പി.എസ്. വരെയുള്ള ശ്രേണികളിൽ ക്രിമിനലുകളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ക്രിമിനൽ സ്വഭാവമോ ക്രിമിനൽ ബന്ധമോവുള്ള 14 പേരെ സർക്കാർ സസ്പെൻഡ് ചെയ്തു, 3 പേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടു, 59 പേരുടെ പേരിൽ നടപടിയെടുക്കാൻ പോകുന്നുവെന്ന് പറയുന്നു. നിലവിൽ പോലീസ് സേനയിലെ 828 പേരുടെ പേരിലാണ് ക്രിമിനൽ കേസുകളുള്ളത്. ജീവപര്യന്തമോ പത്ത് വർഷത്തിൽ കൂടുതൽ തടവ് ശിക്ഷയോ ലഭിക്കുന്ന കുറ്റകൃത്യങ്ങളാണ് പല പോലീസുകാരും ചെയ്തിട്ടുള്ളത്. സ്ത്രീപീഡനം, കള്ളക്കടത്ത്, ഭീഷണിപ്പെടുത്തൽ, പിടിച്ചുപറി, പോക്സോ കേസ് തുടങ്ങിയ നിരവധി ഗുരുതരമായ കുറ്റങ്ങളാണ് പോലീസുകാർക്കെതിരായി ഉയർത്തിയിട്ടുള്ളത്. ഗുണ്ടാസംഘങ്ങളുമായി പോലീസുകാർക്കുള്ള ചങ്ങാത്തത്തിന്റെ വസ്തുതാപരമായ വിവരങ്ങളാണ്

പത്രമാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഗുണ്ടാസംഘങ്ങളുടെ ക്വട്ടേഷൻ നടത്തിച്ചുകൊടുക്കുന്ന പണിയാണ് പല പോലീസുകാരും ചെയ്യുന്നത്. ഗുണ്ടകൾക്ക് എല്ലാവിധ ഒത്താശയും ചെയ്തുകൊടുക്കുന്നു. ഗുണ്ടകളുടെ ഭൂമി തട്ടിപ്പുകേസിൽ പരാതിക്കാരെ ഭീഷണിപ്പെടുത്തുന്നത് പോലീസാണ്. പോലീസ് ഓഫീസർമാരുടെ മക്കളുടെയും കൊച്ചുമക്കളുടെയുമൊക്കെ ബർത്ത്ഡേയ്ക്ക് കേക്ക് മുറിച്ചുകൊടുക്കുന്നത് ഗുണ്ടാത്തലവന്മാരാണ്. ഇത്തരത്തിലുള്ള ഭയാനകമായ അവസ്ഥയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. സാമാന്യ ജനങ്ങൾക്ക് നീതികൊടുക്കാൻ പോലീസുകാർക്ക് എങ്ങനെ സാധിക്കും? കേരളത്തിലെ എല്ലാ പോലീസുകാരും ഇങ്ങനെയാണെന്ന് ഞാൻ ഒരിക്കലും പറയില്ല. ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച പോലീസ് സേനയാണ് കേരളത്തിലുള്ളത്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പോലീസ് സേനയെ ഇത്രമാത്രം രാഷ്ട്രീയവത്കരിച്ച്, പോലീസ് സേനയുടെ കാര്യക്ഷമതയെ തകർത്തിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ പോലീസ് ക്രിമിനൽവത്കരിക്കപ്പെട്ടിട്ടില്ല, രാഷ്ട്രീയവത്കരിക്കപ്പെട്ടിട്ടില്ല, കാര്യക്ഷമതയില്ലായ്മയുടെ കേന്ദ്രമായി പോലീസ് സ്റ്റേഷനുകൾ മാറിയ

ചരിത്രമുണ്ടായിട്ടില്ല. ഇവിടെ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ സംബന്ധിച്ച് പറഞ്ഞു. പോലീസ് സേനയിൽ അഴിമതിയുണ്ടായ കാലഘട്ടത്തിൽ കോൺസ്റ്റബിൾ മുതൽ ഐ.പി.എസ്. വരെയുള്ള തസ്തികകളിലെ ഉദ്യോഗസ്ഥരെ ഇന്റലിജൻസും വിജിലൻസും ചേർന്ന് നിരന്തരം നിരീക്ഷിച്ച് അവരുടെപേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്, ഗുണ്ടകളെ അടിച്ചമർത്തിയിട്ടുണ്ട്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി നടപ്പാക്കിയത്. ഒരു ദിവസംകൊണ്ട് 3500-ഓളം ഗുണ്ടകളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നത് ഞാൻ ഓർക്കുകയാണ്. ഇന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പോലീസ് സേനയെ സംബന്ധിച്ച് പറയുന്നത് കേട്ടു. 'നേരം ഇരുട്ടിയാൽ അമ്മ പെങ്ങന്മാർക്ക് ഇറങ്ങി നടക്കാൻ ആകില്ലല്ലോ' എന്ന് കേരള കൗമുദി ദിനപത്രത്തിൽ വന്നതാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഗുണ്ടകൾ നിലവിലുള്ളത് തലസ്ഥാനനഗരിയിലാണ്. ഒരു മര്യാദയുമില്ലാതെ പോലീസുകാരും രാഷ്ട്രീയ നേതൃത്വവും അവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്നു. അതിന്റെ ഫലമായി ക്രിമിനലുകളായ പോലീസുകാർ എല്ലാ സംരക്ഷണവും നൽകുന്നു. സി.പി.ഐ.(എം)-കാരാണെങ്കിൽ അവർക്ക് ഇതൊന്നും ബാധകമല്ല. തിരുവനന്തപുരത്തെ എല്ലാ ഗുണ്ടകളെയും സംരക്ഷിക്കുന്നത്

ആരാണെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. ആരാണ് ഇതിന്റെ പിന്നിൽ; ആരാണ് ഇവർക്ക് സംരക്ഷണം ഒരുക്കുന്നത്; സാധാരണക്കാർക്ക് നീതി ലഭിക്കുമോ; മ്യൂസിയത്തിൽ പോകുന്ന സ്ത്രീകൾക്ക് നീതി ലഭിക്കുന്നുണ്ടോ? പകലും വൈകുന്നേരങ്ങളിലും തിരുവനന്തപുരം നഗരത്തിലൂടെ യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് മാനഭയമില്ലാതെ നടക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. രാഷ്ട്രീയ പിൻബലമുള്ളതുകൊണ്ട് ഈ ഗുണ്ടകളെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. മിടുക്കരായ പോലീസ് ഉദ്യോഗസ്ഥരെ മൂലയ്ക്കിരുത്തിയ കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പാർട്ടിക്കുവേണ്ടി പോലീസുകാർ സ്വന്തം നിലയ്ക്ക് ക്രിമിനൽ പണി തുടങ്ങിയതോടുകൂടിയാണ് കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളാകുന്നത്. ഇത്തരക്കാർ സർക്കാർ വാഹനങ്ങളിൽ കറങ്ങിനടന്ന് സ്ത്രീകളെ ഉപദ്രവിക്കുന്നത് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ, സെക്രട്ടേറിയറ്റിനുതാഴെയാണെന്ന കാര്യം അങ്ങ് മറന്നുപോകരുത്. ഗുണ്ടകൾക്കെതിരെ പരാതിയുമായി പോലീസ് സ്റ്റേഷനിലെത്തിയാൽ ആ പരാതി ആദ്യം ലഭിക്കുന്നത് ഗുണ്ടകളുടെ കൈകളിലാണ്. സംസ്ഥാനത്ത് നടക്കുന്നത് എന്താണ്; ഗുണ്ടകൾ ഇത്രമാത്രം സ്വൈരവിഹാരം നടത്തുന്ന മറ്റൊരു കാലഘട്ടം കേരളത്തിൽ

ഉണ്ടായിട്ടുണ്ടോ? ഏതെങ്കിലും മാധ്യമ വാർത്ത വന്നാൽ പത്തുപേരെ അറസ്റ്റ് ചെയ്യുകയും അതുസംബന്ധിച്ച് വലിയ വാർത്തകൾ വരികയും ചെയ്യുന്നു. അത് അന്നത്തോടുകൂടി അവസാനിക്കുന്നു. ഗുണ്ടകൾ വീണ്ടും സ്വൈരവിഹാരം നടത്തുന്നു. സി.പി.ഐ.(എം)-ന്റെ ഗുണ്ടാ ബന്ധത്തിന്റെയും അവിശുദ്ധ കൂട്ടുകെട്ടിന്റെയും ദുരന്തഫലമാണ് ഇന്ന് നാട് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താൻ ചെല്ലുംചെലവും കൊടുത്ത് വളർത്തിയ ഗുണ്ടകൾ നിലവിൽ പാർട്ടിക്ക് മുകളിൽ വളർന്നുവരികയും പാർട്ടിയെ പരസ്യമായി വെല്ലുവിളിക്കുകയും ചെയ്യുന്നു. അതുകേട്ട് മുതിർന്ന നേതാക്കൾ ഒരക്ഷരംപോലും പറയുന്നില്ല. സി.പി.ഐ.(എം) വളർത്തിയ ഗുണ്ടകൾ ചെങ്കൊടിയും നേതാക്കളുടെ പടങ്ങളും സോഷ്യൽ മീഡിയയിൽ പ്രദർശിപ്പിച്ച് നാട്ടുകാരെ ഭീക്ഷണിപ്പെടുത്തുന്നു. ബഹുമാന്യനായ മുഖ്യമന്ത്രീ, തില്ലങ്കേരിയുടെ പേരുകേട്ടാൽ ആവേശമുണ്ടാകുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്ന് തില്ലങ്കേരിയുടെ പേരുകേട്ടാൽ ആളുകൾ തലകുനിക്കുന്ന, പേടിക്കുന്ന ഒരു കാലഘട്ടത്തിലാണ് കേരളത്തിലെ ജനങ്ങൾ നിൽക്കുന്നതെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. സ്വർണ്ണം ഉൾപ്പെടെയുള്ള പാരിതോഷികങ്ങൾ അവരിൽനിന്ന് മാസപ്പടിയായി പറ്റുമ്പോൾ രാഷ്ട്രീയ ഗുണ്ടകൾക്കെതിരെ

പോലീസിന് എങ്ങനെ നടപടി സ്വീകരിക്കാൻ കഴിയും? ലഹരിക്കെതിരെ സഭ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കി തീരുമാനമെടുത്തതാണ്. സംസ്ഥാനത്ത് ഇന്ന് ലഹരി മാഫിയ അഴിഞ്ഞാടുന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെപോലെ പോലീസ്, ഡ്രഗ്സ് മാഫിയ + പൊളിറ്റീഷ്യൻസ് ആണ് ഇവിടെ നടക്കുന്നത്. എന്റെ ജില്ലയായ ആലപ്പുഴയിലെ സ്പെഷ്യൽ ബ്രാഞ്ചിന്റെ റിപ്പോർട്ടിന്റെ ഒരു ഭാഗം മാത്രം വായിക്കാം. അതൊരു പൊതുപ്രവർത്തകനെ സംബന്ധിച്ചാണ്. "ഒരു പൊതുപ്രവർത്തകന് ഉണ്ടാകേണ്ട ധാർമ്മികതയോ മൂല്യങ്ങളോ കാത്തുസൂക്ഷിക്കാതെ ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങളുടെയും ലഹരി മാഫിയയുടെയും അവിശുദ്ധ ബന്ധമുള്ള ഈ വ്യക്തിയിലൂടെ, ഞാൻ പേര് പറയുന്നില്ല, ലഭിക്കുന്ന പണം ബിനാമി ഇടപാടുകൾക്ക് വിനിയോഗിക്കുന്നതായി അറിയുന്നു. സി.പി.ഐ.(എം)-ന്റെ......", ബാക്കി ആ വ്യക്തിയെ സംബന്ധിച്ചത് വായിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇതാണ് ഇന്ന് തുടർഭരണത്തിന്റെ തണലിൽ നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറയുന്ന തെറ്റുതിരുത്തൽരേഖ വായിക്കുന്ന ഏതൊരാൾക്കും അങ്ങയുടെ ഭരണത്തിന്റെ കീഴിൽ നടക്കുന്ന അവിശുദ്ധ നടപടികളുടെ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ കഴിയും. എന്താണ് തെറ്റുതിരുത്തൽരേഖ? ഈ

ഭരണത്തിന്റെ തണലിൽ നടക്കുന്ന അഴിമതികൾ, കൊള്ളകൾ, ധനസമ്പാദനത്തിന്റെ കാര്യങ്ങൾ എന്നിവയെല്ലാം തുറന്നുപറയുന്നു. തുടർഭരണത്തിന്റെ പേരിൽ പശ്ചിമ ബംഗാളിൽ നടന്നതും ഇതുതന്നെയായിരുന്നുവെന്ന കാര്യം നിങ്ങൾ ആലോചിക്കണം. ഇന്ന് പശ്ചിമ ബംഗാളിൽ എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും ഒരു സീറ്റുമില്ല. കേരളത്തിൽ നിങ്ങൾക്കുണ്ടാകാൻ പോകുന്ന അവസ്ഥ അതായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. അതുകൊണ്ട് ഈ തെറ്റുതിരുത്തൽരേഖയുടെ പശ്ചാത്തലത്തിലെങ്കിലും തെറ്റുകൾ സമ്മതിച്ച് വസ്തുതാപരമായി കാര്യങ്ങൾ പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടുവരുമോ? രാജ്യത്തെ ക്രൈം റേറ്റിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി ശ്രീ. നിത്യാനന്ദ് റായ് രാജ്യസഭയെ അറിയിച്ചത് കേരളത്തിലെ ക്രൈം റേറ്റ് 1477.2 ആണെന്നാണ്. ഗുജറാത്താണ് രണ്ടാം സ്ഥാനത്ത് (1044.2). ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്; എന്തുകൊണ്ടാണ് കുറ്റകൃത്യങ്ങൾ തെളിയിക്കാത്തത്? കൺവിക്ഷൻ റേറ്റ് കുറയുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെ ഉയരുന്ന കേസ്സുകളിൽ കൺവിക്ഷൻ റേറ്റ് കുറയുന്നതുമായി ബന്ധപ്പെട്ട്

ഇന്നലെ ഒരു ചോദ്യം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനോട് ചോദിച്ചതാണ്. സ്ത്രീകൾക്കെതിരെയുള്ള കേസുകളിലെയും പോക്സോ കേസുകളിലെയും പ്രതികൾ രക്ഷപ്പെട്ട് പോകുന്നു. അക്കാര്യങ്ങളിൽ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ലൈഫ് മിഷൻ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ആ തട്ടിപ്പ് കേസ് തെളിയിക്കാൻ നടപടി സ്വീകരിക്കുന്നതിനുപകരം അതിനെ മറച്ചുവയ്ക്കാനാണ് നിങ്ങൾ ശ്രമിച്ചത്. കേന്ദ്ര ഏജൻസിയുടെ അന്വേഷണത്തിനെതിരെ ജുഡീഷ്യൽ അന്വേഷണം നടത്തി. കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. 83.76 ലക്ഷം രൂപ അതിനുവേണ്ടി ചെലവാക്കി. ആ നിങ്ങളാണ് പാവപ്പെട്ട ജനങ്ങളെപ്പറ്റി പറയുന്നത്. ഇവിടെ സമരങ്ങളെ സംബന്ധിച്ച് പറഞ്ഞു. ഭരണപക്ഷത്തുനിന്ന് സംസാരിച്ചവർ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ സംബന്ധിച്ചാണ് പറഞ്ഞത്. ഈ ഗവൺമെന്റിന്റെ ഭരണനേട്ടത്തെ സംബന്ധിച്ച് ആരും സംസാരിച്ചതായി കണ്ടില്ല. കക്കയം പോലീസ് ക്യാമ്പിനെ സംബന്ധിച്ചാണ് ഒരു യുവസ്നേഹിതൻ സംസാരിച്ചത്. നാൽപ്പത് വർഷങ്ങൾക്കുമുമ്പ് നടന്ന

കാര്യത്തെ സംബന്ധിച്ചാണ് പറഞ്ഞത്. പിണറായി ഗവൺമെന്റിന്റെ ഒരു നേട്ടവും ഇവിടെ ആരും പറഞ്ഞുകേട്ടില്ല. കാരണം, അവർക്ക് പറയാനില്ലാത്തതുകൊണ്ടാണ്. ജനകീയ പ്രതിഷേധങ്ങളോടുള്ള അസഹിഷ്ണുതയാണ് മുഖ്യമന്ത്രിയും ഭരണകൂടവും കാണിക്കുന്നത്. ഏഷ്യാനെറ്റിന്റെ ന്യൂസ് അവർ ചർച്ചാവേളയിൽ അവതാരകൻ ശ്രീ. വിനു വി. ജോൺ ഒരു കാര്യം പറഞ്ഞതിനെതിരെ പ്രഗത്ഭനായ മുൻമന്ത്രിയും എം.പി.-യുമായ ഒരു വ്യക്തി പോലീസിനെ സമീപിച്ചു. പരാതി സമർപ്പിച്ച അന്നുതന്നെ ശ്രീ. വിനു വി. ജോണിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അദ്ദേഹത്തെ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തുന്നു. എന്താണ് ഇവിടെ നടക്കുന്നത്? ഇന്നലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്..... (......ബഹളം......)

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, (.....മൈക്ക് ഓഫ്....)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇതേ ആൾ തന്നെ, ഇതേ വ്യക്തി തന്നെ ഞങ്ങളെപ്പറ്റിയൊക്കെ നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ചർച്ചകളിൽ പങ്കെടുക്കുന്നവർ ഞങ്ങളെപ്പറ്റിയൊക്കെ എന്തെല്ലാം പറഞ്ഞിട്ടുണ്ട്? മാധ്യമ സ്വാതന്ത്ര്യത്തെപ്പറ്റി വാതോരാതെ ഇന്നലെയും സെനറ്റ് ഹാളിൽ സംസാരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഭരിക്കുന്ന

പോലീസാണ് ശ്രീ. വിനു വി. ജോണിനെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തിയത്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ രാജഭരണത്തെ അനുസ്മരിപ്പിക്കുന്ന നിലയിലായിരുന്നു ഈ നടപടി. ഇത് സ്വതന്ത്ര പത്രപ്രവർത്തനത്തിനെതിരെയുള്ള വെല്ലുവിളിയാണ്. ഇതുതന്നെയാണ് യൂത്ത് ലീഗ് പ്രവർത്തകരോടും യൂത്ത് കോൺഗ്രസുകാരോടും കെ.എസ്.യു.-ക്കാരോടും ചെയ്യുന്നത്. മുഖ്യമന്ത്രിക്കെതിരെ ഫേസ്ബുക്കിൽ പോസ്റ്റിട്ടാൽ പോലീസ് നടപടി സ്വീകരിക്കും, ജീവനക്കാരെ സസ്പെൻഡ് ചെയ്യും, അവരുടെ പേരിൽ നടപടി സ്വീകരിക്കും. എന്നാൽ സി.പി.ഐ.(എം)-ന്റെ ആളുകൾ സോഷ്യൽ മീഡിയയിലൂടെ ഞങ്ങളെ അപമാനിച്ചാൽ ഞങ്ങൾ പരാതികൊടുത്താലും അവർക്കെതിരെ കേസെടുക്കില്ല. ഡോ. എം. കെ. മുനീറിനെയും അദ്ദേഹത്തിന്റെ പിതാവിനെയും അപമാനിച്ചതിന് പരാതികൊടുത്തിട്ട് നടപടിയില്ല. ഇത് ശരിയാണോ? പക്ഷപാതപരമായ പെരുമാറ്റമുണ്ടാകുന്നു. ആലപ്പുഴയിലൊരു സംഭവമുണ്ടായി. സമരം ചെയ്യുന്ന വിദ്യാർത്ഥികൾ മുന്നോട്ട് പോകാതിരിക്കാനായി കയറിട്ട് തടഞ്ഞുനിർത്തി. ആ കയർ പൊട്ടിയപ്പോൾ കയർ വാങ്ങിക്കൊടുത്തില്ലെങ്കിൽ PDPP Act ചുമത്തുമെന്ന് അവിടത്തെ എസ്.പി. പറഞ്ഞു. കേരളത്തിൽ ആദ്യമായിട്ടാണോ സമരം

നടക്കുന്നത്? ഇവിടെ കാണേണ്ടൊരു കാര്യം വിദ്യാർത്ഥികളുടെമേൽ ഭീകരമായ ലാത്തിചാർജ്ജുണ്ടാകുന്നു, അവരുടെ തലയടിച്ച് പൊട്ടിക്കുന്നു. മാത്രമല്ല, അവിടെ ബാരിക്കേഡിന് കേടുപറ്റിയതിന്റെ പേരിൽ കാശ് വാങ്ങിക്കുകയാണ്. ഇത് ഏതെങ്കിലും കാലത്ത് കേരളത്തിൽ നടന്നിട്ടുണ്ടോ? ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറയട്ടെ, അദ്ദേഹം ജില്ലാ സെക്രട്ടറിയായിരുന്നല്ലോ. എത്രയോ സമരങ്ങൾ നടത്തി, ബാരിക്കേഡിന് കേടുപറ്റിയെന്ന് പറഞ്ഞ് സമരം ചെയ്തവരുടെ കയ്യിൽനിന്ന് ആരെങ്കിലും കാശ് വാങ്ങിയിട്ടുണ്ടോ? എന്തിനും ഏതിനും PDPP Act ചുമത്തി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അടിച്ചമർത്തുന്ന നടപടിയാണ്. മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. പി. കെ. ഫിറോസ് പള്ളിയിൽനിന്ന് പ്രാർത്ഥിച്ച് ഇറങ്ങിവരുമ്പോൾ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ഇരുപത്തിയെട്ടോളം യൂത്ത് ലീഗ് പ്രവർത്തകരെ അറസ്റ്റ് ചെയ്തു. ശ്രീ. ഷാഫി പറമ്പിൽ അടക്കമുള്ള എം.എൽ.എ.-മാർ കളമശ്ശേരി പോലീസ് സ്റ്റേഷന് മുന്നിൽ സമരം ചെയ്തപ്പോൾ വളരെ മോശമായി അവർക്കുനേരെ അസഭ്യവർഷങ്ങൾ ചൊരിയുന്നു, അവരെ ആക്രമിക്കുന്നു. അതിനെതിരെ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ജനകീയ സമരങ്ങളോട് സർക്കാരിന്റെ നിഷേധാത്മക സമീപനം, അസഹിഷ്ണുത ഇതൊന്നും ഒരു ജനാധിപത്യ

സംസ്ഥാനത്ത് ഒരിക്കലും അനുവദിച്ചുകൊടുക്കാൻ കഴിയുന്ന ഒന്നല്ല. പോലീസിന്റെ ഭാഗത്തുനിന്ന് നീതിപൂർവ്വമായ പെരുമാറ്റമുണ്ടാകണം. കേരളത്തിൽ സമരം ചെയ്യുന്നത് ആദ്യമായല്ല. നമ്മളെല്ലാവരും സമരം ചെയ്തിട്ടുണ്ട്. ആ സമരം ചെയ്യുന്ന പ്രവർത്തകരോട് കാണിക്കുന്ന തെറ്റായ നടപടികളും പോലീസ് ഭരണത്തിന്റെ ഭീകരതയും ഭരണകൂടഭീകരതയും അവസാനിപ്പിക്കണം. ഈ ഭീകരത കേരളത്തിന്റെ ജനാധിപത്യ സംവിധാനത്തിന് ഒരിക്കലും ചേർന്ന നടപടിയല്ല. ഇനിയും ഞങ്ങൾ സമരം ചെയ്യും, നിങ്ങളുടെ തെറ്റുകൾക്കെതിരെ പോരാടും, അത് ഞങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണ്. അതിനെ തോക്കും ലാത്തിയുമുപയോഗിച്ച് നേരിടാനാണ് നിങ്ങളുടെ ശ്രമമെങ്കിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഞങ്ങളതിനെ നേരിടുമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാർ ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തു. രണ്ടുപേരും സംസാരിച്ചത് നാം കേട്ടു. സാധാരണഗതിയിൽ ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാകുമ്പോൾ വലിയ തോതിലുള്ള കത്തിക്കയറലുണ്ടാകും. അതൊന്നും ഇന്ന് കാണാൻ കഴിഞ്ഞില്ല.

അതിനിടയാക്കിയത് നമ്മുടെ നാട് സമാധാനപരമായി ജീവിക്കാൻ പറ്റുന്നൊരിടം എന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു എന്നുള്ളതാണ്. ഇതിൽ ആഭ്യന്തര വകുപ്പിന്റെ ഇക്കാലത്തെ പ്രവർത്തനങ്ങളുടെ മുഖമുദ്രതന്നെയാണ് യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത്. ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ സംസാരം അവസാനിപ്പിക്കുമ്പോൾ പറഞ്ഞൊരുകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പോലീസിന്റെ അതിക്രമത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ജനക്കൂട്ടങ്ങൾക്കുനേരെ പോലീസ് വെടിവയ്പ്പില്ലാത്ത, ലോക്കപ്പ് കൊലപാതകങ്ങളില്ലാത്ത, വർഗ്ഗീയ കലാപങ്ങളില്ലാത്ത, സ്വൈരജീവിതം കലുഷമാക്കാൻ ഗുണ്ടാസംഘങ്ങളെ അനുവദിക്കാത്ത ഒരു നാടായി കേരളം മാറിയിരിക്കുന്നു. രാജ്യത്തിന്റെ പൊതുസ്ഥിതി വിലയിരുത്തിയാൽ സമാധാനത്തിന്റെ, ശാന്തിയുടെ ഒരു തുരുത്തായിട്ടാണ് കേരളത്തെ വിലയിരുത്താൻ കഴിയുക. ഇതിൽ കേരള പോലീസിന്റെ മികവിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ എല്ലാവരും അംഗീകരിക്കത്തക്കനിലയിൽത്തന്നെയുണ്ട് എന്നത് പ്രത്യേകം പറയേണ്ടതില്ലെന്നാണ് തോന്നുന്നത്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഊർജ്ജസ്വലരായ യുവതയാണ് പോലീസ് സേനയിൽ നിറഞ്ഞുനിൽക്കുന്നതെന്നത് ഇപ്പോൾ കാണുന്നൊരു പ്രത്യേകതയാണ്.

കേരളത്തിലെ പോലീസ് സേന അതുകൊണ്ടുതന്നെ രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറിയതായാണ് കാണാൻ സാധിക്കുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ തട്ടിപ്പുകൾ തടയുന്നതിന് സാങ്കേതികവിദ്യകളിൽ കഴിവും യോഗ്യതയും നേടിയ വനിതകളുൾപ്പെടെയുള്ളവർ പോലീസിലുണ്ടെന്നത് സേനയുടെ പ്രാപ്തി വർദ്ധിപ്പിക്കുകയാണ്. കാലത്തിനനുയോജ്യമായ വിധത്തിൽ പോലീസിനെ രാജ്യനിലവാരത്തിലേയ്ക്ക് മാത്രമല്ല അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാണ് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ടെക്നോളജി അനുദിനം മാറിക്കൊണ്ടിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ലോകത്തിന്റെ ഏത് കോണിലിരുന്നും സാമ്പത്തിക കുറ്റകൃത്യങ്ങളുൾപ്പെടെ ഓൺലൈനായി നടത്തുന്ന കാലമാണിത്. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവ കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും നിതാന്ത ജാഗ്രതയോടെയാണ് കേരള പോലീസിന്റെ സൈബർ വിഭാഗം നിലകൊള്ളുന്നത്. കുട്ടികൾക്കും വനിതകൾക്കും സമ്പൂർണ്ണ സുരക്ഷയൊരുക്കുന്ന നിരവധി പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. സ്ത്രീസുരക്ഷയ്ക്ക് അതീവപ്രാധാന്യമാണ്

കേരള പോലീസ് നൽകുന്നത്. അതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പാക്കി. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീസുരക്ഷ മുൻനിർത്തി നടപ്പാക്കിയ പദ്ധതികളാണ്. സ്ത്രീകൾ നേരിടുന്ന സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിന് സംസ്ഥാനത്ത് രൂപം നൽകിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും സ്വകാര്യയിടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷയൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ കേന്ദ്രീകൃത പോലീസിംഗ് രീതിയാണ് നമുക്കുണ്ടായിരുന്നത്. പ്രാദേശിക, ജനകീയ വിഷയങ്ങളിൽ വികേന്ദ്രീകൃത പോലീസിംഗ് സംവിധാനം ഇപ്പോൾ

ഫലപ്രദമായി പ്രവർത്തിക്കുകയാണ്. അതാണ് ജനമൈത്രി പോലീസിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. കോവിഡ്കാലത്ത് 32244-ഓളം പോലീസുദ്യോഗസ്ഥർക്കാണ് രോഗബാധയുണ്ടായത്. രോഗനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന നിരവധി പോലീസുദ്യോഗസ്ഥർക്ക് ജീവഹാനി സംഭവിച്ചു. എന്നിട്ടും സമൂഹനന്മയ്ക്കായുള്ള വിവിധ പ്രവർത്തനങ്ങളിൽ അഹോരാത്രം ഏർപ്പെടാൻ ജനമൈത്രി പോലീസിന് സാധിച്ചു. കോവിഡ് മഹാമാരിയിൽ നാടാകെ വിറങ്ങലിച്ചുനിന്നപ്പോൾ നാടിന് താങ്ങുംതണലുമായി ഈ പദ്ധതിവഴി പോലീസുദ്യോഗസ്ഥർ നീങ്ങുകയാണ് ചെയ്തത്. 324732 ഭവനസന്ദർശനം നടത്തി ജീവൻരക്ഷാ മരുന്ന്, ഭക്ഷണം എന്നിവ ജനങ്ങൾക്ക് എത്തിച്ചുനൽകി. 'സുരക്ഷയ്ക്കായി ജനങ്ങൾക്കൊപ്പം' എന്ന മുദ്രാവാക്യം ഉയർത്തി നിസ്വാർത്ഥ സേവനമാണ് ജനമൈത്രി പോലീസിലൂടെ നൽകിവരുന്നത്. റെയിൽവെ ജനമൈത്രി പദ്ധതി, ട്രൈബൽ ജനമൈത്രി പദ്ധതി എന്നിവയ്ക്കുപുറമേ ലഹരി ഉപയോഗം, ഗാർഹിക വൈവാഹിക പീഡനങ്ങൾ, റോഡ് സുരക്ഷ, കോവിഡ് അവബോധം തുടങ്ങിയ കാര്യങ്ങളിലെല്ലാം നല്ലതരത്തിലുള്ള അവബോധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ജനമൈത്രി ഡ്രാമ, ജനമൈത്രി ഓർക്കസ്ട്ര ടീമുകൾകൂടി ജനമൈത്രി പോലീസിന്റെ ഭാഗമായി

പ്രവർത്തിക്കുകയുണ്ടായി. പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, മൈഗ്രന്റ് ലേബർ ജനമൈത്രി പ്രോജക്ട്, വനിത സ്വയംപ്രതിരോധ പരിശീലന പരിപാടി എന്നിവയും കേരളത്തിൽ നടപ്പാക്കിവരികയാണ്. കേരള പോലീസിന്റെ പ്രവർത്തനത്തിന്റെ ഒരു പ്രത്യേകത റോഡുകളിൽ നമുക്ക് കാണാൻ കഴിയും. വാഹനയാത്രക്കാർക്കും കാൽനടയാത്രക്കാർക്കും റോഡ് നിയമങ്ങളെക്കുറിച്ച് കൃത്യമായ അവബോധം ജനമൈത്രി പോലീസിലൂടെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും നൽകാൻ കഴിഞ്ഞിട്ടുണ്ട്. കേരള പോലീസിന്റെ സോഷ്യൽ മീഡിയ പേജുകളും ഇതിനായി നല്ലതുപോലെ ഉപയോഗിക്കുന്നുണ്ട്. ഇതിനാണ് 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പരിപാടി പോലീസ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്. അതിന്റെ ഫലമായി 2012-ൽ വാഹനാപകട നിരക്ക് ലക്ഷത്തിന് 527 ആയിരുന്നത് 2022-ൽ 279 ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വാഹനങ്ങൾ ക്രമാതീതമായി വർദ്ധിച്ചിട്ടും വാഹനാപകട നിരക്ക് കുറയ്ക്കാൻ കഴിഞ്ഞുവെന്നതാണ് നാം മനസ്സിലാക്കേണ്ടത്. ഒട്ടേറെ വ്യത്യസ്ത പദ്ധതികൾ സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി പോലീസിന്റെ ആധുനികവൽക്കരണത്തിനായി നടപ്പാക്കിവരുന്നുണ്ട്. 46 പോലീസ് സ്റ്റേഷനുകളാണ് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. അത്തരം

പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് പശ്ചാത്തലസൗകര്യം ഉറപ്പാക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 27 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി തുക അനുവദിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, രണ്ട് സൈബർ പോലീസ് സ്റ്റേഷനുകൾക്കും രണ്ട് വനിതാ പോലീസ് സ്റ്റേഷനുകൾക്കും പ്രത്യേകം കെട്ടിടം നിർമ്മിക്കാനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നീ പോലീസ് ജില്ലകൾക്ക് ജില്ലാ പോലീസ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിയും തുകയും നൽകിയിട്ടുണ്ട്. കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ തുറക്കുന്നതിനായി ഭരണാനുമതിയും തുകയും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 3 കോടി രൂപയുടെ ഭരണാനുമതി നൽകി സെന്ററിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്

നാലരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പോലീസിന്റെ കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കൽ ഇവിടെ പ്രധാനമാണ്. അതിനായി ഇന്ററോഗേറ്റീവ് ടെക്നിക്സ്, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ, അഡ്വാൻസ് ടെക്നോളജി ഇൻ ഫോറൻസിക് സയൻസ്, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്, ഇൻവെസ്റ്റിഗേഷൻ ഓഫ് മർഡർ/ഹോമിസൈഡ് തുടങ്ങിയ വിഷയങ്ങളിൽ എല്ലാതലത്തിലുള്ള ഉദ്യോഗസ്ഥർക്കും ഇൻസർവ്വീസ് പരിശീലനം നൽകിവരുന്നുണ്ട്. ഇതുകൂടാതെ ഇന്ത്യയിലെ പ്രധാന യൂണിവേഴ്സിറ്റികളുമായി ഉടമ്പടിപ്രകാരം യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ഉപയുക്തമായ നൂതന സാങ്കേതികവിദ്യകളിൽ പോസ്റ്റ് ഗ്രാജുവേഷൻ ഡിപ്ലോമ, മാസ്റ്റർ ഡിഗ്രി എന്നീ പ്രോഗ്രാമുകൾക്കായും അയയ്ക്കുന്നുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മിതബുദ്ധി സാങ്കേതികവിദ്യ രണ്ടുതരത്തിൽ നടപ്പിലാക്കാൻ സാധിക്കും. ഒന്ന്, പോലീസിന്റെ പ്രവർത്തനങ്ങൾക്കനുയോജ്യമായതും ലഭ്യമായതുമായ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയുടെ ഉപയോഗം. രണ്ട്, സംസ്ഥാന പോലീസ് പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് നിർമ്മിതബുദ്ധിയിലധിഷ്ഠിതമായ സങ്കേതങ്ങൾ സ്വന്തമായി വികസിപ്പിച്ച്

പ്രവർത്തിപ്പിക്കുക. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫൂട്ടേജുകൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയെല്ലാം അതിവേഗം വിശകലനം ചെയ്യാൻ ഈ സാങ്കേതികവിദ്യമൂലം സാധിക്കും. അതുകൊണ്ട് കേസന്വേഷണം ഫലപ്രദമാക്കാനും പഴുതില്ലാതെ കുറ്റപത്രം തയ്യാറാക്കാനും സാധിക്കും. എല്ലാ ജില്ലകളിലും National Emergency Response System (NERS) ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ Emergency Response Support System (ERSS) എന്നാണ് അറിയപ്പെടുന്നത്. പൊതുജനങ്ങൾക്ക് '112' എന്ന എമർജൻസി നമ്പർ മുഖേന പോലീസിന്റെ അടിയന്തരസഹായം ആവശ്യപ്പെടാൻ കഴിയും. ഈ സംവിധാനംവഴി വളരെ വേഗത്തിൽ കൃത്യമായ പോലീസ് സഹായം ഉറപ്പുവരുത്താനും സാധിക്കും. പോലീസ് സേനയുടെ ഫലപ്രദമായ നവീകരണമാണ് ഇതിന്റെ ഭാഗമായി സംഭവിക്കുന്നത്. പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ബൃഹത് പദ്ധതിയാണ് Crime and Criminal Tracking Network & Systems (CCTNS). ഇത് എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നും സംസ്ഥാന പോലീസിന് ലഭിച്ചിട്ടുണ്ട്. NCRB (National Crime

Records Bureau) 2009-ൽ വിഭാവനം ചെയ്ത് രൂപകൽപ്പന ചെയ്ത പദ്ധതിയെ ആധുനികരീതിയിൽ നവീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ Crime and Criminal Tracking Network & Systems (CCTNS) സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയം, പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് ആധുനിക സാങ്കേതികവിദ്യകളുൾപ്പെടുത്തി integrated Core Policing System (iCoPS) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തു. ഇത്തരത്തിലൊരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസെന്നാണ് നാം കാണേണ്ടത്. നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളെയുംകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഒരേ കുറ്റവാളിയെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്‌വെയറുകളിൽ നിരവധി തവണ രേഖപ്പെടുത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കി നിലവിലുള്ള സോഫ്റ്റ്‌വെയറുകളെയെല്ലാം പൊതുവായ ഒരു സോഫ്റ്റ്‌വെയറിന്റെ കീഴിൽ കൊണ്ടുവരാനാണ് integrated core policing system (iCoPS)-ലൂടെ ലക്ഷ്യം വയ്ക്കുന്നത്. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ അറിയുന്നതിനും

അവരെ നിരീക്ഷിക്കുന്നതിനുമുതകുന്ന രീതിയിൽ iCoPS-ൽ പുതിയതായി രൂപകൽപ്പന ചെയ്ത സർവ്വീസാണ് 'ക്രിമിനൽ ഗ്യാലറി'. ഒരു കുറ്റവാളിയെ സംബന്ധിച്ച് ഒരു പോലീസ് യൂണിറ്റിൽ ശേഖരിക്കുന്ന പരമാവധി വിവരങ്ങൾ ഈ ആപ്ലിക്കേഷൻ മുഖേന മറ്റ് പോലീസ് യൂണിറ്റുകൾക്കും ലഭ്യമാകും. കൂടാതെ ഒരു കുറ്റവാളിയെ സംബന്ധിച്ച അതത് ഘട്ടങ്ങളിലെ സ്റ്റാറ്റസ് ഈ ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യാനും സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഒരു കുറ്റവാളിയുടെ തൽസ്ഥിതി, അതായത്, അവർ ജയിലിലാണോ ജാമ്യത്തിലാണോ ശിക്ഷാ കാലാവധി കഴിഞ്ഞോ പരോളിലാണോ തുടങ്ങി എല്ലാ വിവരങ്ങളും ഇതിലൂടെ വേഗത്തിൽ അറിയാൻ സാധിക്കും. അതോടൊപ്പം പോലീസ് ജോലിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, വ്യക്തി പരിശോധനകൾ, കുറ്റാന്വേഷണം എന്നിവ ചെയ്യാനുള്ള ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ MiCoPS-ഉം പോലീസ് സംവിധാനത്തിലുണ്ടായിക്കഴിഞ്ഞിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും ഡാർക്ക് വെബ് വഴിയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി തിരുവനന്തപുരത്ത് സ്ഥാപിതമായ കേരള പോലീസിന്റെ ആദ്യ സംരംഭമാണ് സൈബർ ഡോം. അത് നമ്മൾ നല്ലരീതിയിൽ വളർത്തിയെടുത്ത ഒന്നാണ്. ഈ

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളത്തും കോഴിക്കോടും ഓരോ സൈബർ ഡോം വീതം സ്ഥാപിച്ചിട്ടുണ്ട്. സൈബർ ലോകത്ത് പൊതുജനങ്ങൾക്കാവശ്യമായ സുരക്ഷയൊരുക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുണ്ട്. മയക്കുമരുന്നുകൾ, ആയുധങ്ങൾ, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും വിൽക്കാനും കഴിയുന്ന വിവിധ അധോലോക വിപണികളുടെ കേന്ദ്രമാണ് ഡാർക്ക് വെബ്. ഡാർക്ക് വെബിലൂടെ ലൈംഗിക വ്യാപാരവും സാമ്പത്തിക തട്ടിപ്പുകളും നടക്കുന്നുണ്ട്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി Hac'KP summit എന്ന ഹാക്കത്തോണിലൂടെ കേരള പോലീസ് സൈബർ ഡോം 'Grapnel' എന്ന സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചു. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും ഈ സോഫ്റ്റ്‌വെയറിലൂടെ സാധിക്കും. സർക്കാർ സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള

പോലീസ് രണ്ട് വ്യത്യസ്ത സാങ്കേതിക സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഒന്ന്, ഓൺലൈൻ സിറ്റിസൺ സർവ്വീസ് പോർട്ടൽ (THUNA), മറ്റൊന്ന്; സിറ്റിസൺ സർവ്വീസ് ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ 'Pol-App'. ഒരു വെബ് പോർട്ടലിലൂടെ പൗരന്മാർക്ക് സേവനങ്ങളും വിവരങ്ങളുമെത്തിക്കുന്നതിനുള്ള കേരള പോലീസിന്റെ സംരംഭമാണ് സിറ്റിസൺ പോർട്ടലായ 'THUNA'. പോലീസ് സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാണ് 'THUNA' വിഭാവനം ചെയ്തിരിക്കുന്നത്. ഈ സേവനങ്ങളെല്ലാം കേരള പോലീസിന്റെ മൊബൈൽ ആപ്പായ Pol-App മുഖേന ആൻഡ്രോയ്ഡ് ഐ.ഒ.എസ്. അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മൊബൈൽ ഫോണുകളിലും ലഭ്യമാക്കിയിട്ടുണ്ട്. അവയിലൂടെ പരാതി സമർപ്പിക്കാനും എഫ്.ഐ.ആർ.-ന്റെ പകർപ്പെടുക്കാനും Certificate of Non-Involvement in Offences (NIO Certificate) സ്വന്തമാക്കാനും അപകട കേസിലെ ജി.ഡി. (General Diary)-യുടെ പകർപ്പെടുക്കാനും പോലീസുമായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാനും കഴിയും. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങാതെതന്നെ സേവനങ്ങൾ ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ എല്ലാ സേവനങ്ങളും ഉപഭോക്തൃ

സൗഹൃദരീതിയിൽ നൽകാൻ കഴിയുന്ന ഒരൊറ്റ സംയോജിത മൊബൈൽ ആപ്പായാണ് Pol-App രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പൗരന്മാർക്ക് പോലീസ് സേവനങ്ങൾ നൽകാനാണ് Pol-App ലക്ഷ്യമിടുന്നത്. സങ്കീർണ്ണമായ ഒരുപാട് സാമ്പത്തിക കുറ്റകൃത്യങ്ങൾ നടക്കുന്ന കാലമാണിപ്പോൾ. സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷകർ ഉൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യവിഭാഗം ഒഴിച്ചുകൂടാനാവാത്തതാണ്. ക്രൈം ബ്രാഞ്ചിന്റെ നിലവിലെ അംഗബലത്തിൽ ഇത്രയും വലിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ സാധ്യമല്ലാത്തതുകൊണ്ട് സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി 'പ്രത്യേക സാമ്പത്തിക കുറ്റകൃത്യ വിഭാഗം' ക്രൈംബ്രാഞ്ചിനുകീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു ഐ.ജി.-യും നാല് എസ്.പി.-മാരും 11 ഡിവൈ.എസ്.പി.-മാരുമടങ്ങുന്ന 233 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഒരുപാട് സാമ്പത്തിക കുറ്റകൃത്യങ്ങൾ വളർന്നുവരുന്നതിനാൽ ഇതിലൂടെ ഫലപ്രദമായി ഇടപെടാനാണ് ഉദ്ദേശിക്കുന്നത്. രാജ്യംതന്നെ മാതൃകയായി അംഗീകരിച്ചിട്ടുള്ള പദ്ധതിയാണ് സംസ്ഥാനത്തെ Student Police Cadet (എസ്.പി.സി.). ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയ്ഡഡ് സ്കൂളുകളുൾപ്പെടെ 198 സ്കൂളുകളിൽ എസ്.പി.സി. ആരംഭിച്ചിട്ടുണ്ട്. നിലവിൽ 1001 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തിക്കുകയാണ്. നല്ല രീതിയിലുള്ള ഡിമാൻഡുള്ളതിനാൽ സർക്കാർ മികച്ച പിന്തുണയാണ് നൽകുന്നത്. അതുപോലെതന്നെ ക്രൈംബ്രാഞ്ചിൽ ലീഗൽ അഡ്വൈസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ധാരാളം കേസുകൾ കൈകാര്യം ചെയ്യുന്ന ഫലപ്രദമായ ഏജൻസിയാണ് ക്രൈംബ്രാഞ്ച്. കേസിന്റെ ആരംഭഘട്ടത്തിലും അന്വേഷണഘട്ടത്തിലും ആവശ്യമായ നിയമോപദേശം ലഭിക്കുകയെന്നത് വളരെ പ്രധാനമാണ്. അതിനായി 4 ലീഗൽ അഡ്വൈസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണത്തിലിരിക്കുന്ന കേസുകൾക്കാവശ്യമായ നിയമോപദേശം വേഗം ലഭിച്ചാൽ മെച്ചപ്പെട്ട അന്വേഷണം നടത്താനും കുറ്റവാളികൾക്കെതിരെ പഴുതടച്ച കുറ്റപത്രം നൽകാനും സാധിക്കും. കേരളത്തിലെ പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തനമികവും ഉയർത്താൻവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 312 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി പോലീസ് വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഡിറ്റാച്ച്മെന്റുകൾ സ്ഥാപിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളെ

സിറ്റി, റൂറൽ പോലീസ് ജില്ലകളായി വിഭജിച്ചപ്പോൾ രൂപീകൃതമായ റൂറൽ പോലീസ് ജില്ലകളുടെ ക്രമസമാധാന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവയുടെ വ്യാപ്തി കണക്കിലെടുത്ത് റൂറൽ ജില്ലകൾക്കായി സ്പെഷ്യൽ ബ്രാഞ്ചിന്റെ പ്രത്യേക ഡിറ്റാച്ച്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും മൂന്ന് ഡിവൈ.എസ്.പി. തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഗുണ്ടാസംഘങ്ങൾ, വിവിധതരം മാഫിയകൾ തുടങ്ങിയവരുടെയെല്ലാം നേതൃത്വത്തിൽ നടക്കുന്ന സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഗുണ്ടകളെയും മാഫിയകളെയും നല്ല രീതിയിൽ അമർച്ച ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ചില ഘട്ടങ്ങളിൽ സംസ്ഥാനത്ത് സാമൂഹ്യമാധ്യമങ്ങളുപയോഗിച്ച് വർഗ്ഗീയസംഘർഷം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടായപ്പോൾ കൃത്യമായി അതിലിടപെടാനും നല്ലരീതിയിൽ അതിനെ തടയാനും സാധിച്ചിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം സംഘർഷസാധ്യതയുള്ള പ്രദേശങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വർഗ്ഗീയ സംഘടനകളുടെ ശ്രമങ്ങൾ ഇല്ലാതാക്കാനും സംസ്ഥാനത്തെ പൊതുജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിന് ചില അംഗീകാരവും പുരസ്കാരവും ലഭിക്കുന്നത് ഡൽഹിയിൽ പോയി ചിലർ ഒപ്പിച്ചെടുക്കുന്നതാണെന്ന മട്ടിൽ ഇവിടെ ഒരു ലീഗ് നേതാവ് സംസാരിക്കുന്നതായി കേട്ടു. അത് അങ്ങേയറ്റം പരിതാപകരമായ അവസ്ഥയായിപ്പോയി. ശ്രീ. ടി. വി. ഇബ്രാഹിം ആണ് അങ്ങനെ പറഞ്ഞതായി ഞാൻ കേട്ടത്. എങ്ങനെയാണ് അദ്ദേഹത്തിന് ഇങ്ങനെയൊരു ധാരണയുണ്ടായതെന്ന് മനസ്സിലാകുന്നില്ല. പോലീസ് ഫൗണ്ടേഷന് എന്തെങ്കിലും നക്കാപ്പിച്ച കൊടുത്ത് നമ്മൾ നേടിയതെന്നാണോ കരുതുന്നത്? ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ ഒരു സർവ്വേ പ്രകാരമാണ് അഴിമതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചത്. വാർത്താവിനിമയവും വിവരസാങ്കേതികവിദ്യയുമുപയോഗിച്ച് സാമൂഹ്യമാധ്യമങ്ങൾ നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർ ഡോമിനും 2020-21 വർഷത്തെ ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു. ഇതൊക്കെ സാധാരണഗതിയിൽ കേരളത്തിന് അഭിമാനിക്കാൻ സാധിക്കുന്ന കാര്യമാണല്ലോ. പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനകളുടെ കൃത്യതയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയം നൽകുന്ന അംഗീകാരത്തിന്

കേരള പോലീസ് അർഹമായി. പോലീസിലെ സാങ്കേതികവിദ്യാ വിദഗ്ധർ നിർമ്മിച്ച 'e-VIP' സംവിധാനമാണ് പാസ്പോർട്ട് അപേക്ഷകളുടെ പരിശോധനയിലെ കാലതാമസം ഒഴിവാക്കുന്നതിന് കേരള പോലീസിന് സഹായകമായത്. പോക്സോ കേസുകളിൽ അതിവേഗ വിചാരണയും ശിക്ഷയും ഉറപ്പുവരുത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിചാരണ പൂർത്തിയാക്കിയ കേസുകളിൽ 863 പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്. ഒട്ടേറെ കേസുകളിൽ ഫലപ്രദമായ ഇടപെടലാണ് പോലീസ് നടത്തിയിട്ടുള്ളതെന്ന് എല്ലാവർക്കുമറിയാവുന്നതിനാൽ ഞാൻ അതിന്റെ മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം നിൽക്കുന്നുവെങ്കിലും അഴിമതി പൂർണ്ണമായും ഇല്ലാതാക്കേണ്ടതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൈക്കൂലി ആവശ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ 2021-ൽ 30 ട്രാപ് കേസുകളും 2022-ൽ 47 ട്രാപ് കേസുകളും 2023 മുതൽ ഇതുവരെ 10 ട്രാപ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് സോഴ്സ് തയ്യാറാക്കി, സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി കർശന നടപടി

സ്വീകരിച്ചുവരുന്നു. 2022-ൽ 13 സംസ്ഥാനതല മിന്നൽ പരിശോധനകൾ നടത്തുകയുണ്ടായി. പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി ടോൾഫ്രീ നമ്പറും വാട്ട്സ്ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുള്ളതുകൂടാതെ ഇ-പെറ്റീഷൻ സംവിധാനവും നിലവിലുണ്ട്. വിജിലൻസിന്റെ സോഷ്യൽ മീഡിയ വെബ്സൈറ്റ് ആധുനികവത്കരിക്കുകയും വിജിലൻസ് കോടതികളിലെ പ്രോസിക്യൂഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി നാല് ലീഗൽ അഡ്വൈസർ തസ്തികകൾ സൃഷ്ടിക്കുകയും നാല് പ്രോസിക്യൂട്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് മുട്ടത്തറയിൽ വിജിലൻസ് കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആഭ്യന്തര വിജിലൻസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നുണ്ട്. നിയമിക്കുന്നതിനുമുമ്പ് ഇവർ അഴിമതിമുക്തരാണെന്നും പ്രാപ്തിയും കാര്യക്ഷമതയുമുള്ളവരാണെന്നും ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് ടെസ്റ്റ് നടത്തി, ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും യോഗ്യരായവരെ വിജിലൻസിലേയ്ക്ക് തെരഞ്ഞെടുക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതുകൂടാതെ ഒരു നിശ്ചിതകാലയളവിൽ വിജിലൻസിൽ പ്രവർത്തിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാനും ആലോചനയുണ്ട്. വിജിലൻസ് കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി പുതുതായി വിജിലൻസ് കോടതി സ്ഥാപിക്കുന്നതും വിജിലൻസിലെ റേഞ്ച് സംവിധാനം പുന:ക്രമീകരിക്കുന്നതും പരിഗണനയിലാണ്. സംസ്ഥാനത്ത് 31-01-2023 വരെ 'കാപ്പ' നിയമപ്രകാരം കരുതൽ തടങ്കലിന് 996 ശിപാർശകൾ ജില്ലാ പോലീസ് മേധാവികൾ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 349 ഗുണ്ടകൾക്കെതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 'കാപ്പ' നിയമപ്രകാരം 749 പേരെ നാടുകടത്തുന്നതിനുള്ള ശിപാർശ പോലീസ് നൽകുകയും 387 പേരെ നാടുകടത്തിയിട്ടുമുണ്ട്. ക്രൈം റേറ്റ് കൂടിയ സംസ്ഥാനമാണ് കേരളമെന്നൊരു പൊതുപ്രസ്താവന പലരും നടത്തുന്നുണ്ട്. ക്രൈം റേറ്റ് കൂടുന്നുവെന്നതിന്റെ സാമാന്യയുക്തി നമ്മൾ മനസ്സിലാക്കേണ്ടതാണ്. കേരളത്തിലെ പോലീസ് സംവിധാനം മെച്ചപ്പെട്ട രീതിയിലും

ഫലപ്രദവുമായാണ് നിലനിൽക്കുന്നത്. അതുകൊണ്ട് നിയമ സാക്ഷരതയും നിയമ അവബോധവുമുള്ളവർക്ക് പ്രശ്നങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും അവർ കേസുകൾ രജിസ്റ്റർ ചെയ്യും. ആ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്നില്ല. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി നമ്മൾ താരതമ്യപ്പെടുത്തേണ്ടതില്ല. നമ്മുടെ നില നമ്മൾ നോക്കിയാൽ മതി. പരാതി വന്നാൽ അതെല്ലാം രജിസ്റ്റർ ചെയ്തുപോകുന്ന സ്ഥിതിയുണ്ട്. എല്ലായിടത്തെയും സ്ഥിതി അങ്ങനെയാണോയെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പോലീസിടപെട്ട് കേസുകൾ രജിസ്റ്റർ ചെയ്യാതെ പോകുന്ന എത്രയോ സംഭവങ്ങൾ മറ്റ് ചിലയിടങ്ങളിൽ നടക്കുന്നതായി കേൾക്കുന്നില്ലേ? അതൊന്നും കേരളത്തിൽ നടക്കുന്നില്ലല്ലോ. ഇതെല്ലാം സംസ്ഥാനത്തിന്റെ ക്രൈം റേറ്റ് കൂട്ടുന്നതിനിടയാക്കുന്ന കാര്യമാണെന്നത് നാം കാണേണ്ടതുണ്ട്. സംസ്ഥാനത്ത് പുതുതായി 56 അതിവേഗ പ്രത്യേക പോക്സോ കോടതികൾ അനുവദിച്ചിട്ടുള്ളതിൽ 53 എണ്ണത്തിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് തൃശ്ശൂരും തിരുവനന്തപുരത്തും ഓരോ കോടതികൾ

അനുവദിച്ചിട്ടുണ്ട്. പുതിയതായി അഞ്ച് കുടുംബകോടതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മാധ്യമങ്ങളിലൂടെയും അല്ലാതെയും ഗൗരവത്തോടെ പരിഗണിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർക്കാരിന് കഴിയുന്നുണ്ട്. ജനകീയ പ്രശ്നങ്ങളിൽ പരിഹാരം കാണാൻ വകുപ്പിന്റെ ഫീഡ്ബാക്ക് സംവിധാനം എല്ലാ വകുപ്പുകളുമായും ഏകോപിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുകയാണ്. കേരളത്തെക്കുറിച്ച് തെറ്റായ പ്രചരണങ്ങൾ സംസ്ഥാനത്തിനുപുറത്ത് ബോധപൂർവ്വം പരത്താൻ ശ്രമങ്ങളുണ്ടാകുന്നുണ്ട്. അത്തരം കാര്യങ്ങളുണ്ടാകുമ്പോൾ സംസ്ഥാനത്തിന്റെ വികസനരംഗത്തെ മുന്നേറ്റങ്ങളും മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളും കേരളത്തിനകത്തും പുറത്തും വിപുലമായ രീതിയിൽ പ്രചരിപ്പിക്കാൻ വകുപ്പ് ശ്രമിക്കുന്നുണ്ട്. തെറ്റായ പ്രചരണങ്ങളിൽ കുടുങ്ങി ജനാധിപത്യ ഭരണ സംവിധാനങ്ങളിലെ വിശ്വാസചോർച്ച സംഭവിക്കാതിരിക്കാൻ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ജനങ്ങളിലേയ്ക്ക് നേരിട്ട് അറിയിച്ചുകൊണ്ട് പി.ആർ.ഡി.-യുടെ കീഴിൽ മികച്ച രീതിയിൽ

പ്രചരണപ്രവർത്തനങ്ങൾ നടത്തിവരികയാണ്. മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞ പണം മാത്രം വിനിയോഗിച്ച് സാധ്യമാകുന്ന മാർഗ്ഗങ്ങളിലൂടെയാണ് കേരളം അതിന്റെ പാരമ്പര്യവും വികാസവും പ്രചരിപ്പിക്കുന്നത്. കഴിഞ്ഞ നവംബറിൽ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കേരളത്തിനായിരുന്നു സ്വർണ്ണമെഡൽ. റിപ്പബ്ലിക് ദിനപരേഡിൽ കേരളത്തെ ഒഴിവാക്കാനാകാത്ത സ്ഥിതി ഇപ്പോഴുണ്ടാവുകയും ചെയ്തു. മാധ്യമ പ്രവർത്തകർക്കായി ആരോഗ്യ ഇൻഷ്വറൻസ്, പെൻഷൻ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരികയാണ്. ഈ രംഗത്തെ ക്ഷേമപ്രവർത്തനങ്ങൾ പഠിക്കാൻ മറ്റ് സംസ്ഥാനങ്ങൾ തയ്യാറാകുന്നുവെന്നൊരു പ്രത്യേകത നിലനിൽക്കുന്നുണ്ട്. മാധ്യമങ്ങളുടെ പിന്തുണയോടെ മാധ്യമ മേഖലയിലെ ജീവനക്കാരുടെ പെൻഷൻ വിപുലീകരിക്കാൻ ഉദ്ദേശിക്കുകയാണ്. ഇതിനായി പ്രത്യേക പെൻഷൻ ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നു. പെൻഷൻ ചട്ടങ്ങൾ പരിഷ്കരിക്കാനുള്ള നടപടികൾ ഉടനെ പൂർത്തിയാകും. ഇതുവഴി കൂടുതൽപേരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയും. പെൻഷൻ ഫണ്ട് രൂപീകരിച്ചാലുടൻ പെൻഷൻ വർദ്ധനയുടെ കാര്യത്തിലും പെൻഷൻ കുടിശ്ശികയുടെ കാര്യത്തിലും പരിഹാരമുണ്ടാക്കാൻ കഴിയും. മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക അടുത്ത സാമ്പത്തിക

വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലൂടെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലകളിലും 'എന്റെ കേരളം' എന്ന പേരിൽ കഴിഞ്ഞവർഷം നടത്തിയതും ഇനി നടത്താനിരിക്കുന്നതുമായ പ്രദർശനങ്ങളിലൂടെ കേരളത്തിന്റെ വളർച്ച അടയാളപ്പെടുത്തുന്നതോടൊപ്പം വിഭവങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്താനും കഴിയുന്നു. കാലാനുസൃത പരിഷ്കരണങ്ങൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ വരുത്താൻ ഉദ്ദേശിക്കുകയാണ്. വിവിധ വകുപ്പുകളുടെ ബോധവൽക്കരണ പ്രചാരണ പരിപാടികൾ കോർത്തിണക്കാനും കാര്യക്ഷമമാക്കാനും വകുപ്പിലെ ഐ.ഇ.സി. വിഭാഗം വഴി അടുത്ത സാമ്പത്തികവർഷം മുതൽ പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്. ആധുനിക രീതിയിലുള്ള സംവിധാനങ്ങളും സങ്കേതങ്ങളുമുപയോഗിച്ച് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ് മികവുറ്റ സേവനം ലഭ്യമാക്കുന്ന വിധത്തിലുള്ള പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിരുന്ന പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പിനെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ്

പ്രസ്സുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഫയർ ആന്റ് റസ്ക്യൂ സംവിധാനം നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. നല്ല അഭിവൃദ്ധിയും ഇക്കാര്യത്തിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി സയൻസിൽ ബിരുദാനന്തര ബിരുദ ഗവേഷണ കേന്ദ്രം ആരംഭിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനും മറ്റ് പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 2023-24 സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ജയിലുകൾ തിരുത്തൽ കേന്ദ്രങ്ങളായിട്ടാണ് ഇപ്പോൾ മാറിയിരിക്കുന്നത്. ഫലപ്രദമായ രീതിയിലുള്ള പ്രവർത്തനം ആ രംഗത്ത് നടക്കുകയാണ്. തെറ്റ് ചെയ്തവരും കുറ്റം ചെയ്തവരും കൂടുതൽ കുറ്റവാളികളായി മാറുന്ന അവസ്ഥയല്ല, അവരെ തിരുത്തിക്കുന്നതിനാവശ്യമായ നല്ല ഇടപെടലാണ് ജയിലുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പച്ചക്കറിയുടെ ഭാഗമായി കടത്തിയ ഒരു കേസിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ആ കാര്യങ്ങൾ കണ്ടെത്തിയതിന്റെ ഭാഗമായി അവിടത്തെ സൂപ്രണ്ടിനെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലൊന്നും ഒരു വിട്ടുവീഴ്ചയും

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവില്ല. ഇതാണ് പൊതുവെ പറയാനുള്ളത്. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കേണ്ടതില്ല എന്നാണ് തോന്നുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII
## പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, കുറുക്കോളി മൊയ്തീൻ, ടി. വി. ഇബ്രാഹിം, ഷാഫി പറമ്പിൽ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, യു. എ. ലത്തീഫ്, എ. കെ. എം. അഷ്റഫ്, നജീബ് കാന്തപുരം, എൻ. എ. നെല്ലിക്കുന്ന്, സനീഷ്കുമാർ ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XIII</u>

<u>ജയിലുകൾ</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. സി. വിഷ്ണുനാഥ്, മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, നജീബ് കാന്തപുരം, സണ്ണി ജോസഫ്, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ,

കെ. പി. എ. മജീദ്, കെ. ബാബു (തൃപ്പൂണിത്തുറ), അനൂപ് ജേക്കബ്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, എൻ. എ. നെല്ലിക്കുന്ന്, ഷാഫി പറമ്പിൽ, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർത്ഥന നമ്പർ XIV</u>

<u>സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ യു. എ. ലത്തീഫ്, എ. പി. അനിൽകുമാർ, ടി. വി. ഇബ്രാഹിം, എ. കെ. എം. അഷ്റഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, കെ. പി. എ. മജീദ്, കെ. ബാബു (തൃപ്പൂണിത്തുറ), അനൂപ് ജേക്കബ്, മോൻസ് ജോസഫ്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, അൻവർ സാദത്ത്, പി. സി. വിഷ്ണുനാഥ്, റോജി എം. ജോൺ, ഷാഫി പറമ്പിൽ, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XIV-ാം

നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി  അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII

## വാർത്താവിതരണവും പ്രചരണവും

മി. സ്പീക്കർ: സർവ്വശ്രീ സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, എ. കെ. എം. അഷ്റഫ്, മോൻസ് ജോസഫ്, എ. പി. അനിൽ കുമാർ, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, റോജി എം. ജോൺ, ഷാഫി പറമ്പിൽ, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

**<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.**

**(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)**

**<u>മി. സ്പീക്കർ</u>: പ്രമേയം ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

**ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.**

**(2023 മാർച്ച് മാസം 02-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.)**

*** * * * * ***

## അനുബന്ധം I

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**റോഡിലെ കുഴികൾമൂലമുള്ള അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

6 (*246) ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രവൃത്തികളോടനുബന്ധിച്ച് വാട്ടർ അതോറിറ്റി അടക്കമുള്ള ഏജൻസികൾ റോഡുകളിലെടുക്കുന്ന കുഴികളിൽവീണ് അപകടങ്ങൾ പതിവാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

വാട്ടർ അതോറിറ്റി അടക്കമുള്ള വിവിധ ഏജൻസികൾ റോഡുകളിലെടുക്കുന്ന കുഴികളിൽവീണ് അപകടങ്ങളുണ്ടാകുന്ന സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എറണാകുളം, കങ്ങരപ്പടിയിൽ പൈപ്പ് മാറ്റാനെടുത്ത കുഴിയിൽവീണ് യുവാവ് മരിച്ച സംഭവത്തിന് സമാനമായവ ആവർത്തിക്കാതിരിക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്കുവേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥരെ അംഗങ്ങളായുൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പുസെക്രട്ടറി കൺവീനറായി ഒരു സമിതി 07-01-2022-ലെ ജി.ഒ. (ആർ.ടി.)നം.20/2022/പൊ.മ.വ. പ്രകാരം രൂപീകൃതമായിട്ടുണ്ട്. കൂടാതെ റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ 24-02-2022-ലെ ജി.ഒ. (എം.എസ്.) നം.8/2022/പി.ഡബ്ല്യൂ.ഡി., 14-02-2023-ലെ ജി.ഒ. (എം.എസ്.) നം. 11/2023/പി.ഡബ്ല്യൂ.ഡി. എന്നിവയും നിലവിലുണ്ട്. ഇതുപ്രകാരമാണ് നിലവിൽ റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്. പ്രസ്തുത ഉത്തരവുകളിൽ റോഡുകളിൽ കുഴികളെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത

ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. ഇതിൽ റോഡ് കട്ടിംഗുകൾ പരാമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകളിടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇപ്രകാരം റോഡുകളിൽ കുഴികളെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റോഡുകളിൽ കുഴിയെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നുണ്ടെന്നത് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി റോഡുകളിൽ കുഴികളെടുക്കുമ്പോൾ അപകട മുന്നറിയിപ്പ് നൽകുന്നതിനായി ഉചിതമായ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയോടെയാണ് ബന്ധപ്പെട്ട ഏജൻസിക്ക് റോഡ് മുറിക്കാനുള്ള അനുവാദം നൽകിവരുന്നത്. അപ്രകാരം ഗതാഗത സുരക്ഷയ്ക്കായി സൈൻബോർഡുകൾ, traffic zone temporary barricade, direction indicator barricade, രാത്രികാലങ്ങളിൽ warning lights എന്നിവ

ബന്ധപ്പെട്ട ഏജൻസികൾ സ്ഥാപിക്കാറുണ്ട്. റോഡുകൾ കുഴിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ഉത്തരവാദിയാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**റോഡ് നിർമ്മാണത്തിലെ നൂതന സാങ്കേതികവിദ്യകൾ**

7 (*247) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയിലെ ഗുണനിലവാരവും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബ് സജ്ജമാക്കിയിട്ടുണ്ട്. മൂന്ന് മേഖലകൾ കേന്ദ്രീകരിച്ചാണ് ഈ മൊബൈൽ

ടെസ്റ്റിംഗ് ലാബ് പ്രവർത്തനം നടത്തുക. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി തത്സമയം ഗുണപരിശോധന നടത്താൻ ഈ ലാബുകൾ സഹായിക്കും. അതോടൊപ്പം എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടുഘട്ട ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. ആദ്യഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻതന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾ വകുപ്പിന്റെ കീഴിൽവരുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നടത്തുന്നു. കരാർ ഉടമ്പടി പ്രകാരമുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് പ്രവൃത്തികൾ നടക്കുന്നവേളയിൽ സൈറ്റുകളിൽ ചെന്ന് സാമ്പിൾ ശേഖരിച്ച് അത് ടെസ്റ്റ് ചെയ്ത് റിപ്പോർട്ടാക്കി തുടർനടപടികൾ സ്വീകരിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. കെട്ടിടങ്ങൾ, പാലങ്ങൾ, നിരത്തുകൾ എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികളുടെ ക്യൂബുകൾ തയ്യാറാക്കിക്കൊണ്ട്, അതിന്റെ ഷെഡ്യൂൾപ്രകാരമുള്ള ഗ്രേഡുകൾ തന്നെയാണോയെന്ന് പരിശോധിക്കുന്നതിനും റോഡ് പ്രവൃത്തികളുടെ ജി.എസ്.ബി., ഡബ്ല്യൂ.എം.എം. ഉൾപ്പെടെയുള്ള ഗ്രേഡിംഗ് സാമ്പിളുകൾ സൈറ്റിൽനിന്നും

മെറ്റീരിയൽ ശേഖരിച്ചുകൊണ്ട് അതിന്റെ രണ്ടാം ശ്രേണിയിലുൾപ്പെട്ട സീവ് അനാലിസിസ് ടെസ്റ്റിന് വിധേയമാക്കി പ്രവൃത്തിയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനും വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കഴിയുന്നുണ്ട്. കൂടാതെ ടാറിംഗ് പ്രവൃത്തികളുടെ ബി.എം.&ബി.സി., ക്ലോസ് ഗ്രേഡ്, ഡി.ബി.എം. എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും രണ്ടാം ശ്രേണിയിലുള്ള ഗുണനിലവാര പരിശോധനവഴി കഴിയുന്നുണ്ട്. ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ സീവ് അനാലിസിസ് ടെസ്റ്റുകൾ, ഇംപാക്ട് ടെസ്റ്റുകൾ, Los Angeles Abrasion ടെസ്റ്റുകൾ ഉൾപ്പെടെയുള്ളവ ചെയ്ത് വിലയിരുത്താൻ സാധിക്കുന്നുണ്ട്. ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ ഷെഡ്യൂളിൽ പറയപ്പെടുന്ന അളവുകൾ സൈറ്റിൽ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്നുള്ളത് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റുകൾവഴി പരിശോധിക്കുന്നതിനും രണ്ടാംഘട്ടത്തിന്റെ സാമ്പിൾ ടെസ്റ്റിംഗിലൂടെ കഴിയുന്നുണ്ട്.

(ബി) നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; എഫ്.ഡി.ആർ. സാങ്കേതികവിദ്യയെക്കുറിച്ച് വിശദമാക്കാമോ?

നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതി വ്യാപകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 9 റോഡുകളിൽ എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതി നടപ്പാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ റോഡുകളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്. മറ്റ് ജില്ലകളിലേയ്ക്കുകൂടി എഫ്.ഡി.ആർ. സാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം തുടരുകയാണ്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുമ്പോൾ നിലവിലെ റോഡിന്റെ നിർമ്മാണവസ്തുക്കൾ പുനരുപയോഗിച്ചുതന്നെ റോഡിന്റെ അടിസ്ഥാനം നിർമ്മിക്കുന്നു. അതിനാൽ നിർമ്മാണച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിൽ സാങ്കേതികവിദ്യ സഹായകമാണ്. അതോടൊപ്പം അസംസ്കൃതവസ്തുക്കളുടെ പുനരുപയോഗം സാധ്യമാകുന്നതിനാൽ ഇത് പരിസ്ഥിതിസൗഹൃദമായ നിർമ്മാണരീതിയായും വിശേഷിപ്പിക്കപ്പെടുന്നു.

(സി) സംസ്ഥാനത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായതും ഈടുനിൽക്കുന്നതുമായ നിർമ്മാണരീതികൾ അവലംബിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കൊടുംചൂട്, അതിശൈത്യം, വാഹനപെരുപ്പം എന്നിവ കണക്കിലെടുത്ത് റോഡ് ഡിസൈൻ ചെയ്ത് ആവശ്യമായ Provisions എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചതിനുശേഷമാണ് നിലവിൽ പ്രധാന നിർമ്മാണപ്രവൃത്തികൾ നടത്തിവരുന്നത്. ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ജർമ്മൻ ടെക്നോളജി ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, മറ്റ് നൂതന സാങ്കേതികവിദ്യകളായ വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് മിക്സ്, വാംമിക്സ് അസ്ഫാൽറ്റ് ടെക്നിക്, പെർഫോറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ എന്നിവയുൾപ്പെടെയുള്ള ആധുനിക നിർമ്മാണ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ, സിന്തറ്റിക് ഭൂവസ്ത്രങ്ങൾ, Gabion Retaining walls എന്നിവ ഉപയോഗിച്ചുവരുന്നു. പരിസ്ഥിതി സൗഹാർദ്ദമായ റോഡ് നിർമ്മാണം മുൻനിർത്തി ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ

മോഡിഫൈഡ് ബിറ്റുമിൻ, കയർ ഭൂവസ്ത്രം എന്നിവയുൾപ്പെടുത്തിയ നിർമ്മാണരീതികൾ ഉപയോഗിച്ചുവരുന്നു. നിരന്തരമായി തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണം പരിശോധിച്ച് ആയതിന് ശാശ്വത പരിഹാരമാകുംവിധത്തിലുള്ള നിർമ്മാണരീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മതിയായ ഡ്രെയിനേജുകളുടെ നിർമ്മാണവും ഉറവകളുടെ സാന്നിദ്ധ്യവുമുള്ള സ്ഥലങ്ങളിൽ ഇന്റർലോക്കിംഗ് കോൺക്രീറ്റ് പേവർ ബ്ലോക്കുകൾപോലുള്ള അനുയോജ്യമായ നിർമ്മാണരീതികൾ നടപ്പിലാക്കിവരുന്നത് റോഡുകൾ തകരുന്നത് ഒഴിവാക്കാൻ ഉപകരിക്കുന്നുണ്ട്. കൂടാതെ റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്ന രീതിയിൽ IRC/MoRTH സ്പെസിഫിക്കേഷൻ പ്രകാരം ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ റോഡുകളും ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് (ബി.എം.&ബി.സി.) നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങൾ**

8 (*248) <u>ശ്രീ. എം. രാജഗോപാലൻ:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എച്ച്. സലാം:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം സ്റ്റേറ്റായി വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രകൃതി സൗന്ദര്യം, കാലാവസ്ഥ, വൈവിദ്ധ്യമാർന്ന ഭൂപ്രകൃതി, സസ്യ-വന്യജീവി സമ്പത്ത്, സാംസ്കാരിക തനിമ എന്നിവയാൽ സമ്പന്നമായ കേരളം വിദേശിയരും സ്വദേശിയരുമായ സഞ്ചാരികളുടെ ഇഷ്ടയിടമായി ഇതിനകം മാറിയിട്ടുണ്ട്. ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി കേരള ടൂറിസവും പുതിയ സ്ട്രാറ്റജികൾ നടപ്പിലാക്കുകയാണ്. സഞ്ചാരലോകത്തിലെ പുതിയ ട്രെൻഡുകളെ സ്വീകരിക്കാൻ കഴിയുംവിധം കേരള ടൂറിസം നവീകരിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ കേരളത്തെ "ടൂറിസം സ്റ്റേറ്റ്" ആക്കി മാറ്റാനുള്ള ചുവടുവയ്പുകളാണ് നടത്തുന്നത്. സംസ്ഥാനത്തേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നിരവധി പ്രചരണ പരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപംനൽകിയിട്ടുണ്ട്.

വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവ്വേദ ടൂറിസത്തിന്റെ പ്രോത്സാഹനം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് കാമ്പയിൻ നടപ്പിലാക്കിവരുന്നു. വിവിധ പ്രവർത്തനങ്ങളാൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യൂ.ടി.ഒ.-യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ 'സ്ട്രീറ്റ് ' (STREET- Sustainable Tangible, Responsible, Experiential, Ethnic Tourism hubs) പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാസഞ്ചാരികൾക്ക് മികച്ച സൗകര്യങ്ങളൊരുക്കുന്നതിന് വനിതാസൗഹൃദ വിനോദസഞ്ചാരം പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇനിയും കണ്ടെത്താത്ത ടൂറിസം സാധ്യതകളുള്ള സ്ഥലങ്ങളെ കണ്ടെത്തി അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ അതത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്നപേരിൽ ഒരു ടൂറിസം പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

കേരളാ ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. പുതിയ മേഖലയായ കാരവാൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചതും ടൂറിസം പ്രോത്സാഹനം മുന്നിൽകണ്ടാണ്. അഗ്രി ടൂറിസം നെറ്റ്‌വർക്ക്, സാഹസിക വിനോദസഞ്ചാരം, സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പദ്ധതി, നൈറ്റ് ലൈഫ് ടൂറിസം, ബയോഡൈവേഴ്സിറ്റി-ലിറ്റററി സർക്യൂട്ടുകൾ, ടൂറിസം ക്ലബ്ബുകൾ, ഫുഡ് സ്ട്രീറ്റുകൾ, എൻ ഊര് തുടങ്ങിയ പുത്തൻ പദ്ധതികളിലൂടെ വ്യത്യസ്ത അഭിരുചികളുള്ള സഞ്ചാരികളെ ആകർഷിക്കാൻ കേരളം സജ്ജമാകുകയാണ്.

(ബി) കോവളം, കുമരകം, ആലപ്പുഴ, മൂന്നാർ തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതിയുണ്ടോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനമാണ് എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ.

കോവളം, കുമരകം, ആലപ്പുഴ, മൂന്നാർ തുടങ്ങിയ സംസ്ഥാനത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് 2023-24 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അനായാസം എത്തിച്ചേരുന്നതിന് റോഡ് സൗകര്യവും ഗതാഗത സൗകര്യവും അതോടൊപ്പം സഞ്ചാരികൾക്ക് മികച്ച താമസസൗകര്യവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അനായാസം എത്തിച്ചേരുന്നതിന് റോഡ് സൗകര്യവും ഗതാഗത സൗകര്യവും ഏർപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നു. ചില ഡെസ്റ്റിനേഷനുകളിൽ 'ലാസ്റ്റ്മൈൽ കണക്ടിവിറ്റി' എന്നനിലയിൽ ടൂറിസം വകുപ്പ് റോഡ് സൗകര്യമൊരുക്കിയിട്ടുണ്ട്. അതോടൊപ്പം മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ഡി.ടി.പി.സി.-കളും തുമ്പൂർമുഴി ഡി.എം.സി.-യും ടൂറിസ്റ്റുകളെ വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഗതാഗത സൗകര്യം ഒരുക്കിവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ ഡി.ടി.പി.സി.-യും വനംവകുപ്പും സംയുക്തമായി വിനോദസഞ്ചാരികൾക്ക് യാത്രാസൗകര്യമൊരുക്കുന്നതിന്

വാഹനസൗകര്യം ഏർപ്പെടുത്തിവരുന്നു. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിനായി കുടുംബങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള സംരംഭമാണ് 'ഹോംസ്റ്റേകൾ'. മറ്റൊരു താമസസംവിധാനമാണ് ടൂറിസം വകുപ്പിന്റെ കീഴിലുള്ള സർവ്വീസ്ഡ് വില്ലകൾ. അതുവഴി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ തനതായ സംസ്കാരം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കാരവൻ ടൂറിസം പദ്ധതിയിലൂടെ വിനോദസഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതുവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്രചെയ്യാനും വിവിധ ആക്ടിവിറ്റികളിലേർപ്പെടാനും സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനുംവേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഓരോ കാരവനിലുമുണ്ടാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ സജ്ജമാക്കിയിട്ടുള്ളത്.

അൻപത് വർഷത്തിന്മേൽ പഴക്കമുള്ള വീടുകൾ, കേരളത്തനിമയിൽ പുതുക്കിപ്പണിഞ്ഞ് വിനോദസഞ്ചാരികൾക്ക് മികച്ച താമസസൗകര്യം

ഒരുക്കുന്നതിനുള്ള പദ്ധതിയാണ് 'ഗൃഹസ്ഥലി'. കൂടാതെ വിനോദസഞ്ചാരികളുൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് പ്രയോജനകരമാകുംവിധം ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിനുകീഴിൽ നിലവിൽ 24 അതിഥി മന്ദിരങ്ങളും 4 യാത്രിനിവാസുകളും പ്രവർത്തിക്കുന്നു. വിനോദസഞ്ചാരികൾക്ക്/ അതിഥികൾക്ക് മികച്ച നിലവാരത്തിലുള്ള താമസസൗകര്യം അതിഥി മന്ദിരങ്ങളിൽ ഉറപ്പുവരുത്തുന്നു. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, മൂന്നാർ, പൊൻമുടി, വർക്കല, മലമ്പുഴ എന്നിവിടങ്ങളിൽ ടൂറിസം ഡെസ്റ്റിനേഷന് വളരെ അടുത്തായിത്തന്നെ സർക്കാർ അതിഥി മന്ദിരങ്ങളുണ്ട്. വർക്കല, മൂന്നാർ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള സർക്കാർ അതിഥി മന്ദിരങ്ങൾക്കുപുറമെ സഞ്ചാരികൾക്ക് കൂടുതൽ താമസസൗകര്യം ലഭിക്കാനായി വർക്കലയിൽ കോട്ടേജുകളുടെയും മൂന്നാറിൽ അക്കോമഡേഷൻ കോംപ്ലക്സിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിയിലുൾപ്പെട്ട ഇടുക്കി, പീരുമേട് ഇക്കോ ലോഡ്ജുകളും വിനോദസഞ്ചാരികൾക്കായി ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്. കൂടാതെ

എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും നഗരകേന്ദ്രങ്ങളിലും കെ.ടി.ഡി.സി.-യുടെ ബഡ്ജറ്റ് ഹോട്ടലുകളടക്കമുള്ള താമസസൗകര്യങ്ങൾ ലഭ്യമാണ്.

**വിനോദസഞ്ചാര മേഖലയെ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

9 (*249) ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എം. മണി:
ശ്രീമതി യു പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വൻതോതിൽ നിക്ഷേപം നടത്താൻ സാമ്പത്തിക ശേഷിയില്ലാത്തവർക്കും വനിതകൾക്കും ഗ്രാമീണർക്കും ഉൾപ്പെടെ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തിയുള്ള വിനോദസഞ്ചാര മേഖലയെ ആകർഷകമായ വ്യവസായമെന്ന നിലയിൽ വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാമാണ്; വ്യക്തമാക്കുമോ?

കേരള ടൂറിസത്തെ ജനകീയമാക്കി വികസിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻവഴി വൈവിദ്ധ്യങ്ങളായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷനെ

സൊസൈറ്റിയാക്കി മാറ്റാനുള്ള സർക്കാർ തീരുമാനം ഈ മേഖലയിലെ നിർണ്ണായക ചുവടുവയ്പ്പാണ്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപകമാക്കാനും കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കാനും ഇതുവഴി സാധിക്കും. പെപ്പർ, സ്ട്രീറ്റ്, അഗ്രോ ടൂറിസം നെറ്റ്‌വർക്ക്, സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പദ്ധതികൾ എന്നിവയിലൂടെ പ്രാദേശിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ ശ്രമിക്കുകയാണ്. തദ്ദേശീയരായ ജനസമൂഹത്തെ ടൂറിസം വ്യവസായവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ, നൈപുണ്യവികസന സംരംഭകത്വ വികസന പരിശീലനങ്ങൾ, ടൂറിസം ഇൻഡസ്ട്രിക്കാവശ്യമായ ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിലെ നാനാതുറയിൽപ്പെട്ടവർക്ക് ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു.

എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യൂസീൻ നെറ്റ്‌വർക്ക് എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക്

പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്.

സ്ത്രീസൗഹൃദ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ത്രീശാക്തീകരണവും - ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന കാര്യമാണ്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീപങ്കാളിത്തം ഉയർത്തുന്നതിനും തികച്ചും സ്ത്രീസൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീസൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ

ചെയ്തുവരുന്നു. ഇത്തരം പദ്ധതികൾവഴി പ്രാദേശിക ടൂറിസം സമ്പദ്‍വ്യവസ്ഥയുടെ സുസ്ഥിരവികസനത്തിനുള്ള മാർഗ്ഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ മാറുകയാണ്. അതോടൊപ്പം പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും തദ്ദേശീയ ജനതയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) വിനോദസഞ്ചാരത്തെ വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ട് ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള സാധ്യത മെച്ചപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായ മേഖലയ്ക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വിനോദസഞ്ചാര മേഖലയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ തുടരുകയാണ്. വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ ടൂറിസം മേഖലയ്ക്കുകൂടി ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ടൂറിസം, വ്യവസായം എന്നീ വകുപ്പുകളുടെ ഒരു യോഗം 20-12-2022-ൽ ചേർന്നിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ പരിശോധിച്ചുവരുന്നു.

(സി) മുൻകാലത്തെയപേക്ഷിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞത് സുസ്ഥിരമാക്കുന്നതരത്തിൽ വിവിധ

വിനോദസഞ്ചാര പദ്ധതികളിൽ നിക്ഷേപം ആകർഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാരവൻ ടൂറിസം നയം രൂപീകരിച്ച് പുതുതായി കാരവനുകൾ വാങ്ങുന്നവർക്ക് പരമാവധി 7.5 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് വകുപ്പ് സ്വീകരിക്കുന്നത്. കൂടുതൽ വൻകിട ഹോട്ടൽ സമുച്ചയങ്ങൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ആശയങ്ങളുമായി വിനോദസഞ്ചാര മേഖലകളിലെത്തുന്ന സംരംഭകർക്കാവശ്യമായ പ്രോത്സാഹനം നൽകിവരികയാണ്. കൂടാതെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സംരംഭകർക്ക് അക്രഡിറ്റേഷൻ നൽകിവരുന്നു.

1. ആയുർവ്വേദ സെന്റർ
2. ഹോംസ്റ്റേകൾ
3. സർവ്വീസ്ഡ് വില്ല

4. ടൂർ ഓപ്പറേറ്റർമാർ

5. റെസ്റ്റോറന്റുകൾ

6. ഫാം സ്റ്റേകൾ

7. ഹൗസ് ബോട്ടുകൾ

8. അൻപത് വർഷത്തിൻമേൽ പഴക്കമുള്ള വീടുകൾ, കേരളത്തനിമയിൽ പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകുന്ന ഗൃഹസ്ഥലി പദ്ധതി

9. അഡ്വഞ്ചർ ടൂറിസം പദ്ധതികൾക്ക് അംഗീകാരം .

ഇതുകൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ബിസിനസ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും കേരളത്തിലെ ടൂറിസം മേഖലയിലെ നിക്ഷേപസാദ്ധ്യത വ്യവസായികളെ അറിയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**മാതൃക ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതി**

10 (*250) ശ്രീ. എ. സി. മൊയ്തീൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃക ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

അനുകരണീയമായ രീതിയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഗ്രാമങ്ങളെ വളർത്തിക്കൊണ്ടുവരുന്ന പദ്ധതിയാണ് മാതൃകാ ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതി. കോട്ടയം ജില്ലയിലെ അയ്മനം, തിരുവാർപ്പ് പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ കോൾതുരുത്തി, പാമ്പുരുത്തി, മലപ്പട്ടം, തെക്കുമ്പാട്, ഏഴോം പ്രദേശങ്ങളും കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി, പെരുവെമ്പ പ്രദേശങ്ങളും തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പ്രദേശവും കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഒളവണ്ണ എന്നീ പ്രദേശങ്ങളുമാണ് ഈ പദ്ധതി നടത്തിപ്പിനായി പ്രാരംഭഘട്ടത്തിൽ തെരഞ്ഞെടുത്തിരുന്നത്. ഈ പ്രദേശങ്ങളിലെല്ലാംതന്നെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആർ.ടി. മിഷൻ നടത്തിയിട്ടുണ്ട്.

2021-22 സാമ്പത്തികവർഷം പുതുതായി കോട്ടയം ജില്ലയിലെ നീണ്ടൂർ, ആർപ്പൂക്കര, എഴുമാൻതുരുത്ത്, എറണാകുളം ജില്ലയിലെ ഏഴിക്കര എന്നീ പ്രദേശങ്ങൾ 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ വിവിധ

ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിലെ ആദ്യമാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ട അയ്മനം, നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രമായി പ്രസിദ്ധ ട്രാവൽ പ്രസിദ്ധീകരണമായ 'കോണ്ടെ നാസ്റ്റ് ട്രാവലർ' 2022-ൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അധിക നിക്ഷേപം വേണ്ടാത്ത വിനോദസഞ്ചാര മേഖലകളിൽ അതത് പ്രദേശത്തെ സ്ത്രീകളെ കൂടുതലുൾപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ "എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യൂസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്.

സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും - ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന കാര്യമാണ്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം

ഉയർത്തുന്നതിനും തികച്ചും സ്ത്രീസൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാനപ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച് ഒരു സ്ത്രീസൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തുവരുന്നു.

(സി) കാർഷിക പ്രവർത്തനങ്ങളെ വിനോദസഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ അഗ്രി ടൂറിസം നെറ്റ്‌വർക്ക് ടൂറിസം വകുപ്പിന്റെ കാർഷിക രംഗത്തുള്ള ഒരു പ്രധാന പദ്ധതിയാണ്. ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 'കേരള അഗ്രി ടൂറിസം

നെറ്റ്‌വർക്ക്'എന്നപദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചത്. അഞ്ച് വിഭാഗങ്ങളിലായാണ് ടി യൂണിറ്റുകൾ വരുന്നത്.

കാറ്റഗറി 1 - പുരയിടത്തിലെ കൃഷി - 25 സെന്റുവരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിലുൾപ്പെടുത്തും.

കാറ്റഗറി 2 - ഫാം വിസിറ്റ് യൂണിറ്റുകൾ - 25 സെന്റ് മുതൽ 1 ഏക്കർ വരെ - ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിലുൾപ്പെടുത്തും.

കാറ്റഗറി 3 - ഫാം ആക്ടിവിറ്റി സെന്ററുകൾ - 1 ഏക്കർ മുതൽ 10 ഏക്കർ വരെ - വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട്‌ലെറ്റ്, മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾ തുടങ്ങിയവ.

കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിലേതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസുള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.

കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ - 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

സംസ്ഥാനവ്യാപകമായി നടന്നുവരുന്ന ഈ പദ്ധതിയുടെ ഭാഗമായി 15 ദിന ഓൺലൈൻ പരിശീലനം നടന്നു. പരിശീലനം പൂർത്തിയാക്കിയ ഫാമുകളിൽ ആർ.ടി. മിഷൻ പരിശോധന നടത്തിയശേഷം യോഗ്യമായ വിഭാഗത്തിലുൾപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിവരുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കാൻ നടപടി**

11 (*251) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിനായി 2021, 2022 കാലഘട്ടത്തിൽ ഫയൽ അദാലത്ത്

സംഘടിപ്പിച്ചിരുന്നു. അക്കാദമിക വിഷയങ്ങൾ, പരീക്ഷാ സംബന്ധിയായവയും വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട ഫയലുകളും ദീർഘകാലത്തേയ്ക്ക് നീണ്ടുനിന്ന് കാലതാമസം സൃഷ്ടിക്കാറില്ല. എന്നാൽ നിയമനം, എയ്ഡഡ് മാനേജ്മെന്റുകളുമായി ബന്ധപ്പെട്ട അവകാശത്തർക്കങ്ങൾ, ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച ഫയലുകൾ എന്നിവ ചിലസാഹചര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് പലതലങ്ങളിലുള്ള ഭരണപരമായ തീരുമാനങ്ങളും ചിലഘട്ടങ്ങളിൽ കോടതി ഇടപെടലുകളും ആവശ്യമാകാറുണ്ട്. ഇത്തരം ഫയലുകളാണ് തീർപ്പാക്കുന്നതിന് ദീർഘകാലം കാത്തിരിക്കേണ്ട സാഹചര്യമുണ്ടാകുന്നത്. ഫയൽ അദാലത്തുകൾ സമയബന്ധിതമായി സെക്ഷനുകളിൽ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ആയതുപ്രകാരം എല്ലാ സെക്ഷനുകളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ മേഖലാ കാര്യാലയങ്ങളിലെ ഫയൽ അദാലത്തുകൾ നടത്തുന്നതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ഫയൽ അദാലത്തുകൾ നടത്തുകയും ചെയ്തു. ഇതിൻപ്രകാരം സർക്കാർതലത്തിൽ നിലനിന്നിരുന്ന ഫയലുകൾ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഫയലുകൾ ബഹുഭൂരിപക്ഷവും തീരുമാനമെടുക്കുകയും

ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഫയലുകൾ പ്രധാനമായും കോടതി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ളവയും എയ്ഡഡ് സ്കൂളുകളിലെ നിയമന നടപടികളിൽ ഭിന്നശേഷി നിയമന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടവയുമാണ്. പൊതുജനങ്ങൾക്ക് അവരുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതി ടെലഫോൺ മുഖാന്തരവും നേരിട്ടും അറിയുന്നതിന് ഓരോ ഓഫീസിലും ഒരു Front Office സംവിധാനവും ലാൻഡ് ഫോണും ഉറപ്പാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഒന്നിലധികം തവണ വൊക്കേഷണൽ ഹയർ സെക്കണ്ടറി (VHSE) വിഭാഗത്തിലെ ഓഫീസുകൾ ഞായറാഴ്ചകളിൽ പ്രത്യേകമായി ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിക്കുകയും പരിഗണനാർഹമായ എണ്ണം ഫയലുകൾ തീർപ്പാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ, സീനിയർ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് പ്ലീഡർമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേരുകയും കോടതി കേസുകളുമായി ബന്ധപ്പെട്ട ഫയലുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(ബി) ആറ് മാസത്തിലൊരിക്കലെങ്കിലും അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പുകല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽവരുന്ന ഓഫീസുകളിൽ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 2021, 2022 വർഷങ്ങളിൽ സംഘടിപ്പിച്ചതുപോലെ വരുംവർഷങ്ങളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്.

**സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ സ്ഥാപിക്കാൻ നടപടി**

12 (*252) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ണൂറ്റിയഞ്ച് ശതമാനത്തിലധികം വിദ്യാലയങ്ങളിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സാധ്യമായതിന്റെ ഫലമായുണ്ടായ അക്കാദമിക, അക്കാദമികേതര രംഗത്തെ വിപുലമായ

അവസരങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; അവശേഷിക്കുന്ന വിദ്യാലയങ്ങളിൽക്കൂടി ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ആധുനികസാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ഹൈടെക് പദ്ധതികളിലുൾപ്പെടുത്തി പ്രൈമറി വിഭാഗം ഉൾപ്പെടെ പ്രായോഗികമായി സാധ്യമായ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കുകയും സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള 4690 സ്കൂളുകളിലെ ഇന്റർനെറ്റ് വേഗത 100 Mbps ആക്കി വർദ്ധിപ്പിക്കുകയും ചെയ്തു. ബി.എസ്.എൻ.എൽ., റെയിൽ ടെൽ കോർപ്പറേഷൻ ഓഫ് ഇൻഡ്യ എന്നിവ മുഖേനയാണ് സ്കൂളുകൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് നൽകുന്നത്. പ്രസ്തുത ഏജൻസികൾക്ക് കണക്ഷൻ ലഭ്യമാക്കാൻ പ്രായോഗികമായി പ്രയാസമുള്ള സ്ഥലങ്ങളിൽ മറ്റ് സംവിധാനം ഉപയോഗിച്ചും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിന് ക്രമീകരണമൊരുക്കി. രാജ്യത്ത് ആദ്യമായാണ് ഇത്തരം ബൃഹത്തായ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ശൃംഖല പൊതുവിദ്യാഭ്യാസ മേഖലയിൽ

രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കെ-ഫോൺ പദ്ധതിപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ 25762 ഓഫീസുകൾക്ക് കെ-ഫോൺ മുഖേനയുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയതായി കെ-ഫോൺ അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രൈമറി വിഭാഗം ഉൾപ്പെടെ കെ-ഫോൺ കണക്ടിവിറ്റി ലഭ്യമാക്കിയ എല്ലാ സ്കൂളുകളിലും പ്രസ്തുത ഇന്റർനെറ്റ് കണക്ഷൻകൂടി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും കൈറ്റ് സ്വീകരിച്ചിട്ടുണ്ട്.

(ബി) റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ നവീന സാങ്കേതികവിദ്യകൾ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചിതമാക്കുന്നതിന് സംസ്ഥാനത്തെ സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. യൂണിറ്റുകൾവഴി 2000 ഹൈസ്കൂളുകളിൽ 9000 റോബോട്ടിക് കിറ്റുകൾ വിന്യസിച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ പ്രധാന പരിശീലന മേഖലകളാണ് പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് എന്നിവ. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രോട്ടോ ടൈപ്പ്

ഡിസൈനിംഗ്, റോബോട്ടിക്സ്, ഐ.ഒ.ടി. ഉപകരണങ്ങൾ തയ്യാറാക്കൽ എന്നിവ പരിശീലിക്കുന്നതിന് റോബോട്ടിക് മേഖല കുട്ടികളെ സഹായിക്കുന്നു. ഇതുവഴി വിവരസാങ്കേതികവിദ്യയിലെ പുത്തൻമേഖലകളിൽ പ്രായോഗിക പരിശീലനം നേടുന്നതിന് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും. പ്രോഗ്രാമിംഗ് പരിശീലിക്കുന്നത് കുട്ടികളുടെ യുക്തിചിന്ത, പ്രശ്നനിർദ്ധാരണശേഷി എന്നിവ വളർത്താനും സഹായകമാണ്. പൊതുമാർക്കറ്റിൽ ലഭ്യമായ ആർഡിനോ (Arduino) ബോർഡ്, സെൻസറുകൾ, ഇലക്ട്രോണിക് കംപോണൻസ് തുടങ്ങി 16 ഇനങ്ങളടങ്ങിയ ബോക്സുകളാണ് ഓരോ യൂണിറ്റിലെയും അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലാബുകളിലേയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. സ്കൂളുകൾക്ക് നൽകുന്ന ആർഡിനോ കിറ്റിന്റെ ഉപയോഗവും പരിപാലനവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിശീലനവും കൈറ്റ് മാസ്റ്റർമാർക്ക് നൽകുന്നുണ്ട്. കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളിൽ പ്രധാനപ്പെട്ടവയ്ക്ക് ഒരു വർഷത്തെ വാറന്റി ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾക്ക് റോബോട്ടിക് നൽകുന്നതോടൊപ്പം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക പരിശീലന മൊഡ്യൂൾ ഉപയോഗിച്ചുള്ള പരിശീലനവും 4000 കൈറ്റ്

മാസ്റ്റർമാർക്ക് നൽകി. ഇവരുടെ നേതൃത്വത്തിൽ നേരിട്ട് 60000 കുട്ടികൾക്കും കൈറ്റ് പരിശീലനം നൽകുന്നുണ്ട്. പരിശീലനം നേടുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിലെ കുട്ടികൾ അവരുടെ കൈറ്റ് മാസ്റ്റർമാരായ അദ്ധ്യാപകരുടെ സഹായത്തോടെ സ്കൂളുകളിലെ മറ്റ് കുട്ടികൾക്ക് പരിശീലനം നൽകുന്നതിനാൽ 12 ലക്ഷം കുട്ടികൾക്കാണ് റോബോട്ടിക്സ് കിറ്റിന്റെ സാങ്കേതികവിദ്യ സ്വായത്തമാക്കാൻ കഴിയുന്നത്.

(സി) വിദ്യാർത്ഥികളുടെ പ്രതിഭ കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ശാക്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കുവേണ്ടി നടത്തുന്ന സമഗ്രവും വ്യതിരിക്തവുമായ പ്രതിഭാപോഷണ പദ്ധതിയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം. അനുക്ഷണ വികസ്വരമായ ധൈഷണിക പ്രപഞ്ചത്തിലേയ്ക്ക് പ്രതിഭാധനരായ കുട്ടികളെ കൈപിടിച്ചുയർത്തുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 2022-23 അദ്ധ്യയനവർഷം ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതി നടത്തിപ്പിനായി 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. യു.എസ്.എസ്. പരീക്ഷയിൽ മികച്ച മാർക്ക് നേടുന്ന ഓരോ വിദ്യാഭ്യാസ

ജില്ലയിലെയും 40 കുട്ടികളെവീതം പ്രതിഭാപോഷണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നു. 8, 9, 10 ക്ലാസ്സുകളിലായി പ്രതിവർഷം 4920 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. മികച്ച വിദ്യാഭ്യാസ പരിചയമുള്ള കോ-ഓർഡിനേറ്ററുടെ സഹായത്തോടെ ശാസ്ത്രസാങ്കേതിക, സാമൂഹ്യശാസ്ത്ര, പരിസ്ഥിതി, കല, സാഹിത്യം, ഭാഷ, ആശയവിനിമയശേഷി എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ മാസത്തിൽ മൂന്ന് ശനിയാഴ്ചകളിൽ സർഗ്ഗശാലകൾ സംഘടിപ്പിക്കുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വ്യത്യസ്ത ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ജോലി ചെയ്യുന്ന വിദഗ്ദ്ധരുമായും ഈ മേഖലകളിലെ മറ്റ് പ്രഗത്ഭരുമായും അനുഭവങ്ങൾ പങ്കിടുന്നതിലൂടെ വിഷയങ്ങളുടെ സമഗ്രതയിലേയ്ക്കും സമകാലികതയിലേയ്ക്കും എത്തിച്ചേരാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിധത്തിലാണ് സർഗ്ഗശാലകൾ സംഘടിപ്പിക്കുന്നത്. ഇതുകൂടാതെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗ്ഗാത്മകശേഷി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'വിദ്യാരംഗം' എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കുട്ടികളിലെ സർഗ്ഗപരമായ വാസനകൾ വളർത്തി സാഹിത്യാസ്വാദനത്തിലും എഴുത്തുമേഖലയിലും അവർക്ക് പ്രോത്സാഹനം നൽകുക എന്ന

ലക്ഷ്യത്തോടെയാണ് വിദ്യാരംഗം പദ്ധതി നടപ്പിലാക്കുന്നത്. 2022-23 അദ്ധ്യയനവർഷം പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കഥ, കവിത, നാടകം, ചിത്രരചന, അഭിനയം, പുസ്തകാസ്വാദനം, നാടൻപാട്ട് എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ സർഗ്ഗോത്സവങ്ങൾ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ മേഖലയിൽ ഫിൻലൻഡുമായി സഹകരണം**

13 (*253) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയം കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായി മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാനായിട്ടുണ്ടോ?

ഉണ്ട്. മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും കൂടുതൽ വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ വന്നുചേർന്നിട്ടുണ്ട്.

(ബി) എങ്കിൽ ഈ വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പുതുതായി എത്തിച്ചേർന്ന വിദ്യാർത്ഥികളെത്രയെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ലഭ്യമാണ്. 2022-23 അദ്ധ്യയനവർഷത്തിൽ സർക്കാർ മേഖലയിൽ 338435 വിദ്യാർത്ഥികളും എയ്ഡഡ് മേഖലയിൽ 433613 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സംസ്ഥാനത്തെ ലോകോത്തരമായ പഠനബോധന സമ്പ്രദായത്തിന്റെ മേന്മ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഫിൻലൻഡുമായി പൊതുവിദ്യാഭ്യാസ മേഖലയിൽ സഹകരണം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിലാണെന്ന് അറിയിക്കാമോ?

ഉണ്ട്. അദ്ധ്യാപക പരിശീലനം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ശാസ്ത്രഗണിത പഠനം, ഗവേഷണാത്മക പഠനം, വിലയിരുത്തൽ സങ്കേതം എന്നീ 6 മേഖലകളിലാണ് ഫിൻലൻഡുമായി പൊതുവിദ്യാഭ്യാസ വകുപ്പ് സഹകരിക്കുന്നത്.

**എന്റെ ഭൂമി ഡിജിറ്റൽ സർവ്വേ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14 (*254) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുള്ള എന്റെ ഭൂമി ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകളൊഴികെ ശേഷിക്കുന്ന സംസ്ഥാനത്തെ 1550 വില്ലേജുകളുടെ സർവ്വേ ആധുനിക ഉപകരണങ്ങളുപയോഗിച്ച് നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്നുവർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വേ ചെയ്യുന്നതിനാണ് ലക്ഷ്യംവയ്ക്കുന്നത്. സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് ആകെ 858 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 438.46

കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ട 200 വില്ലേജുകളിൽ സർവ്വേ നടപടികളാരംഭിച്ചുകഴിഞ്ഞു. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സർവ്വേ നടത്തുന്നത്. അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Continuously Operating Reference Station (CORS), Real Time Kinematic (RTK) Rover, Robotic Total Station, Tablet PC എന്നിവയുപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് സർവ്വേ നടത്തുന്നത്. പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടത്തുന്ന പദ്ധതിക്കുവേണ്ടി "എന്റെ ഭൂമി" എന്നപേരിൽ ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിപ്രകാരമുള്ള എല്ലാ നടപടികളും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഡിജിറ്റൽ സർവ്വേ പദ്ധതിപ്രകാരമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ പൂർണ്ണ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾകൂടി ഡിജിറ്റൽ സർവ്വേ

പദ്ധതിയിൽ ഭൂ ഉടമസ്ഥർക്ക് ഡിജിറ്റൽ സർവ്വേ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നതിനും പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിലൂടെ ജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഓൺലൈനായി നിർവ്വഹിക്കാൻ സാധിക്കുന്നതുമാണ്. ആദ്യഘട്ട 200 വില്ലേജുകളിലെ സർവ്വേ നടപടികൾ നിലവിൽ 12137 ഹെക്ടർ പൂർത്തിയായി.

(ബി) സർവ്വേ നടത്തുന്ന 1550 വില്ലേജുകളിൽ 600-ൽപ്പരം വില്ലേജുകൾ മലയോര മേഖലയിലായതിനാൽ അവിടെ വസിക്കുന്ന കർഷകരുടെ പട്ടയം ലഭിക്കാത്ത കൈവശഭൂമി സംബന്ധിച്ച സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ?

1961-ലെ കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ട്, 1964-ലെ കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് റൂൾസ് എന്നിവ പ്രകാരമാണ് സർവ്വേ

നടപടികൾ നടത്തുന്നത്. 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ആധുനികരീതിയിൽ നാലുവർഷംകൊണ്ട് പൂർത്തീകരിച്ച് ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇതിലൂടെ മലയോര വില്ലേജുകളുൾപ്പെടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും റിക്കാർഡുകൾ തയ്യാറാക്കപ്പെടും. മലയോര മേഖലകളിലെ കർഷകരുടെ പട്ടയം ലഭിക്കാത്ത കൈവശഭൂമി സംബന്ധിച്ച് പരാതി ലഭ്യമാണെങ്കിൽ ആയത് പരിശോധിക്കുന്നതാണ്.

(സി) അതിർത്തികൾ കൃത്യമല്ലാത്ത സ്ഥലങ്ങളിൽ കർഷകരും സർക്കാർ വകുപ്പുകളുമായി തർക്കങ്ങളുണ്ടായാൽ പരിഹാര നടപടികൾ മുൻകൂട്ടി കണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

എല്ലാ സർക്കാർ വകുപ്പുകളോടും ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാരെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഈ വകുപ്പുകളിൽനിന്ന് ജില്ലാ നോഡൽ ഓഫീസർമാരെയും തീരുമാനിച്ചിട്ടുണ്ട്. തർക്കരഹിത അതിർത്തിക്കനുസൃതമായാണ് സർവ്വേ ചെയ്ത് സംസ്ഥാനത്ത് റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നത്. അതിർത്തികൾ കൃത്യമല്ലാത്ത സ്ഥലങ്ങളിൽ തർക്കമുണ്ടെങ്കിൽ സർവ്വേ

ഓഫീസർ ആവശ്യമെന്ന് കരുതുന്ന അന്വേഷണങ്ങൾ നടത്തിയശേഷം, ആ തീരുമാനത്തിലെത്തുന്നതിനുള്ള കാരണങ്ങൾ രേഖാമൂലം രേഖപ്പെടുത്തി അതിർത്തി നിർണ്ണയിക്കുന്നതിന് സർവ്വേ അതിരടയാള നിയമം സെക്ഷൻ 10-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അതിർത്തികളിലെ തർക്കങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ നിലവിലെ സർവ്വേ റവന്യൂ നിയമ സംവിധാനത്തിലൂടെമാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള സാധ്യതകൾകൂടി പരിശോധിച്ചുവരുന്നതും ആയതിന് നിയമപ്രാബല്യം ലഭിക്കുന്നതിനുമുള്ള സെറ്റിൽമെന്റ് ആക്ടിന്റെ കരട് പരിഗണനയിലുമാണ്.

(ഡി) ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാനും പരാതികൾ പരിഹരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ നടപ്പിലാക്കുന്നത്. ആയതിനാൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധഘട്ടങ്ങളിലുള്ള പരസ്യങ്ങൾ ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ നൽകുന്നതിനുള്ള നടപടികൾ വകുപ്പിൽ

സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രസ്തുത 200 വില്ലേജുകളിൽ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും സംശയങ്ങൾ ദൂരീകരിച്ചിട്ടുള്ളതുമാണ്. ഭൂവുടമസ്ഥരെ അവരുടെ ഭൂമി സർവ്വേ ചെയ്യുന്ന വിവരം എസ്.എം.എസ്. ആയി അറിയിക്കുന്നതിനുള്ള സംവിധാനം എന്റെ ഭൂമി പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പറും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലെ റവന്യൂ കണക്കിൻപ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരം എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഭൂവുടമയ്ക്ക് പരിശോധിക്കുന്നതിനും അപാകതയുള്ളപക്ഷം പോർട്ടൽ മുഖേനതന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധിക്കുന്നതുമാണ്. കൂടാതെ റീസർവ്വേ

സമയത്തും സർവ്വേ പൂർത്തിയായതിനുശേഷവും റിക്കാർഡുകളിൽ അപാകതയുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനവും എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി**

15 (*255) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നത്തിപ്പിനായി സ്കൂളുകളിൽ ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും

പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സ്കൂൾതലത്തിൽ ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള ചുമതല പ്രസ്തുത കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

2) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്കൂൾ മെറ്റീരിയൽ കോസ്റ്റ് എന്നപേരിൽ തുക അനുവദിക്കുന്നു. കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീ നിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്. ടി പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാരിൽനിന്നും സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യം (അരി) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മുഖാന്തരം സ്കൂളുകൾക്ക് ലഭ്യമാക്കുന്നു.

3) പോഷകസമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭക്ഷണ, ന്യൂട്രീഷൻ നോംസ് സംബന്ധിച്ച കൃത്യമായ അറിയിപ്പ് എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

4) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി എല്ലാ സ്കൂളുകളിലും പാചകത്തൊഴിലാളികളെ നിയമിക്കുകയും ടി തൊഴിലാളികൾക്ക് പ്രതിദിനം 600/- രൂപ മുതൽ 675/- രൂപവരെ ഓണറേറിയമായി നൽകുകയും ചെയ്യുന്നു.

5) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പച്ചക്കറി, പലവ്യഞ്ജനം, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ സർക്കാർ ഏജൻസികളിൽനിന്ന് വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

6) വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുക എന്നലക്ഷ്യത്തോടെ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം സജ്ജീകരിക്കുകയും അതിൽനിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിനുൾപ്പെടുത്തുകയും ചെയ്തുവരുന്നു.

7) ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിനുമുമ്പായി ആയത് അദ്ധ്യാപകരും എസ്.എം.സി. അംഗങ്ങളും പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു.

8) ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ റാൻഡം രീതിയിൽ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു.

(ബി) വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ടുതവണ പാലും മുട്ടയും ഉൾപ്പെടെ ഭക്ഷണം നൽകുന്നതിന് ഇപ്പോൾ സ്കൂളുകൾക്ക് ലഭിക്കുന്ന തുക പര്യാപ്തമാണോ എന്നത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് നിലവിൽ അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീനിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കുന്നകാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതി നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യവും പദ്ധതിവിഹിതത്തിന്റെ 60 ശതമാനം തുകയും കേന്ദ്രസർക്കാരിൽനിന്നുമാണ് ലഭിക്കുന്നത്. നടപ്പുവർഷം ടി പദ്ധതി വിഹിതമായ 293.54 കോടി രൂപയാണ് ലഭിക്കേണ്ടത്. എന്നാൽ 167.38 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. രണ്ടാം ഗഡു കേന്ദ്രവിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല.

ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2022 ഒക്ടോബർ ഒന്നുമുതൽ മെറ്റീരിയൽ കോസ്റ്റിൽ 9.6% വർദ്ധനവ് കേന്ദ്രസർക്കാർ വരുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതമുൾപ്പെടെ പ്രൈമറി സ്കൂൾ വിഭാഗത്തിന്റെ മാൻഡേറ്ററി മെറ്റീരിയൽ കോസ്റ്റ് 4.97 രൂപയിൽനിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45 രൂപയിൽനിന്ന് 8.17 രൂപയുമായാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

(ഡി) പൊതുവിപണിയിൽ ഭക്ഷ്യവസ്തുക്കളുടെയും ഗ്യാസിന്റെയും വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള തുക വർദ്ധിപ്പിച്ച് പദ്ധതി മുടക്കമില്ലാതെ നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ചുവരുന്ന മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) 01-10-2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നകാര്യവും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് സംസ്ഥാനത്ത് നൽകിവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയുടെ ചെലവിനായി സ്കൂളുകൾക്ക് അനുവദിച്ചുവരുന്ന തുക വർദ്ധിപ്പിക്കുന്നകാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

**വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിന് സമിതി**

16 (*256) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി നിയോഗിച്ച പ്രത്യേക സമിതിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സമിതിയുടെ പഠനത്തിൽ വിഴിഞ്ഞം പദ്ധതിമൂലം തീരശോഷണമുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) വിഴിഞ്ഞം തുറമുഖനിർമ്മാണംമൂലം തീരശോഷണം സംഭവിക്കാനിടയില്ലെന്നാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയിട്ടുള്ളതെങ്കിലും പ്രദേശവാസികളുടെ ആശങ്ക പരിഗണിച്ച് ദേശീയ ഹരിത ട്രിബ്യൂണൽ ഒരു വിദഗ്ധ സമിതിയെ

നിയോഗിക്കുകയുണ്ടായി. ഈ സമിതി 6 മാസം കൂടുമ്പോൾ അവരുടെ പഠന റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ഈ റിപ്പോർട്ടിൽ തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടായതായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും സമരത്തെത്തുടർന്ന് വിഴിഞ്ഞത്തും പരിസരപ്രദേശത്തുമുണ്ടായിട്ടുള്ള കടലാക്രമണവും തീരശോഷണവും സംബന്ധിച്ച് പഠിക്കുന്നതിനായി പൂനെയിലെ സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ മുൻ അഡീഷണൽ ഡയറക്ടർ ശ്രീ. എം. ഡി. കുഡാലെ അദ്ധ്യക്ഷനായും മുൻ കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് വൈസ് ചാൻസലർ ഡോ. റിജി ജോൺ, ഡോ. തേജൽ കനിത്കർ, ഡോ. പി. കെ. ചന്ദ്രമോഹൻ എന്നിവർ അംഗങ്ങളായ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി 19-01-2023-ൽ യോഗം ചേരുകയും പഠന ഗവേഷണ പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കരട് റിപ്പോർട്ട് നാലുമാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് ആറ് മാസത്തിനുള്ളിലും സമർപ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടയം മിഷൻ**

17 (*257) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വാഴൂർ സോമൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ അപേക്ഷകർക്ക് ഭൂമി വിതരണം വേഗത്തിലാക്കുന്നതിനുവേണ്ടി പട്ടയം മിഷൻ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്നലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയം മിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര-ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്വർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇത് വിപുലീകരിക്കാൻ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും

ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽവരുന്ന പട്ടയം നൽകാനുള്ള തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. താലൂക്ക് ലാൻഡ് ബോർഡിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയവിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം-വൈദ്യുതി-ജലവിഭവം-തദ്ദേശം-പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി പ്രത്യേക ചർച്ചകൾ നടത്തിവരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നുവരുന്നു. ഇത്തരത്തിൽ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയം മിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാതലത്തിൽ കളക്ടറേറ്റിലും താലൂക്ക് തലത്തിലും പ്രത്യേക സെല്ലുകൾ കൊണ്ടുവരാനുദ്ദേശിക്കുന്നു. ഈ

പദ്ധതിക്കായി 2023-ലെ ബഡ്ജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരുവർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001-ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചുനൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും

പതിച്ചുനൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങളധികവും നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്രനിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശരേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിലയ്ക്കുവാങ്ങി നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം വിവിധ ജില്ലകളിലായി 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ അവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ച 7693.223 ഹെക്ടർ ഭൂമിയിൽ 5190.2627 ഹെക്ടർ ഭൂമി വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും അതിൽ 1988.6507 ഹെക്ടർ ഭൂമി ഗുണഭോക്താക്കൾക്ക് (പട്ടികവർഗ്ഗക്കാരുൾപ്പെടെ) അനുവദിച്ചിട്ടുള്ളതുമാണ്.

(സി) വിവിധ പദ്ധതികളിലുൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ച കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം

അനുവദിക്കുന്നതിന് പട്ടയം മിഷൻ കൂടുതൽ പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

വിവിധ ഭവന പദ്ധതികളിൽ വീടുകൾ ലഭ്യമായിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള പദ്ധതിയും പട്ടയം മിഷനിലുൾപ്പെടുത്തിയിട്ടുണ്ട്.

**വിഴിഞ്ഞം – നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

18 (*258) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി തലസ്ഥാന ജില്ലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള 78 കിലോമീറ്റർ ഔട്ടർ റിംഗ് റോഡ് വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ ഡി.പി.ആർ.-ന്റെ വിശദാംശം ലഭ്യമാക്കുമോ?

പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിലോമീറ്റർ നീളത്തിലും 70 മീറ്റർ വീതിയിലും വികസിപ്പിക്കുന്ന ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സ.ഉ.(സാധാ)നം. 181/2019/പൊ.മ.വ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെലവിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണം. പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കിവരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും സ്ഥലമേറ്റെടുക്കലിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതിയെന്തെന്നും എത്ര തുകയാണ് സംസ്ഥാനം ഇതിനായി നീക്കിവച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഔട്ടർ റിംഗ് റോഡ് നിർമ്മാണം സംബന്ധിച്ച് ദേശീയപാത അതോറിറ്റി സമർപ്പിച്ച "Draft quadripartite" പ്രകാരം വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 45 മീറ്റർ വീതിയിൽ പ്രധാനപാത

വികസിപ്പിക്കുന്നതിന് 371.43 ഹെക്ടർ സ്ഥലം ആവശ്യമായിവരും. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 4 എൽ.എ. ഓഫീസുകൾ രൂപീകരിച്ചിട്ടുള്ളതും എൻ.എച്ച്. ആക്ട് സെക്ഷൻ 3 എ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും സർവ്വേയും അനുബന്ധ നടപടികളും നടന്നുവരുന്നതുമാണ്. 45 മീറ്ററിൽ ഭൂമി ഏറ്റെടുക്കാനാവശ്യമായ തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണം. മാത്രമല്ല പ്രധാന പാതയുടെ ഇരുവശവും സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിന് മുഴവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും. ഇതുകൂടാതെ നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ State GST/അഗ്രഗേറ്റിന്മേലുള്ള Royalty എന്നിവ ഒഴിവാക്കണമെന്നും അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 3984.86 കോടി രൂപ സംസ്ഥാനം വകയിരുത്തേണ്ടിവരും. കരാർ ഒപ്പിടുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) റോഡ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ആരംഭിച്ചിട്ടുണ്ട്.

(ഡി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ദേശീയപാതാ വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ആകെ എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 13,709.94 കോടി രൂപയും ഈ സർക്കാരിന്റെ കാലത്ത് 9,017.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന കരാർപ്രകാരം 5580,73,80,071/- രൂപ സംസ്ഥാനം ചെലവഴിച്ചിട്ടുണ്ട്.

**വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ**

19 (*259) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കോവിഡുകാലത്തെ മാന്ദ്യത്തിനുശേഷം സംസ്ഥാനത്തെത്തുന്ന ആഗോള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കോവിഡും വിനോദസഞ്ചാര മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെയെത്തിച്ചു. 2022-ൽ 1,88,67,414 ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചു. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 49,88,972-ഉം 75,37,617-ഉം വിദേശ വിനോദസഞ്ചാരികൾ യഥാക്രമം 3,40,755-ഉം 60,487-ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെയപേക്ഷിച്ച് ആഭ്യന്തര വിനോദസഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദസഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. കോവിഡുകാലത്തെ മാന്ദ്യത്തിനുശേഷം സംസ്ഥാനത്തെത്തുന്ന ആഗോള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിദേശ വിനോദസഞ്ചാരികളെ കൂടുതലാകർഷിക്കുന്നവിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ

നടപ്പിലാക്കിവരുന്നു. പുതുതായി ആരംഭിച്ച കാരവൻ ടൂറിസം നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കാൻ സാധിക്കുന്നുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതന പദ്ധതികൾക്കും രൂപംനൽകി നടപ്പാക്കിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുന്നതിനും നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിനുമായി റീ-അഷ്വറൻസ് കാമ്പയിനും നടപ്പാക്കിവരുന്നു. അനുഭവവേദ്യ ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും വ്യാപകമാക്കി. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായുള്ള സ്ട്രീറ്റ് പദ്ധതിയുൾപ്പെടെ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തിന്റെ പ്രധാന ടൂറിസം കേന്ദ്രമായ കോവളത്തിന്റെ പ്രൗഢി ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിക്കും അംഗീകാരം

നൽകിയിട്ടുണ്ട്. കേരള ട്രാവൽ മാർട്ട് വീണ്ടും ആരംഭിച്ചതിന്റെ തുടർച്ചയായി വിർച്വൽ കേരള ട്രാവൽ മാർട്ടും സംഘടിപ്പിക്കുകയാണ്. ഇതോടൊപ്പം കേരളത്തിലെ ടൂറിസം മേഖലയെ മികച്ചനിലയിൽ ഡിസൈൻ ചെയ്യുന്നതിന് സമഗ്രമായ ഡിസൈൻ നയം തയ്യാറാക്കുന്നത് പരിഗണനയിലാണ്. ഇതിനുപുറമെ, വിനോദസഞ്ചാര കേന്ദ്രങ്ങളെ ആസ്ഥാനമാക്കി കേരളത്തെ അതിവേഗം അടുത്തറിയാൻ 2022 മാർച്ച് മാസത്തിൽ ആരംഭിച്ച രാജ്യത്തെ ആദ്യ ചാറ്റ് ബോട്ട് സേവനമായ "മായ" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. ഇൻഫർമേഷൻ കിയോസ്കുവഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനവും വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആഗോളതലത്തിൽ കഴിവുള്ള ടൂറിസം പ്രൊഫഷണലുകളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം. - കോഴിക്കോട്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ

മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ഐ.എച്ച്.എം.സി.റ്റി. - തിരുവനന്തപുരം), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.) തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്ക് മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ മൾട്ടി ക്യൂസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ട്രഡീഷണൽ സ്നാക്ക്സ് & സേവറി മെയ്ക്കർ, തന്തൂർ കുക്ക് തുടങ്ങിയ കോഴ്സുകൾ കിറ്റ്സ്/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വഴി നടത്തിവരുന്നുണ്ട്.

വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വിവിധ പരിശീലന പരിപാടികൾ കിറ്റ്സും നടത്തിവരുന്നു. വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബേർഡ് വാച്ചിംഗ്, ഗൈഡിംഗ് സ്കിൽ, ഇന്റർപ്രിട്ടർ, ലോക്കൽ സ്പെസിഫിക് ഫുഡ് ആൻഡ് സ്നാക്ക്സ് പ്രിപ്പറേഷൻ, സസ്റ്റയിനബിൾ ടൂറിസം എഡ്യൂക്കേഷണൽ പ്രോഗ്രാം എന്നിവയിലും കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്. സാഹസിക

ടൂറിസ്റ്റുകൾക്ക് നല്ല സേവനവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കിറ്റ്സ് പരിശീലനം നൽകിവരുന്നുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

20 (*260) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. വി. ജോയി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ വ്യവസ്ഥയനുസരിച്ച് നിർമ്മാണ കമ്പനിക്ക് തുക നൽകുന്നതുസംബന്ധിച്ച് ജനങ്ങളിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ വസ്തുതയ്ക്ക് നിരക്കാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വസ്തുത വെളിപ്പെടുത്താൻ ശ്രമം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിയുമായി ഒപ്പുവച്ച കരാർപ്രകാരം കമ്പനിക്ക് തുക ഗഡുക്കളായി നൽകേണ്ടതുണ്ടോ; കരാർ ഒപ്പിട്ടതെന്നാണെന്ന് അറിയിക്കുമോ; മറ്റ് വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2015 ആഗസ്റ്റ് 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി PPP അടിസ്ഥാനത്തിൽ നിർമ്മാണമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം കരാർപ്രകാരം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർപ്രകാരമുള്ള 4,089 കോടി രൂപയുടെ PPP പാക്കേജിൽ 2,454 കോടി രൂപ കരാർ കമ്പനിയാണ് കണ്ടെത്തേണ്ടത്. ശേഷിക്കുന്ന തുകയിൽ 818.20 കോടി രൂപ കേന്ദ്ര സർക്കാരും 817.20 കോടി രൂപ സംസ്ഥാന സർക്കാരും VGF സ്കീം മുഖേന നിർമ്മാണ കമ്പനിക്ക് ഗഡുക്കളായി നൽകേണ്ടതുണ്ട്. ഇതുകൂടാതെ തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനുള്ള 1,463 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് 4 തുല്യ ഗഡുക്കളായാണ് (30%, 60%, 80%, 100% എന്നപ്രകാരം) നിർമ്മാണ കമ്പനിക്ക് തുക നൽകേണ്ടത്. ഇതിൽ 20% തുക മൊബിലൈസേഷൻ അഡ്വാൻസായി കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ 30% നിർമ്മാണം പൂർത്തീകരിച്ചതായി വിഴിഞ്ഞം തുറമുഖ കമ്പനി (VISL) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള തുക കരാർ കമ്പനിക്ക് നൽകേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം

നടക്കുന്ന വേളയിൽ സംസ്ഥാന സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ ഒരു വിഹിതവും നൽകേണ്ടതുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

2019 ഡിസംബർ 3-ന് വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും തുറമുഖ നിർമ്മാണ കരാർപ്രകാരം പൂർത്തീകരിക്കാൻ നിർമ്മാണ കമ്പനിക്ക് സാധിച്ചിട്ടില്ല. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം 2024 ഡിസംബറിൽ പണി പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ടി ഷെഡ്യൂൾ അംഗീകരിച്ചിട്ടില്ല. 2023 സെപ്തംബറിൽ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**പാഠ്യപദ്ധതി പരിഷ്കരണം**

21 (*261) **ശ്രീ. കെ. ഡി. പ്രസേനൻ:**
**ശ്രീ. ടി. പി. രാമകൃഷ്ണൻ:**
**ശ്രീ. എം. വിജിൻ:**
**ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നിലവിലെ കാഴ്ചപ്പാടുകൾക്കും സാധാരണക്കാർക്കും അനുസൃതമായി ഭാവിലക്ഷ്യംകൂടി പരിഗണിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്തുന്നതിനും ബഹുസ്വര സമൂഹത്തിന്റെ ആവശ്യകതയ്ക്കനുയോജ്യമായ വിധത്തിൽ ജനാധിപത്യ ബോധവും ലിംഗ-സാമൂഹ്യ സമത്വബോധവും വളർത്തിയെടുക്കുന്ന തരത്തിലുമാണോ പുതിയ പാഠ്യപദ്ധതിക്ക് രൂപംനൽകുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലെ കാഴ്ചപ്പാടുകൾക്കനുസൃതമായി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനും ഇന്ത്യയെപ്പോലെ ബഹുസ്വരതയിലധിഷ്ഠിതമായ രാജ്യത്തിന്റെ നിലനിൽപ്പിനാവശ്യമായ മതേതര ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്ന തരത്തിലുമാകും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക.

(ബി) നിയതമായ ലക്ഷ്യത്തോടൊപ്പം പാഠ്യപദ്ധതി നവീകരണത്തിൽ നടന്ന ജനകീയ ചർച്ചകൾ ക്രോഡീകരിച്ച് വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും അഭിലാഷം പ്രതിഫലിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. സ്കൂൾതലം മുതൽ

ജില്ലാതലംവരെ രൂപീകരിച്ച സംഘാടകസമിതികളുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടികളുടേതായ പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചിരുന്നു. 14 ജില്ലകളിലെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംസ്ഥാനതലത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുടെ നിലപാട് രേഖകൾ തയ്യാറാക്കുന്നതിന് ഇത്തരത്തിൽ ക്രോഡീകരിച്ച പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ചിട്ടുണ്ട്. കുട്ടികളുമായുള്ള ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കുട്ടികളുടെ പ്രതീക്ഷകളും ബി.ആർ.സി. തലത്തിൽ ക്രോഡീകരിച്ച് അവ എസ്.സി.ഇ.ആർ.ടി.-ക്ക് കൈമാറി. ഇത്തരത്തിൽ വിവിധ ബി.ആർ.സി.-കളിൽനിന്നും ലഭിച്ച കുട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച ഡോക്യുമെന്റ് തയ്യാറായിട്ടുണ്ട്.

(സി) ജ്ഞാന സമൂഹം വാർത്തെടുക്കുകയെന്ന വിശാല ലക്ഷ്യവും ഭാവി തൊഴിൽ സാധ്യതകളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണനാ മേഖലകളായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സമൂഹത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യവും പുതിയ തലമുറയുടെ ഭാവി തൊഴിൽ സാധ്യതകളും തീർച്ചയായും പാഠ്യപദ്ധതി പരിഷ്കരണത്തിൽ വളരെ പ്രാധാന്യത്തോടെ പരിഗണിക്കുന്നതാണ്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

22 (*262) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന്റെ വിശദാംശം നൽകാമോ?

അംഗത്വമെടുത്ത് അംശദായം കൃത്യമായി അടയ്ക്കുന്ന അറുപത് വയസ്സ് പൂർത്തിയാക്കിയ എല്ലാ യോഗ്യരായ അംഗങ്ങൾക്കും പെൻഷൻ നൽകിവരുന്നുണ്ട്. പ്രതിമാസം 1600/- രൂപയാണ് പെൻഷനായി നിലവിൽ നൽകുന്നത്. ബോർഡിന്റെ തനത് ഫണ്ടിൽനിന്നാണ് പെൻഷൻ നൽകുന്നത്.

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) 2022 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. അഞ്ച് മാസത്തെ പെൻഷൻ നിലവിൽ കുടിശ്ശികയുണ്ട്. ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് പെൻഷൻ സമയബന്ധിതമായി നൽകാൻ സാധിക്കാത്തത്. ബിൽഡിംഗ് സെസ്സാണ് ബോർഡിന്റെ പ്രധാന വരുമാനസ്രോതസ്. ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ച് ബിൽഡിംഗ് സെസ് ഊർജ്ജിതമായി പിരിച്ചുവരുന്നു.

**തൊഴിൽ അന്വേഷകരെ സംബന്ധിച്ച് വിവരശേഖരണം**

23 (*263) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ കാര്യക്ഷമമായി പരിഹരിക്കുന്നതിന് തൊഴിലന്വേഷകരെ സംബന്ധിക്കുന്ന വിവരശേഖരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് വിവരശേഖരണം/സർവ്വേ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടത്തുന്നില്ല. എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. തൊഴിൽ/സ്വയംതൊഴിൽ കണ്ടെത്തുന്നതിന് തൊഴിലന്വേഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം 2803297 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിലന്വേഷകരെ സംബന്ധിച്ച് അടുത്തകാലത്തായി വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് തൊഴിലന്വേഷകരെ സംബന്ധിച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് അടുത്തകാലത്തായി വിവരശേഖരണം നടത്തിയിട്ടില്ല.

(സി) സ്വന്തമായി സംരംഭങ്ങളാരംഭിച്ച് മികച്ച വരുമാനം നേടുന്ന യുവജനങ്ങളെ തൊഴിൽരഹിതരായി രേഖപ്പെടുത്തുന്ന പ്രവണത നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

സ്വന്തമായി സംരംഭങ്ങളാരംഭിച്ച് മികച്ച വരുമാനം നേടുന്ന യുവജനങ്ങളെ തൊഴിൽരഹിതരായി രേഖപ്പെടുത്തുന്ന പ്രവണത നിലവിലില്ല. 14 വയസ്സുമുതൽ വിദ്യാഭ്യാസ യോഗ്യത, വയസ്, മറ്റ് മുൻഗണന തുടങ്ങി ബന്ധപ്പെട്ട രേഖകളുടെ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുമായും നേരിട്ടും ഓൺലൈൻ മുഖേനയും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവരെയെല്ലാം തൊഴിൽരഹിതരായാണ് കണക്കാക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തശേഷം വകുപ്പുമുഖാന്തരം നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾപ്രകാരം സംരംഭം ആരംഭിക്കുന്നവരുടെ രജിസ്ട്രേഷൻ രേഖകളിൽ സ്വയംതൊഴിൽ സംരംഭകൻ എന്ന് രേഖപ്പെടുത്താറുണ്ട്.

(ഡി) അടുത്തകാലത്തായി നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ യാഥാർത്ഥ്യപൂർണ്ണമായ തൊഴിൽനയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും സമഗ്രപുരോഗതിക്കുതകുന്ന നിലയിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക എന്നലക്ഷ്യത്തോടെ കരിയർ പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**അതിഥിത്തൊഴിലാളികളുടെ താമസ സൗകര്യം**

24 (*264) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥിത്തൊഴിലാളികൾക്ക് തൊഴിൽ ദാതാവ് താമസ സൗകര്യം ഏർപ്പെടുത്താറുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) അതിഥിത്തൊഴിലാളികൾ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കേണ്ടിവരുന്നതിനാൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനും മറ്റ് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. അതിഥിത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും ക്യാമ്പുകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടെ ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) അതിഥിത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുണ്ടെന്ന്

ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അതിഥിത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവനവ്യവസ്ഥയും) നിയമപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. അതിഥിത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് അപ്നാഘർ പദ്ധതി. നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതിയുടെയും കിനാലൂർ പദ്ധതി ഫേസ് 1-ന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ആഭ്യന്തര ടൂറിസം മേഖലയിലെ നവീന പദ്ധതികൾ**

25 (*265) <u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>

<u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം രംഗത്ത് ഈ സർക്കാരിന്റെ കാലയളവിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോവിഡിനെത്തുടർന്ന് വിനോദസഞ്ചാര മേഖല പ്രതിസന്ധിയിലായിരുന്നു. വിനോദസഞ്ചാര മേഖലയിൽ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ അതിനെ അതിജീവിക്കാനും വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പ് നൽകാനും സർക്കാരിന് കഴിഞ്ഞു. 2022-ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ റെക്കോർഡ് നേട്ടമാണുണ്ടായിരിക്കുന്നത്. 2022 കലണ്ടർ വർഷം 18867414 ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 4988972, 7537617 എന്നിങ്ങനെയായിരുന്നു. 2021 കലണ്ടർ വർഷത്തെയപേക്ഷിച്ച് ആഭ്യന്തര വിനോദസഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദസഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിനായി ആഭ്യന്തര ടൂറിസം മേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനയുണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>പോസ്റ്റ് കോവിഡ് കാമ്പയിനുകൾ</u>

1. പോസ്റ്റ് കോവിഡ് കാമ്പയിൻ ഇൻ ഒ.ടി.ടി. ചാനൽ
2. പോസ്റ്റ് കോവിഡ് കാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.
3. പോസ്റ്റ് കോവിഡ് കാമ്പയിൻ - നാഷണൽ ടിവി
4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് കാമ്പയിൻ
5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ കാമ്പയിൻ

'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും

കാമ്പയിൻ നടത്തുകയുണ്ടായി. തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന കാമ്പയിൻ സമൂഹമാധ്യമങ്ങളിലൂടെ നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വെർച്വൽ ടൂർ കാമ്പയിൻ നടത്തുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ കാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹ മാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു.

കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്രചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി "പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് കാമ്പയിൻ" സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയവഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് കാമ്പയിനും നടത്തിവരികയാണ്. ഇതുകൂടാതെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്നനിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി "കാരവൻ

ടൂറിസം" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്ട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമായ "മായ"ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. ഇൻഫർമേഷൻ കിയോസ്കുവഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനം വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ആഭ്യന്തര ടൂറിസം മേഖലയിൽ സർക്കാർ നടപ്പാക്കുന്ന നവീന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ വൈവിദ്ധ്യമുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതരത്തിൽ പശ്ചാത്തല സൗകര്യവികസന പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നു. ആദ്യഘട്ടമായി കോവളത്ത് സമഗ്രമായ പദ്ധതി നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ക്രൂയിസ് ടൂറിസം, ഫുഡ് ടൂറിസം, സിനിമ ടൂറിസം, ഹെലി ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാഹസിക ടൂറിസത്തെ പരിപോഷിപ്പിക്കുന്നതിന് ആക്കുളത്ത് അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു. ജല

സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ടൂറിസം വകുപ്പിന്റെകീഴിൽ ബേപ്പൂരിൽ സർഫിംഗ് അക്കാഡമി ആരംഭിച്ചു. ബീച്ചുകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് സജ്ജമാക്കി സഞ്ചാരികളെ ആകർഷിച്ചു. ബേപ്പൂരിലും മുഴപ്പിലങ്ങാടും ഫ്ലോട്ടിംഗ് ബ്രിഡ്ജ് ആരംഭിച്ചു. സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കാനുദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ULCCS-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളിലായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ വിനോദസഞ്ചാരികൾക്ക് വ്യത്യസ്ത അനുഭവം നൽകുന്നതിനുവേണ്ടി ആവഷ്കരിച്ച പദ്ധതിയാണ്

'കാരവൻ ടൂറിസം'. നിലവിൽ വകുപ്പിൽ 10 കാരവനുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഗമണ്ണിലാണ് നിലവിൽ കാരവൻ പാർക്കുള്ളത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീ സൗഹൃദ ടൂറിസം ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നു. അഗ്രി ടൂറിസം നെറ്റ്‌വർക്ക് ശക്തിപ്പെടുത്തി ഫാം ടൂറിസം പരിപോഷിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതി നടപ്പിലാക്കുകയും ആയതിലൂടെ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി ഭരണാനുമതി നൽകിവരികയും ചെയ്യുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി

പൂർത്തീകരണഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ അംഗപരിമിതരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധമുള്ള 'ബാരിയർ ഫ്രീ ടൂറിസം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ" എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'മുസിരീസ് പൈതൃക പദ്ധതി', 'ആലപ്പുഴ പൈതൃക പദ്ധതി', 'തലശ്ശേരി പൈതൃക പദ്ധതി', 'ട്രാവൻകൂർ പൈതൃക പദ്ധതി' എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി 'മലബാർ റിവർ ക്രൂയിസ് പദ്ധതി', ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ച് മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചിന്റെ സമഗ്രവികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. 'മലബാർ ലിറ്റററി സർക്യൂട്ട്', 'കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട്' എന്നീ രണ്ട് സർക്യൂട്ട് പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഗസ്റ്റ്ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ്ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും

സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ KTDC മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി 'വില്ലേജ് ടൂറിസം', 'റൂറൽ ടൂറിസം', 'കൾച്ചറൽ ടൂറിസം', 'ഫെസ്റ്റിവൽ ടൂറിസം', 'എക്സ്പീരിയൻഷ്യൽ ടൂറിസം', 'ഫാം/അഗ്രി ടൂറിസം', 'ഫുഡ് ടൂറിസം', 'ആക്സസിബിൾ ടൂറിസം', ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ, വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമനിധി ബോർഡുകൾ

26 (*266) <u>ശ്രീ. മാണി സി. കാപ്പൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ മേഖലയിൽ തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിലയിരുത്താറുണ്ട്. തൊഴിലാളികൾ ചൂഷണത്തിന് വിധേയരാകുന്നുവെന്ന ആക്ഷേപം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്ഷേമനിധി ബോർഡുകളിലടയ്ക്കുന്നതിന് തൊഴിലാളികളിൽനിന്നും ഈടാക്കുന്ന തുക ബോർഡിൽ അടയ്ക്കാതെയും അവർക്ക് ബോർഡിന്റെ ഐഡന്റിറ്റി കാർഡ് നൽകാതെയും മാസാമാസം വൻതുക തൊഴിലാളി സംഘടനകൾ പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

അത്തരത്തിൽ ഒരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ നേരിട്ടോ ബാങ്ക് മുഖേനയോ അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം പദ്ധതി തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതി വ്യവസ്ഥാനുസരണം അംഗങ്ങളായി ചേരുന്നവർക്ക് ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും നേരിട്ട് ഐഡന്റിറ്റി കാർഡ് നൽകിവരുന്നുണ്ട്. തൊഴിലാളികളെ കബളിപ്പിക്കുന്ന അംഗീകാരമില്ലാത്ത സംഘടനകൾ/ വ്യക്തികൾ എന്നിവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി പരിശോധിക്കുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

(സി) അസംഘടിത തൊഴിലാളികളെ സംഘടിപ്പിച്ച് ക്ഷേമനിധി ബോർഡുകളിലടയ്ക്കാനെന്ന വ്യാജേന മൈക്രോ ഫിനാൻസ് യൂണിറ്റുകളും ചാരിറ്റി ഇൻസ്റ്റിറ്റ്യൂഷനുകളും രൂപീകരിക്കുകയും തട്ടിപ്പുകൾ നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള പരാതികൾ ലഭ്യമായാൽ ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഏറ്റവും കൂടുതൽ സ്ത്രീകൾ അംഗങ്ങളായുള്ള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെയും ഐ.ഡി. കാർഡ് കാര്യക്ഷമമായി വിതരണം ചെയ്തിട്ടില്ലെന്ന ആക്ഷേപം പരിശോധിക്കുമോ; തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിനുപകരം ചാരിറ്റി സൊസൈറ്റികളിലേയ്ക്ക് അംഗങ്ങളെ ചേർക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുമോയെന്ന് അറിയിക്കാമോ?

കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2022 ജൂലൈ മാസംവരെ രജിസ്ട്രേഷൻ പൂർത്തീകരിച്ച അംഗങ്ങളുടെ ഐ.ഡി. കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച അംഗങ്ങളുടെ ഐ.ഡി. കാർഡുകൾ വിതരണത്തിനായി കൈമാറിയിട്ടുണ്ട്. 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ രജിസ്ട്രേഷൻ പൂർത്തീകരിച്ച തൊഴിലാളികളുടെ ഐ.ഡി. കാർഡുകൾ പ്രിന്റിംഗിനായി നൽകിയിട്ടുണ്ട്. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിനുപകരം ചാരിറ്റി സൊസൈറ്റികളിലേയ്ക്ക് അംഗങ്ങളെ ചേർക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

27 (*267) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമാക്കി വിഷൻ ആന്റ് മിഷൻ 2021-2026 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനോപകാരപ്രദമായ രീതിയിൽ ദ്രുതഗതിയിൽ ഫയൽ തീർപ്പാക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വിഷൻ ആന്റ് മിഷൻ പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ പ്രധാനമായും വില്ലേജ് ഓഫീസുകളുടെ, അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.ടി. മിഷന്റെ സഹകരണത്തോടുകൂടി അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഇ-ഗവേർണൻസ്

സേവനങ്ങൾ താമസംകൂടാതെ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസുൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യക്കാർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനും ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നിലവിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ഓൺലൈനായി വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ. ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)
4. റവന്യൂ ഇ-പേമെന്റ്

5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)

6. റവന്യൂ മിത്രം

7. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

10. FMB ഓൺലൈൻ

11. വില്ലേജ് വെബ്സൈറ്റ്

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

14. ഭൂമി തരം മാറ്റം ഓൺലൈൻ

15. കാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ

16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ.

വകുപ്പ് നൽകിവരുന്ന ഡിജിറ്റൽ സേവനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കോന്നി റവന്യൂ ഓഫീസിൽ ഉദ്യോഗസ്ഥർ കൂട്ടമായി അവധിയെടുക്കുകയും ഇതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തതായി കോന്നി എം.എൽ.എ. മാധ്യമങ്ങൾക്കുമുമ്പിൽ വെളിപ്പെടുത്തിയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ജില്ലാ കളക്ടർ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**വിനോദസഞ്ചാര യാത്രയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

28 (*268) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽനിന്നുള്ള വിനോദസഞ്ചാര യാത്രയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വിനോദസഞ്ചാര യാത്രയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. പഠനയാത്രയ്ക്കുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സ്കൂൾ പഠനയാത്ര സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുകയാണെങ്കിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ വിവരം അറിയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൂടുതൽ സംരംഭങ്ങൾ**

29 (*269) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:

* നിമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ ആഗോളപ്രവണതകളും സംസ്ഥാനത്തിന്റെ സാഹചര്യങ്ങളും പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആഗോള ടൂറിസം മേഖലയിലെ പുതിയ പ്രവണതകളായ സ്ത്രീ സൗഹാർദ്ദ ടൂറിസം, അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾ, ഫാം/അഗ്രി ടൂറിസം, റെസ്പോൺസിബിൾ ആൻഡ് റെസീലിയന്റ് ടൂറിസം എന്നിവയ്ക്കനുസൃതമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, സാമൂഹിക പ്രത്യേകതകളെ അടിസ്ഥാനമാക്കി പാരിസ്ഥിതിക സംരക്ഷണം, സാമൂഹിക-സാംസ്കാരിക-പൈതൃക സംരക്ഷണം എന്നിവകൂടി ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്നത്.

അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസിന്റെ ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ 2023-ൽ ഇന്ത്യയിൽനിന്ന് കേരളം മാത്രമാണ് ഇടംപിടിച്ചിട്ടുള്ളത്. ലോകത്തെതന്നെ പ്രധാനപ്പെട്ട ഒരു മാധ്യമമായ ന്യൂയോർക്ക് ടൈംസിൽ കേരളത്തെക്കുറിച്ച് വന്ന പരാമർശം സംസ്ഥാനത്തേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നതിനും സഹായകരമാണ്. നൂതനമായ ടൂറിസം ഉൽപ്പന്നം എന്നനിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിക്കുകയും അതിന്റെ ഭാഗമായി നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്നനിലയിലാണ് 'കാരവൻ ടൂറിസം നയം' അവതരിപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാരികൾ തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതുവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്രചെയ്യാനും വിവിധ ആക്ടിവിറ്റികളിലേർപ്പെടാനുമായി തയ്യാറാക്കുന്ന വാഹനങ്ങളാണ് കാരവനുകൾ. പകൽസമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനും വേണ്ട സൗകര്യങ്ങളോടെയാണ്

കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധതലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.

കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാദ്ധ്യതകളെ വിദേശസഞ്ചാരികൾക്ക് പരിചയപ്പെടുത്താനും അവരെ കേരളത്തിലേയ്ക്കാകർഷിക്കാനും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കാമ്പയിൻ എയർപോർട്ട് ട്രാൻസ്ലൈറ്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കാമ്പയിൻ സോഷ്യൽ മീഡിയ, ഗൂഗിൾ സെർച്ച് & ഡിസ്പ്ലേ ആഡ്സ്, പ്രൊമോഷൻ ഓഫ് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് മൈക്രോസൈറ്റ് എന്നീ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ഇതിലൂടെ ഡെസ്റ്റിനേഷൻ വെഡ്ഡിംഗിന് ഏറ്റവും സാദ്ധ്യതയുള്ള സ്ഥലമായി കേരളത്തെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ കഴിയും.

(ബി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അപെക്സ് സൊസൈറ്റി സ്ഥാപിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ പ്രാഥമിക സൊസൈറ്റികളായി സംവിധാനം ചെയ്തുകൊണ്ട് സമഗ്രമാറ്റം കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ പ്രാദേശികതലത്തിൽ കൂടുതൽ സംരംഭങ്ങളാരംഭിക്കുന്നതിന് പ്രസ്തുത മാറ്റം സഹായകമാകുമോ; വിശദമാക്കുമോ?

(ബി&സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അപെക്സ് സൊസൈറ്റി സ്ഥാപിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ പ്രാഥമിക സൊസൈറ്റികളായി സംവിധാനം ചെയ്തുകൊണ്ടുവരുന്നതിനും നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിനുകീഴിൽ ഒരുപ്രത്യേക വിഭാഗമായി പ്രവർത്തിച്ചുവരുന്ന ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്രസ്വഭാവമുള്ള സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ആയി മാറുന്നതോടെ ടൂറിസം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക സ്ഥാപനമായിത്തീരും. സ്വതന്ത്രസ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറുന്നതോടെ കൂടുതൽ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കാനും യൂണിറ്റുകൾക്ക് സാമ്പത്തികസഹായമുൾപ്പെടെ നൽകിക്കൊണ്ട് അടുത്തഘട്ടത്തിലേയ്ക്ക് പ്രവർത്തനങ്ങളെ ഉയർത്തിക്കൊണ്ടുവരാനും സാധിക്കും.

**ടാലന്റ് ഇന്നൊവേഷൻ കോറിഡോർ**

30 (*270) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് വിദേശസഹകരണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ ഏതൊക്കെ രംഗങ്ങളിൽ സഹകരണം ഉറപ്പാക്കാൻ നടപടികൾ പുരോഗമിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വിദേശ സഹകരണം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പ്രൈമറി വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഗവേഷണാനുബന്ധ പഠനം, അദ്ധ്യാപക പരിശീലനം വിലയിരുത്തൽ സമീപനം, ശാസ്ത്രഗണിത പഠനം എന്നീ മേഖലകളിൽ വിദേശസഹകരണം ഉറപ്പുവരുത്തുന്നതിന് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാൻ

തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ, SCERT, SSK, KITE എന്നിവയുമായി ചേർന്നാണ് കർമ്മപദ്ധതികൾ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) ടാലന്റ് ഇന്നൊവേഷൻ കോറിഡോർ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വിവിധ മേഖലകളിലെ വികസനത്തിനായി വിദേശസഹകരണം ഉറപ്പാക്കി ടാലന്റ് ഇന്നൊവേഷൻ കോറിഡോർ ഒരുക്കുന്നതിന് ചർച്ചകൾ നടത്തിവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ തുക

1 (3042) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ചുകിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഏതെല്ലാം മേഖലയിലേയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-ഇ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബ്രിഡ്ജസ് & റോഡ്സ് മെയിന്റനൻസ് വിഭാഗത്തിന് 5790.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പെർമിറ്റഡ് ലിമിറ്റിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചുവരുന്നു. ബഡ്ജറ്റിൽ തുക ജില്ല തിരിച്ച് വ്യക്തമാക്കിയിട്ടില്ല.

അനുവദിച്ച തുക (പ്ലാൻ) 1207.23 കോടി രൂപ, (വർക്ക്സ് പ്ലാൻ 1115.98 കോടി രൂപ), (നോൺ പ്ലാൻ) 4583.24 കോടി രൂപ (വർക്ക്സ് നോൺ പ്ലാൻ 2306.41 കോടി രൂപ) എന്നിങ്ങനെയാണ്. വയനാട് റോഡ് ഡിവിഷനിലെ നിലവിലെ പ്രവൃത്തി - Budget work 2022-2023 BM&BC work

Puthusserykadav Bank kunnu road between km 0/000 to 2/700 ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. കാസർഗോഡ് റോഡ് ഡിവിഷനിലെ നിലവിലെ പ്രവൃത്തി ഗോവിന്ദപൈ - നിധിലപദവ് റോഡ് കി.മി 0/000 മുതൽ 5/800 വരെ ബി.എം&ബി.സി. പ്രവൃത്തി ഇപ്പോൾ സാങ്കേതികാനുമതി ഘട്ടത്തിലാണ്. മറ്റ് ജില്ലകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം

431 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പെർമിറ്റഡ് ലിമിറ്റിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നും തുക അനുവദിച്ചുവരുന്നു. വകയിരുത്തിയ തുകയും അനുവദിച്ച പ്രവൃത്തികളും ഇപ്പോഴത്തെ അവസ്ഥയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ദേശീയപാത വിഭാഗം

184,88,90,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പെർമിറ്റഡ് ലിമിറ്റിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നും തുക അനുവദിച്ചുവരുന്നു. പ്രസ്തുത തുക ദേശീയപാത വിഭാഗം (പ്ലാൻ)-11,62,439 ലക്ഷം രൂപ, ദേശീയപാത വിഭാഗം (നോൺ പ്ലാൻ)-59,400 ലക്ഷം രൂപ, എസ്റ്റാബ്ലിഷ്മെന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- 6,27,043 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയും അനുവദിച്ച പ്രവൃത്തികളും ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

കെ.എസ്.ടി.പി.

400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക മുഴുവൻ അനുവദിച്ച് കിട്ടിയിട്ടില്ല. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ദീർഘദൂര റോഡ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളെല്ലാം ഒന്നിൽ കൂടുതൽ ജില്ലകളുമായി ബന്ധപ്പെട്ടതാണ്. വകയിരുത്തിയ തുകയും അനുവദിച്ച പ്രവൃത്തികളും ഇപ്പോഴത്തെ അവസ്ഥയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേരള റോഡ് ഫണ്ട് ബോർഡ്

282.27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 213.81 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരുവനന്തപുരം നഗരപാത വികസന പദ്ധതി, കോഴിക്കോട് നഗരപാത വികസന പദ്ധതി, ആലപ്പുഴ നഗരപാത വികസന പദ്ധതി, കണ്ണൂർ നഗരപാത വികസന പദ്ധതി, കൊല്ലം നഗരപാത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന പദ്ധതി, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

റിക്ക് ലിമിറ്റഡ്

5054-80-800-69-(SRIP) (പ്ലാൻ) ഹെഡ്ഡിൽ 82,000 രൂപയും അഡീഷണൽ ഓതറൈസേഷനായി 1,20,49,000 രൂപയും 5054-80-800-68- Implementation of PPP Annuity Road Maintenance (SRIP) (PLAN) ഹെഡ്ഡിൽ 48.4844 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പാക്കേജ് എ, പാക്കേജ് ബി എന്നിവയുടെ സെമി ആന്യുവിറ്റി നൽകുന്നതിനായി 47.69 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാക്കേജ് എ കാസർഗോഡ് ജില്ലയിലും പാക്കേജ് ബി കോട്ടയം, തിരുവനന്തപുരം ജില്ലകളിലുമായി പ്രവൃത്തി പൂർത്തീകരിച്ച് പരിപാലന കാലയളവിലാണ്. ടി കാലയളവിൽ കൺസഷണയർക്ക് റോഡ് പരിപാലനത്തിനുള്ള തുക നൽകിവരുന്നു.

റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2 (3044) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രവൃത്തികൾ പാതിവഴിയിലാക്കി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കരാറുകാരൻ മതിയായ കാരണങ്ങളില്ലാതെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ചുനൽകാറുണ്ട്. എന്നാൽ ഈ കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഒഴിവാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികളും SBD, പൊതുമരാമത്ത് മാനുവൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലൈസൻസ് റദ്ദ് ചെയ്യുക, കരിമ്പട്ടികയിലുൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കാറുണ്ട്. ദേശീയപാത വിഭാഗത്തിൽ കരാറുകാരന്റെ വീഴ്ചകൊണ്ടുള്ള കാരണത്താൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ വരുമ്പോൾ MoRTH SBD-യിലും പൊതുമരാമത്ത് വകുപ്പ് മാനുവലിലും പറഞ്ഞിരിക്കുന്ന പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ

കാലാവധി നീട്ടിനൽകാറുണ്ട്. എന്നിട്ടും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്യുകയും റീ-ടെണ്ടർ നടത്താൻവേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) ഇത്തരത്തിൽ കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളേറ്റെടുത്ത കരാറുകാർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ താഴെപ്പറയുന്ന കരാറുകാരെ റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട്.

1. Construction of foot path and providing road safety measures at Kakkattil town between 50/700 to 51/700 of SH 38 PUKC bypass road - B. Muhammed Kunji.
2. Improvement work to Kuttiady town providing hand rail and foot path SH 38 PUKC road km. 43/700 to 44/300 in Kozhikode District Kuttiady Thottilpalam road km. 0/000 to 0/300 and Kuttiady Mullankunnu road km 0/000 to 0/350 in Kuttiady LAC. - Raisudeen. C.

3. General- Improvements to Kavil Theekuni Kuttiady road 1/170 to 9/400 Kozhikode District. - Aji Peter.

കാരന്തോട് ഗവൺമെന്റ് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. അനിൽകുമാർ സി. എന്ന കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കാനും റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പുനഃക്രമീകരിക്കാനുമുള്ള നടപടികൾ നടന്നുവരുന്നു.

(സി) ഇത്തരത്തിലുള്ള കരാറുകാരെ വീണ്ടും ടെണ്ടറിൽ പങ്കെടുക്കുന്നതിൽനിന്ന് താൽക്കാലികമായി മാറ്റിനിർത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധനകൾപ്രകാരം നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്ന കരാറുകാരുടെ ലൈസൻസ് റദ്ദാക്കുകയും കുറഞ്ഞത് 5 വർഷ കാലയളവിലേയ്ക്ക് മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുന്നത് വിലക്കുകയും ചെയ്യേണ്ടതാണ്.

**വാമനപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

3 (3045) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തിൽ വാമനപുരം മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ (RC-2 ഫേസ്-2) ഭരണാനുമതി ലഭിച്ച പ്രവൃത്തികളേതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണം**

4 (3046) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെയുള്ള 58 കിലോമീറ്റർ ഭാഗമാണ് തീരദേശ ഹൈവേ പദ്ധതിയിലുൾപ്പെടുന്നത്. ഇതിൽ വലിയപറമ്പ പാലത്തിന്റെ 59.92 കോടി രൂപയുടെ ഡി.പി.ആർ. 03-12-2022-ൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബി 28-01-2023-ൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബി അപ്രൈസൽ നടപടികൾ പൂർത്തിയാക്കി സാമ്പത്തികാനുമതി ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വലിയപറമ്പ പാലത്തിനുശേഷം പന്നിക്കുന്ന് വരെയുള്ള ബാക്കി ഭാഗത്തിന്റെ എൽ.എ. പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നത് IDECK എന്ന കൺസൾട്ടൻസി സ്ഥാപനമാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് കിഫ്ബിയുടെ 21-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽവച്ച് അനുമതി നേടുകയും ചെയ്തു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും 6(1) നോട്ടിഫിക്കേഷൻ 19-07-2022-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഭാഗത്തെ കല്ലിടൽ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

**നൂതന സാങ്കേതിക വിദ്യ**

5 (3047) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന സാങ്കേതികവിദ്യ പരമാവധി കൊണ്ടുവരിക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡിസൈൻ വിഭാഗം

ടി വിഭാഗത്തിന്റെ കീഴിൽ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് റോഡുകൾ ദീർഘകാലം നിലനിൽക്കാനായി റോഡ് നിർമ്മാണത്തിൽ നൂതനരീതിയിലുള്ള സാങ്കേതികവിദ്യകളാണ് രൂപകല്പന ചെയ്തുവരുന്നത്. മഴക്കെടുതിയെ പ്രതിരോധിക്കാൻ കഴിവുള്ള ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റോഡിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. റോഡിന്റെ ഇരുവശങ്ങളിലും കേംബർ നൽകി ലോംഗിറ്റ്യൂഡിനൽ സെക്ഷനിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC) മാനദണ്ഡപ്രകാരമുള്ള രൂപകല്പനയാണ് നൽകിവരുന്നത്. റോഡിന്റെ ഉപരിതലത്തിലും ഡ്രെയിനേജ് ഫെസിലിറ്റിക്കാവശ്യമായ ഗ്രാനുലാർ സബ് ബെയ്സ്, ഹൈഡ്രോളജിക്കൽ അനാലിസിസ് പഠനത്തിലൂടെ മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള പ്രത്യേക നൂതനരീതിയിലുള്ള ഓടകൾ തുടങ്ങിയവ രൂപകല്പനയിലുൾപ്പെടുത്താറുണ്ട്. മഴക്കെടുതിയെ

പ്രതിരോധിക്കാൻ ഉപരിതലത്തിലെ വൈറ്റ് ടോപ്പിംഗ്, സസ്റ്റൈനബിൾ മെറ്റീരിയലുകളായ മോഡിഫൈഡ് ബിറ്റുമെൻ, ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക്സ് തുടങ്ങിയവയുൾപ്പെടുത്തിയാണ് റോഡുകളുടെ രൂപരേഖ തയ്യാറാക്കിവരുന്നത്.

<u>നിരത്ത് വിഭാഗം</u>

ദീർഘകാലം നീണ്ടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ജർമ്മൻ ടെക്നോളജി ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, മറ്റ് നൂതന സാങ്കേതികവിദ്യകളായ വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് മിക്സ്, വാം മിക്സ് അസ്ഫാൽറ്റ് ടെക്നിക്, പെർഫൊറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ എന്നിവയുൾപ്പെടെയുള്ള ആധുനിക നിർമ്മാണ സാങ്കേതികവിദ്യകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ, സിന്തറ്റിക് ഭൂവസ്ത്രങ്ങൾ, Gabion Retaining Walls എന്നിവ ഉപയോഗിച്ചുവരുന്നു. കാലാവസ്ഥ വ്യതിയാനംമൂലമുള്ള കൊടുംചൂട്, അതിശൈത്യം കൂടാതെ വാഹനപ്പെരുപ്പം എന്നിവ കണക്കിലെടുത്ത് റോഡ് ഡിസൈൻ ചെയ്ത് ആവശ്യമായ Provisions എസ്റ്റിമേറ്റിൽ

ഉൾക്കൊള്ളിച്ചതിനുശേഷമാണ് നിലവിൽ പ്രധാന നിർമ്മാണപ്രവൃത്തികൾ നടത്തിവരുന്നത്.

ദേശീയപാത വിഭാഗം

ടി വിഭാഗത്തിൻകീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനട യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്ട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ഉൾപ്പെടുത്തി ബി.എം. & ബി.സി. പോലുള്ള നവീന രീതികളുപയോഗിച്ച് ശാസ്ത്രീയമായ രീതിയിലാണ് നിർമ്മിക്കുന്നത്. നവീന സാങ്കേതികവിദ്യകളായ ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി എന്നിവയ്ക്കുപുറമേ പരിസ്ഥിതി സൗഹാർദ്ദം മുൻനിർത്തി സ്വാഭാവിക റബ്ബർ, കയർ, ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും നിർമ്മാണത്തിനുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

കെട്ടിട വിഭാഗം

ടി വിഭാഗത്തിന്റെ പ്രവൃത്തികളിൽ നൂതന സാങ്കേതികവിദ്യ പരമാവധി കൊണ്ടുവരിക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സ്റ്റീൽ ഫാബ്രിക്കേഷൻ,

കോമ്പോസിറ്റ് സ്ട്രക്ചർ നിർമ്മാണം, AAC ബ്ലോക്ക് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ മുതലായവ പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പാലങ്ങൾ വിഭാഗം

പാലങ്ങൾ നിർമ്മിക്കുന്നതിൽ ബോ സ്ട്രിംഗ്, എക്സ്ട്രാഡോസ്, പ്രിസ്ട്രസ്ഡ് തുടങ്ങിയ സാങ്കേതികവിദ്യകൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്.

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

6 (3048) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ 20 ശതമാനം തുക ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളേതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ നവീകരണം**

7 (3049) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ നവീകരണത്തിനായി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 40.30 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ നവീകരണത്തിന്റെ ഭാഗമായി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഫിനാൻഷ്യൽ ഔട്ട്ലേ ആയാണ് 40.30 കോടി രൂപ അനുവദിച്ചിട്ടുള്ളത്. 27-01-2017-ലെ G.O. (Rt) No. 196/2017/ H&FWD പ്രകാരം 23.52 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്. ടി തുകയ്ക്ക് ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് നീക്കി രണ്ടാംഘട്ട നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി 1714.36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 21-04-2022-ലെ കത്ത് നം. CE/BL/2018/NABARD പ്രകാരം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം, ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർ**

8 (3050) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ എടുത്ത് കരാറിലേർപ്പെട്ടിട്ടും വകുപ്പിന്റെയും ജനപ്രതിനിധികളുടെയും നിരന്തര ആവശ്യങ്ങൾ അവഗണിച്ച് കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ്, ജനറൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്ട്, ക്ലോസ് 15 പ്രകാരവും പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് 2116.2 പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. പ്രസ്തുത ക്ലോസുകളുടെ

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ദേശീയപാത വിഭാഗത്തിൽ കരാറുകാരന്റെ വീഴ്ചകൊണ്ടുള്ള കാരണത്താൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെവരുമ്പോൾ MoRTH SBD-യിലും പൊതുമരാമത്ത് വകുപ്പ് മാന്വലിലും പറഞ്ഞിരിക്കുന്ന പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി നീട്ടിനൽകാറുണ്ട്. എന്നിട്ടും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്യുകയും റീ ടെണ്ടർ നടത്താൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) അത്തരം കരാറുകാർക്ക് നിലവിൽ ഏർപ്പെടുത്താവുന്ന പിഴത്തുക സംബന്ധിച്ച നിരക്ക് അറിയിക്കാമോ?

സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ്, ജനറൽ കണ്ടീഷൻസ് ഓഫ് കോൺട്രാക്ട് ക്ലോസ് 15 പ്രകാരവും പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് 2116.2.1 പ്രകാരവും നിരക്ക് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ക്ലോസുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ പി.ഡബ്ല്യൂ.ഡി. മാന്വൽ ക്ലോസ് നമ്പർ 2112.1 പ്രകാരം താഴെപ്പറയുന്ന രീതിലാണ് പിഴ ഈടാക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

First Extension Period - 1% of the PAC subject to a minimum of Rs.1000/- and maximum of Rs. 50,000/-.

Beyond First Extension- 2% of the PAC subject to a minimum of Rs.2000/- and maximum of Rs. 1,00,000/-.

(സി) പുതുക്കിയ നിരക്ക് ലഭിക്കുന്നതിന് മന:പൂർവ്വം പണികൾ താമസിപ്പിക്കുന്ന കരാറുകാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ Original Time of Completion 18 മാസത്തിൽ കുറവാണെങ്കിൽ Standard Bidding Document, Instructions to Bidder, Clause 3.3.8 പ്രകാരം കരാർ അവസാനിക്കുന്നതുവരെ, കരാറുകാർക്ക് നിരക്കുകൾ മാറ്റാൻ നിലവിൽ സാദ്ധ്യമല്ല. പ്രസ്തുത ക്ലോസ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കരിമ്പട്ടികയിൽപ്പെടുന്ന കരാറുകാർ മറ്റുപേരുകളിൽ കരാർ എടുക്കുന്ന സാഹചര്യം നേരിടാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14-02-2022-ലെ ജി.ഒ. (എം.എസ്) നം. 5/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം പൊതുമരാമത്ത് വകുപ്പിൽ കരാർ ലൈസൻസിനായി അപേക്ഷിക്കുന്ന അവസരത്തിൽ തനിക്ക് മറ്റേതെങ്കിലും പി.ഡബ്ല്യൂ.ഡി. കാറ്റഗറിയിൽ firm/Individual ആയി രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടില്ലെന്ന ഒരു extra declaration നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനം ലംഘിക്കുന്നപക്ഷം കരാറുകാരനെ കരിമ്പട്ടികയിലുൾപ്പെടുത്തുന്നതാണ്.

**വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തി പഠനം**

9 (3051) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-02-2022-ലെ സ.ഉ. (സാധാ)നം. 750/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് പ്രവൃത്തി പഠനം നടത്തുന്നതിന് നിയോഗിച്ചിരുന്ന ഐ.എം.ജി. പ്രസ്തുത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ലെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രവൃത്തിപഠനം സംബന്ധിച്ച് നടപടികളാരംഭിച്ചിട്ടുണ്ട്. ഐ.എം.ജി-യിലെ റിട്ട. പ്രൊഫസർ ഡോ. ആർ. പ്രകാശത്തിനെ ലീഡ് കൺസൾട്ടന്റായി ഐ.എം.ജി. നിയമിച്ചിട്ടുണ്ട്. പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട "Terms of Reference" പുതുക്കി നൽകുന്നതിനാവശ്യപ്പെട്ടതിനെത്തുടർന്ന് പുതുക്കിയ ToR അംഗീകാരത്തിനായി 24-02-2023-ന് ഐ.എം.ജി. സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

10 (3052) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ വണ്ടൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

(എ&ബി) 2016-17 സാമ്പത്തികവർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ വണ്ടൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, പാലം വിഭാഗം പ്രവൃത്തികളുടെ വിവരം അനുബന്ധമായി യഥാക്രമം I, II, III ആയി ചേർത്തിരിക്കുന്നു.+

വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിൽ നിർമ്മിക്കുന്ന വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കെ.ആർ.എഫ്.ബി. (പി.എം.യു.)</u>

1. മലയോര ഹൈവേ പൂക്കോട്ടുംപാടം-കാളികാവ്-കരുവാരക്കുണ്ട്-ചിറയ്ക്കൽ റോഡ് : മലയോര ഹൈവേ പ്രവൃത്തിക്ക് 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എ) ഫേസ് 1 - കാളികാവ് മുതൽ കരുവാരക്കുണ്ട്-ചിറക്കൽ കി.മീ. 60/200 - കി.മീ. 68/900 വരെ - നിലവിൽ പ്രവൃത്തിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ട്.

ബി) ഫേസ് 2 - പൂക്കോട്ടുംപാടം മുതൽ കാളികാവ് കി.മീ. 47/390 - 60/200 വരെ - കരാർ വയ്ക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

2) പല്ലിശ്ശേരി-അമ്പലക്കടവ് റോഡ് : പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചു.

3) പൂളമണ്ണ-താളിയാങ്കുണ്ട്-വാണിയമ്പലം റോഡ് : പ്രസ്തുത പ്രവൃത്തിക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 90% പൂർത്തീകരിക്കുകയും ചെയ്തു.

4) മലപ്പുറം ജില്ലയിലെ മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടായിൽക്കൽ-വീട്ടിക്കുന്ന് (കി.മീ. 0/000-15/350) റോഡ് : പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. പദ്ധതി വേഗത്തിലാക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ വരെയുള്ള (കി.മീ. 0/000-8/200) റോഡ് നവീകരിക്കുന്നതിന് പുതുക്കിയ ഡി.പി.ആർ.

തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2023-23 സാമ്പത്തിക വർഷത്തേയ്ക്ക് വണ്ടൂർ മണ്ഡലത്തിലെ കുലിപ്പറമ്പ്-കുരാട്-പള്ളിപ്പടി-മമ്പാട്ടുമൂല, കരുവാരക്കുണ്ട്-കുട്ടത്തി-നീലഞ്ചേരി-കാളികാവ് എന്നീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് -1 എന്ന പ്രവൃത്തിയിലുൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു.

**പാലാ നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ**

11 (3053) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിലെ പാലാ-ഈരാറ്റുപേട്ട റോഡിൽ മഹാറാണി തിയേറ്റർ കഴിഞ്ഞ് ചെത്തിമറ്റം ഭാഗത്തും പാലാ-രാമപുരം റോഡിൽ കൊട്ടാരമറ്റം പ്രൈവറ്റ് സ്റ്റാൻഡിന് സമീപമുള്ള സ്ഥലങ്ങളിലും മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾ ദുരിതത്തിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാലാ നിയോജകമണ്ഡലത്തിലെ പാലാ-ഈരാറ്റുപേട്ട റോഡിൽ മഹാറാണി തിയേറ്റർ കഴിഞ്ഞ് ചെത്തിമറ്റം ഭാഗത്ത് മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെട്ട് ഗതാഗതതടസ്സം സൃഷ്ടിക്കുന്നപ്രശ്നം

പരിഹരിക്കുന്നതിനായി നിലവിൽ പുതിയ കലുങ്ക്, ഓട എന്നിവ നിർമ്മിച്ചിട്ടുണ്ട്. പാലാ-കോഴ റോഡിന്റെ ആരംഭ ഭാഗത്തുള്ള കൊട്ടാരമറ്റം ബസ് സ്റ്റാൻഡ് ഭാഗത്ത് ഓടകളുടെ അഭാവംമൂലം മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ഓടകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

12 (3054) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് ദേവികുളം നിയോജകമണ്ഡലത്തിൽ നിരത്ത്, പാലങ്ങൾ, മെയിന്റനൻസ്, കെട്ടിടം എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്കനുവദിച്ച തുകയുടെ വിശദവിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം ദേവികുളം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനനുവദിച്ച തുക 218 ലക്ഷം രൂപയാണ്.

1. കാന്തല്ലൂർ-മറയൂർ റോഡിൽ കോവിൽക്കടവ് പാലത്തിന്റെ താഴ്‌വശത്ത് Km. 10/900-ൽ സമാന്തര പാലത്തിന്റെ നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചു.
2. ഇരുട്ടുകാനം-മയിലാട്ടുംപാറ റോഡിൽ അമ്പഴച്ചാൽ പാലത്തിന്റെ താഴ്‌വശത്ത് Km. 0/800-ൽ സമാന്തര പാലത്തിന്റെ നിർമ്മാണം - 205 ലക്ഷം രൂപ - ഫൗണ്ടേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബിഹിൽ ഹൈവേ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച ഒരു പ്രവൃത്തിയാണുള്ളത്. എല്ലക്കൽ-വിലയമുല്ലക്കാനം റോഡിന്റെ പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിച്ച തുക 39.7 കോടി രൂപയാണ്. നൽകിയ പ്രവൃത്തിയുടെ എഗ്രിമെന്റ് 25-01-2023-ൽ വയ്ക്കുകയുണ്ടായി. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

കെട്ടിട വിഭാഗത്തിന്റെയും നിരത്ത് വിഭാഗത്തിന്റെയും നിരത്ത് പരിപാലനം വിഭാഗത്തിന്റെയും മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**റോഡുകൾ കുഴിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ**

13 (3055) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ അറ്റകുറ്റപ്പണികൾക്കും നിർമ്മാണപ്രവൃത്തികൾക്കുമായി റോഡുകൾ കുഴിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ അറ്റകുറ്റപ്പണികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമായി റോഡുകൾ കുഴിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ നിഷ്കർഷിച്ച് 20-07-2020- ലെ ജി.ഒ. (എം.എസ്.) നം. 59/2020/പി.ഡബ്ല്യൂ.ഡി., 24-02-2022-ലെ ജി.ഒ. (എം.എസ്.) നം. 08/2022/പി.ഡബ്ല്യൂ.ഡി., 14-02-2023-ലെ ജി.ഒ. (എം.എസ്.) നം. 11/2023/പി.ഡബ്ല്യൂ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടിവരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ, നിരക്കുകൾ എന്നിവ പുതുക്കി നിശ്ചയിച്ചുകൊണ്ട് 10-02-2023-ൽ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ CEPWD/2675/2021-C4(W)-RD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ RW/NH – 33044/2015/S&R(R) നമ്പർ കത്തിലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. ഇതിൽ റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രഞ്ച്‌ലെസ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകളിടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ, ചീഫ് എഞ്ചിനീയറുടെ സർക്കുലർ, കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാത്തവർക്കെതിരെ സെക്യൂരിറ്റി തുക കണ്ടുകെട്ടുക, സമയപരിധി ദീർഘിപ്പിച്ച് നൽകാതിരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളിൽ മേൽപ്പറഞ്ഞ രീതിയിലുണ്ടാക്കിയിട്ടുള്ള കുഴികളിൽ വീണ് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്രപേർക്ക് പരിക്കേൽക്കുകയും മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ എല്ലാ സംഭവങ്ങളിലും കുറ്റക്കാരായ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുമായും ചേർന്ന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കടുത്തുരുത്തി മണ്ഡലത്തിലെ വെയ്റ്റിംഗ് ഷെഡ് നിർമ്മാണം**

14 (3056) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന നടപ്പാക്കുന്ന വെയിറ്റിംഗ് ഷെഡ് നിർമ്മാണപ്രവൃത്തികൾ പ്രതീക്ഷാ ബസ് ഷെൽട്ടർ കമ്പനി 11-07-2019-ലെ സർക്കാർ ഉത്തരവ് (കെ) 35/2019/പൊ.മ.വ. പ്രകാരം അവസാനിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ ഏതുരീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി പൂർത്തിയായി. തുടർനടപടികൾ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനുശേഷം അസറ്റുകളും ബാദ്ധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഓഡിറ്റ് പൂർത്തിയായിട്ടില്ല.

(സി) പ്രതീക്ഷാ ബസ് ഷെൽട്ടർ കമ്പനി ഏറ്റെടുത്തിരുന്ന ഈ വെയ്റ്റിംഗ് ഷെഡ് നിർമ്മാണം പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) മൂന്ന് വർഷംമുമ്പ് എഗ്രിമെന്റുവച്ച പ്രസ്തുത പദ്ധതിയിന്മേൽ ഒരു നടപടിയും സ്വീകരിക്കാതെ നീണ്ടുപോകുന്നതിന് വകുപ്പ് പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ?

(സി&ഡി) പരിശോധിക്കാവുന്നതാണ്.

**ആയഞ്ചേരി ടൗണിലെ പൊടിശല്യത്തിന് പരിഹാരം**

15 (3057) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരൻ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചതുകാരണം ആയഞ്ചേരി ടൗണിൽ പൊടിശല്യം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി കച്ചവടക്കാരും നാട്ടുകാരും പ്രയാസപ്പെടുകയും പരാതിപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ ഈ പൊടിശല്യം പരിഹരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും പൊടിശല്യം ഒഴിവാക്കുന്നതിനും 3 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

16 (3058) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ഒറ്റപ്പാലം മണ്ഡലത്തിൽ കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയിന്റനൻസ് എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ CRIF 2022-23 Improvements to Kalladikode Pulpetta Sreekrishnapuram road in Palakkad District എന്ന പ്രവൃത്തിക്ക് 18 കോടി രൂപയുടെ ഭരണാനുമതി നൽകി. നിലവിൽ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലനം വിഭാഗത്തിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തളിപ്പറമ്പ് റസ്റ്റ് ഹൗസ് നവീകരണം**

17 (3059) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്നതും നിലവിൽ സ്ഥലസൗകര്യമുള്ളതുമായ 20 റസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ തളിപ്പറമ്പ് റസ്റ്റ് ഹൗസിന്റെ നവീകരണത്തിനുള്ള 65.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

18 (3060) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലെ പാലങ്ങൾ വിഭാഗത്തിന് എത്ര ഓഫീസുകളാണ് ഉള്ളതെന്നറിയിക്കാമോ; ഇവയിൽ ഏതൊക്കെ തസ്തികകൾ നിലവിലുണ്ടെന്നും അവയിൽ ഒഴിവുകൾ നിലവിലുണ്ടോയെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ 3 ഓഫീസുകളാണ് നിലവിലുള്ളത്. ടി ഓഫീസുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; പൊതുമരാമത്ത് റോഡുകളിലുള്ളതല്ലാതെ ഗ്രാമീണ റോഡുകളിലെ പാലങ്ങളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹിക്കാറുണ്ടോയെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് പാലം വിഭാഗത്തിനുകീഴിൽ നിലവിൽ 9 പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് റോഡുകളിലല്ലാതെ ഗ്രാമീണ റോഡുകളിലെ പാലങ്ങളുടെ പ്രവൃത്തികൾ സർക്കാർ ഭരണാനുമതി നൽകുന്നമുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്താറുണ്ട്.

(സി) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ പാലങ്ങൾ വിഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഓഫീസും ഉദ്യോഗസ്ഥരുമില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വകുപ്പിനുകീഴിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ തയ്യാറാകുമോ?

പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒരു സമ്പൂർണ്ണ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിപഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിലമ്പൂർ കേന്ദ്രമായി പുതിയ പാലങ്ങൾ വിഭാഗം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിനായി ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

അനുമതി നൽകിയിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളും ജോലി പുനക്രമീകരണവും സംബന്ധിച്ച പഠനം**

19 (3061) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ, ജോലി പുനക്രമീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിക്കാൻ ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒരു സമ്പൂർണ്ണ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിപഠനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**വൈപ്പിൻ നിയോജകമണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ**

20 (3062) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീരദേശ ഹൈവേ നിലവിലുള്ള വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിലൂടെയാണോ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ പുതുവൈപ്പിനിൽനിന്നും ആരംഭിച്ച് LNG ജംഗ്ഷൻവഴി വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡുവഴി മുനമ്പംവരെ 26.7 കിലോമീറ്ററാണ് തീരദേശ ഹൈവേ കടന്നുപോകുന്നത്. വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡുവഴിയാണ് ഭൂരിഭാഗം തീരദേശ ഹൈവേയും കടന്നുപോകുന്നത്.

(സി) തീരദേശ ഹൈവേയുടെ അലൈൻമെന്റ് വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽനിന്നും വ്യതിചലിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വിശദമാക്കാമോ; തീരദേശ ഹൈവേയുടെ വീതി എത്രയായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

എളങ്കുന്നപ്പുഴ വില്ലേജിൽ 600 മീറ്റർ ദൂരവും നായരമ്പലം വില്ലേജിൽ 2 കിലോമീറ്റർ ദൂരവും കുഴിപ്പിള്ളി ബ്ലോക്ക് 1 വില്ലേജിൽ 140 മീറ്റർ ദൂരവും വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽനിന്നും വ്യതിചലിക്കുന്നു. തീരദേശ ഹൈവേയുടെ ഒരുവശത്ത് സൈക്കിൾ ട്രാക്കുള്ളിടത്ത് 14 മീറ്റർ വീതിയും ഇരുവശത്തും സൈക്കിൾ ട്രാക്കുള്ളിടത്ത് 16.5 മീറ്റർ വീതിയുമാണ് ഏജൻസി ആയ LNTIEL വിഭാവനം ചെയ്യുന്നത്.

(ഡി) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് 2016-ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-05-2017-ൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത റീച്ചിൽ ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ LNTIEL തയ്യാറാക്കിയ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ (LA plan) പ്രകാരം നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടിയുൾപ്പെടുത്തി പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്.

(ഇ) പ്രസ്തുത തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നത് 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation and Transparency in Land Acquisition, Rehabilitation And Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ളവ

നടത്തിയാണ്. അതിനുപുറമെ തീരദേശ ഹൈവേയുടെ പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC)-നെ നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC-യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നുവരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

**തീരദേശപാത നിർമ്മാണം**

21 (3063) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന തീരദേശപാതയുടെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര, ഗതാഗതമേഖലയ്ക്ക് ഉണർവ് നൽകുന്ന തീരദേശ ഹൈവേ 9 തീരദേശ ജില്ലകളിലെ 623 കിലോമീറ്റർ ദൂരത്തിലാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 556 കിലോമീറ്റർ ദൂരമാണ് കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ വരുന്നത്. 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയുള്ള പദ്ധതിക്കായി നാളിതുവരെ 2289

കോടി രൂപയുടെ (36 കിലോമീറ്റർ ഭാഗത്തിന് പദ്ധതിക്കും സ്ഥലം ഏറ്റെടുക്കലിനും ഉൾപ്പെടെയും 240 കിലോമീറ്റർ ഭാഗത്തിന് സ്ഥലം ഏറ്റെടുക്കലിന് മാത്രവും) സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് അതിർത്തിക്കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ 468 കിലോമീറ്റർ ഭാഗത്തിന് ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ ഇടങ്ങളിൽ റവന്യൂ വകുപ്പിലേയ്ക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്യുന്നു. വിവിധ ജില്ലകളിലായി 200 കിലോമീറ്റർ ഭാഗത്ത് ഇതിനോടകം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ഏതെങ്കിലും ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോമീറ്റർ, താനൂർ മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.5 കിലോമീറ്റർ എന്നിവിടങ്ങളിൽ തീരദേശ ഹൈവേയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർണ്ണമായ സ്കെച്ച്, പ്ലാൻ, അലൈൻമെന്റ് അടങ്ങിയ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് 2016-ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-05-2017-ൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. മൂന്ന് ഏജൻസികളാണ് തയ്യാറാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ NATPAC, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ LNTIEL, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ IDECK എന്നീ ഏജൻസികളാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. പ്രസ്തുത ഏജൻസികൾ സ്ഥലമേറ്റെടുക്കൽ പ്ലാൻ (LA plan ) പ്രകാരം നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സർക്കാർ പരിശോധിച്ചുവരുന്നു. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(ഡി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങളേതെല്ലാമാണെന്നും ഈ ഭാഗത്തെ അലൈൻമെന്റ് എങ്ങനെയാണെന്നും വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കെട്ടുങ്ങലിൽ ആരംഭിച്ച് - ആവിൽ ബീച്ച് - സദ്ദാം ബീച്ച് - പുത്തൻ കടപ്പുറം - ഒട്ടുമ്മൽ - ചെട്ടിപ്പടി ബീച്ച് വഴി ആലുങ്കലിൽ അവസാനിക്കുന്ന 6.5 കിലോമീറ്റർ സ്ട്രെച്ചാണ് തിരൂരങ്ങാടി മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായിവരുന്നത്. പ്രസ്തുത സ്ട്രെച്ചിൽ ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങളടങ്ങിയ എൽ.എ. പ്ലാൻ 21-ാമത് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും എൽ.എ. പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട സർവ്വേ നമ്പറുകളുൾപ്പെടുത്തി റവന്യൂ വകുപ്പ് 18-04-2022-ൽ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ലഭ്യമാക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നത് 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation And Transparency in Land Acquisition, Rehabilitation And Resettlement Act, 2013) നിഷ്കർഷിക്കുന്നപ്രകാരം സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തിയാണ്. അതിനുപുറമെ തീരദേശ ഹൈവേയുടെ പുനരധിവാസ, പുനസ്ഥാപന പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC)-നെ

നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC-യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നുവരുന്നു. തീരദേശമേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം ലഭിച്ചയുടൻ നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച വിശദാംശങ്ങൾ ഭൂവുടമകൾക്ക് ലഭിക്കുന്നതാണ്.

(എഫ്) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളില്ലാത്തതും എന്നാൽ വർഷങ്ങളായി ഈ സ്ഥലത്ത് താമസിക്കുന്നവരുമായ ആളുകൾക്ക് ഈ പ്രവൃത്തിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിന് സർക്കാരിന്റെ പരിഗണനയിലുള്ള പ്രത്യേക പുനരധിവാസ പാക്കേജിൽ ഉടമസ്ഥാവകാശ രേഖകളില്ലാത്തവർക്കുള്ള അനുകൂല്യങ്ങൾ നൽകുന്നത് പരിശോധിച്ചുവരുന്നു.

(ജി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വിശദാംശവും ഉടമകൾക്ക് ലഭ്യമാക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശവും

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഈ പ്രവൃത്തിയുടെ അലൈൻമെന്റ്, സ്കെച്ച്, പ്ലാൻ തുടങ്ങിയ വിശദാംശവും ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

തീരദേശ ഹൈവേയ്ക്കായി ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങളടങ്ങിയ എൽ.എ. പ്ലാൻ 21-ാമത് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും എൽ.എ. പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട സർവ്വേ നമ്പറുകളുൾപ്പെടുത്തി റവന്യൂ വകുപ്പ് 18-04-2022-ൽ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നത് 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation and Transparency in Land Acquisition, Rehabilitation And Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തിയാണ്. അതിനുപുറമെ തീരദേശ ഹൈവേയുടെ പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC)-നെ നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC-യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നുവരുന്നു. തീരദേശമേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക

പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം ലഭിച്ചയുടൻ നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച വിശദാംശങ്ങൾ ഭൂവുടമകൾക്ക് ലഭിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ കെട്ടുങ്ങലിൽ ആരംഭിച്ച് - ആവിൽ ബീച്ച് - സദ്ദാം ബീച്ച് - പുത്തൻ കടപ്പുറം - ഒട്ടുമ്മൽ - ചെട്ടിപ്പടി ബീച്ച് വഴി ആലുങ്കലിൽ അവസാനിക്കുന്ന 6.5 കിലോമീറ്റർ സ്ട്രെച്ചാണ് തിരൂരങ്ങാടി മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായിവരുന്നത്. പ്രസ്തുത ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ (LA plan) പ്രകാരം പ്രോജക്ട് ഡയറക്ടർ, പി.എം.യു., കെ.ആർ.എഫ്.ബി. നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സർക്കാരിന്റെ പരിശോധനയിലാണ്.

**ദേശീയപാത വികസനം**

22 (3064) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനും നവീകരണത്തിനുംവേണ്ടി ചെലവിടുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനും നവീകരണത്തിനുമായി ദേശീയപാത അതോറിറ്റി 13,943.33 കോടി രൂപയും MoRTH Fund-ൽനിന്നും 314.32 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ വീതികൂട്ടലിനാവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ 25% തുക സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് 08-08-2019-ലെ സ.ഉ. (കൈ) നം. 36/2019/പൊ.മ.വ. പ്രകാരം അനുമതി നൽകുകയും ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുത്തതിന്റെ സംസ്ഥാന വിഹിതമായി ആകെ 5580,73,80,071 രൂപ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഒപ്പുവച്ച ത്രികക്ഷി കരാറിന്റെ പരിധി NH 85, പാലക്കാട്-കോഴിക്കോട്, തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് അലൈൻമെന്റുകൾ എന്നിവയ്ക്കുകൂടി 26-02-2021-ലെ സ.ഉ. (കൈ) നം.18/2021/പൊ.മ.വ. പ്രകാരം ബാധകമാക്കിയിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടിവരുന്ന അവസരത്തിൽ സ്ഥലം ഉടമകൾക്ക് പണം നൽകുന്നതിന് കേന്ദ്രസഹായം ലഭിക്കാറുണ്ടോ; എങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ?

ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ഇതുവരെ 22727.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന കരാർപ്രകാരം 5580.738 കോടി രൂപ സംസ്ഥാനത്തിന്റെ വിഹിതമാണ്. കൂടാതെ സംസ്ഥാന സർക്കാർ NH 966, NH 85, Green field alignment parallel to MC Road മുതലായവയുടെ സ്ഥലമേറ്റെടുപ്പ് തുകയുടെ 25% വഹിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

23 (3065) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാനുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികളേതെല്ലാമാണെന്നും ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ റണ്ണിംഗ് കോൺട്രാക്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**പാറക്കടവ്-പുളിയവ്-ജാതിയേരി റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തി**

24 (3066) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ജലവിഭവ വകുപ്പ് പൈപ്പ് സ്ഥാപിച്ച പാറക്കടവ്-പുളിയവ്-ജാതിയേരി റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തിക്കുള്ള ഭരണാനുമതി വൈകാനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) നാദാപുരം മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ജലവിഭവ വകുപ്പ് പൈപ്പ് സ്ഥാപിച്ച പാറക്കടവ്-പുളിയവ്-ജാതിയേരി

റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തിക്ക് 21-02-2023-ലെ സ.ഉ. (സാധാ) നം. 184/2023/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**പുനലൂർ ഹൈസ്കൂൾ ജംഗ്ഷനിലെ ഓട നിർമ്മാണം**

25 (3067) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ പുനലൂർ ഹൈസ്കൂൾ ജംഗ്ഷനിൽ റെയിൽവേ മേൽപ്പാലത്തിന്റെ തൂണുകൾക്കിടയിലൂടെയുള്ള ഭാഗത്തെ വീതികുറവുമൂലം പാതയോടനുബന്ധിച്ച് ഓട നിർമ്മിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റെയിൽവേ ലൈൻ ഭാഗത്ത് നിർമ്മാണങ്ങൾക്ക് റെയിൽവേയുടെ അനുമതി ആവശ്യമാണ്. റെയിൽവേ മേൽപ്പാലം ഭാഗത്ത് റോഡിന് വലതുവശത്ത് നിലവിലുണ്ടായിരുന്ന ഓട പുനർനിർമ്മാണം നടത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി റെയിൽവേയുടെ പ്രത്യേക അനുമതി ലഭ്യമാക്കി പ്രസ്തുത മേൽപ്പാലത്തിന്റെ തൂണിന് പിറകിലായി ഓട ക്രമീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇടതുഭാഗത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ ളുണിന്റെ ഭാഗം ഒഴിവാക്കിയാണ് ഓട നിർമ്മിച്ചിരിക്കുന്നത്. നിലവിൽ ടി ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**പുലാമന്തോൾ – കുളത്തൂർ റോഡ് നവീകരണം**

26 (3068) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പുലാമന്തോൾ - കുളത്തൂർ റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നവീകരണത്തിന് തുക അനുവദിക്കുമോയെന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

(എ&ബി) പുലാമന്തോൾ - കുളത്തൂർ റോഡ് RC-2 Zone IV-ൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നവീകരണത്തിനുള്ള നടപടികൾ പരിശോധിക്കാം.

**ആര്യങ്കാവ്-റോസ്മല റോഡ് വികസനം**

27 (3069) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ്-റോസ്മല വനപാതയിൽ ആര്യങ്കാവ് ആർ.ഒ. ജംഗ്ഷനിൽനിന്നും 47-ാം ഭാഗം വരെയുള്ള മൂന്ന് കിലോമീറ്റർ റോഡ് പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയ്ഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള ആര്യങ്കാവ് - റോസ്മല റോഡിന്റെ പല ഭാഗങ്ങൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽ 47-ാം ഭാഗം മുതൽ റോസ്മല വരെയുള്ള ഭാഗം മൂന്നുകോടി രൂപ മുടക്കി നവീകരിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ ഭാഗംകൂടി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

47-ാം ഭാഗം മുതൽ റോസ്മല വരെ നിലവിലുള്ള പ്രസ്തുത റോഡിൽ വനത്തിന് പാരിസ്ഥിതിക പ്രശ്നങ്ങൾ വരാത്ത രീതിയിലാണ് ടി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. അതിപുരാതന കാലം മുതൽക്കേയുള്ള റോഡാണ് ആര്യങ്കാവ്-റോസ്മല റോഡ്. മുമ്പ് ടി റോഡ് നെടുവണ്ണൂർക്കടവ് വഴിയാണ് കടന്നുപോയിരുന്നത്. തുടർന്ന് ഡാം കമ്മീഷൻ

ചെയ്തതിനുശേഷമാണ് ടി റോഡ് തെന്മല വഴി ആര്യങ്കാവ് റോസ്മല വരെ സഞ്ചാരയോഗ്യമാക്കിയത്. മുമ്പുള്ള റോഡ് തകരാറിലായതിനാൽ 2018-19 കാലയളവിൽ നബാർഡ് ഫണ്ടുപയോഗിച്ചാണ് ടി നിർമ്മാണപ്രവൃത്തി നടത്തിയിട്ടുള്ളത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടാതെതന്നെ അവശേഷിക്കുന്ന 3 കിലോമീറ്റർ ഭാഗംകൂടി നവീകരിക്കുന്നതിനുള്ള നടപടികൾ അനുമതിയും ഫണ്ടും ലഭിക്കുന്നതിനനുസൃതമായി സ്വീകരിക്കാനുദ്ദേശിക്കുന്നു.

**ടോൾപ്ലാസകളുടെ ദൂരപരിധി നിശ്ചയിച്ച കേന്ദ്രസർക്കാർ നിർദ്ദേശം**

28 (3070) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളിൽ അറുപത് കിലോമീറ്റർ ദൂരപരിധിയിൽ ഒന്നിലേറെ ടോൾപ്ലാസകൾ അനുവദനീയമല്ലെന്ന് കേന്ദ്രസർക്കാർ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ആയത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ദേശീയപാത 544-ലെ പന്നിയങ്കരയിൽ പുതിയ ടോൾപ്ലാസ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ, കഴിഞ്ഞ 15 വർഷക്കാലമായി പാലിയേക്കരയിൽ പ്രവർത്തിക്കുന്ന ടോൾപ്ലാസ

നിർത്തലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 1997-ലെയും 2008-ലെയും NH Fee Rules അടിസ്ഥാനപ്പെടുത്തിയാണ് ദേശീയപാത അതോറിറ്റി User Fee (Toll) ഈടാക്കിവരുന്നത്. 1997-ലെ ചട്ടങ്ങൾ പ്രകാരം User Fee ഈടാക്കുന്ന ഈ പാതകൾ തമ്മിൽ നിശ്ചിത അകലം വേണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ല. എന്നാൽ 2008-ലെ ചട്ടങ്ങൾപ്രകാരം മതിയായ കാരണങ്ങളുണ്ടെങ്കിൽ 60 കിലോമീറ്റർ അകലത്തിനുള്ളിൽത്തന്നെ ടോൾപ്ലാസ സ്ഥാപിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരമുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പന്നിയങ്കരയിലെയും പാലിയേക്കരയിലെയും ടോൾപ്ലാസകൾ തമ്മിൽ 33.5 കിലോമീറ്റർ ദൂരമാണുള്ളത്. പ്രസ്തുത ടോൾപ്ലാസകൾ നിലകൊള്ളുന്ന സ്ട്രെച്ചുകൾ DBFOT (Design, Build, Finance, Operate & Transfer) രീതിയിൽ നിർമ്മിച്ചവയാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ വിഷയം NHAI-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

29 (3071) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് അവശേഷിക്കുന്ന ഗ്രാമീണ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ അഴീക്കോട് മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് അവശേഷിക്കുന്ന പ്രധാന ജില്ലാ റോഡുകൾ താഴെപ്പറയുന്നവയാണ്.

1. പൂതപ്പാറ-വായിപ്പറമ്പ-അഴീക്കൽ റോഡ് കി.മീ. 3/300 മുതൽ 6/518 വരെ
2. വളപട്ടണം ഫെറി റോഡ് കി.മീ. 0/000 മുതൽ 6/540 വരെ
3. അഴീക്കൽ ലൈറ്റ് ഹൗസ് ഫാം റോഡ് - ഒണ്ടേൽ റോഡ് ജംഗ്ഷൻ കി.മീ. 0/000 മുതൽ 8/000 വരെ
4. പണ്ണേരിമുക്ക്-ചിറയ്ക്കൽ കട്ടിംഗ് റോഡ് കി.മീ. 0/000 മുതൽ 0/850 വരെ

(ബി) പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

**കൊല്ലം നഗര റോഡ് വികസന പദ്ധതി**

30 (3072) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗര റോഡ് വികസന പദ്ധതിയായ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (CRIP)-ന്റെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതിയും പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(എ&ബി) കൊല്ലം നഗരപാത വികസന പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് ഹരിയാന ആസ്ഥാനമായുള്ള M/s. SMEC India Pvt. Ltd.-നെ സുതാര്യമായ ദർഘാസ് നടപടികളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുന്നു. 2016-ൽ M/s. SMEC സമർപ്പിച്ച ഡി.പി.ആർ. പൊതുമരാമത്ത് ഡിസൈൻ വിഭാഗം പുനർമൂല്യനിർണ്ണയം നടത്തുകയും 22-01-2022-ലെ ജി.ഒ.(ആർ.ടി) നം. 74/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. 18-03-2022-ലെ ജി.ഒ.(ആർ.ടി)

നമ്പർ 1164/2022/ആർ.ഡി. പ്രകാരം പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കലിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | മേവറം - കാവനാട് | 13.15 കി.മീ. (പഴയ എൻ.എച്ച്.) |
| 2 | റെയിൽവേ സ്റ്റേഷൻ-ഡീസന്റ് ജംഗ്ഷൻ | 6.30 കി.മീ. |
| 3 | തിരുമുല്ലാവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ | 4.31 കി.മീ. |
| | ആകെ | 23.76 കി.മീ. |
| | LA Area | 8.341 Hectre |

കൊല്ലം നഗരപാത വികസന പദ്ധതിയുടെ പ്രോജക്ട് കോ-ഓർഡിനേറ്ററായി കൊല്ലം, റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി എൽ.എ.2 കുണ്ടറ സ്പെഷ്യൽ തഹസിൽദാറിനെ ചുമതലപ്പെടുത്തി. ഈ റോഡുകളുടെ ഫീൽഡുതല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി എൽ.എ. ഓഫീസർ സമർപ്പിച്ച റിപ്പോർട്ടുപ്രകാരം ഭൂമിവില 688,83,36,000 രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭൂമിവിലയുടെ 30% ആയ 206,65,00,800 രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും 50,00,000 രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്നതിന് കേരള റോഡ് ഫണ്ട്

ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കുറവുചെയ്തുകൊണ്ട് പദ്ധതി റീ-ഡിസൈൻ ചെയ്ത് പുതിയ പ്രൊപ്പോസലായി സമർപ്പിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിനെത്തുടർന്ന് പദ്ധതി റീ-ഡിസൈൻ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കൊല്ലം നഗരപാത വികസന പദ്ധതിയിൽ അധീഷണലായി ഉൾപ്പെടുത്തുന്നതിന് മറ്റ് റോഡുകൾകൂടി നിർദ്ദേശിക്കാൻ കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഹൈസ്കൂൾ ജംഗ്ഷൻ - തൃക്കടവൂർ റോഡ്, എസ്.എൻ. കോളേജ് - അമൃതകുളം റോഡ്, നെല്ലിമുക്ക് - മാമൂട്ടിൽക്കടവ് റോഡ്, രാമൻകുളങ്ങര-മരുത്തടി റോഡ്, കളക്ടറേറ്റ് - ആൽത്തറമൂട്-തങ്കശ്ശേരി-കാവൽ ജംഗ്ഷൻ-അഞ്ച്കല്ലുംമൂട് എന്നീ റോഡുകൾകൂടി പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി.

**പണിപൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി**

31 (3073) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിപൂർത്തിയായ പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽത്തന്നെ ആയത് ഉടനടി പുനഃസ്ഥാപിക്കുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 14-02-2023-ലെ ജി.ഒ. (എം.എസ്) നം. 11/2023/പി.ഡബ്ല്യൂ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ് വേ" (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുകവഴി മറ്റ്

വകുപ്പുകൾക്കാവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കാനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ ശരാശരി പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് സംസ്ഥാനത്ത് വരുന്നതെന്നും ഈ സർക്കാർ കാലയളവിൽ നാളിതുവരെ എന്തുതുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പൈപ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി പൊതുജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിലുമാണ് റോഡുകൾ വെട്ടിപ്പൊളിക്കേണ്ട സാഹചര്യം വരുന്നത്. നിലവിൽ റോഡുമായി ബന്ധപ്പെട്ട് കുടിവെള്ള

പൈപ്പുകളുടെ ശൃംഖലകൾ കടന്നുപോകുന്ന ഭൗതിക സാഹചര്യത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതിനും പുതിയ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുണ്ടാകുന്ന ചെലവുകൾ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും തുക ഈടാക്കി റെസ്റ്റൊറേഷൻ പ്രവൃത്തികളായാണ് ചെയ്തുവരുന്നത്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. തുടങ്ങിയ വിവിധ വകുപ്പുകളുമായി ചർച്ചനടത്തി എന്തൊക്കെ തീരുമാനങ്ങളെടുത്തുവെന്നും ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരം സമിതി രൂപീകരിച്ചുകൊണ്ട് 07-01-2022-ലെ ജി.ഒ. (ആർ.റ്റി.) നം. 20/2022/ പി.ഡബ്ല്യൂ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/

ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), PMG പോർട്ടൽ, RoW പോർട്ടൽ എന്നിവയും നിലവിലുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ PMG പോർട്ടൽ മുഖേന നടപ്പിലാക്കിവരുന്നു. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തിവരുന്നു. പൊതുമരാമത്ത് റോഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പുതുക്കിയ മാനദണ്ഡങ്ങൾ 14-02-2023-ലെ ജി.ഒ. (എം.എസ്) നം. 11/2023/ പി.ഡബ്ല്യൂ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടിവരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ, നിരക്കുകൾ എന്നിവ പുതുക്കി നിശ്ചയിച്ചുകൊണ്ട് 10-02-2023-ൽ നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

**ഏറനാട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

32 (3074) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിലെ എല്ലാ റോഡുകളും വിവിധ പദ്ധതികളിലായി കുഴികളടച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ?

ബഡ്ജറ്റ്, Non-Plan, SLTE, Running Contract പ്രവൃത്തികളിലുൾപ്പെടുത്തി റോഡുകൾ പുതുക്കിപ്പണിതോ, അറ്റകുറ്റപ്പണി ചെയ്തോ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യു.ഡി. റോഡുകളുടെ പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽനിന്നും മറ്റ് ഫണ്ടുകളിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇപ്പോൾ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ അവ കൂടാതെ നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ മൊറയൂർ - എടപ്പറമ്പ് - കിഴിശ്ശേരി 4/050 - 6/200, അരീക്കോട് - എം.എസ്.പി. ക്യാമ്പ് റോഡ് (0/000 –0/800), കുന്നിക്കൽ - വളയക്കോട് റോഡ് (0/000 - 0/860), തറയിട്ടാൽ - കാക്കത്തോട് - കാവനൂർ റോഡ് (0/000 - 1/500), വടക്കുമുറി - തോട്ടുമുക്കം റോഡ് (0/000 -1/800), പൂക്കോട്ടുചോല – മാതക്കോട് - പുളിയക്കോട് റോഡ് (0/000 -2/100), കാവനൂർ - വടക്കുമല - കാരപ്പമ്പ് റോഡ് (3/700 -7/000) എന്നീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്-1 പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

(ഡി) 2023-ൽ ഏറനാട് നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

2023-ൽ ഏറനാട് നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്.

**വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിനുള്ള റെസ്റ്റൊറേഷൻ ചാർജ്ജ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

33 (3075) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ കുണ്ടാർ മുതൽ പരപ്പ വരെ വൈദ്യുതി കേബിൾ ഇടുന്നതിന് കെ.എസ്.ഇ.ബി. പൊതുമരാമത്ത് വകുപ്പിൽ റെസ്റ്റൊറേഷൻ ചാർജ്ജ് അടച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ചെർക്കള - ജാൽസൂർ പൊതുമരാമത്ത് റോഡിൽ (SH) കി.മീ. 23/900 മുതൽ 31/900 (കുണ്ടാർ മുതൽ പരപ്പ) വരെ വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. റെസ്റ്റൊറേഷൻ തുകയായി 14,68,256 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 2,98,610 രൂപയും ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേറ്റ് ഹൈവേയിൽ ഗ്വാളിമുഖം മുതൽ കൊട്ടിയാടി വരെ കർണ്ണാടക സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന 2.5 കി.മീ. റോഡിന്റെ ഭാഗം നിലവിൽ ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന വിശദാംശം അറിയിക്കാമോ?

പ്രസ്തുത സ്റ്റേറ്റ് ഹൈവേയിൽ ഗ്വാളിമുഖം മുതൽ കൊട്ടിയോടി വരെയുള്ള ഭാഗത്ത് വർഷങ്ങൾക്കുമുമ്പ് റോഡ് നിർമ്മാണം നടത്തിയിട്ടുള്ളത് കേരള

പൊതുമരാമത്ത് വകുപ്പാണ്. എന്നാൽ ഇപ്പോൾ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കർണ്ണാടക സർക്കാർ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ആയതിൽ വ്യക്തത വരുത്തുന്നതിനായി റവന്യൂ വകുപ്പുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**റോഡുകളുടെ അറ്റകുറ്റപ്പണിക്ക് നൂതനമാർഗ്ഗങ്ങൾ**

34 (3076) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ഇപ്പോൾ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

റോഡുകളുടെ അറ്റകുറ്റപ്പണിക്ക് നിലവിൽ 36 mm & 12 mm aggregates എന്നിവ ഉപയോഗിച്ചുള്ള Pot hole filling, Open graded premix carpet, Close graded premix carpet, BM എന്നിവ ഉപയോഗിച്ചുള്ള പാച്ച് വർക്ക്, BC overlay എന്നിവയും പ്രതികൂല കാലാവസ്ഥ നിലനിൽക്കുമ്പോൾ Instant Road Repair Mix-ഉം ഉപയോഗിച്ചുവരുന്നു.

(ബി) ഷെൽമാക് ഉപയോഗിച്ച് നടത്തുന്ന കുഴിയടയ്ക്കൽ ഈട് നിൽക്കുന്നതാണോ എന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

ഇല്ലെങ്കിൽ പഠനം നടത്താതെ എങ്ങനെയാണ് പ്രസ്തുത രീതി വ്യാപകമായി ഉപയോഗിക്കാൻ ഇടയായതെന്ന് വിശദമാക്കുമോ?

ഷെൽമാക് കമ്പനിയുടെ മിക്സാണ് കേരളത്തിൽ ആദ്യമായി ഉപയോഗിച്ചത് എന്നതിനാൽ ഷെൽമാക് എന്ന പേര് എല്ലാവിധ pothole patching മിക്സുകൾക്കും ഉപയോഗിച്ചുവരുന്നു. Indian Road Congress-ന്റെ Specification പ്രകാരവും (IRC 116-2019) ഇത്തരത്തിലുള്ള pothole patching മിശ്രിതം നിർമ്മിക്കാവുന്നതാണ്. അത്തരത്തിൽ IRC 116 പ്രകാരം നിർമ്മിച്ചിട്ടുള്ള pothole patching മിശ്രിതവും കേരളത്തിൽ ലഭ്യമാണ്. IRC 116 പ്രകാരം നിർമ്മിച്ചിട്ടുള്ള മറ്റ് pothole patching മിശ്രിതത്തെക്കുറിച്ച് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തുകയും അത് ഈട് നിൽക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന് ഷെൽമാക് മിശ്രിതം ലഭിക്കുന്നത് ഏതൊക്കെ ഏജൻസികൾ മുഖേനയാണ്; ആയത് ലഭിക്കുന്നത് ഇ-ടെണ്ടർ മുഖേനയാണോ; ഇതുവരെ ടെണ്ടർ ലഭിച്ചിട്ടുള്ള ഏജൻസികളുടെ പേര് വിവരം ലഭ്യമാക്കാമോ?

ഇ-ടെണ്ടർ മുഖേനയാണ് മിശ്രിതം ലഭ്യമാകുന്നത്. M/s. SarDe Trivandrum, M/s Bitutech, Trivandrum എന്നിവയാണ് ഇതുവരെ ടെണ്ടർ ലഭിച്ചിട്ടുള്ള പ്രധാന ഏജൻസികൾ.

(ഡി) വർദ്ധിച്ച ഈർപ്പം, ഗതാഗതസാന്ദ്രത എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഷെൽമാക് മിശ്രിതത്തിന്റെ ആയുസ് കുറയ്ക്കുമെന്നതിനാൽ അത്തരം ഇടങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് മറ്റ് നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

ഈർപ്പമുള്ള കാലാവസ്ഥയിൽ കോൾഡ് മിക്സ് ഉപയോഗിച്ചും അല്ലാത്ത സാഹചര്യത്തിൽ ഹോട്ട് മിക്സ് ഉപയോഗിച്ചും കുഴികളടയ്ക്കുന്നുണ്ട്.

(ഇ) ബി.എം.&ബി.സി. ടാറിംഗ് ചെയ്തയിടങ്ങളിൽ ഒരു കിലോമീറ്റർ ദൂരം അഞ്ചരമീറ്റർ വീതിയിൽ ബി.സി. ഓവർലേ നടത്തുന്നതിന് ഇപ്പോഴത്തെ റേറ്റിൽ എത്ര രൂപയാണ് എസ്റ്റിമേറ്റ് എന്നറിയിക്കാമോ?

DSoR 2018 പ്രകാരം, 1 കിലോമീറ്റർ ദൂരം 5.50 മീറ്റർ വീതിയിൽ 40mm കനത്തിൽ BC Overlay ചെയ്യുന്നതിന് ഏകദേശം 30 ലക്ഷം രൂപ ചെലവുവരും.

(എഫ്) ബി.എം.&ബി.സി. ടാറിംഗ് ചെയ്തയിടങ്ങളിൽ അറ്റകുറ്റപ്പണിക്ക് വൈറ്റ് ടോപ്പിംഗ് സാദ്ധ്യമാണോ; ഒരു കിലോമീറ്റർ ദൂരം അഞ്ചരമീറ്റർ വീതിയിൽ വൈറ്റ് ടോപ്പിംഗ് ചെയ്യുന്നതിന് ഇപ്പോഴത്തെ റേറ്റിൽ എത്രരൂപയാണ് എസ്റ്റിമേറ്റ് എന്നറിയിക്കാമോ?

ബി.എം. & ബി.സി. ടാറിംഗ് ചെയ്തയിടങ്ങളിൽ അറ്റകുറ്റപ്പണിക്ക് വൈറ്റ് ടോപ്പിംഗ് അനുയോജ്യമല്ല. മണ്ണിന്റെ ഘടനയും ട്രാഫിക് സാന്ദ്രതയും കണക്കിലെടുത്ത് ഡിസൈൻ ചെയ്താണ് വൈറ്റ് ടോപ്പിംഗ് റോഡിന്റെ കനവും അതിനാവശ്യമായ ബേസ്, സബ് ബേസ് എന്നിവയും തീരുമാനിക്കുന്നത്.

**തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് വർക്ക്**

35 (3077) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ചെയ്യുന്നതുസംബന്ധിച്ച ഫയൽ നിലവിൽ വകുപ്പിലെ ഏത് സെക്ഷനിലാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

(എ&ബി) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 05-01-2021-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ ദൈർഘ്യത്തിൽ വ്യതിയാനമുണ്ടെന്ന് കണ്ടെത്തിയതിനാലും ജി.എസ്.ടി. നിരക്ക് പരിഷ്കരിച്ചതിനാലും പുതുക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പൊ.മ.വ.-പി.എസ്1/146/2022/പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ടിലുൾപ്പെട്ട റോഡുകൾ**

36 (3078) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ടിലുൾപ്പെട്ട റോഡുകളുടെ പട്ടിക ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിലുൾപ്പെടുന്ന റോഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇവയിൽ ഏതൊക്കെ റോഡുകൾക്ക് തുക അനുവദിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കരാറുകാരുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കരാറിലേർപ്പെട്ടിട്ടില്ലാത്ത പ്രവൃത്തികൾക്ക് 04-02-2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**മലയോര ഹൈവേ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

37 (3079) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ?

സാമ്പത്തിക അംഗീകാരം നൽകിയ മലയോര ഹൈവേ റീച്ചുകളിൽ സൗജന്യമായി ഭൂമി ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. സൗജന്യമായി ഭൂമി വിട്ടുകിട്ടിയ 467 km വരുന്ന 28 റീച്ചുകളിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മലയോര ഹൈവേയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**കച്ചേരിക്കടവ് പാലം-അനുബന്ധ റോഡ് നിർമ്മാണം**

38 (3080) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കച്ചേരിക്കടവ് പാലം-അനുബന്ധ റോഡിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. തുക പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് വഴി ലഭിച്ച തുക റവന്യൂ വകുപ്പിലേയ്ക്ക് അടച്ചിട്ടുള്ളത് മതിപ്പ് തുകയേക്കാൾ 30,545 രൂപ കുറവായതിനാൽ ആയതുകൂടി അനുവദിച്ചുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തുക അനുവദിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി നഷ്ടപരിഹാരം വിതരണം ചെയ്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം ഉടൻ

ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കുന്നമുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് പ്രകാരമുള്ള റോഡിന്റെ പൂർത്തീകരണം**

39 (3081) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (OPBRC) പദ്ധതിപ്രകാരം നിർമ്മാണം നടത്തുന്ന റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) ഈ പദ്ധതിപ്രകാരം നിർമ്മാണം നടത്തുന്ന വട്ടവട-ടോപ്പ് സ്റ്റേഷൻ-മൂന്നാർ റോഡിൽ മൂന്നാർ മുതൽ വട്ടവട വരെയുള്ള ടാറിംഗ് പ്രവൃത്തികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

Minor Improvements-ലുള്ള ടാറിംഗ് പ്രവൃത്തികൾ കരാർപ്രകാരം 18-11-2023-ൽ പൂർത്തീകരിക്കുന്നതാണ്. പീരിയോഡിക് മെയിന്റനൻസിലുൾപ്പെട്ട ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാർപ്രകാരം 18-11-2027 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) വട്ടവട-ടോപ്പ്സ്റ്റേഷൻ-മൂന്നാർ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിൽ ആരാധനാലയങ്ങൾ സംരക്ഷിച്ചുകൊണ്ട് റോഡ് നിർമ്മാണം**

40 (3082) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റിൽ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ ഉൾപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആരാധനാലയങ്ങളുടെ ഭാരവാഹികളിൽനിന്നും എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) അലൈൻമെന്റിലുൾപ്പെട്ടത് സംബന്ധിച്ച് ചിറമുക്ക് ക്ഷേത്രം, നാവായിക്കുളം ക്ഷേത്രം, തേക്കട മോസ്ക് എന്നീ ആരാധനാലയങ്ങളിൽനിന്നും നിവേദനങ്ങൾ ലഭിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ആരാധനാലയങ്ങൾ സംരക്ഷിച്ചുകൊണ്ട് റോഡ് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ദേശീയപാത അതോറിറ്റി ഹൈവേകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ നിർണ്ണയിക്കുമ്പോൾ ആരാധനാലയങ്ങളെ പരമാവധി ഒഴിവാക്കാറുണ്ടെന്ന് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**ചൂണ്ടി-രാമമംഗലം റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തി**

41 (3083) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡിൽ ജലജീവൻ മിഷന്റെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കെ.ഡബ്ല്യൂ.എ.-യിൽനിന്ന് ഡെപ്പോസിറ്റ് ഈടാക്കിയശേഷം റോഡിന്റെ

പുന:സ്ഥാപന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ (ഫയൽ നം. ജി2/61/2023) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡിൽ ജലജീവൻ മിഷന്റെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കെ.ഡബ്ല്യൂ.എ.-യിൽനിന്ന് ഡെപ്പോസിറ്റ് ഈടാക്കിയശേഷം റോഡിന്റെ പുന:സ്ഥാപന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ ജി2/61/2023 നമ്പർ ഫയലിൽ പരിശോധിക്കുകയും 22-02-2023-ലെ ജി.ഒ. (ആർ.ടി.) നം 196/2023/പൊ.മ.വ. പ്രകാരം 470.9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

42 (3084) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവയിൽ ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിച്ച് പാലം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് നം. പി.ഡബ്ല്യൂ.ഡി/ബി.ആർ./ഇ.എസ്.ടി./ 99253/2021-22 അംഗീകരിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ആയത് എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കുന്നതിനായി ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-ഡി) ആലുവയിലെ ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് സഹിതം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**ഗുരുവായൂർ മണ്ഡലത്തിലെ റോഡുകൾ**

43 (3085) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഏതെല്ലാം റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ കൊമ്പത്തേൽപ്പടി മുതൽ ഐ.സി.എ. വട്ടംപാടം വഴി ഞമനേക്കാട് സെന്റർ വരെയുള്ള തദ്ദേശ റോഡ് ഏറ്റെടുക്കുന്നതിനാണ് പൊതുമരാമത്ത് വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**പാറശ്ശാല മണ്ഡലത്തിലെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ**

44 (3086) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയെത്രയെന്നും പ്രവർത്തനപുരോഗതി എന്തെന്നും അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പയ്യന്നൂർ മണ്ഡലത്തിലെ ബി.എം.ബി.സി. റോഡുകൾ**

45 (3087) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര കിലോമീറ്റർ റോഡാണ് നിലവിലുള്ളത്?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 252.718 കിലോമീറ്റർ റോഡാണ് നിലവിലുള്ളത്. കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുകീഴിൽ 44.175 കിലോമീറ്റർ റോഡാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ടാർ ചെയ്തിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ ബി.എം. &ബി.സി. നിലവാരത്തിൽ 179.120 കിലോമീറ്റർ നീളം റോഡ് ടാർ ചെയ്തിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുകീഴിൽ 28.855 കിലോമീറ്റർ റോഡാണുള്ളത്.

(സി) വീതികൂട്ടി ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കാൻ ബാക്കിയുള്ളത് എത്ര കിലോമീറ്റർ റോഡാണ്; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കാൻ ബാക്കിയുള്ളത് 73.598 കിലോമീറ്റർ നീളം റോഡാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുകീഴിൽ 15.32 കിലോമീറ്റർ റോഡാണുള്ളത്. (അനുബന്ധം 1-ലെ ക്രമ നമ്പർ 4 & 5)+

**തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് നാലുവരിപ്പാത നിർമ്മാണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

46 (3088) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കുന്ന നിർദ്ദിഷ്ട തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് പാതയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് 26-02-2021-ലെ സ.ഉ. (കൈ) 18/2021/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കൽ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ കല്ലിടൽ അടക്കമുള്ള തുടർനടപടികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി കോതമംഗലം താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽക്കൂടി കടന്നുപോകുന്നുവെന്നും കോതമംഗലം താലൂക്കിലെ ഏതെല്ലാം വില്ലേജുകളിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പാത നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-എഫ്) പദ്ധതിയുടെ അലൈൻമെന്റിൽ രണ്ടാംഘട്ടം (Stage 2) ദേശീയപാത അതോറിറ്റിയുടെ ചെയർമാൻ അദ്ധ്യക്ഷനായുള്ള "LA Committee" അംഗീകരിച്ചതിനുശേഷമേ ഏറ്റെടുക്കേണ്ട സ്ഥലം, കല്ലിടൽ അടക്കമുള്ള തുടർനടപടികൾ ആരംഭിക്കുന്നത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന റോഡ്- പാലം പ്രവൃത്തികൾ**

47 (3089) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന റോഡ്-പാലം പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കായും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ-സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന നിരത്ത്, നിരത്ത് പരിപാലന വിഭാഗങ്ങളുടെ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>പാലം വിഭാഗം</u>

മാനന്തവാടി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പാലം പ്രവൃത്തികൾ.

1. പുലിക്കാട്ട് കടവ് പാലം പ്രവൃത്തിക്ക് 12.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. പനമരം ചെറുപുഴ പാലം പ്രവൃത്തിക്ക് 10.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പിയർ ഫൗണ്ടേഷൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
3. താളിപ്പാറക്കടവ് പാലം പ്രവൃത്തിക്ക് 17.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാലം പണി പൂർത്തീകരിച്ചു. 93% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
4. വള്ളിയൂർക്കാവ് പാലം പ്രവൃത്തിക്ക് 17.6 കോടി രൂപ അനുവദിച്ചു. ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നു.

ദേശീയ പാതാ വിഭാഗം

വയനാട് ജില്ലയിൽ സി.ആർ.എഫ്. 2018-2019 ഇംപ്രൂവ്മെന്റ്സ് ടു കാട്ടിക്കുളം പനവല്ലി സർവ്വാണി തിരുനെല്ലി ടെമ്പിൾ റോഡ് എന്ന പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 60% പൂർത്തീകരിച്ചിട്ടുണ്ട്.

മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നതും നിലവിൽ കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ മേൽനോട്ടത്തിൽ വരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുനെല്ലി പഞ്ചായത്തിൽ കാളിന്ദി നദിക്കുകുറുകെ ഞെട്ടറ പാലം പ്രവൃത്തി - 12.77 കോടി രൂപയുടെ സാമ്പത്തികാനുമതി

കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും പുരോഗതിയിലാണ്.

2. ബീനാച്ചി പനമരം റോഡ് (22 km) അഭിവൃദ്ധിപ്പെടുത്തുന്നതിനായി 54.4 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ (അരിവയൽ മുതൽ പള്ളിതാഴെ) വരെയുള്ള പ്രവൃത്തി അവസാനഘട്ടത്തിലാണ്. പള്ളിതാഴെ മുതൽ പനമരം വരെയുള്ള റോഡിന്റെ പ്രവൃത്തിക്ക് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

3. മാനന്തവാടി - കൈതക്കൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 45.55 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഡി.ബി.എം. പ്രവൃത്തി 100% പൂർത്തിയായി. സംരക്ഷണഭിത്തി നിർമ്മാണം ബി.സി. പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. മലയോര ഹൈവേ - ഫേസ് –1 (സ്ട്രെച്ച് 1 : മാനന്തവാടി മുതൽ പച്ചിലക്കാട് വരെ, സ്ട്രെച്ച് 2 : ബോയ്സ് ടൗൺ മുതൽ മാനന്തവാടി വരെ, സ്ട്രെച്ച് 3 : വാളാട് മുതൽ കുങ്കിച്ചിറ വരെ) പ്രവൃത്തിക്ക് 114.12 കോടി രൂപ കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. മാനന്തവാടി മുതൽ പച്ചിലക്കാട് വരെയുള്ള 19.5 കിലോമീറ്റർ റോഡ് പ്രവൃത്തികൾ

പുരോഗമിക്കുന്നു. ബോയ്സ് ടൗൺ മുതൽ മാനന്തവാടി വരെ 12.8 കിലോമീറ്റർ റോഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു. വാളാട് മുതൽ കുങ്കിച്ചിറ വരെ 10.7 കിലോമീറ്റർ റോഡ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. കാപ്പിസെറ്റ് - പയ്യമ്പള്ളി അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 48.04 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. 14.8 കിലോമീറ്റർ ബി.എം. പൂർത്തിയായി. കലുങ്കുകളുടെയും ഓടകളുടെയും നിർമ്മാണം 100% പൂർത്തീകരിച്ചു. സംരക്ഷണഭിത്തി നിർമ്മാണം അന്തിമഘട്ടത്തിലാണ്.

**അയർക്കുന്നം ബൈപാസ് നിർമ്മാണം**

48 (3090) ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണർകാട് - കിടങ്ങൂർ റോഡിൽ അയർക്കുന്നം ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

2020-21, 2022-23 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റുകളിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി അയർക്കുന്നം ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടോക്കൺ പ്രൊവിഷൻ

മാത്രമുള്ള പ്രവൃത്തികൾക്ക് നിലവിലെ തീരുമാനപ്രകാരം ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

**കേരള റോഡ് ഫണ്ട് ബോർഡ്, മലപ്പുറം/പാലക്കാട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷൻ**

49 (3091) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ്, മലപ്പുറം/പാലക്കാട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷനിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള എത്ര പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുവെന്ന് വിശദമാക്കാമോ?

കേരള റോഡ് ഫണ്ട് ബോർഡ് - പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, മലപ്പുറം/പാലക്കാട് ഡിവിഷനുകീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന 93 പ്രോജക്ടുകളാണുള്ളത്. ഇതിൽ മലപ്പുറം ജില്ലയിൽ 51 പ്രവൃത്തികളും പാലക്കാട് ജില്ലയിൽ 42 പ്രവൃത്തികളുമാണുള്ളത്. മലപ്പുറം ജില്ലയിലെ 51 പ്രവൃത്തികളിൽ 23 പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കുകയും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുമാണ്. 13 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 13 പ്രവൃത്തികൾ കരാർവച്ച്

നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നതും 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

പാലക്കാട് ജില്ലയിലെ 42 പ്രവൃത്തികളിൽ 19 പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കുകയും അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുമാണ്. 9 പ്രവൃത്തികൾക്ക് കിഫ്ബി സാമ്പത്തികാനുമതി ലഭിച്ചിട്ട് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 13 പ്രവൃത്തികൾ കരാർവച്ച് നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നതും ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഓഫീസിനുകീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരം നൽകാമോ?

നിലവിൽ ടി കാര്യാലയത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ -1 (ഡെപ്യൂട്ടേഷൻ)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 4 (ഡെപ്യൂട്ടേഷൻ)
3. അസിസ്റ്റന്റ് എഞ്ചിനീയർ–3 (ഡെപ്യൂട്ടേഷൻ)

4. വർക്കിംഗ് അറേഞ്ചുമെന്റ് - 1 ഒഴിവ്

താത്കാലിക നിയമനം

| | | |
|---|---|---|
| 1. പ്രോജക്ട് എഞ്ചിനീയർ | - | 10 nos (Engineering graduate) |
| 2. സൈറ്റ് സൂപ്പർവൈസർ | - | 22 nos |
| 3. ഓഫീസ് അറ്റൻഡന്റ് | - | 1 |
| 4. ക്ലാർക്ക് | - | 1 |
| 5. ടൈപ്പിസ്റ്റ് | - | 1 |
| 6. പാർട്ട് ടൈം സ്വീപ്പർ | - | 1 |

(സി) ജോലിഭാരം കാരണം പ്രസ്തുത ഡിവിഷനിലെ പ്രവൃത്തികൾ സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ ജില്ലാതലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി 10 ഡിവിഷനുകൾ രൂപീകരിച്ച് ഒരു ടീം ലീഡർ, 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 30 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 30 അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉൾപ്പെടെ 71 സാങ്കേതികവിഭാഗം തസ്തികകൾ അനുവദിച്ചിട്ടുള്ളതാണ്. ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 4 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 2 ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്. പാലക്കാട്/മലപ്പുറം ഡിവിഷന് രണ്ട് ജില്ലയുടെ പ്രവൃത്തികളുടെ ചുമതലയുള്ളതിനാൽ അവർക്കാവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. 8 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും അവർക്ക് തുല്യമായി കരാർ വ്യവസ്ഥയിൽ 10 പ്രോജക്ട് എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ 22 സൈറ്റ് സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ മൂന്ന് പ്രവൃത്തികൾക്കും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി സേവനവും നൽകിയിട്ടുണ്ട്.

**പ്ലാസ്റ്റിക് ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം**

50 (3092) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ബിറ്റുമിൻ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ എത്ര വർഷക്കാലം കേടുപാടുകളില്ലാതെ നിലനിൽക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് ബിറ്റുമിൻ, റബ്ബർ ബിറ്റുമിൻ എന്നിവയുപയോഗിച്ച് നിർമ്മാണം നടത്തുന്ന റോഡുകളുടെ താരതമ്യപഠനം നടത്തിയിട്ടുണ്ടോ?

(എ&ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) കേരളത്തിലെ കാലാവസ്ഥയിൽ ഇവയിൽ ഏത് ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണമാണ് ഗുണനിലവാരം പുലർത്തുന്നതെന്നും കൂടുതൽ കാലം നിലനിൽക്കുന്നതെന്നും പരിശോധിച്ചിട്ടുണ്ടോ?

50% പ്ലാസ്റ്റിക് ചേർത്തതും (shredded plastic) 50% NRMB മാത്രമായുമുള്ള ടാർ ഉപയോഗിച്ചാണ് നിലവിൽ ബി.സി. പ്രവൃത്തികൾ ചെയ്തുവരുന്നത്. രണ്ടുതരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും 3 വർഷം വരെ കേടുപാടുകളൊന്നും കൂടാതെ നിലനിൽക്കുന്നതായാണ് കണ്ടുവരുന്നത്. പല അന്താരാഷ്ട്ര പഠനങ്ങളിലും Rubber polymer ആയ Styrene-Butadiene-styrene ചേർത്തുള്ള polymer Modified bitumen (PMB) ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് (നിരത്ത്) വിഭാഗം പ്രവൃത്തികൾ**

51 (3093) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ ചോലക്കൽ-തൊട്ടുപോയിൽ-മീമ്പാറക്കൽ റോഡ്, കാട്ടുങ്ങൽചോല-പുഴങ്കാവ് റോഡ് എന്നിവ ബി.എം. & ബി.സി.

നിലവാരത്തിൽ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മണ്ഡലത്തിൽ ചോലക്കൽ-തൊട്ടുപോയിൽ-മീമ്പാറക്കൽ റോഡ് നവീകരിക്കുന്നതിന് 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കാട്ടുങ്ങൽചോല-പിലാക്കൽ പുഴങ്കാവ് റോഡിന്റെ 0/000 മുതൽ 2/950 വരെ ബി.എം.&ബി.സി. സർഫേസും തുടർന്ന് കി.മീ. 2/950 മുതൽ 7/900 വരെ ബി.ടി. സർഫേസുമാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ റോഡ് പൂർണ്ണമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പാലാ നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനം**

52 (3094) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ പുലിയന്നൂർ പാലം ജംഗ്ഷൻ, കൊട്ടാരമറ്റം ജംഗ്ഷൻ, ആർ.വി. സെന്റർ ജംഗ്ഷൻ, സിവിൽ സ്റ്റേഷൻ ജംഗ്ഷൻ, പനയ്ക്കപ്പാറ ജംഗ്ഷൻ, മഹാറാണി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ റോഡിന്റെ വീതികുറവുമൂലമുണ്ടാകുന്ന വാഹനാപകടങ്ങളും രൂക്ഷമായ ഗതാഗതക്കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത

റോഡുകളുടെ വികസനം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ പുലിയന്നൂർ പാലം ജംഗ്ഷൻ, കൊട്ടാരമറ്റം ജംഗ്ഷൻ, പനയ്ക്കപ്പാറ ജംഗ്ഷൻ, മഹാറാണി ജംഗ്ഷൻ എന്നിവിടങ്ങളിൽ അപായമുണ്ടാകുന്നത് സംബന്ധിച്ച് ആവശ്യമായ പഠനം നാറ്റ്പാക് മുഖേന നടത്താനും ആയതിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വികസന പദ്ധതികൾക്ക് രൂപംനൽകാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റോഡ് പുറമ്പോക്കുകളുടെ കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നടപടികൾ**

53 (3095) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വികസനത്തിനും സുഗമമായ ഗതാഗതത്തിനും പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിൽ വ്യാപകമായി റോഡ് പുറമ്പോക്കുകൾ കയ്യേറുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) റോഡ് പുറമ്പോക്ക് കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ റവന്യൂ സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ച് നിയമപരമായ നോട്ടീസ് നൽകി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

54 (3096) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽനിന്നും എത്ര പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

02-02-2023-ലെ സ.ഉ. (സാധാ) നം.104/2023/പൊ.മ.വ. നമ്പർ ഉത്തരവുപ്രകാരം 2022-23 വർഷത്തിൽ സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (CRIF) ഉൾപ്പെടുത്തി 30 പ്രവൃത്തികൾക്ക് 506.14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രത്തിലേയ്ക്ക് എത്ര രൂപയുടെ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസലാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലുൾപ്പെടുത്തുന്നതിന് 71 പദ്ധതികൾക്കായി 1341.68 കോടി രൂപയുടെ പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നത്.

(സി) അനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിലെ ആറാമത്തെ പ്രവൃത്തിയായ ചാത്തമംഗലം ഇഷ്ടികബസാർ സങ്കേതം മൂഴാപാലം-തെങ്ങിലക്കടവ് റോഡിന് അനുമതി ലഭിക്കാതെ പോയതിന്റെ കാരണം വിശദമാക്കാമോ?

ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുന്ന റോഡുകളിൽ പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്.

(ഡി) കേന്ദ്രം വർഷത്തിൽ അനുവദിക്കുന്ന തുകയുടെ മൂന്നിരട്ടിയോളം വരുന്ന തുകയ്ക്കുള്ള പ്രവൃത്തികൾ അംഗീകാരത്തിനായി സമർപ്പിക്കാനിടയായ സാഹചര്യം വിശദമാക്കാമോ?

ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്ത് ലഭ്യമാക്കുന്ന പ്രൊപ്പോസലുകളാണ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്.

**ചിറക്കൽ ചിറ - രാജാസ് സ്കൂൾ റോഡിന് ഭരണാനുമതി**

55 (3097) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ചിറക്കൽ പഞ്ചായത്തിലെ ചിറക്കൽ ചിറ - രാജാസ് സ്കൂൾ റോഡിന് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ചിറക്കൽ പഞ്ചായത്തിലെ ചിറക്കൽ ചിറ - രാജാസ് സ്കൂൾ റോഡിന്റെ നവീകരണത്തിനായുള്ള 532.45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ**

56 (3098) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് കൃത്യസമയത്ത് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനുള്ള പരിശോധന കൃത്യമായി നടത്തുന്നുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിനും ഈ സമയക്രമം പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഓൺലൈൻ പ്ലാറ്റ്ഫോം സജ്ജമാക്കി. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിലുൾപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലുൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മതിയായ കാരണങ്ങൾമൂലമല്ലാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാറില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ്

എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. എന്നിട്ടും പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്യുകയും റീ-ടെണ്ടർ നടത്തി പ്രവൃത്തി ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുമുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിർമ്മാണപ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മേലുദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റവും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നത് പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റി നിശ്ചിത ഇടവേളയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ സംബന്ധിച്ച തർക്കങ്ങൾ/പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിൽ നടപ്പിലാക്കാനുള്ള വഴിയൊരുക്കുന്നു. പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 4 ജില്ലകളിലായി 140 നിയോജകമണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലതല പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം, നിയോജകമണ്ഡലങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുക, ജനപ്രതിനിധികളുമായി ചർച്ച നടത്തുക, പ്രവൃത്തികളുടെ പുരോഗതിയെക്കുറിച്ചും പ്രവൃത്തികളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി ഇതുസംബന്ധിച്ച വിവരങ്ങൾ ജില്ലാതലത്തിലും ചീഫ് എഞ്ചിനീയർതലത്തിലും സർക്കാർതലത്തിലും അറിയിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നീ നടപടികളാണ് നടപ്പിൽവരുത്തുന്നത്. മിഷൻ പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല അവലോകനം നടത്താനും പദ്ധതി നടത്തിപ്പിലെ

പ്രശ്നങ്ങളും തടസ്സങ്ങളും പരിഹരിക്കുന്നതിനും ഇതുവഴി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കാനും സാധിക്കുന്നുണ്ട്.

(ബി) കഴക്കൂട്ടം മണ്ഡലത്തിൽ വിവിധ വിഭാഗങ്ങളായി വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

കഴക്കൂട്ടം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ കഴക്കൂട്ടം മണ്ഡലത്തിൽ തെറ്റിയാർ തോടിനുകുറുകെ ആറ്റിപ്രയിൽ രണ്ട് പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് രണ്ട് പ്രവൃത്തികളാണ് കഴക്കൂട്ടം മണ്ഡലത്തിൽ നടന്നുവരുന്നത്.

1) പേട്ട-ആനയറ-ഒരു വാതിൽകോട്ട റോഡ് വികസനം

2) മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം റോഡ് വികസനം

നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിൽ കഴക്കൂട്ടം സെക്ഷനിൽ ജനറൽ-ആർ.എം.-2020 ക്ലസ്റ്റർ 1-104 കിലോമീറ്റർ നീളമുള്ള 5 റോഡ് സ്ട്രെച്ചസിലായി 47,60,000 രൂപ അനുവദിച്ച പ്രവൃത്തി നടന്നുവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളെല്ലാംതന്നെ ഓവർസിയറുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടന്നുവരുന്നത്. എല്ലാ ജീവനക്കാർക്കും പ്രത്യേകിച്ച് സാങ്കേതികവിഭാഗം ജീവനക്കാർക്ക് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ ഉത്തരവാദിത്വമുണ്ട്. എഗ്രിമെന്റ് അതോറിറ്റി എന്നനിലയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ടെണ്ടർ ചെയ്യുമ്പോൾത്തന്നെ പൂർത്തീകരണ കാലാവധി പ്രസിദ്ധപ്പെടുത്തുകയും പ്രവൃത്തി പുരോഗതി പ്ലാൻ ഓഫ് ആക്ഷൻ അനുസരിച്ചാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സമയാസമയങ്ങളിൽ മേലുദ്യോഗസ്ഥർ പ്രവൃത്തികളുടെ സൈറ്റ് സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും പ്രവൃത്തി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തീകരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**തരൂർ നിയോജകമണ്ഡലത്തിലെ അണക്കപ്പാറ-മുടപ്പല്ലൂർ റോഡ്**

57 (3099) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ അണക്കപ്പാറ-മുടപ്പല്ലൂർ റോഡ് നിർമ്മാണം അനന്തമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കരാർ പ്രകാരം 23-04-2021 വരെ പൂർത്തീകരണ കാലാവധിയുണ്ടായിരുന്നത് കേരള ജല അതോറിറ്റിയുടെ കിഫ്ബി പദ്ധതിയുടെ ഭാഗമായ കുടിവെള്ള പൈപ്പിടൽ കാരണം പൂർത്തീകരണ കാലാവധി 30-11-2022 വരെ ദീർഘിപ്പിച്ചിരുന്നതാണ്.

(സി) അണക്കപ്പാറ-മുടപ്പല്ലൂർ റോഡുപണിയുടെ പൂർത്തീകരണത്തിൽ കരാറുകാരന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കർശന താക്കീത് നൽകിയിരുന്നെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിയിൽനിന്നും

കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ബി.എം. & ബി.സി. റോഡുകൾ**

58 (3100) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആകെ റോഡിന്റെ നീളം എത്രയാണ്?

പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്റർ പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിൽ 167.224 കിലോമീറ്റർ റോഡാണുള്ളത്.

(ബി) പ്രസ്തുത റോഡുകളിൽ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയ റോഡുകൾ ഏതെല്ലാമാണെന്നും ഈ റോഡുകളുടെ ആകെ നീളം എത്രയാണെന്നും 2021 വരെ ചെയ്തവയും 2021 മുതൽ നാളിതുവരെ ചെയ്തവയും തരംതിരിച്ച് വ്യക്തമാക്കുമോ?

I. 2021 വരെ ബി.എം.&ബി.സി. നിലവാരത്തിൽ ചെയ്ത റോഡുകൾ താഴെ ചേർക്കുന്നു.

കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ റോഡ് - 13.054 കി.മീ.

വാഴാനി റോഡ് - 8.000 കി.മീ.

അത്താണി - മെഡിക്കൽ കോളേജ് റോഡ് - 2.700 കി.മീ.

അമല - പാവറട്ടി റോഡ് - 6.537 കി.മീ.

തൃശ്ശൂർ - കുറ്റിപ്പുറം റോഡ് - 9.000 കി.മീ.

അവണൂർ റോഡ് - 3.000 കി.മീ.

കൈപ്പറമ്പ് - പറപ്പൂർ റോഡ് - 3.400 കി.മീ.

ആകെ – 45.691 കി.മീ.

II. 2021 മുതൽ നാളിതുവരെ ബി.എം. & ബി.സി. നിലവാരത്തിൽ ചെയ്ത റോഡുകൾ

കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡ് - 2.965 കി.മീ.

അത്താണി - മെഡിക്കൽ കോളേജ് റോഡ് - 2.800 കി.മീ.

അത്താണി - പുത്തുരുത്തി റോഡ് - 1.500 കി.മീ.

അടാട്ട് - ചിറ്റിലപ്പിള്ളി റോഡ് - 1.415 കി.മീ.

മുതുവറ – അടാട്ട് റോഡ് - 1.500 കി.മീ.

മുതുവറ – അമ്പലക്കാവ് റോഡ് - 3.000 കി.മീ.

കൈപ്പറമ്പ് - പറപ്പൂർ റോഡ് - 2.290 കി.മീ.

കുറ്റൂർ - പേരാമംഗലം റോഡ് - 1.810 കി.മീ.

ആകെ - 17.280 കി.മീ.

**പൊന്നുരുക്കിപ്പാറ-കാരക്കുണ്ട്-മടന്തട്ട റോഡ് മെക്കാഡം ടാറിംഗ്**

59 (3101) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (സി.ആർ.ഐ.എഫ്.) ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി-തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പൊന്നുരുക്കിപ്പാറ-കാരക്കുണ്ട്-മടന്തട്ട റോഡ് മെക്കാഡം ടാറിംഗ് ചെയ്യുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ആർ.ഐ.എഫ്.) പദ്ധതിയിലുൾപ്പെടുത്തി 02-02-2023-ലെ സ.ഉ.(സാധാ)നം.104/2023/ പൊ.മ.വ. പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 19.9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മട്ടന്നൂർ നഗരസഭയിലെ ആണിക്കരി-കീച്ചേരി-ചാവശ്ശേരിപറമ്പ് റോഡ്**

60 (3102) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ ആണിക്കരി-കീച്ചേരി-ചാവശ്ശേരിപറമ്പ് റോഡ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നത് സംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് നിരത്ത് വിഭാഗം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് നിർമ്മാണം**

61 (3103) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തിക്ക് ടെണ്ടർ നൽകിയത് എന്നാണെന്ന് അറിയിക്കുമോ?

തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തിക്ക് 07-03-2019-ന് ക്ഷണിച്ച ടെണ്ടർ പ്രകാരം ശ്രീ. മുഹമ്മദ് അക്ബർ വി. എന്ന കരാറുകാരൻ 19-09-2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

പുതുക്കോട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ, ജല അതോറിറ്റിയുടെ റോഡ് കീറിമുറിച്ചുകൊണ്ടുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നിവയും കരാറുകാരന്റെ ഭാഗത്തുനിന്നുമുള്ള അനാസ്ഥയും പ്രവൃത്തി പൂർത്തീകരിക്കുന്നത് താമസിക്കുവാൻ കാരണമായി.

(സി) പ്രസ്തുത റോഡിന്റെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ചെയ്യുന്നുണ്ടോയെന്ന് ബന്ധപ്പെട്ട വകുപ്പ് അധികാരികൾ പരിശോധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ പുരോഗതി ഉറപ്പാക്കുന്നതിന് ഫോൺ മുഖാന്തരവും വിവിധ കത്തുകൾ മുഖാന്തരവും കരാറുകാരനോട് നിരന്തരം ആവശ്യപ്പെടുകയും കരാറുകാരന് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് അന്ത്യശാസനം നൽകുകയും ചെയ്തിരുന്നു. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളൊന്നും

കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിനാൽ ടി പ്രവൃത്തിയിൽനിന്നും കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡ് വികസനം**

62 (3104) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള മാവൂർ-എൻ.ഐ.ടി. - കൊടുവള്ളി റോഡിന്റെ 85 ശതമാനത്തിലധികം ഭൂമിയും മുൻകൂർ വിട്ടുകിട്ടിയിരുന്നെങ്കിലും സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മാവൂർ - എൻ.ഐ.ടി. - കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 15-02-2020-ൽ ഭൂമിയേറ്റെടുക്കുന്നതിനായി 7 കോടി രൂപയുൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്.

01-08-2022-ൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എസ്റ്റിമേറ്റുകൾ ലഭ്യമാക്കൽ, ഭൂമി മുൻകൂറായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണം**

63 (3105) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ മറുപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ടി വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് നൽകിയ അഭിപ്രായം (അനുബന്ധമായി ചേർത്തിരിക്കുന്നു)+ ധനകാര്യ വകുപ്പ് അംഗീകരിക്കുകയാണുണ്ടായത്.

**പാലാ നിയോജകമണ്ഡലത്തിലെ ആർ.ഡി.ഒ. കോംപ്ലക്സ് നിർമ്മാണം**

64 (3106) <u>ശ്രീ. മാണി. സി. കാപ്പൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ ആർ.ഡി.ഒ. കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ ആർ.ഡി.ഒ. കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി ആർക്കിടെക്ചറൽ ഡ്രോയിംഗ് ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ ബോർഡ് (DRIQ)-ലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയത് ലഭ്യമായാലുടൻ പ്രവൃത്തി ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

65 (3107) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള വിവിധ സ്കൂൾ കെട്ടിടങ്ങൾ, കോടതി കെട്ടിടങ്ങൾ, എക്സൈസ് കോംപ്ലക്സ്, ആശുപത്രി കെട്ടിടങ്ങൾ, ചാരുംമൂട് സിവിൽ സ്റ്റേഷൻ, രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജ് തുടങ്ങിയ പ്രവൃത്തികളുടെ നിർമ്മാണം കാലങ്ങളായി ആരംഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണങ്ങളുടെ ഡിസൈൻ, സാങ്കേതിക അനുമതി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അവയുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുമോ?

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത നിർമ്മാണങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത നിർമ്മാണങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരണം**

66 (3108) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിനായി 14.2 ലക്ഷം രൂപയുടെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുറ്റ്യാടി റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2023-24 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. (അടങ്കൽ തുക 5 കോടി).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെട്ടിട നിർമ്മാണത്തിന്റെ മുന്നോടിയായുള്ള മണ്ണ് പരിശോധനയും ഫൗണ്ടേഷൻ ഡിസൈനും**

67 (3109) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം നിർവ്വഹിച്ച് വരുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് മുന്നോടിയായി മണ്ണ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈനുവേണ്ടിയുള്ള സോയിൽ ടെസ്റ്റ് ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് മാത്രമായി ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തി പ്രവൃത്തി ചെയ്യാൻ സാധിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ

ജില്ലകളിൽ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (RIQCL) മുഖേനയും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. 25-02-2022-ലെ G.O(Rt)No.210/2022/PWD, 08-02-2022-ലെ G.O(Rt)No.137/2022/PWD എന്നീ ഉത്തരവുകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേനയും ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.

(ബി) ചെറിയ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുപോലും ഭൂകമ്പം പ്രതിരോധിക്കാൻ എന്ന പേരിൽ പൈൽ ഫൗണ്ടേഷൻ നിർദ്ദേശിച്ച് ദുർവ്യയം നടത്തുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നിർമ്മാണം നടത്തുന്ന പ്രവൃത്തികൾക്ക് സോയിൽ ഇൻവെസ്റ്റിഗേഷൻ ചെയ്ത് അതുപ്രകാരം പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗമാണ് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നത്. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും ചീഫ് ആർക്കിടെക്റ്റും അംഗീകരിച്ച ആർക്കിടെക്ചറൽ ഡ്രോയിംഗ് അനുസരിച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡുകളായ IS 893:2016, IS 13920-2016, NBC 2016, IS 456-2000 എന്നിവ പ്രകാരമാണ് കെട്ടിടങ്ങളുടെ ഘടനാപരമായ രൂപകല്പന

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചെയ്യുന്നത്. ഓരോ കെട്ടിടത്തിന്റെയും ഫൗണ്ടേഷൻ ഡിസൈൻ ചെയ്യാനാവശ്യമായ മണ്ണ് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗവൺമെന്റ് അംഗീകൃത എംപാനൽഡ് ലിസ്റ്റിലെ എഞ്ചിനീയറിംഗ് കോളേജുകൾ മുഖേനയോ ടെണ്ടർ മുഖേനയോ ഏജൻസിയെ തെരഞ്ഞെടുത്ത് പ്രവൃത്തി ചെയ്യുവാൻ ചുമതലപ്പെടുത്തുന്നു. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന മണ്ണ് പരിശോധനാ റിപ്പോർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി Specific foundation recommendation-നോടുകൂടി ഡിസൈൻ ഓഫീസിൽ നൽകുകയാണ് ചെയ്യുന്നത്. കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ മണ്ണിന്റെ ഘടനയും കെട്ടിടത്തിന്റെ വിസ്തീർണ്ണവും നിലകളുടെ എണ്ണവും കെട്ടിടത്തിൽ വരുന്ന ലോഡ്സും അനുസരിച്ചാണ് 'Shallow Foundation' ആണോ 'pile foundation' ആണോ അനിവാര്യം എന്ന് തീരുമാനിക്കുന്നത്. ഭൂകമ്പം സംബന്ധിച്ച കോഡായ IS 1893 പ്രകാരം മണ്ണിന്റെ ഭാരവാഹനശേഷി ഉപരിതലത്തിലെ പാളികളിൽ കുറവാണെങ്കിൽ Ground Improvement മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം Deep Foundation (Pile Foundation) സ്വീകരിക്കേണ്ടതാണെന്നും പ്രതിപാദിച്ചിരിക്കുന്നു.

(സി) പ്രായോഗിക പരിചയമുള്ള ഉദ്യോഗസ്ഥർ തീരുമാനിക്കേണ്ട ഫൗണ്ടേഷൻ റെക്കമന്റേഷൻ ക്ലാസ്റ്റൂം പരിചയം മാത്രമുള്ള അദ്ധ്യാപകരിൽ നിന്നും സ്വീകരിച്ച് അതേപടി നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

25-02-2022-ലെ G.O.(Rt)No.210/2022/PWD, 08-02-2022-ലെ G.O.(Rt)No.137/2022/PWD എന്നീ ഉത്തരവുകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളെയാണ് ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുവേണ്ടി എംപാനൽ ചെയ്തിട്ടുള്ളത്.

**നിർമ്മാണ മേഖലയിൽ രൂപകല്പനാ നയം**

68(3110) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ ഗുണനിലവാരത്തോടൊപ്പം സൗന്ദര്യാത്മകതയ്ക്കുകൂടി പ്രാധാന്യം നൽകിക്കൊണ്ട് ഒരു രൂപകല്പനാ നയം നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാന കാഴ്ചപ്പാട് വ്യക്തമാക്കാമോ?

ഉണ്ട്. പൊതുസമൂഹം ദൈനംദിനമെന്നോണം ഇടപെടേണ്ടിവരുന്ന പൊതുഇടങ്ങൾ, പബ്ലിക് പാർക്കുകൾ, വഴികൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, അനുബന്ധ സൗകര്യങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, പൊതുകെട്ടിടങ്ങൾ എന്നിവയുടെ രൂപകൽപ്പനകൾ കാലാനുസൃതമായും സൗന്ദര്യാത്മകമായും നിർവ്വഹിക്കുവാനും അതനുസരിച്ച് നിർമ്മിച്ച് പരിപാലനം ചെയ്യുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നിർദ്ദിഷ്ട രൂപകല്പന നയത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ പ്രകൃതിയെ അവലംബിച്ചുകൊണ്ടുള്ളതും സുസ്ഥിര വികസന നയത്തിലൂന്നിയുള്ളതുമായ നിർദ്ദേശങ്ങൾ ഈ നയത്തിലുണ്ടാകും.

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്കും പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിക്കും പ്രാധാന്യം നൽകിക്കൊണ്ടും പ്രാദേശികമായി ലഭ്യമാകുന്ന പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടുമുള്ള കെട്ടിട, റോഡ് നിർമ്മാണ രീതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്കും പരമ്പരാഗത റോഡ് നിർമ്മാണ ശൈലിക്കും പ്രാധാന്യം നൽകിക്കൊണ്ടും പ്രാദേശികമായി ലഭ്യമാകുന്ന

പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടുമുള്ള റോഡ് നിർമ്മാണരീതികൾ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പരിസ്ഥിതി സൗഹാർദ്ദമായ റോഡ് നിർമ്മാണം മുൻനിർത്തി ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ എന്നിവ ഉപയോഗിച്ചുള്ള റോഡ് ഉപരിതല നിർമ്മാണം, ഗതാഗതയോഗ്യമല്ലാത്ത റോഡ് യന്ത്രസഹായത്തോടെ പൊളിച്ചുതരികളാക്കി സിമന്റും ചുണ്ണാമ്പ് കല്ലും കാൽസിയം ക്ലോറൈഡ് അടക്കമുള്ള രാസപദാർത്ഥങ്ങളും കലർത്തി മിശ്രിതമാക്കി പുതിയ റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ, റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ ഭൂവസ്ത്രം, Gabion Retaining Walls എന്നിവ ഉൾപ്പെടുത്തിയ നിർമ്മാണരീതികൾ ഉപയോഗിച്ചുവരുന്നു. ഏത് പ്രദേശത്തിന്റെയും തനത് ഭൂപ്രകൃതിയും കാലാവസ്ഥയും പരിഗണിച്ചുകൊണ്ടുമാത്രമേ അതത് സ്ഥലത്തെ നിർമ്മാണങ്ങൾ, പ്രത്യേകിച്ച് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുവാൻ സാധിക്കുകയുള്ളൂ. ആവശ്യങ്ങൾ പരിമിതമായിരുന്ന കാലത്തെ നിർമ്മാണങ്ങൾ അതേപടി ഇന്ന് സ്വീകരിക്കുവാൻ സാദ്ധ്യമല്ലെങ്കിലും പരമാവധി വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുന്ന പാരമ്പര്യ പ്ലാനിംഗ്

ആശയങ്ങൾതന്നെയാണ് ഇന്നും പ്രസക്തവും അനുവർത്തിച്ചുവരുന്നതും. 75 ശതമാനത്തിൽ കൂടുതൽ ഹ്യൂമിഡിറ്റിയുള്ള കേരളത്തിൽ ശക്തമായ മഴയെയും കഠിനമായ ചൂടിനേയും പ്രതിരോധിക്കുന്ന ക്രോസ് വെന്റിലേഷൻ പരമാവധി ഉറപ്പാക്കുന്നതരത്തിലുള്ള നിർമ്മാണശൈലി വകുപ്പിന്റെ നിർമ്മിതികളിൽ സ്വീകരിച്ചുവരുന്നു. പ്രാദേശികമായി ലഭ്യമായിരുന്ന നിർമ്മാണ വസ്തുക്കളുടെ അഭാവം നിർമ്മാണമേഖലയെ വളരെയധികം ബാധിച്ചിട്ടുണ്ട്. പ്രത്യേക ഉപയോഗത്തിനുള്ളതും കലാപരമായി കൂടുതൽ ശ്രദ്ധവേണ്ടുന്നതുമായ നിർമ്മിതികളിൽ (Iconic buildings) നിർമ്മാണ സാമഗ്രികൾ ഉപയോഗ പ്പെടുത്താവുന്നതാണ്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലും പാതയോരങ്ങളിലുമുള്ള സ്വകാര്യ കെട്ടിടങ്ങളുടെ നിർമ്മാണം പ്രസ്തുത രൂപകല്പന നയത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധനാവിധേയമാക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുസമൂഹം ദൈനംദിനമെന്നോണം ഇടപെടേണ്ടി വരുന്ന പൊതു ഇടങ്ങൾ, പബ്ലിക് പാർക്കുകൾ, വഴികൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, അനുബന്ധ സൗകര്യങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, പൊതുകെട്ടിടങ്ങൾ എന്നിവയുടെ രൂപകല്പനകൾ

കാലാനുസൃതമായും സൗന്ദര്യാത്മകമായും നിർവ്വഹിക്കുവാനും അതനുസരിച്ച് നിർമ്മിച്ച് പരിപാലനം ചെയ്യുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നിർദ്ദിഷ്ട രൂപകല്പന നയത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

**വാമനപുരം ഫാമിലി ഹെൽത്ത് സെന്റർ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

69 (3111) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഫാമിലി ഹെൽത്ത് സെന്റർ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ?

നിലവിലുള്ള ഭരണാനുമതി തുകയായ 620 ലക്ഷം രൂപ ഉപയോഗിച്ച് വാമനപുരം ഫാമിലി ഹെൽത്ത് സെന്ററിനുവേണ്ടി മൂന്ന് നിലകളുടെ സിവിൽ പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും (ലിഫ്റ്റ് ഉൾപ്പെടെ) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനത്തിൽ ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്നും ഇവ പൂർത്തീകരിച്ച് കെട്ടിടം എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

നിലവിലെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികളെല്ലാംതന്നെ (സിവിൽ, ഇലക്ട്രിക്കൽ) പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടം നാല് നിലകളിലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ നാലാമത്തെ നിലകൂടി ചെയ്താൽ മാത്രമേ ഫയർ ഫൈറ്റിംഗ് സംവിധാനവും അനുബന്ധ പ്രവൃത്തികളായ OHT, SUMP മുതലായവ ചെയ്യുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പൂർത്തിയാക്കിയിരിക്കുന്ന മൂന്ന് നിലകൾവച്ച് ഹോസ്പിറ്റൽ ഫംഗ്ഷൻ ചെയ്യാവുന്നതാണ്. കെട്ടിടത്തിന്റെ നാലാമത്തെ നിലയും അനുബന്ധ പ്രവൃത്തികളും (ഫയർ ഫൈറ്റിംഗ്) ഉൾപ്പെടെയുള്ളവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത നിർമ്മാണത്തിനായി ഏതെല്ലാം ഫണ്ടുകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

4210-01-110-74-PV' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ പ്രസ്തുത പ്രവൃത്തിക്കായി 620 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

**മാവേലിക്കര ഗവ. ആയുർവേദ ആശുപത്രിയുടെ നിർമ്മാണം**

70 (3112) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബജറ്റിൽ അനുവദിച്ച മാവേലിക്കര ഗവ. ആയുർവേദ ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി തിരുവനന്തപുരം, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർക്ക് 01-02-2023-ൽ 550.755 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡിസൈൻ, ഭരണാനുമതി എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു[+]. ഡിസൈൻ, ഭരണാനുമതി എന്നിവ ലഭ്യമായിട്ടില്ല.

(സി) പ്രവൃത്തിയുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട കോടതി സമുച്ചയത്തിന്റെ പൂർത്തീകരണം**

71 (3113) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് (മൂന്നാം ഘട്ടം) തയ്യാറാക്കി ഭരണാനുമതിക്കായി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിന്മേലുള്ള തുടർനടപടികൾ വിശദമാക്കാമോ?

(എ&ബി) കാട്ടാക്കട കോടതി സമുച്ചയത്തിന്റെ മൂന്നാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ കാര്യാലയത്തിൽനിന്നും 20-10-2022-ലെ CE/BL/PL1/TVPM/15563/ 2022-23-1-1 കത്ത് പ്രകാരം രജിസ്ട്രാർ, സബോർഡിനേറ്റ് ജൂഡീഷ്യറി, ബഹു.ഹൈക്കോടതി എറണാകുളത്തിന് സമർപ്പിച്ചിട്ടുണ്ട്.

**പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ജനസൗഹൃദമാക്കാൻ സ്വീകരിച്ച നടപടികൾ**

72(3114) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ ജനസൗഹൃദമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് എളുപ്പത്തിൽ മുറികൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിന് സഹായകരമായി Centralised Control Room ആഴ്ചയിൽ ഏഴ് ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(ബി) ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്നതും നിലവിൽ സ്ഥല സൗകര്യമുള്ളതുമായ റസ്റ്റ് ഹൗസുകൾ വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്നതും നിലവിൽ സ്ഥല സൗകര്യമുള്ളതുമായ 20 റസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവർത്തനത്തിന്റെ ഭരണാനുമതിക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 1421.44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ**

73(3115) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് 06-11-2021-ന് 3,750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കപ്പെടേണ്ട നടപടിക്രമങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈനിൽ വന്ന മാറ്റങ്ങളും DSoR, ജി.എസ്.ടി. നിരക്കുകൾ പുതുക്കിയതും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സ്ഥലം ഏറ്റെടുപ്പ് നടപടികളും C.R.Z., I.W.A.I., Water Metro തുടങ്ങിയ അനുമതികളും

ജിഡ (GIDA) വഴി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത അനുമതികൾ ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പാലത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും സ്ഥലമേറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നത് ജിഡ ആണ്.

(സി) ഏറ്റെടുക്കപ്പെടേണ്ട ഭൂമിയിൽ വാട്ടർ മെട്രോയുടേയും പൊതുമരാമത്ത് വകുപ്പിന്റെയും സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വാട്ടർ മെട്രോയുടെ സ്ഥലവും പൊതുമരാമത്ത് വകുപ്പിന്റെ റോഡായി കിടക്കുന്ന സ്ഥലവും പാലം നിർമ്മാണത്തിന് ആവശ്യമായിവരുന്നുണ്ട്. ജിഡ അധികൃതർ, വാട്ടർ മെട്രോ A.G.M, പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ഉദ്യോഗസ്ഥർ, കടമക്കുടി പഞ്ചായത്ത് വൈസ് പ്രസിഡന്റ്, സ്ഥലം മെമ്പർമാർ എന്നിവരുമായി 03-02-2023-ൽ ജിഡ ഓഫീസിൽ ചേർന്ന

സംയുക്ത യോഗതീരുമാനപ്രകാരം വാട്ടർ മെട്രോ ഏറ്റെടുത്ത് കൈവശം വച്ചിട്ടുള്ള സ്ഥലം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജിഡ സ്വീകരിച്ചിട്ടുണ്ട്.

**ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം**

74 (3116) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസിൽ വരുന്ന അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അലൈൻമെന്റ് ഡ്രോയിംഗ്) അംഗീകരിച്ച് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ദീർഘകാലമായിട്ടും ഇത് ലഭിക്കാത്ത കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ റെയിൽവേയുമായി ചേർന്ന് ഏതെങ്കിലും തരത്തിലുള്ള യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഒരോടം പാലം-മാനത്തുമംഗലം ബൈപ്പാസിൽ വരുന്ന റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ്

അംഗീകാരത്തിനായി ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ ഹെഡ് ക്വാർട്ടേഴ്സ് ഓഫീസ്, വർക്ക് ബ്രാഞ്ച് ചെന്നൈ എന്നിവർക്ക് G.A.D. സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിനുള്ള P&E ചാർജ്ജ് 28-01-2021-ന് അടവാക്കിയിട്ടുള്ളതുമാണ്. ആയത് ലഭ്യമായിട്ടില്ല. 28-06-2022, 30-11-2022 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്. റെയിൽവേയുമായി ചേർന്ന് യോഗങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ പുതിയ പാലങ്ങൾ**

75 (3117) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ നിർമ്മാണ നിർദ്ദേശം ഉയർന്ന പുതിയ പാലങ്ങൾ ചുവടെ പറയുന്നവയാണ്.

1. പാമ്പാടി പാലം

2. തൊടയാർ പാലം

3. പട്ടത്തൂർ പാലം

4. ബണ്ടിമാർ കുരുടപടവ്

5. ഉറുമി പാലം

6. കുണ്ടാപ്പു പാലം

7. കുത്താജെ പാലം

8. ബജ്പെകടവ് പാലം

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലുകൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) നിർദ്ധിഷ്ട പാലങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

(ബി & സി)

1. <u>പാമ്പാടി പാലം</u>

ഷിറിയ പുഴയ്ക്ക് കുറുകെ പുതുതായി നിർമ്മിക്കുന്ന പാമ്പാടി പാലത്തിന്റെ (T Bridges) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഈ പാലം കുമ്പള, പൈവളികെ, പുത്തിഗെ എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

2. <u>തൊടയാർ പാലം</u>

മൊഗ്രാൽ പുഴക്ക് കുറുകെ കമ്പാർ - തൊടയാർ - മായപ്പാടി റോഡിൽ തൊടയാർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്തിനെയും പുത്തിഗെ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറി. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. <u>പട്ടത്തൂർ പാലം</u>

തൊടയാർ എന്ന സ്ഥലത്ത് മൊഗ്രാൽ പുഴയ്ക്കുകറുകെ പട്ടത്തൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത പാലം ജില്ലയിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളായ നീർച്ചാൽ - ഷിരുബാഗിലു, ശാന്തിപ്പള്ളം - തൊടയാർ - മായപ്പാടി റോഡുകളെ തമ്മിൽ

ബന്ധിപ്പിക്കുന്നു. റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ബണ്ടിമാർ കുരുടപടവ് പാലം

ഷിറിയ പുഴയ്ക്ക് കുറുകെ കുരുടപടവ് ബണ്ടിമാർ - ബോർക്കള റോഡിൽ ബണ്ടിമാർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ബണ്ടിമാർ പ്രദേശത്തെ ജനങ്ങൾക്ക് ഹൊസങ്കടി - മഞ്ചേശ്വരം - മംഗലാപുരം എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് 15 കിലോമീറ്റർ ദൂരം ലാഭിക്കാൻ സാധിക്കും. കൂടാതെ ദൈഗോളി - ബോളിമാർ പ്രദേശത്തെ ജനങ്ങൾക്ക് ഉക്കിനടുക്ക മെഡിക്കൽ കോളേജിലേയ്ക്ക് എത്തിച്ചേരുന്നതിന് വളരെ ഉപകാരപ്രദമായിരിക്കും.

5. ഉറുമി പാലം

കാസർകോട് ജില്ലയിലെ പുത്തിഗെ - മുഗു - പൊന്നംഗള – പാടലടുക്ക റോഡിൽ ഉറുമി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിക്കുന്ന ഈ പ്രവൃത്തി പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ Phase – III-ൽ ഉൾപ്പെട്ടിട്ടുണ്ട്.

6. <u>കുണ്ടാപ്പു പാലം</u>

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പറവൂർ - ബേക്കറി ജംഗ്ഷൻ റോഡിൽ കുണ്ടാപ്പു പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ പുരോഗമിക്കുന്നു.

7. <u>കുത്താജെ പാലം</u>

എൻമകജെ പഞ്ചായത്തിലെ കുത്താജെ - ബീജന്തടുക്ക റോഡിൽ കുത്താജെ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം 499 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡി.പി.ആർ. കെ.ഡി.പി.-ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

8. <u>ബജ്പെ കടവ് പാലം</u>

ഷിറിയ പുഴയ്ക്ക് കുറുകെ ബജ്പെകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭ്യമായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. ഈ പാലം കുമ്പള ഗ്രാമപഞ്ചായത്തിനെയും മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു.

**ഊട്ടറ പാലത്തിന്റെയും റെയിവെ മേൽപാലത്തിന്റെയും പ്രവൃത്തികൾ**

76 (3118) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജകമണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന വിവരം നൽകുമോ?

പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-7-2017-ലെ സ.ഉ.(സാധാ)നം.942/2017/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 27-01-2021-ലെ സ.ഉ.(സാധാ)നം. 828/2021/ആർ.ഡി. പ്രകാരം ഭരണാനുമതി ലഭിച്ചു. റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്.

ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പ്രൊപ്പോസലിന് കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

ഊട്ടറ പുഴപ്പാലത്തിന് രണ്ട് കക്ഷികളിൽനിന്നും 5.13 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. കക്ഷികളിൽനിന്നും നിലവിൽ മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടുള്ളതാണ്. അതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 06-09-2022-ന് കിഫ്ബിയുടെ അനുമതിക്കായി നൽകുകയും 28-12-2022-ന് കിഫ്ബി പദ്ധതി ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ M/s.RITES-നെ 04-01-2023-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഡിസൈൻ ലഭ്യമാക്കിയശേഷം ഉടൻ ഊട്ടറ പുഴപ്പാലം ടെണ്ടർ ചെയ്യുന്നതാണ്.

**കുട്ടനാട്ടിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ പൂർത്തീകരണം**

77 (3119) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ അപ്രോച്ച് റോഡുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണപ്രവൃത്തി നടന്നുവരുന്ന കുട്ടനാട്ടിലെ ഏതൊക്കെ പാലങ്ങളുടെ അപ്രോച്ച് റോഡുകൾക്കാണ് ഇനിയും സ്ഥലമേറ്റെടുക്കാനുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

(എ-സി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണം പുരോഗമിച്ചുവരുന്ന പ്രവൃത്തിയാണ് പടഹാരം പാലം നിർമ്മാണം. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടിയുമായി ബന്ധപ്പെട്ട് (ഭൂമിയേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക ഉൾപ്പെടെ) 2,38,15,243 രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് ഏറ്റെടുത്ത

സ്ഥലം 25-02-2023-ന് കെ.ആർ.എഫ്.ബി.-പി.എം.യു. ആലപ്പുഴ ഡിവിഷന് കൈമാറിയിട്ടുണ്ട്.

**കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

78(3120) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കിഫ്ബി തുക വിനിയോഗിച്ച് നിർമ്മിക്കുന്ന കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10-07-2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുള്ളതും കിഫ്ബിയിൽനിന്നും ഈ പദ്ധതിക്കായി 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. 13-05-2019-ലെ സ.ഉ.(സാധാ)നം.1112/2019/ആർ.ഡി. പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും 24-12-2016-ൽ ഭൂമി

ഏറ്റെടുക്കുന്നതിന് അർത്ഥനപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതുമാണ്. റെയിൽവേ ജി.എ.ഡി.-യുടെ അംഗീകാരം 09-11-2022-ൽ റെയിൽവേയിൽനിന്നും ലഭ്യമായിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ടുവരുന്നു.

**ഇരവിപുരം നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപാലം നിർമ്മാണം**

79 (3121) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഭരണാനുമതി ലഭിച്ച ഇരവിപുരം നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതികളായ ഇരവിപുരം, മയ്യനാട്, കുറ്റിച്ചിറ, കോളേജ് ജംഗ്ഷൻ, കുട്ടിക്കട, പോളയത്തോട് എന്നിവയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ ഇരവിപുരം ആർ.ഒ.ബി., മയ്യനാട് ആർ.ഒ.ബി., കുട്ടിക്കട ആർ.ഒ.ബി., കല്ലുംതാഴം ആർ.ഒ.ബി., എസ്.എൻ. കോളേജ് ആർ.ഒ.ബി. എന്നീ 5 ആർ.ഒ.ബി.-കൾ നിർമ്മിക്കാൻ ഭരണാനുമതി

നൽകി ആർ.ബി.ഡി.സി.കെ.-യെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

ഇരവിപുരം ആർ.ഒ.ബി.

ഇരവിപുരം ആർ.ഒ.ബി.-യുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

മയ്യനാട് ആർ.ഒ.ബി.

സ്ഥലമേറ്റെടുക്കൽ അന്തിമഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുകയും ചെയ്താൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

പോളയത്തോട് കൂട്ടിക്കട ആർ.ഒ.ബി.

സ്ഥലമേറ്റെടുക്കൽ ആരംഭഘട്ടത്തിലാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലുംതാഴം ആർ.ഒ.ബി.

ജി.എ.ഡി. റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭ്യമായശേഷം സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതാണ്.

<u>എസ്.എൻ. കോളേജ് ആർ.ഒ.ബി.</u>

ജി.എ.ഡി. റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭ്യമായശേഷം സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം ആരംഭിച്ച കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായ ഇരവിപുരം മേൽപ്പാല നിർമ്മാണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

ഇരവിപുരം റെയിൽവേ മേൽപ്പാലത്തിനായി ഭരണാനുമതി നൽകുകയും ഇതിനായി 281.65 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും M/s. SPL Infrastructure എന്ന സ്വകാര്യ കമ്പനിയുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 2015-ൽ അംഗീകാരം ലഭിച്ച ഇരവിപുരം മേൽപ്പാലത്തിന്റെ ജി.എ.ഡി. വീണ്ടും പുതുക്കി സമർപ്പിക്കാൻ റെയിൽവേ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം പുതുക്കിയ ജി.എ.ഡി.-യുടെ അംഗീകാരം 21-10-2021-ലാണ്

റെയിൽവേയിൽനിന്ന് ലഭിച്ചത്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനായി "Notice to Proceed" 09-11-2021-ൽ കരാറുകാരന് നൽകുകയും 06-01-2022-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകളും കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകളും അലൈൻമെന്റിൽനിന്നും മാറ്റി സ്ഥാപിക്കുന്നതിനായി അതത് ഡിപ്പാർട്ട്മെന്റുകൾ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 18-09-2021-ൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 26-06-2022-ലാണ്. നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഗർഡറുകളുടെ നിർമ്മാണം ഫാബ്രിക്കേഷൻ യാർഡിൽ പുരോഗമിക്കുകയുമാണ്. റെയിൽവേ സ്പാനുകളുടെ നിർമ്മാണം റെയിൽവേ നേരിട്ടാണ് നിർവ്വഹിക്കുന്നത്. റെയിൽവേ സ്പാനിലെ ഗർഡറുകളുടെ erection പൂർത്തിയാക്കിയതിനുശേഷമേ പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുമുണ്ട്. റെയിൽവേ പ്രതിനിധികളുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

പൂർത്തിയാക്കുന്നതിനുള്ള അനുമതി റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണം വേഗത്തിലാക്കാൻ എല്ലാ മാസവും കരാറുകാരെയും എഞ്ചിനീയറേയും ഉൾപ്പെടുത്തി അവലോകന യോഗം നടത്തുകയും പ്രവൃത്തി വിലയിരുത്തുകയും ചെയ്യാറുണ്ട്.

(സി) മയ്യനാട് ആർ.ഒ.ബി.-യുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞ സാഹചര്യത്തിൽ ആയത് വേഗത്തിലാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

മയ്യനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് 24-12-2018-ന് അർത്ഥന സമർപ്പിക്കുകയും നടപടികളുടെ ഭാഗമായി 18-06-2020-ന് 4(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും സാമൂഹ്യാഘാത പ്രത്യാഘാത പഠനങ്ങൾക്കുശേഷം 02-11-2021-ന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും വില നിർണ്ണയവും ആർ.ആർ. പാക്കേജ് നടപടികളും പൂർത്തീകരിച്ച് 25-11-2022-ന് എൽ.എ.ഒ. ആവശ്യപ്പെട്ടതുപ്രകാരം 16,08,39,352 രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി 16-12-2022-ന് എൽ.എ.ഒ-യ്ക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് 3-1-2023-ന് 19(1) വിജ്ഞാപനം അംഗീകരിച്ച്

ജില്ലാ കളക്ടർ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും അവാർഡ് പാസ്സാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ 16,97,380 രൂപകൂടി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 16-1-2023-ന് എൽ.എ.ഒ-യ്ക്ക് നൽകിയിട്ടുണ്ട്. റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈയ്ക്ക് 24-08-2021-ന് സമർപ്പിക്കുകയും പദ്ധതി deposit work ആയതിനാൽ പ്ലാൻ & എസ്റ്റിമേറ്റ് ചാർജ്ജ് ഇനത്തിൽ അടയ്ക്കേണ്ട തുകയിൽ വ്യക്തത വരുത്തി അറിയിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാകും.

**ഹരിപ്പാട് മണ്ഡലത്തിലെ കൊടുന്താർ മേൽപ്പാടം പാലം നിർമ്മാണം**

80 (3122) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി ലഭിച്ചിട്ടുള്ള കൊടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ;

(ബി) 13-12-2022-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിരുന്നതെന്നും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും അറിയിക്കാമോ;

(സി) കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 04-05-2017-ലെ G.O.(Rt)No.942/2017/P.W.D. പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 245 മീറ്റർ നീളമുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 44.20 കോടി രൂപയ്ക്കുള്ള ഡി.പി.ആർ. 3-7-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ. പരിശോധിച്ച് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 16-09-2019-ൽ കിഫ്ബി ലഭ്യമാക്കുകയും കൺഫെർമേറ്ററി ബോറിംഗ് ഉൾപ്പെടെയുള്ള അധിക വിവരങ്ങൾ കിഫ്ബി

ആവശ്യപ്പെട്ടിരുന്നതിൻപ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 7-1-2021-ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴയിൽനിന്നും 23-06-2021-ൽ പ്രവൃത്തി കെ.ആർ.എഫ്.ബി.-പി.എം.യു. ഏറ്റെടുത്തു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗങ്ങൾക്കും മണ്ഡലം അടിസ്ഥാനപ്പെടുത്തിയുള്ള കോൺസ്റ്റിറ്റ്യൂൻസി മോണിറ്ററിംഗ് ടീം യോഗങ്ങൾക്കുംപുറമേ ബഹുമാനപ്പെട്ട ഹരിപ്പാട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ഹരിപ്പാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ 9-3-2022-ൽ പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രത്യേക യോഗം ചേർന്നിരുന്നു. ആ യോഗത്തിൽ പ്രസ്തുത പാലത്തിന്റെ മേൽപ്പാടം ഭാഗത്തെ അപ്രോച്ച് റോഡ്, നിലവിലുള്ള ബണ്ട് റോഡ് ചേർത്ത് നിർമ്മിക്കുന്നതിന് ഹരിപ്പാട്, കുട്ടനാട് എം.എൽ.എ.-മാർ സംയുക്തമായി ആവശ്യപ്പെട്ടു. ഈ ആവശ്യവും കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാറ്റങ്ങളും ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള മണ്ണ് പരിശോധന പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖാന്തരം പൂർത്തിയാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 13-12-2022-ൽ നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽ നിന്നും 22-1-2023-ന് കെ.ആർ.എഫ്.ബി-പി.എം.യു.-വിന് കൈമാറി. ഈ അലൈൻമെന്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അലൈൻമെന്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കും.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുദിയം പാലം നിർമ്മാണം**

81 (3123) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി മുദിയം പാലത്തിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ?

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം, മലപ്പുറം ജില്ലയിലെ നിർദിഷ്ട തീരദേശ ഹൈവേയുടെ അവസാനത്തെ റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിൽ വരുന്നതാണ്. തീരദേശ ഹൈവേയുടെ മാനദണ്ഡപ്രകാരം 15.7 മീറ്റർ വീതിയിൽ 7 മീറ്റർ ക്യാരേജ് വേയും ക്യാരേജ് വേയുടെ ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയും 1.5 മീറ്റർ വീതിയിൽ പേവ്ഡ് ഷോൾഡറുകളും 0.45 മീറ്റർ കൈവരികളും ഒരു വശത്ത് 1.80 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്കും ഉൾപ്പെടുന്ന പുതുക്കിയ ഡിസൈൻ 10-1-2023-ൽ ചീഫ് എഞ്ചിനീയർ, ഡിസൈൻ മുഖേന ലഭിച്ചു. ആകെ 181.4 മീറ്റർ നീളത്തിൽ 7 സ്പാനുകളായാണ് പാലം രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഇരുകരകളിലും 40 മീറ്റർ അപ്രോച്ച് റോഡ് നിർമ്മാണവും ഇതിലുൾപ്പെടുന്നു. ഇപ്രകാരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പാലത്തിന്റെ 24,06,08,541.19 (ഇരുപത്തി നാല് കോടി ആറ് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി നാൽപത്തിയൊന്ന്) രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 15-02-2023-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി കിഫ്ബിയിൽനിന്നും അനുമതികൾ ലഭ്യമാക്കി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചാൽ മാത്രമേ സ്ഥലമേറ്റെടുപ്പ് നടപടികളിലേയ്ക്ക് കടക്കാനാകൂ. പൂർണ്ണത വരുത്തി തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പീരുമേട് താലൂക്കിലെ കൊക്കയാർ, ഏന്തയാർ പാലങ്ങളുടെ പുനർനിർമ്മാണം**

82 (3124) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ 16-ലെ പ്രളയത്തിൽ പീരുമേട് താലൂക്കിലെ കൊക്കയാർ പഞ്ചായത്തിൽ തകർന്ന കൊക്കയാർ, ഏന്തയാർ പാലങ്ങൾ പുനർനിർമ്മിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുവാൻ ഭരണാനുമതി നൽകുന്നതിന് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) 2021 ഒക്ടോബർ 16-ാം തീയതിയിലെ പ്രളയത്തിൽ തകർന്ന പീരുമേട് താലൂക്കിലെ കൊക്കയാർ പാലം, ഏന്തയാർ പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. അവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2018 മുതൽ 2022 ജൂലൈ മാസം വരെയുള്ള കാലയളവിനിടയ്ക്ക് കേരളത്തിലുണ്ടായ കാലവർഷക്കെടുതിയിൽ തകർന്ന പാലങ്ങളുടെ എണ്ണവും പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

2018 മുതൽ 2022 ജൂലൈ മാസം വരെയുള്ള കാലയളവിൽ കേരളത്തിലുണ്ടായ കാലവർഷക്കെടുതിയിൽ 29 പാലങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. അവയിൽ 10 പാലങ്ങളുടെയും അവയുടെ അപ്രോച്ച് റോഡുകളുടെയും കേടുപാടുകൾ പരിഹരിക്കുകയും നാല് പാലങ്ങളുടെ പുനർനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 10 പാലങ്ങളുടെയും

അവയുടെ അപ്രോച്ച് റോഡുകളുടെയും കേടുപാടുകൾ ഇനിയും പരിഹരിക്കേണ്ടതായുണ്ട്. അഞ്ച് പാലങ്ങൾ പുനർനിർമ്മിക്കേണ്ടതായുണ്ട്. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പട്ടികയായി തയ്യാറാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തരൂർ നിയോജകമണ്ഡലത്തിലെ ഞാവലിൻകടവ് പാലം**

83 (3125) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ-ഒറ്റപ്പാലം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിൽ ലക്കിടി പേരൂർ പ്രദേശത്ത് നിലം പരിവർത്തനം നടത്തേണ്ടുന്ന സ്ഥലം തിട്ടപ്പെടുത്തി പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗത്തിൽനിന്നും കൃഷി വകുപ്പിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവലിൻകടവ് പാലവും റെയിൽവേ മേൽപ്പാലവുംകൂടിയുള്ള പാലത്തിന്റെ നിർമ്മാണത്തിനായി ഒറ്റപ്പാലം താലൂക്കിൽ ലക്കിടി-പേരൂർ 2 വില്ലേജിൽ 196.46 സെന്റ് കൃഷി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി സ്ഥലപരിവർത്തനത്തിനുള്ള അപേക്ഷയ്ക്ക് കൃഷി വകുപ്പ് അനുമതി നിരസിക്കുകയുണ്ടായി. ഞാവലിൻകടവ് പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് T.G.D. ലഭ്യമായിട്ടുണ്ട്. T.G.D.-യുടെ അടിസ്ഥാനത്തിലും 12-12-2022-ൽ ചേർന്ന ജില്ലാ കളക്ടറുടെ അവലോകന യോഗതീരുമാനം അനുസരിച്ചും ഒറ്റപ്പാലം താലൂക്കിൽ ലക്കിടി - പേരൂർ 2 വില്ലേജിൽ പ്രസ്തുത പാലം എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മിക്കുന്നതിന് പാലത്തിന്റെ പണി നടക്കുന്ന സമയത്ത് Working space ആയി പരമാവധി കുറഞ്ഞ അളവിലുള്ള നിലം 196.46 സെന്റ് കൃഷി ഭൂമി ആവശ്യമാണെന്നും എലിവേറ്റഡ് സ്ട്രക്ചറായി നിർമ്മാണം പൂർത്തിയായി കഴിയുമ്പോൾ പാലം തുടങ്ങുന്ന ലാൻഡ് സ്പാൻ, pillar footing എന്നിവയ്ക്കാവശ്യമായ ഉദ്ദേശം 90 സെന്റ് ഒഴികെയുള്ള ഭൂമി കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നതാണ്. എലിവേറ്റഡ് പാലത്തിനാവശ്യമായ 196.46 സെന്റ് ഭൂമിയുടെ ഡാറ്റാ ബാങ്ക് ലക്കിടി-പേരൂർ കൃഷി ഓഫീസിൽനിന്നും ലഭിച്ചിട്ടുണ്ട്. ലക്കിടി - പേരൂർ 2 വില്ലേജ് ഓഫീസറുടെ സഹായത്തോടെ Pier location-നും മറ്റും സൈറ്റിൽ ഫിക്സ് ചെയ്തതിനുശേഷം മാത്രം എലിവേറ്റഡ് ബ്രിഡ്ജിനാവശ്യമായ ഏകദേശം 90 സെന്റ് ഭൂമിയുടെ മാത്രമായി സർവ്വേ നമ്പറും ഡാറ്റാ ബാങ്കിന്റെ

കോപ്പിയും ലഭ്യമാക്കി കൃഷി വകുപ്പ് മുഖേന തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**വർക്കല തൊട്ടുവൈ പാലം നിർമ്മാണം**

84 (3126) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല തൊട്ടുവൈ പാലം നിർമ്മാണത്തിന് സർക്കാർതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം നല്കിയിട്ടുണ്ടോ;

(ബി) സർക്കാർതല അപ്രൂവൽ കമ്മിറ്റി അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള അനന്തര നടപടികൾ വിശദമാക്കാമോ?

(എ&ബി) വർക്കല ശിവഗിരി തൊട്ടുവൈ പാലത്തിന്റെ റീ-ടെണ്ടർ നടത്തിയതിൻപ്രകാരം ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടർ എസ്റ്റിമേറ്റ് തുകയിൽനിന്നും 18.27 ശതമാനം അധിക നിരക്കിലുള്ളതാണ്. 6-2-2023-ൽ കൂടിയ 40-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി ഈ ടെണ്ടർ പരിശോധിച്ച് റീ-ടെണ്ടർ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും അപ്രകാരം പ്രസ്തുത പ്രവൃത്തി 17-2-2023-ൽ റീ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെ ടെക്നിക്കൽ ബിഡ് 9-3-2023-ൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**കെൽട്രോൺ-കുമ്പളങ്ങി ഫെറി പാലം നിർമ്മാണം**

85 (3127) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തേയും എറണാകുളം ജില്ലയിലെ കൊച്ചി മണ്ഡലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കെൽട്രോൺ-കുമ്പളങ്ങി ഫെറി പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണ നിർവ്വഹണ ഏജൻസി ഏതാണെന്നും വിശദമാക്കാമോ?

(എ&ബി) കെൽട്രോൺ - കുമ്പളങ്ങി പാലം നിർമ്മാണത്തിനായി (ഭൂമി ഏറ്റെടുക്കലുൾപ്പെടെ) 44.2 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. നിലവിൽ പദ്ധതി ലാൻഡ് അക്വിസിഷൻ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 16-7-2021-ൽ 13,57,360 രൂപയുടെ കണ്ടിജൻസി ചാർജ് അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ

ആരംഭിക്കുന്നതാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 29-5-2022-ലെ ഗവൺമെന്റ് ഗസറ്റ് പ്രകാരം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി. നടപ്പിലാക്കിവരുന്ന ഈ പദ്ധതിക്ക് കുമ്പളങ്ങി ഭാഗത്തെ സ്ഥലമേറ്റെടുക്കലിനായി 5 കോടി 7 ലക്ഷം രൂപ 16-2-2023-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി. എറണാകുളത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അരൂർ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുക നൽകുന്നതിനുള്ള നടപടികൾ തഹസീൽദാർ ആവശ്യപ്പെടുന്നമുറയ്ക്ക് സ്വീകരിക്കുന്നതാണ്. കെ.ആർ.എഫ്.ബി. വഴിയാണ് നിർമ്മാണ നിർവ്വഹണം നടത്തുന്നത്.

**പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ**

86 (3128) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രവൃത്തി ആദ്യമായി 20-7-2022-ൽ ടെണ്ടർ ചെയ്യുകയും സിംഗിൾ ബിഡ് ആകയാൽ 30-8-2022-ൽ റീ-ടെണ്ടർ ചെയ്യുകയുമുണ്ടായി. റീ-ടെണ്ടറിലും സിംഗിൾ ബിഡ് മാത്രമാണ് ലഭിച്ചത്. ഇതിന്റെ ടെക്നിക്കൽ ബിഡ് 22-9-2022-ന് തുറക്കുകയും 22-10-2022-ന് നടന്ന ടെക്നിക്കൽ കമ്മിറ്റിയിൽ സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തു. ഫിനാൻഷ്യൽ ബിഡ് 7-11-2022-ന് തുറക്കുകയും 14-12-2022-ന് നടന്ന 39-ാമത് സർക്കാർതല ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ പരിശോധിക്കുകയും പ്രവൃത്തി ഒരിക്കൽക്കൂടി ടെണ്ടർ ചെയ്യുന്നതിന് കമ്മിറ്റി നിർദ്ദേശിച്ചതിനെത്തുടർന്ന് ഈ പ്രവൃത്തി 6-1-2023-ൽ റീ-ടെണ്ടർ ചെയ്യുകയും ടെക്നിക്കൽ ബിഡ് 27-1-2023-ന് തുറക്കുകയും ചെയ്തു. ഈ ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും 22-2-2023-ന് നടന്ന ടെക്നിക്കൽ കമ്മിറ്റി ഈ രണ്ട് കരാറുകാരുടെയും pre-qualification അംഗീകരിച്ചതിനെത്തുടർന്ന് ഫിനാൻഷ്യൽ ബിഡ് 24-2-2023-ന് തുറക്കുകയും അത് ഇപ്പോൾ സൂക്ഷ്മ പരിശോധനാഘട്ടത്തിലുമാണ്. സർക്കാർതല ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം

ലഭിക്കുന്നമുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ കാക്കനാട് റയിൽവേ മേൽപ്പാലം**

87 (3129) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കാക്കനാട് റെയിൽവേ ഗേറ്റിനുപകരമായി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനത്തിന്റെ അവലോകനം പൂർത്തീകരിച്ച് അനുമതിക്കായി ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ചു. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള പാലങ്ങളുടെ നവീകരണം**

88 (3130) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ അപകടാവസ്ഥയിലുള്ള പാലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ അറ്റകുറ്റപ്പണിക്കും പുനർനിർമ്മാണത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കറുകമാട് പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതായുണ്ട്. പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കമ്പ ചളിക്കടവ് പാലം നിർമ്മാണം**

89 (3131) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം പുതുക്കിയ ഡ്രോയിംഗ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഡ്രോയിംഗുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശം സന്ദർശിക്കുവാനും പുതുക്കിയ ഡ്രോയിംഗ് നൽകുവാനും പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവമ്പാടി സെക്ഷൻ ഓഫീസ്**

90 (3132) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), തിരുവമ്പാടി സെക്ഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിച്ചുവരുന്നതെന്നും പ്രസ്തുത ഓഫീസ് അവിടെ പ്രവർത്തിപ്പിക്കുന്നതിന് ഇടയായ സാഹചര്യം എന്താണെന്നും വിശദമാക്കുമോ?

റോഡ്സ് ഡിവിഷൻ സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഓഫീസ് കോമ്പൗണ്ടിൽ ബ്രിഡ്ജസ് സബ് ഡിവിഷനോട് ചേർന്നുള്ള ഓഫീസ് കെട്ടിടത്തിലാണ് നിലവിൽ പാലങ്ങൾ വിഭാഗം തിരുവമ്പാടി സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത്. മതിയായ സൗകര്യങ്ങളോടുകൂടിയ സർക്കാർ കെട്ടിടങ്ങളോ മറ്റ് കെട്ടിടങ്ങളോ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ബ്രിഡ്ജസ് സബ് ഡിവിഷനോട് ചേർന്നുള്ള ഓഫീസ് കെട്ടിടത്തിൽ പ്രസ്തുത ഓഫീസ് പ്രവർത്തിക്കാൻ ഇടയായത്.

(ബി) ഈ ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

**പുതുക്കി പണിയേണ്ട പാലങ്ങളുടെ പട്ടിക**

91 (3133) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായ പാലങ്ങൾ പരിശോധിച്ച് പുതുക്കി പണിയേണ്ടവയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2017-18-ൽ നടത്തിയ പഠനത്തിൽ 162 പാലങ്ങൾ പുനർനിർമ്മിക്കണമെന്ന് കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ പരിശോധനയിൽ 137 പാലങ്ങൾകൂടി പുനർനിർമ്മിക്കണമെന്ന് കണ്ടെത്തുകയുണ്ടായി. പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഈ പട്ടികയിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

62 പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള ലിസ്റ്റിൽ 9 പാലങ്ങളും പുനർ നിർമ്മിക്കണമെന്ന് പിന്നീട് കണ്ടെത്തിയ 137 പാലങ്ങളിൽ, 16 പാലങ്ങളും കണ്ണൂർ ജില്ലയിലുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട പാലങ്ങൾ പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പുനർനിർമ്മാണം/പുനരുദ്ധാരണം വേണ്ട പാലങ്ങൾക്കായി 2023-24 ബഡ്ജറ്റിൽ "5054-04-101-93 (P) Reconstruction/Rehabilitation of existing bridges" എന്ന ശീർഷകം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി അനുവദിക്കുകയും 823.73 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

92 (3134) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 192/2019 പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമന നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

192/2019 പ്രകാരം പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 2022 ഡിസംബർ മാസത്തിലും അഭിമുഖം 22-02-2023, 23-02-2023, 24-02-2023 എന്നീ തീയതികളിലും പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. റാങ്ക് പട്ടിക

താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിക്കുകയുണ്ടായി.

(ബി) പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രോണിക്സ് വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട് 89 എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികകൾ രൂപീകരിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് പ്രകാരം ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇലക്ട്രോണിക് വിഭാഗത്തിലേയ്ക്ക് ആവശ്യമുള്ള എഞ്ചിനീയറിംഗ് അസിസ്റ്റന്റ്മാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് പ്രവൃത്തി പഠനത്തിനായി ഐ.എം.ജി.-ക്ക് കൈമാറിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിൽനിന്നും വിരമിക്കുന്നവരുടെ എണ്ണം**

93 (3135) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെ പൊതുമരാമത്ത് വകുപ്പിലെ ഗ്രേഡ് I, II, III ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

തസ്തികകളിൽനിന്നും വിരമിക്കുന്നവരുടെ വിവരങ്ങൾ മാസം, തസ്തിക, എണ്ണം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

2023 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെ പൊതുമരാമത്ത് വകുപ്പ് ഓവർസിയർ ഗ്രേഡ് I, II, III അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകളിൽ നിന്നും വിരമിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

<u>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)</u>

2023 - മാർച്ച്- 3, ഏപ്രിൽ-1, മേയ്-21, ജൂൺ-1, ഓക്ടോബർ-1, നവംബർ-1.

2024 - ജനുവരി- 2, ഫെബ്രുവരി- 1, മാർച്ച്- 4,ഏപ്രിൽ-3. ആകെ - 38.

<u>ഒന്നാംതരം ഓവർസീയർ</u>

2023 - മേയ്- 21, ജൂലൈ-1, നവംബർ-1, ഡിസംബർ-1.

2024 - ഫെബ്രുവരി-1, മാർച്ച്-1, ഏപ്രിൽ- 3

ആകെ - 29

<u>രണ്ടാം തരം ഓവർസീയർ</u>

2023 - ഡിസംബർ-1.

2024 - ഫെബ്രുവരി-1, ഏപ്രിൽ-3

ആകെ - 5

<u>മൂന്നാംതരം ഓവർസീയർ</u>

2023 - മാർച്ച്- 2, മെയ്- 1,

ആകെ - 3

(ബി) പ്രസ്തുത ഒഴിവുകളിൽ ഓരോ മാസത്തിലും എത്ര വീതം ഒഴിവുകളിലാണ് നേരിട്ടുള്ള നിയമനം നടത്തപ്പെടേണ്ടത് എന്നത് വ്യക്തമാക്കുമോ?

<u>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)</u>

2023 - മേയ്- 1, ജൂൺ-1, നവംബർ-1

2024 - മാർച്ച്- 1

ആകെ - 4

<u>ഒന്നാംതരം ഓവർസീയർ</u>

2023 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെയുള്ള കാലയളവിൽ നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവ് ഈ തസ്തികയിൽ ഇല്ല.

<u>രണ്ടാം തരം ഓവർസീയർ</u>

2023 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെയുള്ള കാലയളവിൽ നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവ് ഈ തസ്തികയിൽ ഇല്ല.

<u>മൂന്നാംതരം ഓവർസീയർ</u>

2023 - മാർച്ച്-2, മെയ്-1

ആകെ - 3

**ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ നിയമനം**

94 (3136) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഓവർസിയർ ഗ്രേഡ്-3 തസ്തികയിൽ നിയമനം നടത്തുന്നതിലേയ്ക്കായി 13-4-2021-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് പ്രകാരം ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

178 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ 36 ഒഴിവുകളുണ്ട്.

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

31 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റിൽനിന്നും നികത്താനുള്ളതും മൂന്ന് ഒഴിവ് സമീപ ദിവസങ്ങളിലുണ്ടായ എൻ.ജെ.ഡി. ഒഴിവുകളുമാണ്. എൻ.ജെ.ഡി.

റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആയത് റിപ്പോർട്ട് ചെയ്യുന്നതാണ്. ഒരു ഒഴിവ് ആശ്രിത നിയമനംവഴി നികത്തുന്നതിന് മാറ്റിവച്ചിരിക്കുന്നതാണ്.

**ശബരിമല പിൽഗ്രിമേജ് കോറിഡോർ പദ്ധതി**

95 (3137) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പിൽഗ്രിമേജ് കോറിഡോർ പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷയിൽ (2931/M(W&R)/2022/VIP(W), E-6024032), G220303218/CMO) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശബരിമല പിൽഗ്രിമേജ് കോറിഡോർ പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷ 2931/M(W&R)/2022/VIP(W), E-6024032 എന്നിവ പ്രകാരം നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 02-04-2022-ൽ ലഭ്യമായിട്ടുണ്ട്. 23-04-2022-ൽ

എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളത്തിന്റെ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്. റിംഗ് റോഡ് വിമാനത്താവളവുമായി ബന്ധിപ്പിച്ച് നിലവിലെ ഹെർബർട്ട് റോഡ് വഴി ശ്രീമൂലനഗരത്തെ വല്ലംകടവ് പുതിയേടം റോഡിലൂടെ ശ്രീമൂലനഗരം വഴി മാമ്പള്ളിയുമായി ബന്ധിപ്പിക്കുന്ന പിൽഗ്രിമേജ് കോറിഡോറുണ്ടാക്കുന്നത് സംബന്ധിച്ചാണ് മേൽ അപേക്ഷ. ഇതുസംബന്ധിച്ച സാധ്യതാപഠനം നടത്തുന്നതിനായുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അപേക്ഷ നിലവിൽ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതാണ്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ മേൽ പ്രോജക്ട് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കൂ. കൂടാതെ G 220303218 നമ്പർ പ്രകാരമുള്ള പെറ്റീഷന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് വിഭാഗം, എറണാകുളം 08-04-2022-ൽ C.M.O. പോർട്ടൽ മുഖേന മറുപടി സമർപ്പിച്ചിട്ടുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

96 (3138) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിലുൾപ്പെടുത്തി വണ്ടൂർ നിയോജകമണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കൊയിലാണ്ടി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് അനുവദിച്ച റെയിൽവേ ഓവർ ബ്രിഡ്ജുകൾ**

97 (3140) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് അനുവദിച്ച റെയിൽവേ ഓവർബ്രിഡ്ജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് അനുവദിച്ച മൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകളാണുള്ളത്.

1. മുച്ചുകുന്ന് ആർ.ഒ.ബി

2. നെല്ലിയാടികടവ് ആർ.ഒ.ബി.

3. പയ്യോളി - കോട്ടക്കൽ ആർ.ഒ.ബി.

(ബി) ഇവയുടെ നിർമ്മാണപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓവർബ്രിഡ്ജ് നിർമ്മിക്കുന്നത് കെ-റെയിൽ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടാക്കുമോ; വിശദമാക്കാമോ?

(ബി&സി) ഈ മൂന്ന് പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നെങ്കിലും കെ-റെയിൽ അലൈൻമെന്റിൽ വരുന്നതുമൂലം സമർപ്പിച്ച ജി.എ.ഡി.-കൾക്ക് റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. എന്നാൽ 28-9-2022, 6-12-2022-ലെ കത്തുകൾ പ്രകാരം കെ-റെയിൽ അലൈൻമെന്റ് നോക്കാതെ പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ K.R.D.C.L. നിർദ്ദേശിച്ചു. തുടർന്ന് 8-12-2022-ന് ഇക്കാര്യം റെയിൽവേയെ അറിയിക്കുകയും സമർപ്പിച്ച ജി.എ.ഡി.-കൾക്ക് അംഗീകാരം

നൽകുവാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേയിൽനിന്നുള്ള മറുപടി ലഭ്യമായിട്ടില്ല.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

98 (3141) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി തുക അനുവദിച്ച വാണിയമ്പലം-താളിയംകുണ്ട്-പൂളമണ്ണ റോഡിന്റെയും മുണ്ടേങ്ങര -പുള്ളിപ്പാടം-ഓടായിക്കൽ റോഡിന്റെയും നിർമ്മാണ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്നേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന വിവരം ലഭ്യമാക്കാമോ; വിശദാംശം നൽകുമോ?

(എ&ബി)

1. മലപ്പുറം ജില്ലയിലെ മുണ്ടേങ്ങര പുള്ളിപ്പാടം ഓടായിക്കൽ വീട്ടിക്കുന്ന് (കി.മീ.0/000-15/350) റോഡ് - പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് 10-7-2017-ൽ 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ

89.90 കോടി രൂപയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി 25-2-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. അതിനാൽ കിഫ്ബി മാനദണ്ഡപ്രകാരം മിനിമം 10 മീറ്റർ വീതിയിൽ റോഡ് നവീകരിക്കുന്നതിന് സ്വകാര്യ ഭൂമി സൗജന്യമായി വിട്ടുകിട്ടുന്നതിന് വ്യക്തികളിൽനിന്നും ലാൻഡ് Relinquishment ഫോറം സ്വീകരിക്കൽ നടപടികൾ ആരംഭിച്ചു. ആയതുപ്രകാരം മുണ്ടേങ്ങര മുതൽ ഓടായിക്കൽ (കി. മീ. 0/000-8/200) വരെയുള്ള പരമാവധി വ്യക്തികളിൽനിന്നും ലാൻഡ് Relinquishment ഫോറം സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് ബഹു. വണ്ടൂർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 16-11-2022-ൽ കൂടിയ കിഫ്ബി-കെ.ആർ.എഫ്.ബി. – പി.എം.യു. സംയുക്ത യോഗത്തിലെ തീരുമാനപ്രകാരം പദ്ധതി വേഗത്തിലാക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ (കി.മീ. 0/000-8/200) വരെയുള്ള റോഡ് നവീകരിക്കുന്നതിന് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. ഇതുപ്രകാരം പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

2. പൂളമണ്ണ-താളിയാങ്കുണ്ട്-വാണിയമ്പലം റോഡ് - ഈ പ്രവൃത്തിക്ക് 10-7-2017-ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 18-9-2019-ൽ 21.4 കോടിയുടെ സാമ്പത്തികാനുമതി

കിഫ്ബിയിൽനിന്ന് ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. തുടർന്ന് സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 90% പൂർത്തീകരിക്കുകയും ചെയ്തു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ചൂണ്ടൽ-മഴുവഞ്ചേരി റോഡ് പ്രവൃത്തി**

99 (3142) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ ചൂണ്ടൽ മുതൽ മഴുവഞ്ചേരി വരെയുള്ള റോഡ് വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം നാലുവരി പാത പദ്ധതിക്ക് (മഴുവഞ്ചേരി - ചൂണ്ടൽ) 10-7-2017-ൽ 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള തൃശ്ശൂർ-

കുറ്റിപ്പുറം റോഡിന്റെ വിശദപദ്ധതിരേഖ 11-2-2019-ൽ കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചു. പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം സമർപ്പിച്ച പ്രസ്തുത ഡി.പി.ആർ. പ്രകാരം റോഡിന്റെ വികസനം 22 മീറ്റർ വീതിയിലാണ് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത റോഡിന്റെ കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് 22 മീറ്റർ ROW പരിഗണിച്ചായിരുന്നു. എന്നാൽ കിഫ്ബി മാനദണ്ഡപ്രകാരം 23 മീറ്റർ വീതി നൽകണമെന്ന് T.A.R.-ൽ നിർദ്ദേശം വന്നു. കൂടാതെ culvert, retaining wall എന്നിവയുടെ ഡിസൈൻ ചെയ്യുന്നതിന് borehole എടുത്ത് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചു. ഇതുപ്രകാരം പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തു. ഈ സമയത്ത് പ്രസ്തുത പ്രവൃത്തി കെ.ആർ.എഫ്.ബി.-ക്ക് കൈമാറി. കെ.ആർ.എഫ്.ബി. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തതിനുശേഷം റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി.-യുടെ പ്രവൃത്തി പ്രസ്തുത റോഡിൽ അനുവദിച്ചു. ഇതിനെ തുടർന്ന് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയുണ്ടായി. എന്നാൽ പിന്നീട് നടന്ന എം.എൽ.എ.-യുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകളിൽ പ്രസ്തുത പ്രവൃത്തി പുനരാരാംഭിക്കുവാൻ തീരുമാനിക്കുകയും

അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ കേച്ചേരി ജംഗ്ഷന്റെ വികസനം, കേച്ചേരി പാലത്തിന്റെ അപ്രോച്ച് റോഡ് എന്നിവ കൂടി ഉൾപ്പെടുത്തിയാണ് നിർവ്വഹിച്ചിരിക്കുന്നത്. 20-04-2022-ൽ ബഹു.എം.എൽ.എ., കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ നടത്തിയ റിവ്യൂ മീറ്റിംഗിൽ ROW 22.0 മീറ്റർ ആയി തീരുമാനിച്ചു. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മണ്ണ് പരിശോധനയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഡി.പി.ആർ. പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പീരുമേട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികൾ**

100 (3143) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ മലയോര ഹൈവേ അല്ലാതെയുള്ള ഏതൊക്കെ റോഡുകളാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിച്ചിട്ടുള്ളത്; എത്ര തുകയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ മലയോര ഹൈവേ അല്ലാതെയുള്ള ഒരു റോഡും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 1-11-2016-ലെ ജി.ഒ.(ആർ.റ്റി)നം.1502/2016 പൊ.മ.വ. പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന മൂലമറ്റം-ആശ്രമം-കപ്പക്കാനം-കല്ലുമേട്-ഉപ്പുതറ-ചപ്പാത്ത്-വണ്ടിപ്പെരിയാർ റോഡ് പ്രവൃത്തി, 2-8-2016-ലെ ജി.ഒ.(ആർ.ടി)നം.1192/2016/പൊ.മ.വ. പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന ചോറ്റുപാറ-ഉളുപ്പൂണി-വട്ടപതാൽ-ഏലപ്പാറ വണ്ടിപ്പെരിയാർ-സത്രം റോഡ് പ്രവൃത്തി, 10-7-2017-ന് ജി.ഒ.(ആർ.ടി)നം.942/2017/പൊ.മ.വ. പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന മൂക്കരുത്താൻ വളവ്-വെള്ളാരംകുന്ന്- കുമളി റോഡ് പ്രവൃത്തി എന്നീ പ്രവൃത്തികളുടെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

1-11-2016-ൽ 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ മൂലമറ്റം-ആശ്രമം-കപ്പകാനം-കല്ലുമേട്-ഉപ്പുതറ വണ്ടിപ്പെരിയാർ റോഡിന്റെ

(58.745 KM) ഡി.പി.ആർ. ഡിസൈൻ വിഭാഗത്തിൽനിന്നും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

2-8-2016-ൽ 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ ചോറ്റുപാറ-ഉളുപ്പൂണ്ണി-വട്ടപതാൽ-ഏലപ്പാറ-വണ്ടിപ്പെരിയാർ സത്രം റോഡ് (124 KM) പ്രവൃത്തിയുടെ ഭാഗമായി സ്ഥലലഭ്യത ഉറപ്പാക്കിയ ചോറ്റുപാറ മുതൽ വെള്ളപത്താൽ വരെയുള്ള 23.66 കിലോമീറ്റർ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി 6-3-2021-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല.

10-7-2017-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ മുക്രതാൻ വളവ് വെള്ളാരം കുന്ന് - കുമളി റോഡ് (18.85 KM) പ്രവൃത്തിയുടെ environmental feasibility റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഭാഗമായ 0/000 മുതൽ 6/400 വരെയുള്ള ഭാഗം കിഫ്ബി ഗൈഡ്‌ലൈൻസ് പ്രകാരം നിർമ്മിക്കാൻ കഴിയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്നും തയ്യാറാക്കി നൽകിയിട്ടില്ല. പ്രസ്തുത വിവരം കിഫ്ബിയെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആലപ്പുഴ ബൈപാസ് -ഇ.എസ്.ഐ- തിരുവമ്പാടി റോഡ് നിർമ്മാണം**

101 (3144) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ ദേശീയപാത ബൈപ്പാസ് റോഡിനോടനുബന്ധിച്ചുള്ള കുതിരപ്പന്തിയിലെ സർവ്വീസ് റോഡിനെ റെയിൽവേ സ്റ്റേഷൻ സൗത്ത് ഗേറ്റിന് സമീപം ഇ.എസ്.ഐ- തിരുവമ്പാടി റോഡുമായി ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പുതല സാധ്യത പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വഴി ആലപ്പുഴ റെയിൽവേ സ്റ്റേഷനിലേയ്ക്കും ബീച്ചിലേയ്ക്കും അനുബന്ധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും വേഗത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നതും പട്ടണത്തിലെ തിരക്കേറിയ ജംഗ്ഷനുകളായ തിരുവമ്പാടി, പുലയൻവഴി, വലിയകുളം, ത്രിവേണി, വെറ്റക്കാരൻ എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിന് സഹായകരമാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) പരിശോധിച്ചിട്ടില്ല.

(സി) ഒരു കിലോമീറ്ററിൽ താഴെ മാത്രമുള്ള പുതിയ റോഡ് നിർമ്മിക്കുന്നതിലൂടെ തീരദേശ ഹൈവേയിലേയ്ക്കുള്ള ഗതാഗതം

തുറന്നുകിട്ടുന്നത് പ്രദേശത്തെ സമഗ്ര പുരോഗതിക്ക് ഗുണകരമായതിനാൽ തീരദേശ ഹൈവേ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാം.

**സംസ്ഥാനത്തെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങളിന്മേൽ നടപടി**

102 (3145) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രധാന കേന്ദ്രങ്ങളിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പ്രദേശവാസികൾ സമരം ചെയ്യുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ന്യായമായിട്ടുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

(എ&ബി) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ ഉന്നയിക്കപ്പെടുന്ന പരാതികളുടെ ഗൗരവം പരിഗണിച്ച് വിവിധതലങ്ങളിൽ ചർച്ചനടത്തി പരിഹാരം

നിർദ്ദേശിക്കാറുണ്ട്. ആവശ്യങ്ങൾ അവയുടെ സാങ്കേതികവും സാമ്പത്തികവുമായ സാധ്യത പരിശോധിച്ചശേഷം പരിഗണിക്കാറുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**ദേശീയപാത 766-ന്റെ വികസനം**

103 (3146) ശ്രീ. ഒ. ആർ. കേളു:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനെ മൈസൂരുമായി ബന്ധിപ്പിക്കുന്ന ദേശീയപാത 766 നാലുവരി പാതയാക്കി വികസിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാതയിലെ രാത്രി യാത്രാനിരോധനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട്ടിലേയ്ക്കുള്ള പ്രധാന പാതയെന്ന നിലയിൽ താമരശ്ശേരി ചുരം റോഡ് വികസിപ്പിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ; വളവുകളിൽ വീതികൂട്ടുന്നതിനാവശ്യമായ വനഭൂമി

വിട്ടുകിട്ടുന്നതിനും കേന്ദ്രാനുമതി നേടുന്നതിനും പൊതുമരാമത്ത് വകുപ്പ് ഇടപെടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോടിനെ മൈസൂരുമായി ബന്ധിപ്പിക്കുന്ന ദേശീയപാത 766 നാലുവരിയാക്കാൻ നിലവിൽ പ്രൊപ്പോസലില്ല. എന്നാൽ നിലവിലെ റോഡ് വളവുകൾ നിവർത്തി പേവ്ഡ് ഷോൾഡേഴ്സ് ഉൾപ്പെടുത്തി വീതി കൂട്ടാനുള്ള പ്രൊപ്പോസലുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയപാത 766-ൽ മലാപ്പറമ്പ് മുതൽ പുതുപ്പാടി വരെയുള്ള ഭാഗത്തിന്റെ 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ എൽ.എ. എസ്റ്റിമേറ്റ് അംഗീകാരത്തിനായി MoRTH-ൽ സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 766-ൽ പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള കോസ്റ്റ് എസ്റ്റിമേറ്റ് അനുമതിക്കായി MoRTH-ൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി കേന്ദ്ര മന്ത്രാലയത്തിന്റെ 214 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ദേശീയപാത ചുരം ഉൾപ്പെടുന്ന ഭാഗം 71.5 കി.മീ. സ്ഥലത്ത് ലാന്റ് അക്വിസിഷൻ നടപടികൾക്കായി 3(എ) നോട്ടിഫൈ ചെയ്തിട്ടുണ്ട്. 3(ഡി) നടപടികൾ പുരോഗമിക്കുന്നു. നിലവിൽ വീതി കുറഞ്ഞ വളവുകൾ വീതി കൂട്ടുന്നതിനുള്ള വനഭൂമി വിട്ടുകിട്ടിയിട്ടുണ്ട്. രാത്രികാല നിരോധന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാത പ്രവൃത്തി നടപ്പാക്കുന്നതിനായി KRCL എസ്.പി.വി. ആയി നിശ്ചയിച്ച് 2043.74 കോടി രൂപയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി ഫോറസ്റ്റ് ക്ലിയറൻസ് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളും E.I.A. സ്റ്റഡി എന്നിവയും പുരോഗതിയിലാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നു.

**അണ്ടർപാസ് നിർമ്മാണത്തിലെ അപാകത**

104 (3147) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊല്ലം-മേപ്പയ്യൂർ റോഡിൽ നിർദ്ദിഷ്ട നാഷണൽ ഹൈവേയ്ക്ക് കുറുകെ നിർമ്മിച്ച അണ്ടർപാസ് നിർമ്മാണത്തിൽ എന്തെങ്കിലും അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊല്ലം-മേപ്പയ്യൂർ റോഡിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ മേൽനോട്ടത്തിലാണ് അണ്ടർപാസ്സ് നിർമ്മിച്ചിട്ടുള്ളത്.

(ബി) നിലവിലുള്ള കൊല്ലം-മേപ്പയ്യൂർ റോഡിനെ ഒട്ടും പരിഗണിക്കാതെയാണ് അണ്ടർപാസ് നിർമ്മിച്ചത് എന്ന വസ്തുത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരെ ധരിപ്പിച്ചിട്ടുണ്ടോ?

നാഷണൽ ഹൈവേ അധികൃതരുമായി 19-10-2022, 15-11-2022 തീയതികളിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. N.H.A.I. അലൈൻമെന്റിലുള്ള സർവ്വീസ് റോഡുവഴി വാഹനങ്ങൾ തിരിഞ്ഞുപോകേണ്ടതാണെന്ന് N.H.A.I. വ്യക്തമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത അപാകത പരിഹരിക്കുന്നതിന് എന്ത് മാർഗ്ഗമാണ് വകുപ്പ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

പ്രസ്തുത ഭാഗത്ത് വളവായതിനാൽ 7 മീറ്ററുള്ള സർവ്വീസ് റോഡിനപുറമേ അഡീഷണൽ ലാൻഡ് കൂടി അക്വയർ ചെയ്ത് വീതി കൂട്ടി വാഹനങ്ങൾ സുഗമമായി തിരിഞ്ഞുപോകുന്ന രീതിയിലാണ് അലൈൻമെന്റ് പുനഃക്രമീകരിച്ചിരിക്കുന്നത്.

**പട്ടയം ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും എൻ.ഒ.സി.**

105 (3148) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട 30-9-2009 ലെ 20541/സി3/2009/പൊ.മ.വ. നമ്പർ സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസ്തുത അപേക്ഷകർക്ക് പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ആലുവ ചെങ്ങമനാട് ജംഗ്ഷൻ വികസനം**

106 (3149) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചെങ്ങമനാട് ജംഗ്ഷൻ സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കണമെന്ന 30-3-2022-ലെ നിവേദനത്തിൽ (6072137/2022/ MIN(PWD)/3035/M(W&T)2022/VIP(W)) പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ആലുവ ചെങ്ങമനാട് ജംഗ്ഷൻ സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കണമെന്ന 30-3-2022-ലെ നിവേദനം നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 20-4-2022-ൽ ലഭിക്കുകയും ആയത് 16-5-2022-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം കാര്യാലയം എറണാകുളത്തിന് കീഴെഴുത്തായി നൽകിയിട്ടുള്ളതുമാണ്. ഇൻവെസ്റ്റിഗേഷൻ വിംഗിൽനിന്നും കിട്ടിയ അലൈൻമെന്റ് സ്കെച്ച് ഡിസൈൻ വിംഗിനെ ഏൽപ്പിക്കുകയും അവർ കൂടുതലായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ വിംഗിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുക ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

**ഇരവിപുരം മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ**

107 (3150) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ടിലുൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(എ&ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ടിലുൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇനി ഏതെങ്കിലും പദ്ധതി പുതുതായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

## പാലങ്ങളും റോഡുകളും പൊതുകെട്ടിടങ്ങളും തെരുവുകളും രൂപകൽപന ചെയ്യുന്നതിനായുള്ള രൂപകൽപന നയം

108 (3151) ഡോ. കെ. ടി. ജലീൽ:
ശ്രീ . കെ .ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണമേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതടക്കം പശ്ചാത്തല വികസന മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന തരത്തിൽ പാലങ്ങളും റോഡുകളും പൊതുകെട്ടിടങ്ങളും തെരുവുകളും രൂപകൽപ്പന ചെയ്യുന്നതിനായി രൂപകൽപ്പന നയം രൂപീകരിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുസമൂഹം ദൈനംദിനമെന്നോണം ഇടപെടേണ്ടി വരുന്ന പൊതു ഇടങ്ങൾ, പബ്ലിക് പാർക്കുകൾ, വഴികൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, അനുബന്ധ സൗകര്യങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, പൊതുകെട്ടിടങ്ങൾ എന്നിവയുടെ രൂപകല്പനകൾ

കാലാനുസൃതമായും സൗന്ദര്യാത്മകമായും നിർവ്വഹിക്കുവാനും അതനുസരിച്ച് നിർമ്മിച്ച് പരിപാലനം ചെയ്യുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നിർദ്ദിഷ്ട രൂപകല്പന നയത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ പ്രകൃതിയെ അവലംബിച്ചുകൊണ്ടുള്ളതും സുസ്ഥിര വികസന നയത്തിലൂന്നിയുള്ളതുമായ നിർദ്ദേശങ്ങൾ ഈ നയത്തിലുണ്ടാകും.

(ബി) ഇത്തരമൊരു നയം രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതുനിർമ്മാണ മേഖലയിൽ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ സംബന്ധിച്ച് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുനിർമ്മാണങ്ങളുടെ പരിധിയിൽ വരുന്ന പൊതുകെട്ടിടങ്ങളും അവയുടെ പരിസരവും നിരത്തുകൾ, പാർക്കുകൾ, പൊതുഇടങ്ങൾ, പാലങ്ങൾ, വിനോദസഞ്ചാര ഇടങ്ങൾ എന്നിവയുടെ രൂപകല്പനകളും അവയുടെ നിർവ്വഹണവും മറ്റുമാണ് ഈ നയത്തിന്റെ പരിധിയിൽ വരുന്നത്. നിലവിലുള്ള നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി സൗന്ദര്യാത്മകതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പൊതുനിർമ്മാണങ്ങൾ പരമാവധി ഉപയോഗക്ഷമമായും പരിസ്ഥിതി സൗഹൃദമായും കാലാവസ്ഥയ്ക്കിണങ്ങുന്ന അനുയോജ്യമായ നിർമ്മാണ സങ്കേതങ്ങൾ ഉപയോഗിച്ചും നിർമ്മിതികൾ രൂപകല്പന ചെയ്യുവാനും നിർവ്വഹിക്കുവാനും ഈ നയംകൊണ്ട് ലക്ഷ്യമിടുന്നു.

നിർമ്മിതികൾക്ക് പ്രത്യേക ഡിസൈൻ കൊണ്ടുവരുന്നതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യംകൂടി ലഭ്യമാകും. ഭിന്നശേഷി, വയോജന വിഭാഗങ്ങൾക്ക് സൗകര്യപ്രദമാകുന്നതരത്തിലാണ് നിർമ്മാണം ലക്ഷ്യമിടുക. ടൂറിസം മേഖലയ്ക്കുകൂടി ഇത് വലിയതരത്തിൽ ഗുണകരമാകും.

**ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതി**

109 (3152) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതിക്കായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഇന്ന് കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്കുശേഷം വിനോദസഞ്ചാര കേന്ദ്രങ്ങൾകൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഗുണകരമാണ്. കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവേദം. ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ടൂറിസം

പങ്കെടുക്കുന്ന വിദേശ-ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ ആയുർവേദത്തിന്റെ പ്രചരണാർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് ആയുർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ആയുർവേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായും ധാരാളം വിദേശികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്.

(ബി) കോവിഡ് മഹാമാരിക്കുശേഷം ഹെൽത്ത് ടൂറിസം മേഖലയിലുണ്ടായ തകർച്ച സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

കോവിഡ് സൃഷ്ടിച്ച പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആയുർവ്വേദ ചികിത്സ ലക്ഷ്യമാക്കി ധാരാളം വിനോദസഞ്ചാരികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ നിലയിലുള്ള പ്രചരണങ്ങളും ടൂറിസം വകുപ്പ് നടത്തുന്നുണ്ട്.

(സി) എങ്കിൽ ഹെൽത്ത് ടൂറിസം പദ്ധതിയുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ ആയുർവേദം പ്രചരിപ്പിക്കുന്നതിന് പ്രത്യേകിച്ച് കോവിഡിനുശേഷം ഈ രംഗത്തെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് കൂടുതൽ വിനോദസഞ്ചാരികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് നിരവധി നടപടികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെ ആയുർവേദം പ്രചരിപ്പിക്കുന്നത്. ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന B2B Meet-കളിലും ഒരു മെഡിക്കൽ ടൂറിസം പ്രോഡക്ട് എന്ന നിലയിൽ ആയുർവേദത്തെ പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ അടുത്ത സാമ്പത്തികവർഷം ആസൂത്രണം ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട മാർക്കറ്റിംഗ് പ്രവർത്തനങ്ങളിലും മെഡിക്കൽ ടൂറിസം വികസനംകൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

**തീരദേശ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

110(3153) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>

ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദർശകർക്ക് ലോകോത്തര നിലവാരത്തിലുള്ള അനുഭവങ്ങൾ സമ്മാനിക്കുംവിധം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പ്രാപ്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദസഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി 'കാരവാൻ ടൂറിസം പദ്ധതി' വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യത്തെ കാരവാൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. നിലവിൽ 10 കാരവാനുകളാണ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രൗഢി വീണ്ടെടുക്കുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോവളം വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനം സാധ്യമാക്കുന്നതിനുള്ള സമഗ്ര പദ്ധതി ഉടൻ

ആരംഭിക്കും. ഉത്തരവാദിത്വ ടൂറിസം മിഷന്റെ കീഴിൽ നടപ്പിലാക്കുന്ന സ്ട്രീറ്റ് പദ്ധതി വിനോദസഞ്ചാരികളുടെ മുഖ്യ ആകർഷണ കേന്ദ്രമായി മാറുന്നുണ്ട്. ജല ടൂറിസത്തിന്റെ സാധ്യതകൾ വിപുലമായി ഉപയോഗിക്കുന്ന പദ്ധതിയും നടപ്പാക്കുന്നു. വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ രാത്രികാല ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാനുതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികളും വകുപ്പ് നടപ്പിലാക്കിവരുന്നു.

വിദേശ-ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതിയും വകുപ്പിന്റെ പരിഗണനയിലാണ്.

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്,

കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ തീരദേശ പ്രദേശങ്ങളെയും തീരദേശ പരിപാലന പദ്ധതിയിലുൾപ്പെടുത്തി തീരദേശ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) കായൽ ടൂറിസം ഇടനാഴി രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത തീരദേശങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജലപാത, കനാൽ ടൂറിസം എന്നിവ വികസിപ്പിച്ച് വിവിധ ടൂറിസം ഇടനാഴികൾ രൂപീകരിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കായൽ ടൂറിസംകൂടി യോജിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) തിരുവിതാംകൂർ വിനോദസഞ്ചാര ഇടനാഴി സംബന്ധിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**നോ-ഫ്രിൽ എയർ സ്ലീപ്പുകൾ**

111 (3154) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി നോ-ഫ്രിൽ എയർ സ്ട്രിപ്പുകളുടെ ശൃംഖല സംസ്ഥാനത്ത് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) നോ-ഫ്രിൽ എയർ സ്ട്രിപ്പുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ പ്രദേശങ്ങളാണ് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും തടസ്സമില്ലാത്ത എയർ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി നോ-ഫ്രിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾപ്രകാരമുള്ള സ്ഥലത്തിന്റെ ലഭ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാരവൻ ടൂറിസം**

112 (3155) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ച കാരവൻ ടൂറിസം പദ്ധതിയിൽ എത്ര സംരംഭകർ അംഗമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കാരവൻ ടൂറിസം സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ കഴിഞ്ഞതെന്നത് വിശദമാക്കാമോ;

(സി) കേരളത്തിലെ ഏത് പ്രദേശങ്ങളിലാണ് കാരവൻ ടൂറിസത്തിന് കൂടുതൽ സാധ്യതയുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് 2021, 2022 വർഷങ്ങളിൽ എത്ര രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ-ഡി) കോവിഡാനന്തര കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയായ കാരവൻ ടൂറിസത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരാനും അവിടെ താമസിച്ച് അവിടത്തെ പ്രകൃതിഭംഗി ആവോളം ആസ്വദിക്കാനും കാരവൻ ടൂറിസം പദ്ധതിയിലൂടെ സഞ്ചാരികൾക്ക് സാധിക്കുന്നതാണ്. ഇതിനുപുറമെ, ടൂറിസം വികസനം സാധ്യമാകാത്ത

ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടെ താമസിച്ച് അവിടത്തെ പ്രകൃതിഭംഗി ആസ്വദിക്കാനും കാരവൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ്. കാരവൻ ടൂറിസം പദ്ധതിയിൽ നിലവിൽ 10 സംരംഭകർ സജീവമാണ്. നിലവിൽ ഈ പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ ജി.എസ്.ടി., രജിസ്ട്രേഷൻ ടാക്സ് എന്നീ ഇനങ്ങളിലുള്ള വരുമാനമാണ് ലഭിക്കുന്നത്.

**ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

113 (3156) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം, മുസരീസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കാനും സ്ത്രീ സൗഹൃദ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം എന്നിവയ്ക്ക് തുടക്കം കുറിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൈതൃക ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ് മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ. ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ആദ്യഘട്ടമെന്ന നിലയിലും നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി തലസ്ഥാന നഗരിയിലെ

തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

സംസ്ഥാനത്ത് വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായി 'സ്ട്രീറ്റ്' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട് .

സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധവശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക 'സ്ത്രീ സൗഹൃദ ടൂറിസം' എന്ന പുതിയ പദ്ധതി

ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ സാമ്പത്തിക വർഷം ആരംഭിച്ച് പരിശീലനങ്ങൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ജല സാഹസ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തൊക്കെ പദ്ധതികൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ നിരവധി വിദേശരാജ്യങ്ങളിൽനിന്നുമുള്ള അന്താരാഷ്ട്ര കയാക്കർമാർ മാറ്റുരയ്ക്കുന്ന ജല സാഹസികമേള എല്ലാ വർഷവും കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി (കെ.എ.ടി.പി.എസ്.)-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സാഹസിക ജല ടൂറിസത്തിന് ഊന്നൽ നൽകിയുള്ള ബേപ്പൂർ അന്തരാഷ്ട്ര വാട്ടർ ഫെസ്റ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ സംഘടിപ്പിച്ചുവരുന്നു. ഈ വർഷം വേൾഡ് സർഫിംഗ് അസോസിയേഷന്റെ സഹകരണത്തോടെ വർക്കലയിൽ അന്തർദ്ദേശീയ സർഫിംഗ് ചാംപ്യൻഷിപ്പ് സംഘടിപ്പിക്കുന്ന കാര്യവും വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലാണ്. ജല സാഹസിക ടൂറിസം പ്രവർത്തനങ്ങളുടെ

പരിശീലനത്തിനുള്ള സർഫിംഗ് കേന്ദ്രം ബേപ്പൂരിൽ ആരംഭിച്ചു. ടൂറിസം വകുപ്പിന്റെ കീഴിൽ ആദ്യമായാണ് സർഫിംഗ് പരിശീലനകേന്ദ്രം സ്ഥാപിക്കുന്നത്. ജല സാഹസിക ടൂറിസത്തിന്റെ ഭാഗമായി കയാക്കിംഗ് ഉൾപ്പെടെയുള്ളവ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കുന്നു. കടൽ മേഖലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സാധ്യമാക്കിയും ഈ പ്രവർത്തനം മുന്നോട്ടുപോകുന്നു. ബേപ്പൂരിലും മുഴപ്പിലങ്ങാടും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് സഞ്ചാരികളെ വലിയ തോതിൽ ആകർഷിക്കുന്നു.

**ടൂറിസത്തിന്റെ പ്രാധാന്യം അറിയിക്കാൻ അന്തർദേശീയ തലത്തിൽ പ്രചാരണ പരിപാടി**

114(3157) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തിന്റെ പ്രാധാന്യം അറിയിക്കാൻ അന്തർദേശീയ തലത്തിൽ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തേയും ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതി സൗന്ദര്യത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ട് ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും കേരള ടൂറിസത്തിന്റെ പ്രാധാന്യം വിദേശ സഞ്ചാരികളെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുമായി ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. W.T.M. ലണ്ടൻ, F.I.T.U.R. മാഡ്രിഡ്, B.I.T. മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ സാമ്പത്തിക വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന I.T.B. ബെർലിൻ, M.I.T.T. മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി2 ബി മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിന് സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി വീഡിയോ തയ്യാറാക്കി മറ്റ് സംസ്ഥാനങ്ങളിൽ പ്രചരിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്തിന്റെ മനോഹാരിതയും പുലികളിയും കലയും സംസ്കാരവും ചരിത്രവും സ്മാരകങ്ങളും കഥകളിയും കാരവാൻ ഷോർട്ട് ഫിലിമും ബേപ്പൂർ വാട്ടർഫെസ്റ്റും പ്രതിപാദിക്കുന്ന വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയതലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് ആഭ്യന്തര വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട നപടികൾ സ്വീകരിച്ചുവരുന്നു.

**ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം**

115(3158) <u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിന് സ്റ്റേറ്റ് പെർസ്‌പെക്ടീവ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്ലാനിലുൾപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; അവ ഓരോ സർക്യൂട്ടുകളായി രൂപപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം സർക്യൂട്ടുകളാക്കി വികസിപ്പിക്കാൻ നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നിർവ്വഹണം ആരുടെ ചുമതലയിലാണ് നിലവിൽ നടന്നുവരുന്നത്; പ്രസ്തുത ഏജൻസിയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനായി വിനോദ സഞ്ചാര വകുപ്പ് സ്റ്റേറ്റ് പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

**എയർ സ്ട്രിപ്പുകളുടെ ശൃംഖല**

116 (3159) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ എയർ സ്ട്രിപ്പുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക

വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2022-23-ലെ ബജറ്റിൽ ഖണ്ഡിക 258 പ്രകാരം എയർ സ്ട്രിപ്പ് ശൃംഖല കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അഞ്ച് കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന്റെ നടത്തിപ്പ് നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) ഇതിനായുള്ള നടപടികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ആദ്യഘട്ടത്തിൽ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നത് സംബന്ധിച്ച ഇനംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഗതാഗതവകുപ്പിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ടി പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

117(3160) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ പുതിയ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾ അംഗീകരിക്കാമെന്ന് 1-10-2022-ൽ കൂടിയ ഇവാല്യൂവേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുമുണ്ട്.

(ബി) ആയതിലേയ്ക്ക് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

(ബി & സി)

1. വെള്ളറട ഗ്രാമപഞ്ചായത്ത് (പ്ലാക്കുടിക്കാവ് എക്കോ ടൂറിസം പദ്ധതി).
2. അമ്പൂരി ഗ്രാമപഞ്ചായത്ത് (കരുമാംകുളം ടൂറിസം പദ്ധതി).
3. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് (വെള്ളായണി കായൽ കടവ്).
4. മാണിക്കൽ ഗ്രാമപഞ്ചായത്ത് (തമ്പുരാൻ പാറ ട്രക്കിംഗ് സെന്റർ)
5. പൂവച്ചൽ ഗ്രാമപഞ്ചായത്ത് (നാട്ടുകാണി ടൂറിസം)
6. ആര്യനാട് പഞ്ചായത്ത് (ടൂറിസം ഫെസിലിറ്റേഷൻ അനിയിലക്കടവ്)
7. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് (പഴഞ്ചിറ ടൂറിസം ഡെസ്റ്റിനേഷനിലെ ബേസിക് ഫെസിലിറ്റീസ്)

8. കരകുളം ഗ്രാമപഞ്ചായത്ത് (ഹിൽ & വാട്ടർ എക്കോ ടൂറിസം പദ്ധതി)

**വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ**

118(3161) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ജനസൗഹൃദമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടത്തിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ അഞ്ച് കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക്

ഉപകാരപ്രദമാകുംവിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി "ഗ്രീൻ കാർപെറ്റ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ച്, ബേക്കൽ, ബേപ്പൂർ, കുമരകം, മൂന്നാർ തുടങ്ങിയ കേന്ദ്രങ്ങളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പൊതുകാഴ്ചപ്പാടിന്റെ ഭാഗമായി പരിശീലനം ലഭിച്ച 184 ടൂറിസം പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില

മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും റോഡരികിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും വിനോദസഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് "ക്ലീൻ ഡെസ്റ്റിനേഷൻ" എന്ന പദ്ധതിവഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിനുപുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വംവഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്.

(Material Collection Facility)-ൽ എത്തിച്ചുനൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യനിർമ്മാർജ്ജനം M/s. Exclean Pvt. Ltd. എന്ന സ്ഥാപനംവഴി ഇടുക്കി ഡി.ടി.പി.സി. നടപ്പാക്കിവരുന്നുണ്ട്.

**കാരവൻ ടൂറിസം**

119(3162) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസത്തിന് സർക്കാർ പ്രാധാന്യം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പല വിദേശരാജ്യങ്ങളിലൂടെയും കാരവനിൽ സഞ്ചരിച്ച് കേരളത്തിലെത്തിയ ടൂറിസ്റ്റുകളിൽനിന്നും വാഹനത്തിന് രൂപമാറ്റം വരുത്തിയിട്ടുണ്ടെന്ന് കാണിച്ചുകൊണ്ട് മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് പ്രതിബന്ധമായേക്കാവുന്ന ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(എ&ബി) കേരളത്തിലെത്തുന്ന കാരവൻ സഞ്ചാരികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി സഹകരിച്ച് ഫലപ്രദമായ നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നത്. രൂപമാറ്റം വരുത്തിയതുമായി ബന്ധപ്പെട്ട വിദേശത്തുനിന്നും വന്ന കാരവൻസഞ്ചാരികളിൽനിന്നും മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കിയിട്ടില്ല.

(സി) കാരവൻ ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടായാൽ സംരംഭകർക്ക് ഗുണകരമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കാരവൻ ടൂറിസം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് ആകർഷകമായ സബ്സിഡികൾ നൽകിവരുന്നുണ്ട്. കാരവൻ ടൂറിസം മേഖലയിൽ നിക്ഷേപം നടത്തി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 100 പേർക്ക്

7.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 15% സബ്സിഡി (അതിൽ ഏതാണോ കുറവ് അത് നൽകുന്നതാണ്). 101 മുതൽ 200 വരെയുള്ള സംരംഭകർക്ക് 5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 10% സബ്സിഡി (ഏതാണോ കുറവ് അത് നൽകുന്നതാണ്). 201 മുതൽ 300 വരെയുള്ള സംരംഭകർക്ക് 2.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 5% സബ്സിഡി (ഏതാണോ കുറവ് അത് നൽകുന്നതാണ്). കൂടാതെ വാഹന നികുതി ഇനത്തിൽ 50% ഇളവ് നൽകി ഗതാഗത വകുപ്പും ഉത്തരവായിട്ടുണ്ട്.

**വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്**

120 (3163) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി സർക്കാർ

ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പിന്റെ www.keralatourism.org/destination-challenge എന്ന പോർട്ടൽ വഴി സമർപ്പിക്കേണ്ടതും ആയത് വകുപ്പ് പരിശോധിച്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. ടി പദ്ധതിയുടെ ഭാഗമായി 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. പദ്ധതികൾ പൂർത്തിയാകുന്നമുറയ്ക്കാണ് ഫണ്ട് ചെലവഴിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാവുക.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

- പത്തനംതിട്ട – അയിരൂർ ഗ്രാമപഞ്ചായത്ത് (അയിരൂർ കഥകളി മ്യൂസിയം)
- തൃശ്ശൂർ - എളവള്ളി ഗ്രാമപഞ്ചായത്ത് (മണച്ചാൽ ചിൽഡ്രൻസ് പാർക്ക്)
- പാലക്കാട് - തരൂർ ഗ്രാമപഞ്ചായത്ത് (ചിൽഡ്രൻസ് & അഡ്വഞ്ചർ പാർക്ക് കാരമല)
- കോഴിക്കോട് - പെരുമണ്ണ ഗ്രാമപഞ്ചായത്ത് (ചാലിയാർ ഇക്കോ ടൂറിസം)
- വയനാട് - കൽപ്പറ്റ മുനിസിപ്പാലിറ്റി (മുണ്ടേരി പാർക്ക് ടൂറിസം പദ്ധതി)
- വയനാട് - വൈത്തിരി ഗ്രാമപഞ്ചായത്ത് (വൈത്തിരി റിവർ ടൂറിസം)
- എറണാകുളം - ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് (മംഗലപ്പുഴ പാർക്ക്)
- എറണാകുളം– വെങ്ങൂര് ഗ്രാമപഞ്ചായത്ത് (കൊടം പള്ളിച്ചിറ)
- എറണാകുളം– കാലടി ഗ്രാമപഞ്ചായത്ത് (മാണിക്യമംഗലം )

- ഇടുക്കി- കുമിളി ഗ്രാമപഞ്ചായത്ത് (ഒറ്റക്കാതൽ മേട് )
- ഇടുക്കി - പെരുവന്താനം ഗ്രാമപഞ്ചായത്ത് (ഏകയം വെള്ളച്ചാട്ടം)
- കോട്ടയം - വാഴൂർ ഗ്രാമപഞ്ചായത്ത് (പോത്തൻപ്ലാക്കൽ നക്ഷത്ര ജലോൽസവം )
- കണ്ണൂർ - പായം ഗ്രാമപഞ്ചായത്ത് (ഇരിട്ടി ഇക്കോ പാർക്ക് )

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് മുഖേന ടൂറിസം മേഖലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുള്ള സ്വകാര്യ സംരംഭകരുടെ എണ്ണം എത്രയാണ്; ഇതിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഇനത്തിൽ സർക്കാർ നാളിതുവരെ ചെലവാക്കിയിട്ടുള്ള തുക എത്രയാണ്;

(എഫ്) ഏതൊക്കെ ഇനങ്ങളിലായി ഏതൊക്കെ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കുമായാണ് പണം ചെലവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി-എഫ്) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖേന തുകയൊന്നും നിലവിൽ ചെലവഴിച്ചിട്ടില്ല.

**തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി**

121 (3164) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ സന്ദർശകർക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി വകുപ്പ് ഒരുക്കിവരുന്നുണ്ട്.

(ബി) വിനോദസഞ്ചാര വിപണന മേഖലയിലെ പുരോഗതി വിശദമാക്കുമോ?

വിപണനമേഖലയിൽ ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളും പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയതലത്തിൽ

പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട നപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്രമേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB Berlin, MITT Moscow തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തി ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, Munich, Frankfurt തുടങ്ങിയ നഗരങ്ങളിൽ B2B Meets സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ആരംഭിച്ച ചാറ്റ്ബോട്ട്-മായ ഫലപ്രദമായ ടൂറിസം വികസന സംവിധാനമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വെർച്വൽ ട്രാവൽ അസിസ്റ്റന്റ് എന്ന നിലയിൽ പ്രസ്തുത സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് 'മായ'. മാർച്ച് മാസത്തിൽ സേവനം ആരംഭിച്ച 'മായ' ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു. സാങ്കേതികവിദ്യയുടെ പിൻബലത്തോടെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ചാറ്റ് ബോട്ട് കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനം വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി**

122 (3165) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കരിങ്കല്ലത്താണി പ്രദേശത്ത് നിർമ്മിക്കുന്ന കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തുന്നതിന് ഇവാല്യുവേഷൻ കമ്മിറ്റിയുടെ

നിർദ്ദേശപ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയിൽ വളാഞ്ചേരി കമ്മ്യൂണിറ്റി പാർക്കിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കരിങ്കല്ലത്താണി പ്രദേശത്ത് നിർമ്മിക്കുന്ന കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പിൽഗ്രിം ടൂറിസം**

123 (3166) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ പിൽഗ്രിം ടൂറിസം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ പിൽഗ്രിം ടൂറിസം എന്ന പേരിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

**ആലപ്പുഴ പൈതൃക പദ്ധതി**

124 (3167) <u>ശ്രീ. പി.പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി ചെലവാക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

Chungam (Chakrepurakkal) - Kayalchira Pathway Development and Boat landing by the side of Pamba River, Alappuzha –AS Amount : Rs. 3,55,18,893 /-

Renovation of Punnamada parking area and premises, Alappuzha- AS Amount : Rs. 97,00,000/-

Providing Lift in Govt. Guest House, Alappuzha- AS Amount : Rs. 63,80,000/-

കൂടാതെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 29.15 കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു.

| No. | പദ്ധതികൾ |
|---|---|
| 1 | ന്യൂമോഡൽ കയർ ഹിസ്റ്ററി മ്യൂസിയം (ലിവിംഗ് കയർ ഫാക്ടറി)– 9,95,94,000/- രൂപ |
| 2 | മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി – 9,68,31,000/- രൂപ |
| 3 | കയർഷെഡ് ( യാൺ മ്യൂസിയം) - 5,42,75,000/- രൂപ |
| 4 | ഷെഡ് ബി , കാന്റീൻ ബ്ലോക്ക് – 3,29,87,000/- രൂപ |
| 5 | സൈനേജുകൾ - 78,21,000/- രൂപ |

(ബി) ആലപ്പുഴ പൈതൃക പദ്ധതിയിലുൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും ഇവയിൽ പൂർത്തീകരിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിവരവും തരംതിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ പൈതൃക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം താഴെ പറയുന്നു.

<u>പൂർത്തീകരിച്ച പദ്ധതികൾ</u>

1. സൗക്കാർ മസ്ജിദ് - ഭരണാനുമതി തുക - 87,57,327/- രൂപ

2. മക്കാം മസ്ജിദ് - ഭരണാനുമതി തുക - 1,28,70,978. 60 രൂപ

3. ലിയോ തേർട്ടീന്ത് സ്കൂൾ - ഭരണാനുമതി തുക - 2,31,50,363 /- രൂപ

<u>നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

1. യാൺ മ്യൂസിയം (കയർഫെഡ് ബിൽഡിംഗ് )

2. മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി (കയർ കോർപ്പറേഷൻ ബിൽഡിംഗ്)

3. ലിവിംഗ് കയർ മ്യൂസിയം/ലേബർ മൂവ്മെന്റ് മ്യൂസിയം (ന്യൂമോഡൽ കയർ സൊസൈറ്റി ബിൽഡിംഗ്)

4. പോർട്ട് മ്യൂസിയം (പോർട്ട് ബിൽഡിംഗ്)

5. ആലപ്പുഴ കടൽപ്പാലം

6. കനാൽ സൈഡ് നവീകരണം

7. പോർട്ട് മ്യൂസിയത്തിലെ മിയാവാക്കി ഫോറസ്റ്റ്

(സി) പൈതൃക പദ്ധതി പ്രകാരം സംരക്ഷിക്കുന്ന മ്യൂസിയങ്ങൾ, പൊതു ഇടങ്ങൾ, സ്മാരകങ്ങൾ എന്നിവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

യാൺ മ്യൂസിയം

കേരളത്തിലെ പ്രധാനപ്പെട്ട ജൈവ നൂൽ ഉത്പാദനം, കയർ സൊസൈറ്റികളുടെ വിശദാംശങ്ങൾ, കയറിന്റെ ചരിത്രവും കയർ സംബന്ധിയായുള്ള സാഹിത്യകൃതികൾ എന്നിവയും വിശദീകരിക്കുന്ന ഗ്യാലറിയും ആക്ടിവിറ്റി സെന്ററും ഉൾക്കൊള്ളുന്ന കയർഫെഡ് കെട്ടിടത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന യാൺ മ്യൂസിയത്തിന്റെ 90% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി

ആലപ്പുഴയിലെയും ലോകമെമ്പാടുമുള്ള കയർ വ്യവസായത്തിന്റെ വികാസ പരിണാമ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന മ്യൂസിയം കയർ കോർപ്പറേഷൻ ബിൽഡിംഗിലാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. 75% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ലിവിംഗ് കയർ മ്യൂസിയം /മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്

ബോംബെ കമ്പനി മുമ്പ് പ്രവർത്തിച്ചിരുന്ന ന്യൂമോഡൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കെട്ടിട സമുച്ചയത്തെ നവീകരിച്ച് ലിവിംഗ് കയർ മ്യൂസിയവും ലേബർ മൂവ്മെന്റ് മ്യൂസിയവും സജ്ജമാവുകയാണ്. ട്രേഡ് യൂണിയനുകളുടെ രൂപീകരണവും ആവിർഭാവവും വളർച്ചയും പുന്നപ്ര വയലാർ സമരം തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് വിവിധ ഗ്യാലറികൾ, ആർക്കൈവൽ രേഖകൾ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിൽ സംരക്ഷണം നൽകി മ്യൂസിയത്തെ കയർ ചരിത്രത്തെ സംബന്ധിച്ച ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നു. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

<u>പോർട്ട് മ്യൂസിയം</u>

ആലപ്പുഴ പഴയ പോർട്ട് ഓഫീസ് സമുച്ചയത്തിലും അതിനോടനുബന്ധിച്ച് കിടക്കുന്ന 10 ഏക്കർ വരുന്ന ഭൂമിയിലുമായി പോർട്ട് മ്യൂസിയം പ്രവർത്തനസജ്ജമാവുകയാണ്. ആലപ്പുഴ തുറമുഖത്തിന്റെ പശ്ചാത്തലവും ഉദയവും പട്ടണത്തിന്റെ വളർച്ച, കേരളത്തിലെ നാൽപ്പതോളം വരുന്ന പുരാതന തുറമുഖ നഗരങ്ങളുടെ വിവരണവും തുറമുഖ തൊഴിലാളികളും ട്രേഡ് യൂണിയൻ, ആലപ്പുഴയിലെ വ്യാപാരി സമൂഹം, പരമ്പരാഗത ജലഗതാഗത സംവിധാനം, തീരദേശ മൽസ്യ ബന്ധനം

എന്നിവ ഉൾപ്പെടുന്നതാണ് ഗ്യാലറികൾ. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് .

പൊതുഇടം, കനാൽ സൈഡ് നവീകരണം

ആലപ്പുഴയുടെ കനാലുകൾ ചരിത്രപ്രസിദ്ധമാണ്. തുറമുഖത്തിലേയ്ക്ക് മലഞ്ചരക്കുകൾ വന്നുപോകുന്ന സജീവ വിപണികൾ, കനാലുകൾ, പണ്ടകശാലകൾ തുടങ്ങിയവ നിർമ്മിച്ച് ആലപ്പുഴയെ ഒരു ലോകോത്തര വ്യാപാരകേന്ദ്രമാക്കി രാജാകേശവദാസ് മാറ്റിയിരുന്നു. ഇത്രയേറെ ചരിത്ര പ്രാധാന്യമർഹിക്കുന്ന കനാലുകളുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി നടപ്പാതകൾ, ബോട്ട് ജെട്ടികൾ, സ്ട്രീറ്റ് ലൈറ്റുകൾ, തണൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി എന്നിവയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്ട്രീറ്റ് എലവേഷൻ ഡെവലപ്മെന്റ്

ആലപ്പുഴ പട്ടണത്തിന്റെ ഗതകാല പ്രൗഢി വീണ്ടെടുക്കുന്നതിന് സ്ട്രീറ്റ് എലവേഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ആലപ്പുഴ ബീച്ചിൽ സ്ഥാപിച്ചിരുന്ന ഡി-കമ്മീഷൻ ചെയ്ത നേവിയുടെ പടക്കപ്പൽ

21 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ & പെയിന്റിംഗ് ലാൻഡ് സ്കേപ്പ് വർക്കിന് അനുമതിയായിട്ടുണ്ട്.

<u>സൈനേജ് ഡെവലപ്മെന്റ്</u>

ആലപ്പുഴയുടെ പൈതൃക പദ്ധതിയിലെ പ്രദേശങ്ങളും അവയുടെ പ്രാധാന്യവും ലൊക്കേഷനും വിവരിക്കുന്ന ബോർഡുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതി. പ്രവർത്തനം ആരംഭിച്ചിട്ടില്ല .

<u>സ്മാരകങ്ങൾ</u>

1. മക്കാം മസ്ജിദ് (പണി പൂർത്തീകരിച്ചു)

2. സൗക്കാർ മസ്ജിദ് (പണി പൂർത്തീകരിച്ചു)

3. ലിയോ സ്കൂൾ (പണി പൂർത്തീകരിച്ചു)

<u>കടൽപ്പാലം</u>

ആലപ്പുഴ ബീച്ചിൽ സ്ഥിതിചെയ്യുന്ന 150 വർഷം പഴക്കമുള്ള കാസ്റ്റ് അയണിലും തടിയിലുമായി നിർമ്മിച്ച കടൽപ്പാലം തുറമുഖ ചരിത്രത്തിന്റെ അവസാന അടയാളമാണ്. പൈതൃക പദ്ധതിയുടെ ഭാഗമായി 1826-ൽ നിർമ്മിച്ച പാലത്തിന് സമീപത്തായി മറ്റൊരു കടൽപ്പാലം നിർമ്മിക്കുന്നതിലൂടെ പട്ടണ ചരിത്രത്തിലേയ്ക്ക് തിരികെ നടക്കുവാനുള്ള

വഴിക്കുടിയാകും. പദ്ധതിയുടെ ഭാഗമായി പുതിയ കടൽപ്പാലത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**തുങ്ങാംപാറ എക്കോ ടൂറിസം പദ്ധതി**

125 (3168) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുങ്ങാംപാറ എക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ആയതിന്റെ പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിക്കായി കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ എട്ട്, റീസർവേ നമ്പർ 524/1ൽപ്പെട്ട 44.03 ആർ പാറപുറമ്പോക്ക് ഭൂമിയുടെ ഉപയോഗാനുമതി, 18-12-2022-ലെ സ.ഉ.(കൈ)നം.304/2022/ആർ.ഡി. പ്രകാരം വിനോദസഞ്ചാര വകുപ്പിന് ലഭിച്ചിട്ടുണ്ട്. പദ്ധതിക്കായി വിശദപദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016-ലെ ഡി.എസ്.ആർ. പ്രകാരമായിരുന്നു. 2018-ലെ ഡി.എസ്.ആർ. പ്രകാരം പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ നിലവിൽ

പുരോഗമിക്കുകയാണ്. പുതുക്കിയ ഡി.പി.ആർ. ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

**ടൂറിസം മേഖലയിൽ നടത്തിയ ഇടപെടലുകൾ**

126(3169) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡിനുശേഷം 2022-ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2022 കലണ്ടർ വർഷം 18867414 ആഭ്യന്തര വിനോദസഞ്ചാരികളും 345549 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 2021-ൽ ആഭ്യന്തര സഞ്ചാരികൾ 7537617-ഉം വിദേശ വിനോദസഞ്ചാരികൾ 60487-ഉം ആയിരുന്നു. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദസഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദസഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. കോവിഡ്

കാലത്തെ മാന്ദ്യത്തിനുശേഷം സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര മേഖലയിൽനിന്നും ലഭ്യമായ വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന മൊത്തം വരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിലാണ് കണക്കാക്കി വരുന്നത്. 2021, 2022 വർഷങ്ങളിലെ പ്രസ്തുത കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | വിനോദസഞ്ചാരികളുടെ എണ്ണം | ആകെ വരുമാനം (കോടിയിൽ) Direct & Indirect |
|---|---|---|
| 2021 | 75,98,104 | 12,285.91 |
| 2022 | 1,92,12,963 | 35,168.42 |

(സി) വിനോദസഞ്ചാരികളുടെ എണ്ണത്തിലും വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിലും വർദ്ധനവുണ്ടാകാൻ ടൂറിസം മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ?

വിനോദസഞ്ചാരികളുടെ എണ്ണത്തിലും വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവുണ്ടാകാൻ ആസൂത്രിതമായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. പുതിയ ഉത്പന്നങ്ങൾ രംഗത്തിറക്കിയും ഡെസ്റ്റിനേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയും ടൂറിസം മേഖലയിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. അതോടൊപ്പം മാർക്കറ്റിംഗ് മേഖലയിലും ആസൂത്രിത ഇടപെടൽ നടത്തുകയാണ്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളായ പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിലുൾപ്പെടുത്തി ദേശീയതലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട നപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്രവേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB

ബെർലിൻ, MITT മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി2 ബി മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്.

**സൺസെറ്റ് പാർക്ക്**

127 (3170) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറെക്കരയിൽ വിനോദസഞ്ചാര വകുപ്പ് മുഖേന സൺസെറ്റ് പാർക്ക് നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഡെവലപ്മെന്റ് ഓഫ് സൺസെറ്റ് ബീച്ച് പാർക്ക് എന്ന പദ്ധതിക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ 40% പൂർത്തിയായിട്ടുണ്ട്.

**കാപ്പാടിന്റെ സമഗ്ര വികസനം**

128 (3171) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് ലഭിച്ച ഏക ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാടിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ചിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി വിനോദസഞ്ചാര വകുപ്പ് 26 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ ഏറ്റവും മനോഹരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ കാപ്പാടിന്റെ സമഗ്ര വികസനത്തിന് ടൂറിസം വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കാപ്പാടിന്റെ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ചരിത്രമ്യൂസിയം സ്ഥാപിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ വകുപ്പ് തയ്യാറാക്കുന്നതാണ്.

**അന്തർദേശീയതലത്തിലെ ടൂറിസം പ്രചാരണ പരിപാടികൾ**

129 (3172) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ അന്തർദേശീയ തലത്തിലെ പ്രചാരണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും കേരള ടൂറിസത്തിന്റെ പ്രാധാന്യം വിദേശ സഞ്ചാരികളെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുമായി ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള

ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB ബെർലിൻ, MITT മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി2 ബി മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളായ പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട നപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം മേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി കാരവൻ ടൂറിസം നടപ്പിലാക്കുകയും കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണ്ണിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാനുതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിദേശ-ആഭ്യന്തര സഞ്ചാരികൾ

വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന 'വർക്ക് ഫ്രം ഹോളിഡേ ഹോം' എന്ന പദ്ധതി പരിഗണനയിലും ലോംഗ് സ്റ്റേയ്സ് ഇൻ കേരള എന്ന ക്യാമ്പയിൻ നടപ്പാക്കിയിട്ടുമുണ്ട്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയിൽ വിദേശ ടൂറിസ്റ്റുകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന വിപണന തന്ത്രങ്ങളിലൂടെയും ക്യാമ്പയിനുകളിലൂടെയും കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യൂ ഉയർത്തുന്നതിനും ട്രേഡ് മീറ്റുകളിലെയും ട്രേഡ് ഫെയറുകളിലെയും നിരന്തര സാന്നിദ്ധ്യത്തിലൂടെ കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2022 കലണ്ടർ വർഷം 345549 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2021-ൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ 60487 ആണ്. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളിൽ 471.28% വർദ്ധനവ് വന്നിട്ടുണ്ട്. കോവിഡ്

മാന്ദ്യത്തിനുശേഷം സംസ്ഥാനത്തെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) ഏതൊക്കെ വിദേശരാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളാണ് സംസ്ഥാനത്ത് കൂടുതലായി എത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

2022 കലണ്ടർ വർഷത്തിലെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് യു.എസ്.എ. (44851), മാലിദ്വീപ് (38152), ഒമാൻ (29514), റഷ്യ (27892) യു.കെ. (26495), യു.എ.ഇ. (16653), ഫ്രാൻസ് (13992), ജർമ്മനി (12762), സൗദി അറേബ്യ (9760), ഓസ്ട്രേലിയ (9393) എന്നീ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികൾ എത്തിയിട്ടുള്ളത്. 2022-ൽ സംസ്ഥാനത്തെത്തിയ വിദേശ വിനോദസഞ്ചാരികളുടെ 66.4 ശതമാനവും ഈ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു.

(ഇ) വിദേശ വിനോദസഞ്ചാരികൾ വരുന്നത് കുറവായിക്കാണുന്ന രാജ്യങ്ങളിൽനിന്നും കൂടുതൽ ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിന് ഏതൊക്കെ രീതിയിലുള്ള മാറ്റങ്ങളാണ് ഈ മേഖലയിൽ വരുത്തേണ്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിദേശ വിനോദസഞ്ചാരികൾ വരുന്നത് കുറവായി കാണുന്ന രാജ്യങ്ങളിൽനിന്നും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക്

ആകർഷിക്കുന്നവിധം നൂതന പദ്ധതികൾ ആവിഷ്കരിച്ചും സോഷ്യൽ മീഡിയയെ പ്രയോജനപ്പെടുത്തിക്കൊണ്ടും സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇത്തരം കേന്ദ്രങ്ങളിലെ പ്രചരണംകൂടി ലക്ഷ്യമിട്ട് സമഗ്രമായ മാർക്കറ്റിംഗ് സ്ട്രാറ്റജി തയ്യാറാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**പാറന്നൂർചിറ ടൂറിസം പദ്ധതി**

130 (3173) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽപ്പെട്ട പാറന്നൂർചിറ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) പാറന്നൂർചിറ ടൂറിസം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് ഇറിഗേഷൻ വകുപ്പിന്റെ എ.ഒ.സി. ലഭിച്ചിട്ടില്ലാത്തതിനാൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## കൊടിഞ്ഞി ഇരുകുളം സൗന്ദര്യവൽക്കരണം

131 (3174) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കൊടിഞ്ഞി ഇരുകുളം സൗന്ദര്യവൽക്കരണ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കൊടിഞ്ഞി ഇരുകുളം സൗന്ദര്യവൽക്കരണ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പുമുഖേന നടപ്പിലാക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ സർക്കാരിൽ നാളിതുവരെയായി ലഭ്യമായിട്ടില്ല. എന്നാൽ ടി പദ്ധതിക്കായി ബഹു. എം.എൽ.എ. 9-6-2021-ൽ സർക്കാരിന് നൽകിയ നിവേദനം

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ ടൂറിസം സാധ്യത കണക്കിലെടുത്ത് ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തുന്നതിനായുള്ള നടപടി നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന സ്വീകരിച്ചിട്ടുണ്ട്.

**ജലയാനങ്ങൾക്കുള്ള ലൈസൻസ്**

132 (3175) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ മോട്ടോർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയ്ക്ക് ഡി.ടി.പി.സി. ലൈസൻസ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ 2017 മുതൽ നാളിതുവരെ ഇപ്രകാരം ലൈസൻസ് നൽകിയിട്ടുള്ള ജലയാനങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജലാശയങ്ങളിൽ ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തികളുടെ മോട്ടോർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയവയ്ക്ക് ഡി.ടി.പി.സി. ലൈസൻസ് ബാധകമല്ല.

(ബി) പ്രസ്തുത ജലയാനങ്ങളിൽ ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് വിനോദസഞ്ചാര വകുപ്പ്

പരിശോധന നടത്താറുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ കാലയളവിൽ മാലിന്യ സംസ്കരണത്തിലെ പിഴവുകൾമൂലം നടപടി സ്വീകരിച്ച ജലയാനങ്ങളുടെ എണ്ണവും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജലയാനങ്ങളിൽ ടോയ്‌ലറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഒരെണ്ണം കുമരകത്ത് പ്രവർത്തിച്ചുവരുന്നു. ആലപ്പുഴയിൽ രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. മറ്റ് ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നത് അതത് നഗരസഭകളുടെ മേൽനോട്ടത്തിൽ വരുന്നവയാണ്. പ്രസ്തുത സംസ്കരണത്തിലെ പിഴവുകൾക്ക് നടപടി എടുക്കുന്നതും അതത് നഗരസഭകളാണ്.

**പാലാ മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നുള്ള വരുമാനം**

133 (3176) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കുറിഞ്ഞി, കുമ്പൻമല, കയ്യൂർ നാട്ടുകാണിമല, അയ്യംപാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നുള്ള വരുമാനം

ഈ സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സർക്കാർ പങ്കിടുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വരുമാനം അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പങ്കിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പാലാ മണ്ഡലത്തിലെ കുറിഞ്ഞി, കുമ്പൻമല, കയ്യൂർ നാട്ടുകാണിമല, അയ്യംപാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ നടപ്പാക്കുന്നില്ല.

**കീരനല്ലൂർ ടൂറിസം പദ്ധതി**

134 (3177) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ കീരനല്ലൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കിയ ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചെങ്കിലും ആയത് പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-ഡി) Development of Keeranelloor park as a tourist destination എന്ന ടൂറിസം പദ്ധതിക്ക് 1.12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിയെ വിനോദസഞ്ചാര വകുപ്പ് നിയോഗിക്കുകയും 25 ലക്ഷം രൂപ അഡ്വാൻസായി അനുവദിക്കുകയും ചെയ്തു. എന്നാൽ പദ്ധതി സ്ഥലം ജലസേചന വകുപ്പിന് കീഴിലായതിനാൽ ടി സ്ഥലത്തിന്റെ ഉപയോഗാനുമതി 20.38 ആർ അഥവാ 52.8 സെന്റ് ഭൂമി 22-02-2019-ൽ വിനോദസഞ്ചാര വകുപ്പിന് ലഭിച്ചെങ്കിലും ആ സ്ഥലത്ത് നടപ്പാത മാത്രം നിർമ്മിക്കുവാനാണ് സാധിക്കുക. ഇതനുസരിച്ച് FIT Ltd. നടപ്പാത, ഹാന്റ് റെയിൽ, ലാന്റ്സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെട്ട 91,77,680 രൂപയുടെ പുതുക്കിയ എസ്റ്റ്മേറ്റ് സമർപ്പിച്ചിരുന്നു. ടി പ്രവൃത്തികൾ ആരംഭിക്കുവാൻ FIT Ltd.-നോട് നിർദ്ദേശിച്ചെങ്കിലും FIT Ltd. പ്രവൃത്തികൾ ആരംഭിച്ചില്ല. ഭരണാനുമതി ലഭിച്ച് 8 വർഷത്തിലധികമായിട്ടും പദ്ധതി

ആരംഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യുകയും നിർവ്വഹണ ഏജൻസിയായ FIT Ltd.-ന് അഡ്വാൻസായി നൽകിയ 25 ലക്ഷം രൂപ പലിശസഹിതം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പയ്യാമ്പലം ബീച്ച് വാക്‌വേ സൗന്ദര്യവത്കരണം**

135 (3178) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാമ്പലം ബീച്ച് വാക്‌വേയുടെ രണ്ടാം ഘട്ട സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, ഇറിഗേഷൻ വകുപ്പിന് അപേക്ഷ നൽകിയിരുന്നെങ്കിലും ആയതിനായി ടൂറിസം വകുപ്പിന്റെ അപേക്ഷ ലഭ്യമാക്കണം എന്ന് സൂചിപ്പിച്ച് ഇറിഗേഷൻ വകുപ്പ് ടൂറിസം വകുപ്പിന് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കത്തിന് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മറുപടി നൽകിയിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് മറുപടി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ഉണ്ട്. പ്രസ്തുത പദ്ധതിക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. അനുവദിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ അപേക്ഷ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഇറിഗേഷൻ വകുപ്പ് വിനോദസഞ്ചാര വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. 7-2-2023-ലെ പ്രസ്തുത കത്തിന് മറുപടി നൽകിയിട്ടുണ്ട്. 4-6-2022-ന് ബഹുമാനപ്പെട്ട അഴിക്കോട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പ് വിനോദസഞ്ചാര വകുപ്പിന് എൻ.ഒ.സി. കൈമാറാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പിൽനിന്നും എൻ.ഒ.സി.-ക്കായി അഭ്യർത്ഥിച്ചുവെങ്കിലും ഇറിഗേഷൻ വകുപ്പ് വിനോദസഞ്ചാര വകുപ്പിന് എൻ.ഒ.സി. നൽകിയിട്ടില്ല. തീരദേശ പരിപാലന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കണ്ണൂർ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ**

136 (3179) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഒരു പഞ്ചായത്തിൽ ഒരു ഡെസ്റ്റിനേഷൻ എന്ന സർക്കാർ പ്രഖ്യാപനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിത്തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് നിർദ്ദിഷ്ട മാതൃകയിൽ

സമർപ്പിക്കുന്നപക്ഷം വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്കുവിധേയമായി ഭരണാനുമതി നൽകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 13 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്ക് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; ഈ അപേക്ഷകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഉള്ളിയേരി പഞ്ചായത്ത് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ച ഭൂമി ഇറിഗേഷൻ വകുപ്പിന്റേതായതിനാൽ ടി വകുപ്പിന്റെ നിരാക്ഷേപ പത്രം (N.O.C.) ലഭിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിലെ ടൂറിസം സാദ്ധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/ കണ്ടെത്തി പദ്ധതി പ്രൊപ്പോസലിന്റെ ഡി.പി.ആർ. തയ്യാറാക്കി വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴിയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ ഡി.പി.ആർ. തയ്യാറാക്കി, പദ്ധതിക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കി നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള ലാൻഡ് എൻ.ഒ.സി.-യും പ്രൊപ്പോസലിനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം. പദ്ധതി പ്രദേശത്തുനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണെന്നത് സംബന്ധിച്ചൊരു ബിസിനസ് പ്ലാൻകൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**താമരശ്ശേരി ചുരം കേബിൾ കാർ പദ്ധതി**

137 (3180) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ചുരത്തിൽ കേബിൾ കാർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ-സി) പർവ്വതമാല പരിയോജന (റോപ് വേ പ്രോജക്ട്) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി എൻ.എച്ച്.എൽ.എം.എൽ. സി.ഇ.ഒ.-യ്ക്ക് അയച്ച ലിസ്റ്റിലും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നാറ്റ്പാക് തയ്യാറാക്കിയ മുൻഗണനാ പട്ടികയിലും കോഴിക്കോട് ജില്ലയിൽ അടിവാരം മുതൽ ലക്കിടി വരെയുള്ള പ്രദേശങ്ങൾ ശിപാർശയിൽ ഉൾപ്പെട്ടിട്ടുണ്ട്. ചില സ്വകാര്യ സംരംഭകരും ഈ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

**ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് നടപടി**

138 (3181) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ വാടക നിരക്ക് ഡി.ടി.പി.സി. അംഗീകാരത്തോടെ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിരക്കിൽ കൂടുതൽ വാടക ഈടാക്കി ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി വിനോദസഞ്ചാര വകുപ്പ് പരിശോധന നടത്താറുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം അമിത നിരക്ക് ഈടാക്കിയതിന്റെ പേരിൽ 2017 മുതൽ നാളിതുവരെ നടപടി നേരിട്ട ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്ക് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ (ഡി.ടി.പി.സി.) വാടക നിരക്ക് നിശ്ചയിച്ചിട്ടില്ല.

**പൊന്നാനി മണ്ഡലത്തിലെ ഹൗറ മോഡൽ തൂക്കുപാലം**

139 (3182) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചതും ഫണ്ട് അനുവദിച്ചതുമായ ഹൗറ മോഡൽ തൂക്കുപാലം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിലുൾപ്പെട്ട പൊന്നാനി, തിരൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിന് കുറുകെ നിർമ്മിക്കുന്ന കേബിൾ സ്റ്റേയ്ഡ് പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സാദ്ധ്യതയെക്കുറിച്ച് പഠിക്കാനും ഡി.പി.ആർ. തയ്യാറാക്കാനും L&T എന്ന കമ്പനിയെ കൺസൾട്ടൻസിയായി ആർ.ബി.ഡി.സി.കെ. ചുമതലപ്പെടുത്തി. കൺസൾട്ടൻസി തയ്യാറാക്കിയ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. പരിശോധിച്ചതിനുശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും order no. PWD 016-32/APR-2/2020/ KIIFB ഉത്തരവുപ്രകാരം പദ്ധതി നിർവ്വഹണത്തിനായി 280.09 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 11-11-2020-ൽ ബഹുമാനപ്പെട്ട മലപ്പുറം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം

സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുകയും തുടർന്ന് 11-2-2021-ന് എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 8-11-2022-ൽ പ്രസിദ്ധീകരിച്ചു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി തീരപ്രദേശത്തുകൂടി കടന്നുപോകുന്നതിനാൽ തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് അനിവാര്യമാണ്. കേരള തീരദേശ പരിപാലന അതോറിറ്റിയിൽനിന്ന് 17-9-2022-ന് ക്ലിയറൻസ് ലഭ്യമാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ Ministry of Environmental and Forest-ന്റെ ഫൈനൽ ക്ലിയറൻസിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. Ministry of Environmental and Forest-ൽനിന്നും ക്ലിയറൻസ് ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നമുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ജലയാനങ്ങളിലെ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി**

140 (3183) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ ജലയാനങ്ങളിൽ രാത്രി യാത്ര ഉൾപ്പെടെ നടത്തുന്ന സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

രാത്രികാലങ്ങളിൽ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നാവിഗേഷൻ എക്വിപ്മെന്റ്സുള്ള ബോട്ടുകൾക്ക് രാത്രികാലങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതി കേരള മാരിടൈം ബോർഡ് നൽകിയിട്ടുണ്ട്. എല്ലാ ബോട്ടുകൾക്കും നിയമം അനുശാസിക്കുന്ന അത്രയും ലൈഫ് ജാക്കറ്റ്, ലൈഫ് ബോയകൾ ഉൾപ്പെടെയുള്ള ജീവൻ രക്ഷാ ഉപകരണങ്ങളും അഗ്നിരക്ഷാ ഉപകരണങ്ങളുമുണ്ടെന്നുള്ളത് വാർഷിക സർവ്വേ സമയത്ത് ഉറപ്പാക്കിയതിനുശേഷമാണ് സർവ്വീസ് സർട്ടിഫിക്കറ്റ് മാരിടൈം ബോർഡ് നൽകുന്നതെന്ന് മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ നാളിതുവരെ ഇത്തരം ജലയാനങ്ങളിൽ സഞ്ചരിച്ച ടൂറിസ്റ്റുകളിൽനിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിലെത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിലാണ് കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജലയാനങ്ങളിൽ സഞ്ചരിച്ച ടൂറിസ്റ്റുകളിൽനിന്നും അവർക്ക് ലഭിച്ച സേവനത്തിൽ അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതി മാരിടൈം ബോർഡ് പോർട്ട് ഓഫീസർ, ആലപ്പുഴ ജില്ലാ കളക്ടർ എന്നിവർക്ക് നൽകിയിട്ടുണ്ട്. മറ്റ് കേസുകളൊന്നും കേരള മാരിടൈം ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്.

**മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി**

141 (3184) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയിലുൾപ്പെടുത്തി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഇതിലെ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ 58.06 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് 80.37 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ലിമിറ്റഡ് (കെൽ) എന്നിവയാണ്. സംസ്ഥാന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധം I ആയും+ കേന്ദ്ര ഫണ്ട് (സ്വദേശ് ദർശൻ) ഉപയോഗിച്ച് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ അനുബന്ധം II ആയും+ M/s. KEL മുഖാന്തരം ചെയ്യുന്ന പ്രവൃത്തികളുടെ പുരോഗതി അനുബന്ധം III ആയും ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി 2023 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

142 (3185) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയിൽനിന്ന് ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ടൂറിസം വികസന സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തികൊണ്ടുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. സർക്കാരിന്റെ വിനോദസഞ്ചാര നയത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെല്ലാം കേരളത്തിലെ വിനോദസഞ്ചാര മേഖലയിലേയ്ക്ക് ആഭ്യന്തര വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഉതകുന്നവയാണ്. കൂടാതെ കേരള വിനോദസഞ്ചാര മേഖലയുടെ മികച്ചതും ആസൂത്രിതവുമായ വിപണന തന്ത്രങ്ങൾ ഈ മേഖലയിൽ കേരള വിനോദസഞ്ചാര മേഖലയ്ക്ക് മേൽക്കൈ നൽകുന്നുണ്ട്. കേരളത്തിന്റെ മനോഹാരിതയും പ്രകൃതിയുടെ അനുഗ്രഹങ്ങളും സംസ്കാരവും കലയും ആഭ്യന്തര/വിദേശ വിപണിയിൽ പ്രദർശിപ്പിക്കുന്ന വകുപ്പിന്റെ

പ്രവർത്തനങ്ങൾ ആഭ്യന്തര വരുമാനത്തിന്റെ ഒരു മുഖ്യ പങ്ക് വിനോദസഞ്ചാര മേഖലയിൽനിന്നും സമാഹരിക്കുന്നതിന് സഹായിക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസന സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തികൊണ്ട് വിനോദ സഞ്ചാരമേഖലയിൽനിന്ന് ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ഗ്രാമീണ തൊഴിൽ മേഖലയുടെ മുഖ്യ സ്രോതസ്സാക്കി വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ടൂറിസം മേഖലയിൽ തദ്ദേശീയ സമൂഹത്തിനുകൂടി പങ്കാളിത്തം നൽകി ദേശീയ, അന്തർദ്ദേശീയതലത്തിൽ കേരള ടൂറിസത്തിന്റെ പ്രതിച്ഛായതന്നെ മാറ്റിയത് സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളാണ്. അതിവേഗം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ

ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി ഗ്രാമീണ മേഖലയിൽ 'വില്ലേജ് ടൂറിസം', 'റൂറൽ ടൂറിസം', 'കൾച്ചറൽ ടൂറിസം', 'ഫെസ്റ്റിവൽ ടൂറിസം', 'എക്സ്പീരിയൻഷ്യൽ ടൂറിസം', 'ഫാം/അഗ്രി ടൂറിസം', 'പൈതൃക ടൂറിസം', 'ഫുഡ് ടൂറിസം', 'ആക്സസിബിൾ ടൂറിസം', ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിന്റെ ഗ്രാമീണ സാഹചര്യങ്ങളെ വിവിധതരത്തിൽ ടൂറിസവുമായി ബന്ധപ്പെടുത്തി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ചെയ്തുവരുന്നത്. ഈ സർക്കാർ ആരംഭിച്ച സ്ട്രീറ്റ്, അഗ്രി ടൂറിസം നെറ്റ്‌വർക്ക്, വനിതാ സൗഹൃദ ടൂറിസം പദ്ധതികൾ കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്.

**വിവിധ സ്ഥാപനങ്ങളിൽ സി&എ.ജി. ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ**

143 (3186) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പെരിന്തൽമണ്ണ സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്**

144 (3187) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം സർക്കാർ പോളിടെക്നിക് ഹോസ്റ്റൽ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പെരിന്തൽമണ്ണ സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റാനിടയായ

സാഹചര്യമെന്താണെന്നും ഇത് തിരികെ പോളിടെക്നിക് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്റർ പ്രവർത്തിച്ചിരുന്ന കെട്ടിടം ഒഴിഞ്ഞുനൽകുന്നതിനായി പോളിടെക്നിക് പ്രിൻസിപ്പാൾ ആവശ്യപ്പെട്ട സാഹചര്യത്തിലും പോളിടെക്നിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ അപകടാവസ്ഥ മുൻനിർത്തി പി.ഡബ്ല്യൂ.ഡി. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്ത സാഹചര്യത്തിലുമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയത്. പോളിടെക്നിക് ക്യാമ്പസിൽ അനുയോജ്യമായ കെട്ടിടവും സ്ഥലസൗകര്യവും ലഭിക്കുന്നമുറയ്ക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്റർ മങ്കടയിൽനിന്നും തിരിച്ച് അങ്ങാടിപ്പുറം പോളിടെക്നിക് ക്യാമ്പസിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എന്തെല്ലാം കോഴ്സുകളാണ് നടത്തി വരുന്നതെന്നും എത്ര വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നതെന്നും കോഴ്സുകൾ വിജയിക്കുന്നവരിൽ എത്ര ശതമാനം പേർക്ക് ബന്ധപ്പെട്ട തൊഴിൽ രംഗത്ത് ജോലി ലഭിക്കുന്നുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ഫുഡ് ആൻഡ് ബിവറേജസ് സർവ്വീസ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് പ്രൊഡക്ഷൻ, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ എന്നീ നാല് കോഴ്സുകളിലായി 140 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. ഇവിടെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും നിലവിൽ കോഴ്സിന്റെ ഭാഗമായി മുൻനിര സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിന് അയയ്ക്കുന്നുണ്ട്. ചില വിദ്യാർത്ഥികൾക്ക് ആ ഹോട്ടലുകളിൽത്തന്നെ ജോലി ലഭിക്കുന്നുമുണ്ട്. ജോലി ലഭിക്കണമെന്ന് താൽപ്പര്യപ്പെടുന്ന യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും ഹോട്ടലുകളിൽ ജോലി ലഭിക്കുന്നതിനുള്ള ഇന്റർവ്യൂ അവസരം ലഭ്യമാക്കുന്നുണ്ട്.

**ആറാട്ടുപുഴ പൂരത്തിന്റെ നടത്തിപ്പിന് ധനസഹായം**

145 (3188) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴ പൂരത്തിന്റെ നടത്തിപ്പിനായി ടൂറിസം വകുപ്പ് നൽകിവരുന്ന ധനസഹായം 2022-23 വർഷത്തിൽ 5 ലക്ഷം രൂപയായി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനും തുക അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴ പൂരത്തിന്റെ നടത്തിപ്പിനായി 5,00,000 രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ആറാട്ടുപുഴ പൂരം സാംസ്കാരികോത്സവത്തിന് എല്ലാ വർഷവും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ വർഷവും ലഭിക്കുന്ന അപേക്ഷയ്ക്കനുസരിച്ചാണ് തീരുമാനമെടുക്കുക.

**നിലമ്പൂർ വലിയകുളം പാട്ടുത്സവം**

146 (3189) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഉത്സവങ്ങളുടെ കലണ്ടർ ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കാറുണ്ടോ; ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) എല്ലാ വർഷവും ജനുവരി മാസത്തിൽ നടത്തപ്പെടുന്നതും നൂറ്റാണ്ടുകളുടെ പഴക്കമുള്ള അനുഷ്ഠാന ക്ഷേത്രോത്സവവുമായ മലപ്പുറം ജില്ലയിലെ നിലമ്പൂർ വലിയകുളം പാട്ടുത്സവം സംസ്ഥാനത്തെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ക്ഷേത്രോത്സവം ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വർഷംതോറും സ്ഥിരമായി നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾക്ക് ടൂറിസം വകുപ്പ് ധനസഹായം അനുവദിക്കാറുണ്ടോ; ഇത്തരം സാംസ്കാരിക പരിപാടികൾ ടൂറിസം വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം സാംസ്കാരിക പരിപാടികൾക്കാണ് ടൂറിസം വകുപ്പ് സ്ഥിരമായി ധനസഹായം അനുവദിക്കാറുള്ളതെന്നും ഇതിനായി എത്ര തുക വീതം അനുവദിക്കാറുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഇ) നിലമ്പൂർ പാട്ടുത്സവത്തോടനുബന്ധിച്ച് നിലമ്പൂർ നഗരസഭയുടെ നേതൃത്വത്തിൽ നടത്തിവരാറുള്ളതും ലക്ഷക്കണക്കിന് ആളുകൾ

പങ്കെടുക്കുന്നതുമായ നിലമ്പൂർ പാട്ടുത്സവ് മെഗാഷോകൾ ടൂറിസം വെബ്സൈറ്റിലും കലണ്ടറിലും ഉൾപ്പെടുത്തുന്നതിനും സ്ഥിരമായി ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

(എ-ഇ) സംസ്ഥാനത്തെ വിവിധ ഉത്സവങ്ങൾ, പൂരങ്ങൾ എന്നിവയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്താണ് ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാനത്തെ വിവിധ ഉത്സവങ്ങളെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾക്ക് രൂപം കൊടുത്തിട്ടില്ല. മലപ്പുറം ജില്ലയിലെ നിലമ്പൂർ വലിയകുളം പാട്ടുത്സവം 2024 കാലയളവിലെ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനായി ഉത്സവങ്ങളുടെ വിശദമായ വിവരങ്ങൾ, തീയതി, എത്ര ദിവസം, പ്രാധാന്യം എന്നിവയടങ്ങിയ ക്ഷേത്ര ഉപദേശക സമിതി അംഗീകരിച്ച കുറിപ്പ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാനത്ത് നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾ, പ്രധാനപ്പെട്ട ആഘോഷങ്ങളുടെ ഭാഗമായുള്ള വാരാഘോഷങ്ങൾ, പൂരങ്ങൾ, ജലോത്സവങ്ങൾ, ഉത്സവങ്ങൾ എന്നിവയുടെ ടൂറിസം പ്രാധാന്യം

കണക്കിലെടുത്താണ് ധനസഹായം അനുവദിക്കാറുള്ളത്. സംസ്ഥാനത്ത് എത്തുന്ന ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ വിനോദസഞ്ചാര വികസനവുമാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ ഈ ആവശ്യത്തിലേയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കാറില്ല. ഇതിനുപുറമെ, നിലമ്പൂർ പാട്ടുത്സവത്തിന് സംഘാടകർ അപേക്ഷ സമർപ്പിക്കുന്നപക്ഷം പരിശോധിക്കാവുന്നതാണ്.

**വള്ളിക്കുന്ന് മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം**

147 (3190) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിനുകീഴിൽ കായിക വകുപ്പ് മുഖേന ഓപ്പൺ ജിംനേഷ്യം നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ 27-01-2023- ലെ സി12-120/22/SKF കത്ത് പ്രകാരം കായിക വകുപ്പ് ഒന്നാംഘട്ടമായി വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള മലപ്പുറം കോട്ടക്കുന്ന്, കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ

ജിം തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ മുഴപ്പിലങ്ങാട് പ്രദേശത്ത് കിഫ്ബിവഴി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനാൽ ഇവിടെ ഇപ്പോൾ ഒരു ഓപ്പൺ ജിം നടപ്പിലാക്കുന്നതിന്റെ ഫീസിബിലിറ്റി പരിശോധിക്കുകയാണ്. മലപ്പുറം കോട്ടക്കുന്ന് പ്രദേശത്ത് ഓപ്പൺ ജിം സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ തേഞ്ഞിപ്പാലം പഞ്ചായത്തിൽ മാതാപ്പുഴ, പാതാർ എന്നീ സ്ഥലങ്ങളിലോ മൂന്നിയൂർ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിലോ പ്രസ്തുത ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**ദേശീയ വിദ്യാഭ്യാസ നയം**

148 (3191) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസ നയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയ വിദ്യാഭ്യാസ നയത്തിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന 5+3+3+4 എന്ന രീതിയിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള സ്കൂൾ ഘടന നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി റിപ്പോർട്ടടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതി**

149 (3192) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാത്തവയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പുലാപ്പറ്റ എം.എൻ.കെ.എം. ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. കടമ്പൂർ സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിച്ചു. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കില പ്രോജക്ട് എക്സിക്യൂട്ടീവ് ഡോക്യുമെന്റ് (Project Executive Document (PED) തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. പുനഃപരിശോധന നടത്തി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട് ഭരണാനുമതി നൽകിയ ജി.എച്ച്.എസ്.എസ്. മുന്നൂർക്കോട്, ജി.യു.പി.എസ്. കടമ്പഴിപ്പുറം, ജി.എച്ച്.എസ്. മാണിക്ക്യപ്പറമ്പ് എന്നീ 3 സ്കൂളുകളുടെയും നിർമ്മാണം പൂർത്തീകരിച്ചു.

**മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

150 (3193) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ:

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷാ നിയമം നടപ്പിലാക്കിക്കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പ്രീ-പ്രൈമറി മുതൽ 10-ാം തരംവരെ പൊതുവിദ്യാലയങ്ങളിൽ മലയാള ഭാഷയിലാണ് അദ്ധ്യയനം നടത്തുന്നത്. ഹയർ സെക്കണ്ടറിയിൽ മലയാളം രണ്ടാം ഭാഷയായി പഠിപ്പിക്കുന്നു.

മലയാളത്തിളക്കം-മാതൃഭാഷയിൽ പഠന പ്രയാസമുള്ള കുട്ടികൾക്ക് ആത്മവിശ്വാസം പകർന്നുനൽകിക്കൊണ്ട് അവരെ സ്വാഭാവികമായി വിദ്യാഭ്യാസ പ്രക്രിയയിലേയ്ക്ക് ഉൾച്ചേർക്കുന്നതിനായി നടപ്പിലാക്കിയ പരിപാടിയാണ് മലയാളത്തിളക്കം. രണ്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായാണ് ഈ പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. എല്ലാ കുട്ടികൾക്കും അടിസ്ഥാന ഭാഷാശേഷി ഉറപ്പുവരുത്തുന്നതിനും വായനസാമഗ്രികൾ ആശയഗ്രഹണത്തോടെ വായിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും സർഗ്ഗാത്മക രചനകളിൽ

ഏർപ്പെടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യംവച്ച് നടപ്പിലാക്കിയ പരിപാടിയാണ് മലയാളത്തിളക്കം.

വായനച്ചങ്ങാത്തം - ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുത്തിലേയ്ക്കും വായനയിലേയ്ക്കും ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പരിപാടിയാണ് വായനച്ചങ്ങാത്തം. ഈ പരിപാടിയുടെ ഭാഗമായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. രക്ഷാകർതൃ പരിശീലനവും സംഘടിപ്പിച്ചു. വായനശാലകളും ലൈബ്രറി കൗൺസിലുമായും സഹകരിച്ചാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

കുഞ്ഞുവായന - ഒന്ന്, രണ്ട് ക്ലാസുകളിൽ ആകർഷകമായ വായനസാമഗ്രികളുടെ അച്ചടിച്ച പുസ്തക ശേഖരണമുണ്ടാക്കുകയും അതിന്റെ ഫലമായി ക്ലാസ് ലൈബ്രറികളിൽ കുട്ടികളുടെ വായനയ്ക്കിണങ്ങിയ പുസ്തകങ്ങളും വായനാക്കാർഡുകളും സജ്ജീകരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് കുഞ്ഞുവായന. ഇതിന്റെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ പ്രായത്തിനിണങ്ങിയ വ്യത്യസ്തതലത്തിലുള്ള പ്രത്യേക വായനക്കാർഡുകൾ വിദഗ്ധരെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് നിർമ്മിച്ച് അച്ചടിച്ച് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

മധുരം മലയാളം - ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾ അക്കാദമിക വർഷാന്ത്യം ആർജ്ജിക്കേണ്ട ഭാഷാശേഷി നേടിയെന്ന് ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നതിനുമായുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി.

(ബി) മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനും അത്തരം പ്രവർത്തനം കൃത്യമായും കാര്യക്ഷമവുമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

മാതൃഭാഷാ പഠനം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധവയ്ക്കുന്നു. മാതൃഭാഷയിൽ പിന്നാക്കം പോകുന്ന കുട്ടികൾക്ക് പരിഹാര ബോധനം നടത്തിവരുന്നുണ്ട് (ഉദാ. മലയാളത്തിളക്കം). കുട്ടികളുടെ മാതൃഭാഷാശേഷി വികാസം ലക്ഷ്യമാക്കി കുഞ്ഞുവായന, വായനാചങ്ങാത്തം, ക്ലാസ് ലൈബ്രറികൾ എന്നിവ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

(സി) മാതൃഭാഷാ പഠനത്തോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മധുരം മലയാളം, ഹലോ ഇംഗ്ലീഷ്, ഇക്യൂബ്ഡ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി

നടപ്പാക്കുന്നതിന് നടപ്പുവർഷം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഹലോ ഇംഗ്ലീഷ് - ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനായി എൽ.പി., യു.പി. ക്ലാസുകളിൽ നടപ്പിലാക്കിയ പദ്ധതി. ജേർണലുകൾ പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകി. അദ്ധ്യാപകർക്ക് പരിശീലനവും നൽകി.

ഹലോ വേൾഡ് - 2020-21 വർഷം കോവിഡ് 19 മൂലം വിദ്യാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ ഇംഗ്ലീഷ് ഭാഷാപഠനത്തിനായി എൽ.പി., യു.പി. ക്ലാസുകളിലെ കുട്ടികൾക്ക് നൽകിയ ഡിജിറ്റൽ ഇന്ററാക്ടീവ് പഠന പാക്കേജാണ് ഹലോ വേൾഡ്.

ഹലോ ഇംഗ്ലീഷ്-കിഡ്സ് സീരീസ് - കുട്ടികളുടെ ഇംഗ്ലീഷ് വായനാശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരളം തയ്യാറാക്കിയിട്ടുള്ള കഥാ പുസ്തകങ്ങൾ വിദ്യാലയങ്ങളിൽ ഉടൻ ലഭ്യമാക്കും.

ഇ-ക്യൂബ് - നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പഠനം കൂടുതൽ രസകരമാക്കുന്നതിനുമായി ഇ-ക്യൂബ് ഇംഗ്ലീഷ് E3-English (Enjoy, Enhance and Enrich English) എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഇ-

ക്യൂബ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഇ-ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് എല്ലാ സ്കൂളുകൾക്കും നിലവിലുള്ള കമ്പ്യൂട്ടറുകളിൽത്തന്നെ പ്രവർത്തിപ്പിക്കുന്നതരത്തിൽ സൗജന്യമായി ലഭ്യമാക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയർ ക്ലാസ് മുറികളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് എല്ലാ പ്രൈമറി വിഭാഗം അദ്ധ്യാപകർക്കും പ്രത്യേക പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

151 (3194) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിട്ടില്ല.

**സ്കൂൾ പാചകത്തൊഴിലാളികളുടെ ശമ്പളവും അലവൻസും**

152(3195) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാചകത്തൊഴിലാളികളുടെ ശമ്പളവും അലവൻസും വൈകുന്നതും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തൊണ്ണൂറ്റി ഒൻപത് ശതമാനം സ്ത്രീ തൊഴിലാളികളുള്ള മേഖലയിൽ ശമ്പളയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയം ലഭിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് നിലവിൽ ശമ്പളം, അവധിക്കാല അലവൻസ് എന്നിവ കുടിശ്ശികയുണ്ടോ; എങ്കിൽ ആയത്

സമയബന്ധിതമായി കൊടുത്തുതീർക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്ന പാചകത്തൊഴിലാളികൾക്ക് 2022 ഡിസംബർ മാസത്തെ വേതനത്തിന്റെ ബാലൻസും 2023 ജനുവരി മാസത്തെ വേതനവും നൽകാനുണ്ട്. പാചക തൊഴിലാളികളുടെ അവധിക്കാല അലവൻസ് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്ന കാലതാമസമാണ് ടി തൊഴിലാളികളുടെ വേതനം/ഓണറേറിയം റിലീസ് ചെയ്യാൻ വൈകുന്നതിന് കാരണമായത്. കേന്ദ്രവിഹിതം ലഭ്യമായാലുടൻ തന്നെ വേതനം/ഓണറേറിയം റിലീസ് ചെയ്യുന്നതാണ്.

**ഉച്ചഭക്ഷണ പദ്ധതി**

153 (3196) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

292,53,70,000 (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയാണ് 2022-23 വർഷത്തെ

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള കേന്ദ്ര സർക്കാർ വിഹിതം. ഇതിൽനിന്നും 167,37,87,000 (നൂറ്റി അറുപത്തിയേഴ് കോടി മുപ്പത്തിയേഴ് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) രൂപ ഇതുവരെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

**എയ്ഡഡ് സ്കൂളിലെ ഭിന്നശേഷി നിയമനം**

154 (3197) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളിലെ ഭിന്നശേഷിക്കാർക്കുള്ള അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്നുമുതലുള്ള നിയമനങ്ങൾക്കാണ് കോടതി വിധിമൂലം തടസം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തീയതിക്കുശേഷം നാളിതുവരെ നിയമനം നേടി അദ്ധ്യാപനം നടത്തിവരുന്നവരുടെ നിയമനം അംഗീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾ എന്നത്തേയ്ക്ക് അംഗീകരിക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) എയ്ഡഡ് സ്കൂളിലെ ഭിന്നശേഷിക്കാർക്കുള്ള അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് 18-11-2018 മുതലുണ്ടാകുന്ന ഒഴിവുകളിലാണ് 7-

2-1996 മുതൽ 18-4-2017 വരെ 3% സംവരണവും 19-4-2017 മുതൽ 4% സംവരണവും പാലിച്ച് ബാക്ക് ലോഗ് ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കേണ്ടത്. കോടതി വിധിപ്രകാരം ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി കഴിഞ്ഞുമാത്രമേ റെഗുലറായുള്ള മറ്റ് നിയമനങ്ങൾ അംഗീകരിക്കാവൂ എന്ന് ഉത്തരവായിട്ടുണ്ട്. 18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ., 25-6-2022-ലെ സ.ഉ.(കൈ) നം.111/2022/പൊ.വി.വ., 28-10-2022-ലെ ജെ3/49/2021/ പൊ.വി.വ. നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡി.ജി.ഇ. നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾപ്രകാരം സംവരണം പാലിച്ച് നിയമനം നടത്തിയാൽ മറ്റ് നിയമനങ്ങൾ അംഗീകരിക്കാവുന്നതാണ്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

155(3198) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാചകത്തൊഴിലാളികൾക്ക് നിലവിൽ അറുന്നൂറ് രൂപ മാത്രമാണ് പ്രതിമാസ വേതനം ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന സ്കൂൾ പാചകത്തൊഴിലാളികൾക്ക് പ്രതിദിനം 600 രൂപ മുതൽ 675 രൂപ വരെയാണ് നിലവിൽ ഓണറേറിയമായി നൽകുന്നത്. 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ പാചകത്തൊഴിലാളിയുടെ പ്രതിദിന ഓണറേറിയം 600/- രൂപയാണ്. 151 മുതൽ 500 വരെ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ പാചകത്തൊഴിലാളിയുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയ്ക്ക് പുറമെ 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയായും

നിജപ്പെടുത്തിയിരിക്കുന്നു. 500-നുമുകളിൽ ഫീഡിംഗ് സ്ട്രെംഗ്ത്തുള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴിലാളികളെ നിയമിക്കാവുന്നതാണ്.

(ബി) പ്രസ്തുത പാചകത്തൊഴിലാളികൾക്ക് 2016-ൽ മിനിമം കൂലി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

08-08-2016-ലെ സർക്കാർ ഉത്തരവ് (പി)നം.136/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറിക്കിയിട്ടുണ്ട്. എന്നാൽ 1948-ലെ മിനിമം വേതന നിയമത്തിലെ 26(2) അല്ലെങ്കിൽ 26(2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ 08-08-2016-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(ഡി) പ്രസ്തുത പാചകത്തൊഴിലാളികൾ അവധിയെടുക്കുന്ന ദിവസങ്ങളിൽ പാചക സഹായികളുടെ ഉത്തരവാദിത്വം സർക്കാരോ

സ്കൂളുകളോ ഏറ്റെടുക്കാത്തതിനാൽ അവർക്കുള്ള പ്രതിഫലം പാചകത്തൊഴിലാളികൾ സ്വന്തം നിലയിൽ നൽകേണ്ട അവസ്ഥ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**യൂണിഫോം തുക അനുവദിക്കാൻ നടപടി**

156(3199) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ കൈത്തറി യൂണിഫോം ലഭിക്കാത്ത കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനായി അധിക തുക ആവശ്യപ്പെട്ട് 24-9-2021-ലെ ഡി.ഡി.ഇ.കെ.ജി. ഡി./11113/2021-ഡി3 നമ്പർ കത്ത് പ്രകാരം കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24-9-2021-ലെ കത്ത് ലഭ്യമായിട്ടില്ല. എന്നാൽ 24-9-2022 തീയതിയിൽ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും പ്ലാൻ ഫണ്ടിന്റെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത കത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട്

വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും ആയത് പ്രകാരമുള്ള റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് യൂണിഫോം നൽകുന്നതിനായുള്ള ഫണ്ട് എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

പ്ലാൻ ഫണ്ടിന്റെ കാലാവധി അവസാനിച്ച ശേഷമാണ് മേൽപ്പറഞ്ഞ അപേക്ഷ ലഭിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങളിലേയ്ക്കുള്ള പ്രവേശനവും അടിസ്ഥാന സൗകര്യ വികസനവും**

157 (3200) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പൊതുവിദ്യാലയങ്ങളിൽ പുതുതായി ചേർന്ന കുട്ടികൾ എത്ര എന്നത് സംബന്ധിച്ച വിശദാംശം വർഷം, ജില്ല, എൽ.പി., യു.പി., എച്ച്.എസ്. എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പൊതുവിദ്യാലയങ്ങളിൽ പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം, വർഷം, ജില്ല, എൽ.പി., യു.പി., എച്ച്.എസ്. എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ വർഷവും സർക്കാർ ചെലവഴിച്ച തുക എത്ര എന്നത് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ദേശീയ പൊതുവിദ്യാഭ്യാസ നയം**

158 (3201) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പൊതുവിദ്യാഭ്യാസ നയം 2020, സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പാക്കുകയാണെങ്കിൽ പൊതുവിദ്യാഭ്യാസ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നിയമം 2020 മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് കേരളം തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന, പ്രവേശന പ്രായം, ചെറിയ പ്രായത്തിലുള്ള തൊഴിൽ വിദ്യാഭ്യാസം, ചെറിയ ക്ലാസുകളിലെ

പൊതുപരീക്ഷകൾ, സ്കൂൾ കോംപ്ലക്സ്, കേന്ദ്രീകൃതമായ സിലബസും പാഠപുസ്തകങ്ങളും എന്നിവയെ സംബന്ധിച്ച് നിലവിൽ അന്തിമമായി തീരുമാനമെടുത്തിട്ടില്ല. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെയുണ്ടായ നേട്ടങ്ങളെ പരിഗണിച്ച് അവ കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര വിദ്യാഭ്യാസ നയത്തെ സാധൂകരിക്കുന്ന നാഷണൽ ടെക്സ്റ്റ്ബുക്ക്സ് വിത്ത് ലോക്കൽ ഫ്ലേവർ എന്ന ആശയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നുണ്ട്. പക്ഷെ, ഇക്കാര്യത്തിൽ കേരളം വ്യത്യസ്ത സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ചരിത്രവും തനത് സംസ്കാരവും വൈവിധ്യങ്ങളും നാളിതുവരെ നേടിയ പുരോഗമനപരമായ കാഴ്ചപ്പാടുകളും പരിഗണിച്ചുകൊണ്ടുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാഷണൽ ടെക്സ്റ്റ്ബുക്ക് വിത്ത് ലോക്കൽ ഫ്ലേവർ എന്ന ആശയത്തോട് യോജിക്കാൻ കഴിയില്ല.

(സി) കേന്ദ്ര നിയമത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളുണ്ടോ; എങ്കിൽ അവ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ദേശീയ വിദ്യാഭ്യാസ നയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസ നയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്.

1. സംസ്ഥാനത്തെ ഭൂരിഭാഗം ക്ലാസ് മുറികളും ആധുനിക സങ്കേതങ്ങൾ ഒരുക്കി സ്മാർട്ട് ക്ലാസുകളായി മാറ്റിയിട്ടുണ്ട്.

2. മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

3. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി വരികയാണ്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ആറുമാസം നീണ്ടുനിൽക്കുന്ന അദ്ധ്യാപക പരിവർത്തന പരിപാടി എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കി. കൂടാതെ സർവ്വീസിൽ പ്രവേശിച്ച പുതിയ അദ്ധ്യാപകർക്ക് ആറ് ദിവസം നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ ശാക്തീകരണ പരിപാടി നടപ്പിലാക്കിവരുന്നു.

4. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

5. വിവിധ പഠന പരിപോഷണ പദ്ധതികളായ നുമാറ്റ്സ്, സ്റ്റെപ്സ്, നുസെറ്റ്സ് (NuMATS, STEPS, NuSETS) എന്നിവ എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കിവരുന്നു.

6. ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

7. സ്കൂളുകളിൽ നടക്കുന്ന മികവാർന്ന അക്കാദമിക പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്ത് പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

8. തെരഞ്ഞെടുത്ത കുട്ടികൾക്ക്, കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചും ഭരണഘടന മൂല്യങ്ങളെ സംബന്ധിച്ചുമുള്ള ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

9. ഓരോ കുട്ടിയെയും സൂക്ഷ്മമായി വിലയിരുത്തുന്നതിനും പഠന പിന്തുണ ഉറപ്പാക്കുന്നതിനും അനുയോജ്യമായ "സഹിതം" പോർട്ടൽ നടപ്പിലാക്കി.

10. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

11. കോവിഡ് കാരണമുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്.

**പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിട നിർമ്മാണം**

159 (3202) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ടിലുൾപ്പെടുത്തി എത്ര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട് എന്ന വിവരം ജില്ല, ആകെ തുക, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ച സ്കൂളുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇവയിൽ എത്ര സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്ര എണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കാനുണ്ടെന്നും നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എത്ര സ്കൂളുകളുണ്ടെന്നും ജില്ല, സ്കൂൾ, തുക എന്നിവ തിരിച്ച് വിവരം പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## പ്രീ സ്കൂൾ വിദ്യാഭ്യാസം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

160 (3203) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രീ സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ?

പ്രീ സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല.

**ഉച്ചഭക്ഷണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി**

161(3204) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ മെറ്റീരിയൽ കോസ്റ്റിനത്തിൽ നൽകുന്ന തുക 2022-ൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷ്യനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01-10-2022-ൽ പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സപ്ലിമെന്ററി ന്യൂട്രിഷ്യന്റെ ഭാഗമായി സ്കൂളുകളിലെ കുട്ടികൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ (മെറ്റീരിയൽ കോസ്റ്റ്) നിന്നാണ് സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ചെലവുകൾ നടത്തുന്നത്. ഇതിനായി പ്രത്യേകം തുക അനുവദിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷം ഈയിനത്തിൽ 275,93,59,457/- (ഇരുന്നൂറ്റി എഴുപത്തിയഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി നാനൂറ്റി അൻപത്തിയേഴ് രൂപ മാത്രം) രൂപയാണ് തുക ചെലവ് വന്നിട്ടുള്ളത്. ടി പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷ്യനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം

എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 1-10-2022-ൽ പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

**കുട്ടികളുടെ പഠന സമയം**

162 (3205) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികളുടെ പഠന സമയം ആയിരം മണിക്കൂറായി (ഇരുന്നൂറ് പ്രവൃത്തി ദിനങ്ങൾ) ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ?

2022-23 വിദ്യാഭ്യാസ കലണ്ടർ പ്രകാരം സ്കൂൾ കുട്ടികളുടെ പഠന സമയം ആയിരത്തി പത്ത് മണിക്കൂറായി (ഇരുന്നൂറ്റി രണ്ട് പ്രവൃത്തി ദിനങ്ങൾ) ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

**ഹോപ് പദ്ധതി**

163 (3206) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠനം ഉപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർപഠനം ഉറപ്പുവരുത്താനുള്ള ഹോപ് പദ്ധതി എന്നുമുതലാണ്

ആരംഭിച്ചതെന്നും തുടർന്ന് ഓരോ വർഷവും എത്ര കുട്ടികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു ഉൾപ്പെടെ പഠനം ഉറപ്പാക്കിയെന്നും നടപ്പുവർഷം എത്ര കുട്ടികൾ പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി പ്ലസ് ടു വരെ എത്തിയവർക്ക് തുടർപഠനവും പഠനത്തോടൊപ്പം തൊഴിലും ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് വിദ്യാഭ്യാസ വകുപ്പ്, ആഭ്യന്തരം ഉൾപ്പെടെ മറ്റിതര വകുപ്പുകളുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**എൽ.എസ്.എസ്.-യു.എസ്.എസ്. സ്കോളർഷിപ്പ് തുകയുടെ കുടിശ്ശിക**

164 (3207) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21, 2021-22 എന്നീ കാലയളവിലെ എൽ.എസ്.എസ്.-യു.എസ്.എസ്. സ്കോളർഷിപ്പ് തുക ഭാഗികമായി മാത്രമാണ് വിതരണം ചെയ്തത് എന്നത് വസ്തുതയാണോ?

പൂർണ്ണമായ ഫണ്ട് അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ 2019-20, 2020-21, 2021-22 എന്നീ കാലയളവുകളിലെ സ്കോളർഷിപ്പ് തുക ഭാഗികമായാണ് വിതരണം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത കാലയളവിലെ കുടിശ്ശിക തുക സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സ്കോളർഷിപ്പ് തുക കുടിശ്ശിക വരാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) ഫണ്ട് ലഭ്യതയനുസരിച്ച് കുടിശ്ശിക തീർക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഖാദർ കമ്മിറ്റി റിപ്പോർട്ട്**

165(3208) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ, ജില്ല വിദ്യാഭ്യാസ ഓഫീസുകൾ എന്നിവ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബദൽ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കണ്ടറി മേഖല ഓഫീസുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ഏർപ്പെടുത്തുന്ന പുതിയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിൽ വരുത്തുന്ന ഘടനാമാറ്റങ്ങൾ അക്കാദമിക ഭരണത്തെയും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സർവ്വീസ് അവകാശങ്ങളെയും ഹനിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

(എ-സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയോഗിച്ചിട്ടുള്ള പ്രൊഫ. എം. എ. ഖാദർ അദ്ധ്യക്ഷനായ വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനായി 23-2-2022-ലെ സ.ഉ.(സാധാ)നം. 1030/2022/പൊ.വി.വ. പ്രകാരം രൂപീകരിച്ച കോർ കമ്മിറ്റി കരട് സ്പെഷ്യൽ

ൂളുകൾ തയ്യാറാക്കിവരികയാണ്. വിദ്യാഭ്യാസ വകുപ്പിൽ ഘടനാമാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**കെ-ടെറ്റ് യോഗ്യത**

166 (3209) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 1 മുതൽ 2016 ഓഗസ്റ്റ് 30 വരെയുള്ള പി.എസ്.സി. വിജ്ഞാപനം അനുസരിച്ച് കെ-ടെറ്റ് ഇല്ലാതെ നിയമിതരായ അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

30-6-2020-ലെ ജെ3/37/2020/പൊ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം എൻ.സി.ടി.ഇ.-യുടെ നിർദ്ദേശം അനുസരിച്ച് 20-7-2011-നുശേഷം പ്രസിദ്ധപ്പെടുത്തിയ എല്ലാ പി.എസ്.സി. വിജ്ഞാപനങ്ങൾക്കും കെ-ടെറ്റ് നിർബന്ധമാണ്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത യോഗ്യത നേടിയിട്ടില്ലാത്ത എത്ര അദ്ധ്യാപകർ നിലവിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത അദ്ധ്യാപകരുടെ എണ്ണം സർക്കാർ, എയ്ഡഡ് തിരിച്ച് ചുവടെ ചേർക്കുന്നു.

സർക്കാർ സ്കൂൾ അദ്ധ്യാപകർ - 813

എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ - 1869

(സി) കെ-ടെറ്റ് യോഗ്യതയില്ലാത്ത അദ്ധ്യാപകർക്ക് യോഗ്യത നേടുന്നതിനായി പ്രത്യേക പരീക്ഷ നടത്താൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തീരുമാനിച്ചിട്ടുണ്ട്. 17-2-2023-ലെ സ.ഉ.(കൈ) നം.15/2023/ പൊ.വി.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) അടുത്ത അദ്ധ്യയന വർഷം മുതൽ മുഴുവൻ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യത ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2019-20 അദ്ധ്യയന വർഷം വരെ നിയമിതരായവർക്ക് മാത്രമേ കെ-ടെറ്റ് നേടുന്നതിൽ സമയപരിധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളൂ. പിന്നീടുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധ യോഗ്യതയാണ്. 2021-22 അദ്ധ്യയന വർഷം മുതൽ കെ-ടെറ്റ് യോഗ്യത നേടിയവരെ/പ്രസ്തുത യോഗ്യതയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥിരം ഇളവ് ലഭിച്ചവരെ മാത്രമേ നിയമനത്തിന് പരിഗണിക്കാൻ അനുവാദം നൽകിയിട്ടുള്ളൂ. മാത്രമല്ല, സർക്കാർ ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പ്രസ്തുത യോഗ്യത കരസ്ഥമാക്കാത്തവരുടെ സർവ്വീസ് ക്രമീകരിക്കപ്പെടുന്നതല്ലെന്നും സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക**

167 (3210) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക(ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 128221.61 | 96106.17 |
| 2017-18 | 173932.80 | 115407.60 |

| | | |
|---|---|---|
| 2018-19 | 209109.21 | 133977.19 |
| 2019-20 | 202267.20 | 104028.31 |
| 2020-21 | 190555.39 | 120342.21 |
| 2021-22 | 180309.50 | 148681.01 |
| 2022-23 | 194538.25 | 102647.03 |

## സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക്

168(3211) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; മറ്റ് സംസ്ഥാനങ്ങളെയും ദേശീയ ശരാശരിയെയും അപേക്ഷിച്ച് സംസ്ഥാനത്ത് കൊഴിഞ്ഞുപോക്ക് നിരക്ക് വളരെ കുറഞ്ഞിരിക്കുന്നതിന് അടിസ്ഥാനമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ചുവടെ ചേർക്കുന്നു:

എലമെന്ററി വിഭാഗം - 0.04%

സെക്കണ്ടറി & സീനിയർ സെക്കണ്ടറി- 5.49%

സെക്കണ്ടറി & സീനിയർ സെക്കണ്ടറി വിഭാഗത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് 5.49% എന്നുകാണുന്നത് യഥാർത്ഥത്തിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നതുകൊണ്ട് മാത്രം ഉണ്ടായിട്ടുള്ളതല്ല. 10-ാം ക്ലാസ് കഴിഞ്ഞ് 11-ാം ക്ലാസിൽ ചേരാതെ ചില കുട്ടികൾ ഓപ്പൺ സ്കൂൾ, ഐ.ടി.ഐ., പോളിടെക്നിക് പോലുള്ള മറ്റ് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നത് കൊണ്ടുകൂടിയാണ്. സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ദേശീയ ശരാശരിയെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുന്നതിന് കാരണം പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും നടപ്പിലാക്കി വരുന്ന നിരവധി പദ്ധതികളുടെ ഫലമായിട്ടാണ്. ഇപ്രകാരം നടപ്പിലാക്കിവരുന്ന പ്രധാന പരിപാടികൾ ചുവടെ നൽകുന്നു.

1. പഠനോത്സവം മുതൽ പ്രവേശനോത്സവം വരെയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

2. 720 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

3. 60 ഊരുവിദ്യാ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

4. വിവിധ പഠനപോഷണ പരിപാടികൾ.

5. നൂതനാശയ പ്രവർത്തനങ്ങൾ.

6. പ്രത്യേക അവധിക്കാല ക്യാമ്പുകൾ.

7. രക്ഷാകർത്യ പരിശീലനം.

8. ട്രാൻസ്പോർട്ട് അലവൻസ്.

9. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ

10. ആസ്പിരേഷണൽ ഡിസ്ട്രിക്ട് (വയനാട്) കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

11. പാർശ്വവൽകൃത സമൂഹത്തിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ.

12. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

13. ഭിന്നശേഷി കുട്ടികൾക്കായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ.

14. ആകർഷകമായ സ്കൂൾ അന്തരീക്ഷം.

15. ഭിന്നശേഷി സൗഹൃദ വിദ്യാലയം.

16. കൗൺസിലിംഗ് പ്രവർത്തനങ്ങൾ.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകാമോ?

ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുള്ളതും കേരളത്തിലെ ഏക ആസ്പിറേഷണൽ ഡിസ്ട്രിക്ടുമായ വയനാട് ജില്ലയിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി ട്രൈ ഔട്ട് എന്ന നിലയ്ക്ക് 15 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും രക്ഷാകർതൃ പരിശീലനം, പഠന കേന്ദ്രങ്ങളിലെ എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ പരിശീലനം, പഠന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയവ നടപ്പിലാക്കുകയും ചെയ്തു. മലപ്പുറം ജില്ലയിലെ നിലമ്പൂരിലെ വനാന്തർഭാഗത്തുള്ള ഏഷ്യയിലെ ഏറ്റവും ആദിമമായ ഗോത്രവർഗ വിഭാഗക്കാരായ ചോലനായ്ക്കർ വിഭാഗത്തിലെ കുട്ടികൾക്കായി പൂലിമുണ്ട കോളനി കേന്ദ്രീകരിച്ച് 'എങ്കെഎങ്കെക്കൂട്ടം' എന്ന ഭാഷാ പദ്ധതി നടപ്പിലാക്കുകയും 12 കുട്ടികൾ വിദ്യാലയങ്ങളിൽ പ്രവേശിക്കുകയും ചെയ്തു. കേരളത്തിലെ ഏകഗോത്ര ഗ്രാമ പഞ്ചായത്തായ ഇടമലക്കുടിയിലെ ജി.ടി.എൽ.പി.എസ്.-ലെ കുട്ടികൾക്കായി 'പഠിപ്പുറസ്സി' എന്ന ഭാഷാ

പാക്കേജ് പദ്ധതി നടപ്പിലാക്കിവരുന്നു. സ്കൂളിൽ നിത്യേന ഹാജരാകുന്ന കുട്ടികൾ സ്വതന്ത്രമായി എഴുതാനും വായിക്കാനും ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആൺകുട്ടികൾക്ക് താമസിച്ചുപഠിക്കാനായി ആറ് റെസിഡൻഷ്യൽ ഹോസ്റ്റലുകൾ എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽനിന്നും സ്കൂളിൽ ദിവസേന വന്ന് പഠിക്കുന്ന കുട്ടികൾക്കായി യാത്രാ സൗകര്യം ഒരുക്കുന്നു. വനാന്തർഭാഗത്തുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഹാജർ നില വർദ്ധിപ്പിക്കാനുമായി ഊരു വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**എസ്.എസ്.എൽ.സി. ബുക്കിൽ പഠനവൈകല്യം രേഖപ്പെടുത്താൻ നടപടി**

169 (3212) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ പഠനവൈകല്യമുള്ള കുട്ടികളുടെ എസ്.എസ്.എൽ.സി. ബുക്കിൽ പഠനവൈകല്യം ഉള്ള കുട്ടി എന്ന് രേഖപ്പെടുത്തുന്നുണ്ടോ?

ഇല്ല.

(ബി) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പഠനവൈകല്യമുണ്ടെങ്കിൽ അത് കണ്ടെത്തി സാക്ഷ്യപ്പെടുത്താനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കാമോ?

മെഡിക്കൽ ബോർഡ്/മെഡിക്കൽ അതോറിറ്റിയിൽ അംഗങ്ങളായ ഡോക്ടർമാർക്കാണ് സാക്ഷ്യപ്പെടുത്താനുള്ള അധികാരം.

(സി) സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകിയാൽ അത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനായി പരിഗണിക്കുന്നുണ്ടോ?

എസ്.എസ്.എൽ.സി. മാർഗ്ഗരേഖ പ്രകാരം അംഗീകൃത ഗവൺമെന്റ് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റാണ് പരിഗണിക്കുന്നത്.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികളുടെ പഠനവൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

29-8-2022-ലെ നം.ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. കത്ത് പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന

ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസെബിലിറ്റി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിൽ സ്ക്രീനിംഗ് കമ്മിറ്റി കണ്ടെത്തിയ സ്പെസിഫിക് ലേണിംഗ് ഡിസെബിലിറ്റി സംശയിക്കുന്ന കുട്ടികളുടെ പട്ടിക സ്കൂളുകളിൽ തയ്യാറാക്കിയത് സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി ബി.ആർ.സി.-കളിൽ ക്രോഡീകരിച്ച് മെഡിക്കൽ ബോർഡിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള,

മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് കീഴിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം**

170(3213) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കുകീഴിൽ എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിലവിലുണ്ടെന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ നൽകുന്ന പ്രതിമാസ വേതനം എത്ര രൂപയാണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കുകീഴിൽ കലാ, ആരോഗ്യ-കായിക, പ്രവൃത്തി പരിചയം എന്നീ മൂന്ന് വിഭാഗങ്ങളിലായി ആകെ 2685 പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തികകൾ (895x3=2685) നിലവിലുണ്ട്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 2022-23 വർഷം പ്രതിമാസം 10,000/- രൂപയാണ് വേതനമായി നൽകി വന്നിരുന്നത്.

(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ പ്രതിമാസം ഒരു അദ്ധ്യാപകന് എത്ര രൂപയാണ് ലഭിക്കുന്നതെന്നും ഈ ഇനത്തിൽ നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 2022-23 വർഷം വേതനം നൽകുന്നതിന് ടീച്ചർ സാലറി ശീർഷകത്തിൽ ആകെ 17.01 കോടി രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. ഈ തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്.

(സി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനമായി സംസ്ഥാന സർക്കാർ വിഹിതം നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസ വേതനമായി നൽകി വരുന്ന 10,000 രൂപയിൽ 60% കേന്ദ്ര വിഹിതമായി 6,000 രൂപയും 40% സംസ്ഥാന സർക്കാർ വിഹിതമായി 4,000 രൂപയും നൽകുന്നുണ്ട്.

(ഡി) കേന്ദ്ര വിഹിതത്തിന് തുല്യമായ സംസ്ഥാന വിഹിതംകൂടി അനുവദിച്ചുകൊണ്ട് തുച്ഛമായ വേതനം മാത്രം ലഭിക്കുന്ന സ്പെഷ്യലിസ്റ്റ്

അദ്ധ്യാപകർക്ക് തുല്യനീതി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം സംസ്ഥാന സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുകയും 23-02-2023-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, എസ്.എസ്.കെ. ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക സംഘടനയുടെ യൂണിയൻ നേതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വേതനം 13,400 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. 13,400 രൂപയുടെ 12% വരുന്ന 1608 രൂപ ഇ.പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചു.

**സ്കൂൾ ബസ്സുകളുടെ നടത്തിപ്പിനുള്ള ഫണ്ട് വിനിയോഗം**

171 (3214) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളിൽ എം.എൽ.എ., എം.പി., ത്രിതല പഞ്ചായത്ത് എന്നീ ഫണ്ടുകളിൽനിന്നായി അനുവദിക്കപ്പെട്ട സ്കൂൾ ബസ്സുകളുടെ നടത്തിപ്പിന് ഇന്ധന ചെലവ്, ഇൻഷ്വറൻസ്, ജീവനക്കാരുടെ വേതനം

എന്നിവയ്ക്ക് സർക്കാരിനോ ത്രിതല പഞ്ചായത്തിനോ ഫണ്ട് വിനിയോഗത്തിന് വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) ബസ്സുകളുടെ നടത്തിപ്പിന് ഇന്ധന ചെലവ്, നികുതി, പെർമിറ്റ്, ഇൻഷ്വറൻസ്, ജീവനക്കാരുടെ വേതനം എന്നിവ ദുഷ്കരമായതിനാൽ സർക്കാരിനോ ത്രിതല പഞ്ചായത്തിനോ ഫണ്ട് വിനിയോഗത്തിന് വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

നിലവിൽ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ് അതത് സ്കൂൾ പി.ടി.എ.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് നിർവ്വഹിക്കുന്നത്. സ്കൂൾ ബസ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്ക് സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. ത്രിതല പഞ്ചായത്തിന് ഫണ്ട് വിനിയോഗത്തിന് അനുമതി നൽകുന്ന കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ**

172 (3215) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിലുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും പൊതുവിദ്യാലയങ്ങളിലെ പഠനബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിനും ജനകീയ വിദ്യാഭ്യാസ മാതൃക വികസിപ്പിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്.

- പൊതുവിദ്യാലയങ്ങളെ വലിയതോതിൽ പരിവർത്തിക്കാൻ കഴിഞ്ഞു.
- നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണതാ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്.

- ഭാരത സർക്കാർ തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സിൽ കേരളം ഒന്നാം സ്ഥാനത്ത്.
- ഭൗതിക സൗകര്യ വികസനത്തിൽ നാളിതുവരെയില്ലാത്ത മുന്നേറ്റം.
- വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ പാർക്കുകൾ.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി വൈവിധ്യമാർന്ന പദ്ധതികൾ.
- ഭാഷാ വികാസത്തിന് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി.
- ശാസ്ത്ര, സാമൂഹിക ശാസ്ത്രവിഷയങ്ങൾ പുത്തൻരീതിയിൽ പഠിക്കാനുള്ള പദ്ധതികൾ.
- ഗണിതം ആനന്ദകരമാക്കാൻ ഗണിതവിജയം, ഗണിതോത്സവങ്ങൾ.
- പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ കൂടുതൽ മികച്ച മുന്നേറ്റത്തിന് ടാലന്റ് ലാബ്.
- എല്ലാ വിദ്യാലയങ്ങളും ഹൈടെക്.
- 8 മുതൽ 12 വരെ എല്ലാ ക്ലാസ്സ് മുറികളും സാങ്കേതികവിദ്യാ സൗഹൃദമായി.

- സാങ്കേതികവിദ്യ ഫലപ്രദമായി വിനിയോഗിക്കാൻ സമഗ്ര പോർട്ടൽ.
- കോവിഡ്കാലത്ത് കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ നടത്തിയ അക്ഷരവൃക്ഷം പദ്ധതി ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ അദ്ധ്യാപകരെ സജ്ജമാക്കുന്നതിന് മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം.

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സർക്കാർ വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ, അദ്ധ്യാപക പരിവർത്തനം, അക്കാദമിക മികവുകളുടെ ഡോക്യുമെന്റേഷൻ, കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് എന്നീ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ വിദ്യാകിരണം എന്ന പേരിൽ സമഗ്രമായി പൊതുവിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി ഒന്നര പതിറ്റാണ്ടിനുശേഷം

സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അദ്ധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിവയ്ക്കുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കുന്നതിന് ജനകീയ ചർച്ചകൾ പൂർത്തിയാക്കി. വിദഗ്ധരുടെ നേതൃത്വത്തിൽ രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങളും ജനകീയ ചർച്ചയിലെ നിർദ്ദേശങ്ങളും സംയോജിപ്പിച്ച് നിലപാട് രേഖ പുറത്തിറക്കും. ഈ രേഖകളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള കരട് ചട്ടക്കൂട് വീണ്ടും ചർച്ചയ്ക്ക് വിധേയമാക്കും. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് 6 ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം നൽകിവരുന്നു. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടന്നിട്ടുള്ള മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഡോക്യുമെന്റ് ചെയ്തുവരുന്നു. മികച്ച വിദ്യാഭ്യാസ ഇടപെടലുകളെ മറ്റുവിദ്യാലയങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും കൂടുതൽ മികച്ച മാതൃക സൃഷ്ടിക്കുന്നതിനും സഹായകമായ രീതിയിലാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുള്ളത്. പഠനപരിപോഷണ പദ്ധതികളായ ന്യൂമാറ്റ്സ്, സ്റ്റെപ്സ്, ന്യൂസെറ്റ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നൂതന പ്രവണതകളും സമീപനവും സമഗ്രമായി ചർച്ച ചെയ്യുന്നതിന് ഈ മേഖലയിലെ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ട് വർഷംതോറും എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ കേരള സ്കൂൾ എഡ്യുക്കേഷൻ കോൺഗ്രസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂൾ എഡ്യുക്കേഷൻ കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം 2023 ഏപ്രിലിൽ തിരുവനന്തപുരത്ത് നടക്കുന്നതാണ്.

(സി) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മേഖലയിൽ കൂടുതൽ അവസരം നേടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കുട്ടികൾക്കുണ്ടാകുന്ന അക്കാദമിക മികവ് പലതരത്തിലും പ്രതിഫലിക്കും. ആത്മവിശ്വാസത്തോടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അറിവും കഴിവും നൈപുണിയും പ്രശ്നനിർദ്ധാരണശേഷിയും വർദ്ധിക്കും. ഇത് സ്വാഭാവികമായും സിവിൽ സർവ്വീസ് ഉൾപ്പെടെ മറ്റെല്ലാ മേഖലകളിലും ശോഭിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

## മലപ്പുറം ജില്ലയിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം

173 (3216) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക വിദ്യാലയങ്ങളിലും പഠിക്കുന്ന ആദിവാസി കുട്ടികളുടെ എണ്ണം വിദ്യാഭ്യാസ ഉപജില്ല തിരിച്ച് ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക വിദ്യാലയങ്ങളിലും പഠിക്കുന്ന ആദിവാസി കുട്ടികളുടെ എണ്ണം, ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| എ.ഇ.ഒ./ഡി.ഇ.ഒ. | ആകെ കുട്ടികളുടെ എണ്ണം | | | |
|---|---|---|---|---|
| | ഗവ. | എയ്ഡഡ് | ട്രൈബൽ സ്കൂൾസ് | ആകെ |
| എ.ഇ.ഒ. അരീക്കോട് | 13 | 26 | 0 | 39 |
| എ.ഇ.ഒ. എടപ്പാൾ | 1 | 1 | 0 | 2 |
| എ.ഇ.ഒ. കീഴിശ്ശേരി | 0 | 6 | 0 | 6 |
| എ.ഇ.ഒ. കൊണ്ടോട്ടി | 4 | 4 | 0 | 8 |
| എ.ഇ.ഒ. കുറ്റിപ്പുറം | 0 | 0 | 0 | 0 |
| എ.ഇ.ഒ. മലപ്പുറം | 1 | 2 | 0 | 3 |
| എ.ഇ.ഒ. മഞ്ചേരി | 2 | 3 | 0 | 5 |

| | | | | |
|---|---|---|---|---|
| എ.ഇ.ഒ. മങ്കട | 0 | 4 | 0 | 4 |
| എ.ഇ.ഒ. മേലാറ്റൂർ | 0 | 6 | 0 | 6 |
| എ.ഇ.ഒ. നിലമ്പൂർ | 481 | 613 | 22 | 1116 |
| എ.ഇ.ഒ. പരപ്പനങ്ങാടി | 1 | 1 | 0 | 2 |
| എ.ഇ.ഒ. പെരിന്തൽമണ്ണ | 14 | 21 | 0 | 35 |
| എ.ഇ.ഒ. പൊന്നാനി | 0 | 1 | 0 | 1 |
| എ.ഇ.ഒ. താനൂർ | 0 | 0 | 0 | 0 |
| എ.ഇ.ഒ. തിരൂർ | 2 | 1 | 0 | 3 |
| എ.ഇ.ഒ. വേങ്ങര | 9 | 0 | 0 | 9 |
| എ.ഇ.ഒ. വണ്ടൂർ | 60 | 15 | 0 | 75 |
| ഡി.ഇ.ഒ. തിരൂർ | 0 | 0 | 0 | 0 |
| ഡി.ഇ.ഒ. തിരൂരങ്ങാടി | 9 | 1 | 0 | 10 |
| ഡി.ഇ.ഒ. വണ്ടൂർ | 331 | 461 | 472 | 1264 |
| ഡി.ഇ.ഒ.മലപ്പുറം | 40 | 20 | | 60 |
| ആകെ | 968 | 1186 | 494 | 2648 |

(ബി) മലപ്പുറം ജില്ലയിലെ ചില എയ്ഡഡ് സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി ആദിവാസി കുട്ടികളെ ചേർക്കുന്നതായും ആദ്യ രണ്ടാഴ്ചയ്ക്ക് ശേഷം ഇവരുടെ തുടർപഠനം തടസ്സപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; പരാതി ലഭിച്ചാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന ആദിവാസി കുട്ടികളുടെ ഹാജർ പരിശോധിക്കാൻ പ്രത്യേക സംവിധാനമുണ്ടോ; ഇല്ലെങ്കിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

എയ്ഡഡ് സ്കൂളുകളിലെ ആദിവാസി കുട്ടികളുടെ ഹാജർ പരിശോധിക്കുന്നുണ്ട്.

(ഡി) വനത്തിനുള്ളിലെ കോളനികളിലുള്ള ആദിവാസി കുട്ടികളെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി എയ്ഡഡ് സ്കൂളുകളിൽ ചേർക്കുന്നതും തുടർന്ന് ഇവർ പഠനം നിർത്തുന്നതും സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

വനത്തിനുള്ളിലെ കോളനികളിലുള്ള ആദിവാസി കുട്ടികളെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി എയ്ഡഡ് സ്കൂളുകളിൽ ചേർക്കുന്നതും തുടർന്ന് ഇവർ പഠനം നിർത്തുന്നതും ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയ തുക**

174 (3217) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയ്ക്കായി 2022-23 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുകയിൽ സ്കൂൾ വിദ്യാഭ്യാസത്തിന് എത്ര രൂപയാണ് നീക്കിവച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നീക്കിവച്ച തുകയിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**യൂണിഫോം ഫണ്ട് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിന് നടപടി**

175 (3218) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോമിന് തുക വിതരണം ചെയ്യുന്നതിന് കുട്ടികളുടെ പേരിൽ ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വാർഷിക പരീക്ഷ അടുത്തിരിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് ബാങ്കുകളിൽനിന്ന് സമയബന്ധിതമായി അക്കൗണ്ട് ലഭിക്കുന്നതിനും കുട്ടികളുടെ എണ്ണം കൂടുതലുള്ള വിദ്യാലയങ്ങളിൽ മുഴുവൻ കുട്ടികളുടെയും ബാങ്ക് അക്കൗണ്ട് ശേഖരിച്ച് സമർപ്പിക്കുന്നതിനും പ്രായോഗിക വൈഷമ്യം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ സാഹചര്യം പരിഗണിച്ചുകൊണ്ട് ഈ അദ്ധ്യയന വർഷംകൂടി സ്കൂൾ ഓഫീസ് മുഖേന ഫണ്ട് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോമിന് തുക വിതരണം ചെയ്യുന്നതിന് കുട്ടികളുടെ പേരിൽ ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടില്ല.

**കുണ്ടറ മണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ**

176 (3219) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് അനുവദിച്ച പ്രവൃത്തികളും നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളും ഏതൊക്കെയെന്ന് അറിയിക്കുമോ; ആയതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് അനുവദിച്ച പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു +.

**നിർത്തലാക്കിയിട്ടുള്ള എം.ജി.എൽ.സി.-കൾ**

177 (3220) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൾട്ടി-ഗ്രേഡ് ലേണിംഗ് സെന്ററുകൾ (എം.ജി.എൽ.സി.) നിർത്തലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 270 എം.ജി.എൽ.സി.-കളിൽ 266 എണ്ണവും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ കോടതി സ്റ്റേ ഉത്തരവുള്ളതിനാൽ 7 എം.ജി.എൽ.സി.-കൾ തുടർന്നും പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം കാസർഗോഡ് ജില്ലയിലെ ആലൂർ എം.ജി.എൽ.സി. കൂടി താൽക്കാലികമായി പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.ജി.എൽ.സി.-കൾക്കായി ഒരുക്കിയിട്ടുള്ള കെട്ടിടങ്ങളും സ്ഥലവും എന്ത് ചെയ്യാനാണ് വകുപ്പ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

എം.ജി.എൽ.സി.-കൾ പൂട്ടുമ്പോൾ പ്രസ്തുത കെട്ടിടങ്ങളും സ്ഥലവും പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ളതാണെങ്കിൽ എസ്.എസ്.കെ.-യുടെ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾക്ക് നൽകുന്നതിനാണ് ആലോചിക്കുന്നത്. എന്നാൽ കെട്ടിടവും സ്ഥലവും പഞ്ചായത്തുകളുടെതാണെങ്കിൽ അവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്.

**കുണ്ടറ മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

178 (3221) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതി എന്തെന്നും തരം തിരിച്ച് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ കുണ്ടറ മണ്ഡലത്തിലെ സ്കൂളുകളിൽ പദ്ധതി വിഹിതം വിനിയോഗിച്ച് നടത്തിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ദേശീയ വിദ്യാഭ്യാസ നയം**

179 (3222) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം 2020 കേരളത്തിൽ അതേ രീതിയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം 2020-ൽ കേരളം വർഷങ്ങൾക്ക് മുമ്പുതന്നെ കൈവരിച്ച എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക, നിലനിർത്തുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിലാണ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയ വിദ്യാഭ്യാസ നയം 2020 പ്രതിലോമകരമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോംപ്ലക്സ് സംവിധാനം, ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് സ്കൂൾ നടത്താനുള്ള അനുമതി നൽകൽ, കേന്ദ്രീകൃതമായ പാഠപുസ്തകങ്ങൾ, ചെറിയ ക്ലാസുകളിൽ പൊതുപരീക്ഷകൾ, വളരെ ചെറിയ പ്രായത്തിൽതന്നെ തൊഴിൽ വിദ്യാഭ്യാസം, ഘടനാമാറ്റം തുടങ്ങി നിരവധി നിർദ്ദേശങ്ങൾ സംബന്ധിച്ച് കേരളത്തിനനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. നിലവിൽ നടപ്പിലാക്കിവരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇത്തരം കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തി ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(ബി) പ്രസ്തുത നയത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസ നയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) നാഷണൽ ടെക്സ്റ്റ്ബുക്ക് വിത്ത് ലോക്കൽ ഫ്ലേവർ എന്നത് സംസ്ഥാന സർക്കാർ അംഗീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നുണ്ട്. പക്ഷെ, ഇക്കാര്യത്തിൽ കേരളം വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ചരിത്രവും തനത് സംസ്കാരവും വൈവിധ്യങ്ങളും നാളിതുവരെ നേടിയ പുരോഗമനപരമായ കാഴ്ചപ്പാടുകളും പരിഗണിച്ചുകൊണ്ടുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാഷണൽ ടെക്സ്റ്റ്ബുക്ക് വിത്ത് ലോക്കൽ ഫ്ലേവർ എന്ന ആശയത്തോട് യോജിക്കാൻ കഴിയില്ല.

**മലയാള ഭാഷയുടെ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് പദ്ധതി**

180 (3223) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മലയാളം എഴുതാനും വായിക്കാനും അറിയാത്ത ഒരു തലമുറ വളർന്നുവരുന്ന വിവരം വിദ്യാഭ്യാസ വകുപ്പിന്റെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധാരണഗതിയിൽ രണ്ടാം ക്ലാസ്സിന്റെ അവസാനത്തോടെ എല്ലാ അക്ഷരങ്ങളും കുട്ടിയിൽ സ്വായത്തമാകും. എല്ലാ അക്ഷരങ്ങളും കൃത്യമായി ഉറയ്ക്കാത്ത ഒരു ന്യൂനപക്ഷമുണ്ടെന്ന് ചില പഠനങ്ങൾ തെളിയിക്കുന്നു. അത് ഈ തലമുറയുടെ മാത്രം പ്രത്യേകതയാണെന്ന് പറയാൻ കഴിയില്ല.

(ബി) പ്രസ്തുത സാഹചര്യത്തെ ഫലപ്രദമായി നേരിടാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

അക്ഷരങ്ങൾ ആശയാവതരണ രീതിയിലൂടെ എല്ലാ കുട്ടികളിലും എത്തിക്കാൻ വ്യത്യസ്ത പഠനപോഷണ പരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും പോരായ്മകളുണ്ടെങ്കിൽ ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഈ വിഷയത്തിന് പ്രഥമ പരിഗണന നൽകി എല്ലാവരിലും പൂർണ്ണമായും അക്ഷരം ഉറയ്ക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ മറ്റുള്ളവർക്ക് മലയാള ഭാഷയുടെ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ?

കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷയിൽ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. ഒന്ന് മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് വ്യത്യസ്ത പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പുസ്തകം പഠിച്ചുവരുന്നവർക്ക് അഞ്ചാം ക്ലാസ് മുതൽ മലയാളം അടിസ്ഥാന പാഠാവലി പാഠപുസ്തകം തുടർന്ന് പഠിക്കാവുന്നതുമാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

181 (3224) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്നും ഫണ്ടനുവദിച്ച എത്ര സ്കൂളുകളുടെ പ്രവൃത്തിയാണ് ബാലുശ്ശേരി മണ്ഡലത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒരു സ്കൂളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 6

സ്കൂളുകളും ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 6 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നു.

**5 കോടി കിഫ്ബി ഫണ്ട്**

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നടുവണ്ണൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി ഫണ്ട്**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. അത്തോളി, ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ, ജി.ജി.എച്ച്.എസ്.എസ്. ബാലുശ്ശേരി എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി വാപ്കോസിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്. പൂനൂർ സ്കൂളിന്റെ എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ, ജി.എം.യു.പി.എസ്. പൂനൂർ എന്നീ സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി എൽ.എസ്.ജി.ഡി. മുഖാന്തരം നടത്തി ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി കിഫ്ബിയുടെ Project Execution Document (PED) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

**1 കോടി കിഫ്ബി ഫണ്ട്**

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.യു.പി.എസ്. ഉണ്ണികുളം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 40 ശതമാനത്തിന് മുകളിൽ നിർമ്മാണം പൂർത്തിയായി.

ഗവ.എച്ച്.എസ്.എസ്. ശിവപുരം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 50 ശതമാനത്തിന് മുകളിൽ നിർമ്മാണം പൂർത്തിയായി.

ജി.എം.യു.പി.എസ്. വേളൂർ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 45 ശതമാനത്തിന് മുകളിൽ നിർമ്മാണം പൂർത്തിയായി.

ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉച്ചഭക്ഷണ പദ്ധതി**

182(3225) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചഭക്ഷണ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽനിന്നും നാളിതുവരെ 393.8368 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ലഭിക്കുന്നതെന്ന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഈ ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ഉൾപ്പെടെ വ്യക്തമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | 2016-2017 | 172.9386 |
| 2 | 2017-2018 | 203.201 |
| 3 | 2018-2019 | 198.5663 |
| 4 | 2019-2020 | 199.6241 |
| 5 | 2020-2021 | 276.8882 |
| 6 | 2021-2022 | 184.8219 |
| 7 | 2022-2023 | 167.38 |

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കോവിഡ് സമയത്ത് കുട്ടികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്ത ഇനത്തിൽ സപ്ലൈകോയ്ക്ക് 143.51 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകേണ്ടതായുണ്ട്. ഇതിനുപുറമേ 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിൽ പദ്ധതി നടത്തിപ്പിനായി പ്രധാനാദ്ധ്യാപകർ പാചക ചെലവിനത്തിൽ അഡ്വാൻസ് ചെയ്ത 83.49 കോടി രൂപ കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്. കൂടാതെ പാചകത്തൊഴിലാളികളുടെ 2022 ഡിസംബർ മാസത്തെ വേതനത്തിന്റെ ബാലൻസും 2023 ജനുവരി മാസത്തെ വേതനവും നൽകുന്നതിനായി 28.58 കോടി രൂപയും കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്.

**ഹയർ സെക്കണ്ടറിയിൽ രണ്ടാം ഭാഷയായി അറബിക് പഠിക്കാനുള്ള അവസരം**

183 (3226) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മൂവായിരത്തിലധികം വിദ്യാർത്ഥികൾ ഒന്നാം ഭാഷയായി അറബിക് എടുത്ത് പ്രതിവർഷം എസ്.എസ്.എൽ.സി. പാസ്സാകുന്നുണ്ടെങ്കിലും അവർക്ക് ഹയർ സെക്കണ്ടറിതലത്തിൽ രണ്ടാം ഭാഷയായി അറബിക് പഠിക്കാൻ മതിയായ അവസരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ നിലവിൽ 45 സ്കൂളിൽ അറബിക് ഉപഭാഷ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പ്ലസ് 1-ൽ 3345, പ്ലസ് 2-ൽ 3292 വിദ്യാർത്ഥികൾ നിലവിൽ അറബിക് ഉപഭാഷ പഠിക്കുന്നുണ്ട്.

(ബി) ഹയർ സെക്കണ്ടറിയിൽ രണ്ടാം ഭാഷ രണ്ട് എണ്ണം എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി ചുരുങ്ങിയത് മൂന്നായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനം**

184(3227) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

ദേശീയ വിദ്യാഭ്യാസനയത്തിലെ പ്രതിലോമകരമായ ആശയങ്ങളെ പ്രതിരോധിക്കുന്നതിനും കേരളത്തിന്റെ പുരോഗമനപരമായ നിലപാടുകൾ നടപ്പിലാക്കുന്നതിനും അനുസരിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിനാണ് കേരളം തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. സ്കൂൾതലം മുതൽ ജില്ലാതലം വരെ രൂപീകരിച്ച സംഘാടക സമിതികളുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടികളുടേതായ പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചിരുന്നു. 14 ജില്ലകളിലെയും ക്രോഡീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ

ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുടെ നിലപാട് രേഖകൾ തയ്യാറാക്കുന്നതിന് ഇത്തരത്തിൽ ക്രോഡീകരിച്ച പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ചിട്ടുണ്ട്. കുട്ടികളുടെ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കുട്ടികളുടെ പ്രതീക്ഷകളും ബി.ആർ.സി. തലത്തിൽ ക്രോഡീകരിച്ച് അവ എസ്.സി.ഇ.ആർ.ടി.-ക്ക് കൈമാറി. ഇത്തരത്തിൽ വിവിധ ബി.ആർ.സി.-കളിൽനിന്നും ലഭിച്ച കുട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച ഡോക്യുമെന്റ് തയ്യാറായിട്ടുണ്ട്.

(ബി) പരീക്ഷാകേന്ദ്രീകൃതം അല്ലാതെ അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പഠിതാവിന്റെ നൈപുണികളും ശേഷികളും വികസിപ്പിച്ചുകൊണ്ടുള്ള അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിലാണ് പാഠ്യപദ്ധതി പരിഷ്കരിക്കുന്നത്, അത് കേവലം പരീക്ഷാകേന്ദ്രീകൃതമായിട്ടല്ല നടപ്പിലാക്കുന്നത്. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നതരത്തിൽ

പഠന അനുഭവങ്ങൾ ഒരുക്കുന്നതരത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. ക്ലാസ് മുറിയിൽ അദ്ധ്യാപകരുടെയും കുട്ടികളുടെയും സർഗ്ഗാത്മകമായ സംവാദത്തിലൂടെയും ചർച്ചകളിലൂടെയും സംഘ പ്രവർത്തനത്തിലൂടെയും അറിവുകൾ നിർമ്മിക്കുക എന്ന പുരോഗമനപരമായ ആശയമാണ് കേരളം മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ ക്ലാസ്സ് മുറിയിൽ നൽകുന്ന പ്രവർത്തനങ്ങൾ അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിലായിരിക്കും പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(സി) തൊഴിലധിഷ്ഠിതമായി വിദ്യാഭ്യാസ സംവിധാനം ക്രമീകരിക്കാത്തത് മൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിൽ പഠനത്തിന് പോകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പോരായ്മ പരിഹരിക്കുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലധിഷ്ഠിതമായി പ്രായോഗിക പരിശീലനം ലഭ്യമാക്കുന്ന രീതിയിൽ വിദ്യാഭ്യാസ സമ്പ്രദായത്തെ ക്രമീകരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആനുപാതികമായ കുറവ് വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള പോരായ്മകൾ കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസമാണ് ലക്ഷ്യമാക്കുന്നത്. പഠിതാക്കളിൽ തൊഴിൽ ആഭിമുഖ്യം, തൊഴിൽ മനോഭാവം, തൊഴിൽ നൈപുണി എന്നിവ വികസിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രമാണ് സ്വീകരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പാഠ്യപദ്ധതിയിൽ ആനുപാതികമായ കുറവ് വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**വി.എച്ച്.എസ്.സി. പാഠ്യപദ്ധതി പരിഷ്കരണം**

185 (3228) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വി.എച്ച്.എസ്.സി. പാഠ്യപദ്ധതി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് അനുസരിച്ചുള്ള കോഴ്സുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

അതിനനുസരിച്ച് എല്ലാ അക്കാദമിക വർഷത്തിലും കാലികമായ പുതിയ എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ ആവിഷ്കരിക്കുന്നുണ്ട്.

(ബി) വി.എച്ച്.എസ്.സി. മുഖേന തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകുന്നത് എന്നത് കണക്കിലെടുത്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന വിധം പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ദേശീയതലത്തിൽത്തന്നെ തൊഴിൽ ലഭ്യതയ്ക്കും ഉപരിപഠനത്തിനും ഒരുപോലെ സഹായകമാകുംവിധമാണ് പുതിയ എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കോഴ്സുകളാണ് സംസ്ഥാനത്തും നടപ്പിലാക്കുന്നത്.

(സി) വ്യാവസായിക തൊഴിൽ മേഖലയിൽ അതിനൂതന സാങ്കേതിക വിദ്യയിലൂടെയുള്ള ഉപകരണങ്ങളും രീതികളും വ്യാപിച്ചുവരുന്ന കാലഘട്ടത്തിൽ അവയിൽ പ്രാവീണ്യം നേടുന്ന വിധത്തിൽ വിദ്യാർത്ഥികളെ രൂപപ്പെടുത്തിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അതത് തൊഴിൽ മേഖലകളിലെ അന്തർദ്ദേശീയവും ദേശീയവുമായ അത്യാധുനിക തൊഴിൽ നൈപുണ്യം ആർജിക്കാവുന്ന തരത്തിലാണ് ഓരോ വി.എച്ച്.എസ്.ഇ. കോഴ്സുകളും വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വർഷവും

തൊഴിൽ കോഴ്സുകളിലുണ്ടാകുന്ന ആധുനികവൽക്കരണത്തിന്റെ ഗുണഫലങ്ങൾ കേരളത്തിലെ വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതരത്തിൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നുണ്ട്.

(ഡി) പുതിയ കാലഘട്ടത്തിന്റെ ആവശ്യതകൾ പഠിക്കുന്നതിന് വ്യാവസായിക, തൊഴിൽ മേഖലകളിലെ അതിവിദഗ്ദ്ധരെയും സംരംഭകരെയും ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

വിശദമായ സ്കിൽ ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിലാണ് സെക്ടർ സ്കിൽ കൗൺസിലുകൾ പുതിയ ക്വാളിഫിക്കേഷൻ പാക്കുകൾക്ക് (കോഴ്സുകൾ) അംഗീകാരം നൽകുന്നത്. കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കുകയോ കാലഹരണപ്പെട്ടത് നിർത്തലാക്കുകയോ നിലവിലുള്ളവ അപ്ഡേറ്റ് ചെയ്യുകയോ ചെയ്യുന്നതരത്തിലുള്ള സംവിധാനമാണ് എൻ.എസ്.ക്യൂ.എഫ്.-ലുള്ളത്. സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റിയാണ് നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽനിന്നും കേരളത്തിനനുയോജ്യമായ പുതിയ കോഴ്സുകൾ ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. വ്യവസായ, തൊഴിൽ മേഖലകളിലെ വിദഗ്ദ്ധരേയും സംരംഭകരേയും വി.എച്ച്.എസ്.ഇ. കോഴ്സുകളുടെ തെരഞ്ഞെടുപ്പിലും വ്യവസായധിഷ്ഠിത പരിശീലനം (ഒ.ജെ.ടി.)

എക്സ്പെർട്ട് ഇന്ററാക്ഷൻ എന്നിവയിലും ഉൾപ്പെടുത്തിവരുന്നുണ്ട്. വിദഗ്ധ സമിതി രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) പുതിയതരം സാങ്കേതികവിദ്യകളും ഉപകരണങ്ങളും പരിചയപ്പെടുന്നതിനും പ്രാഗത്ഭ്യം ലഭ്യമാക്കുന്നതിനും വി.എച്ച്.എസ്.സി. അദ്ധ്യാപകരെ പ്രാപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പുതിയ കോഴ്സുകളിലെ ആധുനിക സങ്കേതങ്ങളും ഉപകരണങ്ങളും അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിലുകളുടെ സഹായത്തോടെ ഓരോ കോഴ്സിലെയും അദ്ധ്യാപക പരിശീലന പരിപാടികൾ വി.എച്ച്.എസ്.ഇ. വകുപ്പ് എല്ലാ വർഷവും നടത്തി വരുന്നുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് അതത് തൊഴിലിടങ്ങളിൽ നേരിട്ടുള്ള പ്രവർത്തനാധിഷ്ഠിത പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ**

186 (3229) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മുതൽ നിയമിതരായ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കോടതിയിൽ

നിലവിലുള്ള കേസുകൾ തടസ്സമാണോ; പ്രസ്തുത കേസുകൾ അനന്തമായി നീണ്ടുപോകുന്നത് ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ പി.എസ്.സി. വഴി നിയമിതരായ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയായി കാണുന്നുണ്ടോ;

(സി) കോടതി വിധിക്ക് വിധേയമായി 2021 ഒക്ടോബർ മുതൽ നിയമിതരായ സർക്കാർ പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകർക്ക് കോടതി വിധി എതിരായി വന്നാൽ ഒരു സർക്കാർ ഉത്തരവിലൂടെ തിരിച്ച് പിടിക്കാൻ കഴിയുന്ന തരത്തിൽ ആനുകൂല്യം നൽകുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപക പ്രൊമോഷൻ നൽകുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രൊമോഷൻ

നൽകിയിട്ടുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹുമാനപ്പെട്ട ട്രൈബ്യൂണലിലുള്ള കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**പ്രൈമറി തലം മുതൽ കായിക വിദ്യാഭ്യാസം**

187 (3230) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിദ്യാഭ്യാസം പ്രൈമറി തലം മുതൽ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് എൽ.പി. സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ എസ്.എസ്.എ. മുഖേന തെരഞ്ഞെടുത്തിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

എസ്.എസ്.കെ. മുഖേന തെരഞ്ഞെടുത്തിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ യു.പി. വിഭാഗത്തിലാണ് നിയമിച്ചിട്ടുള്ളത്. അത്തരം അദ്ധ്യാപകർ ജോലി നോക്കുന്ന സ്കൂളുകളിൽ എൽ.പി. വിഭാഗം കുട്ടികളുണ്ടെങ്കിൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്കും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നുണ്ട്.

(സി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കൃത്യമായ ടൈംടേബിൾ, സ്കൂളുകൾ എന്നിവ വിഭജിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായിട്ടാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. അവർ ആഴ്ചയിൽ മൂന്ന് പ്രവൃത്തിദിനങ്ങളിൽ പരമാവധി രണ്ട് സ്കൂളുകളിലാണ് ജോലി ചെയ്തുവരുന്നത്. അതത് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ ടൈംടേബിൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ഡി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പുറമെ അതത് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കായിക മേഖലയിൽ പരിശീലനം നൽകി വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഇ) കളി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകളിൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിയ കുട്ടികളുടെ കണക്ക്**

188 (3231) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്ര വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയതെന്ന് വ്യക്തമാക്കാമോ?

426469 വിദ്യാർത്ഥികൾ.

(ബി) അതിൽ പഠന വൈകല്യം കാരണം സഹായിയെ വച്ച് പരീക്ഷ എഴുതിയവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും പഠന വൈകല്യമുള്ള 7313 എണ്ണം വിദ്യാർത്ഥികൾക്കാണ് പരീക്ഷ എഴുതാൻ സഹായിയെ അനുവദിച്ച് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓരോ ജില്ലയിലും സഹായിയെ വച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം ഗവൺമെന്റ്/എയ്ഡഡ് മേഖല തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ പഠന വൈകല്യം കണ്ടെത്തി സർട്ടിഫിക്കറ്റ് നൽകാൻ ശിപാർശ ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

29-8-2022-ലെ കത്ത് നം. ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഈ കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥാപന മേലധികാരിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസെബിലിറ്റി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും സ്ക്രീനിംഗ് കമ്മിറ്റിയിൽ അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ,

ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിലുള്ള സ്ക്രീനിംഗ് കമ്മിറ്റി സ്പെസിഫിക് ലേണിംഗ് ഡിസെബിലിറ്റി സംശയിക്കുന്നവരുടെ പട്ടിക അദ്ധ്യാപകരോട് തയ്യാറാക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന പട്ടിക സ്ക്രീനിംഗ് കമ്മറ്റിയുടെ ശിപാർശയോടുകൂടി ബി.ആർ.സി.-കളിൽ ക്രോഡീകരിച്ച് ബോർഡിന് സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, ജില്ലാ ഓഫീസർ (സാമൂഹ്യനീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി ബാച്ചുകളുടെ പുനഃക്രമീകരണം**

189 (3232) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കണ്ടറി ബാച്ചുകളെ പുന:ക്രമീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ ബാച്ചുകളിൽ നിലവിലുണ്ടായിരുന്ന വിദ്യാർത്ഥികളെ എങ്ങനെ പുന:ക്രമീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബാച്ചുകൾ പുന:ക്രമീകരിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ?

(എ-സി) കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം നഷ്ടപ്പെടുന്ന ഹയർ സെക്കണ്ടറി ബാച്ചുകൾ പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ ഈ സമിതി ആരിൽനിന്നൊക്കെയാണ് വിവരങ്ങൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ബാച്ച് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട സമിതിക്കുമുന്നിൽ വിദ്യാലയങ്ങളിലെ മാനേജ്മെന്റുകൾ, പി.ടി.എ., ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്തുകൾ, അദ്ധ്യാപക സംഘടനകൾ എന്നിവർക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്ന് മാധ്യമങ്ങളിലൂടെ അറിയിച്ചിരുന്നു. ബന്ധപ്പെട്ട വിശദാംശങ്ങൾ കമ്മിറ്റി പരിശോധിച്ചശേഷം റിപ്പോർട്ട് സർക്കാരിൽ

സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സമിതി തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ബാച്ച് പുന:ക്രമീകരണം സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(ഇ) ഈ സമിതിക്ക് പുന:ക്രമീകരണത്തിനായുള്ള വിശദാംശം നൽകുന്നതിലേയ്ക്കായി മുൻകാലങ്ങളിലെപോലെ ജില്ല തിരിച്ച് എസ്.എസ്.എൽ.സി. പാസ്സായവരുടെ എണ്ണം, മാർജിനൽ വർദ്ധനവില്ലാതെയുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിവ തരം തിരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുമോ;

(എഫ്) ഓരോ ജില്ലയിലെയും മുൻഅദ്ധ്യയന വർഷങ്ങളിൽ ഒഴിഞ്ഞ് കിടക്കുന്ന പ്ലസ് വൺ സീറ്റുകളുടെ എണ്ണം, സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിവ തരം തിരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ഇ&എഫ്) നിലവിൽ പരിഗണനയിലില്ല.

(ജി) പ്രസ്തുത സമിതിക്കാവശ്യമായ റിപ്പോർട്ട് നൽകുന്നതിന് ലഭ്യമായ പ്ലസ് വൺ സീറ്റുകൾ, ഒഴിഞ്ഞ് കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ എന്നിവ ജില്ല തിരിച്ച് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് നൽകുന്നതിന് കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയൻ

പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 21-2-2023-ന് അപേക്ഷ അയച്ചുനൽകിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അഡ്മിഷൻ നടപടികൾ**

190 (3233) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കണ്ടറി ആദ്യ വർഷ അഡ്മിഷൻ നടപടികൾ ഇപ്പോഴും പൂർത്തിയാകാത്തതിനാൽ ആദ്യ വർഷ പരീക്ഷാ രജിസ്ട്രേഷനിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ അഡ്മിഷൻ നേടിയ മുഴുവൻ വിദ്യാർത്ഥികളെയും കേന്ദ്രീകൃത രജിസ്റ്ററിൽ ഉൾപ്പെടുത്തി പരീക്ഷാ രജിസ്ട്രേഷൻ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) അഡീഷണൽ സീറ്റുകൾ ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് മാത്രം പ്രത്യേക ഉത്തരവായി നൽകാനെടുത്ത തീരുമാനം രജിസ്ട്രേഷൻ നടപടികൾക്ക് കാലതാമസം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ?

(എ-സി) നിലവിൽ അഡ്മിഷൻ നേടിയ എല്ലാ വിദ്യാർത്ഥികളുടെയും ഒന്നാം വർഷ പരീക്ഷാ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് 14-02-2023-ന് ഹാൾ ടിക്കറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(ഡി) മുൻ വർഷങ്ങളിൽ സ്വീകരിച്ച പോലെ അഡീഷണൽ സീറ്റുകൾ സംബന്ധിച്ച് സർക്കാർ പൊതു ഉത്തരവ് പുറപ്പെടുവിച്ചാൽ ഓരോ സ്കൂളിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നത് ഒഴിവാക്കാനും കുട്ടികൾക്കും സ്കൂളുകൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും കഴിയുമോയെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

മുൻ വർഷങ്ങളിൽ സ്വീകരിച്ച പോലെ മാർജിനൽ സീറ്റ് വർദ്ധനവ് ഈ വർഷവും അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു.

**സ്കൂൾ കലോത്സവ സ്വാഗത ഗാനം**

191 (3234) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കലോത്സവ സ്വാഗത ഗാനം ഏതെങ്കിലും മതവിഭാഗത്തെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ദൃശ്യവൽക്കരിച്ചതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പിന്നിൽ പ്രവർത്തിച്ച വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇതുസംബന്ധിച്ച് ചില പരാതികൾ ഉയർന്നിരുന്നു. 61-ാമത് കേരള സ്കൂൾ കലോത്സവത്തിലെ സ്വാഗത ഗാനത്തിന്റെ രചന നിർവ്വഹിച്ചത് പ്രശസ്ത കവി ശ്രീ. പി. കെ. ഗോപിയാണ്. 'മാതാ' പേരാമ്പ്ര എന്ന സ്ഥാപനമാണ് ആയതിന്റെ ദൃശ്യാവിഷ്കാരം നടത്തിയത്. ഇത്തരത്തിൽ പരാതികൾ വന്ന സാഹചര്യത്തിൽ ഭാവിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ മേൽ സ്ഥാപനത്തെ പങ്കെടുപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ആക്ഷേപങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗത ഗാനം**

192 (3235) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വാഗത ഗാനത്തിന്റെ രംഗാവിഷ്ക്കാരം സംബന്ധിച്ച് ഉയർന്ന പരാതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സ്വാഗത ഗാനത്തിന് രംഗാവിഷ്ക്കാരം നൽകിയ സംഘത്തിനെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

61-ാമത് കേരള സ്കൂൾ കലോത്സവത്തിലെ സ്വാഗത ഗാനത്തിന്റെ രചന നിർവ്വഹിച്ചത് പ്രശസ്ത കവി ശ്രീ. പി. കെ. ഗോപിയാണ്. "മാതാ" പേരാമ്പ്ര എന്ന സ്ഥാപനമാണ് ആയതിന്റെ ദൃശ്യാവിഷ്ക്കാരം നടത്തിയത്. ഭാവിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ ഒന്നുംതന്നെ മേൽ സ്ഥാപനത്തെ പങ്കെടുപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ജാഗ്രത പുലർത്തുന്നതാണ്.

**സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റതാക്കാൻ നടപടി**

193 (3236) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നടത്തിവരുന്ന സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരോട് നിർദ്ദേശിച്ചിട്ടുണ്ട്. അവ ലഭിച്ചശേഷമേ വിശദാംശങ്ങൾ പരിശോധിക്കുകയുള്ളൂ.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ**

194 (3237) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നതും ആവശ്യമായ ക്ലാസ്സ്റൂമുകൾ ഇല്ലാത്തതുമായ സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും ആവശ്യമായ ക്ലാസ് റൂമുകൾ ഇല്ലാത്തതുമായ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ. എൽ.പി.എസ്., കോലഞ്ചേരി
2. ഗവ. എൽ.പി.എസ്., ആറ്റിനിക്കര
3. ഗവ. ജെ.ബി.എസ്., വെണ്ണിക്കുളം
4. ഗവ. എച്ച്.എസ്.എസ്., സൗത്ത് ഏഴിപ്രം
5. ഗവ. എച്ച്.എസ്.എസ്., പഴന്തോട്ടം
6. ഗവ. യു.പി.എസ്., നോർത്ത് ഏഴിപ്രം
7. ഗവ. എൽ.പി.എസ്., സൗത്ത് വാഴക്കുളം
8. ഗവ. വി.എച്ച്.എസ്.എസ്., അമ്പലമുഗൾ

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ ലഭ്യമാക്കിയ സ്കൂളുകളുടെ വിശദാംശം നൽകാമോ?

കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ ലഭ്യമാക്കിയ സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗവ. എച്ച്.എസ്.എസ്., പഴന്തോട്ടം
2. ഗവ. യു.പി.എസ്., പുട്ടുമാനൂർ
3. ഗവ. യു.പി.എസ്., പുത്തൻകുരിശ്

(സി) പ്രൊപ്പോസൽ ലഭ്യമാക്കിയ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം**

195 (3238) **ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സർക്കാർ വൊക്കേഷണൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളും മാവേലിക്കര സർക്കാർ എൽ.പി. സ്കൂളും ഇരുന്നൂറ് വർഷത്തിലധികം പഴക്കമുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

150 വർഷം പിന്നിട്ട പൈതൃക സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതിയിൽ പരിഗണിക്കുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ സർക്കാർ വൊക്കേഷണൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റേയും മാവേലിക്കര സർക്കാർ എൽ.പി. സ്കൂളിന്റേയും പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ**

196 (3239)ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ധനവകുപ്പിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്ന പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പിലെ (ജെ.ആർ.) 1/17/2022/പൊ.വി.വ. നമ്പർ ഫയൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ബി) പുതുതായി സൃഷ്ടിക്കേണ്ടി വരുന്ന പ്രസ്തുത തസ്തികകളുടെ വിശദാംശം നൽകുമോ?

സർക്കാർ മേഖലയിൽ 1069 സ്കൂളുകളിൽ സമന്വയ മുഖാന്തരം 2938 അധിക തസ്തികകളും മാന്വലായി 37 സ്കൂളുകളിൽ 142 അധിക തസ്തികകളും ഉൾപ്പെടെ ആകെ 1106 സ്കൂളുകളിലായി 3080 അധിക തസ്തികകളുടെയും

എയ്ഡഡ് മേഖലയിൽ 1198 സ്കൂളുകളിൽ സമന്വയ മുഖാന്തരം 2878 അധിക തസ്തികകളും മാന്വലായി 9 സ്കൂളുകളിൽ 47 അധിക തസ്തികകളും ഉൾപ്പെടെ ആകെ 1207 സ്കൂളുകളിലായി 2925 അധിക തസ്തികകളുടെയും ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 2313 സ്കൂളുകളിലായി 6005 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

(സി) അനദ്ധ്യാപക തസ്തികകളിൽ ഈ അദ്ധ്യയന വർഷംതന്നെ നിയമനം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ അദ്ധ്യാപകരുടെ സ്ഥലം മാറ്റം**

197 (3240) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ വ്യാപകമായി അദ്ധ്യാപക സ്ഥലം മാറ്റം നടത്തുന്നത് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ വ്യക്തിപരമായി മനസ്സിലാക്കിയും പഠന രംഗത്ത് പിന്നാക്കമുള്ള കുട്ടികളെ പ്രത്യേക ശ്രദ്ധയോടെ പരിഗണിച്ചും പഠിപ്പിച്ചിരുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തെ പ്രതികൂലമായി ബാധിക്കുമെന്ന പി.ടി.എ.-കളുടെയും രക്ഷിതാക്കളുടെയും പരാതി പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാസർഗോഡ് ജില്ലയിൽ 2022-23 വർഷം അദ്ധ്യാപക സ്ഥലം മാറ്റം സംബന്ധിച്ച് എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെന്നും ഇത് ഏതൊക്കെ മാസങ്ങളിലാണെന്നും വിശദമാക്കുമോ?

2022 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, 2023 ഫെബ്രുവരി മാസങ്ങളിൽ ആകെ 45 ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ഡി) അദ്ധ്യാപക സ്ഥലംമാറ്റത്തിന്റെ പൊതുമാനദണ്ഡങ്ങളും അർഹത മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഇ) കാസർഗോഡ് ജില്ലയിലെ 2016-17 മുതൽ 2022-23 വരെയുള്ള അദ്ധ്യാപക സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സ്കൂളുകളിൽ ക്ലറിക്കൽ തസ്തിക അനുവദിക്കാൻ നടപടി**

198 (3241) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുള്ളത് ഏതൊക്കെതരം സ്കൂളുകളിലാണെന്ന് അറിയിക്കാമോ; കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ഇത്തരം തസ്തിക അനുവദിക്കുന്നത്; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കാമോ?

സംസ്ഥാനത്തെ ഹൈസ്കൂളുകളിലാണ് ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുള്ളത്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക അനുവദിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1499 വരെയാണെങ്കിൽ ഒരു ക്ലാർക്ക് തസ്തികയും 1500 മുതൽ കുട്ടികളുള്ള സ്കൂളുകളിൽ രണ്ട് ക്ലാർക്ക് തസ്തികയും അനുവദിക്കുന്നു.

(ബി) നൂറിൽ താഴെ മാത്രം കുട്ടികളുണ്ടെങ്കിലും ഹൈസ്കൂളുകളിൽ ക്ലാർക്ക് തസ്തികയുള്ളതും ആയിരത്തിന് മുകളിൽ കുട്ടികളുള്ള പ്രൈമറി സ്കൂളിൽ ക്ലാർക്ക് തസ്തികയില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ പേരും കുട്ടികളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കുട്ടികൾ കുറവുള്ള സ്കൂളുകളിലെ ക്ലാർക്കിനെയോ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽനിന്നും ഒരാളെയോ ഒന്നിൽ കൂടുതൽ ക്ലാർക്കുമാരുള്ള സ്കൂളുകളിൽനിന്നും ഒരു ക്ലാർക്കിനെയോ കായിക അദ്ധ്യാപകരെ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത് പോലെ പൂളിംഗ് അടിസ്ഥാനത്തിൽ നിയമിച്ചാൽ അധിക ബാധ്യതയുണ്ടാവാതെ പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) അൻപതിലധികം അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധമായ മുഴുവൻ കാര്യങ്ങളും ആയിരത്തി അഞ്ഞൂറിലധികം കുട്ടികളുടെ സ്കോളർഷിപ്പ് ഗ്രാന്റുകളും ഉച്ചഭക്ഷണ പരിപാടികൾ ഉൾപ്പെടെയുള്ള ദൈനംദിന കാര്യങ്ങളും പ്രഥമാദ്ധ്യാപകനിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന നിലവിലുള്ള ഇത്തരം സ്കൂളുകളിൽ ഒരു ക്ലറിക്കൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**എച്ച്.എസ്.എസ്.ടി. ബോട്ടണി സീനിയർ, ജൂനിയർ ഒഴിവുകൾ**

199 (3242) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എസ്.ടി. ബോട്ടണി സീനിയർ, ബോട്ടണി ജൂനിയർ എന്നീ തസ്തികയിൽ 2022 നവംബർ 30 വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ജില്ലയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനങ്ങൾ സംസ്ഥാന തലത്തിലായതിനാൽ ജില്ല തിരിച്ചുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറില്ല.

(സി) വിവിധ ജില്ലകളിൽ വർഷങ്ങളായി എച്ച്.എസ്.എസ്.ടി. ബോട്ടണി ജൂനിയറും സീനിയറുമായി ജോലി ചെയ്യുന്നവർക്ക് ട്രാൻസ്ഫർ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ 2021-22 അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം 23-5-2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്ഥലംമാറ്റത്തിനുശേഷം നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ 15-2-2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറി ജൂനിയർ ബോട്ടണി, കൊമേഴ്സ്, ഫിസിക്സ് അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് 18-12-2022-ലും മറ്റ് വിഷയങ്ങളുടേത് 7-1-2021-ലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സീനിയർ അദ്ധ്യാപകരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് 29-4-2019-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 2023 വർഷം ആസ്പദമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിലേയ്ക്കുള്ള സ്ഥലംമാറ്റ അപേക്ഷ എന്നത്തേയ്ക്ക് സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; ആയതിൽ നിയമനം നടത്തുന്നതിനുള്ള പ്രധാന തടസ്സം എന്തെന്ന് വിശദമാക്കാമോ?

2022-23 വർഷത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജനറൽ ട്രാൻസ്ഫർ OA No 642/2022-ലെ അന്തിമവിധി വരുന്നതുവരെ Kept in abeyance-ൽ വയ്ക്കാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No 642/2022-ലെ 16-5-2022-ലെ ഇടക്കാല വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോഴും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

**അദ്ധ്യാപികയ്ക്ക് ശമ്പളം നൽകുന്നതിന് നടപടി**

200 (3243) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ (ഫ്രഞ്ച്) അദ്ധ്യാപിക

ശ്രീമതി സി. ഷീന ചാൾസിന് നിലവിൽ ശമ്പളം ലഭിക്കാത്തത് പരിശോധിച്ച് അടിയന്തരമായി ശമ്പളം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ (E/6769342/2022/MIN/EDU), (പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 21-1-2023-ലെ എ 4/75/2022/പൊ.വി.വ. നമ്പർ കത്ത്) പൊതുവിദ്യാഭ്യാസ ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ശ്രീമതി സി. ഷീന ചാൾസിന് ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) എറണാകുളം സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഫ്രഞ്ച് അദ്ധ്യാപിക ശ്രീമതി സി. ഷീന ചാൾസിന് ശമ്പളം ലഭിക്കുന്നതിന് വിദ്യാലയത്തിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തിക 2001-02 കാലയളവ് മുതൽ എച്ച്.എസ്.എസ്.ടി.

തസ്തികയാക്കി ഉയർത്തേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ വിദ്യാലയത്തിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഫ്രഞ്ച് തസ്തിക എച്ച്.എസ്.എസ്.ടി. തസ്തികയാക്കി ഉയർത്തിയാൽ മാത്രമേ ശ്രീമതി ഷീന ചാൾസിന്റെ നിയമനം സ്ഥിരപ്പെടുത്തുന്നതിനും ശമ്പളം പുന:സ്ഥാപിക്കുന്നതിനും സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+. തസ്തിക ഉയർത്തൽ സംബന്ധിച്ച ടി പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിൽ എൻ2/149/2022 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ ഡയറക്ടറോട് ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതും ശ്രീമതി ഷീന ചാൾസിന് ശമ്പളം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതുമാണ്.

**പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം**

201 (3244) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിലോ മാർഗ്ഗനിർദ്ദേശങ്ങളിലോ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് 30 ശതമാനം ഒഴിവുകളും ഹൈസ്കൂൾ അദ്ധ്യാപകർക്ക് 25 ശതമാനം ഒഴിവുകളും ആയിരുന്നു അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ സ.ഉ.(പി)നം. 36/ 91/പി&എആർ.ഡി. തീയതി 2-12-1991 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലേയും ഓരോ വിഭാഗത്തിലേയും ഓരോ വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർ ജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ബാധകമാക്കി സ.ഉ.(അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24-12-2021 പ്രകാരം ഉത്തരവായിട്ടുള്ളത്.

(ബി) ജില്ലാതലത്തിലുള്ള പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ കേഡർ സ്ട്രെംഗ്തും അദ്ധ്യാപകരുടെ എണ്ണവും കൃത്യമായി വിശകലനം ചെയ്തിട്ടാണോ ഇതിനുള്ള നടപടി സ്വീകരിച്ചത്; വിശദാംശം നൽകാമോ;

(സി) നിലവിൽ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകർക്ക് എത്ര ശതമാനം ഒഴിവുകളാണ് അന്തർജില്ല സ്ഥലം മാറ്റത്തിനായി വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും മുമ്പ് എത്ര ശതമാനമായിരുന്നുവെന്നും അറിയിക്കാമോ?

സ.ഉ.(അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24-12-2021 പ്രകാരം 2021-22 അദ്ധ്യയന വർഷം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ അനുപാതം 10 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സ.ഉ.(എം.എസ്.)നം. 120/99/ജി.ഇ.ഡി. എൻ. തീയതി 25-5-1999, ജി.ഒ.(എം.എസ്.) നം. 8/2009/പൊ.വി.വ. തീയതി 20-1-2009, ജി.ഒ(എം.എസ്.) നം. 6/2018/പൊ.വി.വ. തീയതി 23-1-2018, ജി.ഒ.(എം.എസ്)നം. 278/2013/പൊ.വി.വ. തീയതി 18-10-2013 എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള വിഹിതം താഴെ പറയും പ്രകാരമായിരുന്നു.

പ്രൈമറി വിഭാഗം - 30%

ഹൈസ്കൂൾ വിഭാഗം - 25%

ജൂനിയർ ലാംഗ്വേജ് അദ്ധ്യാപകർ - 30%

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അദ്ധ്യാപകർ - 35%

(ഡി) അന്തർജില്ല സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റം കാരണം അന്യജില്ലകളിൽ സേവനമനുഷ്ഠിക്കുന്ന പ്രൈമറി, ഹൈസ്കൂൾ അദ്ധ്യാപകർക്ക് മാതൃജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് വലിയ കാലതാമസം നേരിടേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആരോഗ്യപരമായും ശാരീരികമായും അവശത നേരിടുന്ന അദ്ധ്യാപകരുടെ കാര്യത്തിലെങ്കിലും പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ ഇളവ് അനുവദിച്ച് അന്തർജില്ല സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ. തീയതി 24-12-2021 പ്രകാരമുള്ള 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിച്ചുവരുന്നു.

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പള വർദ്ധന നടപടികൾ**

202 (3245) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷ കേരളയിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന കലാ-കായിക പ്രവൃത്തി പരിചയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 2016-ൽ 25200 രൂപ ശമ്പളമുണ്ടായിരുന്നെങ്കിലും 2017-ൽ അത് 14000 രൂപയായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തുല്യ ജോലിക്ക് തുല്യ വേതനമെന്നിരിക്കേ ദിവസവേതനക്കാർക്കുള്ള ശമ്പളംപോലും പ്രസ്തുത അദ്ധ്യാപകർക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതുകാരണവും Project Approval Board, അദ്ധ്യാപകർക്കായി അനുവദിച്ചുനൽകിയ തുകയിൽ കുറവുണ്ടായതുകാരണവുമാണ് ശമ്പളം 14,000 രൂപയായി കുറഞ്ഞത്.

(സി) നിലവിൽ പതിനായിരം രൂപയിൽ താഴെ ശമ്പളമുള്ള പ്രസ്തുത അദ്ധ്യാപകരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

23-2-2023-ൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, എസ്.എസ്.കെ. ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക സംഘടനകളുടെ നേതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം 13,400 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം 13,400 രൂപയുടെ 12% വരുന്ന 1608 രൂപ ഇ.പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചു.

**എൽ.പി., യു.പി. സ്കൂളുകളിലെ ഓഫീസ് അറ്റൻഡന്റ് നിയമനം**

203 (3246) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി. സ്കൂളുകളിലും യു.പി. സ്കൂളുകളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികൾ കൂടുകയും പ്രൈമറി ഹെഡ് മാസ്റ്റർമാരുടെ ജോലി ഭാരം അധികമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനും വിവിധ ഏജൻസികളുടെ ഫണ്ട് വിനിയോഗം മുതലായവ കൈകാര്യം ചെയ്യുന്നതിനും യു.പി. സ്കൂളുകളിൽ ഓഫീസ് അറ്റൻഡന്റിനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ യു.പി. സ്കൂളുകളിൽ ഓഫീസ് അറ്റൻഡന്റുമാരുണ്ട്.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

204 (3247) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തിയ പ്രസ്തുത സ്കൂളിൽ വരുന്ന വർഷം (2023-24) പ്ലസ് ടു കോഴ്സ് പ്രഖ്യാപിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന കൊടക്കാട് (വെള്ളച്ചാൽ) മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും പട്ടികജാതി വികസന വകുപ്പ് ഒരുക്കിയ സാഹചര്യത്തിൽ ഹയർ സെക്കണ്ടറി കോഴ്സിന്റെ രണ്ട് ബാച്ചുകൾ (സയൻസ്, കൊമേഴ്സ്) ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് പദ്ധതി**

205 (3248) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് ദേവികുളം മണ്ഡലത്തിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ദേവികുളം മണ്ഡലത്തിലെ അടിമാലി എസ്.എൻ.ഡി.പി. വി.എച്ച്.എസ്. സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ബി.ആർ.സി.-കളിലെ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ**

206 (3249) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽനിന്ന് തസ്തിക നഷ്ടപ്പെട്ട് ബി.ആർ.സി.-കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിരിക്കുന്ന അദ്ധ്യാപകർക്ക് വെക്കേഷൻ അനുവദനീയമാണോ?

അനുവദനീയമല്ല.

(ബി) ഏപ്രിൽ, മേയ് മാസങ്ങളിലെ വെക്കേഷൻ അവധി പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് ബാധകമല്ല എന്ന ഉത്തരവുണ്ടോ; വെക്കേഷൻ അവധി ബാധകമല്ലെങ്കിൽ യാദൃശ്ചികാവധി എത്രയായി നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് വെക്കേഷൻ ബാധകമല്ലാത്തതിനാലും 12 മാസവും ജോലി ചെയ്യുന്നതിനാലും സർക്കാർ ജീവനക്കാർക്ക് അർഹമായ അത്രയും ദിവസം ആവശ്യത്തിനനുസരിച്ച് യാദൃശ്ചികാവധി വിനിയോഗിക്കാവുന്നതാണ്.

(സി) വെക്കേഷൻ കാലയളവിൽ ജോലി ചെയ്താൽ പ്രസ്തുത വിഭാഗം അദ്ധ്യാപകർക്ക് ആർജ്ജിതാവധി നൽകാൻ ഉത്തരവുണ്ടോ; ഇല്ലെങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ?

വെക്കേഷൻ കാലയളവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആനുപാതികമായ ആർജ്ജിതാവധി സർക്കാർ നിയന്ത്രണത്തിന് വിധേയമായി മാനദണ്ഡപ്രകാരം അനുവദിക്കുന്നതിന് തടസ്സമില്ല.

**എയ്ഡഡ് സ്കൂളുകളിലെ ഡിവിഷനുകൾ**

207 (3250) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ അദ്ധ്യാപക തസ്തിക നിർണ്ണയ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ എത്ര വീതം ഡിവിഷനുകളുണ്ടെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

2019-ലെ അദ്ധ്യാപക തസ്തിക നിർണ്ണയ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഡിവിഷനുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ എത്ര വീതം ഡിവിഷനുകളുണ്ടെന്ന് വിശദമാക്കാമോ?

എൽ.പി. വിഭാഗത്തിലായി 3809 സ്കൂളുകളിലായി 22489 ഡിവിഷനുകളും യു.പി. വിഭാഗത്തിൽ 1805 സ്കൂളുകളിലായി 22435 ഡിവിഷനുകളും എച്ച്.എസ്. വിഭാഗത്തിൽ 1367 സ്കൂളുകളിലായി 29949 ഡിവിഷനുകളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 846 സ്കൂളുകളിലായി 6604 ബാച്ചുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 128 സ്കൂളുകളിലായി 394 ബാച്ചുകളുമുണ്ട്.

(സി) 2019-ന് ശേഷം പ്രസ്തുത വിഭാഗങ്ങളിൽ അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം, 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ തുടരാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. 2022-23 അദ്ധ്യയന വർഷം തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ട്. അധികമായി അനുവദിക്കേണ്ട തസ്തികകൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശിപാർശ സർക്കാർ

പരിശോധിച്ചുവരുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ 2019-നുശേഷം എയ്ഡഡ് മേഖലയിൽ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ തസ്തിക നിർണ്ണയ സമ്പ്രദായം ബാധകമല്ല.

**മുളവുകാട് എൽ.പി.എസ്. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

208 (3251) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ എറണാകുളം വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന എൽ.പി.എസ്., മുളവുകാട് എന്ന വിദ്യാലയം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 17-2-2021-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം. 82/2021/പൊ.വി.വ. പ്രകാരം എൽ.പി.എസ്., മുളവുകാട് സർക്കാർ തത്വത്തിൽ ഏറ്റെടുത്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മുളവുകാട് എൽ.പി.എസ്; സർക്കാർ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 10-4-1967-ലെ സർക്കാർ ഉത്തരവ് (കൈ)നം.159/1967/പൊ.വി.വ, സർക്കാർ ഉത്തരവ് (കൈ)നം.479/1970/ പൊ.വി.വ. തീയതി 18-11-1970 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കെ-ടെറ്റ് യോഗ്യത നിബന്ധന**

209 (3252) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ എത്ര കാലാവധിക്കുള്ളിലാണ് കെ-ടെറ്റ് യോഗ്യത നേടേണ്ടതെന്ന് വ്യക്തമാക്കാമോ?

1-6-2012 മുതൽ 30-8-2016 വരെ പി.എസ്.സി. വിജ്ഞാപന പ്രകാരം കെ-ടെറ്റ് യോഗ്യതയില്ലാതെ നിയമിതരായ സർക്കാർ സ്കൂൾ അദ്ധ്യാപകർക്കും 1-6-2012 മുതൽ 31-3-2020 വരെ എയ്ഡഡ് സ്കൂളിൽ നിയമിതരായി കെ-ടെറ്റ് യോഗ്യതയില്ലാതെ തുടരുന്ന അദ്ധ്യാപകർക്കും 17-2-2023-ലെ പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ സ.ഉ.(കൈ) നം.15/2023/പൊ.വി.വ. ഉത്തരവുപ്രകാരം 2023 ജൂൺ മാസം നടത്തുന്ന പ്രത്യേക പരീക്ഷ വരെ പ്രസ്തുത യോഗ്യത കരസ്ഥമാക്കാൻ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) 31-3-2021-നുശേഷം കെ-ടെറ്റ് യോഗ്യത നേടിയ അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് ലഭിക്കാനും പ്രൊബേഷൻ ഡിക്ലയർ ചെയ്യാനും തടസ്സം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17-2-2023-ലെ പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പിന്റെ സ.ഉ.(കൈ)നം.15/2023/പൊ.വി.വ. ഉത്തരവുപ്രകാരം സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ യോഗ്യത കരസ്ഥമാക്കുന്നവർക്ക് കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XIV A ചട്ടം 3-ൽ അനുശാസിക്കുന്ന തരത്തിൽ

നിർദ്ദിഷ്ട യോഗ്യതയുള്ളവരായി കണക്കാക്കി പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കാവുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് എയ്ഡഡ് മേഖലയിൽ നിയമനം**

210 (3253) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര ഭിന്നശേഷിക്കാർക്ക് അദ്ധ്യാപക/ അനദ്ധ്യാപക തസ്തികയിൽ നിയമനം നൽകിയെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ എയ്ഡഡ് മേഖലയിൽ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ അവയുടെ വിശദാംശം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുമാണ് വിവിധ മാനേജ്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കൊടുമൺ അറന്തക്കുളങ്ങര ഗവ. എൽ.പി. സ്കൂളിന് പ്രീ പ്രൈമറി വിഭാഗം**

211 (3254) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ കൊടുമൺ അങ്ങാടിക്കൽ തെക്ക് അറന്തക്കുളങ്ങര ഗവൺമെന്റ് എൽ.പി. സ്കൂളിന് 2020-21 വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ പത്തനംതിട്ട ജില്ല ഓഫീസ് മുഖേന പ്രീ പ്രൈമറി വിഭാഗത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച പതിനഞ്ച് ലക്ഷം രൂപ യഥാവിധി ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. അടൂർ മണ്ഡലത്തിലെ കൊടുമൺ അങ്ങാടിക്കൽ തെക്ക് അറന്തക്കുളങ്ങര ഗവൺമെന്റ് എൽ.പി. സ്കൂളിന് 2020-21 വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ പത്തനംതിട്ട ജില്ലാ ഓഫീസ് മുഖേന അടൂർ ബി.ആർ.സി. പ്രീ-പ്രൈമറി നിർമ്മാണത്തിനായി 15 ലക്ഷം രൂപ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തിയിൽ വ്യാജ ബില്ലുകളും വൗച്ചറുകളും ഉപയോഗിച്ച് ഏഴ് ലക്ഷത്തോളം രൂപ ക്രമക്കേട് നടത്തിയതും ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടത്തിൽ മാതൃക പ്രീ പ്രൈമറി ആരംഭിച്ചതും സംബന്ധിച്ച പരാതിയിൽ വിജിലൻസ് അന്വേഷണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ വി.ജി. എസ്.സി.15/22/പി.ടി.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

വി.ജി. എസ്.സി.15/22/പി.ടി.എ. നമ്പർ കത്ത് വിജിലൻസ് ഡിപ്പാർട്ട്മെന്റിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സമഗ്രശിക്ഷാ-കേരളയുടെ അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ഫിനാൻസ് ഓഫീസർ, സ്റ്റേറ്റ് പ്രോജക്ട് എഞ്ചിനീയർ എന്നിവർ സെന്റർ സന്ദർശിച്ച് പ്രവർത്തനങ്ങൾ

വിലയിരുത്തി. സമഗ്രശിക്ഷാ-കേരളയുടെ മാനദണ്ഡം പൂർണ്ണമായും പാലിച്ചില്ലെന്ന കണ്ടെത്തലിന്മേൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ തുടർനടപടി സ്വീകരിച്ചുവരുന്നു.

**നാദാപുരം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകൾ**

212 (3255) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ കുന്നുമ്മൽ, നാദാപുരം ഉപജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളും അനുവദിച്ച ഫണ്ട് എത്രയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പദ്ധതി വിഹിതം വിനിയോഗിച്ച് ഈ സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

**പാറശാല എ.ഇ.ഒ. ഓഫീസിന് പുതിയ കെട്ടിടം**

213 (3256) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) പാറശാല എ.ഇ.ഒ. ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിച്ചുനൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിച്ചുനൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ ആയത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ**

214 (3257) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം വിദ്യാലയ അന്തരീക്ഷം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ, ബാരിയർ ഫ്രീ സ്കൂൾ എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ റാമ്പ് & റെയിൽ സൗകര്യം ലഭ്യമാക്കാനും CWSN ടോയ്‌ലറ്റ് നിർമ്മിക്കാനുമുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ പൊതുവിദ്യാലയങ്ങളിലെത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സഹായക ഉപകരണങ്ങൾ, തെറാപ്പികൾ, അക്കാദമിക പിന്തുണയ്ക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം എന്നിവ നൽകിവരുന്നു. വീഡിയോ പാഠങ്ങൾ, ശബ്ദ പാഠങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കി വെബ്സൈറ്റിലൂടെ നൽകുകയും ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ്, ബ്രെയ്‌ലി സ്റ്റേഷനറി മെറ്റീരിയൽസ്, ഇൻസ്ട്രക്ഷണൽ ട്രെയിനിംഗ് മെറ്റീരിയൽ എന്നിവ നൽകുകയും ചെയ്തുവരുന്നു. തീവ്രപരിമിതി അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിദ്യാലയങ്ങളിലും ഓട്ടിസം സെന്ററുകളിലും ആയമാരുടെ സേവനം, അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എക്സ്കോർട്ട് അലവൻസ്, ഗേൾസ് സ്റ്റൈപന്റ് എന്നിവ നൽകിവരുന്നു. കൂടാതെ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കായി ആഴ്ചയിലൊരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനവും നൽകിവരുന്നുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഇതിലേയ്ക്കായി എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; വ്യക്തമാക്കാമോ?

വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മോഡൽ ഇൻക്ലൂസീവ് സ്കൂൾ - 500 ലക്ഷം രൂപ

2. ബാരിയർ ഫ്രീ സ്കൂൾ - 1500 ലക്ഷം രൂപ

3. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ - 12212.63 ലക്ഷം രൂപ

4. CWSN ടോയ്‌ലറ്റ് നിർമ്മാണം - 110.4 ലക്ഷം രൂപ

(സി) ഇതിൽ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മോഡൽ ഇൻക്ലൂസീവ് സ്കൂൾ - 273 ലക്ഷം രൂപ

2. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ - 7475 ലക്ഷം രൂപ

3. CWSN ടോയ്‌ലറ്റ് നിർമ്മാണം - 88.64 ലക്ഷം രൂപ

ബാരിയർ ഫ്രീ സ്കൂൾ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങൾക്കാണ് പദ്ധതിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിക്കായി ഓരോ ജില്ലയിലും 6 സ്കൂളുകൾ വീതം 84 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, CWSN ടോയ്‌ലറ്റ് എന്നീ പദ്ധതികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2023-24 സാമ്പത്തിക വർഷത്തിൽ മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിക്ക് 250 ലക്ഷം രൂപയും ബാരിയർ ഫ്രീ സ്കൂൾ പദ്ധതിക്ക് 1250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്കാക്കിയിട്ടുള്ളത്; ഇത് എപ്പോഴത്തേയ്ക്ക് നടപ്പാക്കാനാകും; വ്യക്തമാക്കാമോ?

ഇതിന്റെ ചെലവ് കണക്കാക്കിയിട്ടില്ല. പദ്ധതി വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നത് പരിഗണിക്കുന്നതാണ്.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾ**

215 (3258) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളുടെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പരീക്ഷകൾ എന്നത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

ഈ വർഷത്തെ എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷയുടെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരീക്ഷ തീയതികൾ തീരുമാനിച്ചിട്ടില്ല.

(ബി) പരീക്ഷകളുടെ സ്കീം, സിലബസ് എന്നിവ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ തവണ നടത്തിയ പരീക്ഷകളുടെ സ്കീം, സിലബസ് എന്നിവയിൽനിന്നും ഇത്തവണ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി&സി) ഈ വർഷത്തെ എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷകളുടെ സ്കീം, സിലബസ് എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സാക്ഷരതാ പ്രേരക്മാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി**

216 (3259) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലായിരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുമെന്ന് 2021-ലെ ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 31-3-2022-ലെ സ.ഉ (കൈ) നം.72/2022/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ആറ് മാസത്തിലേറെ തുടർച്ചയായി സാക്ഷരതാ പ്രേരക്മാരുടെ ശമ്പളം മുടങ്ങുകയും ആയതിനെത്തുടർന്ന് കൊല്ലത്ത് സാക്ഷരതാ പ്രേരക് ആത്മഹത്യ ചെയ്യുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്രേരക്മാർക്ക് നിശ്ചയിച്ച വേതനത്തിൽ 2022 സെപ്തംബർ മുതൽ കുടിശ്ശികയുണ്ടായിരുന്നു. പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 4.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്യുകയും ജനുവരി മാസത്തേത് വിതരണം ചെയ്യാനുള്ള നടപടികൾ നടന്നുവരികയുമാണ്. കൊല്ലത്ത് ഒരു പ്രേരക് ആത്മഹത്യ ചെയ്ത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സാക്ഷരതാ പ്രേരക്മാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സമ്മർദ്ദം ചെലുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തനം വിലയിരുത്തുന്നതിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് പുനർവിന്യാസം സംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ഫിനാൻസ് റിസോഴ്സസ് വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി സ.ഉ.(സാധാ)നം. 973/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

217 (3260) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുള്ള നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം ഗവ.യു.പി. സ്കൂൾ, വെള്ളിയോട് ഹയർ

സെക്കണ്ടറി സ്കൂൾ എന്നീ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചോയെന്ന് അറിയിക്കാമോ?

കിഫ്ബിയിൽനിന്ന് തുക അനുവദിച്ചിട്ടുള്ള നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം ഗവ.യു.പി. സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഡി.എസ്.ആർ./ ജി.എസ്.ടി. നിരക്കിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. കില പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (Project Execution Document (PED)) തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നതിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ഭേദഗതി ചെയ്ത് കിഫ്ബിയുടെ അംഗീകാരം ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. വെള്ളിയോട് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രകാരം എസ്റ്റിമേറ്റ് ഭേദഗതി ചെയ്തുവരുന്നു. സാങ്കേതികാനുമതിയും കിഫ്ബിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (Project Execution Document (PED) അംഗീകാരവും ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ കാലാവധി എത്ര മാസമാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികളുടെ കാലാവധി എഗ്രിമെന്റ് വച്ച തീയതി മുതൽ 15 മാസം വരെയാണ്.

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

218 (3261) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി. സ്കൂൾ, യു.പി. സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിൽ കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തണമെന്ന് ഖാദർ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്; എന്നുമുതൽ ഇവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

(എ-ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രീ സ്കൂൾ മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം "മികവിനായുള്ള വിദ്യാഭ്യാസം" 28-2-2019-ലെ സ.ഉ.(കൈ)നമ്പർ 19/2019/പൊ.വി.വ. പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സമിതി സമർപ്പിച്ചത് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

**തവനൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന സ്കൂളുകൾക്ക് ഭരണാനുമതി**

219 (3262) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണത്തിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) തവനൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട പുറത്തൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട എടപ്പാൾ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്. കാടഞ്ചേരി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജി.യു.പി.എസ്. പുറത്തൂർ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എം.ജി.വി.എച്ച്.എസ്.എസ്. തവനൂർ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കില പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (Project Execution Document (PED)) തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ ചമ്രവട്ടം ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. അംഗീകരിച്ചു. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിലാവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. Project Execution Document (PED)-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. തവനൂർ കെ.എം.ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കവറേജ് ഇഷ്യൂ ഉള്ളതായി റിപ്പോർട്ട്

ചെയ്തിരുന്നത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ കില സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

220 (3263) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വിശദവിവരം അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1) ഗവ. എം.എൽ.പി. സ്കൂൾ, അണ്ടത്തോട്

2) ഗവ.എൽ.പി. സ്കൂൾ, കൊരഞ്ഞയൂർ

3) ഗവ.എൽ.പി. സ്കൂൾ, ഇരട്ടപ്പുഴ

4) ഗവ. എൽ.പി. സ്കൂൾ, വടക്കേക്കാട്

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകൾക്ക് ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ ഇരട്ടപ്പുഴ ഗവ.എൽ.പി. സ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് കടപ്പുറം പഞ്ചായത്ത് 30 ലക്ഷം രൂപ വകയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വടക്കേക്കാട് ഗവ.എൽ.പി. സ്കൂളിന് 42 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എഫ്.ടി.എം. നിയമനം**

221 (3264) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളിൽ (എം.ജി.എൽ.സി.) ജോലി ചെയ്ത എത്ര പേർക്ക് എഫ്.ടി.എം. ആയി നിയമനം നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളിൽ സേവനം അനുഷ്ഠിച്ചിരുന്ന 258 വിദ്യാവോളന്റിയർമാർക്ക് എഫ്ടിറ്റി.എം. ആയി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇതിൽ കാസർഗോഡ് ജില്ലയിലുള്ള എത്ര പേർ വിവിധ ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിലുള്ള 46 പേർ മറ്റ് ജില്ലകളിൽ ജോലിചെയ്യുന്നു.

(സി) ഇവർക്ക് മാതൃജില്ലയിൽ തന്നെ സ്ഥലം മാറ്റം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോ; വിശദാംശം അറിയിക്കാമോ?

ഇവർക്ക് ജില്ലാതലത്തിലുള്ള സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സ്വന്തം ജില്ലയിലേയ്ക്ക് വേക്കൻസി ഉണ്ടാകുന്നമുറയ്ക്ക് നിയമനം അനുവദിക്കുന്നതാണ്.

**മട്ടന്നൂർ യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ നടപടി**

222 (3265) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സ്കൂൾ മാപ്പിംഗ് നടത്തുകയും വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ സ്കൂളുകളെ മാത്രമാണ് അപ്ഗ്രഡേഷന് പരിഗണിച്ചിരുന്നത്. മട്ടന്നൂർ യു.പി. സ്കൂൾ ഈ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നില്ല.

(ബി) സംസ്ഥാനത്ത് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്. എന്നാൽ നിലവിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാർ പരിഗണിക്കുന്നില്ല. അപ്ഗ്രേഡ് ചെയ്യാനുള്ള പൊതുനയം എടുക്കുമ്പോൾമാത്രമേ അതുസംബന്ധിച്ച മാനദണ്ഡങ്ങളും നിശ്ചയിക്കുകയുള്ളൂ.

**കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പദ്ധതി**

223 (3266) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉണ്ട്. സ്റ്റുഡന്റ് സേവിംഗ്സ് സ്കീം, കുട്ടിക്കൊരു കുടുക്ക എന്നീ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടില്ല.

(ഡി) ഏത് ബാങ്കുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ട്രഷറി സേവിംഗ്സ് ബാങ്ക്, കേരള ബാങ്ക് എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

(ഇ) ബാങ്ക് ഉദ്യോഗസ്ഥർ വിദ്യാലയങ്ങളിൽ നേരിട്ടുചെന്ന് വിദ്യാർത്ഥികളിൽനിന്നും സമ്പാദ്യം വാങ്ങാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

അത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല.

**കിച്ചൺ-കം-സ്റ്റോർ പദ്ധതി**

224 (3267) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിച്ചൺ-കം-സ്റ്റോർ പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുക ലഭിക്കാത്ത അവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച സ്കൂളുകൾക്ക് തുക ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കിച്ചൺ-കം-സ്റ്റോർ പദ്ധതിപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള 203 സ്കൂളുകളിൽ 194 സ്ക്കൂളുകൾക്ക് തുക ലഭിച്ചിട്ടുണ്ട്. 7 സ്കൂളുകൾക്ക് പൂർണ്ണമായും 2 സ്ക്കൂളുകൾക്ക് ഭാഗികമായും തുക ലഭ്യമായിട്ടില്ല. ട്രഷറി അലോട്ട്മെന്റായി അനുവദിച്ച തുക മാറിയെടുക്കുന്നതിനും സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പിൻവലിക്കുന്നതിനുമുണ്ടായിട്ടുള്ള ചില സാങ്കേതിക പ്രശ്നങ്ങളാണ് ടി 9 സ്കൂളുകൾക്ക് തുക ലഭ്യമാകാത്തതിന് കാരണം. എന്നാൽ പ്രസ്തുത സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ തുക ലഭിക്കാത്ത സ്കൂളുകൾക്ക് ആയത് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടും തുക ലഭിക്കാത്ത സ്കൂളുകൾ ഉള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് യൂണിറ്റുകൾ**

225 (3268) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് യൂണിറ്റുകൾ (എസ്.പി.സി.) ഇല്ലാത്ത സ്കൂളുകൾ എത്രയുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

ജില്ലതിരിച്ചുള്ള സ്കൂളുകളുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ പിടിമുറുക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഇവരുടെ വലയിൽ വീഴാതിരിക്കാനും ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും എസ്.പി.സി. യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാലപ്പഴക്കംചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ**

226 (3269) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിലവിൽ കോങ്ങാട് നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളില്ല.

**അമ്പലപ്പുഴ മണ്ഡലത്തിൽ സ്ഥലം ഏറ്റെടുക്കൽ**

227 (3270) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ എത്ര സെന്റ് സ്ഥലവും കെട്ടിടങ്ങളുമാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ?

ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ഏറ്റെടുക്കപ്പെടുന്ന/നഷ്ടപ്പെടുന്ന സ്ഥലത്തിന്റെയും കെട്ടിടങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

1) യു.പി.എസ്.-പുന്നപ്ര-നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭൂമി ഏറ്റെടുക്കൽ പൂർണ്ണമായും നടന്നിട്ടില്ല. ആയതിനാൽ ടി സ്കൂളിന്റെ എത്ര സെന്റ് സ്ഥലവും കെട്ടിടവും ഏറ്റെടുക്കപ്പെടുമെന്ന് നിലവിൽ പറയാൻ സാധിക്കുകയില്ല.

2) കെ.കെ.കെ.പി.എം.ജി.എച്ച്.എസ്. അമ്പലപ്പുഴ –0.0704 ഹെക്ടർ സ്ഥലം നഷ്ടപ്പെടും.

3) ഗവൺമെന്റ് ന്യൂ എൽ.പി.എസ്. പുറക്കാട് - കെട്ടിടം പൊളിച്ചപ്പോൾ 50 ചതുരശ്ര മീറ്റർ സ്ഥലവും ചുറ്റുമതിലിന്റെ 40 മീറ്റർ മുൻഭാഗവും നഷ്ടപ്പെട്ടിട്ടുണ്ട്.

4) ജി.എൽ.പി.എസ്. കുമാരപുരം നോർത്ത് - കെട്ടിടം പൊളിച്ചപ്പോൾ ഓഫീസ് മുറി, സ്റ്റാഫ് മുറിയുൾപ്പെടുന്ന രണ്ട് മുറി കെട്ടിടം, സ്കൂളിന്റെ പ്രധാന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ലാസ് മുറി, 50 മീറ്റർ നീളത്തിൽ ചുറ്റുമതിൽ, വാട്ടർ ടാങ്ക്, വൈദ്യുതി മീറ്റർ ബോർഡ് സംവിധാനങ്ങൾ, കിഡ്സ് പാർക്ക് മുതലായവ നഷ്ടപ്പെട്ടു.

5) എസ്.ഡി.വി.ജി.യു.പി.എസ്. നീർക്കുന്നം - കെട്ടിടം പൊളിച്ചപ്പോൾ 50 മീറ്റർ നീളംവരുന്ന മതിലും 2 ഗേറ്റും ഉൾപ്പെടെ ഏകദേശം 2 സെന്റോളം സ്ഥലം നഷ്ടപ്പെട്ടു.

6) ഗവൺമെന്റ് എൽ.പി.എസ്. തോട്ടപ്പള്ളി - കെട്ടിടം പൊളിച്ചപ്പോൾ 50 മീറ്റർ നീളംവരുന്ന മതിലും 2 ഗേറ്റും ഉൾപ്പെടെ ഏകദേശം 2 സെന്റോളം സ്ഥലം നഷ്ടപ്പെട്ടു.

7) ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് അമ്പലപ്പുഴ –കാര്യാലയത്തിന്റെ മതിലും കെട്ടിടത്തിന്റെ ഒരു ഭാഗവും നഷ്ടപ്പെട്ടു.

(ബി) സ്ഥലം ഏറ്റെടുത്തപ്പോൾ കെട്ടിടങ്ങളും മതിലുകളും പൊളിച്ച് മാറ്റേണ്ടിവന്ന സ്കൂളുകളിൽ സ്ഥലവും ചമയങ്ങളും ഏറ്റെടുത്ത ഇനത്തിൽ എത്ര രൂപ എൻ.എച്ച്.എ.ഐ.-ൽനിന്ന് സർക്കാരിന്റെ പൊതുഅക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുത്തപ്പോൾ കെട്ടിടങ്ങളും മതിലുകളും പൊളിച്ച് മാറ്റേണ്ടി വന്ന സ്കൂളുകളിൽ കെട്ടിട ചമയങ്ങൾക്ക് 73,12,754 രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) എൻ.എച്ച്.എ.ഐ.-ൽനിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക സർക്കാരിന്റെ പൊതു അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലം സർക്കാർ/പുറമ്പോക്ക് ഭൂമി ആയതിനാൽ ആയതിന്റെ നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകിയിട്ടില്ല. അനുവദിച്ച ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | യു.പി.എസ്. - പുന്നപ്ര | Rs.14,66,261 |
| 2 | എസ്.ഡി.വി.ജി. യു.പി.എസ്. നീർക്കുന്നം | Rs.4,82,753 |
| 3 | ഗവ.എൽ.പി.എസ്. തോട്ടപ്പള്ളി | Rs.43,02,389 |
| 4 | ഗവ.ന്യൂ എൽ.പി.എസ്. പുറക്കാട് | Rs.3,27,334 |
| 5 | കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. അമ്പലപ്പുഴ | Rs.7,34,017 |
| | ആകെ | Rs.73,12,754 |

(സി) അവ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പുനർനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

(ഡി) എൻ.എച്ച്.എ.ഐ.-ൽനിന്നും സ്കൂളുകളുടെ സ്ഥലവും കെട്ടിടവും ചമയങ്ങളും ഏറ്റെടുത്ത വകയിൽ ലഭ്യമായ തുക അതേ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

എൻ.എച്ച്.എ.ഐ.-ൽനിന്നും സ്കൂളുകളുടെ കെട്ടിടവും ചമയങ്ങളും ഏറ്റെടുത്ത വകയിൽ ലഭ്യമായ തുക അതേ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉച്ചഭക്ഷണ പദ്ധതി**

228 (3271) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഓരോ ജില്ലയ്ക്കും ഇതുവരെ അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ജില്ലകൾക്ക് അനുവദിച്ച തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 32,77,89,996/- |
| 2 | കൊല്ലം | 26,81,95,828/- |
| 3 | പത്തനംതിട്ട | 12,60,07,667/- |
| 4 | ആലപ്പുഴ | 20,64,88,542/- |
| 5 | കോട്ടയം | 20,38,51,852/- |
| 6 | ഇടുക്കി | 12,79,30,963/- |
| 7 | എറണാകുളം | 28,55,95,942/- |
| 8 | തൃശ്ശൂർ | 33,42,31,400/- |
| 9 | പാലക്കാട് | 37,35,58,031/- |
| 10 | മലപ്പുറം | 76,01,43,918/- |
| 11 | കോഴിക്കോട് | 44,36,42,522/- |
| 12 | വയനാട് | 11,94,12,337/- |
| 13 | കണ്ണൂർ | 39,26,39,830/- |
| 14 | കാസർഗോഡ് | 20,95,50,856/- |
| | **ആകെ** | **417,90,39,684/-** |

(ബി) ഉച്ചഭക്ഷണത്തിനായി അനുവദിച്ച തുക കുട്ടികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് പര്യാപ്തമാണോ?

ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ കാലാനുസൃതമായി വർദ്ധനവ് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിലവിൽ അനുവദിച്ച തുക വിനിയോഗിച്ച് ഉച്ചഭക്ഷണത്തിന് എന്തൊക്കെ വിഭവങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട കുട്ടികൾക്ക് പ്രതിദിനം ചോറും രണ്ട് കറികളും നൽകിവരുന്നു. ഇതിനുപുറമേ സപ്ലിമെന്ററി ന്യൂട്രിഷന്റെ ഭാഗമായി കുട്ടികൾക്ക് ആഴ്ചയിൽ ഒരു മുട്ടയും (മുട്ട കഴിക്കാത്ത കുട്ടിക്ക് ഒരു നേന്ത്രപഴവും) പാലും നൽകിവരുന്നു.

**സ്ഥാനക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകരുടെ ശമ്പളം**

229 (3272) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ വിവിധ സർക്കാർ പ്രൈമറി സ്കൂളുകളിൽ സീനിയോറിറ്റി അനുസരിച്ച് പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ശമ്പള സ്കെയിൽ അനുവദിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥാനക്കയറ്റം ലഭിച്ചിട്ടും പ്രധാനാദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രധാന അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രഥമ അദ്ധ്യാപക പ്രൊമോഷൻ നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകി. ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹുമാനപ്പെട്ട ട്രൈബ്യൂണലിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേസ് തീർപ്പായാലുടൻതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) എയ്ഡഡ് മേഖലയിൽ ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. താൽക്കാലിക പ്രൊമോഷൻ ലഭിച്ച എയ്ഡഡ് മേഖലയിലെ പ്രഥമ അദ്ധ്യാപകർ പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ 2021 ഒക്ടോബറിനുശേഷം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രൈമറി സ്കൂളുകളിൽ നിന്നുമുള്ള പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം**

230 (3273) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽനിന്നും 2021 ഒക്ടോബറിനുശേഷം പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ടവർക്ക് പ്രൊമോഷൻ തസ്തികയ്ക്കനുസൃതമായി അർഹമായ ശമ്പള സ്കെയിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇതേ പ്രൊമോഷൻ ലിസ്റ്റിൽ നിന്നും 2021-ന് മുൻപ് സ്ഥാനക്കയറ്റം ലഭിച്ചവർക്ക് അർഹമായ ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; എങ്കിൽ 2021-ന് ശേഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ കാര്യത്തിൽ മാത്രം വിവേചനം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രൈമറി സ്കൂളിലെ പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ/കോടതി മുൻപാകെ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസുകളുടെ വിശദാംശവും നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ;

(ഡി) സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽനിന്നും 2021 ഒക്ടോബറിന് ശേഷം പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ടവർക്ക് അർഹമായ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) ഇല്ല. പ്രഥമാദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്ത് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത ഉത്തരവ് ബഹു. ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ അദ്ധ്യാപകർക്കും സ്ഥാനക്കയറ്റം നൽകാൻ കഴിയാതെ വന്നത്. ഇത് സ്കൂളുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന അവസ്ഥ കണക്കിലെടുത്ത് പ്രസ്തുത ഉത്തരവിൽ ഹൈക്കോടതിയിൽനിന്ന് സ്റ്റേ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് അന്തിമവിധിക്കനുസൃതമായി പ്രഥമാദ്ധ്യാപക

തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ നടത്തിയിട്ടുള്ളത്. എയ്ഡഡ് വിഭാഗങ്ങളിലെ അദ്ധ്യാപകർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും നിലവിലുള്ള സർക്കാർ ഉത്തരവ് അംഗീകരിച്ച് പ്രഥമാദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുകയും ഈ വിഭാഗം ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യം നൽകുകയും ചെയ്തു. സർക്കാർ പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ബഹു. ട്രൈബ്യൂണൽ കേസ് തീർപ്പാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത കേസ് അവസാനിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## യു.പി. സ്കൂൾ അസിസ്റ്റന്റ് ഒഴിവുകൾ

231 (3274) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ യു.പി. സ്കൂൾ അസ്സിസ്റ്റന്റുമാരുടെ (ലാംഗ്വേജ് അദ്ധ്യാപകർ ഒഴികെ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

കോട്ടയം ജില്ലയിൽ 10 ഒഴിവുകളും തൃശ്ശൂർ ജില്ലയിൽ 36 ഒഴിവുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

പ്രസ്തുത ഒഴിവുകളിൽ കോട്ടയം ജില്ലയിൽനിന്നും 3 ഒഴിവുകളും തൃശ്ശൂർ ജില്ലയിൽനിന്നും 21 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽനിന്നും യു.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ എത്ര അധിക തസ്തികയ്ക്കായുള്ള ശിപാർശയാണ് കോട്ടയം, തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ/ജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

കോട്ടയം ജില്ലയിൽനിന്നും 7 അധിക തസ്തികകൾക്കുള്ള ശിപാർശയും തൃശ്ശൂർ ജില്ലയിൽനിന്നും 67 അധിക തസ്തികയ്ക്കുള്ള ശിപാർശയും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്.

**യു.പി. സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത**

232 (3275) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്/കന്നഡ യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യത, മലയാളം മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ

തെരഞ്ഞെടുക്കാനുള്ള യോഗ്യതയുമായി താരതമ്യം ചെയ്ത് ആവശ്യമായ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) മലയാളം മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള നിലവിലെ യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; യോഗ്യതയിൽ പുതിയതായി മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXI-ലെ ചട്ടം 3-ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളാണ് നിലവിൽ യു.പി. സ്കൂൾ മലയാളം മീഡിയം അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത്. യു.പി.എസ്.ടി. മലയാളം മീഡിയം തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സി.-ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II-ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പ്രാദേശിക ഭാഷയായ മലയാളം പഠിച്ചിട്ടില്ലാത്തവർക്ക് അർഹതയില്ലായെന്ന് 19-03-2002-ലെ സ.ഉ(സാധാ)നം. 534/2002/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിൽ 22-05-2018-ലെ സ.ഉ(കൈ)നം. 67/2018/പൊ.വി.വ പ്രകാരം, "സെക്കണ്ടറി/ഹയർ സെക്കണ്ടറി തലങ്ങളിൽ മലയാളം ഒരു വിഷയമായി

പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാതലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾവഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി. സ്കൂൾ ടീച്ചർ/യു.പി. സ്കൂൾ ടീച്ചർ നിയമനത്തിന് അർഹരാണ്" എന്ന് ഭേദഗതി വരുത്തിയിരുന്നു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെകൂടി അടിസ്ഥാനത്തിൽ 22-05-2018-ലെ സ.ഉ(കൈ)നം. 67/2018/പൊ.വി.വ ഉത്തരവ് 24-02-2023-ലെ സ.ഉ(കൈ)നം. 19/2023/പൊ.വി.വ പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

**എസ്.എസ്.കെ.-യിലെ കല, കായിക, പ്രവൃത്തിപരിചയ അദ്ധ്യാപകരുടെ ശമ്പളം**

233 (3276) ശ്രീ എം വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കല, കായിക, പ്രവൃത്തിപരിചയ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവർക്ക് അർഹമായ ശമ്പളം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം അനുവദിക്കുന്ന തുകയാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നൽകിവന്നിരുന്നത്. എന്നാൽ ഇങ്ങനെ അനുവദിക്കപ്പെടുന്ന തുകയിൽ ഓരോ വർഷവും ക്രമാനുഗതമായ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് പരിഹരിക്കാനായി 23-02-2023-ൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും എസ്.എസ്.കെ ഡയറക്ടർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക സംഘടനയുടെ യൂണിയൻ നേതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വേതനം 13,400 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. 13,400 രൂപയുടെ 12% വരുന്ന 1608 രൂപ ഇ.പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**പാർട്ട് ടൈം/ഫുൾ ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ**

234 (3277) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പാർട്ട് ടൈം/ഫുൾ ടൈം സ്വീപ്പർമാരുടെ എത്ര ഒഴിവുകളുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) നിലവിലുള്ള അഞ്ച് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കരിപ്പോൾ ജി.എം.എച്ച്. സ്കൂളിലെ അഷറഫ് പി.ടി. സമർപ്പിച്ച അപേക്ഷ**

235 (3278) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂന്യവേതനാവധി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി മലപ്പുറം ജില്ലയിലെ കരിപ്പോൾ ജി.എം.എച്ച്. സ്കൂളിലെ പി.ഡി. ടീച്ചർ ശ്രീ. അഷറഫ് പി.ടി. സമർപ്പിച്ച അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എ 5/879305/ഡി.ജി.ഇ./2023 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; ഈ ഫയൽ നിലവിൽ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ?

(എ&ബി) സർക്കാരിൽ ലഭിച്ച ശ്രീ. അഷ്റഫിന്റെ അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 13-01-2023-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കുകയും ആയത് പ്രസ്തുത ഓഫീസിൽ എ 5/879305/ഡിജിഇ/23 ഫയലിൽ പരിശോധിച്ച് സർക്കാരിൽ 29-01-2023-ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. ആയത് സെക്രട്ടേറിയറ്റിലെ U2/18/2023/GEDN നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**ടി.ടി.സി. സർട്ടിഫിക്കറ്റുകളുടെ വിതരണം**

236 (3279) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.സി. എക്സാമിന്റെ റിസൾട്ട് 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ചെങ്കിലും വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തത് കെ-ടെറ്റ് പരീക്ഷയുടെ വെരിഫിക്കേഷന് തടസ്സമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ടി.ടി.സി. സർട്ടിഫിക്കറ്റ് അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 19-01-2023-ന് ഫലപ്രഖ്യാപനം നടത്തിയ ഡി.എൽ.എഡ്. നാലാം സെമസ്റ്ററിന്റെ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവ വിതരണം നടത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ട അദ്ധ്യാപക തസ്തിക**

237(3280) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2019-20-ൽ തസ്തിക അനുവദിച്ച് തുടർന്നുവന്നതും ഈ അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതുമായ എത്ര അദ്ധ്യാപക തസ്തികകളുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ ക്രമത്തിൽ ജില്ല തിരിച്ച് വിശദമാക്കുമോ?

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽനിന്നും നഷ്ടപ്പെട്ട തസ്തികകളുടെ എണ്ണം സമന്വയയിൽനിന്നും ലഭ്യമായത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തസ്തിക നിർണ്ണയത്തിലൂടെ തൊഴിൽ നഷ്ടമാകുന്ന സർക്കാർ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരെ ജില്ലയിലെ സ്കൂളുകളിൽ ഒറ്റ യൂണിറ്റായി കണക്കാക്കി തസ്തിക നിലനിൽക്കുന്ന സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റി ജോലി സംരക്ഷിക്കുന്നു. അത്തരത്തിൽ നിലനിർത്താൻ സാധിക്കാത്ത ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് നടപ്പ് അദ്ധ്യയന വർഷം നിലനിർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തസ്തിക നിർണ്ണയത്തിലൂടെ തൊഴിൽ നഷ്ടമാകുന്ന എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപകരുടെ സംരക്ഷണം ഏത് രീതിയിൽ ഉറപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

തസ്തിക നഷ്ടമാകുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ സംരക്ഷണാനുകൂല്യമുള്ളവർക്ക് ചട്ടപ്രകാരം സംരക്ഷണം അനുവദിച്ച് പുനർവിന്യസിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തസ്തിക നഷ്ടമാകുന്ന അദ്ധ്യാപകരെ മാനേജ്മെന്റ് ഒറ്റ

യൂണിറ്റായി കണക്കാക്കി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് നിലനിർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

238 (3281) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് മേഖലയിലെ പ്രൈമറി വിദ്യാലയങ്ങളിൽ സർവ്വീസ് സീനിയോറിറ്റിയനുസരിച്ച് 2021 ഒക്ടോബർ മുതൽ നടത്തിയ നിയമന ഉത്തരവുകൾപ്രകാരം നിയമനം ലഭിച്ച പ്രധാനാദ്ധ്യാപകർക്ക് 27-11-22-ലെ J/1/01/21 പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ സർക്കാർ പ്രൈമറി മേഖലയിൽ പ്രസ്തുത സർക്കുലർ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആനുകൂല്യങ്ങൾ എപ്പോൾ നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പ്രൈമറി പ്രഥമ അദ്ധ്യാപക പ്രൊമോഷൻ നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് ട്രിബ്യൂണൽ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ആയതിന്റെ

അടിസ്ഥാനത്തിൽ പ്രഥമാദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകി. ഇത്തരത്തിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.മാനപ്പെട്ട ട്രൈബ്യൂണലിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത കേസ് തീർപ്പായാലുടൻതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം**

239 (3282) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷ പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം ആരംഭിച്ചത് എന്നുമുതലാണെന്നും പ്രസ്തുത നിയമനം ആരംഭിച്ച കാലയളവിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നൽകിയിരുന്ന വേതനം എത്ര രൂപയാണെന്നും ഇതിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ വിഹിതം എത്ര വീതമെന്നും അറിയിക്കുമോ?

സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ പ്രോജക്ട് 2018-ൽ നിലവിൽവന്നു. എന്നാൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (കലാ, കായിക, പ്രവൃത്തിപരിചയ) 2016-ലാണ് എസ്.എസ്.എ.-യുടെ ഭാഗമായി ആദ്യനിയമനം നടത്തിയത്. 2016-17-ൽ 25,200 രൂപയാണ് ഇവർക്ക് വേതനമായി നൽകിയിരുന്നത്. അതിൽ കേന്ദ്ര സർക്കാർ വിഹിതം 60 ശതമാനവും സംസ്ഥാന സർക്കാർ വിഹിതം 40 ശതമാനവുമാണ്.

(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനത്തിൽ നാളിതുവരെ ഉണ്ടായിട്ടുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| 2016-17 | 25,200 |
| 2017-18 | 25,200 |
| 2018-19 | 14,000 |
| 2019-20 | 14000 |
| 2020-21 | 14000 |
| 2021-22 | 14000 |
| 2022-23 | 14000 |

(സി) സമഗ്ര ശിക്ഷ പദ്ധതിക്ക് കീഴിൽ ബി.ആർ.സി.-കളിൽ നിയോഗിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ആയമാർ എന്നിവരുടെ പ്രതിമാസ വേതനം എത്രയാണെന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് നിലവിൽ ലഭിക്കുന്ന പ്രതിമാസ വേതനം എത്രയാണെന്നും വ്യക്തമാക്കുമോ?

ബി.ആർ.സി.-കളിൽ നിയമിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാർക്ക് 18,225 രൂപയും (ദിവസവേതനം) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് കരാറടിസ്ഥാനത്തിൽ 21,175 രൂപയും ദിവസവേതനത്തിൽ ആണെങ്കിൽ 20,385 രൂപയും ആയമാർക്ക് 10,000 രൂപയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 10,000 രൂപയും ശമ്പളം നൽകിവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ വിഹിതത്തിന് തുല്യമായി സംസ്ഥാന സർക്കാർ വിഹിതംകൂടി ഉൾപ്പെടുത്തി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിരുന്ന രീതി അവസാനിപ്പിക്കാനുള്ള കാരണം എന്താണെന്നും പ്രസ്തുത രീതി അടിയന്തരമായി പുന:സ്ഥാപിച്ച് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് മാന്യമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് സമഗ്ര ശിക്ഷയ്ക്ക് സാമ്പത്തിക വിഹിതം അനുവദിക്കുന്നത്. ഇതിന് പുറമേയാണ് സംസ്ഥാന സർക്കാർ അധിക വിഹിതം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനത്തിനായി അനുവദിച്ചിരുന്നത്. 23-02-2023-ൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുമായി നടത്തിയ ചർച്ചയിൽ ഇവരുടെ വേതനം 13,400 രൂപയായി വർദ്ധിപ്പിക്കുന്നതിനും 13,400 രൂപയുടെ 12% വരുന്ന 1608 രൂപ ഇ.പി.എഫ്. (എംപ്ലോയർ കോൺട്രിബ്യൂഷൻ) ആയി നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

## കെ-ടെറ്റ് യോഗ്യത

240 (3283) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ എന്നുമുതൽ നിയമിതരായവർക്കാണ് കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയതെന്ന് വിശദമാക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ 31-03-2012-നുശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യത ബാധകമാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ നിയമിതരായവർക്ക് കെ ടെറ്റ് യോഗ്യത നേടുന്നതിൽനിന്ന് താൽക്കാലിക ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ഏത് തീയതിവരെ നിയമനം നേടിയവർക്കാണെന്നും ഈ ഇളവ് നൽകിയത് ഏത് തീയതിവരെയാണെന്നും വിശദമാക്കുമോ?

2019-20 വരെ എയ്ഡഡ് സ്കൂളുകളിൽ കെ-ടെറ്റ് യോഗ്യതയില്ലാതെ നിയമിതരായവർക്ക് പ്രസ്തുത യോഗ്യത കരസ്ഥമാക്കുവാൻ 17-02-2023-ലെ സ.ഉ.(കൈ) നം.15/2023/പൊ.വി.വ ഉത്തരവുപ്രകാരം 2023 ജൂൺ മാസം നടത്തുന്ന പ്രത്യേക പരീക്ഷവരെ സമയപരിധി അനുവദിച്ചിട്ടുണ്ട്.

(സി) നിശ്ചിത തീയതിക്കകം കെ-ടെറ്റ് യോഗ്യത നേടുന്നവർക്ക് ആദ്യ നിയമന തീയതി മുതൽ തന്നെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) അദ്ധ്യാപകർ താൽക്കാലിക ഇളവ് കാലയളവിനുശേഷം കെ-ടെറ്റ് യോഗ്യത ആർജ്ജിക്കുന്ന പക്ഷം അവർക്ക് ആദ്യ നിയമന തീയതി മുതൽ സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇത്തരം അദ്ധ്യാപകർക്കുകൂടി സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി-ഇ) സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ യോഗ്യത കരസ്ഥമാക്കുന്നവർക്ക് കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XIV A ചട്ടം 3-ൽ അനുശാസിക്കുന്നതരത്തിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരായി കണക്കാക്കി പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കുന്നതാണ്.

**സാക്ഷരത പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി**

241 (3284) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സാക്ഷരത പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും സാക്ഷരത പ്രേരക്മാർക്ക് തുടർ വിദ്യാഭ്യാസം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

വിവിധ പദ്ധതികളിലൂടെ ഓരോ പ്രദേശത്തിന്റെയും വിഭാഗത്തിന്റെയും പഠനാവശ്യം പരിഗണിച്ചുകൊണ്ട് കേരള സംസ്ഥാന സാക്ഷരതാ മിഷൻ സാക്ഷരതാ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. അതോടൊപ്പം വൈജ്ഞാനിക കേരളം ലക്ഷ്യമാക്കിക്കൊണ്ടുള്ള സർക്കാർനയത്തിന് ഊർജ്ജം പകരുന്നവിധം ഇ-സാക്ഷരതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട്

സാക്ഷരതാ പ്രവർത്തനം മാറ്റുന്നതിനുള്ള ശ്രമത്തിലാണ് സാക്ഷരതാ മിഷൻ. സാക്ഷരതാ മിഷന്റെ പ്രേരക്മാർക്ക് സാക്ഷരതാ മിഷൻ നടത്തുന്ന തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയിൽ ചേർന്നുപഠിക്കാനുള്ള അവസരമുണ്ട്.

**സാക്ഷരതാ പ്രേരക്മാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി**

242 (3285) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രേരക്മാരെ സാക്ഷരതാ മിഷന്റെ നിയന്ത്രണത്തിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

സാക്ഷരതാ പ്രവർത്തനം ആരംഭിച്ചതുമുതൽ പ്രേരക്മാർ സാക്ഷരതാ മിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ത്രിതല പഞ്ചായത്തുകളുടെ ഭാഗമായാണ് പ്രേരക്മാർ സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്ന പ്രേരക്മാർ സാക്ഷരതാ സമിതിയുടെ കാലത്തും പിന്നീട് 08-05-1997-ലെ ജി.ഒ(എം.എസ്)നം. 163/1997/പൊ.വി.വ പ്രകാരവും 22-08-1997-ലെ ജി.ഒ.

(എം.എസ്)നം.332/1997/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും സാക്ഷരതാ മിഷൻ അതോറിറ്റിയായി പുനർ നാമകരണം ചെയ്തതിനുശേഷവും സാക്ഷരതാ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

(ബി) സാക്ഷരതാ മിഷന്റെ നിയന്ത്രണത്തിലായതിനുശേഷം സാക്ഷരതാ പ്രേരക്മാർക്ക് വേതനം നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ വേതനമാണ് മുടങ്ങിയിട്ടുള്ളതെന്നും വേതനം മുടങ്ങാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) സാക്ഷരതാ പ്രേരക്മാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. 2022 ആഗസ്റ്റ് മാസത്തെ 60 ശതമാനവും സെപ്തംബർ മുതൽ 2023 ജനുവരി വരെയുള്ള ഓണറേറിയവും പ്രേരക്മാർക്ക് അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് ലഭ്യമാകാൻ വൈകിയ സാഹചര്യത്തിൽ 60% പ്രേരക് ഓണറേറിയവും തുല്യതാ അദ്ധ്യാപക ഓണറേറിയവും തനത് ഫണ്ടിൽനിന്നും വിനിയോഗിച്ചതിനാൽ തനത് ഫണ്ടിലുണ്ടായ കുറവുനിമിത്തം 40% ഓണറേറിയം പ്രേരക്മാർക്ക് യഥാസമയം നൽകാൻ കഴിയാതെവന്നു. പ്രേരക്മാർക്ക് നിശ്ചയിച്ച

വേതനത്തിൽ 2022 സെപ്റ്റംബർ മുതൽ കുടിശ്ശികയുണ്ടായിരുന്നു. പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 4.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്യുകയും ജനുവരി മാസത്തെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഡി) സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കി സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

സാക്ഷരതാ മിഷനിലെ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുമെന്ന 2021-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 31-03-2022-ലെ സ.ഉ.(കൈ.) നം.72/2022/പൊ.വി.വ പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

**സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനം**

243 (3286) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്നാണ് രൂപീകരിച്ചതെന്നും ഇതിന്റെ ഭരണസമിതിയുടെ ഘടന എപ്രകാരമാണെന്നത് സംബന്ധിച്ചും വിശദാംശം നൽകുമോ; പ്രസ്തുത അതോറിറ്റി ഏത് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

19-01-1990-ൽ 63/90 എന്ന നമ്പറിൽ കേരള സാക്ഷരതാ സമിതിയായി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് 08-05-1997-ലെ ജി.ഒ.(എം.എസ്)നം. 63/97/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയായി പുനർനാമകരണം ചെയ്യപ്പെട്ടത്. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ഭരണസമിതിയിലെ ഘടന സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരമാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാക്ഷരതാ മിഷൻ ആരംഭിച്ച നാൾ മുതൽ നാളിതുവരെ സർക്കാർ നൽകിയ ഗ്രാന്റ് എത്രയാണ്; വിശദാംശം പ്രതിവർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

സാക്ഷരതാ മിഷൻ ആരംഭിച്ച നാൾ മുതൽ നാളിതുവരെ സർക്കാർ നൽകിയ ഗ്രാന്റിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സാക്ഷരതാ മിഷന്റെ ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) സാക്ഷരതാ മിഷൻ ആസ്ഥാനമന്ദിരം കോർപ്പറേഷന്റെ അനുമതിയില്ലാതെ ചട്ടങ്ങൾ മറികടന്ന് നിർമ്മിച്ചതുമൂലം നാളിതുവരെയും കോർപ്പറേഷൻ കെട്ടിട നമ്പർ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

1998-ൽ ആരംഭിച്ച് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് തിരുവനന്തപുരം താലൂക്കിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഞ്ചിയൂർ വില്ലേജിൽ സർവേ നം. 178/ബി-ൽ ഉൾപ്പെട്ട സർക്കാർ വക ഭൂമിയിൽനിന്നും 7000 ച. അടി തറ വിസ്തീർണ്ണത്തിലുള്ള സ്ഥലം നാലുനില കെട്ടിടം പണികഴിപ്പിക്കുന്നതിനായി ആയതിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിലനിർത്തിക്കൊണ്ട് 19-10-2017-ലെ സ.ഉ (സാധാ)നം. 3767/2017/പൊവിവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സാക്ഷരതാ മിഷന് ഉപയോഗാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. കെട്ടിടം പണികഴിപ്പിക്കുന്നതിനായുള്ള ചുമതല സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകാൻ ഭരണസമിതിയായ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയാറാക്കിയ ബിൽഡിംഗ് പ്ലാനും അതുപ്രകാരമുള്ള എസ്റ്റിമേറ്റും അനുസരിച്ചുള്ള പ്രൊപ്പോസൽ തുകയായ 487 ലക്ഷം രൂപയുടെ ബജറ്റ് അംഗീകരിച്ചുകൊണ്ട് 27-04-2018-ലെ സ.ഉ(സാധാ) നം. 1621/2018/പൊവിവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 03-06-2019-ലെ സ.ഉ(സാധാ) നം.2125/2019/ പൊവിവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം അഡീഷണൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. കെട്ടിട പെർമിറ്റ് ലഭ്യമാകുന്നതിനായി സാക്ഷരതാ മിഷൻ നഗരസഭയിലേയ്ക്ക് സമർപ്പിച്ച

രേഖകളിന്മേൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയതിൽ ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെട്ടു. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന 7000 ച.അടി തറ വിസ്തീർണ്ണത്തിൽ നിന്നും അംഗീകരിക്കപ്പെട്ട ബിൽഡിംഗ് പ്ലാൻ അനുസരിച്ച് setback area, parking area, sump tank, pump house എന്നീ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിയതിന് അധികമായി 11720 ച.അടി തറ വിസ്തീർണ്ണത്തിലുള്ള സ്ഥലംകൂടി വേണ്ടിവരുന്നുണ്ട്. അതനുസരിച്ച് 7000 ച.അടി തറ വിസ്തീർണ്ണത്തിലുള്ള സ്ഥലത്തിനോടൊപ്പം 11720 ച.അടി തറ വിസ്തീർണ്ണത്തിലുള്ള സ്ഥലംകൂടി ഉൾപ്പെടുത്തി ആകെ 18720 ച.അടി തറ വിസ്തീർണ്ണത്തിലുള്ള സ്ഥലത്തിന് ഉപയോഗാനുമതി നൽകുന്നതിന് മേൽ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ സാക്ഷരതാ മിഷൻ ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പദ്ധതിയിനത്തിൽ അനുവദിച്ച തുക**

244 (3287) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**അൺഎയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം**

245 (3288) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രീ പ്രൈമറി, എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയെന്ന് വിശദമാക്കാമോ?

14-02-2011-ലെ സഉ(എം.എസ്) നം. 36/11/പൊ.വി.വ പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ അദ്ധ്യാപക/ അനദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം സംബന്ധിച്ച് സ്കൂളുകൾക്ക് എൻ.ഒ.സി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുനൽകിയ 07-10-2011-ലെ സ.ഉ. (എം.എസ്) നം. 202/11/പൊവിവ ഉത്തരവിൽ പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് സർക്കാർ സ്കൂളുകളിലെ ശമ്പള സ്കെയിൽ അവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ WA No. 1042/12-ന്റെ 14/09/12-ലെ വിധിപ്രകാരം ശമ്പളം നിർണ്ണയിക്കാൻ സി.ബി.എസ്.ഇ.-ക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ. ശമ്പളം നിശ്ചയിക്കുന്നതുവരെ ടി സ്കൂളുകളിലെ പ്രൈമറി/മിഡിൽ വിഭാഗത്തിലെ അദ്ധ്യാപകർക്ക് 10,000 രൂപയും സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 15000 രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 20,000 രൂപയും അനദ്ധ്യാപകർ, ക്ലറിക്കൽ സ്റ്റാഫ് എന്നിവർക്ക് 6,000 രൂപയും ക്ലാസ് 4 ജീവനക്കാർക്ക് 4500 രൂപയും നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

246 (3289) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി കേരള നിയമസഭ പാസ്സാക്കിയ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം 2021-ന്റെ അടിസ്ഥാനത്തിൽ, 2023 ജനുവരി 1 മുതൽ പ്രാബല്യത്തിൽ ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുവാനുള്ള ഉയർന്ന പ്രായപരിധി, അംശദായം എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അമ്പത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമപ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലെങ്കിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുൻസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ്

ലഭിച്ചിട്ടുള്ളതും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിനുതൊട്ടുമുമ്പുള്ള രണ്ടുവർഷങ്ങളിൽ ഏതെങ്കിലും ഒരു വർഷമോ കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പ് തൊഴിലാളിക്കും ക്ഷേമനിധി പദ്ധതിയുടെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ നൽകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ഓരോ തൊഴിലാളിയും പ്രതിമാസം അമ്പത് രൂപ അംശദായം നൽകേണ്ടതാണ്.

(സി) നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി അപ്രായോഗികമായ സാഹചര്യത്തിൽ 60 വയസ്സുകഴിഞ്ഞവർക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി അപ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടില്ല. ആയതിനാൽ 60 വയസ്സ് കഴിഞ്ഞവർക്ക് അംഗത്വം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മിനിമം വേതനം നടപ്പാക്കാൻ നടപടി**

247 (3290) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൂപ്പർമാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും മറ്റ് സമാന സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളും മിനിമം കൂലിയും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ് മാളുകളും മറ്റ് സമാന സ്ഥാപനങ്ങളും 1960-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്നവയാണ്. ടി മേഖലയ്ക്കായി 21-12-2016-ലെ സ.ഉ (അച്ചടി) നമ്പർ 196/2016/തൊഴിൽ പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, മേൽ നിയമത്തിൽ തന്നെ ടി മേഖലയിലെ തൊഴിലാളികൾക്ക് നടപ്പിലാക്കേണ്ട സേവന വ്യവസ്ഥകളും നിഷ്കർഷിച്ചിട്ടുണ്ട്. സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (CIS) മുഖേന നടത്തുന്ന സ്ഥാപന പരിശോധന മുഖേനയും തൊഴിൽ വകുപ്പിന്റെ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) വഴിയും വ്യക്തിഗതമായി ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും തൊഴിലാളികൾക്ക് മിനിമം വേതനവും സേവന വ്യവസ്ഥകളും തൊഴിലുടമ നൽകിയിട്ടുണ്ടോയെന്നത് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകാത്ത തൊഴിലുടമയ്ക്കെതിരെ 1948-ലെ മിനിമം വേതന നിയമപ്രകാരം

ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സേവന വ്യവസ്ഥകൾ അനുവദിക്കാത്ത തൊഴിലുടമയ്ക്കെതിരെ 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ജ്യുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ കേസ് ഫയൽ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി**

248 (3291) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ സൗജന്യ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും പദ്ധതിയിൽ എത്രപേർ അംഗങ്ങളാണെന്നും ഇനിയും പദ്ധതിയിൽ അംഗമാകുന്നതിന് പ്രചാരണ പരിപാടികൾ നടത്തുന്നുണ്ടോയെന്നും അറിയിക്കുമോ; സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത തൊഴിലാളികൾക്ക് രജിസ്ട്രേഷനോ അല്ലെങ്കിൽ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ നിർബന്ധമാക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോ?

ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതും അഷ്വറൻസ് പരിരക്ഷ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 'ആവാസ്' ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ആയതിൽ സംസ്ഥാനത്താകെ 5,16,320 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 'ഗസ്റ്റ് ആപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ലേബർ ക്യാമ്പുകളിൽ ചിലതെങ്കിലും തീരെ പരിതാപകരമായ സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉണ്ട്. അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാനവ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-

ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥയും) നിയമപ്രകാരവും സംസ്ഥാനവ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. നിലവിൽ 'അപ്നാഘർ' പാലക്കാട് പദ്ധതിയുടെയും കിനാലൂർ പദ്ധതി ഫേസ് 1-ന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) വൃത്തിഹീനമായ ചുറ്റുപാടിലെ താമസം ഇവർക്കിടയിൽ മന്ത് പോലുള്ള രോഗങ്ങൾക്കും മറ്റ് പകർച്ചവ്യാധികൾക്കും കാരണമാകുന്നുവെന്ന്

പറയപ്പെടുന്ന സാഹചര്യത്തിൽ തൊഴിൽ വകുപ്പ് അവർക്കിടയിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരെയുൾപ്പെടുത്തി ക്യാമ്പുകൾ സന്ദർശിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളെ ലഹരി, മയക്കുമരുന്ന് സംഘങ്ങൾ കെണിയിലാക്കുന്നതായി പറയപ്പെടുന്നതിനാൽ ഇത് തടയാൻ പ്രത്യേകം ജാഗ്രത പുലർത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരിവിരുദ്ധ പ്രചരണങ്ങളുടെ ഭാഗമായി സംസ്ഥാനവ്യാപകമായി അതിഥി തൊഴിലാളികൾക്കിടയിലും തൊഴിൽ വകുപ്പ് 'കവച് 2022' എന്ന പേരിൽ ലഹരി പദാർത്ഥങ്ങൾക്കെതിരെ വ്യാപകമായ ബോധവത്കരണം നടത്തിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ലേബർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ., പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗംകൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവത്കരണം നടത്തിയിരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ**

249 (3292) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഉച്ചഭക്ഷണ പദ്ധതിയുടെ 2018-19-ലെ

ദേശീയ വർക്ക് പ്ലാനിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ 2018-19-ലെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചപ്പോൾ സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നതായി പരാമർശിച്ചിരുന്നു. 08-08-2016-ലെ സ.ഉ.(അച്ചടി)നം.136/2016/തൊഴിൽ പ്രകാരം ടി തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1948-ലെ മിനിമം വേതന നിയമത്തിലെ 26(2) അഥവാ 26(2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ 08-08-2016-ലെ വിജ്ഞാപനം റദ്ദ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നതിനാൽ ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ബി) സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസക്കൂലി എഴുന്നൂറ്റി അമ്പത് രൂപയാക്കുക, നൂറ്റി അമ്പത് കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളിയെയും

തുടർന്ന് ഓരോ നൂറ് കുട്ടിക്കും ഓരോ തൊഴിലാളിയെയും നിയമിക്കുക എന്നീ ആവശ്യങ്ങൾ അനുഭാവപൂർണ്ണം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്കൂൾ പാചകത്തൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. ഇവർക്ക് കേന്ദ്രസർക്കാർ പ്രതിമാസം 1000 രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് ടി തൊഴിലാളികൾക്ക് പ്രതിദിനം 600 രൂപ മുതൽ 675 രൂപ വരെ വേതനം നൽകിവരുന്നു. സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭ്യമാക്കുക, ഇ.എസ്.ഐ., പി.എഫ്. ഏർപ്പെടുത്തുക, അനിവാര്യമായ സാഹചര്യത്തിൽ അവധി അനുവദിക്കുക തുടങ്ങി സർക്കാർ ഉറപ്പ് നൽകിയ ആവശ്യങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

08-08-2016-ലെ സ.ഉ.(അച്ചടി)നം.136/2016/തൊഴിൽ പ്രകാരം സ്കൂൾ പാചകത്തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ

1948-ലെ മിനിമം വേതന നിയമത്തിലെ 26(2) അഥവാ 26(2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ ടി വിജ്ഞാപനം റദ്ദ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നതിനാൽ ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. എന്നിവ ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഓണറേറിയം വ്യവസ്ഥയിൽ സ്കൂളുകളിൽ നിയമിക്കപ്പെടുന്ന ടി തൊഴിലാളികൾക്ക് നിലവിൽ റിട്ടയർമെന്റ് ആനുകൂല്യത്തിന് അർഹതയില്ല. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയാണ് പ്രസ്തുത തൊഴിലാളികൾക്ക് അനിവാര്യമായ സാഹചര്യത്തിൽ അവധി അനുവദിക്കുന്നത്.

**അതിഥി തൊഴിലാളികൾക്ക് നിർമ്മാണ മേഖലയിൽ ലഭ്യമാകേണ്ട സുരക്ഷ**

250 (3293)**ശ്രീ. ടി. പി. രാമകൃഷ്ണൻ:**
**ശ്രീ. കെ. ജെ. മാക്സി:**
**ശ്രീ. എ. പ്രഭാകരൻ:**
**ശ്രീ. കെ. കെ. രാമചന്ദ്രൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നിർമ്മാണ മേഖലയിൽ ലഭ്യമാകേണ്ട സുരക്ഷാ ക്രമീകരണങ്ങളും അടിസ്ഥാന

സൗകര്യങ്ങളോടുകൂടിയ താമസസ്ഥലവും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അനധികൃതമായും അടിസ്ഥാന സൗകര്യങ്ങളില്ലാതെയും പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികൾക്കായുള്ള ലേബർ ക്യാമ്പുകൾ അടച്ചുപൂട്ടുന്നതിനും അവരെ മാറ്റി താമസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) ഉണ്ട്. 03-02-2023-ൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന 100-ൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണ മേഖലയിൽ ഇവർക്കുനൽകുന്ന സുരക്ഷാക്രമീകരണങ്ങളും അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

ഉറപ്പുനൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തു. ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ നിർമ്മാണ സ്ഥലത്ത് ബാരിക്കേഡുകൾ കെട്ടിയിട്ടില്ലായെന്നും ഹെൽമറ്റ്, സേഫ്റ്റി ബെൽറ്റ് മുതലായവ തൊഴിലാളികൾക്ക് നൽകിയിട്ടില്ലായെന്നും കണ്ടെത്തി ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള പരിശോധനാ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികളെ അനധികൃതമായി പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്താൻ ജില്ലാതലങ്ങളിൽ പ്രത്യേക സംഘത്തിന് രൂപം നൽകിയിട്ടുണ്ടോ; പ്രത്യേക സംഘം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാനമൊട്ടാകെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് വിഭാഗമാണ് പരിശോധനകൾ നടത്തുന്നതും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതും. സംസ്ഥാന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിമയമപ്രകാരം പരിശോധനകൾ നടത്തുകയും അതിഥി തൊഴിലാളികളെ അനധികൃതമായി പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ പാർപ്പിച്ചിരിക്കുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ആയതിലേയ്ക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

## അതിഥി തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ

251(3294) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന ലേബർ ക്യാമ്പുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) താമസ സ്ഥലങ്ങളിൽ ഉൾക്കൊള്ളാവുന്നതിലധികം പേരെ പാർപ്പിച്ചിരിക്കുന്നതായും മതിയായ ശുചിമുറി സൗകര്യം ഇല്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ചാലത്തെരുവിൽ ഇരുനില കെട്ടിടത്തിനുമുകളിൽ ഷീറ്റിട്ട ടെറസിൽ വൃത്തിഹീനമായ അന്തരീക്ഷത്തിൽ വായുസഞ്ചാരമില്ലാത്ത മുറികളിൽ നിരവധി പാചകവാതക സിലിണ്ടറുകളുടെ ഇടയിൽ നാനൂറോളം അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നതായുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ ടി കെട്ടിടത്തിൽ പരിശോധന നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് 03-02-2023-ൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണമേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന നൂറിൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണമേഖലയിൽ അതിഥി തൊഴിലാളികൾക്ക് നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും ഇവർക്ക് അനുവദിച്ചിരിക്കുന്ന താമസസൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നുമാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇതര സംസ്ഥാന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുബന്ധമായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുന്നുണ്ട്. അതിഥി തൊഴിലാളികളെ

പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തുവരുന്നു. ശോചനീയമായ താമസ സൗകര്യത്തിൽ താമസിച്ചിരിക്കുന്ന തൊഴിലാളികളെ അവിടെനിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുനൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കാണുന്ന സ്ഥലങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**എക്സൽ ഗ്ലാസ് ഫാക്ടറി ജീവനക്കാർക്ക് ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

252 (3295) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചിരുന്ന എക്സൽ ഗ്ലാസ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതുകാരണം അവർ നേരിടുന്ന

പ്രതിസന്ധിയും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൽ ഗ്ലാസ് ഫാക്ടറിയിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 44 അപേക്ഷകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഉത്തരവ് തുക അടയ്ക്കാത്തതിനാൽ 41 കേസുകളിൽ റവന്യൂ റിക്കവറി റിക്വിസിഷൻ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ശേഷിച്ച കേസുകളിൽ ഒന്നിൽ മാനേജ്മെന്റിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2 കേസുകളിൽ അപേക്ഷകർ ഫോറം ടി സമർപ്പിക്കാത്തതിനാൽ പെന്റിംഗിലുമാണ്.

(ബി) എത്രകോടി രൂപയാണ് പ്രസ്തുത ജീവനക്കാർക്ക് ഈ കമ്പനിയിൽനിന്നും ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

19-06-2020-ൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് അവസാനം വാങ്ങിയ ശമ്പളം (Basic + FDA + VDA), 10% Interest, One month Notice Pay എന്നിവ ഉൾപ്പെടുത്തി 539 തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി തുകയായി 11,57,65,878 രൂപ കമ്പനിയിൽ നിന്ന് തൊഴിലാളികൾക്ക് ലഭിക്കാനുണ്ട്.

(സി) ജീവനക്കാരുടെ ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട് ദേശീയ കമ്പനി നിയമ ട്രിബ്യൂണൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് എക്സൽ ഗ്ലാസ് ഫാക്ടറി മാനേജ്മെന്റ് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കമ്പനി നടത്തിക്കൊണ്ടുപോകുവാൻ മാനേജ്മെന്റിന് സാധിക്കാതെ വന്നതിനെത്തുടർന്ന് കമ്പനിയിൽനിന്ന് കിട്ടാനുള്ള തുകയ്ക്കുവേണ്ടി M/s.ബ്ലൂൺ ഇൻവെസ്റ്റ്മെന്റ് ആൻഡ് ട്രേഡിംഗ് കമ്പനി (കമ്പനിക്ക് ധനസഹായം നൽകിയവരിൽ ഒരാൾ) NCLT-യെ സമീപിക്കുകയും റിവൈവലിനുവേണ്ടി ആരും വരാത്തതിനെത്തുടർന്ന് NCLT കമ്പനി ലിക്വിഡേറ്റ് ചെയ്യാൻ ശ്രീ. രവീന്ദ്ര ചതുർവേദിയെ IRP പ്രൊഫഷണലായി നിയമിക്കുകയും ചെയ്തു. ജീവനക്കാരുടെ ക്ലെയിം 7,39,20,867 രൂപയിൽ നിലവിൽ സ്റ്റോക്ക്, മെഷിനറി, ബിൽഡിംഗ് എന്നിവ വിറ്റ് കിട്ടിയ തുകയിൽനിന്നും 2,76,71,082 രൂപ നൽകിയിട്ടുള്ളതാണെന്നും ബാക്കിയുള്ള തുക കമ്പനിയുടെ ഭൂമി വിറ്റുകിട്ടുന്ന മുറയ്ക്ക് മുഴുവനായും കൊടുത്തുതീർക്കാൻ പറ്റുമെന്നുമാണ് ലിക്വിഡേറ്ററിൽനിന്ന് അറിയാൻ സാധിച്ചത്.

(ഡി) പ്രസ്തുത ഫാക്ടറിയിലെ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എക്സൽ ഗ്ലാസ് ഫാക്ടറിയിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 44 അപേക്ഷകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഉത്തരവ് തുക അടയ്ക്കാത്തതിനാൽ 41 കേസുകളിൽ റവന്യൂ റിക്കവറി റിക്വിസിഷൻ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ശേഷിച്ച കേസുകളിലൊന്നിൽ മാനേജ്മെന്റിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2 കേസുകളിൽ അപേക്ഷകർ ഫോറം ടി സമർപ്പിക്കാത്തിനാൽ പെന്റിംഗിലുമാണ്. റവന്യൂ റിക്വിസിഷൻ നൽകിയ കേസുകളിൽ ആലപ്പുഴ ജില്ലാ കളക്ടർ മുഖേന സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. കമ്പനിയുടെ ഭൂമി വിറ്റുകിട്ടുന്ന മുറയ്ക്ക് തുക മുഴുവനായും കൊടുത്തുതീർക്കാൻ പറ്റുമെന്നാണ് ലിക്വിഡേറ്റർ അറിയിച്ചിരിക്കുന്നത്.

**തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് –II തസ്തികയിലെ നിയമന രീതി**

253 (3296) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനരീതി എപ്രകാരമാണെന്ന് അറിയിക്കുമോ; ഇത് എന്നുമുതൽ പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനവും വകുപ്പിലെ സീനിയർ ക്ലാർക്കുമാർക്ക് ബൈട്രാൻസ്ഫർ മുഖേനയും നിയമനം നൽകുന്നു. ബൈ ട്രാൻസ്ഫർ നിയമനവും നേരിട്ടുള്ള നിയമനവും തമ്മിലുള്ള അനുപാതം 2:1 ആണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിവരുന്നു.

(ബി) 26-07-2017 മുതൽ 09-10-2018 വരെയുള്ള കാലയളവിൽ നേരിട്ടുള്ള നിയമന തസ്തികകളിൽ 16 ഒഴിവുകൾ ഉണ്ടായിരുന്നത് മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

26-07-2017 മുതൽ 09-10-2018 വരെയുള്ള കാലയളവിലുണ്ടായ 16 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 10-10-2018 മുതൽ 02-02-2022 വരെ പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; നേരിട്ടുള്ള നിയമനത്തിനായുള്ള 13 ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

10-10-2018 മുതൽ 02-02-2022 വരെയുള്ള കാലയളവിൽ 42 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 04-10-2019-ലെ 1208/2019/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

21-07-2017-ലെ D3/196/2017/LBRD നമ്പർ സർക്കാർ കത്ത് പ്രകാരം ലേബർ കമ്മീഷണറോട് നിർദ്ദേശിച്ചതനുസരിച്ച് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി 6 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനെതിരെ വകുപ്പിലെ സീനിയർ ക്ലാർക്കുമാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA-1536/2017 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണൽ 07-01-2019-ന് നൽകിയ നിർദ്ദേശപ്രകാരം 3 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഒഴിവുകളിലേയ്ക്ക് മാത്രം അഡ്വൈസ് നടത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുവാൻ 04-10-2019-ലെ സ.ഉ (സാധാ) നം. 1208/2019/ തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് ഉത്തരവ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24-10-2019-ലെ ഇ 4/7292/2017 നമ്പർ കത്ത് പ്രകാരം പി.എസ്.സി.-ക്ക് 2017-ൽ റിപ്പോർട്ട് ചെയ്തിരുന്ന 6 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഒഴിവുകളിൽ 3 ഒഴിവുകളിലേയ്ക്ക് മാത്രം നിയമന ശിപാർശ നൽകണമെന്ന് കത്ത് നൽകിയിട്ടുണ്ട്.

(ഇ) 10-10-2018 മുതൽ നാളിതുവരെ എത്ര അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ്; വിശദമാക്കുമോ?

10-10-2018 മുതൽ നാളിതുവരെ 13 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്. നിലവിലെ റേഷ്യോ പ്രകാരം നാളിതുവരെ ഡെപ്യൂട്ടേഷൻ ഉൾപ്പെടെ ആകെ 31 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലെ നിയമനം സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലെ നിയമനം സംബന്ധിച്ച കേസുകളിൽ OA 1536/2017 കേസിന്റെ അവസാന ഹിയറിംഗ് 19-10-2022-ൽ നടന്നിട്ടുള്ളതാണ്. ആയതിന്റെ അന്തിമ വിധി ലഭിച്ചിട്ടില്ല. കൂടാതെ OA 2091/2019 കേസിന്റെ അവസാന ഹിയറിംഗ് 29-01-2020-ൽ നടന്നിട്ടുള്ളതും അന്തിമവിധി ലഭിച്ചിട്ടില്ലാത്തതുമാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗവ. ഐ.ടി.ഐ.**

254 (3297) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ സർക്കാർ മേഖലയിൽ ഐ.ടി.ഐ. ഇല്ലാത്ത പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ. അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വ്യാവസായിക പരിശീലന വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി**

255 (3298) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.റ്റി. ചട്ടങ്ങൾ അനുസരിച്ച് ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിലെ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി അവസാനമായി ചർച്ച നടന്നതെന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് നൽകാമോ?

സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി അവസാനമായി ചർച്ച നടന്നത് 23-06-2022-ലാണ്. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കുവാനുള്ള ഘട്ടങ്ങൾ വിശദമാക്കുമോ; നിലവിൽ ഈ ഫയൽ ഏത് വകുപ്പിലാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഭേദഗതി കരടിന്റെ പകർപ്പ് നൽകാമോ?

സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള 19-07-2010-ലെ 11884/ആർ 1/07/പി & എ.ആർ.ഡി. നമ്പർ സർക്കുലറിലെ ഖണ്ഡിക 3(iii) പ്രകാരം സൂക്ഷ്മ പരിശോധനയ്ക്കായി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് അയച്ചിരുന്ന കരട് ഭേദഗതി ചട്ടങ്ങളിന്മേൽ പ്രസ്തുത വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ പരിഹരിച്ചതിനും നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങൾ വരുത്തിയതിനുംശേഷം ആയതിന്മേലുള്ള സൂക്ഷ്മ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയൽ പ്രസ്തുത വകുപ്പിലേയ്ക്ക് പുനസമർപ്പിക്കേണ്ടതുണ്ട്. ആയതിനുശേഷം മേൽ സർക്കുലറിലെ ഖണ്ഡിക 3(iv) മുതൽ ഖണ്ഡിക 3(x) വരെയുള്ള നടപടിക്രമങ്ങളാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കേണ്ടത്. നിലവിൽ ഈ ഫയൽ തൊഴിലും നൈപുണ്യവും (സി) വകുപ്പിലാണ്. 19-07-2010-ലെ 11884/ആർ 1/07/പി & എ.ആർ.ഡി. നമ്പർ സർക്കുലറിന്റെ പകർപ്പും ഭേദഗതി കരടിന്റെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഐ.ടി.ഐ.-കളിൽ പ്ലേസ്മെന്റ് സെൽ**

256 (3299) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.-കളോടനുബന്ധിച്ച് പ്ലേസ്മെന്റ് സെല്ലുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.-കളിലും പ്ലേസ്മെന്റ് സെല്ലുകൾ നിലവിലുണ്ട്. വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് നടത്തുന്നുണ്ട്. കൂടാതെ എല്ലാ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിലും പരിശീലനം പൂർത്തീകരിച്ച ഐ.ടി.ഐ. (Govt & Private) ട്രെയിനികളെ പങ്കെടുപ്പിച്ചുകൊണ്ട് ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും എല്ലാ ഐ.ടി.ഐ.-കളുടെയും വെബ്സൈറ്റിൽ അതത് മാസം കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് അപ്ഡേറ്റ് ചെയ്യുവാനും SPECTRUM പോർട്ടൽവഴി തുടർന്നും പ്ലേസ്മെന്റ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്ലേസ്മെന്റ് സെല്ലുകളെ കരിയർ ഗൈഡൻസ് എംപ്ലോയ്മെന്റ് സെന്ററുകളാക്കി മാറ്റി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി.ഐ.-കളിൽ ഹ്രസ്വകാല കോഴ്സുകൾ**

257 (3300) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്താരാഷ്ട്ര തൊഴിൽ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ-ഡിസ്ക് രൂപം നൽകിയ Kerala Knowledge Economy Mission (KKEM), കിഫ്ബിയുടെ സഹായത്തോടെ Skill Infrastructure Development programme എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യത്തിനനുസരിച്ച് തൊഴിലന്വേഷകർക്ക് നൈപുണ്യം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. ഐ.ടി.ഐ.-കളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിച്ച് കെ-ഡിസ്ക്-ന് നൽകുകയും ആയത് കെ-ഡിസ്ക് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്നമുറയ്ക്ക് വിവിധ ഐ.ടി.ഐ.-കളിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തെ മിക്ക ഐ.ടി.ഐ.-കളിലും നിലവിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പല സ്ഥാപനങ്ങളുമായി സഹകരിച്ച് ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തി എല്ലാ ഐ.ടി.ഐ.-കളിലും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിങ്ങോം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി**

258 (3301) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഐ.ടി.ഐ. ഡയറക്ടറേറ്റ് മുഖേന നിർദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കാണെന്ന് അറിയിക്കാമോ;

(ബി) പ്രൊപ്പോസലുകൾ പരിശോധിച്ച് പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള ശിപാർശ നിലവിൽ സർക്കാർ പരിഗണനയിലില്ല.

**ഐ.ടി.ഐ.-കളിലെ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ**

259 (3302) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ?

ഒരു ഒഴിവ്.

(ബി) പ്രസ്തുത തസ്തികയിൽ 2024 മാർച്ച് 31 വരെ റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവവഴി പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

റിട്ടയർമെന്റ് മുഖേനയുള്ള രണ്ട് ഒഴിവുകൾ.

(സി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ?

ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആയതിന് 01-11-2024 വരെ പ്രാബല്യമുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകി; വിശദാംശം നൽകുമോ?

ടി ലിസ്റ്റിൽനിന്നും 16 എൻ.ജെ.ഡി. ഉൾപ്പെടെ 87 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ഐ.ടി.ഐ.-കളിൽ വെൽഡർ അഡ്വാൻസ്ഡ് കോഴ്സുകൾ പഠിച്ച ഉദ്യോഗാർത്ഥികൾക്കുള്ള അപ്രന്റീസ്ഷിപ്പ്**

260 (3303) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഐ.ടി.ഐ.-കളിൽ വെൽഡർ (ജി & ജി), വെൽഡർ (പൈപ്പ്), വെൽഡർ (ഇൻസ്പെക്ഷൻ) എന്നീ കോഴ്സുകൾ പഠിച്ച ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വെൽഡർ (വെൽഡിംഗ് ആൻഡ് ഇൻസ്പെക്ഷൻ) എന്ന കോഴ്സ് പഠിച്ച ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോഴ്സുകൾ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് വെൽഡർ ട്രേഡുമായി തുല്യത നൽകുന്നതിനും അപ്രന്റീസ്ഷിപ്പ് പോർട്ടലിൽ വെൽഡർ (ജി&ജി), വെൽഡർ (പൈപ്പ്), വെൽഡർ (ഇൻസ്പെക്ഷൻ) എന്നീ ട്രേഡുകൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് വ്യത്യസ്ത സിലബസ്സുകളിൽ നടത്തുന്ന ഐ.ടി.ഐ. ട്രേഡുകൾ തുല്യതപ്പെടുത്തുന്നതിനുള്ള അധികാരം ഡി.ജി.റ്റി.-യിലാണ് നിക്ഷിപ്തമായിരിക്കുന്നത്. വെൽഡർ (വെൽഡിംഗ് ആൻഡ് ഇൻസ്പെക്ഷൻ) എന്ന ട്രേഡ് അപ്രന്റീസ്ഷിപ്പ് പോർട്ടലിൽ

ഉൾപ്പെടുത്തുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കോഴ്സുകൾ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി., യു.പി.എസ്.സി., കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം വെൽഡർ യോഗ്യതയായിട്ടുള്ള തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് കമ്മിറ്റി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(സി&ഡി) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആൻഡ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്), വെൽഡർ (ജി ആൻഡ് ജി) തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി

നൽകി 16-06-2022-ലെ സ.ഉ.(സാധാ) നം. 678/2022/LBR നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യത**

261 (3304) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.റ്റി. ചട്ടങ്ങളനുസരിച്ച് ഐ.ടി.ഐ ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ നിർബന്ധമായ നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് സ്പെഷ്യൽ റൂൾ ഭേദഗതി കരടിൽ പ്രസ്തുത യോഗ്യത അഭിലഷണീയ യോഗ്യതയായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ യോഗ്യതയില്ലാത്ത ഇൻസ്ട്രക്ടർമാർക്ക് പ്രസ്തുത യോഗ്യത നേടുന്നതിനും സ്പെഷ്യൽ റൂളിൽ നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് നിർബന്ധയോഗ്യതയായി ഉൾപ്പെടുത്തി ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിൽ എല്ലാ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർക്കും വൈസ് പ്രിൻസിപ്പാൾ തസ്തികയിലേക്ക് സീനിയോരിറ്റി

പ്രകാരം പ്രമോഷൻ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. കേരളത്തിൽ നിലവിൽ രണ്ട് സ്ഥാപനങ്ങളിൽ മാത്രമാണ് ടി ട്രെയിനിംഗ് ലഭ്യമാകുന്നത്. മറ്റു സംസ്ഥാനങ്ങളിൽ സീറ്റുകളുടെ പരിമിതി കാരണം കേരളീയർക്ക് ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതിനുള്ള സാധ്യതയും വിരളമാണ്. ആയതിനാലാണ് ട്രെയിനിംഗ് പൂർത്തിയായവർക്ക് മുൻഗണന ലഭിക്കുന്ന രീതിയിൽ അഭിലഷണീയ യോഗ്യതയായി ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് ഈ യോഗ്യത നിർബന്ധമാണ്. സർവ്വീസിൽ പ്രവേശിക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് ടി യോഗ്യത ഇല്ലായെങ്കിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഡി.ജി.ടി.-യുടെ സഹകരണത്തോടെ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ട്രെയിനിംഗിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് മാത്രമേ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുകയുള്ളൂ.

(സി) ഐ.ടി.ഐ. ഇൻസ്ട്രക്ടർ തസ്തികയ്ക്കുള്ള യോഗ്യതകൾ ഡി.ജി.റ്റി. നിഷ്കർഷിക്കുംവിധമുള്ള ക്രമപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതിയിൽ

ഉൾപ്പെടുത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ യോഗ്യതകൾ ക്രമപ്രകാരം തന്നെ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരടിൽ ഡി.ജി.റ്റി. ഓരോ ട്രേഡിലെയും ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ പരിഗണിക്കാവുന്ന മറ്റ് യോഗ്യതകളും ചേർത്തിട്ടുണ്ട്. ഇൻസ്ട്രക്ടർ തസ്തികയിലെ അടിസ്ഥാന നിയമനത്തിനുള്ള അടിസ്ഥാനയോഗ്യത പത്താംക്ലാസ് വിജയത്തിനുപുറമേ ബന്ധപ്പെട്ട ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും മൂന്നുവർഷ പ്രവൃത്തിപരിചയവുമാണ്. അനുയോജ്യമായ ബ്രാഞ്ചിലെ 3 വർഷ ഡിപ്ലോമയും 2 വർഷ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബി.ടെക്കും ഒരുവർഷ പ്രവൃത്തി പരിചയവുമുള്ളവർക്കും ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിന് അർഹതയുണ്ട്. ആയതിനാൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബി.ടെക് എന്ന ക്രമത്തിലാണ് ഓരോ ട്രേഡിലെയും ഇൻസ്ട്രക്ടർ തസ്തികയിലെ നിയമന യോഗ്യത ക്രമീകരിച്ചിരിക്കുന്നത്.

**ഐ.ടി.ഐ. പാഠ്യപദ്ധതി പരിഷ്കരണം**

262 (3305) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിനകത്തും പുറത്തും വ്യാവസായിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഐ.ടി.ഐ.-കളിലെ പാഠ്യപദ്ധതികൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കാലാനുസൃതമായി ഐ.ടി.ഐ.-കളിലെ പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് ഓഫ് ഇന്ത്യ (MSDE)-യുടെ കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ്. ആഗോളതലത്തിലുണ്ടാകുന്ന തൊഴിൽ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ DGT സിലബസ്സുകൾ പരിഷ്കരിക്കുകയും 2022-ൽ സിലബസ് പുതുക്കുകയും 13-ഓളം ന്യൂജെൻ കോഴ്സുകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് നടപടി**

263 (3306) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ സാധ്യതാപഠനം നടത്തിവരുന്നു. പഠനറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) ഐ.ടി.ഐ.-കൾ താൽക്കാലികമായി ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടോ; വിശദമാക്കാമോ?

പുതിയതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്നുള്ള എഗ്രിമെന്റ്/റെസലൂഷൻ ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കാണ് പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നത്.

**തിരുവമ്പാടി ഗവ. ഐ.ടി.ഐ. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള നടപടികൾ**

264 (3307) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരുവമ്പാടി സർക്കാർ ഐ.ടി.ഐ.-യുടെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തളിപ്പറമ്പ് മണ്ഡലത്തിലെ ഗവ. ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനം**

265 (3308) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിക്കാമോ?

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം അടുത്ത സാമ്പത്തിക വർഷം പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശം നൽകുമോ?

1. ഇലക്ട്രോണിക് മെക്കാനിക്ക്

2. മെക്കാനിക്ക് അഗ്രിക്കൾച്ചറൽ മെഷിനറി

(സി) പ്രസ്തുത ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ ഗവ. ഐ.ടി.ഐ.-ടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം അടുത്ത സാമ്പത്തിക വർഷം പരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

266 (3309) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മൂർക്കനാട് ഗ്രാമപഞ്ചായത്തിൽനിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ദീർഘകാലമായിട്ടും പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് മൂർക്കനാട് ഗ്രാമപഞ്ചായത്ത് 1.20 ഏക്കർ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലത്തിന്റെ രേഖകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തുമായും പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസുമായും ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അവധി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്**

267 (3310) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-09-2022-ലെ സ.ഉ.(സാധാ) 4183/2022/GAD നമ്പർ ഉത്തരവ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ

ഉള്ളടക്കത്തിൽ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.ടി.ഐ.-കൾ വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള പരിശീലന സ്ഥാപനങ്ങളാണ്. കാലാകാലങ്ങളായി ഇപ്രകാരമുള്ള അവധികൾ ട്രെയിനികൾക്ക് മാത്രമാണ് നൽകിവരുന്നത്.

(ബി) പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.ഐ.-കൾക്ക് ബാധകമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.ഐ.-കൾക്ക് ബാധകമായിരുന്നു.

(സി) പ്രസ്തുത ഉത്തരവിൽനിന്ന് വ്യത്യസ്തമായി ട്രെയിനികൾക്ക് മാത്രം അവധി അനുവദിച്ചുകൊണ്ട് 01-10-2022-ൽ ഇറങ്ങിയ ഡി.റ്റി./4770/2022-എഫ്3 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ പദവി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01-10-2022-ൽ ഇറങ്ങിയ ഡി.റ്റി/4770/2022-എഫ്3 നമ്പർ ചുറ്ററിയിപ്പായിരുന്നു. അഡീഷണൽ ഡയറക്ടർ ഓഫ്

ട്രെയിനിംഗിന്റെ അംഗീകാരത്തോടെ ജൂനിയർ സൂപ്രണ്ട് മേലൊപ്പ് ചാർത്തിയത്.

(ഡി) സർക്കാർ ഉത്തരവുകൾ ഉദ്ധരിച്ചുകൊണ്ട് വകുപ്പുതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഉത്തരവുകളിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഇ) 01-10-2022-ൽ ഇറങ്ങിയ ഡി.റ്റി./4770/2022-എഫ്3 നമ്പർ ഉത്തരവിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്ന പരാമർശത്തിൽ സംസ്ഥാനത്തെ ഐ.ടി.ഐ.-കളും ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉൾപ്പെടുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ**

268 (3311) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും കൃത്യമായി രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവരുടെ അർഹതാ

മാനദണ്ഡങ്ങളെപ്പറ്റിയും സീനിയോറിറ്റിയെപ്പറ്റിയും കൃത്യമായി അറിയാത്തത് കാരണം ഉദ്യോഗാർത്ഥികൾ ആശങ്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികളുടെ ഇത്തരം ആശങ്കകൾ പരിഹരിക്കുന്നതിന് അതത് ഓഫീസുകളിൽ രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇത്തരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നത് വ്യക്തമാക്കുമോ?

(എ-സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും കൃത്യമായി പുതുക്കുകയും ചെയ്തുവരുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അർഹതാ മാനദണ്ഡങ്ങളെപ്പറ്റിയും സീനിയോറിറ്റിയെപ്പറ്റിയും അറിയുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുതലത്തിൽ ഓരോ മൂന്നുവർഷം കൂടുമ്പോഴും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷകാലയളവിൽ 5 ഒഴിവുകളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും കൂടാതെ പുതിയ പരിതസ്ഥിതിയിൽ

അറിയിക്കപ്പെടാൻ സാധ്യതയുള്ള തസ്തികകളിലേയ്ക്കുമാണ് സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നത്. ടി സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായും അല്ലെങ്കിൽ ഓഫീസിൽ ഹാജരായി, നേരിട്ടും ലിസ്റ്റ് പരിശോധിക്കാവുന്നതും ആയതിലൂടെ നിയമന സാധ്യതയെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്നതുമാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

269(3312) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:-

**ഓൺലൈൻ പോർട്ടൽ -** കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് www.eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം 03-05-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ടി വെബ്സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

**ഇ-ഓഫീസ് -** കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിനും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കികഴിഞ്ഞു.

**മൊബൈൽ ആപ്ലിക്കേഷൻ** - എംപ്ലോയ്മെന്റ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, നെറ്റ്വർക്ക് കണക്ഷൻ എന്നിവയുടെ അപര്യാപ്തത കാരണം ടി ഓൺലൈൻ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുന്നതിന് പരിമിതികളുണ്ട്. ഇത് മറികടക്കുന്നതിനും വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

**ക്യൂ.ആർ. കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ് -** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിന് പകരം സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

**ഡാറ്റാ ഡിജിറ്റൈസേഷൻ -** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിച്ചെങ്കിലും മാന്വൽ രജിസ്ട്രേഷൻ രേഖകൾ ഇപ്പോഴും എക്സ്ചേഞ്ചുകളിൽ സൂക്ഷിക്കുകയാണ്. അവയെ നശിപ്പിക്കുന്നതിനുമുൻപായി എല്ലാ രജിസ്ട്രേഷൻ രേഖകളും സ്കാൻ ചെയ്ത്

സൂക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മാനുവൽ രജിസ്ട്രേഷൻ രേഖകൾ സ്കാൻചെയ്ത് ഓൺലൈൻ പോർട്ടലിലെ ഡാറ്റാബേസുമായി ബന്ധിപ്പിച്ചുവരുന്നു.

**പ്രൈവറ്റ് ജോബ് പോർട്ടൽ** – കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് വകുപ്പ് പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചുവരികയാണ്. പ്രൈവറ്റ് മേഖലയിലെ എല്ലാ തൊഴിൽദായകർക്കും ടി സൈറ്റിൽ രജിസ്റ്റർ ചെയ്ത് അവരുടെ വേക്കൻസികൾ നോട്ടിഫൈ ചെയ്യുവാൻ സാധിക്കും. ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിലുകളിലേക്ക് ടി പോർട്ടൽ മുഖേന അപേക്ഷിക്കുവാനും ഉദ്യോഗദായകർക്ക് ടി അപേക്ഷകരിൽനിന്നും അവർക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാനും സാധിക്കും. കൂടാതെ ഉദ്യോഗദായകർക്ക് വകുപ്പിന്റെ സഹകരണത്തോടെ മിനി/മെഗാ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് ഈ പോർട്ടൽ വികസിപ്പിച്ചുവരുന്നത്.

**പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്** - കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്തമേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും സംഭവിച്ച സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രധാന ഗുണഭോക്താക്കൾ താഴെപ്പറയുന്നവരാണ്.

(i) വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ മലയാളികൾ)

(ii) കേരളത്തിന് പുറത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ മലയാളികൾ

(iii) തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങിവന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ.

**മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ** - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആട്ടോമേറ്റഡ് ടോക്കൺ സിസ്റ്റം, സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ഗൈഡൻസ് നൽകുന്നതിനുള്ള ഡിജിറ്റൽ ഡിസ്പ്ലേ എന്നിവ സ്ഥാപിച്ച് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത

ഐഡന്റിറ്റി കാർഡിനുപകരം സ്മാർട്ട് കാർഡുകളും നൽകുന്നതരത്തിൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ പിൻവാതിലിലൂടെ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ വകുപ്പ് സ്വീകരിച്ച തിരുത്തൽ നടപടികൾ വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ പിൻവാതിലിലൂടെ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിൽനിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിലും കൂടാതെ വ്യക്തികൾ/സംഘടനകൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നാമമാത്രമായി നടത്തിയിട്ടുള്ള നിയമനങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നടത്തുന്നതിന് വകുപ്പ് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും

ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. ആയത് കൃത്യമായി നടപ്പിലാക്കുന്നതിനായി കർശന നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവൽക്കരിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുകയും എല്ലാ ഓഫീസുകളിലും കേരളാ സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ്‌വർക്ക് (KSWAN) മുഖാന്തരം ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന രീതിയിൽ സജ്ജമാക്കുകയും രജിസ്റ്റർ

ചെയ്തിട്ടുള്ള തൊഴിലന്വേഷകർക്ക് ഓൺലൈൻ സേവനം നൽകുന്നതിനായി www.eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വകുപ്പിന്റെ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും ഏതുസമയവും ലഭ്യമാണ്. അതോടൊപ്പം കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിനും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ഇതിനുപുറമേ മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ മാന്വൽ രജിസ്ട്രേഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവയും നടപ്പിലാക്കിവരികയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ്

എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തിച്ചുവരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർകോഡ്, പാലക്കാട് എന്നീ ജില്ലകളിലാണ് സ്ഥിതിചെയ്യുന്നത്.

**സി.എം.ഡി. മുഖേനയുള്ള നിയമനങ്ങൾ**

270 (3313) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി എംപ്ലോയമെന്റ് എക്സ്ചേഞ്ചുകളെ മറികടന്നുകൊണ്ട് സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലും മറ്റ് സർക്കാർ ഏജൻസികളിലും സി.എം.ഡി. മുഖേന നിരവധി നിയമനങ്ങൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ശുചിത്വ മിഷനിൽ നിയമനം

നടന്നുവെന്ന് അറിയിച്ച് ശ്രീമതി സൗമ്യ. എം. എസ്. എന്ന ഉദ്യോഗാർത്ഥി വകുപ്പിൽ പരാതി സമർപ്പിക്കുകയും ആയതിന്മേൽ ശുചിത്വ മിഷനിൽ സ്ഥാപന പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. റിപ്പോർട്ട് ലഭ്യമായാലുടൻ ഒഴിവുകൾ നിയമപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണോയെന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കും.

(ബി) സി.എം.ഡി. മുഖേന നിയമനം നടത്തിയ സ്ഥാപനങ്ങളിൽ റിസർവേഷൻ ചട്ടം പാലിച്ചിട്ടുണ്ടോയെന്ന് വകുപ്പ് നാളിതുവരെ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇപ്രകാരം പരിശോധന നടത്തിയതെന്നും പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങളിലൊഴികെ മറ്റ് സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിന് അധികാരമില്ല.

## പൊന്നാനി നിയോജക മണ്ഡലത്തിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

271 (3314) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ പൊന്നാനി മണ്ഡലത്തിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ കൗശൽ കേന്ദ്ര സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള അനുയോജ്യമായ കെട്ടിടം നിർദ്ദേശിക്കാനായി ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടർക്ക് KASE മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികൾ ഡിസ്ട്രിക്ട് സ്കിൽ കോ-ഓർഡിനേറ്റർവഴി സ്വീകരിച്ചുവരുന്നു.

## കുട്ടനാട്ടിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ നടപടി

272 (3315) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ കിടത്തി ചികിത്സയോടുകൂടിയ ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹരായ വലിയൊരു വിഭാഗം ജനങ്ങളുള്ള കുട്ടനാട്ടിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) പുതിയതായി ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം ആശുപത്രി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുനിന്നും 25 കിലോമീറ്ററിനുള്ളിലുള്ള പരിരക്ഷിത വ്യക്തികളുടെ എണ്ണം പരിഗണിക്കണമെന്നും 50 കിലോമീറ്ററിനുള്ളിൽ മറ്റൊരു ഇ.എസ്.ഐ. ആശുപത്രി പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടനാട്ടിൽനിന്നും 24 കിലോമീറ്ററിനുള്ളിൽ ആലപ്പുഴയിൽ ഒരു ഇ.എസ്.ഐ. ആശുപത്രി പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ

ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുട്ടനാട്ടിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

**പതിച്ചു നൽകിയ ഭൂമി വകമാറ്റി ഉപയോഗിക്കുന്നത് ക്രമവത്കരിക്കുന്നതിന് നടപടി**

273 (3316) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി പതിച്ചുനൽകിയ ഭൂമി വകമാറ്റി ഉപയോഗിക്കുന്നത് ക്രമവത്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നടപടികൾ അറിയിക്കാമോ;

(ബി) ഇതിനായി പ്രത്യേകം ഫീസ് ഈടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) 1960-ലെ ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിരവധി ചട്ടങ്ങൾപ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമി പ്രസ്തുത ആവശ്യങ്ങൾക്കല്ലാതെയുള്ള ഭൂവിനിയോഗം ക്രമപ്പെടുത്തി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി

നിയമ-ചട്ട ഭേദഗതികൾ ആവശ്യമാണ്. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കുന്ദമംഗലം വില്ലേജിൽ ഭൂനികുതി അടയ്ക്കാത്ത സ്ഥലങ്ങൾ**

274 (3317) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം വില്ലേജിൽ കഴിഞ്ഞ പത്ത് വർഷമായി ഭൂനികുതി അടയ്ക്കാത്ത എത്ര സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ 25 സെന്റിൽ അധികമുള്ള സ്ഥലങ്ങളുടെ റീസർവ്വെ നമ്പരുകളും വിസ്തീർണ്ണവും ലഭ്യമാക്കാമോ?

(എ&ബി) വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് Re-Lis സോഫ്റ്റ്‌വെയർ മുഖേനയാണ്. പ്രസ്തുത സംവിധാനം നിലവിൽ വന്നത് 2015 ആഗസ്റ്റ് മാസത്തിലാണ്. ആയതിനാൽ കഴിഞ്ഞ 10 വർഷമായി ഭൂനികുതി അടയ്ക്കാത്ത സ്ഥലങ്ങളെക്കുറിച്ചുള്ള വിവരം Re-Lis-ൽ ലഭ്യമല്ല.

(സി) കുന്ദമംഗലം വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഇതിന്റെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ?

വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ വിദ്യാഭ്യാസ വകുപ്പിന്റെ പേരിൽ റീ.സ.496/1A5A-യിൽപ്പെട്ട 20 സെന്റ് ഭൂമി മാത്രമാണുള്ളത്. പ്രസ്തുത ഭൂമിയിൽ അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസറുടെ കാര്യാലയം നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) വർഷങ്ങളായി നികുതി അടയ്ക്കാത്തതും അവകാശികളില്ലാത്തതുമായ ഭൂമി ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടോ?

നിയമാനുസൃതം അവകാശികളില്ലാതെയും വിൽപ്പത്രം എഴുതി വയ്ക്കാതെയും മരണപ്പെടുന്ന ആളിന്റെ വസ്തുവഹകൾ അന്യംനിന്ന വസ്തുക്കളായി കണക്കാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് കേരള എസ്ചീറ്റ് ആൻഡ് ഫോർഫീച്ചർ ആക്ട് 1964, റൂൾസ് 1965 പ്രകാരം വ്യവസ്ഥയുണ്ട്.

(ഇ) എങ്കിൽ ആയത് നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

കുന്ദമംഗലം വില്ലേജിലെ കുന്ദമംഗലം ദേശത്തെ പടനിലം ഗവ.എൽ.പി. സ്കൂളിന്റെ പഴയ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം വില്ലേജ് ബി രജിസ്റ്റർ പ്രകാരം റീ.സ.49/48 നമ്പരായി (തോട്ടം) പകലേടത്ത് പറമ്പിൽ താമസിക്കും തറവട്ടത്ത് മാളിയേക്കൽ ഇത്താക്കുട്ടി ഹാജി എന്ന ഇനാംദാരുടെ പേരിലാണെന്ന് വില്ലേജ് ഓഫീസർ

റിപ്പോർട്ടാക്കിയതിനെത്തുടർന്ന് ടി ഭൂമി കേരള എസ്ചീറ്റ് ആൻഡ് ഫോർഫീച്ചർ ആക്ട് 1964, റൂൾസ് 1965 പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**വസ്തു തരംമാറ്റത്തിന് നൽകിയ അപേക്ഷ തീർപ്പാക്കാൻ നടപടി**

275 (3318) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ തണ്ടപ്പേർ നമ്പർ 12695-ൽ ശ്രീമതി സൂസമ്മ ജോസഫിന്റെ വസ്തു തരംമാറ്റത്തിനുള്ള 1/2022/771581 നമ്പർ ഓൺലൈൻ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ശ്രീമതി സൂസമ്മ ജോസഫ് 09-12-2022-ൽ സമർപ്പിച്ച അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്, 22-12-2022-ന് വില്ലേജ് ഓഫീസർക്കും കൃഷി ഓഫീസർക്കും കൈമാറിയിരുന്നു. ഇരുഓഫീസർമാരിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വിശദീകരിക്കാമോ; ആയത് എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ?

ഓൺലൈനായി മാത്രം അപേക്ഷകൾ സ്വീകരിക്കുവാൻ തുടങ്ങിയത് 2022 ഫെബ്രുവരി മാസം മുതലാണ്. അതിനുമുമ്പ് ഓഫ് ലൈനായി ലഭിച്ചിരുന്ന അപേക്ഷകൾ നടപടി കൈക്കൊള്ളുന്നതിനായി അവശേഷിച്ചിരുന്നതിനാൽ അതിനുശേഷം മാത്രമാണ് ഓൺലൈൻ അപേക്ഷകളിൽ നടപടി ആരംഭിച്ചിട്ടുള്ളത്. മുൻഗണനാക്രമം പാലിച്ചുകൊണ്ട് അപേക്ഷകൾ തീർപ്പാക്കണമെന്ന് എല്ലാ ആർ.ഡി.ഒ.-മാർക്കും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യവർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ശ്രീമതി സൂസമ്മ ജോസഫ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 09-12-2022-നാണ്. ആയതിനുമുമ്പേ ലഭിച്ചിട്ടുള്ള അപേക്ഷകൾ നടപടി എടുക്കുന്നതിന് അവശേഷിക്കുന്നതിനാലാണ് ഈ ഫയലിൽ തീർപ്പ് കൽപ്പിക്കുവാൻ കാലതാമസമുണ്ടായിട്ടുള്ളത്. ഓൺലൈൻവഴി ലഭ്യമായ അപേക്ഷകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി ഫയൽ നിലവിൽ തിരുവനന്തപുരം

സബ് കളക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ സുഖേഷ്.പി.-യുടെ പക്കലാണ്.

**കൊടക്കാട് നാടൻ കലാഗ്രാമത്തിന് ഭൂമി കൈമാറാൻ നടപടി**

276 (3319) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് നാടൻ കലാഗ്രാമത്തിന് അനുവദിച്ച ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിനും കൈമാറ്റ ഉത്തരവ് നൽകാത്തതിനുമുള്ള കാരണം വ്യക്തമാക്കാമോ; ഈ സ്ഥാപനത്തിന് ഭൂമി കൈമാറാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പ് റവന്യൂ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടും ജില്ലാ ഭരണകൂടം എന്തുകൊണ്ടാണ് തടസ്സം നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഹോസ്ദുർഗ്ഗ് താലൂക്ക്, കൊടക്കാട് വില്ലേജിലെ റീസർവ്വേ നമ്പർ 298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള വ്യക്തമായ ശിപാർശസഹിതമുള്ള ഭൂമികൈമാറ്റ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, സാംസ്കാരിക

വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ ആവശ്യത്തിനായി സാംസ്കാരിക വകുപ്പിൽനിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നെങ്കിലും കണ്ണപ്പെരുവണ്ണാൻ സ്മാരക കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിലവിലില്ലെന്ന് കളക്ടറെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭൂമി കൈമാറ്റത്തിനായി ഫോക്‌ലോർ അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ചട്ടങ്ങൾപ്രകാരം അക്കാദമിക്ക് ഭൂമി കൈമാറ്റം ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ സാംസ്കാരിക വകുപ്പിൽനിന്ന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ലഭ്യമാക്കി സമർപ്പിക്കാൻ അക്കാദമി സെക്രട്ടറിയോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റവന്യൂ പുറമ്പോക്ക് ഭൂമി**

277 (3320) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ, വില്ലേജ് എന്നിവ വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന**

278 (3321) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീമിന്റെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ താലൂക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാനതലത്തിൽ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (സീനിയോറിറ്റി സെൽ), സീനിയർ സൂപ്രണ്ട് (എൽ.ആർ. (ജെ) സെക്ഷൻ), സീനിയർ സൂപ്രണ്ട് (എൽ.ആർ. (ടി) സെക്ഷൻ) എന്നിവരെ ഉൾക്കൊള്ളിച്ച് ടീമിനെ നിയോഗിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

**റവന്യൂ-ഭവന നിർമ്മാണ വകുപ്പുകൾക്ക് വകയിരുത്തിയ തുക**

279 (3322) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ-ഭവന നിർമ്മാണ വകുപ്പുകൾക്ക് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ റവന്യൂ വകുപ്പിന് 79,40,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണ ബോർഡിന് 45.37 കോടി രൂപയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 1,100 ലക്ഷം രൂപയും ഹൗസിംഗ് കമ്മീഷണറേറ്റിന് 1 കോടി രൂപയുമാണ് പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ളത്.

(ബി) ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന് പദ്ധതിയിനത്തിൽ വിവിധ മേഖലകളിലായി ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം

1 ആയി ചേർത്തിരിക്കുന്നു.* ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയ തുകയിൽനിന്നും 5.50 കോടി രൂപയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 445 ലക്ഷം രൂപയും ഹൗസിംഗ് കമ്മീഷണറേറ്റിന് 66,00,000 രൂപയുമാണ് ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ളത്.

(സി) ഈ തുക ഏതെല്ലാം മേഖലയ്ക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത തുകയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട മേഖല/ പ്രവൃത്തികൾക്ക് അനുവദിച്ച തുക സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കും ആയും ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങളും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(ഇ) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയും പ്രസ്തുത അനുബന്ധത്തിൽ പരാമർശിച്ചിട്ടുള്ള സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3(എ) ആയും* ചേർത്തരിക്കുന്നു. കൂടാതെ ഭവന നിർമ്മാണ വകുപ്പിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3(ബി) ആയും ചേർത്തിരിക്കുന്നു.*

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

280 (3323) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖേനയും നടപ്പിലാക്കിവരുന്ന പദ്ധതികൾ, അവയുടെ തൽസ്ഥിതി റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**റവന്യൂ പുറമ്പോക്കിൽ കളിസ്ഥലങ്ങൾ**

281 (3324) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷൻ & മിഷൻ പദ്ധതിയുടെ ഭാഗമായി അങ്കമാലി മണ്ഡലത്തിലെ റവന്യൂ പുറമ്പോക്കിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് 08-12-2022-ൽ നൽകിയ കത്തിന്മേലും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമർപ്പിച്ച കത്തിന്മേലും സ്വീകരിച്ച നടപടികൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ മണ്ഡലത്തിലും റവന്യൂ വിഷയങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിശ്ചയിക്കുമെന്ന് പറഞ്ഞിരുന്നതിന്റെ അടിസ്ഥാനത്തിൽ അങ്കമാലി മണ്ഡലത്തിൽ നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ പേരും ബന്ധപ്പെടേണ്ട നമ്പറും ലഭ്യമാക്കുമോ;

(സി) വിവിധ ആവശ്യങ്ങളടങ്ങിയ കത്തിൽ ഇനിയും പരിഹാരം കാണുന്നതിന് അവശേഷിക്കുന്നവയുടെ വിശദാംശം ലഭ്യമാക്കുമോ; അവയുടെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ?

(എ-സി) 2022 അസംബ്ലിയിൽ "പുറമ്പോക്ക് ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി കളിസ്ഥലങ്ങൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം" എന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷ ക്രമ നമ്പർ 9 ആയി റവന്യൂ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. ആകെ ലഭിച്ച 18 അപേക്ഷകളിൽ 5 എണ്ണം തീർപ്പാക്കിയിട്ടുള്ളതാണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* മണ്ഡലങ്ങളിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് റവന്യൂ വിഷയങ്ങൾ ഏകോപിപ്പിക്കാനും ഇതിനായി ചുമതലക്കാരനെ തീരുമാനിക്കാനും പട്ടയം മിഷന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. പട്ടയം മിഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലക്കാരെ തീരുമാനിച്ച് അറിയിക്കും. എറണാകുളം ജില്ലയുമായി ബന്ധപ്പെട്ട് ഡാഷ് ബോർഡിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് എറണാകുളം ഡെപ്യൂട്ടി കളക്ടർ (ആർ.ആർ.)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8547610074.

**റവന്യൂ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സി & എ.ജി ഓഡിറ്റ്**

282 (3325) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) റവന്യൂ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സി&എ.ജി. കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ റവന്യൂ സെക്ടറിൽ സി&എ.ജി. കഴിഞ്ഞ 3 വർഷ കാലയളവിൽ നടത്തിയ ഓഡിറ്റുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ടിലെ റവന്യൂ വകുപ്പിനെ സംബന്ധിച്ച 1.1.2, 1.2, 1.3, 1.4, 1.5, 1.7.5 എന്നീ ഓഡിറ്റ് ഖണ്ഡികകളിലെ പരാമർശങ്ങളടങ്ങുന്ന പ്രസക്തഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് cag.gov.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് ലഭ്യമാക്കിയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സംസ്ഥാനത്തെ പുഴകളും തോടുകളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ**

283 (3326) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ പുഴകളും തോടുകളും സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ?

പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി സർവ്വേ, പോലീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി 15-01-2023-ലെ സ.ഉ.(സാധാ) നം.249/2023/റവ നമ്പർ പ്രകാരം എല്ലാ ജില്ലകളിലും സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

**പദ്ധതിയിനത്തിൽ അനുവദിച്ച തുക**

284 (3327) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച

സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ കോവിഡ് ധനസഹായം**

285 (3328) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവുമടുത്ത ബന്ധുവിന് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്ന് ആകെ 484 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

475 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 9 അപേക്ഷകൾ അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്.

**നാഷണൽ ഹൈവേകളുടെ നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

286 (3329) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേകളുടെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത തുക നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സേലം-കൊച്ചി ദേശീയ പാത 544 (പാലക്കാട്-കൊച്ചി)-ന്റെ വികസനത്തിന് 725.63 കോടി രൂപയും പനവേൽ-കന്യാകുമാരി ദേശീയപാത 66 (കാസർഗോഡ്-കാരോട്), ദേശീയപാത 966 എ എന്നിവയ്ക്കായി 26454.12 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തുക ചെലവഴിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക ആയി 762.37 കോടി രൂപ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം മാത്രമേ BVR, DVS തയ്യാറാക്കി കൃത്യമായ

നഷ്ടപരിഹാര തുക നിർണ്ണയിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിക്കായുള്ള ആകെ ലാൻഡ് അക്വിസിഷൻ കോസ്റ്റിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്നതിനായി തുക ചെലവഴിക്കേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ബാധിക്കുമോ; വിശദാംശം നൽകുമോ?

നാഷണൽ ഹൈവേകളുടെ നവീകരണം ഭാരത്മാല പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്. ഇത് മെച്ചപ്പെട്ട കണക്ടിവിറ്റിയും അതിവേഗ റോഡ് ശൃംഖലയും ലക്ഷ്യമിടുന്നു. ചരക്ക് നീക്കം വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ നിർമ്മിക്കുന്ന റോഡ് ശൃംഖല അന്താരാഷ്ട്ര വ്യാപാരത്തിൽ ഉയർച്ചയ്ക്ക് സാക്ഷ്യംവഹിക്കും. പദ്ധതിയുടെ ഗുണവശങ്ങളും പൊതു ആവശ്യവും സാമൂഹ്യചെലവിനെ അപേക്ഷിച്ച് വളരെ മൂല്യവത്താണ്.

**കുറിഞ്ഞിമല സാങ്ച്വറിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് നടപടി**

287 (3330) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറിയുടെ രൂപീകരണത്തിനുശേഷം ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറിയുടെ രൂപീകരണത്തിനുശേഷം ടി പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് പട്ടയ ഭൂമികളുടെ കരം ഒടുക്കുന്നതും ക്രയവിക്രയങ്ങളും തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സാങ്ച്വറിയുടെ സെറ്റിൽമെന്റ് ഓഫീസറായി ഏത് ഉദ്യോഗസ്ഥനെയാണ് നിയമിച്ചിരിക്കുന്നത്; അറിയിക്കുമോ?

കുറിഞ്ഞിമല സാങ്ച്വറി സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ദേവികുളം സബ് കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) സെറ്റിൽമെന്റിന്റെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സെറ്റിൽമെന്റ് നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

(സി-ഇ) 06-10-2006-ലെ സ.ഉ.(പി) 36/2006/F&WLD നമ്പർ പ്രകാരം കുറിഞ്ഞിമല സങ്കേതം ആരംഭിക്കുന്നതിന് ഉദ്ദേശ വിജ്ഞാപനം

പുറപ്പെടുവിച്ചിരുന്നു. അതിലെ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തി 27-08-2009-ലെ GO(P)No.37/09/F&WLD നമ്പർ ഉത്തരവായിട്ടുള്ളതാണ്. സങ്കേത പരിധിയിൽവരുന്ന ഭൂമിയിൽ ഏതെങ്കിലും വ്യക്തി ഉന്നയിക്കുന്ന അവകാശം നിർണ്ണയിക്കുന്നതിന് 12-12-2007-ലെ GO(MS)No.74/F&WLD നമ്പർ ഉത്തരവുപ്രകാരം ദേവികുളം സബ് കളക്ടർക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയിരുന്നു. എന്നാൽ കുറിഞ്ഞിമല സങ്കേത പ്രദേശത്തെ ഗവൺമെന്റ് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നത് സംബന്ധിച്ച അന്വേഷണം നടത്തി സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16-02-2015-ൽ GO(MS) No.69/2015/RD നമ്പറായി ഉത്തരവായിരുന്നു. ടി ഉത്തരവ് ജനജീവിതം ദുസ്സഹമാക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് 10-05-2018-ൽ സ.ഉ.(കൈ)നം.178/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ കുറിഞ്ഞിമല സാങ്ച്വറിയുടെ വിസ്തൃതി നിജപ്പെടുത്തുന്നത് സംബന്ധിച്ചും കാര്യനിർവ്വഹണത്തിന് മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്. തുടർന്ന് വിവിധ സമയങ്ങളിൽ വിവിധ കാരണങ്ങളാൽ വിവിധ ഉദ്യോഗസ്ഥരെ സ്പെഷ്യൽ

ആഫീസറായി നിയമിച്ചും കൃത്യനിർവ്വഹണം നടത്തുന്നതിനാവശ്യമായ അധികാരങ്ങൾ നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതാണ്.

കുറിഞ്ഞിമല സങ്കേതത്തിന്റെ വിസ്തൃതി സംബന്ധിച്ച അവ്യക്തത, കാര്യനിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥാനമാറ്റങ്ങൾ എന്നിവ കാരണവും നിലവിലെ വിജ്ഞാപനത്തിൽ സർവ്വേ നമ്പറുകൾ സംബന്ധിച്ച പിശകുകാരണവും സെറ്റിൽമെന്റ് നടപടിയിൽ കാര്യമാത്ര പ്രസക്തമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ സെറ്റിൽമെന്റ് ക്ലെയിം അപേക്ഷകൾ സ്വീകരിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. സർവ്വേ നമ്പറുകൾ തിരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകാൻ നടപടി**

288 (3331) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളിലായി അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള

നടപടികൾ അറിയിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സ്ഥിര പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണം സംബന്ധിച്ച വിഷയത്തിന്റെ നോഡൽ ഓഫീസറായി നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ റവന്യൂ റിക്കോർഡുകൾ, നെയ്യാർ ഡാം അധികൃതർ നൽകിയ സ്കെച്ച് എന്നിവയെ അടിസ്ഥാനപ്പെടുത്തി ഇറിഗേഷൻ, വനം, റവന്യൂ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും MFL+1+10 എന്ന രീതിയിൽ അഞ്ചുചങ്ങല പ്രദേശം സർവ്വേ ചെയ്ത് ഇറിഗേഷൻ വകുപ്പിന് നൽകിയ സ്കെച്ചിൽ അമ്പൂരി, വാഴിച്ചൽ വില്ലേജുകളിൽ മൂന്ന് പോയിന്റുകളിൽ വ്യത്യാസമുള്ളതായും തുടർന്നുള്ള പരിശോധനയിൽ വാഴിച്ചൽ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശം ക്ലാമല റിസർവ് ഫോറസ്റ്റ് എന്ന് വില്ലേജ് റിക്കോർഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ നിലവിൽ ഇറിഗേഷന്റെ അധീനതയിലുള്ളതും റവന്യൂ റിക്കാർഡ് പ്രകാരം ക്ലാമല റിസർവ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ അപേക്ഷകളിൽ കേരള ഭൂമി പതിവ്

ചട്ടം 1964 പ്രകാരമാണോ വനാവകാശം ചട്ടം 1993 പ്രകാരമാണോ പട്ടയം നൽകേണ്ടതെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. ആയതിലുണ്ടാകുന്ന തീരുമാനമനുസരിച്ചും നിലവിലുള്ള കൈവശക്കാരുടെ വിവരങ്ങൾ ശേഖരിച്ചും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്ര പേർക്കാണ് പട്ടയം നല്കേണ്ടതെന്നും ആയതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരം തിരിച്ചിട്ടുണ്ടോ; ഇതിൽ എത്രപേർക്കുള്ള പട്ടയ നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ?

ടി പ്രദേശത്ത് 843 പേർക്ക് കൈവശമുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ റിക്കാർഡുകൾ 1994-ൽ കൈമാറിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വില്ലേജ് | ബ്ലോക്ക് | റീസർവ്വേ നം. | വിസ്തീർണ്ണം | ഭൂമിയുടെ വിവരം |
|---|---|---|---|---|
| അമ്പൂരി | 33 | 1 | 257.12.23 H | സർക്കാർ കാണിപ്പറ്റ്, |

| | | | | |
|---|---|---|---|---|
| | | | | പൊതുമരാമത്ത്, ജലസേചനം, നെയ്യാർ ഡാം റിസർവ്വോയർ |
| വാഴിച്ചൽ | 32 | 1 | 11075.82.20 H | ക്ലാമല റിസർവ് വനം |
| കള്ളിക്കാട് | 31 | 465/1<br><br>241/5 | 11.81.81.H<br><br>26.31.12 H | നെയ്യാർ ഡാം<br><br>നെയ്യാർ ഡാം റിസർവ് |

നിലവിലുള്ള കൈവശക്കാരുടെ വിവരം ശേഖരിക്കുന്നതിന് ജീവനക്കാരെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. കൈവശം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ മാത്രമേ താമസക്കാരുടെ വിവരങ്ങൾ, പട്ടയം നൽകേണ്ടുന്ന കുടുംബങ്ങൾ, കൃഷിഭൂമി എന്നിവ ക്രോഡീകരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ അഞ്ചുചങ്ങല പ്രദേശം ഉൾപ്പെടുന്ന വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ റീസർവ്വേ നടപടികൾ നടന്നുവരുന്നു. ഏത് ലെവൽവരെയുള്ള ജലനിരപ്പിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകേണ്ടതെന്ന് ഇറിഗേഷൻ വകുപ്പിൽനിന്നും തീരുമാനമായാൽ മാത്രമേ ടി പ്രദേശത്ത് പുനരധിവസിപ്പിക്കേണ്ടവരുടെ വിവരം തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പട്ടയ നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

(സി) പ്രസ്തുത പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ മുഴുവൻ രേഖകളും റവന്യ വകുപ്പിൽ

ലഭ്യമാണോയെന്നും അറിയിക്കാമോ; കൃത്യമായ റീസർവ്വേ രേഖകൾ ഇല്ലായെന്ന കാരണത്താൽ പട്ടയ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

2000-ലാണ് പ്രസ്തുത നടപടികൾ ആരംഭിച്ചിട്ടുള്ളത്. ടി 3 വില്ലേജുകളിൽ മുൻ ഒറ്റശേഖരമംഗലം വില്ലേജിന്റെയും അമ്പൂരി വില്ലേജിന്റെയും സെറ്റിൽമെന്റ് രജിസ്റ്റർ ഒഴികെയുള്ളവ താലൂക്ക് കാര്യാലയത്തിൽ ലഭ്യമാണ്. മുൻ ഒറ്റശേഖരമംഗലം വില്ലേജിന്റെയും അമ്പൂരി വില്ലേജിന്റെയും സെറ്റിൽമെന്റ് രജിസ്റ്റർ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സെൻട്രൽ സർവ്വേ ഓഫീസ് മുഖേന നടന്നുവരുന്നു. ഇവകൂടി ലഭ്യമാക്കി മാത്രമേ തുടർനടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിനായി നെടുമങ്ങാട് ആർ.ഡി.ഒ.-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം അർഹതപ്പെട്ട എല്ലാ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലയോര, ആദിവാസി മേഖലകളിലെ ഭൂമിക്ക് പട്ടയം**

289 (3332) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര, ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശംവച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കാർഷിക വായ്പ ഉൾപ്പെടെയുള്ള വായ്പകൾക്ക് പട്ടയം ആവശ്യമായതിനാൽ ആയത് ലഭ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) മലയോര, ആദിവാസി മേഖലകളിൽ ദീർഘകാലമായി കൈവശം വച്ചിരിക്കുന്ന കൃഷിഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനുള്ള

നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1977)-ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001-ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചുനൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചു നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്രനിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതുപ്രകാരം പട്ടയം നൽകുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇവ പട്ടയം മിഷനിൽ ഉൾപ്പെടുത്തി സത്വര നടപടി സ്വീകരിച്ചുവരുന്നു.

**പിറവം മണ്ഡലത്തിലെ പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ**

290 (3333) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ പിറവം മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(എ&ബി) 34 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 2 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

ഇലഞ്ഞി - 1

കൂത്താട്ടുകുളം - 1

(സി) നാളിതുവരെ പട്ടയം നൽകാത്ത അപേക്ഷകൾ എത്രയെന്നും അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

നാളിതുവരെ പിറവം മണ്ഡലത്തിൽ പട്ടയം നൽകാത്ത 74 (32+42) അപേക്ഷകളുണ്ട്. ഈ 74 അപേക്ഷകളിൽ വില്ലേജിൽനിന്നും റിപ്പോർട്ട് ലഭിക്കാനുള്ളവ-34, സർവ്വേയറുടെ റിപ്പോർട്ട് ലഭിക്കാനുള്ളവ-28, താലൂക്കിൽ നടപടിയിലിരിക്കുന്നവ-10, പഞ്ചായത്ത് നടപടിയിലിരിക്കുന്നവ-1, ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായിട്ടുള്ളത്-1. പട്ടയം

മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയ വിതരണം വേഗത്തിലാക്കാൻ നടപടി**

291 (3334) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മേയ് മാസം മുതൽ 31-12-2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2021 മേയ് മാസം മുതൽ 31-12-2022 വരെയുള്ള കാലയളവിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ഇടുക്കി ജില്ലയിൽ 2021 മേയ് മാസം മുതൽ 31-12-2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ 2021 മേയ് മാസം മുതൽ 31-12-2022 വരെയുള്ള കാലയളവിൽ വിവിധ ചട്ടങ്ങൾ പ്രകാരം ആകെ 3671 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) പീരുമേട് താലൂക്കിൽ 2021 മേയ് മാസം മുതൽ 31-12-2022 വരെ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ സാധിച്ചതെന്ന് വിശദമാക്കാമോ?

പീരുമേട് താലൂക്കിൽ 2021 മേയ് മാസം മുതൽ 31-12-2022 വരെയുള്ള കാലയളവിൽ വിവിധ ചട്ടങ്ങൾ പ്രകാരം 96 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. പീരുമേട് ഭൂമി പതിവ് ഓഫീസിൽനിന്നും പതിവ് നടപടികൾ പൂർത്തീകരിച്ച് മേൽപരിശോധന നടപടികൾ പൂർത്തിയാക്കിയ 153 കേസുകളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ പതിവ് നടപടികൾ പൂർത്തീകരിച്ച് 754 പതിവ് കേസുകൾ താലൂക്ക് ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ പരിശോധനാ നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിലെ ഭൂമി പതിവ് ഓഫീസിന് തുടർച്ചാനുമതി നൽകാത്തതിനാൽ ഓഫീസിലെ ജീവനക്കാർക്ക് കഴിഞ്ഞ ഒക്ടോബർ മുതൽ ശമ്പളം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ഭൂമി പതിവ് ഓഫീസിന് തുടർച്ചാനുമതി നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ REV-T2/315/2022-REV ഫയലിൽ

പരിശോധിച്ചുവരുന്നു. 31-06-2010-ലെ സ.ഉ.(കൈ) നം.201/2010/ആർ.ഡി. പ്രകാരം സൃഷ്ടിച്ച ദേവികുളം ഭൂമി പതിവ് ഓഫീസ് ലാവണമായി പീരുമേട് ഭൂമി പതിവ് ഓഫീസിൽ നിലവിൽ ജോലി ചെയ്തുവരുന്ന 9 തസ്തികകൾക്ക് തുടർച്ചാനുമതിയില്ലാതെ 30-09-2022 വരെ ശമ്പളം അനുവദിച്ച നടപടി സാധൂകരിക്കുന്നതിന്മേലും പ്രസ്തുത തസ്തികകൾക്ക് 01-10-2022 മുതൽ 31-03-2023 വരെ തുടർച്ചാനുമതി നൽകുന്ന വിഷയവും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) പട്ടയ നടപടികൾ വേഗത്തിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ

നേതൃത്വത്തിൽ ജില്ലാതല പട്ടയം മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്കുതല പട്ടയം മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്കുതലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ചതോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) സംസ്ഥാനത്ത് ഭൂമി പതിവ് ഓഫീസുകൾ ഇ-ഓഫീസുകളാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കടലാസ്സ്രഹിത ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, 869 വില്ലേജ് ഓഫീസ്, 13 ഭൂമി പതിവ് സ്പെഷ്യൽ ഓഫീസ് എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് റവന്യൂ വകുപ്പിന്റെ കീഴിലെ എല്ലാ ഓഫീസുകളിലും പൂർണ്ണതോതിൽ ഇ-ഓഫീസ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ പട്ടയം**

292 (3335) **ശ്രീ. ഒ. ആർ. കേളു:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലുള്ള പട്ടയ പ്രശ്നം പരിഹരിക്കാൻ കഴിയാതെ നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് അടിയന്തരമായി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 01-01-1977-നമുമ്പ് വനഭൂമി കൈവശംവച്ച് വന്നിരുന്നവർക്ക് ആയത് പതിച്ചു കൊടുക്കുന്നതിനുവേണ്ടി 1993-ലെ പതിവ് ചട്ടപ്രകാരം വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ തയ്യാറാക്കിയിട്ടുള്ള സ്കെച്ചിൽ ചില ന്യൂനതകൾ വനം വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സർവ്വേ ടീമിനെവച്ച് ഇത് പരിഹരിച്ചിട്ടുള്ളതാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയതും അർഹരായ അപേക്ഷകരുടെ ഭൂമിയുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. മേൽ ആവശ്യത്തിലേയ്ക്കായി ജില്ലാ കളക്ടറുടെ 23-02-2022-ലെ DCWYD/555/2017-L3 ഉത്തരവുപ്രകാരം രണ്ടുപേരടങ്ങുന്ന ഒരു സർവ്വേ ടീമിനെ

നിയോഗിച്ചിട്ടുള്ളതാണ്. നിലവിൽ ഈ ടീം അപാകതകൾ പരിശോധിച്ച് സ്കെച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ആയത് ഉടനെ പൂർത്തിയാക്കി വിവരങ്ങൾ KML ഫോർമാറ്റിൽ തയ്യാറാക്കുകയും GT sheet തയ്യാറാക്കി പരിവേഷ് പോർട്ടലിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. ടി വിഷയത്തിൽ കേന്ദ്ര പരിസ്ഥതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് മാത്രമേ സംയുക്ത പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ കൈവശ ഭൂമിക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമുണ്ടോ; എങ്കിൽ എന്ത് അനുമതിയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1997-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾപ്രകാരമാണ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിന് 1980-ലെ കേന്ദ്ര-വന സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചുള്ള അനുമതി ആവശ്യമാണ്.

**പട്ടയങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിന് സംവിധാനം**

293 (3336) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയങ്ങളിൽവരുന്ന തെറ്റുകൾ തിരുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തഹസിൽദാരോ സ്പെഷ്യൽ തഹസിൽദാരോ അനുവദിച്ച ഉത്തരവിനെതിരെ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയും റവന്യൂ ഡിവിഷണൽ ഓഫീസർ പാസാക്കിയിട്ടുള്ള ഉത്തരവിനെതിരെ ജില്ലാ കളക്ടർ മുമ്പാകെയും ജില്ലാ കളക്ടർ പാസാക്കിയിട്ടുള്ള ഉത്തരവിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെയും അപ്പീൽ അപേക്ഷയായി സമർപ്പിക്കാവുന്നതും അപ്പീൽ അധികാരി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതുമാണ്. കൂടാതെ മുൻപ് അനുവദിച്ച ക്രയ സർട്ടിഫിക്കറ്റുകളിൽ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളിൽ തിരുത്തലുകൾ വരുത്താൻ അപേക്ഷ ലഭിച്ചാൽ ആ തിരുത്തലുകൾ ലാൻഡ് ട്രൈബ്യൂണലിനുതന്നെ വരുത്താവുന്നതാണ്.

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

294 (3337) ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയം മിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര-ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇത് വിപുലീകരിക്കാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം

ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽവരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. താലൂക്ക് ലാൻഡ് ബോർഡിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം-വൈദ്യുതി-ജലവിഭവം-തദ്ദേശസ്വയംഭരണ-പൊതുമരാമത്ത് വകുപ്പുകളുമായി പ്രത്യേക ചർച്ചകൾ നടത്തിവരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നുവരുന്നു. ഇത്തരത്തിൽ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയം മിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാതലത്തിൽ കളക്ടറേറ്റിലും താലൂക്ക് തലത്തിലും പ്രത്യേക സെല്ലുകൾ കൊണ്ടുവരാൻ

ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023-ലെ ബഡ്ജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മേഖലകളാക്കി തിരിച്ച് ഓരോ പ്രദേശത്തിന്റെയും പട്ടയം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി പ്രത്യേക ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയപ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ

ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാർതലത്തിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാകാത്ത അപേക്ഷകൾ എന്നത്തേയ്ക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളെല്ലാം തീർപ്പാക്കുന്നതിനും ട്രിബ്യൂണലുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക കർമ്മപദ്ധതി സ്റ്റേറ്റ് ലാൻഡ് ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഈ കർമ്മ പരിപാടിയിൽ ഇനിയും 105825 കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നതിൽ 60000 കേസുകൾ തീർപ്പാക്കി പട്ടയം നൽകുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അതിൻപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഈ കർമ്മ പദ്ധതിയിലൂടെ 2022 നവംബർ 1 മുതൽ 2023 മാർച്ച് 30-നകം ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കേണ്ട പൂർത്തീകരിക്കേണ്ട ലക്ഷ്യവും അതിന് അനുവർത്തിക്കേണ്ട സമയക്രമവും മാർഗ്ഗരേഖകളും നൽകിയിട്ടുണ്ട്.

**അർഹതപ്പെട്ട എല്ലാവർക്കും പട്ടയം അനുവദിക്കാൻ നടപടി**

295 (3338) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനഭൂമിയിൽ താമസിക്കുന്നവർ, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർ, പട്ടയമില്ലാതെ കോളനികളിൽ താമസിക്കുന്നവർ എന്നീ വിഭാഗങ്ങളിൽനിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനഭൂമിയിൽ താമസിക്കുന്നവർ, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർ, പട്ടയമില്ലാതെ കോളനികളിൽ താമസിക്കുന്നവർ എന്നീ വിഭാഗങ്ങളിൽനിന്നും പട്ടയത്തിനായി ലഭിച്ച അപേക്ഷകളും അവയിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണവും വർഷം തിരിച്ചും ഇനം തിരിച്ചും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് അർഹതപ്പെട്ട എല്ലാവർക്കും അടിയന്തരമായി പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

1993-ലെ കേരള ഭൂമി പതിച്ച് നൽകൽ (01-01-1977-നുമുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകളിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനഭൂമിയിൽ താമസിക്കുന്നവർക്ക് കേന്ദ്ര അനുമതി ലഭിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ റവന്യൂ-വനം വകുപ്പുമായി സംയുക്ത പരിശോധന നടത്തി സർവ്വേനടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക് പ്രസ്തുത വകുപ്പിൽനിന്ന് നിരാക്ഷേപപത്രം ലഭ്യമാക്കിയും പട്ടയമില്ലാതെ കോളനികളിൽ താമസിക്കുന്നവർക്ക് കൈവശാവകാശ സാക്ഷിപത്രം, ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നുള്ള നിരാക്ഷേപപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ മുഖേന പരിശോധന നടത്തിയും അർഹതപ്പെട്ട എല്ലാവർക്കും നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പട്ടയം നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയാണെങ്കിൽ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി ലഭ്യമാകുന്നമുറയ്ക്ക് 1964-

ലേയോ 1995-ലേയോ ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയ വിതരണത്തിനായി ഏകീകൃത മാർഗ്ഗരേഖ**

296 (3339) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര, ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിനായി ഏകീകൃത മാർഗ്ഗരേഖ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1980-ലെ കേന്ദ്ര വന നിയമം, 1993-ലെ പ്രത്യേക ചട്ടങ്ങൾ എന്നിവപ്രകാരം വനഭൂമിയിലെ കുടിയേറ്റം ക്രമവൽക്കരിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യവുമാണ്. ഇതിനായി റവന്യൂ-വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ സഹിതം നിശ്ചിത ഫാറത്തിൽ ഓൺലൈനായി കേന്ദ്ര സർക്കാരിൽ അപേക്ഷ സമർപ്പിക്കണം. തുടർന്ന് കേന്ദ്രാനുമതി ലഭിച്ചശേഷം ഭൂമി

കൈവശത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേചെയ്ത് പട്ടയം അനുവദിക്കും. ഇത്തരത്തിൽ കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ എത്രയുംപെട്ടെന്ന് സർവ്വേ പൂർത്തിയാക്കി പട്ടയം നൽകുക, ജോയിന്റ് സർവ്വേ നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതിക്കയച്ച കേസുകളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഇനിയും ജോയിന്റ് സർവ്വേ നടത്താനുള്ള സ്ഥലങ്ങളിൽ വനം വകുപ്പിന്റെ സഹകരണത്തോടെ സർവ്വേ പൂർത്തീകരിക്കുക, പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക എന്നിങ്ങനെയുള്ള കാരണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഏകീകൃത മാർഗ്ഗരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. 1960-ലെ കേരള ഭൂ പതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (പ്രത്യേക ചട്ടങ്ങൾ), 2001-ലെ കേരള ഗവൺമെന്റ് ഭൂമി പട്ടികവർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചുനൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരവുമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്.

ഇതോടൊപ്പം ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങി നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം വിവിധ ജില്ലകളിലായി 1369 പേർക്ക് 166.04 ഏക്കർ ഭൂമിയുടെ അവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.72 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ച 7693.223 ഹെക്ടറിൽ 5190.2627 ഹെക്ടർ വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും 1988.6507 ഹെക്ടർ ഗുണഭോക്താക്കൾക്ക് (പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ) അനുവദിച്ചിട്ടുള്ളതുമാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

297 (3340) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എണ്ണായിരത്തോളംവരുന്ന പട്ടയ അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പ്

കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അധിക ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽവാലി പമ്പാവാലി പ്രദേശം 1956-നുമുമ്പ് റവന്യൂ വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നതായതിനാൽ 1980-ലെ കേന്ദ്ര-വന സംരക്ഷണ നിയമം ബാധകമാകില്ല. അതിനാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ ഉത്തരവായിരുന്നു. എന്നാൽ ടി പ്രദേശങ്ങൾ പത്തനംതിട്ട ജില്ല രൂപീകരിച്ച സമയം ടി ജില്ലയിൽ ഉൾപ്പെടുത്തിയിരുന്നതാണെങ്കിലും പിന്നീട് കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തുകയുണ്ടായി. ഈ പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചും ആയതിലേയ്ക്കായി അധിക ജീവനക്കാരെ നിയമിക്കുന്നത്

സംബന്ധിച്ചും കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു .

**കൈവശ ഭൂമിക്ക് പട്ടയം**

298 (3341) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈവശ ഭൂമിക്ക് പട്ടയം വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൂർത്തീകരിച്ചിട്ടില്ല. ഭൂമിയുടെ കൈവശക്കാർ അർഹതപ്പെട്ടവരാണെങ്കിൽ അവർക്കെല്ലാം പട്ടയം നൽകണമെന്നതാണ് സർക്കാർ നയം. സംസ്ഥാനത്ത് കൈവശഭൂമിക്ക് പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ പട്ടയം മിഷൻ എന്ന പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയം

മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ നേതൃത്വത്തിൽ ജില്ലാതല പട്ടയം മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്കുതല പട്ടയം മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്കുതലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ചതോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്. നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ

ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാരിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം പട്ടയം വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പട്ടയവിതരണം നടത്തിയിട്ടുണ്ട്.

(സി) വനം, റവന്യൂ വകുപ്പുകൾ തമ്മിൽ നിലവിലുള്ള കേസുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പട്ടയ വിതരണം തടസ്സപ്പെട്ടത്; പ്രസ്തുത കേസുകളുടെ വിശദാംശം അറിയിക്കുമോ; പട്ടയ വിതരണം മുടങ്ങിയ പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

1977-നുമുമ്പ് വനഭൂമിയിൽ കുടിയേറിയവർക്കാണ് 1993-ലെ ചട്ടപ്രകാരം വനഭൂമിയിൽ പട്ടയം നൽകുന്നത്. 1980-ലെ വനസംരക്ഷണ നിയമപ്രകാരം ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇതിനായി വനം-റവന്യൂ വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പരിവേഷ് പോർട്ടലിൽ കേന്ദ്ര അനുമതിക്കായി അയയ്ക്കണം. വനം-റവന്യൂ സംയുക്ത സർവ്വേയിൽ

അതിർത്തി സംബന്ധിച്ച് ചില തർക്കങ്ങളുണ്ടാകാറുണ്ട്. ഇത്തരം തർക്കങ്ങൾ രേഖകളുടെ അടിസ്ഥാനത്തിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) വനം, റവന്യൂ എന്നീ വകുപ്പുകൾ തമ്മിൽ പ്രശ്നമുള്ള സ്ഥലങ്ങളിൽ സംയുക്ത സർവ്വേ നടത്തി വന ഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ച് ജണ്ട കെട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വനം, റവന്യൂ എന്നീ വകുപ്പുകൾ തമ്മിൽ പ്രശ്നമുള്ള സ്ഥലങ്ങളിൽ സംയുക്ത സർവ്വേ നടത്തി വനഭൂമിയും റവന്യൂഭൂമിയും വേർതിരിച്ച് ജണ്ട കെട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയ വിതരണത്തിനുള്ള അപേക്ഷകൾ**

299 (3342) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിനുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

96478 പട്ടയ അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ ഓരോ വർഷവും അനുവദിച്ച പട്ടയത്തിന്റെ എണ്ണം വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ 177011 പേർക്കും ഈ സർക്കാരിന്റെ ആദ്യ ഒരുവർഷ കാലയളവിനുള്ളിൽ 54535 പേർക്കും പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

**പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ**

300 (3343) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വസ്തുവിന്റെ ആധാരത്തിൽ ജന്മം തീറാധാരം എന്നെഴുതുകയും എന്നാൽ പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെടുകയോ കാലപ്പഴക്കത്താൽ നശിച്ച് പോകുകയോ ചെയ്തിട്ടുള്ള സാഹചര്യങ്ങളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് പട്ടയ പകർപ്പ്/ കേസുകളിലെ ആധികാരികത ഉറപ്പുവരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് റവന്യൂ (എ) വകുപ്പിലെ 28-10-2020-ലെ

സ.ഉ.(സാധാ) നം.3329/2020/റവ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലാൻഡ് ട്രൈബ്യൂണലുകൾ നൽകിയ ക്രയസർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വസ്തുവിന്റെ ആധാരത്തിൽ ജന്മം തീറാധാരം എന്നെഴുതുകയും എന്നാൽ പട്ടയം നഷ്ടപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്യാത്തതായുള്ള പട്ടയങ്ങൾ ലഭ്യമാക്കാൻ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 18-06-2021-ലെ എൽ.ബി.എ 3/1613/2022 നമ്പർ കത്ത് പ്രകാരം ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുള്ളതാണ്.

**കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

301 (3344) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുപത് വർഷത്തിലേറെയായി കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലെന്ന തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക് കുറ്റിച്ചിറ വില്ലേജ് വീരൻചിറ കള്ളിക്കാടൻ വീട്ടിൽ കെ. കെ. വേലായി ഉൾപ്പെടെയുള്ളവരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കെ. വേലായി തുടങ്ങിയവർ കൈവശഭൂമിക്ക് വനഭൂമി പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇവരുടെ പൂർവ്വികർ 1970-ന് മുമ്പ് പട്ടയത്തിന് അപേക്ഷിച്ചിരുന്നതും ഇരിങ്ങാലക്കുട ലാൻഡ് ട്രൈബ്യൂണലിൽനിന്ന് ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇവരുടെ കൈവശത്തിൽ ഇരിങ്ങാലക്കുട ലാൻഡ് ട്രൈബ്യൂണൽ അനുവദിച്ചിട്ടുള്ള ക്രയസർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും ആയത് ഇവർ കൈവശം വച്ചുവരുന്ന ഭൂമിയുടെ സർവ്വേ നമ്പർ, അടിസ്ഥാന സ്വഭാവം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

(സി) സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

റവന്യൂ-വനം വകുപ്പുകൾ മുൻകാലങ്ങളിൽ തയ്യാറാക്കിയ സംയുക്ത പരിശോധന റിപ്പോർട്ടിൽ ശ്രീ. വേലായി ഉൾപ്പെടെയുള്ള ചില കുടിയേറ്റക്കാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇവർ നിലവിൽ കേന്ദ്രാനുമതിക്കായി തയ്യാറാക്കിയ ലിസ്റ്റിൽ ചേർക്കപ്പെട്ടിട്ടില്ല.

(ഡി) എഴുപത് വർഷത്തിലേറെയായി കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിയമാനുസൃതം സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിൽ ശിപാർശ ലഭിച്ചിട്ടില്ല.

**1971-ന് മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

302 (3345) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ന് മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നതായ കുടുംബങ്ങൾക്ക് നിയമപ്രകാരമുള്ള രേഖകളുടെ അഭാവംമൂലം ഇപ്പോഴും പട്ടയമില്ലാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽവന്നശേഷം പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരത്തിലുള്ള 16826 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) കോളനികളിൽ നിലനിൽക്കുന്ന പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

കോളനികളിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം പട്ടയം മിഷൻ എന്ന പദ്ധതി ആവിഷ്കരിച്ച് നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കാർഡ് പരിശോധിച്ച് ഭൂമികളുടെ സ്വഭാവം മനസ്സിലാക്കി, സർക്കാർ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽനിന്ന് സമ്മതപത്രം ലഭ്യമാക്കിയതിന് ശേഷം നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂമിക്ക് പട്ടയം നൽകാൻ നടപടി**

303 (3346) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജ്, പോഞ്ഞിക്കര ദേശത്ത് മേരി തോമസ്, ലില്ലി പീറ്റർ, റഫേൽ നടുവത്തേഴത്ത് എന്നിവർ 40 വർഷത്തിലേറെയായി കൈവശംവച്ച് അനുഭവിച്ചുവരുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച

അപേക്ഷയിൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും ആയത് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജിൽ പോഞ്ഞിക്കര ദേശത്ത് മേരി തോമസ്, ലില്ലി പീറ്റർ, റാഫേൽ നടുവത്തേഴത്ത് എന്നിവർ 40 വർഷത്തിലേറെയായി കൈവശംവെച്ച് അനുഭവിച്ചുവരുന്ന ഭൂമി റോഡ്, കായൽ, പുഴ പുറമ്പോക്കുകളിൽ ഉൾപ്പെട്ടുവരുന്നതാണ്. നിലവിലെ നിയമപ്രകാരം റോഡ്, കായൽ, പുഴ പുറമ്പോക്കുകൾ പതിവിന് വിധേയമല്ല.

(ബി) റവന്യൂ വകുപ്പിലെ 10567/എ 3/2016, 156/എ 3/2022 നമ്പർ ഫയലിലും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ എൽ.ആർ.ജെ7/4406/13 നമ്പർ ഫയലിലും എറണാകുളം ജില്ലാ കളക്ടറേറ്റിലെ എൽ1/65280/12 നമ്പർ ഫയലിലും നിരവധി തവണ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

അപേക്ഷ പരിശോധിച്ച് വ്യക്തമായ ശിപാർശ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ അപേക്ഷ ഭൂമി റോഡ്, കായൽ, പുഴ

പുറമ്പോക്കുകളിൽ ഉൾപ്പെട്ടുവരുന്നതിനാൽ പട്ടയ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതാണ്.

(സി) 10567/എ 3/2016 നമ്പർ ഫയലിൽ റവന്യൂ(എ) വകുപ്പ് 12-02-2016-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) 26-09-2022-ന് റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ 156/എ 3/2022 നമ്പർ ഫയലിൽ റവന്യൂ(എ) വകുപ്പ് 09-11-2022-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

അപേക്ഷ പരിശോധിച്ച് വ്യക്തമായ ശിപാർശ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് 26-11-2022-ന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഇ) മേൽ ഫയലുകളിൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ടി വിഷയത്തിൽ 30-01-2016-ന് എൽ.ആർ.ജെ7/4406/2013 നമ്പരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(എഫ്) 50 വർഷത്തിലധികമായി ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് എന്നത്തേയ്ക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അപേക്ഷ ഭൂമി റോഡ്, കായൽ, പുഴ പുറമ്പോക്കുകളിൽ ഉൾപ്പെട്ടുവരുന്നതിനാൽ പ്രസ്തുത ഭൂമി കൈവശം വച്ചുവരുന്നവർക്ക് ചട്ടപ്രകാരം പട്ടയം നൽകുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങളുണ്ട്.

**പെരിന്തൽമണ്ണ താലൂക്കിലെ കൈവശ ഭൂമിക്ക് പട്ടയം**

304(3347) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡിന്റെ എസ്.എം.പി. 49/1977 നമ്പർ ഉത്തരവുപ്രകാരം കോഡൂർ വില്ലേജിലെ സർവ്വേ നമ്പർ 95/1-ൽപ്പെട്ട 18.40 ഏക്കർ ഭൂമി ഏറ്റെടുത്തതിൽ 3.50 ഏക്കർ ഭൂമി പ്രഖ്യാതാവിന്റേതല്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് പുന:സർവ്വേ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വേ നമ്പറിൽനിന്നും പ്രഖ്യാതാവിന്റേതായ 3.40 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രാരംഭ സർവ്വേ ആരംഭിച്ചിട്ടുള്ളതുമാണ്. നാളിതുവരെ 82 അന്യകൈവശക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആയത് ഏകദേശം 8 ഏക്കർ 89.54 സെന്റ് ഭൂമിയുള്ളതായി കാണുന്നു. ബാക്കി നിൽക്കുന്ന അന്യഭൂമിയും കൈവശഭൂമിയും തിട്ടപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ നടപടിക്രമങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് ദീർഘനാളായിട്ടും പട്ടയം നൽകൽ പൂർത്തിയാക്കാൻ സാധിക്കാത്തതെന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഏറ്റെടുക്കുവാനുള്ള ഭൂമിയിൽ വർഷങ്ങൾക്കുമുമ്പുതന്നെ അന്യകൈവശക്കാർ വീട് വച്ചും അല്ലാതെയും അനധികൃത പ്രവേശനം നടത്തിയിട്ടുള്ളതിനാലാണ് നടപടിക്രമങ്ങളിൽ കാലതാമസം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മൂന്നാറിലെ പട്ടയ പ്രശ്നം**

305 (3348) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ പട്ടയ പ്രശ്നത്തിന്മേൽ പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1021-ന് 28-04-2017-ന് നൽകിയ മറുപടിക്കുശേഷം ആയതിന്മേൽ പുതുക്കിയ മറുപടി റവന്യൂ വകുപ്പ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചോദ്യത്തിന് വകുപ്പ് പുതുക്കിയ മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ചോദ്യത്തിന് പുതുക്കിയ മറുപടി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ (എ) വകുപ്പിന്റെ 26-02-2018-ലെ എ 2/62/2017/റവ നമ്പർ കത്തിന്മേൽ റവന്യൂ(പി.എസ്)വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രസ്തുത കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) പുതുക്കിയ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ അധിക വിവരം കൂടിചേർത്ത് പുതുക്കിയ മറുപടി 26-02-2018-ലെ എ 2/62/2017/റവ നമ്പർ കത്ത് പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കുകയും അതിന്റെ പകർപ്പ് അറിവിലേയ്ക്കായി റവന്യൂ (പി.എസ്.) വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ടി നിയമസഭാ ചോദ്യത്തിന് റവന്യൂ (എ) വകുപ്പിൽനിന്നും അന്തിമമറുപടി തയ്യാറാക്കി നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ മേൽ കത്തിന്മേൽ റവന്യൂ (പി.എസ്) വകുപ്പിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

306 (3349) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇനിയും പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇനിയും പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) മണ്ഡലത്തിലെ വിവിധ പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

മണ്ഡലത്തിലെ നാളിതുവരെ ലഭിച്ച അപേക്ഷകൾ പട്ടയം മിഷനോടനുബന്ധിച്ച് അദാലത്തുകൾ നടത്തി പട്ടയം അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം മണ്ഡലത്തിൽ കുളം പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് നടപടി**

307 (3350) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി കുളം പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാൻ അർഹതയുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം

നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്നും ഏത് തലത്തിലാണ് തീരുമാനമെടുക്കേണ്ടതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കുളം പുറമ്പോക്ക് വസ്തുക്കൾ പതിവ് വിധേയമല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ Civil Appeal No. 1132/2011 of SLP(C)319/2011 നമ്പർ കേസിൽ കുളം, പുഴ പുറമ്പോക്കുകൾ വ്യക്തികൾക്ക് പതിച്ചു നൽകരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വാമനപുരം മണ്ഡലത്തിൽ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്കിൽ താമസിക്കുന്നവരുടെ പട്ടയത്തിനായുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്കിൽ താമസിക്കുന്ന ആറ് പേരുടെ പട്ടയത്തിനായുള്ള അപേക്ഷയിന്മേൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഈ കേസ് പട്ടയം മിഷനിലുൾപ്പെടുത്തി പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് കുളം പുറമ്പോക്കിൽ താമസിക്കുന്ന എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുളം പുറമ്പോക്കിൽ താമസിക്കുന്ന രണ്ട് കുടുംബങ്ങൾക്കും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കുളം പുറമ്പോക്കിൽ താമസിക്കുന്ന നാല് കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുള്ളതാണ്.

**വീവേഴ്സ് കോളനിയിലെ താമസക്കാർക്ക് പട്ടയം**

308 (3351) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാറശാല നെടുവാൻവിള, വെള്ളറട എന്നീ സ്ഥലങ്ങളിലെ വീവേഴ്സ് കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാറശാല, നെടുവാൻവിള, വെള്ളറട എന്നീ സ്ഥലങ്ങളിലെ വീവേഴ്സ് കോളനിയിലെ താമസക്കാർക്ക്

പട്ടയം നൽകുന്നതിനാവശ്യമായ ഭൂമി വ്യവസായ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയിൽ കൊണ്ടുകിടക്കുന്നതും നിലവിൽ ടി സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ടി സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നോക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് 13-02-2023-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് ഭൂമി വിട്ടൊഴിയൽ നടപടിക്രമപ്രകാരം തുടർനടപടികൾ സ്വീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ നമ്പർ എൽ.ആർ./14229/2022-എൽ.ആർ. (ജെ6)

തിരുവനന്തപുരം കളക്ടറേറ്റിലെ ഫയൽ നമ്പർ - ബി3/512991/2023

നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലെ ഫയൽ നമ്പർ - ജെ1/38996/19 & ജെ1/13437/2021

**നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള നിയമം**

309 (3352) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള നിലവിലെ നിയമം എന്താണ്?

പൊതുആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമാണ് ബാധകമായിട്ടുള്ളത്. പൊതുആവശ്യത്തിനായി നെൽവയൽ തരംമാറ്റുന്നതിന് ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (LLMC) കൺവീനറായ കൃഷി ഓഫീസർ മുമ്പാകെ ഫോറം 2-ൽ അപേക്ഷ നൽകേണ്ടതും തുടർന്ന് ടി സമിതി, സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും സ്റ്റേറ്റ് ലെവൽ കമ്മിറ്റി വിശദമായി പരിശോധിച്ചശേഷം ശിപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. ടി നിയമത്തിലെ 10, 27 എ(8), 27 എ(9) മുതലായ വകുപ്പുകളിലെയും ചട്ടം 12(16)-ലെയും വ്യവസ്ഥകൾ പ്രകാരം സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം സർക്കാരിന് (കൃഷി (എൻസിഎ) വകുപ്പിലാണ് ആയത് പരിശോധിക്കുന്നത്) നിയമത്തിലെ വ്യവസ്ഥകൾ

പ്രകാരം ഒഴിവാക്കൽ അനുവദിക്കാവുന്നതും അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ് .

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന് 58.25 സെന്റ് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനുള്ള പാടശേഖര സമിതിയുടെയും വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന് 58.25 സെന്റ് നെൽവയൽ പരിവർത്തനം ചെയ്യുന്നതിനുള്ള പാടശേഖര സമിതിയുടെയും വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷ 16-01-2023-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ കൃഷി (എൻസിഎ) വകുപ്പിൽ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ**

310 (3353) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് പുതിയ ഗ്രീൻ ഫീൽഡ് ഹൈവേയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം ഏതെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

പാലക്കാട് ജില്ലയിലെ മരുത്വാ റോഡ് (ch0.000) മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ (ch 121.006) 121 കിലോമീറ്റർ ദൈർഘ്യമുള്ള പാലക്കാട്-കോഴിക്കോട് ദേശീയപാത 966 (ഗ്രീൻഫീൽഡ് ഹൈവേ) പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 563 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും പൂർത്തീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സ്ഥലവും കെട്ടിടങ്ങളും വിട്ട് നൽകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹൈവേ കടന്നുപോകുന്ന സ്ഥലങ്ങളിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനപ്രതിനിധികളുടെ യോഗം ചേരുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും യോഗവും ചേരുകയുണ്ടായി. തുടർന്ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ അതത് സ്ഥലങ്ങളിൽ സ്ഥലം നഷ്ടപ്പെടുന്നവരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള യോഗം ചേരുകയും വ്യക്തമായ വിശദീകരണം നൽകിയിട്ടുള്ളതുമാണ്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി ഭൂമിയേറ്റെടുക്കലിന് വിധേയമാകുന്ന സ്ഥലത്തുള്ള നിർമ്മിതികളുടെ മൂല്യനിർണ്ണയത്തിന് ഡിപ്രീസിയേഷൻ വാല്യൂ ഒഴിവാക്കുന്നതിന് ദേശീയപാത അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയേറ്റെടുക്കൽ വിജ്ഞാപനത്തിൽ ഉൾപ്പെട്ടവർ അപേക്ഷിച്ചിട്ടുള്ള പട്ടയങ്ങളുടെ കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമെടുക്കാനും തരംമാറ്റ അപേക്ഷകൾ മുൻഗണന നൽകി തീർപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അത് പരാതിക്കാരെ അറിയിച്ചുവോയെന്നും വ്യക്തമാക്കുമോ?

(സി&ഡി) ദേശീയപാത ആക്ട് 1956 വകുപ്പ് 3 (സി) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആക്ഷേപങ്ങൾ സ്വീകരിക്കുകയും തുടർന്ന് അവരുമായി ഹിയറിംഗ് നടത്തി ആക്ഷേപങ്ങൾക്ക് തീർപ്പ് കൽപ്പിച്ച് പരാതിക്കാർക്ക് മറുപടി നൽകിവരികയും ചെയ്യുന്നു. 3 (സി) പ്രകാരം ലഭിച്ച പരാതികളുടെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) സ്ഥലം വിട്ട് നൽകുന്നവർക്ക് മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് അനുവദിക്കുന്നതിന് അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കുമോ?

ദേശീയപാതാ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ RFCTLARR Act 2013-ലെ ഷെഡ്യൂൾ I പ്രകാരം നഷ്ടപരിഹാരവും ഷെഡ്യൂൾ II പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. ആയതുപ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

### സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് നടപടി

311 (3354) <u>ശ്രീ. പ്രമോദ് നാരായണ്‍:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ എസ്.പി.വി.-കളുടെ ആഭിമുഖ്യത്തിൽ കിഫ്ബി പദ്ധതിയിലൂടെ നടന്നുവരുന്ന റോഡ് വികസന പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കുന്ന നടപടികൾ നീണ്ടുപോകുന്നതുമൂലം ജലജീവൻ പദ്ധതി മുഖേനയുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2024-ൽ ജൽജീവൻ പദ്ധതി പൂർണ്ണമായും നടപ്പാക്കേണ്ടതുള്ളതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ റവന്യൂ പുറമ്പോക്ക് ഭൂമികളുടെ വിഷയത്തിൽ ലഭ്യമായ എല്ലാ അപേക്ഷകളിലും പെർമിസ്സീവ് സാംഗ്ഷൻ അനുവദിച്ച്

ഉത്തരവായിട്ടുള്ളതാണ്. ജൽജീവൻ മിഷൻ പദ്ധതിക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ചേർന്ന് സ്വകാര്യ ഉടമകളിൽനിന്ന് Kerala Panchayati Raj (Acquisition & Disposal of Property), ചട്ടം 2005 പ്രകാരം നേരിട്ട് ഭൂമി ഏറ്റെടുക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത സ്വകാര്യ ഭൂമികളുടെ വിലനിർണ്ണയ സാക്ഷ്യപത്രം (valuation certificate) നൽകുന്ന നടപടി മാത്രമാണ് റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നത്.

**കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

312 (3355) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന് വേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ജില്ലാ കലക്ടർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി പുന:സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടർ നൽകിയ നിർദ്ദേശവും എൽ.എ.ഒ. തയ്യാറാക്കിയ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും

പരിശോധിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) പാലാ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയത് സർക്കാരിന്റെ 18-02-2022-ലെ ബി2/392/2019-റവ നമ്പർ കത്തിലെ മാനദണ്ഡപ്രകാരമാണെന്നും എന്നാൽ പ്രസ്തുത മാനദണ്ഡം എല്ലാ കേസിലും ബാധകമാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ലാത്തതാണെന്നും ആയതിനാൽ LARR Act 2013, പ്രകാരം വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിരുന്ന രീതിയിൽത്തന്നെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി പുന:സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടർ എൽ.എ.ഒ.-യ്ക്ക് 02-12-2022-ലെ ജി1/10036/13 കത്ത് മുഖേന നിർദ്ദേശം നൽകുകയുണ്ടായി. കോട്ടയം ജില്ലയിലെ ആർ.വി. ജംഗ്ഷൻ മുതൽ പുലിയന്നൂർ ജംഗ്ഷൻ വരെയുള്ള ശ്രീ. സാജൻ പി. എം. എന്ന വ്യക്തിയുടെ കൈവശമുള്ള 7/33-1, 7/44-1 എന്നീ സർവ്വേ നമ്പറുകളിലുൾപ്പെടുന്ന 5.47

ആർസ് സ്ഥലം പാരലൽ റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത അവസരത്തിൽ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് LARR Act 2013-ലെ സെക്ഷൻ 26-ലെ മാനദണ്ഡത്തിന് വിരുദ്ധമായി തയ്യാറാക്കിയതെന്ന് ആരോപിച്ചുകൊണ്ട് പരാതിക്കാരൻ കോടതിയെ സമീപിച്ച് അനുകൂലവിധി സമ്പാദിച്ചതിന്റെ അടിസ്ഥാനത്തിലും മറ്റ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും LARR Act 2013-ലെ സെക്ഷൻ 26-ലെ മാനദണ്ഡപ്രകാരം അതായത് 11(1) നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്ക് മൂന്ന് വർഷക്കാലയളവിൽ, ഭൂമി ഏറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമരം സമാനമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് BVR (അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്) ആയി കണക്കാക്കേണ്ടതെന്ന നിർദ്ദേശം 18-02-2022-ലെ ബി2/392/2019-റവ നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളത്. കോട്ടയം ജില്ലാ കളക്ടർ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് DVS തയ്യാറാക്കുന്നതും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതുമാണ്.

(സി) ഇതുസംബന്ധിച്ച് കോടതിയിൽ കേസ് എന്തെങ്കിലും നിലവിലുണ്ടോ; ആയതിന് എൽ.എ.ഒ. എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥലമെടുപ്പ് പൂർത്തിയാക്കുവാൻ ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലില്ലാത്തതാണ്.

**കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം**

313 (3356) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ 9.28 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള മണിക്കിണർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം വില്ലേജിലുൾപ്പെട്ട 45 ആർസ് സ്ഥലം മണിക്കിണർ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് RFCT LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 24-06-2021-ലെ സ.ഉ(സാധാ) നമ്പർ 2217/2021/റവ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ

പ്രത്യാഘാത പഠനം രണ്ട് മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഭാരതമാതാ കോളേജ് ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര യൂണിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്.

(ബി) സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി റവന്യൂ വകുപ്പിൽനിന്ന് ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും കാക്കനാട് എൻ.എച്ച്. നം:1 സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട തുക കൈമാറുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 17,31,520/- രൂപ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ബ്രിഡ്ജസ്), എറണാകുളം ലഭ്യമാക്കിടിട്ടുണ്ട്.

(സി) സ്ഥലമേറ്റെടുപ്പിന് റവന്യൂ വകുപ്പിൽനിന്ന് അനുമതി ലഭിച്ചശേഷം സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

(ഡി) സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(സി&ഡി) പ്രസ്തുത പദ്ധതിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി കാക്കനാട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) NH No-1-നെ

നിയമിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 17,31,520/- രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാതപഠനം രണ്ട് മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഭാരതമാതാ കോളേജ് ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര യൂണിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും പഠനം ആരംഭിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**നികുതി അടയ്ക്കാത്ത ഭൂമികൾ പൊതുവികസന പദ്ധതികൾക്ക് വിട്ടുകൊടുക്കാൻ നടപടി**

314 (3357) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ കോട്ടൂർ വില്ലേജിലെ നികുതി അടയ്ക്കാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ടു നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കൊയിലാണ്ടി താലൂക്കിലെ കോട്ടൂർ വില്ലേജിലെ നികുതി അടയ്ക്കാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല. ഇതുസംബന്ധിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടില്ല.

(ബി) നികുതി അടയ്ക്കാത്ത ഭൂമികൾ സർക്കാരിന്റെ പൊതുവികസന പദ്ധതികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും ഉത്തരവായി ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നികുതി അടയ്ക്കാത്ത ഭൂമികൾ സർക്കാരിന്റെ പൊതുവികസന പദ്ധതികൾക്ക് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മിച്ചഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ നിലവിലെ സ്ഥിതി**

315 (3358) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കേക്കളം മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സി.ആർ.പി. (എൽ.ആർ.) 74/2003, ഡബ്ല്യൂ.പി. (സി)12210/2014 നമ്പർ കേസുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18-08-2000-ലെ TLB-SR/980/TPY നമ്പർ ഉത്തരവുപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് തലപ്പിള്ളി താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ ശ്രീ. പ്രഭാകരൻ ഫയൽ ചെയ്ത WP(C)12210/2014 നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് സി.ആർ.പി. (എൽ.ആർ.) 74/2003 എന്ന നമ്പറിൽ ഒരു കേസ് നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലില്ല. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് CRP(LR)44/13 എന്നൊരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.

**തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജ്**

316 (3359) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ ക്രാഫ്റ്റ് വില്ലേജിനായി നിർദ്ദേശിച്ച സ്ഥലം സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയതെന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്ന് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) തരൂർ മണ്ഡലത്തിലെ ക്രാഫ്റ്റ് വില്ലേജിനായി നിർദ്ദേശിച്ച സ്ഥലം പൂർണ്ണമായും കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും റീസർവ്വേ രേഖകൾപ്രകാരം സബ്ഡിവിഷൻ ആയി വന്നിട്ടുള്ളവയും ടി സ്ഥലത്തിന് പ്രത്യേകിച്ച് സർവ്വേ ചെയ്യേണ്ടുന്ന ആവശ്യകത ഇല്ലാത്തതുമാണ്.

**ഭൂമി തരം മാറ്റുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ**

317 (3360) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 22-02-2022-ലെ സ.ഉ(കൈ)നം.56/2022/RD പ്രകാരം ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും 990 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. കൂടാതെ മേൽപ്രകാരമുള്ള ഉത്തരവിലൂടെ ടി ആവശ്യത്തിലേയ്ക്കായി ഐ.ടി. അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹനങ്ങളും അനുവദിച്ചിരുന്നു. തുടർന്ന് ശേഷിക്കുന്ന അപേക്ഷകൾകൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഇപ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി,

179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 26-11-2022-ലെ സ.ഉ(കൈ) നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ഭൂമി തരംമാറ്റൽ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി നിശ്ചിത ഇടവേളകളിൽ ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം) എന്നിവർ വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെല്ലും പ്രവർത്തിച്ചുവരുന്നു. 26-02-2023 വരെ ഓഫ് ലൈനായി സ്വീകരിച്ച 214900 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ഇത് ആകെ അപേക്ഷകളുടെ 94.71% ആണ്. 12001 ഓഫ് ലൈൻ അപേക്ഷകൾ മാത്രമാണ് തീർപ്പാക്കാനായി ശേഷിക്കുന്നത്. 2022-ൽ ലഭിച്ച ഓൺലൈൻ അപേക്ഷകളിൽ 194168 എണ്ണം തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. ആയത് യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് സർക്കാർ ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

25-02-2021-ലെ സ.ഉ(സാധാ) നം.1166/2021/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ 21-04-2021-ലെ എസ്.ആർ.ഒ. നമ്പർ 369/2021 പ്രകാരം പുറപ്പെടുവിച്ച 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം സൗജന്യനിരക്കിലും 25 സെന്റ് മുതൽ ഒരേക്കർ വരെ വിസ്തൃതിയുള്ളവയ്ക്ക് ന്യായവിലയുടെ 10 ശതമാനവും ഒരേക്കറിന് മുകളിൽ വിസ്തൃതിയുള്ള ഭൂമിക്ക് ന്യായവിലയുടെ 20 ശതമാനവും ഫീസ് അടവാക്കിക്കൊണ്ട് തരംമാറ്റം അനുവദിക്കുന്നതിനായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വ്യത്യാസമില്ലാതെ ഫീസ് നിരക്ക് ഏകീകരിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

(സി) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഫീസ് അടച്ചവർക്ക് അത് തിരികെ നൽകണമെന്ന കോടതിവിധി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

25-02-2021 എന്ന 'Cut off date' കണക്കിലെടുക്കാതെ ബന്ധപ്പെട്ട അധികാരികൾ അപേക്ഷകൾ പരിഗണിക്കണമെന്നുള്ള 22-10-2021-ലെ WP(C)3797/2020&Connected Cases-മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 25-02-2021-ന്

മുമ്പ് തീർപ്പുകല്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച അപേക്ഷകൾ ഒഴികെയുള്ള മുഴുവൻ അപേക്ഷകളിലും 21-04-2021-ലെ SRO 369/2021-ന്റെ വ്യവസ്ഥകൾപ്രകാരം സൗജന്യ തരംമാറ്റത്തിനും പുതുക്കിയ നിരക്കിലുള്ള ഫീസിനും അർഹത ഉണ്ടായിരിക്കുന്നതാണെന്ന് 10-12-2021-ലെ REV-P1/313/2021-REV സർക്കുലറിലൂടെ നിർദ്ദേശം നൽകിയിരുന്നു. ചട്ടങ്ങൾക്ക് മുൻകാലപ്രാബല്യം നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുള്ളതല്ലെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം പാലിക്കേണ്ടതുണ്ട് എന്നതിനാലാണ് ഇപ്രകാരം 10-12-2021-ലെ REV-P1/313/2021-REV സർക്കുലറിലൂടെ നിർദ്ദേശം നൽകിയത്. എന്നാൽ 22-10-2021-ലെ WP(C)3797/2020 & Connected Cases-മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനുമുമ്പ് (തുടർന്നുള്ള 10-12-2021-ലെ REV-P1/313/2021-REV സർക്കുലറിനും) ഫീസ് അടവാക്കിയവർക്ക് അപ്രകാരം അടവാക്കിയ ഫീസ് റീഫണ്ട് ചെയ്ത് നൽകുന്നതിന് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി കോടതി ഉത്തരവുകളുണ്ടാകുകയും കോടതിയലക്ഷ്യ ഹർജികൾ ഫയൽ ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള കേസുകളിൻമേൽ അപ്പീൽ/SLP ഫയൽ ചെയ്യുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ടി

SLP/അപ്പീലിന്മേലുള്ള ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായത്തിന് വിധേയമായിമാത്രമേ, മേൽപ്രകാരം ഫീസ് അടവാക്കിയവർക്ക് ആയത് തിരികെ നൽകുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**പാറപുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിന് നടപടി**

318 (3361) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലെ ഒരങ്കോകുന്ന്, മണ്ടോപ്പാറ കോളനി നിവാസികൾക്ക് അർഹതപ്പെട്ടതും ദീർഘകാലമായി താമസിച്ചുകൊണ്ടിരിക്കുന്നതുമായ പാറപുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിൽ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വേറെ ഭൂമിയില്ലെന്ന കാര്യം പരിഗണിച്ച് ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നഷ്ടപ്പെടാതിരിക്കാനായി ഭൂമി പതിച്ച് നൽകുന്ന നടപടി വേഗത്തിലാക്കാമോ;

(സി) പ്രസ്തുത കോളനിയിലെ ഭൂമിയില്ലാത്ത 55 പേരുടെ അപേക്ഷ എന്നാണ് സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്; ഇവരുടെ അപേക്ഷയിൽ തീർപ്പുകല്പിക്കുന്നതിൽ എവിടെയാണ് കാലതാമസം വന്നിട്ടുള്ളത്?

(എ-സി) ഈ വിഷയം എൽ.2/15/2018/റവ നമ്പർ ഫയൽ പ്രകാരം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വിഷയത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

**വടകര താലൂക്കിലെ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകൾ**

319 (3362) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് അറിയിക്കാമോ?

വടകര താലൂക്കിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് 2645 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്താകെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി, 22-02-2022-ലെ സ.ഉ. (കൈ)നം.56/2022/RD പ്രകാരം ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും 990 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചും ഉത്തരവായിരുന്നു. കൂടാതെ ടി ആവശ്യത്തിലേയ്ക്കായി ഐ.ടി. അനുബന്ധസൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി വാഹനങ്ങളും ടി ഉത്തരവുപ്രകാരം അനുവദിച്ചിരുന്നു. ഈ സംവിധാനത്തിലൂടെ 6 മാസംകൊണ്ട് 212767 അപേക്ഷകൾ തീർപ്പാക്കാനായെങ്കിലും രണ്ട് ലക്ഷത്തോളം അപേക്ഷകൾ പുതുതായി സമർപ്പിക്കപ്പെട്ടു. തുടർന്ന്

ശേഷിക്കുന്ന അപേക്ഷകൾക്കൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഇപ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെ സേവനവും അനുബന്ധ സൗകര്യങ്ങളും 179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 26-11-2022-ലെ സ.ഉ(കൈ) നം.278/2022/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്താകെ ലഭിച്ച തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) തയ്യാറാക്കിയിട്ടുള്ളതുമാണ്.

മേൽ പ്രകാരം തരംമാറ്റവുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽ തരംമാറ്റ വിഷയം കൈകാര്യം ചെയ്യുന്നതിനായി ക്ലാർക്ക് - 1, ജൂനിയർ സൂപ്രണ്ട് - 1, സർവ്വെയർ - 1 എന്നിവർ പ്രവർത്തിച്ചുവരുന്നു. കൂടാതെ വടകര താലൂക്കിലെ തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി വടകര ആർ.ഡി.ഒ.-യിൽ വില്ലേജ് അടിസ്ഥാനത്തിൽ മൂന്ന് ക്ലാർക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഫയലിന്റെ പ്രാഥമിക പരിശോധനയ്ക്കായി ഒരു ജൂനിയർ സൂപ്രണ്ട് എന്നിവരെ നിയോഗിച്ചിട്ടുള്ളതും ഭൂമി തരംമാറ്റം സംബന്ധിച്ച് സ്ഥല പരിശോധനകൾക്കായി മാസവാടക അടിസ്ഥാനത്തിൽ വാഹനം അനുവദിച്ചിട്ടുള്ളതുമാണ്. അപേക്ഷകൾ സമർപ്പിക്കുന്ന തീയതിയുടെ

അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ച് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**റെലിസ് സോഫ്റ്റ്‌വെയർ മുഖേന ഭൂമി തരം മാറ്റൽ**

320 (3363) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റെലിസ് സോഫ്റ്റ്‌വെയർ മുഖേന ഭൂമി തരംമാറ്റുന്നതിന് നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

റെലിസ് സോഫ്റ്റ്‌വെയർ മുഖേന ഭൂമി തരംമാറ്റുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനും പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും നിലവിൽ ബുദ്ധിമുട്ടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചങ്ങരംകുളം ട്രഷറി നിർമ്മാണത്തിന് വിട്ടുനൽകിയ സ്ഥലം**

321 (3364) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പടപ്പ് ബ്ലോക്കിന്റെ കീഴിലുള്ള പത്ത് സെന്റ് സ്ഥലം ചങ്ങരംകുളം ട്രഷറി നിർമ്മാണത്തിന് വിട്ടുനൽകിയിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത വസ്തുവിന്റെ കൈമാറ്റ നടപടികൾ നിയമാനുസൃതം പൂർത്തിയാക്കിയിട്ടില്ല;

ആയത് പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ചങ്ങരംകുളം സബ് ട്രഷറി നിർമ്മാണത്തിനായി 05-06-2018-ലെ ജി.ഒ. (പി) 31/2018-ാം നമ്പർ ഉത്തരവുപ്രകാരം ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് 16-02-2023-ലെ LR/13495/2022-LR(K2) നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആലംകോട് വില്ലേജിൽ റീസർവ്വേ നം.254/1A2 B2-ൽപ്പെട്ട 10 സെന്റ് സ്ഥലം ചങ്ങരംകുളം സബ് ട്രഷറി നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള അന്തിമനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ചുവരികയാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

322 (3365) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന വിവരം അറിയിക്കാമോ; പ്രസ്തുത ഭൂമിയുടെ

വിസ്തീർണ്ണം, സർവ്വേ നമ്പർ, ഉൾപ്പെടുന്ന വില്ലേജ്, താലൂക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തൽ**

323 (3366) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മൂന്നിയൂർ, ചേലേമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കടലുണ്ടിപ്പുഴ, പുല്ലിപ്പുഴ, കനോലി കനാൽ എന്നിവയുടെ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരൂരങ്ങാടി താലൂക്ക് പരിധിയിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മൂന്നിയൂർ വില്ലേജുകളിലൂടെ കടന്നുപോകുന്ന കടലുണ്ടിപ്പുഴയ്ക്ക് യഥാക്രമം 6.5 കി.മീറ്റർ, 3 കി.മീറ്റർ, 4 കി.മീറ്റർ ദൂരമുണ്ട്. കടലുണ്ടിപ്പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിലേയ്ക്ക് ആദ്യഘട്ടമെന്ന നിലയ്ക്ക് 150 സർവ്വേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ലുകളും കാടുവെട്ടി തെളിക്കുന്നതിനായി ദിവസക്കൂലിക്ക് ആളുകളെ ഏർപ്പെടുത്തുന്നതിനും ടി ജോലി പൂർത്തീകരിക്കുന്നതിലേയ്ക്ക് 6 സർവ്വേ ഉദ്യോഗസ്ഥരേയും ചെയിൻമാൻ കൂലിയിനത്തിൽ 40,000 രൂപയും ആവശ്യമായി വരുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. പുല്ലിപ്പുഴയുടെ മലപ്പുറം ജില്ല ഉൾപ്പെട്ട ഭാഗം സർവ്വേ ചെയ്യുന്നതിന് ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്, ഇറിഗേഷൻ ഹാർബർ എഞ്ചിനീയറിംഗ്, റവന്യൂ വകുപ്പ് എന്നിവ സംയുക്തമായി സ്ഥല പരിശോധന നടത്തിയെങ്കിലും സർവ്വേയർമാരുടെ കുറവുകാരണം നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ഇതിലേയ്ക്കായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

324 (3367) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ, ഉൾപ്പെടുന്ന വില്ലേജ്, ഉൾപ്പെടുന്ന ബ്ലോക്ക് എന്നിവ ലഭ്യമാക്കാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന റവന്യൂ പുറമ്പോക്കുഭൂമി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**എക്കോ ഷോപ്പ് ആരംഭിക്കുന്നതിന് സ്ഥലം**

325 (3368) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കിസാൻ സർവ്വീസ് സൊസൈറ്റി എന്ന സംഘടന സംസ്ഥാന കൃഷി വകുപ്പ് പദ്ധതിയായ "എക്കോ ഷോപ്പ്" ആരംഭിക്കുന്നതിനായി ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ കൃഷിഭവന് ചേർന്നുള്ള സ്ഥലം വാടക നിശ്ചയിച്ച് വിട്ടുനൽകാൻ ആവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ എൽ9/749/2023 എന്ന നമ്പരിലുള്ള അപേക്ഷ തീർപ്പായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എത്രയുംവേഗം തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കിസാൻ സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് ശ്രീ. ടി. എ സന്തോഷ് 16-01-2023-ൽ സമർപ്പിച്ച അപേക്ഷ അന്വേഷണത്തിനും റിപ്പോർട്ടിനുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ കളക്ടർ ആലുവ തഹസിൽദാർക്ക് അയച്ചുകൊടുത്തിട്ടുള്ളതും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(ബി) സർക്കാർ പദ്ധതി നടപ്പിലാക്കുന്നതിനായി ഇത്തരം സ്ഥലങ്ങൾ വാടക നിശ്ചയിച്ചുവിട്ടുനൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്ഥാപനങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടില്ല.

**പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി**
**പതിച്ച് നൽകിയതിന്റെ വിശദാംശം**

326 (3369) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധീനതയിലുള്ള ഭൂമി ദീർഘകാല ലീസിന് നൽകിയിട്ടുണ്ടോ; ആയത് സ്ഥാപനങ്ങൾക്കാണോ വ്യക്തികൾക്കാണോ നൽകിയിട്ടുള്ളതെന്നും അതിന്റെ വ്യവസ്ഥയെന്താണെന്നും വിശദമാക്കാമോ?

സർക്കാർ അധീനതയിലുള്ള ഭൂമി ദീർഘകാല ലീസിന് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകിയിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 15 ഉപചട്ടം 1 മുതൽ 4 വരെയുള്ള വ്യവസ്ഥകൾ പ്രകാരമാണ് പാട്ടം അനുവദിക്കുന്നത്.

ചട്ടം 15 പാട്ടത്തിന്റെയോ ലൈസൻസിന്റെയോ വ്യവസ്ഥകൾ (Conditions of lease or licence)

(1) ഈ ചട്ടങ്ങൾപ്രകാരം കാർഷികാവശ്യങ്ങൾക്കായി പാട്ടമോ ലൈസൻസോ നൽകിക്കൊണ്ടുള്ള ഉത്തരവുകൾ ഈ ചട്ടങ്ങളുടെ അനുബന്ധം VI-ലെ ഫോറത്തിൽ നൽകേണ്ടതും കാർഷികേതര ആവശ്യങ്ങൾക്കുള്ളവ അനുബന്ധം VII-ലെ ഫോറത്തിൽ നൽകേണ്ടതും ഇപ്രകാരമുള്ള പാട്ടങ്ങളും ലൈസൻസുകളും അതുനൽകിക്കൊണ്ടുള്ള ഉത്തരവിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാണ്.

(2) ഈ ചട്ടങ്ങൾക്ക് കീഴിൽ നൽകിയിട്ടുള്ള പാട്ടവും ലൈസൻസുകളും പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. എന്നാൽ സൈനികർക്ക് പതിച്ചുകിട്ടിയിട്ടുള്ള ഭൂമി അവർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നതിലേയ്ക്കായി നാട്ടിൽനിന്നും

ദൂരെയായിരിക്കുമ്പോൾ കാർഷികാവശ്യങ്ങൾക്കായി പാട്ടത്തിന് നൽകാവുന്നതാണ്.

(3) പാട്ടം നൽകിക്കൊണ്ടുള്ള ഉത്തരവിൽ മറ്റുവിധത്തിൽ പറഞ്ഞിട്ടില്ലാത്തപക്ഷം പതിച്ചുകിട്ടിയ വ്യക്തിക്ക് പാട്ടക്കാലയളവിൽ പാട്ടത്തിനെയോ ലൈസൻസിനെയോ സംബന്ധിച്ച് തന്റെ ഇഷ്ടത്തിനനുസരിച്ച് തീരുമാനം മാറ്റുന്നതിന് ക്ഷമതയുണ്ടായിരിക്കുന്നതല്ല.

(4) പതിച്ചുനൽകിയ ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ ഗവൺമെന്റിനോ പൊതുകാര്യത്തിനോ ആവശ്യമുള്ളപക്ഷം പതിച്ചുകിട്ടിയ വ്യക്തിക്ക് അറുപത് ദിവസത്തെ രേഖാമൂലം നോട്ടീസ് നൽകിയശേഷം പൊതുകാര്യത്തിനോ ആവശ്യമുള്ള നോട്ടീസ് നൽകിയശേഷം പാട്ടമോ ലൈസൻസോ നൽകിയ അധികാര കേന്ദ്രത്തിന് അത് റദ്ദ് ചെയ്യാവുന്നതാണ്. പതിച്ചുകിട്ടിയ വ്യക്തി ആ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം പതിനഞ്ച് ദിവസത്തിൽ കവിയാത്ത ന്യായമായ നോട്ടീസ് നൽകിയശേഷം പാട്ടം റദ്ദുചെയ്യാവുന്നതാണ്.

(ബി) ഇങ്ങനെ നൽകിയ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് പതിച്ച് കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഇങ്ങനെ നൽകിയ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾപ്രകാരം ഭൂമി പതിച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ പാട്ടഭൂമി പതിച്ചുനൽകിയതിന്റെ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

**പാട്ടക്കരാർ**

327 (3370) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയിരിക്കുന്നത് നിലവിൽ എത്ര ഭൂമിയാണെന്നും അതിലൂടെ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ആകെ 3924 കേസുകളിലായി 2364.0678 ഹെക്ടർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതും അതിൽനിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 4,58,16,219 രൂപയും 2022-2023 സാമ്പത്തിക വർഷം ജനുവരി 31 വരെ 4,34,55,548/- രൂപയും പാട്ടത്തുകയായി ലഭിച്ചിട്ടുള്ളതുമാണ്.

(ബി) പാട്ടക്കരാർ പ്രകാരം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തുക ഏറ്റവും ഒടുവിൽ പുതുക്കിയതെന്നാണെന്ന് അറിയിക്കാമോ?

സർക്കാരിന്റെ 28-01-2016-ലെ ജി.ഒ.(പി) 64/2016/ആർ.ഡി., 06-02-2016-ലെ ജി.ഒ.(എം.എസ്.) 96/2016/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരമാണ് മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെയും പഞ്ചായത്ത് പ്രദേശങ്ങളിലെയും പാട്ട നിരക്ക് ഏറ്റവും ഒടുവിൽ പുതുക്കിയത്.

(സി) പാട്ടക്കരാറുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

സർക്കാർ മുൻപാകെ സമർപ്പിക്കപ്പെട്ട 29 അപ്പീലുകളും വിവിധ കോടതികൾ മുൻപാകെ 53 കേസുകളും അപ്പീൽ അധികാരി മുൻപാകെ 16 കേസുകളും അടക്കം ആകെ 98 കേസുകൾ നിലവിലുണ്ട്.

**ഓൺലൈൻ വഴിയുള്ള സർക്കാർ സേവനങ്ങൾ**

328 (3371) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റപ്പെട്ടതോടെ പൊതുജനങ്ങൾക്ക് വന്നുചേരാനിടയുള്ള ആശയക്കുഴപ്പവും പ്രയാസങ്ങളും പരിഹരിക്കുന്നതിനും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ് ഈ മേഖലയിൽ എന്തൊക്കെ ചുമതലകളാണ് വഹിക്കുന്നതെന്ന് വിശദീകരിക്കാമോ?

(എ&ബി) സർക്കാർ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റപ്പെട്ട സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് വന്നുചേരാനിടയുള്ള ആശയക്കുഴപ്പവും പ്രയാസങ്ങളും പരിഹരിക്കുന്നതിനും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി റവന്യൂ വകുപ്പിന്റെ പരിശീലന സ്ഥാപനമായ ഐ.എൽ.ഡി.എം.-ന്റെ ഭാഗമായി ഐ.ടി. മിഷനിൽ പ്രവർത്തിച്ചുവരുന്ന റവന്യൂ കോൾ സെന്ററിൽ പ്രവർത്തനത്തിലുള്ള 1800 425 52 55 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ, പരാതികൾ, നിർദ്ദേശങ്ങൾ മുതലായവ വിളിച്ച് അറിയിക്കാവുന്നതും അവയ്ക്ക് പരിഹാരം നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതുമാണ്. അതോടൊപ്പം ഐ.എൽ.ഡി.എം.-ന്റെ www.ildm.kerala.gov.in എന്ന വെബ്സൈറ്റിൽ വിവിധ റവന്യൂ വിഷയങ്ങളിൽ പ്രഗൽഭരായവരുടെ നോട്ടുകൾ ചേർത്തിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം

സൃഷ്ടിക്കുകയെന്നതാണ് സേവനങ്ങളെ സുതാര്യമാക്കാനുള്ള മാർഗ്ഗങ്ങളിലൊന്നെന്ന് തിരിച്ചറിഞ്ഞ് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതരത്തിലുള്ള ചെറുവിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾക്കായി ഒന്നേകാൽ ലക്ഷത്തിലധികം വരിക്കാരുമായി ആർ.ഐ.ബി.-യുടെ യൂട്യൂബ് ചാനൽ (https://yoututbe.com/@rbikeralam) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫെബ്രുവരി 24-ാം തീയതി പ്രകാശനം ചെയ്തു. കൂടാതെ ഐ.എൽ.ഡി.എം.-ൽ പ്രവർത്തിച്ചുവരുന്ന മീഡിയാ സെല്ലിന്റെ ഭാഗമായുള്ള യൂട്യൂബ് ചാനലിൽ (https://yoututbe.com/@instituteoflandanddisaster2156) റവന്യൂ വിഷയങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധരുടെ ക്ലാസ്സുകൾ ചിത്രീകരിച്ച് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അതോടൊപ്പം ഐ.എൽ.ഡി.എം.-ന്റെ ഫേസ് ബുക്ക്, ട്വിറ്റർ എന്നീ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിൽ റവന്യൂ വിഷയങ്ങളിൽ പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന സംശയങ്ങൾ, റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, പദ്ധതികളുടെ വഴികാട്ടി എന്നീ

തലങ്ങളിലുള്ളതും ചോദ്യോത്തരങ്ങളടങ്ങുന്നതുമായ 'നിങ്ങൾക്കറിയാമോ' എന്ന തലക്കെട്ടിലുള്ള ബുള്ളറ്റിൻ പ്രതിദിനം പോസ്റ്റ് ചെയ്യുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ, ഓഫീസുകളുടെ വിവരം, വകുപ്പിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിശദാംശങ്ങൾ എന്നിവ കൃത്യതയോടെ ഉൾപ്പെടുത്തിയുള്ള റവന്യൂ ഗൈഡ് പ്രതിവർഷം പ്രസിദ്ധീകരിക്കുന്നുമുണ്ട്. റവന്യൂ വകുപ്പിലെ ഉത്തരവുകൾ, പദ്ധതികൾ, വിദഗ്ദ്ധരുടെ പഠന റിപ്പോർട്ടുകൾ, ഉദ്യോഗസ്ഥരുടെ സർഗ്ഗാത്മകമായ കഴിവുകൾ ഇവ ഭൂമിക എന്ന മാസികയിലൂടെ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നുമുണ്ട്.

**കോഴിക്കോട് താലൂക്ക് ഓഫീസിന്റെ നവീകരണം**

329 (3372) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ഓഫീസിന്റെ അറ്റകുറ്റപ്പണി/ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(സി) മേൽപ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) 2022-23 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകളെന്ന പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് താലൂക്ക് ഓഫീസിന്റെ നവീകരണത്തിനായി 17,00,000 (പതിനേഴ് ലക്ഷം) രൂപയുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി നിലവിൽ ടെണ്ടർ സ്റ്റേജിലാണ്.

**കച്ചേരി വില്ലേജിലെ റവന്യൂ ടവർ നിർമ്മാണം**

330 (3373) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് താലൂക്കിലെ കച്ചേരി വില്ലേജിലെ റവന്യൂ ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2022-23-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതം കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ

സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതകാരണം റവന്യൂ ടവർ നിർമ്മാണം 2022-23 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും ടി നിർമ്മാണ പ്രവർത്തനം പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് സർക്കാർ ഏറ്റെടുത്ത ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് പ്രവർത്തിച്ചിരുന്ന അയ്യപ്പഭജനമഠം ഒഴിപ്പിക്കുന്നതിനെതിരെ ശ്രീ. മണ്ണിൽ രാജൻ എന്നിവർ ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്./611/18 നമ്പർ കേസിലെ 23-07-2020-ലെ ഉത്തരവ് പ്രകാരം പ്രസ്തുത കേസ് തീർപ്പാകുന്നതുവരെ സ്ഥാപനം ടി സ്ഥലത്ത് തുടരാനും പ്രവർത്തിക്കാനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേസിൽ സർക്കാർ

ഭാഗം കോടതിയിൽ ഫയൽ ചെയ്ത് അനുകൂലവിധി സമ്പാദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പള്ളിച്ചൽ വില്ലേജ് ഓഫീസിന്റെ നിർമ്മാണം**

331 (3374) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ വില്ലേജ് ഓഫീസിനുവേണ്ടി ഭൂമി വാങ്ങുന്നതിനും ഓഫീസ് നിർമ്മിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

പള്ളിച്ചൽ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വേ നമ്പർ 113/28-2-ൽപ്പെട്ട സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ഭിന്നശേഷിക്കാരായവർക്കും വാഹനങ്ങൾക്കും പ്രവേശിക്കുവാൻ സൗകര്യപ്രദമല്ലായെന്ന പരാതിയെത്തുടർന്ന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരിക്കുകയാണ്.

**തൃപ്രങ്ങോട്ടൂർ വില്ലേജ് വിഭജനം**

332 (3375) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രങ്ങോട്ടൂർ വില്ലേജ് വിഭജിച്ച് പൊയിലൂർ ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരണം യാഥാർത്ഥ്യമാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) ആദിവാസികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പതിറ്റാണ്ടുകളായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറുടെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില്ലേജ് വിഭജനം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; വിശദമാക്കുമോ?

(എ&ബി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയം നിലനിർത്താൻ നടപടി**

333 (3376) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തിരുവനന്തപുരം ജില്ലയിലെ പി.എം.ജി.-യിൽ സ്ഥിതി ചെയ്യുന്ന ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയം മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിയമസഭ, കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ, മ്യൂസിയം പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ അടിയന്തരഘട്ടങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കൂടിയായ സ്പെഷ്യൽ തഹസിൽദാറുടെ സേവനം ലഭ്യമാകുമെന്നത് കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള ശിപാർശ സ്പെഷ്യൽ തഹസിൽദാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

334 (3377) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം, കുന്നത്തുനാട് എന്നീ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജ് ഓഫീസിനെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിലവിൽ PCC for foundation വർക്കുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2019-20 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിപ്രകാരം കുന്നത്തുനാട് വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ ഇ-ടെണ്ടർ

നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത രണ്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**മാവൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ട്**

335 (3378) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ ആകെ എത്ര സ്ഥലമാണുള്ളതെന്ന് വ്യക്തമാക്കാമോ?

മാവൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ 30 സെന്റ് സ്ഥലമാണുള്ളത്.

(ബി) സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മാവൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുവാൻ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവൂർ വില്ലേജാഫീസ് പുതുക്കിപ്പണിയുന്നതിനും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും വില്ലേജാഫീസിനോട് ചേർന്ന് കിടക്കുന്ന ഭൂമി അത്യാവശ്യമാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാവൂർ വില്ലേജാഫീസിനോട് ചേർന്ന് കോൺവെന്റ് അതിർത്തിയുമായി വരുന്ന 3.6 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് അനുവദിക്കുന്നതിനായി ജില്ലാ വകുപ്പ് മേധാവി നിശ്ചിത പ്രൊഫോർമയിൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ജില്ലാ കളക്ടർ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**മാവേലിക്കര താലൂക്ക് ഓഫീസിന്റെയും**
**വില്ലേജ് ഓഫീസിന്റെയും നവീകരണം**

336 (3379) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്ക് ഓഫീസിന്റെയും മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതി പ്രകാരം മാവേലിക്കര താലൂക്ക് ഓഫീസിനെ പുതിയ കെട്ടിട നിർമ്മാണത്തിനായും മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, പാലമേൽ, വെട്ടിയാർ വില്ലേജ് ഓഫീസുകളെയും കൂടാതെ 2018-19 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ

ഓഫീസ് പദ്ധതിപ്രകാരം തഴക്കര വില്ലേജ് ഓഫീസിനെയും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം വില്ലേജ് ഓഫീസിന് പ്ലാൻ സ്കീം 2017-18 പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നിർവ്വഹിച്ചിട്ടുണ്ട്. മാവേലിക്കര താലൂക്ക് ഓഫീസിന്റെയും മാവേലിക്കര മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കോന്നി താലൂക്ക് ഓഫീസ് പ്രവർത്തനത്തെക്കുറിച്ച് വകുപ്പ് തല അന്വേഷണം

337 (3380) ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുമൂലം കോന്നി താലൂക്ക് ഓഫീസിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ടതായി സ്ഥലം എം.എൽ.എ. മാധ്യമങ്ങൾക്ക് മുമ്പിൽ വെളിപ്പെടുത്തിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കോന്നി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം എം.എൽ.എ.-യുടെ പരാതിയും ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടും പരാതിയും സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധനയ്ക്കുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സ്മാർട്ട് വില്ലേജ് നിർമ്മാണം**

338 (3381) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2022-23 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത വില്ലേജുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടൊപ്പം മറ്റ് എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് വിപുലീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ

ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനികരീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

(സി) പുതുതായി അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പുതുതായി അനുവദിച്ച മണ്ണഞ്ചേരി വില്ലേജ് ഓഫീസിന്റെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. ടെണ്ടർ

നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

**കുട്ടനാട്ടിലെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

339 (3382) ശ്രീ. തോമസ്. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടും വിഷൻ ആൻഡ് മിഷൻ 2021-26 എന്ന പദ്ധതി ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ, പ്രധാനമായും വില്ലേജ് ഓഫീസുകളുടെ, അടിസ്ഥാന

സൗകര്യവികസനം സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി കുട്ടനാട് താലൂക്കിനുകീഴിലുള്ള 14 വില്ലേജുകളിൽ മുട്ടാർ, കാവാലം, പുളിങ്കുന്ന് എന്നീ വില്ലേജ് ഓഫീസുകൾ പൊളിച്ച് വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതരത്തിൽ പുതിയ വില്ലേജ് ഓഫീസ് (സ്മാർട്ട് വില്ലേജ്) കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൈനകരി വടക്ക് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ (സ്മാർട്ട് വില്ലേജ്) നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. മറ്റ് വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതിന് കുട്ടനാട് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ നിലിവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ഇവിടെ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി കുട്ടനാട് താലൂക്കിൽ 10-11-2022-ന് അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതും പ്രസ്തുത അദാലത്തിൽ 226 പരാതികൾ പരിഗണിച്ചിട്ടുള്ളതുമാണ്.

**വില്ലേജ് ഓഫീസുകളുടെ സ്റ്റാഫ് പാറ്റേൺ**

340 (3383) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺപ്രകാരം അനുവദനീയമായ അത്രയും ജീവനക്കാരുള്ള വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

റവന്യൂ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായ അത്രയും ജീവനക്കാരുള്ള വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓരോ ജില്ലയിലേയും വില്ലേജ് തിരിച്ചുള്ള സാംഗ്ഷൻഡ് സ്റ്റ്രെംഗത്ത്-ന്റെ വിശദാംശം നൽകാമോ?

നിലവിൽ സംസ്ഥാനത്ത് 14 ജില്ലകളിലായി ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ 1666 (1542+124) വില്ലേജുകളാണുള്ളത്. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു വില്ലേജ് ഓഫീസറും ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസറും ഒരു വില്ലേജ് അസിസ്റ്റന്റും രണ്ട് വി.എഫ്.എ.-മാരുമാണ് വില്ലേജ് ഓഫീസുകളിൽ നിശ്ചയിച്ചിട്ടുള്ളത്. 124 ഗ്രൂപ്പ് വില്ലേജുകളിലും പുതിയതായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിച്ച അഞ്ച് വില്ലേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതാണ്. വില്ലേജ് ഓഫീസുകളുടെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) വില്ലേജ് ഓഫീസുകളിൽ സ്റ്റേഷനറി സാധനങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ നൽകുന്ന സ്റ്റേഷനറി സാധനങ്ങളുടെ പട്ടിക നൽകാമോ; ഏത് കാര്യാലയത്തിൽനിന്നാണ് ആയത് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. വില്ലേജ് ഓഫീസുകളിൽ നൽകുന്ന സ്റ്റേഷനറി സാധനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+ എല്ലാ ജില്ലകളിലെയും വില്ലേജുകളിലേയ്ക്ക് സ്റ്റേഷനറി സാധനങ്ങൾ നൽകുന്നത് ബന്ധപ്പെട്ട താലൂക്കാഫീസുകളിൽനിന്നാണ്.

(ഡി) സംസ്ഥാനത്ത് ഓരോ വില്ലേജിലും നൽകിയിട്ടുള്ള ലാപ്ടോപ്, ഡെസ്ക്ടോപ്, സ്കാനർ, പ്രിന്റർ എന്നിവ ഏത് വർഷം നൽകിയതാണ്; ആയത് നൽകിയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് നൽകാമോ?

ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ് ഐ.ടി. സെല്ലും ഇ-ഡിസ്ട്രിക്ട് പ്രോജക്ടിന്റെ ഭാഗമായി സ്റ്റേറ്റ് ഐ.ടി. മിഷനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ. ഫണ്ട്, DeGs/ഇതര ഫണ്ട് വിനിയോഗിച്ച് അതാത് ജില്ലാ കളക്ടർമാരും സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലേയ്ക്ക് ലാപ്ടോപ്, ഡെസ്ക്ടോപ്, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കിയിട്ടുള്ളതാണ്. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐ.ടി. സെൽ വഴി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വില്ലേജുകളിൽ ലഭ്യമാക്കിയിട്ടുള്ള ഐ.ടി. ഉപകരണങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി

341 (3384) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന വില്ലേജ് ഓഫീസുകളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ സേവനങ്ങൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് പൊതുജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകളിലെ വിവിധ തസ്തികകളിലേയ്ക്ക് അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും വില്ലേജ് ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ 9 വില്ലേജ് ഓഫീസുകളിലായി 46 ജീവനക്കാരുടെ വിവിധ തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ 8 തസ്തികകൾ മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്. അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+ കോട്ടക്കൽ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന എല്ലാ വില്ലേജ് ഓഫീസുകളിലും നിലവിൽ വില്ലേജ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള 6 വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും ലിസ്റ്റ് ലഭ്യമാക്കുകയും അതിലുൾപ്പെട്ട ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി അർഹരായവരെ തെരഞ്ഞെടുത്തിട്ടുള്ളതും ടി ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

**കട്ടിപ്പാറ വില്ലേജിലെ ജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിന് നടപടി**

342 (3385) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ വില്ലേജിൽ പതിനഞ്ചാം വാർഡിലുൾപ്പെടുന്ന രണ്ടുകണ്ടി പ്രദേശത്തെയും പതിനാലാം വാർഡിൽ ഉൾപ്പെടുന്ന വട്ടച്ചുഴലി പ്രദേശത്തെയും നാൽപ്പതോളം കുടുംബങ്ങൾക്ക് അവരുടെ പേരിലുള്ള വസ്തുവിന് നികുതി ഒടുക്കുന്നതിനോ വസ്തു സംബന്ധമായ രേഖകൾ നൽകുന്നതിനോ റവന്യൂ അധികാരികൾ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ രണ്ടുകണ്ടി-വട്ടച്ചുഴലി ഭാഗത്ത് പുഴ പുറമ്പോക്ക് കൈവശം വച്ചുവരുന്നവർക്ക് കരം അടയ്ക്കാൻ കഴിയുന്നില്ലെന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക്

റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം പുഴയോട് ചേർന്ന പുറമ്പോക്ക് വസ്തുവിന് ചേർന്നുള്ള വസ്തുക്കളുടെ സർവ്വേ നമ്പർ രേഖപ്പെടുത്തി ആധാരം ചെയ്തുകിട്ടിയ വസ്തുക്കൾ 2014 വരെ കരം ഒടുക്കി വന്നിരുന്നു. പ്രസ്തുത 39 പേർ കരം ഒടുക്കി കൈവശം വച്ചുവന്നിരുന്നത് പുഴ പുറമ്പോക്ക് വസ്തുവാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 2014 വർഷം മുതൽ കരം അടച്ചു നൽകാൻ കഴിയാതെ വന്നിട്ടുള്ളത്.

(ബി) ആയത് സംബന്ധിച്ച് നിലവിൽ കോഴിക്കോട് കളക്ടറേറ്റിലോ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലോ ഏതെങ്കിലും ഫയൽ ഉണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ?

കോഴിക്കോട് കളക്ടറേറ്റിൽ DCKKD/8069/2017-L2 നമ്പറായും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ LR/6332/2021-LR(B8)J12 നമ്പറായും ഫയലുകൾ നിലവിലുണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിനും ഭൂമി ക്രയവിക്രയം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964-ലെ ചട്ടം 1A(vi) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ വസ്തുക്കൾ പതിച്ചുനൽകാൻ നിർവ്വാഹമില്ലാത്തതാണ്. കൂടാതെ ജഗ്പാൽസിംഗ് Vs സ്റ്റേറ്റ് ഓഫ്

പഞ്ചാബ് എന്നിവർ കക്ഷികളായുള്ള CIVIL APPEAL NO.1 132/2011 @ SLP(C) NO. 3109/2011 നമ്പർ കേസിലെ ഉത്തരവിൽ പുഴ, തോട് പുറമ്പോക്കുകകൾ പതിവിന് വിധേയമല്ലെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുള്ളതാണ്. ആകയാൽ മേൽപരാമർശിത പ്രദേശത്തെ പുഴ പുറമ്പോക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് നിയമവശങ്ങൾ പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

**കോന്നി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ**

343 (3386) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലങ്ങളിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ;

(ബി) കോന്നി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഭാവിയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം സമീപനങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) കോന്നി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം എം.എൽ.എ.-യുടെ പരാതിയും ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടും പരാതിയും സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധനയ്ക്കുശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കോന്നി താലൂക്ക് ഓഫീസ് ജീവനക്കാരുടെ കൂട്ടഅവധി**

344 (3387) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ഓഫീസിൽ ഭൂമിതരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ

ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകളിൽ നാളിതുവരെ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കോന്നി താലൂക്ക് ഓഫീസിൽ ഭൂമിതരം മാറ്റുന്നതിനുള്ള 212 അപേക്ഷകളാണ് (ഓൺലൈൻ - 21, ഓഫ് ലൈൻ - 191) നാളിതുവരെ ലഭ്യമായിട്ടുള്ളത്. പ്രസ്തുത അപേക്ഷകളിൽ 210 അപേക്ഷകളിന്മേലുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി താലൂക്ക് ഓഫീസിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; എന്നുമുതലാണ് ഇവരെ ജോലിക്ക് നിയോഗിച്ചത്; ഇപ്രകാരം ജീവനക്കാരെ നിയോഗിച്ചതിനുശേഷം തീർപ്പുകൽപ്പിച്ച അപേക്ഷകളുടെ എണ്ണം എത്രയാണ്?

ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി കോന്നി താലൂക്ക് ഓഫീസിൽ ഒരു ക്ലാർക്കിനെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്. താൽക്കാലിക ക്ലാർക്ക് തസ്തികയിൽ 2022 ജൂൺ 1 മുതൽ നവംബർ 26 വരെയും 2022 ഡിസംബർ 26 മുതൽ നാളിതുവരെയും ജോലി ചെയ്തുവരുന്നു. ഇപ്രകാരം ജീവനക്കാരെ നിയോഗിച്ചതിനുശേഷം 66 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി) ജീവനക്കാർ കൂട്ടഅവധിയെടുത്ത് ഉല്ലാസയാത്ര പോയ ദിവസം കോന്നി താലൂക്ക് ഓഫീസിൽനിന്നും എത്ര പൊതുജനങ്ങൾക്ക് നേരിട്ട് സേവനം നൽകിയിട്ടുണ്ട്; എത്രപേർക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; എന്തൊക്കെ സേവനങ്ങളാണ് നൽകിയത്; വിശദാംശം ഇനം തിരിച്ച് അറിയിക്കുമോ?

കോന്നി താലൂക്കിൽ 10-02-2023-ൽ ഒമ്പത് അപേക്ഷകളാണ് നേരിട്ട് ലഭിച്ചത്. (റീസർവ്വേ സംബന്ധിച്ച 5 അപേക്ഷകൾ, പോക്കുവരവ് സംബന്ധിച്ച 1 അപേക്ഷ, വിവരാവകാശ നിയമപ്രകാരമുള്ള 1 അപേക്ഷ, EWS - 1 അപേക്ഷ, മറ്റുള്ളവ - 1 അപേക്ഷ ). ആയവയിന്മേൽ അന്നുതന്നെ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്നേ ദിവസം, പതിവ് ജോലികൾക്കുപുറമെ ഓൺലൈനായി ഒരു നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഒരു പോക്കുവരവും അംഗീകരിച്ച് നൽകിയിട്ടുണ്ട്. സർവ്വേ വിഭാഗത്തിൽ വിവരാവകാശ അപ്പീലിന്മേൽ ഹിയറിംഗിനായി വന്ന കക്ഷിയെ നേരിട്ട് കേൾക്കുകയും ചെയ്തിട്ടുള്ളതാണ്.

(ഡി) പ്രസ്തുത ദിവസം ജീവനക്കാരുടെ കുറവുമൂലം പൊതുജനങ്ങളിൽ എത്ര പേരെ സേവനം നൽകാതെ തിരിച്ചയച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രസ്തുത ദിവസം പൊതുജനങ്ങളിൽ ആരെയും സേവനം നൽകാതെ തിരിച്ചയച്ചിട്ടില്ല.

**കരുനാഗപ്പള്ളി താലൂക്ക് ഓഫീസിൽനിന്നും നൽകിയ ആശ്രിത സർട്ടിഫിക്കറ്റുകൾ**

345 (3388) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 12-04-2010-ലെ ജി.ഒ. (എം.എസ്.)നം.14/2010/പി.&എ.ആർ.ഡി. പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിന് കീഴിൽവരുന്ന വില്ലേജ് ഓഫീസുകളിൽനിന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി 1 മുതൽ 2023 ജനുവരി 1 വരെ കരുനാഗപ്പള്ളി തഹസിൽദാർ എത്രപേർക്ക് ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ആശ്രിത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള അപേക്ഷകളിൽ പങ്കാളിക്ക് സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ള എത്രപേർക്ക് ഈ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 17 വില്ലേജുകൾ ഉൾപ്പെട്ടുവരുന്ന കരുനാഗപ്പള്ളി താലൂക്കിൽനിന്നും 01-01-2015 മുതൽ 01-01-2023 വരെ e-district സംവിധാനംവഴി 1076534 സർട്ടിഫിക്കറ്റുകളും മാന്വലായി ഇതിന്റെ മൂന്നിരട്ടിയിൽപ്പരം, ഉദ്ദേശം മുപ്പതോളംതരം സർട്ടിഫിക്കറ്റുകളും നൽകിയിട്ടുള്ളതാണ്. മാന്വലായി നൽകിവന്ന പല സർട്ടിഫിക്കറ്റുകളും അടുത്തിടെയാണ് e-district സംവിധാനത്തിലേയ്ക്ക് മാറിയത്. ഇതിൽ 12-04-2010-ലെ സ.ഉ.(കൈ)നം.14/2010/ഉ.ഭ.പ.വ. നമ്പർ പ്രകാരം നൽകിയിട്ടുള്ള ആശ്രിത സർട്ടിഫിക്കറ്റുകൾതന്നെ വിവിധ ആവശ്യങ്ങൾക്കായി (ആശ്രിത നിയമനം, ECHS Medical claim etc.) നൽകിവരുന്നു. സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച ഫയലുകൾ 3 വർഷം വരെ മാത്രമേ സൂക്ഷിക്കാറുള്ളൂ എന്നതിനാൽ 2015 മുതലുള്ള സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ല.

**ജില്ലാ റവന്യൂ അസംബ്ലി**

346 (3389) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിന്റെ ഭാഗമായി നടന്ന ജില്ലാ റവന്യൂ

അസംബ്ലിയുടെ യോഗ തീരുമാനപ്രകാരം മണലൂർ മണ്ഡലവുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തിയ വിഷയങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

2022 റവന്യൂ ജില്ലാ അസംബ്ലിയിൽ മണലൂർ അസംബ്ലി മണ്ഡലവുമായി ബന്ധപ്പെട്ട് ആകെ 18 അപേക്ഷകൾ ലഭിച്ചു. ആയതിൽ എല്ലാ അപേക്ഷകളും പരിശോധിച്ചിട്ടുള്ളതും അടിയന്തരമായി നടപടി പൂർത്തിയാക്കി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. അപേക്ഷകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ശ്രീ. അബ്ദുള്ള യു എന്നയാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

347 (3390) ശ്രീ. എ. കെ. എം അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽനിന്നും 11-10-2019-ന് വിരമിച്ച ശ്രീ. അബ്ദുള്ള.യു എന്നയാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുസംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിലെ എൽ.ആർ.എൻ3-26831/2021 നമ്പർ ഫയൽ, സെക്രട്ടേറിയറ്റിലെ റവന്യൂ റ്റി3-169/2021 നമ്പർ ഫയൽ എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയുടെ പെൻഷൻ ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിൽനിന്നും 31-10-2019-ൽ വിരമിച്ച പാർട്ട് ടൈം സ്വീപ്പർ, ശ്രീ. അബ്ദുള്ള യു. റോഡപകടത്തെത്തുടർന്ന് 22-06-2018 മുതൽ 31-10-2019 വരെ ശൂന്യവേതനാവധിയിലായിരുന്നു. പ്രസ്തുത കാലയളവിൽ അവധി അനുവദിക്കുന്നതിനായുള്ള അപേക്ഷ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ആയത് T3/160/21/റവ പ്രകാരം സർക്കാർ പരിശോധിക്കുകയും 05-07-2017-ലെ സ.ഉ.(പി) നം. 08/2017/ഉ.ഭ.പ.വ. പ്രകാരം പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം അർഹമായ സാഹചര്യങ്ങളിൽ ഭരണ വകുപ്പുകൾക്ക് പരമാവധി 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാനേ വ്യവസ്ഥയുള്ളൂ എന്നതിനാൽ ശ്രീ. അബ്ദുള്ളയ്ക്ക് ചട്ടപ്രകാരം

ശൂന്യവേതനാവധി അനുവദിക്കാനാകാത്തതിനാൽ ടിയാന്റേത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവുവരുത്തി ശൂന്യവേതനാവധി അനുവദിക്കുകയാണെങ്കിൽ ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് ബാധകമാകുന്നത് എന്നതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് അടിയന്തരമായി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ശൂന്യവേതനാവധി ടിയാന് അനുവദിച്ച് ഉത്തരവാകുന്നമുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**റവന്യൂ റിക്കവറി**

348 (3391) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന ശ്രീ. സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിനായി തിരൂർ താലൂക്കിൽ ടിയാന്റെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽനിന്ന്

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരൂർ താലൂക്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രീ. സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് എതിരെയുള്ള റവന്യൂ റിക്കവറി നടപടി 1988-89 കാലഘട്ടത്തിലേതായതിനാൽ പഴയ ലെഡ്ജറും രജിസ്റ്ററുകളും പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് വിശദാംശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്.

**ദേശീയ കുടുംബക്ഷേമ പദ്ധതി**

349 (3392) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരം എത്ര രൂപയാണ് അപേക്ഷകന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരം 20,000 രൂപയാണ് അപേക്ഷകന് ലഭിക്കുന്നത്. ആയതിനുള്ള മാനദണ്ഡങ്ങൾ (08-11-2012-ലെ

ഭാരത സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച J-11015/1/2012-NSAP നമ്പർ ഓഫീസിൽ മെമ്മോറാണ്ടം പ്രകാരം) ചുവടെ ചേർക്കുന്നു.

1) മരണപ്പെട്ട കുടുംബനാഥൻ/കുടുംബനാഥ ആ കുടുംബത്തിലെ മുഖ്യ അന്നദാതാവ് ആയിരിക്കണം

2) മുഖ്യ അന്നദാതാവിന് മരണപ്പെടുന്ന സമയത്ത് പ്രായം 18 വയസ്സിന് മുകളിലും 60 വയസ്സിന് താഴെയും ആയിരിക്കേണ്ടതാണ്

3) മുഖ്യ അന്നദാതാവ് മരണപ്പെടുന്ന സമയത്ത് അദ്ദേഹം ബി.പി.എൽ. ലിസ്റ്റിലുൾപ്പെടുന്ന ആളായിരിക്കണം.

(ബി) 2014 മുതൽ സംസ്ഥാനത്ത് ദേശീയ കുടുംബ ക്ഷേമ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര അപേക്ഷ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷയിൽ ധനസഹായം നൽകിയെന്നും ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും താലൂക്ക് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

സാങ്കേതിക തടസ്സം കാരണം ദേശീയ കുടുംബക്ഷേമ പദ്ധതി (NFBS) ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി അവരുടെ വിവരങ്ങൾ NSAP-PPS പോർട്ടലിൽ എൻട്രി വരുത്തുവാൻ കഴിയുന്നില്ല. സാങ്കേതിക തടസ്സം നീക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തയച്ചുവെങ്കിലും നാളിതുവരെയായി മറുപടി ഒന്നും ലഭ്യമായിട്ടില്ല.

**റവന്യൂ വകുപ്പ് ഓഫീസുകളിലെ സേവനം**
**കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് നടപടി**

350 (3393) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ഓഫീസിനെ സംബന്ധിച്ച പരാതി സ്ഥലം എം.എൽ.എ. മാധ്യമങ്ങളിലൂടെ പൊതുസമൂഹത്തെയും വകുപ്പുമന്ത്രിയെയും ബോധ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്. റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

(ബി) പൊതുജനങ്ങൾ നിരന്തരം ആശ്രയിക്കുന്ന റവന്യൂ വകുപ്പിൽ നിന്നും നൽകേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ടും വിഷൻ ആൻഡ് മിഷൻ 2021-26 എന്ന പദ്ധതി ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ജനോപകാരപ്രദമായ രീതിയിൽ ദ്രുതഗതിയിൽ ഫയൽ തീർപ്പാക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിഷൻ ആൻഡ് മിഷൻ പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ, പ്രധാനമായും വില്ലേജ് ഓഫീസുകളുടെ, അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ

വില്ലേജ് ഓഫീസുകളിലും ഐ.ടി. മിഷന്റെ സഹകരണത്തോടുകൂടി അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഇ-ഗവർണൻസ് സേവനങ്ങൾ താമസം കൂടാതെ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും ഡെസ്ക്ടോപ്, ലാപ്ടോപ്, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യക്കാർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവർണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്നതാണ് സേവനങ്ങൾ സുതാര്യമാക്കാനുള്ള മാർഗ്ഗങ്ങളിലൊന്ന് എന്ന് തിരിച്ചറിഞ്ഞ് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ചെറുവിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യ

മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിലെ ഇ-സേവനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ പര്യാപ്തമാക്കുംവിധം റവന്യൂ ഇ-സാക്ഷരത നടപ്പിലാക്കാൻ ആലോചിച്ചുവരുന്നു.

റവന്യൂ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് സമയബന്ധിതമായി വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 16 ഇന പദ്ധതികൾ വകുപ്പ് ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

1. ഇ-ഡിസ്ട്രിക്ട്

2. ആർ.ആർ. ഓൺലൈൻ

3, സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

4. റവന്യൂ ഇ-പെയ്മെന്റ്

5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)

6. റവന്യൂ മിത്രം

7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

10. FMB ഓൺലൈൻ

11. വില്ലേജ് വെബ്സൈറ്റ്

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

14. ഭൂമി തരം മാറ്റം ഓൺലൈൻ

15. കാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ

16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ.

വകുപ്പ് നൽകിവരുന്ന ഡിജിറ്റൽ സേവനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങൾ**

351 (3394) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേന്ദ്ര വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന്റെ 08-09-1993-ലെ 36012/22/93 ഓഫീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾപ്രകാരമാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ 01-01-2015-ലെ G.O.(P)No.1/2015/BCDD പ്രകാരമാണ് സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്.

(ബി) മാതാപിതാക്കളിൽ രണ്ട് പേരും ക്ലാസ്സ് 2 തസ്തികയിൽ ജോലി ചെയ്യുന്നവെങ്കിലും അവരിൽ ഒരാൾക്ക് ക്ലാസ്സ് 2 തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം ലഭിച്ചത് 40 വയസ്സിന് ശേഷമാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് നോൺക്രീമിലയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

മാതാപിതാക്കൾ രണ്ട് പേരും ക്ലാസ്സ് 2 തസ്തികയിലേയ്ക്ക് നേരിട്ട് പ്രവേശനം ലഭിച്ചവരാണെങ്കിൽ അവരുടെ മക്കൾക്ക് സംവരണാനുകൂല്യം ലഭിക്കുകയില്ലെന്നാണ് സർക്കാർ ഉത്തരവിലും മെമ്മോറാണ്ടത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിന്റെ കാര്യത്തിൽ വയസ്സിന്റെ കാര്യം പരാമർശിക്കുന്നില്ല. നിലവിലെ ഉത്തരവുകൾ അനുസരിച്ച് മാതാപിതാക്കൾ രണ്ടുപേരും ഏത് പ്രായത്തിലാണ് നേരിട്ട് ക്ലാസ്സ് 2 തസ്തികയിൽ പ്രവേശിച്ചതെങ്കിലും അവരുടെ മക്കൾക്ക് സംവരണാനുകൂല്യം ലഭിക്കുകയില്ല.

## മണ്ണാർക്കാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

352 (3395) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്ലാൻ പദ്ധതി 2022-23-ൽ ഉൾപ്പെടുത്തി, കോട്ടോപ്പാടം-2 വില്ലേജ് ഓഫീസ്, സ്മാർട്ട് വില്ലേജാക്കുന്നതിന് 50,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് മണ്ണാർക്കാട് മണ്ഡലത്തിലെ മണ്ണാർക്കാട് II, കോട്ടോപ്പാടം I, പുതകർ എന്നീ മൂന്ന് വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി നാടിന് സമർപ്പിച്ചു.

## മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമി

353 (3396) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കണ്ണൻദേവൻ ഹിൽസ് വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 62/25-ലെ ലാൻഡിന്റെ ആകെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ?

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ (നിലവിൽ മൂന്നാർ വില്ലേജ്) അടിസ്ഥാന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സർവ്വേ നം. 62/25-ൽപ്പെട്ട സ്ഥലത്തിന് 108.50 ഏക്കർ ആകെ വിസ്തീർണ്ണമുണ്ട്.

(ബി) ഇതിൽ എത്ര ഏക്കർ ഭൂമി മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

കെ.ഡി.എച്ച്. വില്ലേജിലെ പുറമ്പോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ D1-1876/56 തീയതി 19-01-1960 പ്രകാരം സർവ്വേ നം. 62/25-ൽ 11.82 ഏക്കർ സ്ഥലം മൂന്നാർ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ട്.

(സി) സർവ്വേ നമ്പർ 62/25-ലെ വസ്തുവിൽ എത്ര ഏക്കർ മിച്ചഭൂമിയായി കണക്കാക്കി സർക്കാർ പുറമ്പോക്കിൽ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

അടിസ്ഥാന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സർവ്വേ നമ്പർ 62/25-ൽ ആകെ 108.50 ഏക്കറിൽപ്പെട്ട 61.35 ഏക്കർ സ്ഥലം സർക്കാർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർവ്വേ നമ്പർ 62/25-ലെ വസ്തുവിന്റേയും 62/25-2-ലെ വസ്തുവിന്റേയും ഫീൽഡ് മെഷർമെന്റ് ബുക്ക് സ്കെച്ചിന്റെ കോപ്പി ലഭ്യമാക്കാമോ?

കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ (നിലവിൽ മൂന്നാർ വില്ലേജ്) സർവ്വെ നമ്പർ 62/25-ലെ വസ്തുവിന്റെയും 62/25-2-ലെ വസ്തുവിന്റെയും ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ സ്കെച്ച് ലഭ്യമല്ല. സർവ്വേ നമ്പർ 62-ന്റെ ഡിമാർക്കേഷൻ സ്കെച്ചിന്റെ പകർപ്പ് ലഭ്യമായത് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഇടമുളക്കൽ പഞ്ചായത്തിലെ പട്ടയ ഭൂമിയിലേയ്ക്ക്**
**വഴി ലഭ്യമാക്കാൻ നടപടി**

354 (3397) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ഇടമുളക്കൽ പഞ്ചായത്തിലെ നീറായികോട് പ്രദേശത്ത് 65 കുടുംബങ്ങൾക്ക് 2016 ഫെബ്രുവരിയിൽ 3 സെന്റ് വീതം പട്ടയം നൽകിയിരുന്നെങ്കിലും പ്രസ്തുത ഭൂമിയിലേയ്ക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമീപവാസിയുടെ ഭൂമി പ്രസ്തുത പ്രദേശത്തേയ്ക്കുള്ള വഴിക്കുവേണ്ടി അക്വയർ ചെയ്യുന്നതിനായി പുനലൂരിൽ റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ തീരുമാനമനുസരിച്ച് പുനലൂർ താലൂക്കിൽനിന്നും തയ്യാറാക്കി സമർപ്പിച്ചതും ഇപ്പോൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ പരിഗണനയിലുള്ളതുമായ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

പട്ടയ ഭൂമിയിലേയ്ക്കുള്ള വഴിക്കായി സമീപവാസിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമിയിലേയ്ക്ക് വഴി ലഭ്യമാക്കി നൽകുന്ന നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദാംശം നൽകാമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ടി വിഷയം പരിശോധിക്കുന്ന ഫയലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DCKLM/2336/2018-L16-(കളക്ടറേറ്റ്, കൊല്ലം)

LR/2195/2023-LR(J9)-(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്)

**ചാലക്കുടി താലൂക്ക് ഓഫീസ്**

355 (3398) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വേ/അളവ് നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ?

ചാലക്കുടി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വേ നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ |
|---|---|
| 2018 വരെ | 456 |
| 2019 | 533 |
| 2020 | 838 |
| 2021 | 1251 |
| 2022 | 1685 |
| 2023 | 224 |
| ആകെ | 4987 |

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

നിരവധി അപേക്ഷകളുള്ളതിനാൽ ടി അപേക്ഷകൾ പൂർണ്ണമായും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമാണുള്ളത്.

(സി) വായ്പയെടുക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർവ്വേയർമാരുടെ സേവനം ലഭ്യമാകാത്തതിനാൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കൂടുതൽ സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ലഭ്യമായ സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി പരാതിക്കിടവരാത്ത രീതിയിലാണ് അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നത്. കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഇത്തരം പരാതികൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതായിരിക്കും.

**കൊട്ടാരക്കര താലൂക്ക് സർവ്വേ ആഫീസിന്റെ പ്രവർത്തനം**

356 (3399) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് സർവ്വേ ഓഫീസിൽ ഭൂസർവ്വേ നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന വിവരം അറിയിക്കുമോ?

തീർപ്പാക്കാനായി ബാക്കി നിൽക്കുന്ന അപേക്ഷകളുടെ എണ്ണം - 2579

(ബി) പ്രസ്തുത ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; പ്രതിമാസം എത്ര ഭൂസർവ്വേകൾ ഇവർ നടത്തിവരുന്നുണ്ട്; ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ എത്ര സർവ്വേകൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കൊട്ടാരക്കര ഭൂരേഖ തഹസിൽദാരുടെ ആഫീസിൽ സർവ്വേ വിഭാഗത്തിൽ 2 ഹെഡ് സർവ്വേയർമാരും 5 സർവ്വേയർമാരുള്ളതും ഇതിൽ 3 സർവ്വേയർമാരെ NH 744 സ്ഥലം ഏറ്റെടുക്കൽ ജോലികൾക്കായി നിയമിച്ചിട്ടുള്ളതുമാണ്. ഒരു സർവ്വേയർ ശരാശരി 38 ഫയലുകൾ ഒരുമാസം തീർപ്പാക്കുന്നു. ഈ സാമ്പത്തിക വർഷം ജനുവരി മാസം 31 വരെ 1983 സർവ്വേ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഭൂസർവേ നടത്തി വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി താലൂക്ക് സർവ്വേയർക്ക് നൽകിയ എത്ര അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന വിവരം അവ ലഭിച്ച തീയതി സഹിതം ലഭ്യമാക്കുമോ?

ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും 7 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 3 എണ്ണം അന്തിമതീരുമാനമെടുത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതും നിലവിൽ 4 ഫയലുകളിൽ നടപടി നടന്നുവരുന്നതുമാണ്. തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കൊട്ടാരക്കര താലൂക്ക് സർവേയറുടെ ഓഫീസിൽ പരിശോധനയ്ക്കായി മേലുദ്യോഗസ്ഥർ സന്ദർശനം നടത്താറുണ്ടോ; എങ്കിൽ അവസാനമായി സന്ദർശിച്ചത് എന്നാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. അവസാനമായി ജില്ലാ സർവ്വേ സൂപ്രണ്ട് 17-01-2023-ൽ പരിശോധന നടത്തിയിട്ടുണ്ട്.

(ഇ)സർവേയ്ക്കുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ള സർവ്വേയർമാരുടെ സേവനം ലഭ്യമാക്കി പരാതിക്കിടവരാത്തവിധം ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

**സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപാർട്ട്മെന്റിലെ ഫീൽഡ് ഡ്യൂട്ടി**

357 (3400) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 എന്നീ ഉദ്യോഗസ്ഥരുടെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ?

02-05-1985-ലെ സ.ഉ(കൈ)നം.420/1985/റവ. ഉത്തരവുപ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻമാരുടെ കർത്തവ്യങ്ങളും ചുമതലകളും നിർവ്വചിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം ഡ്രാഫ്റ്റ്സ്മാൻമാർക്ക് നിർവ്വചിച്ചിട്ടുള്ള ജോലികൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരും എല്ലാവിധ ടെക്നിക്കൽ ജോലികളും നിർവ്വഹിക്കാൻ പര്യാപ്തരാകേണ്ടതാണ്.

2. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ നിശ്ചിത മാതൃകയിലുള്ള ഡയറി എല്ലാ ദിവസവും എഴുതി സൂക്ഷിക്കേണ്ടതും എല്ലാ

ദിവസവും പരിശോധന നടത്തി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കുന്ന റിക്കാർഡുകളോടൊപ്പം ടി ഡയറിയും സമർപ്പിക്കേണ്ടതുമാണ്.

3. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പ്രതിദിനം നിർവ്വഹിക്കുന്ന ജോലിയുടെ അളവ്, ഓരോ ദിവസവും നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഔട്ട് ടേണിനേക്കാൾ കുറയാൻ പാടില്ലാത്തതാണ്.

4. സർവ്വേ റിക്കാർഡുകളുടെ പരിശോധനയിൽ അപാകതകൾ കണ്ടെത്തുന്നപക്ഷം ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ അപാകതാ ലിസ്റ്റ് തയ്യാറാക്കി മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. നിർവ്വഹിക്കുന്ന ജോലികളുടെ ഗുണനിലവാരത്തേയും അളവിനേയും സംബന്ധിച്ച ഉത്തരവാദിത്വം ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്മാർ ഏറ്റെടുക്കേണ്ടതാണ്.

6. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പലവക ജോലികൾ, പേപ്പറുകളുടെ ദുരുപയോഗം എന്നിവ ചെയ്യാൻ പാടില്ലാത്തതും സർവ്വേ റിക്കാർഡുകൾ ശ്രദ്ധയോടെയും വൃത്തിയായും കൈകാര്യം ചെയ്യേണ്ടതുമാണ്.

7. മേലുദ്യോഗസ്ഥർ ഏൽപ്പിക്കുന്ന എല്ലാവിധ ഓഫീസ് ടെക്നിക്കൽ ജോലികളും ക്ലറിക്കൽ ജോലികളും ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ നിർവ്വഹിക്കേണ്ടതാണ്.

8. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ ആവശ്യമായി വരുന്ന സന്ദർഭങ്ങളിലെല്ലാം സർവ്വേ റിക്കാർഡുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതാ ലിസ്റ്റ് തയ്യാറാക്കി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.

9. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ പരിശോധിക്കുന്ന എല്ലാ റിക്കാർഡുകളിലും തയ്യാറാക്കുന്ന അപാകതാ ലിസ്റ്റിലും തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

10. ഒത്തുനോക്കൽ ജോലി നിർവ്വഹിക്കുന്ന ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ അതിലെ ന്യൂനതകൾ അപാകതാ ലിസ്റ്റിൽ കുറിച്ച് മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

11. ഫസ്റ്റ് ഗ്രേഡ്/സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർ, മേലുദ്യോഗസ്ഥരുടെ മേൽനോട്ടത്തിനനുസൃതമായി ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതാണ്.

ഇതുകൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 15-12-2022-ലെ സ.ഉ(സാധാ)നം.5076/2022/റവ, 24-01-2023-ലെ സ.ഉ(സാധാ)നം. 399/2023/റവ എന്നിവ പ്രകാരം ഉത്തരവായിട്ടുള്ള ടി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയ Standard Operating Procedure (SOP) പ്രകാരം ഫീൽഡ് സർവ്വേ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ഡ്രാഫ്റ്റ് ഫോം നമ്പർ 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് ഡ്രാഫ്റ്റ്സ്മാൻമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഫീൽഡ് ഡ്യൂട്ടി ഉണ്ടോ; എങ്കിൽ എത്ര പേരാണ് ഫീൽഡ് ഡ്യൂട്ടിക്ക് പോകുന്നതെന്ന് ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഫീൽഡിൽ പോകുന്നില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഭാഗമായി ഡ്രാഫ്റ്റ് ഫോം നം. 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് ഡ്രാഫ്റ്റ്സ്മാൻമാരെ എല്ലാ ജില്ലകളിലും ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ഡ്രാഫ്റ്റ്സ്മാൻമാരെ ഫീൽഡ് ഡ്യൂട്ടിക്ക് നിയോഗിച്ചതിനെതിരെ ഫയൽ ചെയ്ത OA (EKM) 1905/2022 നമ്പർ

കേസിലെ 23-02-202-ലെ വിധിയിൽ സർക്കാരിന് അനുകൂലമായി ഉത്തരവ് വന്നിട്ടുള്ളതാണ്. ഇതുപ്രകാരം എല്ലാ ജില്ലകളിലും കൂടുതൽ ഡ്രാഫ്റ്റ്സ്മാൻമാരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) റീസർവ്വേ ഫീൽഡിൽ ഫോം 15 വർക്ക് ആരാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ?

15-12-2022 ലെ സ.ഉ(സാധാ)നം.5076/2022/റവ, 24-01-2023-ലെ സ.ഉ(സാധാ)നം.399/2023/റവ എന്നീ ഉത്തരവുകൾപ്രകാരം ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളിൽ ഫീൽഡ് സർവ്വേ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ഡ്രാഫ്റ്റ് ഫോം നമ്പർ 50 തയ്യാറാക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ ജോലികൾ നിർവ്വഹിക്കേണ്ടത് ഡ്രാഫ്റ്റ്സ്മാൻമാരും അത് അന്തിമമാക്കുന്നത് സർവ്വേയർമാരുമാണ്.

**കോതമംഗലം മണ്ഡലത്തിലെ ഡിജിറ്റൽ റീ സർവ്വേ**

358 (3401) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെയുള്ള മറ്റ് വില്ലേജുകളിൽ റീസർവ്വേ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോതമംഗലം താലൂക്കിൽ ആകെയുള്ള 13 വില്ലേജുകളിൽ കുട്ടമ്പുഴ വില്ലേജിന്റെ റീസർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ ലാൻഡ് റീസർവ്വേ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുള്ളതും സർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഡിജിറ്റൽ റീ സർവ്വേയിൽ കോതമംഗലം മണ്ഡലത്തിൽനിന്നും ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജിലെ ഡിജിറ്റൽ റീ സർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പദ്ധതി സംബന്ധിച്ച നടപടികൾ നേരിട്ട് ഭൂവുടമസ്ഥരെ ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി

പല്ലാരിമംഗലം വില്ലേജിലെ എല്ലാ വാർഡുകളിലും സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകുകയും സർവ്വേ സമയത്ത് അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വേ നടക്കുന്ന വില്ലേജുകളിൽ ഒരു ക്യാമ്പ് ഓഫീസ് തുടങ്ങുകയും സർവ്വേ നടപടികൾക്ക് മേൽനോട്ടം നൽകി വരുന്നതുമാണ്. പ്രസ്തുത വില്ലേജിന്റെ ലഭ്യമായ എല്ലാ മുൻ റിക്കാർഡുകളും സ്കാൻ ചെയ്ത് സർവ്വേ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ലഭ്യമാകുംവിധം "എന്റെ ഭൂമി" എന്ന പോർട്ടലിൽ നൽകിയിട്ടുണ്ട്. 1511 ഹെക്ടർ വിസ്തൃതിയുള്ള പല്ലാരിമംഗലം വില്ലേജിന്റെ 68.3959 ഹെക്ടർ സർവ്വേ പൂർത്തിയാക്കുകയും ശേഷിക്കുന്ന ഭാഗത്തിന്റെ സർവ്വേ ജോലികൾ സമയബന്ധിതമായിതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) പല്ലാരിമംഗലം വില്ലേജിൽ ഡിജിറ്റൽ റീ സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ ലാൻഡ് റീസർവ്വേ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജ് ഉൾപ്പെടെയുള്ള വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ ആറ് മാസംകൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഡിജിറ്റൽ റീ സർവ്വേയുടെ രണ്ടാംഘട്ടത്തിൽ കോതമംഗലം നിയോജകമണ്ഡലത്തിൽനിന്നും ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ ലാൻഡ് റീസർവ്വേ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകളെ സംബന്ധിച്ച ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഡിജിറ്റൽ റീ സർവ്വേയിലുൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ മുഴുവൻ വില്ലേജുകളിലേയും റീ സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വേ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടി കാലയളവിനുള്ളിൽ തന്നെ കോതമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ വില്ലേജുകളിലെയും റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനാണ് ഡിജിറ്റൽ റീസർവ്വേ

ലക്ഷ്യമിടുന്നത്.

**റീസർവ്വേ നടപടികൾ**

359 (3402) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വേ നടത്തുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളത്?

ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ 16 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ല.

(ബി) അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വേ നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ പദ്ധതിപ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വേ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലുവർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ്

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ വില്ലേജുകളെ കൂടി ഉൾപ്പെടുത്തി സർവ്വേ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ഭവനനിർമ്മാണ ബോർഡ്**

360 (3403) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതിൽ ഹൗസിംഗ് ബോർഡിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതിൽ ഹൗസിംഗ് ബോർഡിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചുമതലകൾ ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ഏതെങ്കിലും ഘട്ടത്തിൽ ഭവനനിർമ്മാണ ബോർഡ് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ;

എങ്കിൽ ഇതുസംബന്ധിച്ച് രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം ഒരു നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

എം.എൻ. ലക്ഷം വീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബംബർ ലോട്ടറി നടത്തി സമാഹരിച്ച തുക ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വിനിയോഗിക്കുന്നതിനും എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണവും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 21-11-2017-ലെ സ.ഉ.(സാധാ) നം.66/2017/ഭവനം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവും ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണവുമാണ് ലൈഫ് മിഷനിൽ നടന്നുവരുന്നതെന്നും ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതും ലൈഫ് മിഷന്റെ പരിഗണനയിലില്ലായെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഭവന നിർമ്മാണ ബോർഡ് തന്നെയാണ് നടപ്പിലാക്കിവരുന്നത്.

**വർക്കിംഗ് വിമൻസ്, വർക്കിംഗ് മെൻസ്**

## ഹോസ്റ്റലുകൾ ആരംഭിക്കാൻ നടപടി

361 (3404) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചിംഗ് ഉൾപ്പെടെ സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഹൗസിംഗ് ബോർഡ് മുഖേന വർക്കിംഗ് വിമൻസ്, വർക്കിംഗ് മെൻസ് ഹോസ്റ്റലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഹൗസിംഗ് ബോർഡ് മുഖേന വർക്കിംഗ് വിമൻസ്, വർക്കിംഗ് മെൻസ് ഹോസ്റ്റലുകൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി സർക്കാർ സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ബോർഡിന്റെ ഉടമസ്ഥതയിൽ 10 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിൽ ബോർഡിന്റെ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഫ്ലാറ്റ്, വില്ല പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിൽ ബോർഡിന്റെ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഫ്ലാറ്റ്, വില്ല പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

**ഹൗസിംഗ് ബോർഡിൽനിന്ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

362 (3405) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഹൗസിംഗ് ബോർഡിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ഇനങ്ങളിലുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാനുള്ളതെന്നും ആനുകൂല്യങ്ങളുടെ ആകെ തുക എത്രയാണെന്നും അറിയിക്കാമോ?

2015 മുതൽ ഭവന നിർമ്മാണ ബോർഡിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും

ടെർമിനൽ സറണ്ടർ, ഡി.സി.ആർ.ജി., പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ കുടിശ്ശികയാണ്. കുടിശ്ശികകൾ നൽകുന്നതിന് ഏകദേശം 47.84 കോടി രൂപ വേണ്ടി വരുന്നതാണ്.

(ബി) അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ നിരവധി കുടുംബങ്ങൾ കടക്കെണിയിൽ ആയിരിക്കുന്ന സാഹചര്യം പരിഗണിച്ച് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ബോർഡിന് അടിയന്തരമായി 20 കോടി രൂപ റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുകയിൽ അലോക്കേഷൻ ലിമിറ്റായ 62% (12 കോടി രൂപ) 2023 ജനുവരി മാസത്തിലും 4 കോടി രൂപ 2023 ഫെബ്രുവരി മാസത്തിലും ഭവനനിർമ്മാണ ബോർഡിന് റിലീസ് ചെയ്ത് നൽകിയിരുന്നു. റിലീസ് ചെയ്തു നൽകിയ തുകയുടെ ഭൂരിഭാഗവും വിരമിച്ച ജീവനക്കാരുടെ പി.എഫ്. തുക നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്.

**ഇരട്ടവീടുകൾ ഒറ്റവീടാക്കി മാറ്റുന്നതിന് നടപടി**

363 (3406) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കൈപ്പറമ്പ്, മുളങ്കുന്നത്തുകാവ് പഞ്ചായത്തുകളിൽ ഇരട്ടവീടുകൾ തൽസ്ഥിതിയിൽ തുടരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒറ്റവീടാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ 42 ഇരട്ട വീടുകളും കൈപ്പറമ്പ് പഞ്ചായത്തിലെ 24 ഇരട്ടവീടുകളും തൽസ്ഥിതിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരട്ട വീടുകൾ എല്ലാം ഒറ്റ വീടുകളാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിനായി പദ്ധതി തയ്യാറാക്കിവരികയാണ്.

**ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ**

364 (3407) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പേർക്ക് വീട് വച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 351 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**(ബി) ഭവന നിർമ്മാണ ബോർഡ് ആരംഭിച്ചതും ഇനിയും പൂർത്തീകരിച്ച് വില്പന നടത്താവുന്നതുമായ ഭവനങ്ങൾ എത്രയുണ്ടെന്ന് വിശദമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?**

ഭവന നിർമ്മാണ ബോർഡിൽ വിവിധ ജില്ലകളിലായി ഇതിനകം നടപ്പിലാക്കിയിട്ടുള്ള ഭവന പദ്ധതികളിലായി 75 വീടുകൾ/ഫ്ലാറ്റുകൾ നിലവിൽ വിൽപ്പനയ്ക്കായി ഒഴിവുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഭവന നിർമ്മാണ ബോർഡ് പിരിച്ചുവിടുന്നത് സംബന്ധിച്ച്**

**365 (3408) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്നപ്പോൾ റവന്യൂ വകുപ്പുമന്ത്രി എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലമാണോ ബോർഡ് നിർത്തലാക്കാനുള്ള തീരുമാനം കൈക്കൊള്ളാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭവനനിർമ്മാണ ബോർഡ് പിരിച്ചുവിടുന്നതിലൂടെ ഭവനം ലഭിക്കാതെ കാത്തിരിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി തടസ്സപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഹൃദയഭാഗങ്ങളിൽ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമി കൈക്കലാക്കുവാനും ക്രയവിക്രയം നടത്തുവാനും ലക്ഷ്യമിടുന്ന റിയൽ എസ്റ്റേറ്റ്, ഭൂമാഫിയകളുടെ താൽപര്യം എന്നിവ ഈ തീരുമാനത്തിന് പിന്നിലുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(എ-സി) ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കാനുള്ള ഒരു പ്രൊപ്പോസലും സർക്കാരിന്റെ മുന്നിലില്ല. എന്നുമാത്രമല്ല ഹൗസിംഗ് ബോർഡിനെ ശാക്തീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഇതിന്റെ ഭാഗമായി നിന്നുപോയ സർക്കാർ

ജീവനക്കാരുടെ ഹൗസിംഗ് ലോൺ അടക്കമുള്ള പുതിയ പദ്ധതികൾക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതി സബ്സിഡി മൂന്ന് ലക്ഷമായി വർദ്ധിപ്പിക്കുകയും ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണ ബോർഡിന് 41.58 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ലക്ഷം വീട് പദ്ധതിയിൽ ഇരട്ട വീടുകൾ ഒറ്റവീടുകളാക്കാനുള്ള പദ്ധതി സർക്കാരിന്റെ സഹായത്തോടെയും സ്പോൺസർമാരുടെ സഹായത്തോടെയും ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ മുന്നേറുകയാണ്.

**പുല്ലൂരാംപാറയിലെ ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലം വിട്ടുനൽകുന്നതിന് നടപടി**

366 (3409) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിൽ ഭവന നിർമ്മാണ വകുപ്പിന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്നും പ്രസ്തുത ഭൂമി എന്താവശ്യത്തിന് മാറ്റിവച്ചതാണെന്നും വ്യക്തമാക്കുമോ?

രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഭവന നിർമ്മാണ ബോർഡ് തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിൽ

വിലകൊടുത്തുവാങ്ങിയ 205 സെന്റ് ഭൂമിയിൽനിന്നും ഒരു ഭാഗം ഉരുൾപൊട്ടി ഒലിച്ചുപോയതിനാൽ നിലവിൽ മറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനായിട്ടില്ല.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഭൂമിയിൽ അനുയോജ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

**പാർപ്പിട സൗകര്യം ഒരുക്കുന്നതിന് പദ്ധതി**

367 (3410) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലദേശത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള അമ്പത് സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി ആയതിന്റെ ഫൗണ്ടേഷൻ വർക്കുകൾ നടത്തിയതിനുശേഷം വർഷങ്ങൾ പിന്നിട്ടിട്ടും തുടർനിർമ്മാണം നടക്കാതെ പദ്ധതി പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്ഥലത്ത് ഭൂരഹിതരും ഭവനരഹിതരുമായ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ അർഹരായ അപേക്ഷകർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കുന്നതിനും ആയത് ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കുന്നതിനും ആവശ്യമായ അനുമതിയും നടപടികളും സർക്കാർ സ്വീകരിക്കുമോ; ഇതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതിന് നടപടിയെടുക്കുമോ?

ഭൂരഹിതരും ഭവന രഹിതരുമായവർക്ക് ഹൗസിംഗ് ബോർഡ് മുഖേന ഭവനം നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. ഉന്നയിക്കപ്പെട്ട വിഷയത്തിൽ ഒരു യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**തുറമുഖ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

368 (3411) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ തുറമുഖ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ ബഡ്ജറ്റിൽ തുറമുഖ വകുപ്പിന് വകയിരുത്തിയ തുക വകുപ്പ് തിരിച്ച് താഴെപ്പറയുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് - 355 ലക്ഷം രൂപ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - 755.00 ലക്ഷം രൂപ

മലബാർ ഇന്റർനാഷണൽ പോർട്ട് &സെസ്സ് ലിമിറ്റഡ്-8.73 കോടി രൂപ

കേരള മാരിടൈം ബോർഡ് - 69.03 കോടി രൂപ

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് -1,00,000 രൂപ

(ബി) ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ചുകിട്ടിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

<u>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്</u>

പദ്ധതി വിഹിതമായി ചെലവഴിച്ച മുഴുവൻ തുകയും ധനകാര്യ വകുപ്പിൽനിന്ന് ലഭിച്ചിരുന്നു. എന്നാൽ വകയിരുത്തിയ തുക മുഴുവൻ അനുവദിച്ച് കിട്ടിയിട്ടില്ല.

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പോർട്ട് സെക്ടറിൽ വകയിരുത്തിയ മുഴുവൻ തുകയും ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

<u>മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്</u>

ഇല്ല.

<u>കേരള മാരിടൈം ബോർഡ്</u>

ഇല്ല.

<u>വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്</u>

അനുവദിച്ചിട്ടുണ്ട്.

(സി) ഈ തുക ഏതെല്ലാം മേഖലകൾക്ക് എത്ര വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

<u>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്</u>

വകയിരുത്തിയ തുക കേരളത്തിലെ തുറമുഖങ്ങളുടേയും തീരദേശ ജില്ലകളുടേയും സർവ്വേ അനുബന്ധ പര്യവേക്ഷണങ്ങൾക്കും അടിസ്ഥാന വികസന പ്രവൃത്തികൾക്കുമായി അനുവദിച്ചത് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം- 123.45 ലക്ഷം

കൊല്ലം- 21 ലക്ഷം

ആലപ്പുഴ- 5.60 ലക്ഷം

തൃശ്ശൂർ- 7 ലക്ഷം

മലപ്പുറം- 1.5 ലക്ഷം

കോഴിക്കോട്- 12.70 ലക്ഷം

കണ്ണൂർ, കാസർഗോഡ് - 63 ലക്ഷം

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പോർട്ട് സെക്ടറിൽ പ്ലാൻ ശീർഷകങ്ങളിൽ മോഡേണൈസേഷൻ പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 321.36 |
| 2. | കൊല്ലം | 30.41 |
| 3. | ആലപ്പുഴ | 15.94 |
| 4. | എറണാകുളം | 31.67 |
| 5. | മലപ്പുറം | 11.03 |
| 6. | കോഴിക്കോട് | 23.75 |
| 7. | കണ്ണൂർ | 8.03 |
| 8. | കാസർഗോഡ് | 40.03 |

മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്

ബാധകമല്ല.

കേരള മാരിടൈം ബോർഡ്

19 ശീർഷകങ്ങളിലായാണ് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളത്. ശീർഷകം തിരിച്ചുള്ള ബഡ്ജറ്റ് വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.+ അഴീക്കൽ, വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ-കോഴിക്കോട് തുറമുഖങ്ങളുടെ വികസനത്തിനായി ബഡ്ജറ്റിൽ യഥാക്രമം 400 ലക്ഷം, 1000 ലക്ഷം, 1000 ലക്ഷം, 250 ലക്ഷം, ഒരു ലക്ഷം, 1500 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട്. ഇവകൂടാതെ കെ.ഐ.വി. നിയമം നടപ്പാക്കുന്നതിന് (കേരളം മുഴുവനും), ഇ-ഓഫീസ് നടപ്പാക്കൽ (കേരളത്തിലെ എല്ലാ തുറമുഖ ഓഫീസുകളും), കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഉൽകൃഷ്ട സ്ഥാപനമായി ഉയർത്തുക (കൊടുങ്ങല്ലൂർ, നീണ്ടകര, കണ്ണൂർ), തീരദേശ കപ്പൽ ഗതാഗതം (കേരളത്തിലെ കപ്പൽ ഗതാഗതം നടത്തുന്ന നോൺ മേജർ തുറമുഖങ്ങൾക്കായി) എന്നിങ്ങനെയാണ് പ്രധാനമായും ഫണ്ട് അനുവദിച്ചിരിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായുള്ള പല പ്രവർത്തനങ്ങൾക്കായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ.

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ?

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

വകയിരുത്തിയ തുക താഴെ ചേർക്കുന്ന പ്രവൃത്തികൾക്കാണ് അനുവദിച്ചത് (ജില്ല തിരിച്ച്)

തിരുവനന്തപുരം - തീരശോഷണ സർവ്വേ പ്രവൃത്തികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും മോഡേണൈസേഷൻ എന്നിവയ്ക്കുമാണ് അനുവദിച്ചത്.

കൊല്ലം - സർവ്വേ പ്രവൃത്തികൾക്കും വെസ്സൽ നവീകരണത്തിനും

ആലപ്പുഴ – തീരശോഷണ സർവ്വേ പ്രവൃത്തികൾക്ക്

തൃശ്ശൂർ - തീരശോഷണ സർവ്വേ പ്രവൃത്തികൾക്ക്

മലപ്പുറം - തീരശോഷണ സർവ്വേയ്ക്കും പൊന്നാനിയിൽ കിഹാസിന്റെ സബ് സെന്റർ തുടങ്ങുന്നതിനും.

കണ്ണൂർ – സർവ്വേ പ്രവൃത്തികൾക്ക്, സർവ്വേ ചെയ്യുന്നതിനുള്ള വെസ്സൽ നിർമ്മിക്കുന്നതിന്.

കാസർഗോഡ് - സർവ്വേ പ്രവൃത്തികൾക്ക്, സർവ്വേ ചെയ്യുന്നതിനുള്ള വെസ്സൽ നിർമ്മിക്കുന്നതിന്.

കോഴിക്കോട് – സർവ്വേ പ്രവൃത്തികൾക്ക്, ഇ-ഓഫീസ് ആരംഭിക്കുന്നതിന്.

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>

വകയിരുത്തിയ തുക വകുപ്പിലെ മോഡേണൈസേഷൻ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്</u>

31-03-2022-ൽ ഇ-ലെഡ്ജറിൽ പാർക്ക് ചെയ്തിരുന്ന 2.08 കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പ് ചെലവിനത്തിൽ അനുവദിച്ചിട്ടുള്ളതാണ്.

<u>കേരള മാരിടൈം ബോർഡ്</u>

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്

തിരുവനന്തപുരം ജില്ലയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ.

(ഇ) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - തീരശോഷണ സർവ്വേ ജോലികൾ തുടരുന്നു, അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ തുടരുന്നു. ഇ-ഓഫീസ് പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്, ഇ-ഗവേണൻസ് തുടർന്നുവരുന്നു. സർവ്വേ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പൂർത്തീകരിച്ചു. പുതിയ സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയാക്കി, സർവ്വേ ഉപകരണങ്ങളുടെ പർച്ചേസ് നടപടികൾ അന്തിമഘട്ടത്തിലാണ്.

കൊല്ലം - സർവ്വേ ജോലികൾ തുടരുന്നു. വെസ്സൽ റിപ്പെയർ പൂർത്തിയാക്കി.

ആലപ്പുഴ – തീരശോഷണ സർവ്വേ ജോലികൾ തുടരുന്നു.

തൃശ്ശൂർ - തീരശോഷണ സർവ്വേ ജോലികൾ തുടരുന്നു.

മലപ്പുറം - തീരശോഷണ സർവ്വേ ജോലികൾ തുടരുന്നു, പൊന്നാനി സബ് സെന്റർ ആരംഭിച്ചു.

കോഴിക്കോട് - സർവ്വേ ജോലികൾ തുടരുന്നു.

കണ്ണൂർ - സർവ്വേ ജോലികൾ തുടരുന്നു, വെസ്സൽ നിർമ്മാണം പൂർത്തീകരിച്ചു.

കാസർഗോഡ് - സർവ്വേ ജോലികൾ തുടരുന്നു, വെസ്സൽ നിർമ്മാണം പൂർത്തീകരിച്ചു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്

മലബാർ ഇന്റർനാഷണൽ പോർട്ടിന്റെ സാങ്കേതിക കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

കേരള മാരിടൈം ബോർഡ്

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഒദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്

തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുള്ളൂ.

**അഴീക്കൽ പോർട്ട് റീജിയണൽ പോർട്ടായി ഉയർത്തുന്നതിന് നടപടി**

369 (3412) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ട് റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

അഴീക്കൽ പോർട്ട് റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായി അധിക ജീവനക്കാരെ അനുവദിക്കുന്നതിന് പ്രസ്തുത വിഷയം ഉൾപ്പെടുത്തി കേരള മാരിടൈം ബോർഡിന്റെ ഓർഗാനോഗ്രാം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കപ്പലുകളിലേയ്ക്ക് ശുദ്ധജല വിതരണത്തിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിതരണ പ്ലാന്റിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി 1.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് തയ്യാറാക്കി. നടപടികൾ പുരോഗമിക്കുന്നു.

**അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യൽ**

370 (3413) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്നതിനായി നാലാമത് ടെണ്ടർ വിളിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മെറ്റീരിയൽസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയിൽ പങ്കാളിത്തം ഇല്ലെങ്കിൽ മറ്റെന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബണ്ട് 1-ലെ മെറ്റീരിയൽസ് വാങ്ങുന്നതിന് ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. ബണ്ട് 2-ലെ മെറ്റീരിയൽസ് വാങ്ങുന്നതിന് 2 പേർ ടെണ്ടറിൽ പങ്കെടുത്തിരുന്നു. ഒന്നാമത്തെ ബിഡർ എസ്റ്റിമേറ്റ് വാല്യൂവിനേക്കാളും 49% കുറവായും രണ്ടാമത്തെ ബിഡർ 66% കുറവായുമായാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള സംസ്ഥാന വിഹിതം**

371 (3414) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക കൈമാറി നൽകിയിട്ടുണ്ട്; ഓരോ ഇനത്തിലും കൈമാറിയ തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

ഫണ്ട് വർക്ക് ഇനത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി 292.61 കോടി രൂപ കരാർ കമ്പനിക്ക് (കൺസഷണയർ) നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം നൽകുന്നതിനായി സർക്കാർ കടമെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത്

ഏജൻസിയിൽനിന്നാണ് കടം എടുക്കുന്നത്; എത്ര രൂപയാണ് ഇപ്രകാരം കടമെടുക്കുന്നത്; പ്രസ്തുത വായ്പയുടെ തിരിച്ചടവ് മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ കൺസഷണയർക്ക് നൽകുവാനുള്ള സംസ്ഥാന വിഹിതമുൾപ്പെടെയുള്ളവയ്ക്കായി ഹഡ്കോയിൽ നിന്നും 1987.60 കോടി രൂപ കടമെടുക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ അംഗീകാരം ലഭ്യമായാൽ മാത്രമേ തിരിച്ചടവ് മാനദണ്ഡങ്ങളിൽ വ്യക്തത വരികയുള്ളൂ.

(സി) വിഴിഞ്ഞം പദ്ധതിയുടെ കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു; പ്രസ്തുത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ തുറമുഖ നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥപ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17-ന് അദാനി

വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർപ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. കരാർ വ്യവസ്ഥയനുസരിച്ച് 2019 ഡിസംബർ 3-ന് പദ്ധതി പൂർത്തിയാക്കാത്തതിനാൽ കരാർ ലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും തുടർന്നുള്ള Cure Period ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ 2020 മാർച്ച് 3 മുതൽ തുറമുഖം പ്രവർത്തനസജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്ന ദിവസത്തിന്റെ 91-ാം ദിവസം മുതൽ പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1% (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം ഈടാക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് 2020 മാർച്ച് 2-ന് കരാർ കമ്പനിയെ കത്ത് മുഖേന അറിയിച്ചിരുന്നു. എന്നാൽ, Cure Period സമയത്ത് കരാർ കമ്പനി ആർബിട്രേഷൻ നടപടികളുമായി

മുന്നോട്ടുപോകുകയാണുണ്ടായത്. ആർബിട്രേഷൻ നടപടികൾ തുടർന്നുവരികയാണ്.

**സ്വകാര്യ ബോട്ടുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

372 (3415) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

1. ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരം ഏതൊരു ബോട്ടും നിർമ്മിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അംഗീകൃത കൺസൾട്ടന്റ്സ് തയ്യാറാക്കി നൽകിയ ഡ്രോയിംഗ്സ്, പ്രിലിമിനറി സ്റ്റെബിലിറ്റി, നിശ്ചിത ഫീസ് എന്നിവ സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കണം.

2. മേൽപ്പറഞ്ഞ രേഖകൾ ചീഫ് സർവ്വേയർ പരിശോധിച്ചശേഷം അംഗീകരിക്കാവുന്നതാണെങ്കിൽ കെ.ഐ.വി. അംഗീകാരമുള്ള യാർഡിൽ ബോട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതും നീറ്റിലിറങ്ങുന്നമുറയ്ക്ക് നിയമാനുസൃത ഫീസും അപേക്ഷയോടൊപ്പം

അനുബന്ധ രേഖകളും പരിശോധിച്ച് ചീഫ് സർവ്വേയർ പ്രാഥമിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുന്നു.

3. പ്രാഥമിക സർവ്വേ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും പൊല്യൂഷൻ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നിർദ്ദിഷ്ട ഫീസും സമർപ്പിക്കുന്നമുറയ്ക്ക് രജിസ്ട്രേഷൻ നൽകുന്നു.

(ബി) നിയമാനുസൃത ലൈസൻസ് പുതുക്കുന്നതിന് മുമ്പ് വാർഷിക പരിശോധന നടത്താറുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ കാലാവധി അഞ്ചുവർഷമാണ്. എന്നാൽ എല്ലാ വർഷവും കേരള മാരിടൈം ബോർഡ് സർവ്വേയർ വാർഷിക പരിശോധന നടത്തിയാണ് സർവ്വേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്.

(സി) ഇപ്രകാരമുള്ള വാർഷിക പരിശോധനയുടെ അടിസ്ഥാനത്തിൽ 2017 മുതൽ നാളിതുവരെ ലൈസൻസ് റദ്ദാക്കിയ ജലയാനങ്ങളുടെ വിശദാംശം ജില്ല തിരിച്ച് വിശദമാക്കുമോ?

ഐ.വി. നിയമപ്രകാരം ഓരോ വെസ്സലുകൾക്കും സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വേ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. അതിൽ

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വേ സർട്ടിഫിക്കറ്റ് എന്നിവയാണ് കേരള മാരിടൈം ബോർഡ് നൽകിവരുന്നത്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അഞ്ചുവർഷവും സർവ്വേ സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷവുമാണ്. ആയതിനാൽത്തന്നെ വാർഷിക സർവ്വേ നടത്തുന്ന സമയത്ത് ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ സർവ്വേയർ ചൂണ്ടിക്കാണിക്കുന്നപക്ഷം സർവ്വേ സർട്ടിഫിക്കറ്റ് നൽകുകയില്ല. എന്നാൽ ആയത് തിരുത്തി വെസ്സൽ പരിശോധനയ്ക്ക് ഹാജരാക്കുന്നമുറയ്ക്ക് സർവ്വേ സർട്ടിഫിക്കറ്റ് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. വാർഷിക സർവ്വേയുടെ അടിസ്ഥാനത്തിൽ 5 വർഷ കാലാവധിയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നില്ല.

**ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾ**

373 (3416) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ ബോട്ടുകളുടെ രജിസ്ട്രേഷനുവേണ്ടി ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരമുള്ള ഫോം നമ്പർ 12-ലുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന സാധുതയുള്ള രേഖകൾകൂടി ഹാജരാക്കേണ്ടതുണ്ട്.

സർവ്വെ സർട്ടിഫിക്കറ്റ്

ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

പൊല്യൂഷൻ സർട്ടിഫിക്കറ്റ് (ഹൗസ് ബോട്ടുകൾക്ക്)

ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖകൾ

നിയമാനുസൃത ഫീസ്

(ബി) ഇത്തരം ബോട്ടുകൾ സർവ്വീസ് നട<u>ത്തു</u>മ്പോൾ നിർബന്ധമായും ബോട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വേ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് (ഹൗസ് ബോട്ടുകൾക്ക്), ക്രൂ ലൈസൻസ് സർട്ടിഫിക്കറ്റുകൾ, Fire extinguisher refill ചെയ്തതിന്റെ സർട്ടിഫിക്കറ്റ്.

(സി) ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ വാടക നിരക്ക്, ബോട്ടുകളിൽ സൂക്ഷിച്ചിരിക്കേണ്ട

രേഖകൾ എന്നിവ സംബന്ധിച്ച് സഞ്ചാരികളെ മുൻകൂട്ടി അറിയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബോട്ടിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വേ സർട്ടിഫിക്കറ്റ് എന്നിവ ബോട്ടിൽ പ്രദർശിപ്പിക്കുന്നുണ്ട്. ബോട്ടിൽ കയറാൻ പറ്റുന്ന യാത്രക്കാരുടെ എണ്ണം കൃത്യമായി പ്രദർശിപ്പിക്കുന്നതിന് ബോട്ട് ഉടമസ്ഥർക്ക് നിർദ്ദേശം നൽകിയിയിട്ടുണ്ട്. ബോട്ടുകളുടെ വാടക നിരക്ക് സർക്കാർ നിശ്ചയിച്ച് നൽകുന്ന രീതി നിലവിലില്ല.

**കപ്പൽ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി**

374 (3417) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽനിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് ചരക്ക്, യാത്രാ കപ്പൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കപ്പൽ സർവ്വീസുകൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ അഴീക്കൽ എന്നീ തുറമുഖങ്ങളിൽനിന്നും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മേജർ തുറമുഖമായ കൊച്ചിയെയും ബന്ധിപ്പിച്ചുകൊണ്ട് ലക്ഷദ്വീപ്, മാംഗ്ലൂർ തുറമുഖങ്ങളിലേയ്ക്ക് യാത്രാ/ചരക്ക് കപ്പൽ ഗതാഗതം നടത്തുന്നതിനുള്ള സാദ്ധ്യത കേരള മാരിടൈം ബോർഡ് വിലയിരുത്തി വരുന്നുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ ആലോചിക്കുന്നു.

**തുറമുഖ വകുപ്പിന് കീഴിലുള്ള കരിങ്കൽ ക്വാറി**

375 (3418) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ വലിയപറമ്പ് പ്രദേശത്ത് കരിങ്കൽ ക്വാറി നിലവിലുണ്ടോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ വലിയപറമ്പ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന കരിങ്കൽ ക്വാറി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലാണ്.

(ബി) എങ്കിൽ വകുപ്പിന് കീഴിൽ എത്ര സ്ഥലം ഇവിടെയുണ്ടെന്നും ഇവിടെ നിന്നും ഖനനം ചെയ്യാൻ സാധിക്കുന്ന കരിങ്കല്ലിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കുമോ?

റോഡുൾപ്പെടെ 6.0012 ഹെക്ടർ സ്ഥലമാണ് ഇവിടെയുള്ളത്. ഖനനം ചെയ്യാൻ സാധിക്കുന്ന കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത ക്വാറിക്ക് ചുറ്റുവേലി കെട്ടിയപ്പോൾ പ്രദേശവാസികൾ ഉപയോഗിച്ചിരുന്ന വഴി അടച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും പരിസരവാസികളും പരാതിപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കമ്പിവേലിയും ഗേറ്റും ഉപയോഗിച്ച് സംരക്ഷിച്ചിട്ടുള്ളതും ഇതിലേയ്ക്കുള്ള റോഡ് പ്രദേശവാസികൾ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമാണ്. എന്നാൽ കമ്പിവേലി

ഉപയോഗിച്ച് അതിർത്തി തിരിച്ചിരിക്കുന്ന സ്ഥലത്തിനകത്തുകൂടി മറ്റ് പൊതുവഴികൾ ഒന്നുംതന്നെയില്ല.

(ഡി) ക്വാറിയിലേയ്ക്ക് എത്തിച്ചേരുന്ന റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ക്വാറിയിലേയ്ക്കുള്ള റോഡ് നവീകരിക്കുന്നത് സംബന്ധിച്ച വിഷയം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരിശോധിക്കുന്നതാണ്.

**തെയ്യം മ്യൂസിയം**

376 (3419) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്ന കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുകയും

പരിഷ്കരിച്ച ഡി.പി.ആർ. ഏജൻസി തയ്യാറാക്കിവരികയുമാണ്. 2023-24 സാമ്പത്തിക വർഷത്തിൽത്തന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് എത്രയുംവേഗം തെയ്യം മ്യൂസിയം പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ഗ്രേഡ് I ക്യൂറേറ്റർ തസ്തിക**

377 (3420) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം വകുപ്പിൽ ഹിസ്റ്ററി ബിരുദം വിദ്യാഭ്യാസ യോഗ്യതയുള്ള ഗ്രേഡ് I ക്യൂറേറ്ററുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഹിസ്റ്ററി ബിരുദം യോഗ്യത ആയിട്ടുള്ള രണ്ട് ക്യൂറേറ്റർ തസ്തികകളാണ് മ്യൂസിയം വകുപ്പിലുള്ളത്. ക്യൂറേറ്റർ ഗ്രേഡ് - 1, ക്യൂറേറ്റർ ഗ്രേഡ് - 2 തസ്തികകൾ പ്രത്യേകമായി വേർതിരിച്ചിട്ടില്ല.

(ബി) പ്രസ്തുത തസ്തികയിലെ നിയമന രീതി വ്യക്തമാക്കാമോ?

ക്യൂറേറ്റർ ഗ്രേഡ് - 2 തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് ക്യൂറേറ്റർ ഗ്രേഡ് - 1

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേരാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വിശദമാക്കാമോ?

രണ്ട്.

**തെക്കേമഠം പുനരുദ്ധാരണ പദ്ധതി**

378 (3421) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ തെക്കേമഠം പുനരുദ്ധാരണത്തിനായി സാംസ്കാരികകാര്യ വകുപ്പിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പൈതൃക നിർമ്മിതിയായ തെക്കേമഠത്തിന്റെ സമഗ്ര സംരക്ഷണ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി 2020-21-ൽ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി 1,00,28,000 രൂപയുടെ പ്രോജക്ടിന് ഭരണാനുമതി നൽകി. ഇവിടുത്തെ പൈതൃക നിർമ്മിതികളുടെ വിശദമായ പരിശോധന നടത്തി അവയെ സംരക്ഷിക്കുന്നതിനാവശ്യമായ ഘടകങ്ങൾ

ഉൾപ്പെടുത്തിയുള്ള സംരക്ഷണ പ്രവൃത്തികളാണ് നിലവിൽ തെക്കേമഠത്തിൽ നടന്നുവരുന്നത്. പ്രവൃത്തികൾ 2023 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കുവാൻവേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

**പുരാവസ്തുവകുപ്പ് വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ**

379 (3422) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2023-24 വരെ ബഡ്ജറ്റിൽ പുരാവസ്തു വകുപ്പുവഴി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 2016-2017 മുതൽ 2023-2024 വരെ ബഡ്ജറ്റിൽ പരാമർശിച്ചതും പുരാവസ്തു വകുപ്പുവഴി നിർവ്വഹിക്കേണ്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i. 2018-19 സാമ്പത്തിക വർഷം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങളുടെ സജ്ജീകരണത്തിനായി 6.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതുപ്രകാരം തൃശ്ശൂർ ജില്ലാ പൈതൃക

മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടുണ്ട്.

ii. 2020-21 സാമ്പത്തിക വർഷം തൃശ്ശൂരിലുള്ള തെക്കേമഠം നിർമ്മിതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി മൂന്ന് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 1,00,28,000 രൂപയുടെ ഭരണാനുമതി നൽകി. ഇതുപ്രകാരമുള്ള സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാത്ത പദ്ധതികളുടെ വിവരവും ആയതിന്റെ കാരണവും ലഭ്യമാക്കാമോ?

2022 ഏപ്രിൽ 17-നാണ് തൃശ്ശൂർ തെക്കേമഠം സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ആരംഭിച്ചത്. ഘടനാപരമായി വളരെ മോശം അവസ്ഥയിലായിരുന്ന തെക്കേമഠത്തിന്റെ സമഗ്രസംരക്ഷണ പ്രവൃത്തികൾ വളരെയേറെ സമയം ആവശ്യപ്പെടുന്നവയാണ്. 60 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു. നിത്യാരാധന, സവിശേഷമായ ആചാരക്രമങ്ങൾ എന്നിവ നിലനിന്നുപോരുന്ന തെക്കേമഠത്തിൽ ദിനംപ്രതി 6 മണിക്കൂറിൽ കൂടുതൽ പ്രവൃത്തി സമയം ലഭ്യമല്ല. അതുകൊണ്ടാണ്

സംരക്ഷണ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നത്. 2023 ആഗസ്റ്റ് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുരാവസ്തുക്കളുടെയും പുരാരേഖകളുടെയും സംരക്ഷണം**

380 (3423) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും വളച്ചൊടിക്കാനുള്ള സംഘടിത ശ്രമങ്ങളുടെ ഭാഗമായി ചില നിക്ഷിപ്ത താല്പര്യക്കാരുടെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടാകുന്ന സമീപകാല സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ചരിത്ര വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും വളച്ചൊടിക്കാനുള്ള സംഘടിത ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ കൈവശമുള്ള ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ ശരിയായ ചരിത്രം ജനങ്ങളിലേയ്ക്ക് എത്തിക്കുവാനാണ് പുരാവസ്തു, പുരാരേഖ വകുപ്പുകൾ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സർക്കാരിന്റെ ശേഖരത്തിലുള്ള ചരിത്രരേഖകൾ പ്രസിദ്ധപ്പെടുത്തുവാനും രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര

ചരിത്രത്തെക്കുറിച്ചും മറ്റ് ചരിത്രപരമായ സംഭവങ്ങളെക്കുറിച്ചുമുള്ള രേഖകൾ അടിസ്ഥാനമാക്കിയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നതിന് സ്കൂൾതലത്തിൽ ഹെറിറ്റേജ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ചരിത്രാവലംബിയായ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. മ്യൂസിയങ്ങളിലേയ്ക്കും ചരിത്ര സ്മാരകങ്ങളിലേയ്ക്കും പഠനയാത്രകൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് ശ്രമിക്കുന്നുണ്ട്.

(ബി) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും സമിതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തി പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട ഉദ്ഖനനം, ഘടനാ സംരക്ഷണം, മ്യൂസിയങ്ങൾ ഭരണ സംവിധാനം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി റിപ്പോർട്ടിലെ ശിപാർശകൾപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കേരളീയ പൈതൃകമൂല്യങ്ങളുടെ ശേഖരമായ പുരാരേഖകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പുരാരേഖാ വകുപ്പിനുകീഴിൽ പുരാരേഖാ വകുപ്പ് ഡയറക്ടറേറ്റിലെ രേഖാശേഖരത്തിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വേ രേഖകൾ, പേപ്പർ രേഖകൾ, തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഹൈക്കോടതി രേഖകൾ, എറണാകുളം, കോഴിക്കോട് റീജിയണൽ ആർക്കൈവ്സുകളിലെ വിവിധ ചരിത്ര രേഖകൾ, ക്യാബിനറ്റ് രേഖകൾ തുടങ്ങിയവയുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ സി-ഡിറ്റ് മുഖേന നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അപൂർവ്വമായ താളിയോല രേഖകളുടെ സംരക്ഷണ പ്രക്രിയകളും മ്യൂസിയം സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചരിത്രപാഠങ്ങളെ ശാസ്ത്രീയമായി സ്വാംശീകരിച്ചുകൊണ്ട് മാനവികതയിൽ ഊന്നിയ പുതിയ തലമുറയുടെ സൃഷ്ടിക്കുവേണ്ടി സംസ്ഥാന പുരാവസ്തു, പുരാരേഖാ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പുരാവസ്തു വകുപ്പിൽ ശാസ്ത്രീയമായ ഉത്ഖനനം, പര്യവേക്ഷണം എന്നിവ വഴി ചരിത്ര ഉപാദാനങ്ങളായ അമൂല്യങ്ങളായ പുരാവസ്തുക്കൾ കണ്ടെത്തുകയും അവയെക്കുറിച്ച് പഠനം നടത്തുകയും അവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇവയുടെ വിശദാംശങ്ങൾ വിദ്യാർത്ഥികൾ, ഗവേഷകർ, പൊതുജനങ്ങൾ എന്നിവർക്ക് ആവശ്യാനുസരണം ലഭ്യമാക്കിവരികയും ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള പുരാവസ്തുക്കൾ പുരാവസ്തു മ്യൂസിയങ്ങളിൽ സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ, ഉത്ഖനന പര്യവേക്ഷണ റിപ്പോർട്ടുകൾ, പുരാലിഖിതങ്ങൾ, നാണയപഠന റിപ്പോർട്ടുകൾ, സംരക്ഷിത സ്മാരകങ്ങളുടെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങളും ശാസ്ത്രീയമായി തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ചരിത്രപരവും പൗരാണികവുമായ വിഷയങ്ങളിൽ ശാസ്ത്രീയ അഭിരുചി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി എക്സിബിഷനുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നുണ്ട്.

പുരാരേഖാവകുപ്പിൽ സൂക്ഷിച്ചിട്ടുള്ള ചരിത്ര രേഖകളെക്കുറിച്ചും അവയുടെ ശാസ്ത്രീയമായ സംരക്ഷണത്തെക്കുറിച്ചും നമ്മുടെ

പൈതൃകത്തെക്കുറിച്ചും പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ചരിത്രകാരൻമാർ എന്നിവർക്ക് അറിവ് ലഭിക്കുന്നതിനുവേണ്ടി ഓരോ വർഷവും ചരിത്ര ക്വിസ്, ചരിത്ര രേഖാ പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഹെറിറ്റേജ് അവാർഡുകൾ മുതലായവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ പ്രവാസികൾക്ക് നാടിന്റെ സംസ്കാരത്തെക്കുറിച്ച് കൂടുതൽ അറിവ് പകരുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ ചരിത്ര പൈതൃകോത്സവങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**പാണ്ഡവൻപാറ കേന്ദ്രമാക്കി അമിനിറ്റി സെന്റർ**

381 (3424) ശ്രീ. സി. കെ ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ പാണ്ഡവൻപാറ കേന്ദ്രമാക്കി ചരിത്ര വിദ്യാർത്ഥികൾക്ക് സഹായകരമാകുന്നതരത്തിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പാണ്ഡവൻപാറയിലെ ടൂറിസം വികസനം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രന്റെ അദ്ധ്യക്ഷതയിൽ 16-02-2022-ന് ഒരു യോഗം ചേരുകയുണ്ടായി. ഇതിൽ പുരാവസ്തു, ടൂറിസം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ സ്മാരകത്തിലേയ്ക്ക്

എത്തിച്ചേരുന്നതിനുള്ള വഴിയുടെ സജ്ജീകരണം, സന്ദർശകർക്ക് ആവശ്യമായ സൗകര്യമൊരുക്കൽ എന്നിവയ്ക്കായി വിശദമായി പഠനം നടത്തി രൂപരേഖ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പിനെയും പാണ്ഡവൻപാറയുടെ ഭൂപരമായ പ്രത്യേകതകൾ, രൂപീകരണം, ധാതുഘടന, സന്ദർശക വാഹകശേഷി എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജിയോളജി വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് പുരാവസ്തു വകുപ്പിനെയും ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി ടൂറിസം സാധ്യത വിലയിരുത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പാണ്ഡവൻപാറയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ?

പാണ്ഡവൻപാറയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്മാരകത്തോട് ചേർന്നുള്ള അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനും സിവിൽ പോലീസ് ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിൽ ഇവിടെ നിയോഗിച്ചിട്ടുണ്ട്.

(സി) പാറശാല മണ്ഡലത്തിലെ വെള്ളറട, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന പൂങ്കോട്ട് പാറയെ സംരക്ഷിത

മേഖലയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 3043, 3139 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

**അനുബന്ധം II**

ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

23-06-2022-ലെ സ.ഉ.(പി) 70/2022/ധന പ്രകാരം പ്രസിദ്ധീകരിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ

ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാന്മാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരെയും ഇവരുടെ ആശ്രിതരെയും ആദ്യഘട്ട ഗുണഭോക്താക്കളായി ഉൾപ്പെടുത്തി 01-07-2022 മുതൽ പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. സുതാര്യമായ ഇ-ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത് മൂന്ന് വർഷത്തേയ്ക്കുള്ള ധാരണപത്രം സർക്കാരുമായി ഒപ്പിട്ട ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടത്തുന്ന മെഡിസെപ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഗുണഭോക്താക്കളായി നിശ്ചയിച്ച 30 ലക്ഷത്തോളം വരുന്ന ഗുണഭോക്താക്കൾക്കായി ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെയുള്ള 11.32 ലക്ഷം പ്രാഥമിക അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ പ്രീമിയമായി നിശ്ചയിച്ച 500 രൂപ നിരക്കിൽ നാളിതുവരെ

സർക്കാർ മൂന്ന് അഡ്വാൻസ് ഗഡുകളായി 483 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 14-02-2023 വരെ 159544 ഗുണഭോക്താക്കൾക്ക് 452 കോടി രൂപയുടെ അവയവമാറ്റ ശസ്ത്രക്രിയാചെലവുകൾ ഉൾപ്പെടെയുള്ള വിവിധ ചികിത്സ ആനുകൂല്യം ലഭ്യമാക്കിക്കഴിഞ്ഞിരിക്കുന്നു (മെഡിസെപ് ഡാഷ് ബോർഡ്). സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ മെഡിസെപ് അതിന്റെ ഉദ്ദേശ്യശുദ്ധിയെ ഫലപ്രാപ്തിയിലെത്തിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പദ്ധതിയിൽ ഇനിയും ഉൾപ്പെടുത്താത്ത സംസ്ഥാന സർക്കാരിൻകീഴിലുള്ള വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സംഘടിത മേഖലയിലെ ജീവനക്കാർ, പെൻഷൻകാർ എന്നിവരെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള അവരുടെ അഭ്യർത്ഥന കമ്പനിയുമായി മൂന്ന് വർഷത്തെ ധാരണപത്രം ഒപ്പുവെച്ച് പദ്ധതി ആരംഭിച്ച് ആദ്യ പോളിസി വർഷത്തിന്റെ 8 മാസങ്ങൾ കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പരിഗണിക്കുവാൻ സാങ്കേതികമായി നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽത്തന്നെയും പ്രസ്തുത കാലയളവിൽ ഇനിയും പദ്ധതിയിൽ ഉൾപ്പെടുത്താത്ത വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഇപ്പോൾ

പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. സർക്കാർ അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന പ്രീമിയം തുക നിലവിൽ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും യഥാക്രമം ഈടാക്കിവരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിൻ കീഴിലുള്ള വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങളിലെയും വിശാല കൊച്ചി വികസന അതോറിറ്റിയിലെയും ജീവനക്കാരെയും പെൻഷൻകാരെയും മറ്റ് സംഘടിത മേഖലയിലെ ജീവനക്കാർ, പെൻഷൻകാർ എന്നിവരെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യത്തിന്മേൽ ഇവരുടെ പക്കൽനിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് പദ്ധതിയുടെ അടുത്തഘട്ടം സർക്കാർ ആരംഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

*******